
ബൈബിൾ തീർത്ഥാടനം 10

# രാജവാഴ്ച



ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS



തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ഡോ. മൈക്കിൾ
കാരിമറ്റം

ബൈബിൾ തീർത്ഥാടനം 10

## രാജവാഴ്ച

തിരഞ്ഞെടുക്കപ്പെട്ട ചില വ്യക്തികളെ കേന്ദ്രമാക്കിയാണ് രാജവാഴ്ചയുടെ ചരിത്രം അവതരിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ വിളിക്കു നല്കിയ പ്രത്യുത്തരത്തിന്റെ വെളിച്ചത്തിൽ കഥാനായകന്മാർക്ക് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുന്നതാണ് ഓരോരുത്തരെയുംകുറിച്ചുള്ള വിവരണം. ഭൗതികമായ എന്തുമാത്രം നേട്ടങ്ങൾ കൈവരിച്ചു എന്നതിലുപരി, കർത്താവിനോടും അവിടത്തെ ഉടമ്പടിയോടും എത്രമാത്രം വിശ്വസ്തത പുലർത്തി എന്ന ഒറ്റ മാനദണ്ഡം വച്ച് ഓരോ രാജാവിന്റെയും ജീവിതത്തെയും പ്രവർത്തനങ്ങളെയും വിലയിരുത്തുകയാണ് ചെയ്യുന്നത്. അതിനാൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള പല രാജാക്കന്മാരെയുംകുറിച്ച് വളരെ ചുരുക്കം കാര്യങ്ങൾ മാത്രം രേഖപ്പെടുത്തുമ്പോൾ അത്രതന്നെ പ്രാധാന്യമില്ലാത്ത മറ്റു പല രാജാക്കന്മാരുടെയും ചരിത്രം കൂടുതൽ വിശദമായി വിവരിക്കുന്നതു കാണാം.

MAR LOUIS PUBLICATIONS

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
mlpekam@gmail.com

ISBN 978-81-950096-9-5
9 788195 009695

*ബൈബിൾ തീർത്ഥാടനം - 11*

# രാജവാഴ്ച

1-2 സാമുവേൽ 1 ദിനവൃത്താന്തങ്ങൾ

മൈക്കിൾ കാരിമറ്റം

**BIBLE PILGRIMAGE 11. 1-2 Samuel Chronicles**
**MONARCHY (Malayalam)**
**Author: Michael Karimattam**
**Printed and Published by:**
**The Department of Bible Apostolate,**
**P.B. No: 70, Tellicherry 670 101.**
**D.T.P. : Viva Print, Perambra, 673 525**
**Offset : Assisi Press, Bharanganam.**
**First Published : Jan 1996**
**Copy Right : The Author**
**Price : 35.00**

**All rights reserved.**
**No part of this book may be reproduced in any manner without the written permission of the author**

## ഉള്ളടക്കം

ആമുഖം — പേജ്

*ചരിത്രത്തിന്റെ രൂപരേഖ - ഇസ്രായേലിലെ രാജാക്കന്മാർ - ആറു പുസ്തകങ്ങൾ - ഗ്രന്ഥകർത്താവ് - കാലം - വിഭജനം*

**ഭാഗം ഒന്ന്**
**രാജവാഴ്ചയുടെ തുടക്കം:**
**1 സാമുവേൽ: 1 ദിന 1-10**

**1. സാമുവേൽ - അവസാനത്തെ ന്യായാധിപൻ: 1 സാമു 1-7**

1. *വന്ധ്യയുടെ വ്യഥയും പ്രാർത്ഥനയും*
2. *ശിശുവിന്റെ ജനനവും സമർപ്പണവും*
3. *ഏലിയും പുത്രന്മാരും*
4. *സാമുവേൽ ഒരു പ്രവാചകൻ*
5. *പേടകത്തിന്റെ ചരിത്രം*
6. *സാമുവേൽ ന്യായാധിപൻ*

**2. സാവൂൾ ആദ്യത്തെ രാജാവ് 1 സാമു 8-15**

1. *രാജാവിനു വേണ്ടി മുറവിളി*
2. *സാവൂളിന്റെ തിരഞ്ഞെടുപ്പും അഭിഷേകവും*
3. *രാജാവിന്റെ ആദ്യ വിജയവും സ്ഥിരീകരണവും*
4. *സാമുവേലിന്റെ വിടവാങ്ങൽ*
5. *സാവൂളിന്റെ തിരസ്കരണം*

**3. സാവൂളും ദാവീദും 1 സാമു 16-31; 1 ദിന 1-10**

1. ദാവീദ് - സാവൂളിന്റെ സൈന്യാധിപൻ
1 സാമു 16,1-18,5

a. ദാവീദിന്റെ അഭിഷേകം b. സാവൂളിന്റെ ആയുധവാഹകൻ
c. ദാവീദും ഗോലിയാത്തും

**2. അസൂയയും വധശ്രമവും 1 സാമു 18,6-20,24**

**3. പലായനം - അനുധാവനം 1 സാമു 21-26**

*a. അപ്പവും ആയുധവും b. വിദേശത്തും അപകടം*
*c. പീഢിതരുടെ പടത്തലവൻ d. പുരോഹിത വധം*
*e. പീഢിതർക്കു മോചകൻ f. പ്രതികാരം ചെയ്യാത്തവൻ*
*g. വിഡ്ഢിയായ ധനികന്റെ വിവേകവതിയായ ഭാര്യ*

**4. സാവൂളിന്റെ അന്ത്യം 1 സാമു 27-31; 1 ദിന 1-10**

*a. ദാവീദ് ഫിലിസ്ത്യരുടെ നാട്ടിൽ b. സാവൂളിന്റെ അന്ത്യഅത്താഴം*
*c. ദാവീദിന്റെ വിജയം d. സാവൂളിന്റെയും പുത്രന്മാരുടെയും മരണം*
*e. ദിനവൃത്താന്തം 1-10*

## ഭാഗം രണ്ട്
## ദാവീദു രാജാവ്
## 2 സാമുവേൽ; 1 ദിന 11-29

### I പ്രിയങ്കരനായ രാജാവ് 2 സാമു 1-10 1 ദിന 11-19

**1 ദാവീദ് ഇസ്രായേൽ രാജാവ്**

1. ദാവീദ് യൂദാ രാജാവ്

*a. സാവൂളിന്റെ മരണം - ദാവീദിന്റെ പ്രതികരണം*
*b. ദാവീദിന്റെ രാജാഭിഷേകം c. ആഭ്യന്തര യുദ്ധം*



**2. ദാവീദ് ഇസ്രയേൽ മുഴുവന്റെയും രാജാവ്**

*a. സന്ധി സംഭാഷണം b. അബ്നേറിന്റെ വധം*
*c. അവകാശിയുടെ അന്ത്യം d. ഇസ്രായേൽ രാജാവ്*
*e. ജറുസലെം f. ഫിലിസ്ത്യരുടെ മേൽ വിജയം*

**2. പേടകവും പ്രവചനവും 2 സാമു 6-7; 1 ദിന 13,15-17**

1. ഉടമ്പടിയുടെ പേടകം

*a. ഓബെദ് ഏദോമിന്റെ വീട്ടിൽ b. ജറുസലെമിലെ കൂടാരത്തിൽ*
*c. സ്തോത്ര ഗാനം*

2. നാഥാന്റെ പ്രവചനം

*a. പ്രവചനത്തിന്റെ പ്രാധാന്യം b. ഘടന*
*c. പ്രവചനം d. ദാവീദിന്റെ പ്രാർത്ഥന*

3. ദാവീദിന്റെ വിജയങ്ങൾ 2 സാമു 8-10, 1 ദിന 18-19

*a. വിസ്തൃതമായ അതിർത്തികൾ*
*b. വാഗ്ദാനങ്ങളിൽ വിശ്വസ്തൻ c. ദിഗ്വിജയങ്ങൾ*

### II പ്രലോഭനങ്ങൾ പാളിച്ചകൾ
2 സാമു 11-24; 1 ദിന 20-21

**1. പാപവും പശ്ചാത്താപവും 2 സാമു 11-12; 1 ദിന 20**

*A. റബ്ബായ്ക്കെതിരേ ഉപരോധം B. പ്രലോഭനം - പതനം*
*C. ഊറിയായുടെ വധം D. യൊവാബിന്റെ സന്ദേശം*
*E. കർത്താവിന്റെ അനിഷ്ടം D. കർത്താവിന്റെ സന്ദേശം*
*C. ശിശുവിന്റെ മരണം B. സോളമന്റെ സന്ദേശം*
*A. റബ്ബായുടെ പതനം*

**2. ആഭ്യന്തര കലാപങ്ങൾ 2 സാമു 13-20**

*a. താമാറിന്റെ മാനഹാനി b. അബ്ശലോമിന്റെ പ്രതികാരം*
*c. അബ്ശലോമിന്റെ തിരിച്ചു വരവ് d. അബ്ശലോമിന്റെ വിപ്ലവം*
*e. അബ്ശലോമിന്റെ അന്ത്യം f. ദാവീദിന്റെ തിരിച്ചു വരവ്*
*g. ഷേബായുടെ വിപ്ലവം*

**3. അനുബന്ധം 2 സാമു 21-24**

*A. വരൾച്ചയും പരിഹാരവും B. ദാവീദിന്റെ വീര യോദ്ധാക്കൾ*

*C. വിജയ കീർത്തനം C. ദാവീദിന്റെ അന്തിമ വചസ്സുകൾ*

*B. വീരയോദ്ധാക്കൾ A. ജനസംഖ്യയും പകർച്ച വ്യാധിയും*

**4. ദേവാലയ നിർമ്മാണത്തിന് ഒരുക്കം 1 ദിന 22-29**

*a. സോളമനു നിർദ്ദേശങ്ങൾ b. സേവക ഗണങ്ങൾ*

*c. വീണ്ടും നിർദ്ദേശങ്ങൾ*



# രാജവാഴ്ച

## ആമുഖം

രാജഭരണത്തിന്റെ ആരംഭംമുതൽ അവസാനം വരെയുള്ള ഏകദേശം അഞ്ചുനൂറ്റാണ്ടുകാലത്തെ ഇസ്രായേൽ ജനത്തിന്റെ ചരിത്രം 12 സാമുവേൽ, 1-2 രാജാക്കന്മാർ, 1-2 ദിനവൃത്താന്തങ്ങൾ എന്നീ ആറ് ബൈബിൾ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. ഒരു ജനതയുടെ വളർച്ചയുടെയും തളർച്ചയുടെയും ചരിത്രമാണ് ഈ ബൈബിൾ ഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും, ആ ചരിത്രം രക്ഷാചരിത്രത്തിന്റെ ഭാഗമായതിനാലാണ് ഇതിനെ ബൈബിളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതും വെളിപ്പെടുത്തപ്പെട്ട ദൈവവചനമായി നാം സ്വീകരിക്കുന്നതും.

തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിനുവേണ്ടി ദൈവം ചെയ്ത വലിയകാര്യങ്ങളും ആ ജനം ദൈവത്തിനു നല്കിയ മറുപടിയും ഈ ചരിത്രത്തിൽ വ്യക്തമായി വിവരിക്കുന്നുണ്ട്. ജനത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ഗതിവിഗതികളെ വിശദമായി ചിത്രീകരിക്കുമ്പോഴും ദൈവവും ജനവും തമ്മിലുള്ള ബന്ധത്തിനാണ് വി.ഗ്രന്ഥകാരൻ ഊന്നൽ നല്കുന്നത്. ആ ബന്ധത്തിലുണ്ടാകുന്ന വളർച്ചയും തളർച്ചയും അവയുടെ പ്രത്യാഘാതങ്ങളും എടുത്തുകാട്ടാൻ വി.ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിലൂടെ സ്ഥലകാലങ്ങൾക്ക് അതീതമായ, സനാതന പ്രധാന്യമുള്ള സത്യങ്ങൾ ആവിഷ്കരിക്കുകയും മൂല്യങ്ങൾ വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്.

തിരഞ്ഞെടുക്കപ്പെട്ട ചില വ്യക്തികളെ കേന്ദ്രമാക്കിയാണ് രാജവാഴ്ചയുടെ ചരിത്രം അവതരിപ്പിച്ചിരിക്കുന്നത്. സാവൂൾ, ദാവീദ്, സോളമൻ എന്നീ രാജാക്കന്മാരുടെയും സാമുവേൽ, നാഥാൻ, ഏലിയാ, ഏലീഷാ എന്നീ പ്രവാചകന്മാരുടെയും ചെയ്തികൾ സാമാന്യം ദീർഘമായി വിവരിക്കുമ്പോൾ മറ്റു പല രാജാക്കന്മാരെയുംക്കുറിച്ച് വളരെ ചുരുക്കമാ വിവരങ്ങളേ വി.ഗ്രന്ഥകാരൻ നല്കുന്നുള്ളൂ. ദൈവത്തിന്റെ വിളിക്കു നല്കിയ പ്രത്യുത്തരത്തിന്റെ വെളിച്ചത്തിൽ കഥാനായകന്മാർക്ക് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുന്നതാണ് ഓരോരുത്തരെയുംക്കുറിച്ചുള്ള

വിവരണം. ഭൗതികമായ എന്തുമാത്രം നേട്ടങ്ങൾ കൈവരിച്ചു എന്നതിലുപരി, കർത്താവിനോടും അവിടത്തെ ഉടമ്പടിയോടും എത്രമാത്രം വിശ്വസ്ഥത പുലർത്തി എന്ന ഒറ്റ മാനദണ്ഡം വച്ചുകൊണ്ട് ഓരോ രാജാവിന്റെയും ജീവിതത്തെയും പ്രവർത്തനങ്ങളെയും വിലയിരുത്തുകയാണ് ചെയ്യുന്നത്. അതിനാൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള പല രാജാക്കന്മാരെയുംക്കുറിച്ച് വളരെ ചുരുക്കം കാര്യങ്ങൾ മാത്രം രേഖപ്പെടുത്തുമ്പോൾ അത്രതന്നെ പ്രാധാന്യമില്ലാത്ത മറ്റു പല രാജാക്കന്മാരുടെയും ചരിത്രം കൂടുതൽ വിശദമായി വിവരിക്കുന്നതു കാണാം.

നിഷ്കരുണമായ മർദ്ദനത്തിൽ കീഴിൽ നിസ്സഹായരായി നിലവിളിച്ചിരുന്ന അടിമകളെ ദൈവം പ്രത്യേകം സ്നേഹിച്ചു; സ്വന്തം ജനമായി തിരഞ്ഞെടുത്തു പരിപാലിച്ചു; സ്വന്തമായി ഒരു രാജ്യം നല്കി അനുഗ്രഹിച്ചു. ഉടമകളായിത്തീർന്ന അടിമകൾ തങ്ങളുടെ വിമോചകനായ ദൈവത്തിന്റെ സ്നേഹത്തിന് എന്തു പ്രത്യുത്തരമാണു നല്കിയത്? എപ്രകാരമുള്ള ഒരു സമൂഹമാണ് അവർ തങ്ങൾക്കായി രൂപപ്പെടുത്തിയത്? എന്തെന്തു പ്രതിസന്ധികളാണ് അവർ നേരിട്ടത്? അവരെടുത്ത തീരുമാനങ്ങളും കരുപ്പിടുപ്പിച്ച ജീവിതവീക്ഷണവും പ്രവർത്തനശൈലിയും എന്തു പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചത്? ഇപ്രകാരമുള്ള ചോദ്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ഇസ്രായേലിലെ രാജവാഴ്ചയുടെ ചരിത്രം അപഗ്രഥിക്കുമ്പോൾ ആനുകാലിക സമൂഹത്തിന് വളരെ പ്രസക്തമായ ചില സന്ദേശങ്ങൾ ലഭ്യമാകും. ഇസ്രായേൽ ജനത്തിന്റെ മഹത്വത്തിന്റെ ഉച്ചകോടിയിലേക്കുള്ള ആരോഹണവും അവിടെ നിന്ന് നാശത്തിന്റെ പടുകുഴിയിലേക്കുള്ള പതനവും വ്യക്തികൾക്കും ആഗോള സമൂഹത്തിനും എന്നും ജീവൽ പ്രധാനമായ ഒരു പാഠമാണ്. ഈ പാഠം എടുത്തുകാട്ടാൻ വിശദീകരണങ്ങളുടെ മധ്യേ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും.

### *ചരിത്രത്തിന്റെ രൂപരേഖ*

ഫറവോയുടെ ഇഷ്ടികക്കളത്തിൽ വിയർത്തൊലിച്ച് അധ്വാനിക്കുകയും, മേലാളന്മാരുടെ ചാട്ടവാറടിയേറ്റ് രക്തം ചിന്തുകയും, അവരുടെ കാൽക്കീഴിലെ ചളിയിൽ ചവിട്ടിമെതിക്കപ്പെടുകയും ചെയ്ത ഒരു പറ്റം അടിമകളെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത് അത്ഭുതകരമായി മോചിപ്പിച്ച് കാനാൻ ദേശത്തു കുടിയിരുത്തിയതിന്റെ ചരിത്രമാണ് പുറപ്പാടു മുതൽ ന്യായാധിപന്മാർ വരെയുള്ള ആറു പുസ്തകങ്ങളിൽ വിവരിച്ചത്. വാഗ്ദത്ത ഭൂമിയിൽ വാസമുറപ്പിച്ച ജനത്തിന്റെ വളർച്ചയും തളർചയും വിജയങ്ങളും പരാജയങ്ങളും സാമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ എന്നീ പുസ്തകങ്ങളിൽ വിവരിക്കുന്നു.



### *ഒരു കാലഘട്ടത്തിന്റെ അന്ത്യം*

ജോഷ്വായുടെ നേതൃത്വത്തിൽ കീഴിൽ കാനാൻ ദേശം കീഴടക്കി വാസമുറപ്പിച്ച ജനത്തെ അവരുടെ പ്രതിസന്ധികളിൽ നയിക്കാനായി ന്യായിധിപന്മാർ എന്ന പേരിൽ അറിയപ്പെടുന്ന നേതാക്കന്മാരെ ദൈവം തിരഞ്ഞെടുത്തു നല്കിയിരുന്നു. ഇപ്രകാരമുള്ള പന്ത്രണ്ടുപേരുടെ ചരിത്രം ന്യായാധിപന്മാർ എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകത്തിൽ പ്രതിപാദിച്ചു കഴിഞ്ഞു. ആ പുസ്തകത്തിൽ അവസാനമായി വിവരിച്ച സാംസന്റെ ചരിത്രം ശക്തരായ ഫിലിസ്ത്യർക്കെതിരേ ഒറ്റയ്ക്കു പോരാടിയ ഒരു ഒളിപ്പോരാളിയുടെ സാഹസികതയുടെ ചിത്രീകരണമായിരുന്നു. എന്നാൽ കാലം കഴിയുന്തോറും ഇപ്രകാരമുള്ള ഒറ്റപ്പെട്ട സാഹസിക പ്രവൃത്തികൾക്കൊണ്ട് ചെറുത്തു തോൽപ്പിക്കാൻ കഴിയാത്ത വലിയ ശക്തിയായി ഫിലിസ്ത്യർ വളർന്നുവന്നു. കാനാൻദേശം കൈയടക്കാനുള്ള അവരുടെ സംഘടിത ശ്രമം കൂടുതൽ ശക്തിയാർജ്ജിച്ചപ്പോൾ ഇസ്രായേൽ ജനത്തിന്റെ നിലനില്പു തന്നെ അപകടത്തിലായി. ഫിലിസ്ത്യർക്കെതിരേയുള്ള യുദ്ധത്തിൽ തങ്ങളുടെ ശക്തിയുടെ ഉറവിടവും പ്രതീക്ഷയുടെ കേന്ദ്രവുമായിരുന്ന വാഗ്ദത്തപേടകം തന്നെ നഷ്ടപ്പെട്ടപ്പോൾ ഇസ്രായേൽ ജനം കടുത്ത ഒരു പ്രതിസന്ധിയിലായി. പുരോഹിതനായ ഏലിയുടെയും പുത്രന്മാരുടെയും മരണവും പേടകത്തിന്റെ നഷ്ടവും ഒരു കാലഘട്ടത്തിന്റെ അന്ത്യം കുറിക്കുന്ന സംഭവങ്ങളാണ്.

ഏലിയുടെ മരണത്തിനുശേഷം സാമുവേൽ ഇസ്രായേൽ ജനത്തിന്റെ മുഴുവൻ നേതൃത്വം ഏറ്റെടുത്തു. ദേശത്തു ചുറ്റിനടന്ന് പ്രധാനപ്പെട്ട ആരാധനാകേന്ദ്രങ്ങളിൽ വച്ചു ന്യായവിധികൾ പ്രഖ്യാപിക്കുകയും ദേശീയപ്രതിസന്ധികളിൽ ജനത്തിന് നേതൃത്വം നല്കുകയും ചെയ്ത സാമുവേൽ, ന്യായാധിപന്മാരുടെ ചങ്ങലയിലെ അവസാനത്തെ കണ്ണിയാണ്. സാമുവേലിന്റെ നേതൃത്വം തത്കാലത്തേക്ക് ജനത്തിനു സംരക്ഷണം നല്കിയെങ്കിലും സ്ഥിരമായ മറ്റൊരു സമവിധാനം ആവശ്യമായി വന്നു. ന്യായാധിപന്മാരുടെ കാലഘട്ടം അവസാനിപ്പിച്ച രാജവാഴ്ചയ്ക്കു തുടക്കം കുറിച്ച വ്യതിയാണ് സാമുവേൽ. രണ്ടു കാലഘട്ടങ്ങളുടെ മദ്ധ്യത്തിലാണ് അദ്ദേഹം നിലകൊള്ളുന്നത്.

### *രാജവാഴ്ചയുടെ തുടക്കം*

പ്രതിസന്ധികളുടെ നടുവിൽ പ്രത്യക്ഷപ്പെടുന്ന നേതാവിന്റെ കീഴിൽ തിടുക്കത്തിൽ വിളിച്ചുകൂട്ടിയ കൃഷീവലന്മാരുടെ ഒരു സംഘത്തിന് ശക്തമായ ശത്രു സൈന്യത്തെ ചെറുത്തുനില്ക്കുക എളുപ്പമല്ല എന്ന വിശ്വാസമാണ് ഒരു രാജാവിനുവേണ്ടി മുറവിളികൂട്ടാൻ

ഇസ്രായേൽ ജനത്തെ പ്രേരിപ്പിച്ചത്. ശത്രുക്കളിൽ നിന്നും സംരക്ഷിച്ച് ദേശത്തു ശാന്തിയും സമാധാനവും പുലർത്തുക എന്ന ഏകദൗത്യമായിരുന്നു അവരുടെ ദൃഷ്ടിയിൽ രാജാവിന് ഉണ്ടായിരുന്നത്. ചിതറികിടക്കുന്ന ഇസ്രായേൽ ഗോത്രങ്ങളെ ഒറ്റ ജനമായി ഒന്നിപ്പിച്ച്, സുശക്തവും സ്ഥിരവുമായ ഒരു സൈന്യത്തെ രൂപീകരിച്ച്, രാജാവു ജനത്തിനും രാജ്യത്തിനും സംരക്ഷണം നല്കണം. ഇപ്രകാരം ഒരു അഭ്യർത്ഥന ഗിദയോൻ സ്വീകരിച്ചില്ല. അബിമെലെക്ക് സ്വയം രാജാവായി പ്രഖ്യാപിച്ചെങ്കിലും സംരക്ഷണമല്ല കലാപവും നാശവുമാണ് അയാളുടെ രാജത്വം ജനത്തിന് പ്രദാനം ചെയ്തത്. എന്നാലും ഒരു രാജാവിനെ കൂടാതെ തങ്ങൾക്കു നിലനില്ക്കാനാവില്ല എന്ന ജനത്തിന്റെ ഉറച്ച ബോധ്യത്തിനും, രാജാവിനെ വാഴിച്ചു തരണം എന്ന ശക്തവും നിരന്തരവുമായ ആവശ്യപ്പെടലിനും മുന്നിൽ അവസാനത്തെ ന്യായാധിപനായ സാമുവേൽ വഴങ്ങി. കിഷിന്റെ മകനായ സാവൂളിനെ ഇസ്രായേലിന്റെ മുഴുവൻ രാജാവായി അഭിഷേകം ചെയ്തു. ബി.സി.1030 ലായിരുന്നു അതെന്ന് ചരിത്രകാരന്മാർ കരുതുന്നു.

ഏകദേശം ഇരുപതു വർഷം ദീർഘിച്ച സാവൂളിന്റെ രാജഭരണം പ്രതീക്ഷിച്ച ഫലം പുറപ്പെടുവിച്ചില്ല. ധീരനും സാഹസികനുമായ ഒരു പോരാളിയായിരുന്നു സാവൂൾ. ഒരു സൈന്യത്തെ സംഘടിപ്പിക്കാനും ചുറ്റുമുള്ള ശത്രുക്കൾക്കെതിരെ നടത്തിയ ചില യുദ്ധങ്ങളിൽ വിജയം നേടാനും കഴിഞ്ഞെങ്കിലും സാമുവേലുമായുണ്ടായ സംഘർഷവും ദാവീദിനോടുള്ള അസൂയയും സാവധാനം സാവൂളിന്റെ മാനസിക സമനില തന്നെ തകർത്തു. ഗിൽബോവാക്കുന്നിൽ വച്ച് ഫിലിസ്ത്യർക്കെതിരേ നടന്ന യുദ്ധത്തിൽ പരാജയപ്പെട്ട സാവൂൾ സ്വന്തം വാളിൽ വീണ് മരിച്ചതോടെ രാജഭരണം എന്ന പരീക്ഷണം പരാജയപ്പെട്ടു. ഇസ്രായേൽ ജനം വീണ്ടും വലിയ ഒരു പ്രതിസന്ധിയിലായി.

### *മഹത്വത്തിലേക്ക്*

ദൈവകല്പനയനുസരിച്ച് സാമുവേൽ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്ത ദാവീദാണ് പൂർണ്ണമായ അർത്ഥത്തിൽ ഇസ്രായേലിലെ ആദ്യത്തെ രാജാവ്. ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുത്തുനില്ക്കുക മാത്രമല്ല. ചുറ്റുപാടുമുള്ള ജനതകളെ മുഴുവൻ യുദ്ധംചെയ്ത് കീഴടക്കി ഇസ്രായേലിനെ ശക്തമായ ഒരു സാമ്രാജ്യത്തിന്റെ പദവിയിലേക്ക് ഉയർത്താനും, ദേശത്ത് സമാധാനവും സമൃദ്ധിയും ഉറപ്പുവരുത്താനും ദാവീദിനു കഴിഞ്ഞു. ഏകദേശം നാല്പതുവർഷം (1010–970) നീണ്ടുനിന്ന ദാവീദിന്റെ ഭരണം ഇസ്രായേൽ ചരിത്രത്തിലെ സുവർണ്ണദശയായിരുന്നു. പന്ത്രണ്ടു ഗോത്രങ്ങളും ഒരുമിച്ച് ഒരു ജനതയായി തീർന്നു. പടിഞ്ഞാറ് മദ്ധ്യധരണ്യാഴി മുതൽ കിഴക്ക് യൂഫ്രിട്ടീസ് നദി വരെയുള്ള ഭൂപ്രദേശം മുഴുവൻ ദാവീദിന്റെ കീഴിലായി.



ദാവീദു പാകിയ വിശ്ലമായ അടിത്തറയിന്മേൽ മകൻ സോളമൻ ശക്തമായൊരു സാമ്രാജ്യം പടുത്തുയർത്തി. വിവിധങ്ങളായ ഉടമ്പടികളിലൂടെ അയൽരാജ്യങ്ങളുമായി സുഹൃദ്ബന്ധം സ്ഥാപിച്ച സോളമന് ഒരു യുദ്ധവും നയിക്കേണ്ടി വന്നില്ല, പിതാവു പിടിച്ചടക്കിയ രാജ്യങ്ങൾ കാത്തുസൂക്ഷിക്കുക മാത്രമേ ചെയ്യേണ്ടിയിരുന്നുള്ളൂ. സ്വന്തം ദേശത്തും അതിർത്തികളിലും നിലനിന്ന സമാധാനം നിർമ്മാണ പ്രവർത്തനങ്ങളിലേക്കും കലാസാഹിത്യാദികാര്യങ്ങളിലേക്കും ശ്രദ്ധകേന്ദ്രീകരിക്കാൻ സോളമന് അവസരം നല്കി. വിദൂരദേശങ്ങളുമായുള്ള വാണിജ്യവും സ്വദേശത്തു തന്നെ വികസിപ്പിച്ചെടുത്ത വ്യവസായങ്ങളും നാടിനെ സമ്പൽസമൃദ്ധമാക്കി മാറ്റി. മഹാജ്ഞാനിയായ സോളമന്റെ ഭരണകാലത്താണ് (970–931) ഇസ്രായേൽ രാജ്യം മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയത്.

### *വിഭക്ത രാജ്യം*

സോളമന്റെ അവസാനകാലമായപ്പോഴേക്കും സാമ്രാജ്യത്തിന്റെ അടിത്തറയിൽ വിള്ളലുണ്ടായി. കോട്ടകൾ, കൊട്ടാരങ്ങൾ തുടങ്ങിയ അതിവിപുലമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും രാജാവിന്റെയും സേവകവൃന്ദത്തിന്റെയും ആഢംബരജീവിതത്തിനും വേണ്ടി കൊടുക്കേണ്ടി വന്ന വലിയ വിലയിൽ ജനം മുഴുവൻ അസംതൃപ്തരായി. കനത്ത നികുതിഭാരവും അടിമവേലയും അവരെ വലിയ ഒരു കലാപത്തിന്റെ വക്കിലെത്തിച്ചു. ശക്തമായ കരത്താൽ പ്രതിഷേധങ്ങളെ അടിച്ചമർത്തി, രാജ്യത്ത് ക്രമസമാധാനം നിലനിർത്താൻ സോളമന് നന്നേ പണിപ്പെടേണ്ടി വന്നു. അടിച്ചമർത്തപ്പെട്ട ജനവികാരം അഗ്നിപർവ്വതം പോലെ നീറി പുകഞ്ഞുകൊണ്ടിരുന്നു. സോളമന്റെ മരണത്തോടെ അത് പൊട്ടിത്തെറിച്ചു.

ജനത്തിന്റെ ന്യായമായ അവകാശങ്ങൾക്കു കാതടച്ച്, മർദ്ദകഭരണം തുടരാൻ ശ്രമിച്ച റെഹോബൊവാമിന് ജനരോഷം അടക്കിനിർത്താനായില്ല. ഷെക്കെമിലെ സമ്മേളനത്തിൽ വച്ച് ഇസ്രായേലിലെ ഭൂരിഭാഗം ഗോത്രങ്ങളും ദാവീദു വംശത്തിന്റെ ഭരണമെന്ന നുകം വലിച്ചെറിഞ്ഞു. യൂദാ ബെഞ്ചമിൻ ഗോത്രങ്ങൾ മാത്രം റെഹോബൊവാമിനോടു ചേർന്നു നിന്നു. അങ്ങനെ 931-ൽ വടക്ക് ഇസ്രായേൽ, തെക്ക് യൂദാ എന്ന രണ്ടു രാജ്യങ്ങൾ രൂപം കൊണ്ടു.

തുടർന്നുള്ള രണ്ടു നൂറ്റാണ്ടുകാലം ഇസ്രായേൽ ചരിത്രം രണ്ടു രാജ്യങ്ങളുടെ ചരിത്രമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഒരുമിച്ചുനിന്ന് ബാഹ്യശത്രുക്കളെ നേരിടുന്നതിനു പകരം പരസ്പരം പടവെട്ടുന്നതിനാണ്. ഇരു രാജ്യങ്ങളും തങ്ങളുടെ സമയവും കഴിവും അധികപങ്കും ചെലവഴിച്ചത്. ചിലപ്പോഴൊക്കെ ശത്രുത മറന്ന് ഇരുരാജ്യങ്ങളും സമാധാനത്തിൽ കഴിയാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായ ഐക്യം ഒരിക്കലും ഉണ്ടായില്ല. 931 മുതൽ 721 വരെയുള്ള ഇരുനൂറ്റിപത്തുവർഷത്തിനിടയിൽ വടക്കൻ രാജ്യമായ ഇസ്രായേലിൽ ആറു കുടുംബങ്ങളിൽപെട്ട പത്തൊൻപതു രാജാക്കന്മാർ ഭരിച്ചു. നാല്പതു വർഷം ഭരിച്ച ജെറൊബൊവാം രണ്ടാമൻ മുതൽ ഏഴുദിവസം മാത്രം രാജാവായിരുന്ന സിമ്രി വരെ ആ പട്ടികയിൽ പെടും.

ആഭ്യന്തരകലാപങ്ങളും രാജാക്കന്മാർക്കെതിരേയുള്ള ഉപജാപങ്ങളും കൊലപാതകങ്ങളും വടക്കൻ രാജ്യമായ ഇസ്രായേലിൽ അനേകം തവണ ആവർത്തിക്കപ്പെട്ടു. എന്നാൽ തെക്കൻ രാജ്യമായ യൂദായിൽ കലാപങ്ങളും കൊലപാതകങ്ങളും താരതമ്യേന കുറവായിരുന്നു. ദാവീദിന്റെ രാജവംശം അഭംഗുരം നിലനിന്നു. ആറുവർഷം ദീർഘിച്ച അത്താലിയാ രാജ്ഞിയുടെ ഭരണം മാത്രം ഇതിന് ഒരു അപവാദമായി നിൽക്കുന്നു. ഇസ്രായേലിനെ അപേക്ഷിച്ച് യൂദായിൽ ഐക്യവും സമാധാനവും ഉണ്ടായിരുന്നു.

### *രാജവാഴ്ചയുടെ അന്ത്യം*

പുറമെനിന്നുള്ള ആക്രമണങ്ങളും ആഭ്യന്തരകലാപങ്ങളും വഴി ദുർബലമായിക്കൊണ്ടിരുന്ന വടക്കൻ രാജ്യമായ ഇസ്രായേൽ 721-ൽ അസീറിയായ്ക്ക് കീഴടങ്ങി. അതോടെ ഇസ്രായേൽ ഗോത്രത്തിലെ പത്ത് ഗോത്രങ്ങൾ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി. തെക്കൻ രാജ്യമായ യൂദാ ഏതാണ്ട് ഒന്നര നൂറ്റാണ്ടുകാലത്തേക്കു കൂടി പിടിച്ചുനിന്നു. പക്ഷേ, രാജ്യത്തിന്റെ വിസ്തൃതി വളരെ പരിമിതപ്പെട്ടു. സിറിയ, അസീറിയ, ഈജിപ്ത് എന്നീ രാജ്യങ്ങൾക്ക് മാറിമാറി കപ്പം കൊടുക്കേണ്ടിവരുകയും ചെയ്തു. അവസാനം 587-ൽ ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസർ ജറുസലേം കീഴടക്കി, മതിലുകൾ ഇടിച്ചുതകർത്തു, ദേവാലയവും കൊട്ടാരങ്ങളും അടക്കം നഗരം മുഴുവൻ അഗ്നിക്കിരയാക്കി. രാജാവിനെയും പൗരപ്രമുഖന്മാരെയും ബാബിലോണിലേക്ക് നാടുകടത്തി. അതോടെ ഇസ്രായേലിലെ രാജവാഴ്ച എന്നേക്കുമായി അവസാനിച്ചു.



## ഇസ്രായേലിലെ രാജാക്കന്മാർ

| | |
|---|---|
| സാവൂൾ | 1030–1010 |
| ദാവീദ് | 1010–970 |
| സോളമൻ | 970–931 |

| **യൂദാ** | | **ഇസ്രായേൽ** | |
|---|---|---|---|
| റെഹൊബൊവാം | 931–913 | ജെറൊബൊവാം | 931–910 |
| അബിയാ | 913–911 | നാദാബ് | 910–909 |
| ആസാ | 911–870 | ബാഷാ | 909–886 |
| | | ഏലാ* | 886–885 |
| | | സിമ്രി* | 885 (7ദിവസം) |
| | | ഓമ്രി | 885–874 |
| യഹൊഷാഫാത്ത് | 870–848 | | |
| | | ആഹാബ് | 874–853 |
| | | അഹസിയ | 853–852 |
| യഹോറാം | 848–841 | യോറാം* | 852–841 |
| അഹസിയാ* | 841 | യേഹു | 841–814 |
| അത്താലിയാ* | 841–835 | യഹോവാഹാസ് | 814–798 |
| യോവാഷ്* | 835–796 | യഹോവാഷ് | 798–783 |
| അമസിയാ | 796–781 | ജെറൊബൊവാം | 783–743 |
| ഉസിയാ | 781–740 | സഖറിയാ* | 743 |
| | | ഷല്ലും* | 743 |
| യോഥാം | 740–736 | മെനാഹെം | 743–738 |
| | | പെക്കാഹിയാ* | 738–737 |
| ആഹാസ് | 736–716 | പെക്കാ* | 737–732 |
| | | ഹോഷെയാ | 732–721 |
| ഹെസെക്കിയാ | 716–687 | സമറിയായുടെ പതനം | 721 |
| മനാസ്സെ | 687–642 | | |
| ആമോൻ* | 642–649 | | |
| ജോസിയാ | 640–609 | | |
| യഹോവാഹാസ് | 609 | | |
| യഹോയാക്കീം | 609–598 | | |
| യഹോയാക്കീൻ | 598–587 | | |
| ബാബിലോൺ പ്രവാസം | 587 | | |

ഇസ്രായേലിനെ ഭരിച്ച രാജാക്കന്മാരുടെ പട്ടികയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആഭ്യന്തരകലാപത്തിൽ കൊല്ലപ്പെട്ടവരെ നക്ഷത്രചിഹ്നം (*) കൊണ്ട് പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു.

ബി.സി. 1030 മുതൽ 587 വരെ ഏകദേശം നാലര നൂറ്റാണ്ട് ദീർഘിച്ച ഇസ്രയേലിലെ രാജവാഴ്ചയിൽ ആദ്യത്തെ ഒരുനൂറ്റാണ്ടുകാലത്തേക്ക് ജനം ഒറ്റ രാജ്യമായി നിലകൊണ്ടു. തുടർന്ന് ഏകദേശം രണ്ടു നൂറ്റാണ്ടു കാലം രണ്ടു രാജ്യങ്ങളായി അവർ നിലനിന്നു. അവസാനത്തെ ഒന്നര നൂറ്റാണ്ട് വീണ്ടും ഒരു രാജ്യം മാത്രം. വടക്കൻ രാജ്യമായ ഇസ്രായേലിൽ ആറ് കുടുംബങ്ങളിൽ നിന്നായി 19 രാജാക്കന്മാർ ഭരിച്ചു. യൂദായിൽ ദാവീദു മുതൽ സെദെക്കിയ വരെ 21 രാജാക്കന്മാരാണ് ഭരണം നടത്തിയത്. അത്താലിയാ ഈ രാജവംശത്തിൽപ്പെടുന്നില്ല. അങ്ങനെ സാവൂൾ മുതൽ സെദെക്കിയ വരെ 41 രാജാക്കന്മാരും ഒരു രാജ്ഞിയും ഇസ്രായേൽ ജനത്തിൻമേൽ ഭരണം നടത്തി. അവരിൽ 12 പേർ ആഭ്യന്തരകലാപത്തിൽ കൊല്ലപ്പെട്ടു. ഇസ്രായേലിൽ എട്ടുപേർ, യൂദായിൽ അത്താലിയാ അടക്കം നാലുപേർ. ഇസ്രായേലിലെ ആഹാബും യൂദായിലെ ജോസിയായും ശത്രുക്കളുമായുള്ള യുദ്ധത്തിൽ മരിച്ചു. ഇസ്രായേലിലെ അവസാനത്തെ ഒരു രാജാവും യൂദായിലെ അവസാനത്തെ മൂന്ന് രാജാക്കന്മാരും നാടുകടത്തപ്പെട്ടു.

### *ആറു പുസ്തകങ്ങൾ*

ഇസ്രായേലിലെ രാജവാഴ്ചയുടെ ആരംഭം മുതൽ അവസാനം വരെയുള്ള സുദീർഘമായ ചരിത്രം ആറു പുസ്തകങ്ങളിലായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്. 1-2 സാമുവേൽ, 1-2 രാജാക്കന്മാർ എന്നീ ആദ്യത്തെ നാലു പുസ്തകങ്ങൾ യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്ന വിഭജനക്രമം അനുസരിച്ച് 'ആദ്യകാല പവാചകന്മാർ' എന്ന വിഭാഗത്തിൽപ്പെടുന്നു. ആധുനിക ബൈബിൾ വ്യഖ്യാതാക്കൾ ഈ പുസ്തകങ്ങളെ നിയമാവർത്തനാത്മക ചരിത്രത്തിന്റെ (Deuteronomistic history) ഭാഗമായി കരുതുന്നു. ഈ രണ്ടു വിഷയങ്ങളും കഴിഞ്ഞ പുസ്തകത്തിൽ നാം വിശദമായി ചർച്ചചെയ്തതാണ് (തീർത്ഥാടനം 10,p.8-13) ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനും രാജാക്കന്മാരെ വാഴിച്ച പ്രവാചകനും പുരോഹിതനുമായ സാമുവേലിന്റെ ജനനം മുതൽ ബാബിലോൺ പ്രവാസം വരെയുള്ള ചരിത്രം ക്രമമായി ഈ പുസ്തകങ്ങളിൽ വിവരിക്കുന്നു.



ഈ നാലു പുസ്തകങ്ങൾ അവതരിപ്പിക്കുന്ന കാലഘട്ടത്തിന്റെ ചരിത്രം തന്നെയാണ് ദിനവൃത്താന്തം എന്ന പേരിലുള്ള രണ്ട് പുസ്തകങ്ങളുടെയും മുഖ്യമായ പ്രതിപാദ്യം. എന്നാൽ ഉള്ളടക്കത്തിലും ശൈലിയിലും വിഷയങ്ങൾക്കു നല്കുന്ന പ്രാധാന്യത്തിലും ഗണ്യമായ വ്യത്യാസം കാണാം. അതിനാൽ ഈ പുസ്തകങ്ങളെ 'ലിഖിതങ്ങൾ' എന്ന വിഭാഗത്തിലാണ് യഹൂദർ ഉൾപ്പെടുത്തിയിരുന്നത്. ആധുനിക ബൈബിൾ വ്യാഖ്യാതാക്കളാകട്ടെ ദിനവൃത്താന്ത ചരിത്രം (Chronicler,s history) എന്ന് ഇവയെ വിളിക്കുന്നു.

ഗ്രന്ഥകർത്താവ്, രചനയുടെ കാലം, ശൈലി, ദൈവശാസ്ത്രപരമായ ഊന്നലുകൾ മുതലായവയിൽ വ്യത്യാസങ്ങളുണ്ടെങ്കിലും ഒരേ കാലഘട്ടത്തിന്റെ ചരിത്രം അവതരിപ്പിക്കുന്നതിനാൽ ഈ ആറു പുസ്തകങ്ങളെയും ഒരുമിച്ചു പഠനവിഷയമാക്കുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കും. സാമുവേലിന്റെയും, രാജാക്കന്മാരുടെയും പുസ്തകങ്ങൾ പഠിക്കുമ്പോൾ അതേ വിഷയങ്ങൾ പ്രതിപാദിക്കുന്ന ദിനവൃത്താന്തത്തിലെ ഭാഗങ്ങളും പഠനവിഷയമാക്കുകയും ഓരോ പുസ്തകത്തിന്റെയും വ്യത്യസ്തമായ കാഴ്ചപ്പാടുകളും ഊന്നലുകളുകളും എടുത്തു കാട്ടാൻ ശ്രദ്ധിക്കുകയും ചെയ്യുന്നതാണ്.

ഇന്ന് ആറു പുസ്തകങ്ങളായിട്ടാണ് നമുക്ക് ലഭിച്ചിരിക്കുന്നതെങ്കിലും ആരംഭത്തിൽ ഇവ മൂന്ന് പുസ്തകങ്ങളായിട്ടാണ് അവതരിപ്പിച്ചിരുന്നത്. ഹീബ്രുവിൽ നിന്ന് വിവർത്തനം ചെയ്ത്, 'സപ്തതി' എന്നറിയപ്പെടുന്ന ഗ്രീക്കുപരിഭാഷാ പ്രസാധനം ചെയ്തവരാണ് ഓരോ പുസ്തകത്തെയും ഈരണ്ടായി തിരിച്ചത്. പ്രായോഗിക പ്രശ്നം മാത്രമാണ് ഈ വിഭജനത്തിന് അവരെ പ്രേരിപ്പിച്ചത്. ഗ്രീക്ക് വിവർത്തനം ഹീബ്രു മൂലത്തെക്കാൾ വളരെ ദീർഘമായിരുന്നതിനാൽ മൂലഭാഷയിലെന്ന പോലെ ഒരു പുസ്തകം ഒരു ചുരുളിൽ എഴുതാൻ കഴിയുമായിരുന്നില്ല. ഒരടി വീതിയും ഏറ്റവും കൂടിയത് 36 അടി നീളവുമാണ് ഒരു ഗ്രന്ഥച്ചുരുളിനുണ്ടാവുക. അതിൽ കൂടുതലായാൽ കൈകാര്യം ചെയ്യുക പ്രയാസമായിരിക്കും. അതിനാൽ ഹീബ്രുവിൽ ഒരു ചുരുളിൽ എഴുതിയിരുന്ന കാര്യങ്ങൾ ഗ്രീക്കിൽ രണ്ട് ചുരുളുകളിലായി. അങ്ങിനെ സാമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ എന്ന പേരുകളിൽ ഈ രണ്ടു പുസ്തകങ്ങളുണ്ടായി. പിൽക്കാലത്ത് ഹീബ്രു ബൈബിളിലും ഇതേ വിഭജനക്രമം നിലവിൽ വന്നു.

### *ഗ്രന്ഥകർത്താവ് - കാലം*

സാമുവേലിന്റെ പുസ്തകത്തിന്റെ ആദ്യഭാഗം (1 സാമു. 1-24) സാമുവേലും, അദ്ദേഹത്തിന്റെ മരണത്തിനു ശേഷമുള്ള ഭാഗങ്ങൾ (1 സാമു. 25-2 സാമു. 24) ദാവീദിന്റെ കൊട്ടാരത്തിലെ പ്രവാചകന്മാരായിരുന്ന നാഥാൻ., ഗാദ് എന്നിവരും ചേർന്നാണു രചിച്ചതെന്ന് യഹൂദ റബ്ബിമാർ പഠിപ്പിച്ചുപോന്നു. 'ദാവീദു രാജാവിന്റെ പ്രവർത്തനങ്ങൾ ആദ്യന്തം പ്രവാചകനായ നാഥാന്റെയും ദീർഘദർശികളായ സാമുവേൽ, ഗാദ് എന്നിവരുടെയും ദിനവൃത്താന്തഗ്രന്ഥങ്ങളിൽ എഴുതിയിട്ടുണ്ട്' (1 ദിന. 29,29) എന്ന പ്രസ്താവന ഈ വിശ്വാസത്തിന് പിൻബലം നല്കുന്നു. സോളമന്റെ സ്ഥാനാരോഹണം മുതൽ ബാബിലോൺ പ്രവാസം വരെയുള്ള ചരിത്രം വിവരിക്കുന്ന രാജാക്കന്മാരുടെ പുസ്തകം ജെറമിയായുടെ രചനയായി യഹൂദ റബ്ബിമാർ വിശേഷിപ്പിച്ചിരുന്നു. ദിനവൃത്താന്തത്തിന്റെ ഗ്രന്ഥകർത്താവ് നിയമജ്ഞനായ എസ്രാ ആണെന്നും അവർ പഠിപ്പിച്ചിരുന്നു.

ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ ആവിർഭാവത്തോടെ ഈ പൊതുധാരണക്കു മാറ്റം വന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിലെ പരാമർശം സാമുവേൽ, നാഥാൻ, ഗാദ് എന്നിവർ രാജവാഴ്ചയുടെ ചരിത്രത്തെക്കുറിച്ച് രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിരുന്നു എന്നല്ലാതെ ആ രേഖകൾ തന്നെയാണ് സാമുവേലിന്റെ പുസ്തകങ്ങൾ എന്ന് തെളിയിക്കാനാവില്ല. ദാവീദിന്റെ കാലം മുതൽ രാജാക്കന്മാരുടെ ചെയ്തികൾ എഴുതി സൂക്ഷിക്കുന്ന പതിവ് ആരംഭിച്ചിരുന്നു. ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെയും നിശ്ചയിച്ചിരുന്നു (2 സാമു 20,24). ഈ രേഖകളെ ആസ്പദമാക്കി പ്രവാസകാലത്തായിരിക്കണം സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങൾ അന്തിരൂപം പ്രാപിച്ചത്. നിയമാവർത്തന പുസ്തകത്തിന്റെ ദൈവശാസ്ത്ര വീക്ഷണം ഈ പുസ്തങ്ങളിൽ പ്രതിഫലിക്കുന്നതിനാൽ ഇവയുടെ രചയിതാക്കളെ നിയമവർത്തനാത്മക ചരിത്രകാരന്മാർ എന്നു വിളിക്കാറുണ്ട്. എന്നാൽ ആരാണ് ഇവർ എന്നു കൃത്യമായി പറയാനാവില്ല.

ബാബിലോൺ പ്രവാസത്തിനുശേഷമാണ് ദിനവൃത്താന്തം എഴുതപ്പെട്ടതെന്ന് പുസ്തകത്തിൽ തന്നെ സൂചനയുണ്ട്. ദിനവൃത്താന്തം രണ്ടാം പുസ്തകത്തിന്റെ അവസാനത്തെ രണ്ടു വാക്യങ്ങൾ അതേപടി ആവർത്തിച്ചുകൊണ്ടാണ് എസ്രായുടെ പുസ്തകം ആരംഭിക്കുന്നത്. ദിന



വൃത്താന്ത പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്ന ചരിത്രത്തിന്റെ തുടർച്ചയാണ് എസ്രാ - നെഹെമിയായിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ചരിത്രരചന മുഴുവൻ ഒരു വ്യക്തിയുടെയോ ഒരോ ആശയഗതിയുള്ള ഒരു ഗ്രൂപ്പിന്റെയോ സൃഷ്ടിയാണെന്നു പുസ്തകങ്ങളുടെ രചനാ ശൈലിയിലും ഊന്നലുകളിലും കാണുന്ന സമാനതയിൽ നിന്നും അനുമാനിക്കാം. എന്നാൽ എസ്രാ തന്നെയാണ് ഈ ചരിത്രം മുഴുവൻ എഴുതിയതെന്ന് അധികമാരും ഇന്നു കരുതുന്നില്ല. അജ്ഞാത നാമാവായ ഗ്രന്ഥരചയിതാവിനെ ദിനവൃത്താന്ത ചരിത്രകാരൻ' എന്നാണ് ബൈബിൾ വ്യാഖ്യാതാക്കൾ വിശേഷിപ്പിക്കുന്നത്. ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലോ നാലാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കും രചന നടന്നത് എന്നു പൊതുവേ കരുതപ്പെടുന്നു. 1-2 സാമുവേൽ. 1 ദിനവൃത്താന്തങ്ങൾ എന്നീ ഗ്രന്ഥങ്ങൾ ബൈബിൾ തീർത്ഥാടനത്തിന്റെ ഈ ലക്കത്തിലും 1-2 രാജാക്കന്മാർ, 2 ദിനവൃത്താന്തങ്ങൾ എന്നീ മൂന്നു ഗ്രന്ഥങ്ങൾ അടുത്ത ലക്കത്തിലും പഠനവിഷയമാക്കുന്നു.

### *വിഭജനം*

പഠന സൗകര്യാർത്ഥം ഈ മൂന്നു പുസ്തകങ്ങളെ രണ്ട് ഭാഗമായിത്തിരിച്ചിരിക്കുന്നു.

***ഭാഗം ഒന്ന്: രാജവാഴ്ചയുടെ തുടക്കം: 1 സാമുവേൽ; 1 ദിന.1-10 ഭാഗം രണ്ട് : ദാവീദു രാജാവ് : 2സാമുവേൽ; 1 ദിന. 11-29***

*******************

## ഭാഗം ഒന്ന്

# രാജവാഴ്ചയുടെ തുടക്കം

### 1 സാമുവേൽ ; 1 ദിന. 1–10

ഇസ്രായേലിലെ രാജവാഴ്ചയുടെ തുടക്കമാണ് സാമുവേലിന്റെ ഒന്നാം പുസ്തകത്തിലെ പ്രതിപാദ്യം. രണ്ട് ന്യായാധിപന്മാരുടെയും രണ്ട് രാജാക്കന്മാരുടെയും ജീവിതം വിവരിച്ചുകൊണ്ടാണ് വി.ഗ്രന്ഥകാരൻ ചരിത്രം അവതരിപ്പിക്കുന്നത്. ഇസ്രായേൽ ചരിത്രത്തിൽ നിരന്തരം പ്രതിഫലിച്ചിരുന്ന വിശ്വസ്തതയുടെയും അവിശ്വസ്തതയുടെയും ഉദാഹരണങ്ങളാണ് ഈ നാലുപേർ. സാമുവേലും ദാവീദും കർത്താവിനോടും ജനത്തോടും വിശ്വസ്തത പാലിച്ചപ്പോൾ ഏലിയും സാവൂളും അവിശ്വസ്തരായിത്തീർന്നു. ഏലിയും സാവൂളും അവിശ്വസ്തതയ്ക്കുള്ള ശിക്ഷ ഏറ്റുവാങ്ങി ചരിത്രത്തിന്റെ തിരശീലയ്ക്കു പിന്നിൽ മറഞ്ഞപ്പോൾ, വിശ്വസ്തരായ സാമുവേലും ദാവീദും രക്ഷാചരിത്രത്തിലെ നാഴികക്കല്ലുകളും മാർഗ്ഗദീപങ്ങളുമായി പ്രശോഭിക്കുന്നു. ഈ ഭാഗത്തെ മൂന്നായി തിരിക്കാം.

1. സാമുവേൽ അവസാനത്തെ ന്യായാധിപൻ 1 സാമു. 1–7
2. സാവൂൾ ആദ്യത്തെ രാജാവ് 1 സാമു. 8–15
3. സാവൂളും ദാവീദും 1 സാമു. 16–31; 1 ദിന, 1–10

# 1. സാമുവേൽ അവസാനത്തെ ന്യായാധിപൻ

## 1 സാമുവേൽ 1–7

രക്ഷാചരിത്രത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ നിന്ന് രാജവാഴ്ചയിലേക്കുള്ള പ്രവേശനം. ചരിത്രത്തിന്റെ ഈ നാല്ക്കവലയിൽ വഴികാട്ടിയായി നില്ക്കുന്ന അതികായനാണ് ഒരേ സമയം ന്യായാധിപനും പുരോഹിതനും പ്രവാചകനും, സർവ്വോപരി രാജാക്കന്മാരെ വാഴിക്കുകയും സിംഹാസനത്തിൽ നിന്ന് പിടിച്ചിറക്കുകയും ചെയ്യുന്ന നേതാവുമായ സാമുവേൽ. അദ്ദേഹത്തിന്റെ ജനനം മുതൽ ഇസ്രായേലിന്റെ മുഴുവൻ ന്യായധിപനായി സാമുവേലിന്റെ ഒന്നാംപുസ്തകത്തിന്റെ ആദ്യ ഭാഗത്തു പ്രതിപാദിക്കുന്നത്.

സാമുവേലിന്റെ ചരിത്രം പുരോഹിതനായ ഏലിയുടെ കുടുംബചരിത്രവുമായി ഇടകലർത്തി വിവരിച്ചിരിക്കുന്നു. സാമുവേലിന്റെ മാതാപിതാക്കന്മാരും ഏലി പുരോഹിതനും തമ്മിലും, സാമുവേലും ഏലിയുടെ പുത്രന്മാരും തമ്മിലുമുള്ള സ്വഭാവവൈരുദ്ധ്യങ്ങൾ എടുത്തു കാട്ടുന്നതിലൂടെ വളരെ പ്രധാനപ്പെട്ട ചില പാഠങ്ങൾ വി.ഗ്രന്ഥകാരൻ പ്രദാനം ചെയ്യുന്നുണ്ട്. രണ്ടു കുടുംബങ്ങളുടെയും സ്വഭാവസവിശേഷതകൾ ആ കുടുംബങ്ങളെ മാത്രമല്ല ഇസ്രായേൽ ജനത്തെത്തന്നെ ആഴത്തിൽ സ്വാധീനിക്കുന്നതു കാണാം. ഈ ഭാഗത്തെ ആറായിത്തിരിക്കാം.

1. വന്ധ്യയുടെ വ്യഥയും പ്രാർത്ഥനയും 2. ശിശുവിന്റെ ജനനവും സമർപ്പണവും 3. ഏലിയും പുത്രന്മാരും 4. സാമുവേൽ പ്രവാചകൻ 5. പേടകത്തിന്റെ ചരിത്രം 6. സാമുവേൽ ന്യായാധിപൻ

### 1. വന്ധ്യയുടെ വ്യഥയും പ്രാർത്ഥനയും 1,1–18

ഇസ്രായേലിലെ ഒരു സാധാരണകുടുംബം, പ്രത്യേകിച്ചും വിവാഹിതയായ ഒരു സ്ത്രീ, നേരിട്ട ഒരു പ്രതിസന്ധി അവതരിപ്പിച്ചുകൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. ഏഫ്രേം മലനാട്ടിലെ ഒരു ഗ്രാമമായ റാമാത്തായിമിൽ ജീവിച്ചിരുന്ന എൽക്കാനാ എന്ന ഒരാൾക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ഹന്നായും പെനീന്നായും. എൽക്കാന ഹന്നായെ



കൂടുതലായി സ്നേഹിച്ചിരുന്നെങ്കിലും പെനീന്നായ്ക്കുമാത്രമേ മക്കളുണ്ടായിരുന്നുള്ളൂ. വന്ധ്യയായ ഹന്ന പെമീന്നായുടെ നിരന്തരമായ നിന്ദനം ഏല്ക്കേണ്ടിവന്നു.

ജെറുസലേമിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ വടക്കുപടിഞ്ഞാറായിട്ടാണ് റാമാത്തായിം സ്ഥിതി ചെയ്തിരുന്നത്. ഈ ഗ്രാമത്തെ 'റാമാ' എന്നും വിളിക്കാറുണ്ട്. പുതിയനിയമകാലത്ത് 'അരിമത്തേയാ' എന്നപേരിൽ ഇത് അറിയപ്പെട്ടിരുന്നു. അവിടെ നിന്ന് ഏകദേശം 50 കിലോമീറ്റർ വടക്കുകിഴക്കായിട്ടാണ് ഷീലോ. അവിടെയുള്ള ദേവാലയത്തിലാണ് ഉടമ്പടിയുടെ പേടകം സൂക്ഷിച്ചിരുന്നത്. എഫ്രേം മലനാട്ടിലാണ് വസിച്ചിരുന്നതെങ്കിലും പുരോഹിത ഗോത്രമായ ലേവീഗോത്രത്തിൽപെട്ട ആൾ ആണ് എല്ക്കാനാ എന്ന് 1 ദിന 6.16–30 ലെ വംശാവലി പട്ടികയിൽ നിന്നു മനസ്സിലാക്കാം. കർത്താവിന്റെ പേടകം സ്ഥിതിചെയ്തിരുന്ന പട്ടണത്തിലേയ്ക്ക് ആണ്ടുതോറും കുടുംബസമേതം തീർത്ഥാടനം നടത്തിയിരുന്ന എൾക്കാനാ വലിയ ദൈവഭക്തനായിരുന്നു. ദൈവവുമായുള്ള ഐക്യം കുടുംബാംഗങ്ങളെ കൂടുതൽ അടുപ്പിക്കുകയും അവർക്കു സന്തോഷവും സമാധാനവും നല്കുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ എൽക്കാനായുടെ കുടുംബത്തിൽ നേരെ മറിച്ചാണ് സംഭവിച്ചത്. വന്ധ്യയായ ഹന്നായ്ക്ക് ഇതു വലിയ ദുഃഖത്തിന്റെ  അവസരമായിരുന്നു. കാരണം വന്ധ്യത്വത്തിന്റെ പേരിൽ അവളെ നിന്ദിക്കാൻ ഈ അവസരം പെനീന്നാ പ്രത്യേകമായി ഉപയോഗിച്ചിരുന്നു. 'കൃപ' എന്നാണ് ഹന്നാ എന്ന പേരിന്റെ അർത്ഥം. പെനീന്നാ എന്ന പേരിന് 'മാണിക്യം' എന്നും. വന്ധ്യയായ ഹന്നായുടെ അവസ്ഥ പൂർവ്വമാതാക്കളായ സാറായുടെയും റാഹേലിന്റെയും അവസ്ഥയോടു സമാനമാണ്. ഹാഗാർ സാറായെ എന്നപോലെ പെനീന്ന ഹന്നായെ പുഛിച്ചു; വേദനിപ്പിച്ചു. യാക്കോബ് റാഹേലിനെ കൂടുതൽ സ്നേഹിച്ചിരുന്നെങ്കിലും ലെയായ്ക്ക് പുത്രന്മാർ ജനിച്ചപ്പോൾ റാഹേൽ ഏറെ നാളത്തേക്ക് വന്ധ്യയായി തുടർന്നു. എന്നാൽ ഈ വേദനയും ദുഃഖവും എല്ലാം അവരെ വലിയ കാര്യങ്ങൾക്കായി ഒരുക്കാൻ വേണ്ടി ദൈവം നല്കിയ പ്രത്യേക ദാനമായിരുന്നു.

സപ്തനിയുടെ അവജ്ഞയും പരിഹാസവും മൂലം ഹൃദയം തകർന്ന് ദൈവസന്നിധിയിൽ കരയുന്ന ഒരു ഭക്ത സ്ത്രീയുടെ പ്രാർത്ഥനയെക്കുറിച്ച് ഉന്മത്തയായവളുടെ വ്യർത്ഥ ജല്പനങ്ങളായി ഏലി തെറ്റിധരിച്ചു. അയാളുടെ ശകാരം അവളെ കൂടുതൽ വേദനിപ്പിച്ചു. എന്നാൽ കാര്യം മനസ്സിലായപ്പോൾ പുരോഹിതൻ അവളെ സമാധാനി

പ്പിച്ച് പറഞ്ഞയച്ചു. പുരോഹിതന്റെ സ്വാന്തന വാക്കുകളും സർവ്വോപരി ആശീർവാദവും അവളെ സന്തുഷ്ടയാക്കി. പുത്രനെ ലഭിച്ചാൽ അവനെ ദൈവത്തിനു തന്നെ സമർപ്പിക്കുമെന്ന് അവൾ നേർച്ച നേരുകയും ചെയ്തു. മകന്റെ തലയിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല എന്ന വാഗ്ദാനം അവനെ നാസീർ വ്രതക്കാരനായി വളർത്തും എന്നതിന്റെ സൂചനയാണ്. (സംഖ്യ 6, ന്യായാ 13,7).

**വിചിന്തനം:** തികഞ്ഞ ദൈവഭക്തനും മതാനുഷ്ഠാനങ്ങളിൽ നിഷ്ടയുള്ളവരുമായിരുന്നു സാമുവേലിന്റെ മാതാപിതാക്കൾ. അവരുടെ വിശ്വാസവും പ്രാർത്ഥനയും മക്കൾക്കു മാതൃകയും പ്രചോദനവുമായി. ഇന്നു മക്കളുടെ വിശ്വാസരാഹിത്യത്തെയും സ്വഭാവ ദോഷത്തെയുംക്കുറിച്ചു വിലപിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ തന്നെ ജീവിതവും അതിലൂടെ മക്കൾക്കു നല്കുന്ന മാതൃകയും എപ്രകാരമുള്ളതാണെന്ന് ചിന്തിക്കണം. വന്ധ്യത്വത്തിന്റെ പേരിൽ ഹന്നായെ പരിഹസിച്ച പെനീന്നായുടെ പ്രവൃത്തി ക്രൂരമായിരുന്നു. ഏതെങ്കിലും വിധത്തിൽ അവശതയനുഭവിക്കുന്നവരോടുള്ള എന്റെ പെരുമാറ്റം അവർക്കു പ്രത്യാശ നല്കുന്നതോ അവരെ കൂടുതൽ വേദനിപ്പിക്കുന്നതോ? കുറ്റം വിധിക്കുന്നതിനു പകരം, ആ വ്യക്തികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാൻ സഹാനുഭൂതിയോടെ ശ്രമിച്ചാൽ അവരെ സഹായിക്കാനും അവരുടെ ദുഃഖം ലഘൂകരിക്കുവാനും കഴിയും.

ഒരു കുഞ്ഞിനുവേണ്ടി ഹന്നാ ഉള്ളുരുകി പ്രാർത്ഥിച്ചു. കുഞ്ഞിനെ ലഭിച്ചാൽ അവനെ ദൈവത്തിനുവേണ്ടി വളർത്തുമെന്നും ദൈവത്തിനു തന്നെ സമർപ്പിക്കുമെന്നും വാഗ്ദാനം ചെയ്തു. ദൈവം തരുന്ന മക്കളെ സ്വീകരിക്കാനായി പ്രാർത്ഥനാപൂർവ്വം ഒരുങ്ങുകയും ലഭിക്കുന്ന കുഞ്ഞുങ്ങളെ നന്ദിയോടെ സ്വീകരിച്ച് ദൈവത്തിന്റെതായി വളർത്തുകയും ചെയ്യാൻ ദമ്പതികൾക്കുള്ള ഉത്തരവാദിത്വത്തെ അനുസ്മരിപ്പിക്കുന്നതാണ് ഹന്നായുടെ പ്രാർത്ഥനയും നേർച്ചയും.

## 2. ശിശുവിന്റെ ജനനവും സമർപ്പണവും 1,19-2,11

കർത്താവ് ഹന്നായുടെ പ്രാർത്ഥന കേട്ടു, അവളുടെ ദുഃഖം സന്തോഷമായി പകർത്തി. ശിശുവിന്റെ ജനനം ഒരത്ഭുതമായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഇസഹാക്ക്, ജോസഫ്, സാംസൺ, സ്നാപക യോഹന്നാൻ തുടങ്ങിയവരുടെ ജനനം പോലെ ഇതും ദൈവത്തിന്റെ പ്രത്യേക കൃപാകടാക്ഷത്തിന്റെ ഫലമാണ്. ശിശുവിന്റെ ജനനം കർത്താവിന്റെ



പ്രത്യേക ദാനമായിരുന്നതുപോലെ, വളർന്നുകഴിയുമ്പോൾ അവന്റെ സകല പ്രവർത്തനങ്ങളും ഇസ്രായേലിനു ദൈവം നല്കുന്ന ദാനമായിരിക്കും.

പേര് എന്നർത്ഥമുള്ള 'ശേം' എന്ന ധാതുവിനോട് ദൈവം എന്ന അർത്ഥമുള്ള 'ഏൽ' എന്ന പദം കൂട്ടിച്ചേർത്താണ് ശ്മുവേൽ എന്ന പേരിനു രൂപം നല്കിയത്. ഇതിന്റെ ഗ്രീക്കു രൂപമാണ് സാമുവേൽ. ദൈവത്തിന്റെ നാമം – എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ ഇവിടെ ചോദിക്കുക എന്ന് അർത്ഥമുള്ള 'ശാആൽ' എന്ന കിയാധാതുവുമായി പേരിനെ ബന്ധിച്ചിരിക്കുന്നു. 'ശവൂൽ' (സാവൂൾ) എന്ന പേര് ഈ ക്രിയാധാതുവിൽ നിന്നുണ്ടായതാണ്. ചോദിച്ചുവാങ്ങിയത് എന്നാണ് പേരിന്റെ അർത്ഥം. പേരുകളുടെ ഉത്ഭവത്തെക്കുറിച്ച് വാച്യാർത്ഥത്തെ മറികടക്കുന്ന ഇത്തരം വ്യാഖ്യാനങ്ങൾ ബൈബിളിൽ അസാധാരണമല്ല.

കർത്താവ് വിശ്വസ്തനായതുപോലെ ഹന്നായും തന്റെ വാഗ്ദാനം വിശ്വസ്താപൂർവ്വം നിറവേറ്റി. മുലകുടി മാറിയപ്പോൾ കുഞ്ഞിനെ കർത്താവിന് സമർപ്പിച്ചു. മൂന്നു വയസാണ് മുലകുടി മാറുന്ന പ്രായമായി കരുതപ്പെടുന്നത്. കർത്താവ് തന്റെ പ്രാർത്ഥന കേട്ടതിലുള്ള നന്ദിയും സന്തോഷവും പുരോഹിതൻ ഏലിയുമായി പങ്കുവെച്ചുകൊണ്ട് ഹന്നാ കർത്താവിന്റെ കൃപ ഏറ്റുപറഞ്ഞു. കർത്താവ് ചെയ്ത കാര്യങ്ങളെ നന്ദിയോടെ ഏറ്റുപറയുന്നത് കർത്താവിനെ സ്തുതിക്കലാണ്. ദീർഘകാലത്തെ കണ്ണീരിന്റെയും പ്രാർത്ഥനയുടെയും ഫലമായി ലഭിച്ച മകനെ കർത്താവിനു സമർപ്പിച്ചത് വലിയ ഒരു ത്യാഗമായിരുന്നു. ദൈവത്തിനും സഹോദരങ്ങൾക്കും ശുശ്രൂഷ ചെയ്യാൻ പ്രാപ്തരാകത്തക്കവിധത്തിൽ മക്കളെ വളർത്തുകയും പ്രായമാകുമ്പോൾ അവരെ ദൈവം വിളിക്കുന്ന വഴിക്ക് യാത്രയാക്കുകയുമാണ് മാതാപിതാക്കന്മാരുടെ ധർമ്മം എന്ന് ഹന്നായുടെ പ്രവൃത്തി പഠിപ്പിക്കുന്നു. നിസ്വാർത്ഥമായ സമർപ്പണമാണ് മാതാപിതാക്കന്മാർക്കു സന്തോഷം പ്രദാനം ചെയ്യുന്നത്. ഏതുവിധേനയും മക്കളെ തങ്ങളോട് ചേർത്ത് കാത്തു സൂക്ഷിക്കാൻ ശ്രമിക്കുന്നവർ അവസാനം ദുഃഖികേണ്ടിവരും.

സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും പ്രകടനമാണ് ഹന്നായുടെ സ്തോത്രഗീതം (2,1-10). ശത്രുക്കളുമായുള്ള യുദ്ധത്തിൽ വിജയം നല്കിയ കർത്താവിന്റെ കൃപയെ പ്രകീർത്തിക്കാനായി ഇസ്രായേലിൽ പ്രചാരത്തിലിരുന്ന ഒരു കീർത്തനം ഇവിടെ ഹന്നായുടെ അധരത്തിൽ

വി.ഗ്രന്ഥകാരൻ വച്ചുകൊടുത്തതായി ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. പ്രമേയങ്ങളും ഭാഷാശൈലിയും പരിഗണിച്ച് ബി.സി. പതിനൊന്നാം നൂറ്റാണ്ടിൽ രൂപം കൊണ്ടതാണ് ഈ കീർത്തനം എന്നു കരുതപ്പെടുന്നു.

2 സാമു 22ൽ നല്കിയിരിക്കുന്ന ദാവീദിന്റെ വിജയകീർത്തനം. സങ്കീ 113 മുതലായ കീർത്തനങ്ങളുമായി ഇതിന് അടുത്ത ബന്ധം ഉണ്ട്. മറിയത്തിന്റെ സ്തോത്രഗീതത്തിൽ (ലൂക്കാ 1,46-55) നല്ലൊരു പങ്ക് ഈ കീർത്തനത്തിൽ നിന്നു കടംകൊണ്ടതാണ്.

ഒരേ ആശയം, ഊന്നിപ്പറയാൻ വേണ്ടി, രണ്ടോ മൂന്നോ തവണ സമാന്തര വാക്യങ്ങളിലൂടെ ആവർത്തിക്കുന്ന ഹീബ്രു പദ്യശൈലി ഈ കീർത്തനത്തിൽ വളരെ പ്രകടമാണ്. അതുപോലെതന്നെ പരസ്പരം വിരുദ്ധങ്ങളായ ആശയങ്ങൾ സമാന്തരമായി അവതരിപ്പിച്ചുകൊണ്ട് കേന്ദ്രവത്തായ ആശയത്തിന് ഊന്നൽ നല്കുന്നതും ഈ പദ്യശൈലിയുടെ പ്രത്യേകതയത്രെ. സന്തോഷവും കൃതജ്ഞതയുമാണ് ഈ കീർത്തനത്തിൽ ഉയർന്നുനില്ക്കുന്ന വികാരങ്ങൾ. കർത്താവു നല്കിയ വിജയമാണ് രണ്ടിന്റെയും നിദാനം.

പെനീന്നായുടെ പരിഹാസംമൂലം ഹന്നായ്ക്കുണ്ടായ വേദനയും അതിനു കർത്താവ് നല്കിയ പരിഹാരവുമാണ് കീർത്തനത്തിന്റെ വിഷയം എന്നു ആദ്യവായനയിൽ തോന്നാം. അഹന്തയോടെയുള്ള സംസാരം (2,3), വന്ധ്യക്കു ലഭിക്കുന്ന സന്താനങ്ങൾ (2,5) തുങ്ങിയ പരാമർശങ്ങൾ ഇപ്രകാരം വ്യാഖ്യാനിക്കുകയും ചെയ്യാം. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ കൂടുതൽ വിശാലമായ പ്രമേയങ്ങൾ ഈ കീർത്തനത്തിലുള്ളതായി കാണാൻ കഴിയും.

കർത്താവു നല്കുന്ന രക്ഷയാണ് ഈ കീർത്തനത്തിന്റെ മുഖ്യപ്രമേയം. ശക്തന്മാരുടെ പീഡനത്തിനും പരിഹാസത്തിനും ഇരയായ ദരിദ്രരെ കർത്താവ് പ്രത്യേകം സംരക്ഷിക്കുന്നു. ഈജിപ്തിൽ നിന്നെന്നതുപോലെ സകല പീഡനങ്ങളിലും മർദ്ദനങ്ങളിലും നിന്നു കർത്താവ് അവരെ മോചിപ്പിച്ച് മഹത്വം അണിയിക്കുന്നു. അതേ സമയം അഹങ്കാരികളായ അധർമ്മികളെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നു. ജീവന്റെ നാഥനും പ്രപഞ്ചത്തിന്റെ അധിപനും ചരിത്രത്തിന്റെ നിയന്താവുമാണ് കർത്താവ്. പ്രപഞ്ചത്തെ താങ്ങിനിർത്തുന്നവൻ തന്നെയാണ് സകല ജീവജാലങ്ങളെയും സംരക്ഷിക്കുകയും തന്റെ ന്യായ



വിധി നടപ്പിലാക്കുകയും ചെയ്യുന്നത്. പൊതുവായ രക്ഷാകര പ്രവർത്തനത്തിന്റെ ഈ പ്രകീർത്തനം ഇസ്രായേലിന് ഏതെങ്കിലും ഒരു യുദ്ധത്തിൽ ലഭിച്ച ഒരു വിജയത്തിന്റെ സാഹചര്യത്തിൽ ആയിരിക്കാം രൂപം പ്രാപിച്ചത്. ഈ കീർത്തനം ആലപിക്കുന്ന വന്ധ്യയും അവഹേളിതയുമായ ഹന്നാ ഇസ്രായേൽ ജനത്തിന്റെ തന്നെ പ്രതീകമായി മാറുന്നു.

ഒരു പടികൂടി കടന്ന് ഈ കീർത്തനത്തെ ഒരു പ്രവചനമായും കാണാവുന്നതാണ്. രാജാവിനെക്കുറിച്ചുള്ള പരാമർഷം (2,10) വരാൻ പോകുന്ന രാജഭരണത്തിലേക്കും അതിനുമപ്പുറംരക്ഷകനായ മിശിഹായിലേക്കും വിരൽ ചൂണ്ടുന്നു. യേശുക്രിസ്തുവിലൂടെ തിന്മയുടെ സകല ആധിപത്യങ്ങളുടെയുംമേൽ ദൈവം വരിച്ച വിജയത്തിന്റെ പ്രവചനാത്മകമായ ഒരു പ്രകീർത്തനമാണ് ഈ ഗാനം. പാവപ്പെട്ടവരുടെ പ്രതീക്ഷയാണ് ഈ ഗീതത്തിൽ പ്രതിധ്വനിക്കുന്നത്. അതിനാലാണ് മറിയത്തിന്റെ സ്തോത്രഗീതത്തിൽ ഇതിൽ നിന്ന് വളരെയേറെ ഉദ്ധരിച്ചിട്ടുള്ളത്.

ബാലനായ സാമുവേൽ കർത്താവിനു ശുശ്രൂഷ ചെയ്യുന്നതിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് സമർപ്പണത്തെക്കുറിച്ചുള്ള വിവരണം സമാപിക്കുന്നത് (2.11). സ്നാപകന്റെയും (ലൂക്കാ 1,80) യേശുവിന്റെയും (ലൂക്കാ 2,52) ബാല്യകാലത്തെക്കുറിച്ചുള്ള പരാമർശത്തിൽ ഈ ചിത്രത്തിന്റെ സ്വാധീനം ദൃശ്യമാണ്. കർത്താവിനായി സമർപ്പിക്കപ്പെട്ടവൻ തനിക്ക് ഏല്പിക്കപ്പെട്ട ദൗത്യം ബാല്യം മുതലേ വിശ്വസ്തതയോടെ നിറവേറ്റി.

**വിചിന്തനം:** തനിക്കു ലഭിച്ച ഏറ്റവും വിലപ്പെട്ട ദാനമായ മകനെ സന്തോഷപൂർവ്വം ഹന്നാ ദൈവത്തിനു സമർപ്പിച്ചു. കർത്താവിനു നല്കുന്നത് നഷ്ടമായി അവൾ പരിഗണിച്ചില്ല. ഞാൻ എന്താണ് കർത്താവിന് നല്കുന്നത്? പൗരോഹിത്യമോ സന്യാസ ജീവിതമോ വഴി തങ്ങളെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കാൻ മക്കൾ തയ്യാറാകുമ്പോൾ ഇന്നു മാതാപിതാക്കൾ എപ്രകാരമാണ് പ്രതികരിക്കുന്നത്?

ഹന്നായെ പരിഹസിച്ച പെനീസാ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി. എന്നാൽ നിന്ദിതയെങ്കിലും കർത്താവിൽ പ്രത്യാശവെച്ച ഹന്നായ്ക്ക് വീണ്ടും മക്കളെ ലഭിച്ചു. തന്നെയുമല്ല അവൾ ഇസ്രായേലിലെ വലിയൊരു നേതാവിന്റെ അമ്മയാവുകയും ചെയ്തു. മനുഷ്യരുടെ അംഗീകാരവും പ്രശംസയുമല്ല, കർത്താവു നല്കുന്ന അംഗീകാരമാണ്

പ്രധാനം. മനുഷ്യരുടെ പരിഹാസത്തെ ബഹുമതിയാക്കി പകർത്താൻ കർത്താവിന് കഴിയും.

### 3. ഏലിയും പുത്രന്മാരും 2,12-36

പുരോഹിതന്മാരായ ഏലിയുടെയും മക്കളുടയും ചരിത്രം സാമുവേലിന്റെ ബാല്യകാല വിവരണവുമായി ഇടകലർത്തിയാണ് അവതരിപ്പിക്കുന്നത്. ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസം എടുത്ത് കാട്ടിക്കൊണ്ട് ഏലിയും കുടുംബവും തിരസ്കരിക്കപ്പെടുകയും സാമുവേൽ അവരുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തതിന്റെ കാരണങ്ങളും സാഹചര്യങ്ങളും വിശദമാക്കുന്നു.

ഏലിയുടെ പുത്രന്മാർ ദുർമാർഗ്ഗികളും കർത്താവിനെ ബഹുമാനിക്കാത്തവരും ആയിരുന്നു എന്ന വിലയിരുത്തലോടെയാണ് വിവരണം ആരംഭിക്കുന്നത്. (2,12). 'കർത്താവിനെ ബഹുമാനിക്കാത്തവർ' എന്നതിന്റെ മൂലാർത്ഥം 'ദൈവത്തെ അറിയാത്തവർ' എന്നത്രെ. ദൈവത്തിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്തുവരുന്നവരെങ്കിലും ദൈവം ആരെന്നോ അവിടുത്തെ കല്പനകൾ എന്തെന്നോ അറിയാൻ അവർ ശ്രമിച്ചില്ല.

ദേവാലയത്തിലെ അവരുടെ ശുശ്രൂഷകൾ തികഞ്ഞ അനാദരവിന്റെ പ്രകടനമായിരുന്നു. ബലിവസ്തുക്കളോടും (2,13-17) ദേവാലയത്തിലെ വേലക്കാരികളോടും (2,22) ഉള്ള അവരുടെ സമീപനത്തിൽ ഇതു പ്രകടമാകുന്നു. പൗരോഹിത്യത്തെ സ്വത്തു സമ്പാദിക്കാനും സുഖഭോഘങ്ങളിൽ മുഴുകാനുമുള്ള ഉപാധിയായി അവർ പരിഗണിച്ചു. ഭക്തജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിൽ അവർക്ക് തെല്ലും ആശങ്ക ഉണ്ടായിരുന്നില്ല. വൃദ്ധനായ ഏലി പ്രായമായ മക്കളെ തിരുത്താൻ ശ്രമിച്ചെങ്കിലും അവർ വഴങ്ങിയില്ല (2,23-25). ചെറുപ്പത്തിലെ പരിശീലനം നല്കാത്തനാൽ മക്കൾ വഴിതെറ്റിപ്പോകുന്നതിനെക്കുറിച്ച് വാർദ്ധക്യത്തിൽ പരിതപിച്ചിട്ടു കാര്യമില്ല.

ഏലിയുടെ മക്കളിൽ നിന്നു തികച്ചും വ്യത്യസ്തനായിരുന്നു സാമുവേൽ അവൻ ചെറുപ്പം മുതലേ കർത്താവിന്റെ സന്നിധിയിൽ അവിടുത്തേക്ക് ശുശ്രൂഷ ചെയ്തുകൊണ്ടാണു വളർന്നത് (2,18-21). അവൻ ധരിച്ചിരുന്ന ചണനൂൽകൊണ്ടുള്ള വിശേഷവസ്ത്രം പുരോഹിത വസ്ത്രമായിരുന്നു. ആണ്ടുതോറും അവനെ സന്ദർശിച്ചിരുന്ന മാതാവ് ദൈവശുശ്രൂഷയിൽ വിശ്വസ്തനായി വളരാൻ അവനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. തന്റെ ഏക പുത്രനെ കർത്താവിന് കാഴ്ചയർപ്പിച്ച അവളെ കർത്താവ് അഞ്ചിരട്ടിയായി അനുഗ്രഹിച്ചു.



മക്കളുടെ അധർമ്മവും പിതാവിന്റെ അനാസ്ഥയും ഏലിക്കും കുടുംബത്തിനും ഭയങ്കരമായ ശിക്ഷാവിധി വിളിച്ചുവരുത്തി. ഒരു പ്രവാചകൻ വഴി കർത്താവ് തന്റെ ശിക്ഷാവിധി ഏലിയെ അറിയിച്ചു (2,27-36). ദൈവത്തിന്റെ മനുഷ്യൻ (Man of God) എന്നു മാത്രമാണ് ഈ വക്താവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. പിൽക്കാലത്ത് പ്രവാചകന്മാർക്ക് ഉപയോഗിക്കുന്ന ഒരു വിശേഷണമാണിത്. ജനത്തെ, പ്രത്യേകിച്ചും ജനനേതാക്കന്മാരെ, കർത്താവിന്റെ നാമത്തിൽ കുറ്റം വിധിക്കുന്ന പ്രവാചകന്മാരുടെ തുടക്കം ഇവിടെ കാണാം. ഏലിയെ അറിയിക്കുന്ന ശിക്ഷാവിധിക്ക് പിന്നീട് നാഥാൻ വഴി ദാവീദിനെ അറിയിക്കുന്ന ശിക്ഷാവിധിയുമായി (2 സാമു. 12,7-12) സാമ്യമുണ്ട്.

കർത്താവു നല്കിയ വലിയ കൃപയെ അനുസ്മരിച്ചുകൊണ്ടാണ് പ്രവാചക വചനം ആരംഭിക്കുന്നത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ചവരിൽ നിന്ന് ലേവീഗോത്രത്തെ പുരോഹിത ശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുത്ത്, അവർക്ക് ആവശ്യമായവ ബലിപീഠത്തിൽ നിന്നുള്ള അവകാശമായി അവർക്കു നല്കി. ഈ പശ്ചാത്തലത്തിൽ ഏലിയുടെയും പുത്രന്മാരുടെയും ആർത്തിയും അനാദരവും അക്ഷന്തവ്യമായ അപരാധമാണ്. കർത്താവിനേക്കാൾ കൂടുതലായി മക്കളെ ബഹുമാനിച്ചു എന്നതാണ് ഏലിയുടെ മറ്റൊരു കുറ്റം. ഇതിനു ശിക്ഷയായി ഏലിയുടെ കുടുംബം പൂർണ്ണമായി വിച്ഛേദിക്കപ്പെടും. 'ശക്തി ക്ഷയിപ്പിക്കും' (2,31) എന്നു വിവർത്തനം ചെയ്തതിന്റെ ഹീബ്രുമൂലം കൈകൾ മുറിച്ചുകളയും എന്നാണ്. ഇനി അവർ പുരോഹിത ശുശ്രൂഷ ചെയ്യുകയില്ല. കുടുംബത്തിൽ അവശേഷിക്കുന്ന ഒരുവനെക്കുറിച്ചുള്ള പരാമർശം (2,33) ദാവീദിന്റെ പുരോഹിതനായിരുന്ന അബിയാഥറിനെ സൂചിപ്പിക്കുന്നു. ഹോഫ്നിയെയും ഫിനാസിനെയുംക്കുറിച്ചുള്ള പ്രവചനത്തിന്റെ (2,34) പൂർത്തീകരണം 4,17ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കർത്താവു തിരഞ്ഞെടുത്ത വിശ്വസ്തനായ പുരോഹിതൻ (2,35) സാമുവേൽ ആണെന്നു തോന്നാം. എന്നാൽ സാമുവേലിനുശേഷം കർത്താവിന്റെ അഭിഷിക്തരായ ദാവീദിന്റെയും സോളമന്റെയും കാലത്ത് പുരോഹിത ശുശ്രൂഷചെയ്ത സാദോക്കിലാണ് ഈ പ്രവചനം നിറവേ

റിയത്. ഏലി കുടുംബത്തിൽപ്പെട്ട അബിയാഥറിനെ സോളമൻ പുരോഹിത സ്ഥാനത്തുനിന്നു മാറ്റി, പകരം സാദോക്കിനെ സ്ഥാനം ഏല്പിച്ചു. (1 രാജാ 2,26). എന്നാൽ സാദോക്കിന്റെ കുടുംബത്തിനും അപ്പുറത്ത്, വിശ്വസ്തനും കരുണയുള്ളവനും മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനായ യേശുക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രവചനമാണിത് (ഹെബ്രാ 2,17; 5,10; 7,17).

**വിചിന്തനം:** ദൈവം നല്കിയ ദാനമായിരുന്നു ഏലിക്കും പുത്രന്മാർക്കും ലഭിച്ച പൗരോഹിത്യ പദവിയും അവകാശങ്ങളും. എന്നാൽ അവർ അത് തങ്ങളുടെ അവകാശമായി കരുതി. അതിപരിചയം ആദരവു നഷ്ടപ്പെടുത്തി. തങ്ങൾക്കു ന്യായമായി ലഭിക്കുന്ന വിഹിതംകൊണ്ടു തൃപ്തിപ്പെടാതെ അവർ ആർത്തിപൂണ്ട് ബലി വസ്തുക്കൾ പിടിച്ചുപറിച്ചു. തനിക്കു ലഭിച്ചിരിക്കുന്ന അധികാരവും സ്ഥാനമാനങ്ങളും, അവ എത്ര വലുതോ ചെറുതോ ആകട്ടെ, ദൈവത്തിന്റെ ദാനമാണെന്നും വലിയൊരു ഉത്തരവാദിത്വമാണ് അതിലൂടെ ദൈവം തന്നെ ഏല്പിച്ചിരിക്കുന്നതെന്നും ഉള്ള ബോധ്യം ഓരോരുത്തർക്കും ഉണ്ടാകണം.

മക്കൾക്കുവേണ്ട പരിശീലനം നല്കുന്നതിൽ പുരോഹിതൻ ഏലി പരാജയപ്പെട്ടു. എന്നാൽ വെറും ഒരു ഗ്രാമീണ സ്ത്രീയായ ഹന്നാ വിജയിച്ചു. പിതാവിന്റെ ശാസനയും താക്കീതും അവഗണിച്ച പുരോഹിത പുത്രന്മാർ ദയനീയമാം വിധം പരാജയപ്പെട്ടു. യുദ്ധത്തിൽ കൊല്ലപ്പെട്ടു.

### 4. സാമുവേൽ ഒരു പ്രവാചകൻ 3,1-21

പുരോഹിത ശുശ്രൂഷയ്ക്കായി മാതാവു സമർപ്പിക്കുകയും വൃദ്ധ പുരോഹിതനായ ഏലി പരിശീലിപ്പിക്കുകയും ചെയ്ത സാമുവേൽ ഇസ്രായേലിന്റെ മുഴുവൻ ആദരവിനു പാത്രമായ ഒരു പ്രവാചകനായി മാറിയതിന്റെ ചരിത്രമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്. കർത്താവിന്റെ നേരിട്ടുള്ള വിളിയാണ് ബാലനായ സാമുവേലിനെ പ്രവാചകനാക്കി മാറ്റിയത്. സാമുവേലിനു ലഭിച്ച പ്രത്യേക ദൈവവിളിയുടെ വിവരണത്തിൽ ബാലനായ സാമുവേലിന്റെയും വൃദ്ധ പുരോഹിതനായ ഏലിയുടെയും സ്വഭാവസവിശേഷതകൾ പ്രത്യേകം എടുത്തുകാട്ടിയിരിക്കുന്നു.

'അക്കാലത്ത് കർത്താവിന്റെ അരുളപ്പാട് ചുരുക്കമായേ ലഭിച്ചിരുന്നുള്ളൂ' എന്ന ആമുഖത്തോടെ വിവരണം ആരംഭിക്കുന്നു. ദേവാലയത്തോടനുബന്ധിച്ചുള്ള മുറിയിൽ വാർദ്ധക്യം മൂലം കാഴ്ച മങ്ങിയ ഏലി കിടന്നുറങ്ങി. ബാലനായ സാമുവേൽ പേടകത്തിന്റെ സമീപമാണു കിട



ന്നുറങ്ങിയത്. 'ദൈവത്തിന്റെ മുമ്പിലെ ദീപം അണഞ്ഞിരുന്നില്ല' (3,3) എന്ന പ്രസ്താവന വെളുപ്പാൻകാലത്താണ് സംഭവം നടന്നതെന്നു സൂചിപ്പിക്കുന്നു. സന്ധ്യമുതൽ പ്രഭാതം വരെ ദീപം ജ്വലിച്ചു നിൽക്കണം എന്നു നിയമമുണ്ടായിരുന്നു (പുറ 27,2-21; ലേവ്യ 24,3-4). കാഴ്ച മങ്ങി മയങ്ങി കിടക്കുന്ന ഏലിയും കരിന്തിരി കത്തുന്ന ദേവാലയ ദീപവും വചനം ലഭിക്കാത്തതിനാൽ ക്ഷയിച്ചുകൊണ്ടിരുന്ന ഇസ്രായേൽ ജനത്തിന്റെ പ്രതീകങ്ങളാണ്. ആ ജനത്തിനു പുതുജീവനും ഉണർവ്വും നല്കാൻ വേണ്ടിയാണ് കർത്താവ് സാമുവേലിനെ വിളിക്കുന്നത്.

മൂന്നുതവണ വിളികേൾക്കുകയും മൂന്നുതവണയും എണീറ്റ് പുരോഹിതന്റെ അടുക്കലേക്ക് ഓടുകയും ചെയ്യുന്ന സാമുവേൽ നിതാന്ത ജാഗ്രത പുലർത്തുന്ന, അനുസരണയുള്ള, ശുശ്രൂഷകനാണ്. സാമുവേൽ ഇനിയും കർത്താവിനെ അറിഞ്ഞിരുന്നില്ല (3,7) എന്ന പ്രസ്താവനയിലൂടെ സാമുവേൽ കർത്താവിനെ അറിഞ്ഞ ആദ്യത്തെ അനുഭവമായിരുന്നു ഇത് എന്ന് വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. കർത്താവാണ് ബാലനെ വിളിക്കുന്നത് എന്നു മൂന്നാം തവണയേ ഏലിക്കു മനസ്സിലായുള്ളൂ. പുരോഹിതനായ തന്നെ മറികടന്ന്, ബാലനായ സാമുവേലിനെ കർത്താവ് വിളിക്കുന്നതിൽ ഏലിക്കു പരിഭവമില്ല. ബാലന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്ന ഏലി ഒരു നല്ല ആധ്യാത്മിക ഗുരുവിന്റെ മാതൃകയായി പ്രവർത്തിച്ചു. കർത്താവിന്റെ സ്വരം തിരിച്ചറിയാനും അറിയുന്ന സ്വരത്തിനു വഴങ്ങാനും സഹായിക്കുകയാണല്ലോ ആത്മീയ ഗുരുക്കന്മാരുടെ മുഖ്യ ധർമ്മം.

നാലാം തവണ സാമുവേൽ സ്വരം കേൾക്കുക മാത്രമല്ല കർത്താവിനെ കാണുകയും ചെയ്തു എന്ന സൂചനയാണ്. 'കർത്താവു വന്നു നിന്നു വിളിച്ചു' (3,10) എന്ന പ്രസ്താവനയിലുള്ളത്. 'കർത്താവേ അരുളിച്ചെയ്താലും, ദാസനിതാ ശ്രവിക്കുന്നു' എന്ന മറുപടി പൂർണ്ണമായ വിധേയത്വം വെളിപ്പെടുത്തുന്നു. പിതാവിന്റെ വചനം ശ്രവിക്കാൻ കൂട്ടാക്കാത്ത പുരോഹിതന്മാരുടേതിൽ നിന്നും കടകവിരുദ്ധമാണ് സാമുവേലിന്റെ ഈ നിലപാട്. ഒരു സ്വപ്നമായിട്ടല്ല, യഥാർത്ഥ ദർശനവും, കേൾവിയും ആയിട്ടാണു വിളി ചിത്രീകരിക്കുന്നത്. അബ്രാഹം, മോശ, ഏശയ്യാ തുടങ്ങിയ അനേകരുടെ വിളിയുമായി ഇതിനു സാമ്യമുണ്ട്.

ബാലനായ സാമുവേലിനെ വിളിച്ച ദൈവം ഭീകരമായ ഒരു സന്ദേശമാണ് അവനെ ഏല്പ്പിക്കുന്നത് (3,11-14). 'കേൾക്കുന്നവന്റെ ഇരുചെവി

കളും തരിച്ചുപോകും' എന്ന വിശേഷണം ജറുസലേമിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനത്തിൽ ആവർത്തിക്കുന്നതായി കാണാം (2 രാജാ. 21,12; ജറെ. 19.3). ഏലികുടുംബത്തിനെതിരായി പ്രവാചകൻ അറിയിച്ച ശിക്ഷാവിധി ഇപ്പോൾ കർത്താവ് നേരിട്ട് സാമുവേലിനോട് പ്രഖ്യാപിക്കുന്നു. അതിലൂടെ സാമുവേലിന്റെ പ്രവാചക വൃത്തി ആരംഭിക്കുകയായി, മക്കളുടെ അധർമ്മത്തെ ഇവിടെ 'ദൈവദുഷണം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. പാപങ്ങൾക്കു പരിഹാര ബലികൾ നിർദ്ദേശിച്ചിട്ടുണ്ട് (ലേവ്യ. 4,2.13.22.27). അവയെല്ലാം അറിവില്ലായ്മ വഴി ചെയ്തുപോകുന്ന പാപങ്ങൾക്കു മാത്രമേ പരിഹാരമാകൂ. ഏലി കുടുംബത്തിന്റെ പാപം മനഃപൂർവ്വമുള്ളതാകയാൽ ഒരു ബലിയും പരിഹാരമാവുകയില്ല. താക്കീതു ലഭിച്ചിട്ടും അനുതപിക്കാൻ കൂട്ടാക്കാത്തവരുടെമേൽ മരണശിക്ഷയാണ് കർത്താവു പ്രഖ്യാപിക്കുന്നത്.

പ്രഭാതത്തിൽ ഉണർന്ന സാമുവേലിനെ തന്റെ പ്രവാചകവൃത്തി ആരംഭിക്കാൻ ഏലി തന്നെയാണ് പ്രേരിപ്പിക്കുന്നത്. ദൈവത്തിൻ നിന്നു കേട്ട വചനം കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ, അതേപടി പറയുന്നവനാണ് പ്രവാചകൻ. ഇവിടെ വക്താവ് വചനത്തിനു പിന്നിൽ മറയുന്നു. ദൈവവചനത്തിന് ഒഴുകാനുള്ള ഒരു ചാല് മാത്രമായിത്തീരുന്നു. കഠിനമായ ശിക്ഷാവിധി കേട്ട് ഏലി കർത്താവിന്റെ തീരുമാനത്തിന് പ്രതിഷേധമോ പരാതിയോ കൂടാതെ വിനയപൂർവ്വം ശിരസു നമിച്ചു. മക്കൾക്കു ശിക്ഷണം നല്കുന്നതിൽ പരാജയപ്പെട്ടെങ്കിലും കർത്താവിന്റെ തീരുമാനത്തിന് നിരുപാധികം വിട്ടുകൊടുക്കുന്ന ഏലി, വൃദ്ധനും നിസ്സഹായനുമെങ്കിലും, ആദരവ് അർഹിക്കുന്നു. തന്റെ മക്കൾക്കു പകരം സാമുവേൽ തിരഞ്ഞെടുക്കപ്പെട്ടതിൽ അയാൾക്ക് അസൂയയോ പരാതിയോ ഇല്ല.

ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ആദരവു പിടിച്ചുപറ്റുന്ന പ്രവാചകനായിട്ടാണ് അടുത്ത വാക്യങ്ങൾ (3,19-4,1a) സാമുവേലിനെ ചിത്രീകരിക്കുന്നത്. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു എന്നതാണ് ഈ അംഗീകാരത്തിന്റെയും ആദരവിന്റെയും കാരണം. 'ദാൻ മുതൽ ബേർഷെബാ വരെ' എന്ന പ്രയോഗം ഇസ്രായേൽദേശം മുഴുവൻ എന്നാണ് അർത്ഥമാക്കുന്നത്. ഏറ്റവും വടക്കുള്ള നഗരമാണ് ദാൻ; ഏറ്റവും തെക്ക് ബേർഷെബായും. സാമുവേൽ കർത്താവിന്റെ വാക്കുകൾ വിശ്വസ്തതയോടെ അറിയിച്ചതിനാൽ അവയെല്ലാം നിറവേറാൻ കർത്താവ് തന്നെ ഇടവരുത്തി. 'കർത്താവിന്റെ വചനം ദുർലഭമായിരുന്നു'



എന്ന പ്രസ്താവനകൊണ്ട് തുടങ്ങിയ വിവരണം സാമുവേലിലൂടെ ദൈവവചനം സുലഭമായി എന്ന് സൂചിപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. അവിശ്വസ്തരായ പുരോഹിതന്മാരെ ഉന്മൂലനം ചെയ്യുന്നതിനു മുമ്പേ കർത്താവ് വിശ്വസ്തനായ ഒരു ദാസനെ ഒരുക്കി. അയാൾ ഒരേ സമയം പുരോഹിതനും പ്രവാചകനും കിടയറ്റ നേതാവുമായിരിക്കും.

**വിചിന്തനം:** സാമുവേലിനെ വിളിച്ച കർത്താവ് ഇന്നും ഓരോ വ്യക്തിയേയും ഓരോ പ്രത്യേക ദൗത്യത്തിനായി വിളിക്കുന്നു. ഞാൻ കർത്താവിന്റെ വിളികേൾക്കാൻ കാതോർക്കാറുണ്ടോ? എന്തു ദൗത്യമാണ് കർത്താവ് എന്നെ ഏല്പിക്കുന്നത്? എന്തു പ്രത്യുത്തരമാണ് ഞാൻ നല്കുന്നത്?

### 5. പേടകത്തിന്റെ ചരിത്രം 4,1-7,1

പുതിയ നേതാവിന്റെ ഒരുക്കത്തെക്കുറിച്ചു പ്രതിപാദിച്ചതിനു ശേഷം ഏലി കുടുംബത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും ഭാഗധേയത്തിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ഉടമ്പടിയുടെ പേടകമാണ് ഈ വിവരണത്തിന്റെ ശ്രദ്ധാകേന്ദ്രം. സീനായ് മലയിൽ വച്ച് ദൈവം നല്കിയ ഉടമ്പടിയുടെ പ്രമാണങ്ങൾ എഴുതിയ കല്പലകകൾ സൂക്ഷിച്ചിരുന്ന പെട്ടിയാണ് പേടകം. പേടകത്തിനു മുകളിൽ ചിറകുവിരിച്ചുനിന്ന കെറുബുകളുടെ മധ്യേ ദൈവത്തിന്റെ സജീവ സാന്നിധ്യം ജനത്തിനു അനുഭവഭേദ്യമായിരുന്നു. ഈ പേടകം നഷ്ടപ്പെടുകയും വീണ്ടും തിരിച്ച് കിട്ടുകയും ചെയ്തതിന്റെ വിവരണമാണ് ഈ മൂന്ന് അദ്ധ്യായങ്ങളിലുള്ളത്.

ഷിലോയിൽ നിന്ന് ഏകദേശം മുപ്പതു കിലോമീറ്റർ പടിഞ്ഞാറുള്ള അഫെക്ക് നഗരത്തിൽ വച്ച് ഫിലിസ്ത്യ സൈന്യവുമായി ഏറ്റുമുട്ടിയ ഇസ്രായേൽക്കാർ പരാജയപ്പെട്ടു. അടുത്ത യുദ്ധത്തിൽ വിജയം ഉറപ്പുവരുത്താൻവേണ്ടി ഷീലോയിൽ നിന്നു കർത്താവിന്റെ പേടകം യുദ്ധക്കളത്തിലേക്ക് കൊണ്ടുവന്നു. പുരോഹിതരായ ഫിനഹാസും ഹോഫ്നിയും പേടകത്തിന് അകമ്പടി സേവിച്ചു 4,1-5 പക്ഷേ ഇസ്രായേൽക്കാർ പ്രതീക്ഷിച്ചതിനു കടകവിരുദ്ധമായ അനുഭവമാണ് ഉണ്ടായത്. രണ്ടാമത്തെ ഏറ്റുമുട്ടലിൽ അവർ ദാരുണമായി പരാജയപ്പെട്ടു.ഫിനഹാസും ഹോഫ്നിയും അടക്കം അനേകായിരം പേർ മരിച്ചു വീണു. പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു (4,6-11). വിവരമറിഞ്ഞ ഏലി മറിഞ്ഞുവീണ് കഴുത്തൊടിഞ്ഞു മരിച്ചു (4,12-18). അങ്ങിനെ ഏലികുടുംബത്തിനെതിരെ

കർത്താവ് അറിയിച്ച ശിക്ഷാവിധി പൂർത്തിയായി. ഫിനഹാസിന്റെ ഗർഭിണിയായ ഭാര്യ പെട്ടന്ന് പ്രസവിച്ചു. 'മഹത്വമില്ല' എന്ന് അർത്ഥമുള്ള 'ഇക്കാബോദ്' എന്ന പേര് പുത്രനു നല്കിയതിനുശേഷം അവൾ അന്ത്യശ്വാസം വലിച്ചു. (4,19-22).

പിടിച്ചെടുത്ത പേടകം ഫിലിസ്ത്യർ വിജയ സ്മാരകമായി തങ്ങളുടെ ദേവനായ ദാഗോന്റെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. 'ധാന്യം' എന്നാണ് 'ദാഗോൻ' എന്ന പേരിന് അർത്ഥം. പേടകം പ്രതിഷ്ഠിച്ചതിന്റെ പിറ്റേ ദിവസം ദാഗോന്റെ വിഗ്രഹം നിലം പൊത്തി. അടുത്ത ദിവസം വിഗ്രഹത്തിന്റെ തലയും കൈകാലുകളും അറ്റ് വാതിൽപടിയിൽ കിടന്നു. ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ വാതിൽ പടിയിൽ ചവിട്ടാതെ ചാടിക്കടക്കുന്ന ആചാരം (സെഫ 1,9) ഈ സംഭവത്തിൽ നിന്നുണ്ടായതാണത്രെ. പേടകം അവർക്കു നാശമാണ് വരുത്തിവച്ചത്. മൂന്നു നഗരങ്ങളിൽ മാറിമാറി പ്രതിഷ്ഠിച്ചെങ്കിലും നാശ നഷ്ടങ്ങൾ വർദ്ധിച്ചതേയുള്ളൂ (5,1-12). ഭയവിഹ്വലരായ ഫിലിസ്ത്യർ ജ്യോത്സ്യന്മാരുടെ ഉപദേശമനുസരിച്ച് കറവപ്പശുക്കളെ പൂട്ടിയ വണ്ടിയിൽ സമ്മാനങ്ങളുമായി പേടകം തിരിച്ചയച്ചു (6,1-12) ഇസ്രായേൽക്കാരുടെ അധീനതയിലുള്ള ഒരു ഗ്രാമമായ ബേത്ഷേമെഷിൽ പേടകവുമായി എത്തിയ പശുക്കളെ ഇസ്രായേൽക്കാർ വണ്ടികത്തിച്ച് കർത്താവിനു ബലിയർപ്പിച്ചു. ആദരവുകൂടാതെ പേടകത്തിലേക്ക് എത്തിനോക്കിയ എഴുപതു പേർ മരിച്ചതിനെ തുടർന്ന് പേടകത്തോടുള്ള ഭയം ഇസ്രായേൽക്കാരെയും ബാധിച്ചു. അവസാനം ജറുസലേമിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ വടക്കുള്ള കിരിയാത്ത്യയാറിമിൽ അബിനാദാബിന്റെ ഭവനത്തിൽ സൂക്ഷിച്ച പേടകം ദാവീദു രാജാവ് ജറുസലെമിലേക്കു കൊണ്ടുപോകുന്നതുവരെ അവിടെത്തന്നെ ഇരുന്നു.

പേടകത്തിന്റെ യാത്രയെക്കുറിച്ചുള്ള ഈ വിവരണത്തിൽ നിന്ന് സുപ്രധാനമായ ചില ഉൾകാഴ്ചകൾ ലഭിക്കുന്നു. ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ നയിക്കുകയും അവർക്കു ശത്രുക്കളുടെ മേൽ വിജയം നല്കുകയും ചെയ്തതു കർത്താവാണ്. അവിടുത്തെ സജീവ സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമാണ് പേടകം. എന്നാൽ പേടകം ഉൾക്കൊള്ളുന്ന അവിടുത്തെ പ്രമാണങ്ങൾ അനുസരിക്കാതെ കർത്താവിന്റെ സംരക്ഷണം ലഭിക്കും എന്ന വിശ്വാസം അസ്ഥാനത്താണ്. മാന്ത്രികമായി ഫലം പുറപ്പെടുവിക്കുന്ന ഉപകരണമല്ല പേടകം. തോന്നിയപോലെ ജീവിച്ചിട്ട് ആവശ്യം വരുമ്പോൾ സഹായിക്കാൻ കർത്താവിനെ നിർബന്ധി



ക്കാൻ സാധിക്കുകയില്ല. യുദ്ധഭൂമിയിലേക്കു കൊണ്ടുവന്ന പേടകം വിജയമല്ല, തികഞ്ഞ പരാജയമാണ് ഇസ്രായേലിനു നല്കിയത്. പേടകമല്ല, അതു സൂചിപ്പിക്കുന്ന കർത്താവിന്റെ സാന്നിധ്യവും അത് ഉൾക്കൊള്ളുന്ന പ്രമാണങ്ങളുമാണ് പ്രദാനം. പേടകമില്ലാതെയും കർത്താവ് ജനമധ്യത്തിൽ സന്നിഹിതനായിരിക്കും.

പേടകം നഷ്ടപ്പെട്ടപ്പോൾ കർത്താവിന്റെ മഹത്വം തങ്ങളെ വിട്ടുപോയിരികുമെന്ന് അവർ കരുതി. ഏലിയുടെയും ഫിനഹാസിന്റെ ഭാര്യയുടെയും മരണത്തിന്റെ മുഖ്യകാരണം ഈ ദുഃഖവാർത്തയാണ്. കർത്താവ് തങ്ങളെ കൈവിട്ടിരിക്കുന്നു എന്ന അവബോധം അവർക്ക് താങ്ങാൻ ആവാത്ത ആഘാതമായിരുന്നു. കർത്താവിന്റെ പ്രമാണങ്ങളെ വിസ്മരിച്ചു ജീവിക്കുന്നവർക്ക് അവിടുത്തെ സാന്നിധ്യം അനുഭവിക്കാൻ സാധിച്ചെന്നുവരില്ല.

ഇസ്രായേൽക്കാരുടെ പാളയത്തിൽ കർത്താവ് എത്തി എന്നറിഞ്ഞ ഫിലിസ്ത്യർ ഭയവിഹ്വലരായി. കർത്താവിന്റെ ശക്തിയെക്കുറിച്ച് അവർ തികച്ചും ബോധവാന്മാരായിരുന്നു. പക്ഷേ ഇസ്രായേൽക്കാരെ തോല്പിക്കാൻ കഴിഞ്ഞപ്പോൾ കർത്താവിനേക്കാൾ ശക്തൻ തങ്ങളുടെ ദൈവമായ ദാഗോൻ ആണെന്ന് അവർ കരുതി. ജനങ്ങൾ തമ്മിലുള്ള യുദ്ധമായി പൗരാണികർ കരുതിയിരുന്നു. യുദ്ധം ജയിച്ച ദാഗോന് സമ്മാനമായിട്ടാണ് പേടകം ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചത്. എന്നാൽ തങ്ങൾക്കു തെറ്റുപറ്റിയെന്ന് അവർ താമസിയാതെ മനസ്സിലാക്കി.

ആയുധവും സൈന്യവുമില്ലാതെ തന്നെ കർത്താവ് ദാഗോനെ പരാജയപ്പെടുത്തി. പേടകത്തിനു മുമ്പിൽ വീണുകിടക്കുന്ന പ്രതിമ ദാഗോൻ കർത്താവിനെ ആരാധിക്കുന്നതിന്റെ പ്രതീകമാണ്; വിഗ്രഹത്തിന്റെ അർത്ഥശൂന്യത വ്യക്തമാക്കുന്ന അടയാളവുമാണ്. ഇസ്രായേലിൽ മാത്രമല്ല, ലോകത്തെല്ലായിടത്തും കർത്താവു മാത്രമാണ് ദൈവം. അവിടുത്തെ ശക്തിക്കും ആധിപത്യത്തിനും പരിധികളില്ല എന്നു രോഗബാധയുടെ വിവരണത്തിലൂടെ സൂചിപ്പിക്കുന്നു. ഫിലിസ്ത്യരെ ബാധിച്ച കുരുക്കൾ എലി പരത്തുന്ന പ്ലേഗ് രോഗമാണെന്നു വ്യാഖ്യതാക്കൾ കരുതുന്നു. കർത്താവിന്റെ ശക്തിയും മഹത്വവും അനുഭവിച്ചറിഞ്ഞ ഫിലിസ്ത്യർ തങ്ങൾക്ക് അറിയാവുന്ന പരിഹാരമനുഷ്ഠിക്കാൻ തയ്യാറായി.

'കർത്താവിന്റെ സന്നിധിയിൽ, പരിശുദ്ധനായ ഈ ദൈവത്തിന്റെ സന്നിധിയിൽ, നില്ക്കാൻ ആർക്കു കഴിയും?' (6,20) എന്ന ജനത്തിന്റെ

ഭയം നിറഞ്ഞ ചോദ്യം ദൈവത്തോടു പുലർത്തേണ്ട ഭയഭക്ത്യാദരങ്ങളെ എടുത്തു കാട്ടുന്നു. കർത്താവിന്റെ പേടകം മടങ്ങിയെത്തിയെങ്കിലും ലാഘവ ബുദ്ധിയോടെ ആരും അവിടുത്തെ സമീപിക്കരുത്, അവിടുത്തെ സംരക്ഷണം നിരുപാധികമാണെന്ന് കരുതുകയുമരുത് എന്ന പാഠമാണ് എഴുപതു പേരുടെ മരണത്തിലൂടെ നല്കുന്നത്. പേടകം നഷ്ടപ്പെട്ടപ്പോൾ ജനം ദുഃഖിച്ചു; മടങ്ങി വന്നപ്പോൾ അവർ സന്തോഷിച്ചു. തങ്ങളുടെ പാപം നിമിത്തം കർത്താവും തങ്ങളെ ശിക്ഷിച്ചെങ്കിലും എന്നേക്കുമായി കൈവെടിയുകയില്ല എന്ന അവബോധമാണ് ഇതിലൂടെ അവർക്കു ലഭിച്ചത്. അതേ സമയം അവിടുത്തെ കല്പനകൾ അനുസരിച്ച് ജീവിക്കാനും അവിടുത്തെ മുമ്പിൽ ആദരവോടെ വർത്തിക്കാനും ഈ വിവരണങ്ങൾ പ്രേരിപ്പിക്കുന്നു. ദേവാലയം പേടകവും നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽക്കാർക്കു മാത്രമല്ല. നമുക്കും പ്രത്യാശ നല്കുന്ന ഒരു പാഠമാണിത്; ഒപ്പം ഉത്തരവാദിത്വത്തോടെ ജീവിക്കുവാൻ ഇതു പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## 6. സാമുവേൽ ന്യായാധിപൻ 7,2-17

അഫെക്കിലെ പരാജയം ഒരു കാലഘട്ടത്തിന്റെ അന്ത്യം കുറിക്കുന്നു. നാല്പതു വർഷം ന്യായാധിപനായിരുന്ന ഏലിയുടെയും അധർമ്മികളായ പുത്രന്മാരുടെയും മരണത്തോടെ അതുവരെയുണ്ടായിരുന്ന നേതൃത്വം അവസാനിച്ചു. ഷീലോ നഗരം തന്നെ നശിപ്പിക്കപ്പെട്ടതിലാനാവാം പേടകം ഒരു സ്വകാര്യം വ്യക്തിയുടെ ഭവനത്തിലേക്ക് മാറ്റിയത് (സങ്കീ. 78,60-61). അവർക്കു പൊതുവായ ആരാധനാസ്ഥലമോ അവരെ നയിക്കാൻ നേതാവോ ഇല്ലാതായി. ഫിലിസ്ത്യരുടെ ആധിപത്യം കൂടുതൽ ശക്തിപ്പെടുകയും ചെയ്തു. കർത്താവിങ്കലേക്ക് തിരിഞ്ഞു വിലപിക്കുന്ന ജനത്തിന്റെ ചിത്രം (,2) ഈജിപ്തിലെ അടിമത്തത്തിൽ വിലപിക്കുന്ന ജനത്തെ (പുറ 2,23) അനുസ്മരിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് പുതിയ നേതാവായി സാമുവേൽ രംഗപ്രവേശം ചെയ്തത്. സാമുവേലിന്റെ ചിത്രം മോശയുടെതുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. വിഗ്രഹങ്ങളെ ഉപേക്ഷിച്ച് പൂർണ്ണ ഹൃദയത്തോടെ കർത്താവിലേക്കു തിരിയാൻ ജനത്തെ പ്രേരിപ്പിക്കുന്ന പ്രവാചകൻ (7,3), ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുന്ന പുരോഹിതൻ (7,5-9), നീതിപാലനം നടത്തുന്ന ന്യായാധിപൻ (7,6. 15-17), ധൈര്യം പകരുകയും



നേർവഴിക്കു നയിക്കുകയും ചെയ്യുന്ന നേതാവ് (7,7-8. 10-14), എന്നിങ്ങനെ വൈവിധ്യമാർന്നതാണ് സാമുവേലിന്റെ വ്യക്തിത്വം. കർത്താവിൽ വിശ്വാസമർപ്പിക്കുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്തപ്പോൾ ശക്തമായ ഫലിസ്ത്യ സൈന്യം തങ്ങൾക്കു മുമ്പിൽ പരാജയപ്പെടുന്നത് ഇസ്രായേൽ ജനം കണ്ടറിഞ്ഞു. മിസ്പായിലെ വിജയം (7,10-11) ഒരു ഉദാഹരണം മാത്രമായിരുന്നു. തങ്ങളുടെ ആയുധങ്ങളോ യുദ്ധമുറയോ ഒന്നുമല്ല, കർത്താവാണ് വിജയം നല്കുന്നതെന്ന് ജനത്തിന് വിശ്വസിക്കാൻ മതിയായ ഒരുദാഹരണമാണിത്. 'സഹായശില' എന്നാണ് ഏബെൻ ഏസെർ എന്ന പേരിന് അർത്ഥം (7,12). സാമുവേൽ ഒരു സേനാനായകനായിരുന്നില്ല, ഒരു യുദ്ധവും നയിച്ചതുമില്ല. എന്നാൽ അവൻ കർത്താവിൽ ഉറച്ചു വിശ്വസിച്ചു, ആ വിശ്വാസം ജനത്തിനു പകർന്നു കൊടുത്തു. ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ധീരമായ നേതൃത്വം നല്കുകയും ചെയ്തു. അതു തന്നെയാണ് സാമുവേലിന്റെ അതുല്യമായ നേതൃത്വത്തിന്റെ പ്രത്യേകത.

സാമുവേലിന്റെ ജീവിതകാലമത്രയും ഇസ്രായേൽക്കാർക്കു സമാധാനമുണ്ടായിരുന്നു. ഫിലിസ്ത്യരുടെ മേൽ നിർണ്ണായകമായ ചില വിജയങ്ങൾ കൈവരിക്കാൻ അവർക്കു സാധിച്ചു എന്ന സൂചനയും ഈ വിവരണത്തിലുണ്ട്. (7,13-14). ചരിത്രപരമായി നോക്കുമ്പോൾ സാവൂളും തുടർന്ന് ദാവീദുമാണ് ഫിലിസ്ത്യരിൽ നിന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചത്. എന്നാൽ അവരുടെ പിന്നിലും പ്രവർത്തിച്ചതു ദൈവമാണ് എന്ന വസ്തുത എടുത്തു കാട്ടാൻ സാമുവേലിന്റെ നേതൃത്വത്തെയും അതിലൂടെ ജനത്തിനു ലഭിച്ച സംരക്ഷണത്തെയുംക്കുറിച്ചുള്ള വിവരണങ്ങൾ സഹായിക്കുന്നു. അതേസമയം, രാജഭരണം ആവശ്യമില്ലാത്ത ഒരു പരിഷ്കരണമായിരുന്നെന്നും, ജനം കർത്താവിൽ വേണ്ടത്ര വിശ്വാസം അർപ്പിക്കാത്തതിനാലാണ് രാജഭരണം ആവശ്യമായി വന്നതെന്നും ധ്വനിപ്പിക്കുകയും ചെയ്യുന്നു.

**വിചിന്തനം:** മനുഷ്യർ രൂപപ്പെടുത്തുന്ന പദ്ധതികളോ സ്വരുക്കൂട്ടുന്ന ആയുധങ്ങളോ അല്ല, കർത്താവണ് സമാധാനവും സമൃദ്ധിയും നല്കുന്നത്. കർത്താവിൽ ഉറച്ചു വിശ്വസിക്കുകയും പൂർണ്ണ ഹൃദയത്തോടെ അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുകയും ചെയ്താൽ അവിടുത്തെ സംരക്ഷണം തീർച്ചയായും ലഭിക്കും.

### ചോദ്യങ്ങൾ

1. പുരോഹിതൻ ഏലിയുടെ വ്യക്തിത്വത്തെ എപ്രകാരമാണ് ഈ അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്? എന്തു പാഠമാണ് അതിൽ നിന്നു ലഭിക്കുന്നത്?
2. സാമുവേലിന്റെയും ഏലിയുടെ പുത്രന്മാരുടെയും വ്യക്തിത്വങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
3. മാതാക്കൾക്ക് ഒരു മാതൃകയാണ് ഹന്നാ. സമർത്ഥിക്കുക.
4. ഹന്നായുടെ കീർത്തനവും മറിയത്തിന്റെ സ്തോത്രഗീതവും തമ്മിൽ താരതമ്യം ചെയ്യുക.
5. സാമുവേൽ എപ്രകാരമാണ് പ്രവാചകനായത്?
6. ഏലിയും പുത്രന്മാരും ശിക്ഷിക്കപ്പെടാൻ കാരണമെന്ത്?
7. ഹന്നാ, പെനീന്നാ, സാമുവേൽ, ഇക്കാബോദ് എന്നീ പേരുകളുടെ അർത്ഥമെന്ത്?
8. പേടകത്തിന്റെ ചരിത്രം വിവരിക്കുന്നതിലൂടെ എന്തു പാഠമാണ് നല്കുന്നത്?
9. പേടകത്തിന്റെ സാന്നിധ്യത്തിൽ ഫിലിസ്ത്യരുടെയും ഇസ്രയേൽക്കാരുടെയും വ്യത്യസ്ത പ്രതികരണങ്ങൾ വിശകലനം ചെയ്യുക.
10. രക്ഷാചരിത്രത്തിന്റെ ഒരു വഴിത്തിരിവിൽ നല്കുന്ന വലിയൊരു നേതാവാണ് സാമുവേൽ. സമർത്ഥിക്കുക.

**ചർച്ചയ്ക്ക്:**

1. സാമുവേനു ലഭിച്ച വിളിയും അതിന് അദ്ദേഹം നില്കിയ മറുപപടിയും നിങ്ങളുടെ ജീവിത സാഹചര്യങ്ങളും ദൈവവിളിയുമായി താരതമ്യം ചെയ്യുക.
2. ഏലിയുടെയും ഹന്നയുടെയും സ്വഭാവ സവിശേഷതകളിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് നിങ്ങൾക്കു പഠിക്കാൻ കഴിയുന്നത്?

**പ്രാർത്ഥന:** 'കർത്താവേ സംസാരിച്ചാലും, ദാസനിതാ ശ്രവിക്കുന്നു.'

******************



# 2. സാമുവേൽ ആദ്യത്തെ രാജാവ്

## 1 സാമുവേൽ 8–15

ജനത്തിനു ധീരമായ നേതൃത്വം നല്കിയിരുന്ന സാമുവേൽ വൃദ്ധനായി. അദ്ദേഹത്തിന്റെ നേതൃസ്ഥാനം ഏറ്റെടുക്കാൻ മാത്രം കഴിവുള്ളവരായിരുന്നില്ല പുത്രന്മാർ. ശത്രുക്കളുടെ, പ്രത്യേകിച്ച് ഫിലിസ്ത്യരുടെ, ആക്രമണം ഒന്നിനൊന്നു ശക്തിപ്പെട്ടു വന്നു. എഫെക്കിലെ പരാജയവും പേടക നഷ്ടവും ഒരു നാന്ദി മാത്രമായിരുന്നു. ഒരു ജനമെന്ന നിലയിൽ ഇസ്രായേലിന്റെ നിലനില്പ്പുതന്നെ അപകടത്തിലായി. ഈ സാഹചര്യത്തിൽ പ്രായോഗിക ബുദ്ധിയുള്ള ഇസ്രായേൽ ശേഷ്ഠന്മാർ തങ്ങൾക്ക് ഒരു രാജാവിനെ വാഴിച്ചു തരണം എന്ന് സാമുവേലിനോട് അഭ്യർത്ഥിച്ചു. ജനത്തിന്റെ ഈ അഭ്യർത്ഥനയെ വിശ്വാസരാഹിത്യത്തിന്റെ പ്രകടനമായിട്ടാണ് സാമുവേൽ വ്യാഖ്യാനിച്ചത്. ഇത്രയും നാൾ നയിച്ച ദൈവം അവരെ തുടർന്നും നയിക്കും എന്ന് സാമുവേൽ ഉറച്ചു വിശ്വസിച്ചു. ആ വിശ്വാസം ജനത്തിനു പകർന്നുകൊടുക്കുവാൻ ശ്രമിച്ചു. പക്ഷേ പരാജയപ്പെട്ടു. തുടർന്നു കർത്താവിന്റെ നിർദ്ദേശമനുസരിച്ച് സാമുവേൽ അവർക്ക് ഒരു രാജാവിനെ വാഴിച്ചുകൊടുത്തു. അങ്ങനെ സാവൂൾ ഇസ്രായേലിലെ ആദ്യത്തെ രാജാവായി.

സാവൂൾ രാജാവായിത്തീർന്ന പ്രക്രിയയിൽ നാലു ഘടകങ്ങൾ കാണാൻ കഴിയും. 1. ദൈവം അയാളെ തിരഞ്ഞെടുത്തു. 2. സാമുവേൽ അയാളെ രാജാവായി അഭിഷേചിച്ചു. 3. ജനത്തെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാനുള്ള തന്റെ കഴിവ് സാവൂൾ തെളിയിച്ചു. 4. ജനം അയാളെ രാജാവായി അംഗീകരിച്ചു. ജനത്തിനുവേണ്ടി അയാൾ ധാരാളം യുദ്ധങ്ങൾ ജയിച്ചു. ഫിലിസ്ത്യരെ ഒരു പരിധിവരെ അവരുടെ അതിർത്തിക്കുള്ളിൽ ഒതുക്കിനിർത്താൻ കഴിഞ്ഞു. പക്ഷേ ഏറെ താമസിയാതെ സാവൂൾ രാജസ്ഥാനത്തു നിന്ന് തിരസ്കൃതനായി; സാമുവേൽ അയാളെ തള്ളിപ്പറഞ്ഞു.

രാജവാഴ്ചയുടെ ആരംഭം വിവരിക്കുന്ന ഈ അദ്ധ്യായങ്ങളിൽ രാജത്വത്തെക്കുറിച്ച് രണ്ടു വ്യത്യസ്ത കാഴ്ചപ്പാടുകൾ ദൃശ്യമാണ്. ശത്രുക്കളിൽ നിന്നു രക്ഷിക്കാനും തങ്ങളെ നീതിപൂർവ്വം ഭരിക്കാനും വേണ്ടി

ജനം ആവശ്യപ്പെടുകയും കർത്താവു തന്നെ തിരഞ്ഞെടുത്ത് അഭിഷേചിക്കുകയും ചെയ്തതാണ് രാജാവ് എന്ന കാഴ്ചപ്പാട് രാജത്വത്തിന്റെ ഭാവാത്മക വശങ്ങൾ എടുത്തു കാട്ടുന്നു. അതേസമയം, രാജാവിനുവേണ്ടിയുള്ള ജനത്തിന്റെ അഭ്യർത്ഥന കർത്താവിനെ ഉപേക്ഷിക്കുന്നതായി അവതരിപ്പിക്കുന്ന മറ്റൊരു കാഴ്ചപ്പാടും ഈ അദ്ധ്യായങ്ങളിൽ കാണാം. തന്നെയുമല്ല, രാജാവ് ജനത്തിന് നന്മയേക്കാൾ നാശമാണ് വരുത്തിവെക്കുന്നത് എന്ന നിഷേധാത്മക വീക്ഷണവും ഈ കൂട്ടത്തിൽ ദൃശ്യമാണ്. 9,1-10,16;11,1-15 എന്നീ ഭാഗങ്ങൾ ദോഷവശങ്ങൾ വിശദീകരിക്കുന്നു.

രാജവാഴ്ചയെ സംബന്ധിച്ച രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങൾ സംയോജിപ്പിച്ചതാണ് ഈ വൈരുധ്യത്തിനു കാരണം എന്ന് കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. ഇസ്രായേലിനെ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ച ദാവീദിന്റെ കാലത്ത് രാജത്വത്തെ പുകഴ്ത്തുന്ന വിവരണവും, സോളമന്റെയും തുടർന്നുവന്ന മർദ്ദകരും ചൂഷകരുമായ രാജാക്കന്മാരുടെയും ഭരണത്തിന്റെ വെളിച്ചത്തിൽ നിഷേധാത്മക വിവരണവും എഴുതപ്പെട്ടുവെന്ന് ഈ വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ആരംഭം മുതലേ രാജഭരണത്തെ സംബന്ധിച്ച് സന്ദിഗ്ധമായ ഒരു നിലപാടാണ് ഇസ്രായേലിൽ ഉണ്ടായിരുന്നതെന്ന് നിഷേധിക്കാനാവില്ല. രാജാവിന്റെ സേവനം ആവശ്യപ്പെട്ട ജനം രാജാവിന്റെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കാനും ഗോത്രങ്ങളുടെ സ്വാതന്ത്ര്യവും ഭരണക്രമവും നിയമങ്ങളും രാജത്വത്തിനുവേണ്ടി അടിയറ വയ്ക്കാനും തയ്യാറായിരുന്നില്ല. അതേസമയം, മറ്റു ജനതകൾക്കുള്ളതുപോലെ ഒരു രാജാവിനെ തങ്ങൾക്കുവേണ്ടി വാഴിച്ചാൽ ആ രാജാവ് മറ്റ് രാജാക്കന്മാരെപ്പോലെ ആയിരിക്കും എന്ന് ആർക്കും ഊഹിക്കാൻ കഴിയുമായിരുന്നു. അതിനാൽ ഈ അദ്ധ്യായങ്ങളിൽ കാണുന്ന വൈരുധ്യം രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളും അടയാളം ആകണമെന്നില്ല.

പ്രായോഗിക ബുദ്ധിയും ആദർശവും തമ്മിലുള്ള സംഘട്ടനമാണ് ഈ വൈരുധ്യങ്ങളിൽ പ്രതിഫലിക്കുന്നത്. ശക്തരായ ശത്രുക്കളിൽ നിന്ന് സംരക്ഷണം ലഭിക്കാൻ ഒരു സ്ഥിരം സൈന്യവും സൈന്യത്തെ നയിക്കാൻ ഒരു രാജാവും വേണമെന്ന് പ്രായോഗിക ബുദ്ധിയുള്ളവർ വാദിച്ചു. രാജാവുണ്ടായാൽ തങ്ങൾക്ക് ഐശ്വര്യവും ശക്തിയും ഉണ്ടാകും എന്ന് മറ്റു ജനങ്ങളുടെ അനുഭവം അവർക്ക് തെളിവിന് എടുത്തുകാട്ടാൻ ഉണ്ടായിരുന്നു. കർത്താവ് മാത്രമാണ് തങ്ങളുടെ രാജാവ്; അവിടുന്നുതന്നെ എപ്പോഴും തങ്ങളെ സംരക്ഷിക്കും; അതിനാൽ മറ്റൊരു രാജാ



വിന്റെ ആവശ്യം ഇല്ല എന്ന സാമുവേലിന്റെ വാദം ആദർശപരമാണ്. രാജാവിനെ വാഴിച്ചാൽ ഉള്ള വിപത്തുകൾക്കും ഇതര ജനതകളുടെ തന്നെ ഉദാഹരണം എടുത്തുകാട്ടാനുണ്ടായിരുന്നു. ഈജിപ്തിലും മെസൊപ്പൊട്ടാമിയായിലും രാജാവിനെ ദൈവത്തിന്റെ അവതാരമായി കരുതിയിരുന്നു. പരിധികളില്ലാത്ത അധികാരമാണ് രാജാവിനു നല്കിയിരുന്നത്. പരസ്പര വിരുദ്ധങ്ങളായ ഈ കാഴ്ചപ്പാടുകളുടെ നടുവിലാണ് ഇസ്രായേൽ രാജത്വം ആരംഭിക്കുന്നത്. ആദ്യരാജാവായ സാവൂൾ ഈ വൈരുദ്ധ്യങ്ങളുടെ ബലിയാടായിത്തീർന്നു.

രാജത്വത്തിന്റെ ആരംഭത്തെക്കുറിച്ചുള്ള ഈ വിവരണം അഞ്ചു ഭാഗങ്ങളായിത്തിരിക്കാം. 1. രാജാവിനുവേണ്ടി മുറവിളി 2. സാവൂളിന്റെ രാജാഭിഷേകം 3. രാജാവിന്റെ ആദ്യവിജയം 4. സാമുവേലിന്റെ വിടവാങ്ങൽ 5. സാവൂളിന്റെ തിരസ്കരണം.

### 1. രാജാവിനുവേണ്ടി മുറവിളി 8,1-22

പുതിയ ജീവിത സാഹചര്യങ്ങളെ നേരിടാൻ അപര്യാപ്തവും അതിനാൽത്തന്നെ അപ്രസക്തവുമായിത്തീർന്ന പഴയ സമവിധാനവും ഇനിയും വ്യക്തരൂപം പ്രാപിച്ചിട്ടില്ലാത്ത പുതിയ സംവിധാനവും തമ്മിലുള്ള സംഘട്ടനമാണ് ഈ അദ്ധ്യായത്തിൽ പ്രകടമാകുന്നത്. സാമുവേൽ വൃദ്ധനായി; അദ്ദേഹത്തിന്റെ ധനമോഹികളും സ്വാർത്ഥമതികളുമായ മക്കൾ ജനത്തെ നയിക്കാൻ തികച്ചും അപര്യാപ്തരായിരുന്നു. വല്ലപ്പോഴും ഒരിക്കൽ വരുന്ന കരിസ്മാറ്റിക് നായകന്മാർക്ക് തങ്ങളെ നയിക്കാനോ ശത്രുക്കളിൽ നിന്നു സംരക്ഷിക്കാനോ സാധ്യമല്ല എന്നു ജനം കരുതി. അതിനാൽ ഒരു പുതിയ സംവിധാനത്തിനു വേണ്ടി അവർ സാമുവേലിനെ സമീപിച്ചു.

രാജാവിനുവേണ്ടിയുള്ള ജനത്തിന്റെ അഭ്യർത്ഥന ആരംഭത്തിലും (8,4-5) അവസാനത്തിലും (8,19-20) ആവർത്തിച്ചുകൊണ്ട്, അവയ്ക്ക് മധ്യേ രാജവാഴ്ചയെക്കുറിച്ചു വിശദമായ വിലയിരുത്തൽ (8,10-18) അവതരിപ്പിച്ചിരിക്കുന്നു. സാമുവേൽ വ്യക്തിപരമായി ജനത്തിന്റെ അഭ്യർത്ഥനയെ എതിർത്തെങ്കിലും കർത്താവിന്റെ നിർദ്ദേശപ്രകാരം അതിനു വഴങ്ങാൻ നിർബന്ധിതനായി. 'മറ്റു ജനങ്ങൾക്കുള്ളതുപോലെ ഞങ്ങളെ ഭരിക്കാൻ ഒരു രാജാവിനെ ഞങ്ങൾക്കു നിയമിച്ചു തരിക' (8,5) എന്ന ജനത്തിന്റെ അഭ്യർത്ഥന പ്രായോഗിക ബുദ്ധിയിൽ നിന്നു രൂപംകൊണ്ടതാണ്. 'ഞങ്ങളെ ഭരിക്കാൻ' എന്ന വാക്കുകൾ പി.ഒ.സി. വിവർത്തനത്തിൽ

വിട്ടു പോയിരിക്കുന്നു. ന്യായം വിധിക്കുക, നീതി നടപ്പിലാക്കുക എന്നൊക്കെ അർത്ഥമുള്ള 'ഷാഫാത്ത്' എന്ന ഹീബ്രു വാക്കാണ് ഭരിക്കുക' എന്നു വിവർത്തനം ചെയ്യുന്നത്. ധീരമായ നേതൃത്വവും നീതി പാലനവുമാണ് രാജാവിൽ നിന്നു ജനങ്ങൾ പ്രതീക്ഷിക്കുന്നത് എന്ന് ഈ അഭ്യർത്ഥനയിൽ നിന്നു വ്യക്തമാകുന്നു.

രാജഭരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ 8,20ൽ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. തങ്ങളുടെമേൽ നീതിപാലനം നടത്തുക, തങ്ങളുടെ മുമ്പേ പോകുക, തങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യുക എന്നിങ്ങനെ മൂന്നു കാര്യങ്ങളാണ് അവർ രാജാവിൽ നിന്നു പ്രതീക്ഷിക്കുന്നത്. ചിതറി കിടക്കുന്ന ഇസ്രായേൽ ഗോത്രങ്ങളെ എല്ലാം ഒന്നിപ്പിച്ച്, അവരിൽ നിന്നും ശക്തമായ ഒരു സൈന്യത്തെ രൂപപ്പെടുത്തിയാൽ ഏതു ശത്രുക്കളെയും യുദ്ധം ചെയ്തു തോൽപ്പിക്കാൻ കഴിയും. ശത്രുഭയം ഇല്ലാതാകുമ്പോൾ നാട്ടിൽ നീതിയും സമാധാനവും ഉറപ്പു വരുത്താനും രാജാവിനു സാധിക്കും ഇതാണു ഭാവിയെക്കുറിച്ചുള്ള ജനത്തിന്റെ ചിന്തയും പ്രതീക്ഷയും.

ഇതിനു കടകവിരുദ്ധമാണ് സാമുവേലിന്റെ നിലപാട്. "മറ്റു ജനതകളെപ്പോലെ" എന്ന വിശേഷണത്തിൽ ഊന്നി നിന്നുകൊണ്ടാണ് സാമുവേൽ പ്രതികരിക്കുന്നത്. ഇസ്രായേൽ ജനം മറ്റു ജനതകളെപോലെയല്ല. കർത്താവു തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ഒരു പ്രത്യേക ജനതയാണ് അവർ (പുറ 19, 5-6). ഇതര ജനതകളെപ്പോലെ ആകാനുള്ള അവരുടെ ആഗ്രഹം കർത്താവുമായുള്ള ഉടമ്പടി ലംഘിക്കലാണ് എന്നു സാമുവേൽ വാദിച്ചു. ജനത്തിന്റെ അവിശ്വസ്തതയിൽ ദുഃഖിക്കുന്ന ദൈവം അവരുടെ അഭ്യർത്ഥനയെ മാനിച്ച് രാജാവിനെ വാഴിച്ചു കൊടുക്കാൻ, സാമുവേലിന് നിർദ്ദേശം നൽകി.

രാജഭരണം മൂലം ജനത്തിന് വന്നു ഭവിക്കാൻ പോകുന്ന വിപത്തുകളെക്കുറിച്ചുള്ള സുദീർഘമായ വിവരണത്തിൽ (8,10-18) നിർബന്ധിത സൈന്യ സേവനം, സ്ഥാവര-ജംഗമ വസ്തുക്കളുടെ ദേശസൽക്കരണം കനത്ത നികുതി മുതലായ അനേകം ദുരിതങ്ങൾ എടുത്തു കാട്ടുന്നുണ്ട്. രാജാവിന് ആദരവുകൾ അർപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് രാജകീയ രഥത്തിനു മുമ്പേ പടയാളികൾ ഓടുക പതിവായിരുന്നു (ഉൽപ: 41,43; 2സാമു. 15,1; 1 രാജ. 18,46). ഈ ദുരിതങ്ങളിൽ ഏറ്റവും കഠിനമാണ് 'നിങ്ങൾ അവന്റെ അടിമകളായിരിക്കും' എന്ന പ്രസ്താവന ഏകാധിപത്യം സ്വേഛാധിപത്യത്തിനു വഴിമാറുകയും ജനം മുഴുവൻ രാജാ



വിന്റെ അടിമകളായിത്തീരുകയും ചെയ്യുമ്പോൾ വിലപിക്കുന്ന ജനത്തിന്റെ പ്രാർത്ഥനകൾ കർത്താവു കേൾക്കുകയില്ല എന്ന ഭീകരമായ മുന്നറിയിപ്പോടുകൂടെയാണ് സാമുവേൽ തന്റെ പ്രവചനം അവസാനിപ്പിക്കുന്നത്. സോളമന്റെ കാലം മുതൽ ഈ ഭീഷണി ഒരു യാഥാർത്ഥ്യമായിത്തീരുന്നതു കാണാം.

ജനത്തിന്റെ നിർബന്ധത്തിനു വഴങ്ങിയാണ് രാജാവിനെ വാഴിച്ചു കൊടുക്കാൻ കർത്താവ് സമ്മതിച്ചതെന്ന് പ്രത്യേകം എടുത്തു പറയുന്നുണ്ട് (8,22). രാജഭരണത്തോടുള്ള നിഷേധാത്മകമായ നിലപാട് ഈ അദ്ധ്യായത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നു. അനാവശ്യവും വിനാശകരവുമായ ഒരു സംവിധാനമാണ് രാജഭരണം എന്ന പ്രതീതിയാണ് ഈ വിവരണത്തിൽ നിന്നും ലഭിക്കുക. വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് അടുത്ത അദ്ധ്യായത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

**വിചിന്തനം:** മാറ്റം പലപ്പോഴും ദുഷ്കരമാണ്. വലിയ മാറ്റങ്ങൾ വലിയ സംഘർഷത്തിന് കാരണമാകാം. തഴങ്ങിയ വഴികൾ വിട്ടുമാറാൻ വിസമ്മതിക്കുന്ന പാരമ്പര്യവാദികളും പുതുമയുടെ പ്രതീക്ഷകളെ പുണരുന്ന പുരോഗമനവാദികളും തമ്മിലുള്ള സംഘട്ടനങ്ങളും സംഘർഷങ്ങളും ജനജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രകടമാകും. മതത്തിലും രാഷ്ട്രീയത്തിലും എന്നും നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. പാരമ്പര്യത്തിൽ കടിച്ചുതൂങ്ങുന്ന യാഥാസ്ഥിതികർക്കു വളരാൻ കഴിയില്ല. പുതുമയിലേക്ക് എടുത്ത് ചാടുന്നവർക്ക് വേരുകൾ നഷ്ടപ്പെടുന്നു. എന്നാൽ ഇരുഭാഗത്തും സത്യത്തിന്റെ അംശമുണ്ടെന്ന് ഇരുകൂട്ടരും അംഗീകരിച്ചാൽ ഈ പ്രതിസന്ധിയെ വളർച്ചയ്ക്കുള്ള അവസരമാക്കി മാറ്റാൻ കഴിയും. ഈ യാഥാർത്ഥ്യമാണ് രാജാവിനെ വാഴിക്കാൻ സാമുവേലിന് ലഭിച്ച കർത്താവിന്റെ നിർദ്ദേശം അനുസ്മരിപ്പിക്കുന്നത്.

സാമുവേലും ജനവും ഒരുപോലെ പുതിയ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണുതുറക്കാൻ പ്രേരിതരാകുന്നു. സ്വന്തം തോന്നലുകൾ മാത്രം കർത്താവിന്റെ ഹിതവും, ജനഹിതം മുഴുവൻ വിശ്വാസത്യാഗവുമായി സാമുവേൽ തെറ്റിധരിച്ചു. രാജാവിനെ കിട്ടിയാൽ എല്ലാം ശുഭമാകുമെന്ന് ജനം കരുതി. ഇരുകൂട്ടർക്കും പുതിയ അറിവ് നല്കുന്നതാണ് കർത്താവിന്റെ നിർദ്ദേശം. അതിലൂടെ പുതിയൊരു വഴി തുറക്കുന്നു. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ കടുംപിടുത്തം ഉപേക്ഷിച്ച്, തുറന്ന മനസ്സോടെ, പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾ ശ്രവിക്കാനും ആത്മാർത്ഥമായ

ചർച്ചയിലൂടെ ദൈവഹിതം കണ്ടെത്താനും ഇരുകൂട്ടരും ശ്രദ്ധിക്കണം. അപ്പോൾ മാത്രമേ വളർച്ച സാധ്യമാകൂ. ഇതാണ് ദൈവജനത്തിന്റെ പാരമ്പര്യം.

തങ്ങളെ ഭരിക്കാനും സംരക്ഷിക്കാനുമുള്ള ചുമതല ജനം സ്വമനസ്സാ ഒരു വ്യക്തിക്ക് ഏൽപ്പിച്ചു കൊടുക്കുകയായിരുന്നു. അതിൽനിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ചുമാത്രമേ അവർ ചിന്തിച്ചുള്ളൂ. ആനുകൂല്യങ്ങൾക്കുവേണ്ടി ഉത്തരവാദിത്വങ്ങളും കടമകളും മറക്കുന്നവർക്ക് ആനുകൂല്യങ്ങൾ മാത്രമല്ല, അവകാശങ്ങൾ പോലും നിഷേധിക്കപ്പെടും.

## 2. സാവൂളിന്റെ തിരഞ്ഞെടുപ്പും അഭിഷേകവും 9,1-10,27

രാജഭരണത്തെക്കുറിച്ച് തികച്ചും അനുഭാവപൂർണ്ണമായ ഒരു കാഴ്ചപ്പാടാണ് ഈ അധ്യായങ്ങളിൽ പ്രതിഫലിക്കുന്നത്. കർത്താവ് മുൻകൂട്ടി നിശ്ചയിക്കുകയും (9,15-17) അവിടുത്തെ നിർദ്ദേശപ്രകാരം സാമുവേൽ രാജാവായി അഭിഷേകം ചെയ്യുകയും (10,1) ജനത്തിന്റെ മുമ്പിൽ വച്ച് വീണ്ടും ദൈവഹിതം വെളിപ്പെടുത്തുന്ന നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുകയും (10,19-21) ജനം ഒന്നടങ്കം തങ്ങളുടെ രാജാവായി അംഗീകരിക്കുകയും (10,24) ചെയ്ത വ്യക്തിയാണ് സാവൂൾ. ഇസ്രായേലിലെ രാജവാഴ്ച ദൈവികപദ്ധതിയുടെ ഭാഗമാണെന്ന് ഏറ്റു പറയുന്നതിനോടൊപ്പം ഏറ്റം അനുയോജ്യനായ വ്യക്തിയാണ് രാജാവായി തിരഞ്ഞെടുക്കപ്പെട്ടത് എന്നും ഈ വിവരണത്തിലൂടെ വ്യക്തമാക്കുന്നു,

നഷ്ടപ്പെട്ട കഴുതയെ തേടിയിറങ്ങിയ യുവാവ് കിരീടം കണ്ടെത്തിയതിന്റെ കഥയായിട്ടാണ് രാജാവിന്റെ തിരഞ്ഞെടുപ്പു ചരിത്രം അവതരിപ്പിച്ചിരിക്കുന്നത്. രാജാവാകാൻ ഏറ്റവും യോഗ്യനായ വ്യക്തിയാണ് സാവൂൾ എന്ന് അദ്ദേഹത്തെക്കുറിച്ചുള്ള വിവരണങ്ങൾ ദ്യോതിപ്പിക്കുന്നു (9,1). മഹത്തായ ഒരു കുടുംബ പാരമ്പര്യം അയാൾക്കുണ്ട് (9,1). ഇസ്രായേലിലെ ഏറ്റവും ഉയരം കൂടിയവനും സുന്ദരനുമായിരുന്നു (9,2;10,23-24) എങ്കിലും വിനയാന്വിതനാണ് സാവൂൾ (9,21;10,22). രഹസ്യമായി അഭിഷേകം സ്വീകരിച്ചതിനുശേഷം മടക്കയാത്രയിൽ ആത്മാവിനാൽ നിറഞ്ഞ അയാൾ ഒരു പുതിയ മനുഷ്യനായി മാറി (10,9-10). സാമുവേൽ ഈ യാഥാർത്ഥ്യം അംഗീകരിക്കുകയും (9,19-27; 10,24) ജനം ആർപ്പുവിളികളോടെ സാവൂളിനെ രാജാവായി സ്വീകരിക്കുകയും ചെയ്തു. (10,24).



സാവൂളിനെ സംബന്ധിച്ചിടത്തോളം സാമുവേലുമായുള്ള കണ്ടുമുട്ടൽ തികച്ചും യാദൃശ്ചികമായിരുന്നു. കാണാതായ കഴുതയെക്കുറിച്ച് അറിയാൻ വേണ്ടി ഭൃത്യന്റെ ഉപദേശപ്രകാരമാണ് അയാൾ സാമുവേലിന്റെ സമീപത്തെത്തിയത്. ദൈവപുരുഷൻ, ദീർഘദർശി, പ്രവാചകൻ എന്നീ മൂന്നു വാക്കുകൾ സാമുവേലിന്റെ വിശേഷണമായി ഒരേ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (9,6-9). കാണുന്നവൻ എന്ന് അർത്ഥമുള്ള 'റോയ' എന്ന ഹീബ്രു വാക്കാണ് ദീർഘദർശി എന്നു വിവർത്തനം ചെയ്യുന്നത്. സാധാരണക്കാർക്ക് അജ്ഞാതമായ രഹസ്യങ്ങൾ അറിയാൻ പ്രത്യേക സിദ്ധി ലഭിച്ചിട്ടുള്ളവനാണ് ദീർഘദർശി. ഇപ്രകാരമുള്ള സിദ്ധന്മാർ എല്ലാ പുരാതന മതങ്ങളിലും ഉണ്ടായിരുന്നു. ഉപദേശം തേടുന്നവർ സിദ്ധന്മാർക്ക് കൂലികൊടുക്കുകയും പതിവായിരുന്നു. എന്നാൽ ഇസ്രായേലിൽ യഥാർത്ഥ പ്രവാചകത്വത്തിന്റെ ആവിർഭാവത്തോടെ ഇപ്രകാരം കൂലിക്കു പ്രവചിക്കുന്ന സിദ്ധന്മാർ അവജ്ഞാപാത്രങ്ങളായിത്തീർന്നു (ആമോസ് 7,12-14; മിക്കാ 3,5; ജറെ 6,13; എസെ 22,27-28).

തന്നെ കർത്താവ് സാമുവേലിന്റെ അടുക്കലേക്ക് അയക്കുകയായിരുന്നുവെന്ന് സാവൂൾ അറിഞ്ഞിരുന്നില്ല. എന്നാൽ കഴുതയെ തേടിയുള്ള സാവൂളിന്റെ യാത്രയും ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു. സാവൂളിനെക്കുറിച്ച് ദൈവം സാമുവേലിന് വെളിപ്പെടുത്തുന്ന കാര്യങ്ങൾ (9,16) മോശയുടെ വിളിയെ (പുറ 3,9-10) അനുസ്മരിപ്പിക്കുന്നു. ജനത്തിന്റെ കഷ്ടത കണ്ട് കരളലിഞ്ഞ കർത്താവ് അവർക്കു മോചനം നല്കാൻ വേണ്ടിയാണ് മോശയെ എന്നതുപോലെ സാവൂളിനെയും തിരഞ്ഞെടുക്കുന്നത്. അമ്മായിയപ്പന്റെ ആടുകളെ മേയിച്ചു നടന്ന മോശ ജനത്തിന്റെ വിമോചനായതുപോലെ പിതാവിന്റെ കഴുതകളെ തേടിയിറങ്ങിയ സാവൂൾ ജനത്തിന്റെ രക്ഷകനാകണം. "ഫിലിസ്ത്യരുടെ കരങ്ങളിൽ നിന്ന് അവന് അവരെ രക്ഷിക്കും" (9,16) എന്ന കർത്താവിന്റെ വാക്കുകൾ 8,20ൽ അവതരിപ്പിച്ച ജനത്തിന്റെ പ്രതീക്ഷകൾക്കുള്ള മറുപടിയാണ്.

സാമുവേലിന്റെ അഭിവാദനം (9,20), വിരുന്നിൽ സാവൂളിനു നല്കിയ പ്രഥമസ്ഥാനം, പ്രത്യേക ഭക്ഷണം, മട്ടുപ്പാവിൽ തയ്യാറാക്കിയ കിടപ്പുമുറി (9,22-25) മുതലായവ രാജാവിനു ലഭിക്കാൻ പോകുന്ന പ്രത്യേക പരിഗണനകളെ സൂചിപ്പിക്കുന്നു. "ദൈവത്തിന്റെ വചനം ഞാൻ നിന്നോടുപറയാം" (9,27) എന്ന വാഗ്ദാനം സാമുവേലിനെ കർത്താവിന്റെ പ്രവാചകനായും സാവൂളിനു ലഭിക്കാൻ പോകുന്ന രാജാഭിഷേകത്തെ

ദൈവഹിതമായും അവതരിപ്പിക്കുന്നു. രാജാവായി തിരഞ്ഞെടുക്കപ്പെടുന്നതിന്റെ ദൃശ്യമായ അടയാളമാണ് അഭിഷേകം (1 സാമു 16,13: 1 രാജാ 1,39). അതിന്റെ അർത്ഥം വിശദീകരിക്കുന്ന വാക്കുകൾ: "കർത്താവ് തന്റെ ജനത്തിന്റെ ഭരണാധികാരിയായി നിന്നെ അഭിഷേകിച്ചിരിക്കുന്നു. നീ അവിടുത്തെ ജനത്തെ ഭരിക്കുകയും എല്ലാ ശത്രുക്കളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യണം" (10,1) രാജാവിന്റെ കടമകൾ എന്തെന്ന് വ്യക്തമാക്കുന്നു. ജനം ആഗ്രഹിച്ചതും ഇതുതന്നെയാണ്.

തന്നെ രാജാവായി അഭിഷേകം ചെയ്തത് ദൈഹിതമനുസരിച്ചാണെന്ന് സാവൂളിനെ ബോധ്യപ്പെടുത്താൻ സാമുവേൽ അയാൾക്ക് മൂന്ന് അടയാളങ്ങൾ നല്കി. അവയെല്ലാം സാമുവേൽ പറഞ്ഞതുപോലെ സംഭവിക്കുകയും ചെയ്തു (10,2-10). അടയാളങ്ങൾ മൂന്നും സാവൂളിന്റെ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു. കഴുതകളെ കണ്ടുകിട്ടി എന്ന വാർത്ത സാവൂളിന്റെ ആകുലതയകറ്റുന്നു. അജ്ഞാതമായ ഭാവിയെക്കുറിച്ച് ആകുലതയോ ഉത്ക്കണ്ഠയോ വേണ്ടാ എന്ന് ഇതു സൂചിപ്പിക്കുന്നു. കർത്താവിന് ബലിയർപ്പിക്കാൻ കൊണ്ടുപോകുന്നതിൽ നിന്ന് രണ്ടപ്പം സാവൂളിനു നല്കുന്നതാണ് രണ്ടാമത്തെ അടയാളം. വിശപ്പടക്കാൻ അപ്പമോ, അപ്പം വാങ്ങാൻ പണമോ കൈവശമില്ലാതിരുന്ന സാവൂളിന് (9,7) ഭാവിയിൽ ആവശ്യമായതെല്ലാം കർത്താവുതന്നെ നല്കും എന്ന് ഈ അടയാളം ഉറപ്പുകൊടുക്കുന്നു. തന്റെ സ്വന്തം നഗരമായ ഗിബെയായിൽവച്ച് (9,5) കർത്താവിന്റെ ആത്മാവ് അയാളുടെമേൽ ആവസിക്കുന്നത് ശത്രുക്കളിൽ നിന്ന് ഇസ്രായേലിനെ മോചിപ്പിക്കാൻ കർത്താവുതന്നെ ശക്തി നല്കും എന്നു സൂചിപ്പിക്കുന്നു.

ദൈവാത്മാവിന്റെ ആവാസത്താൽ പുതിയ മനുഷ്യനായി മാറുന്ന സാവൂൾ ആത്മാവിന്റെ പ്രചോദനം അനുസരിച്ച് പ്രവർത്തിക്കണം (10,7). ഏഴു ദിവസം കാത്തിരിക്കാനുള്ള കല്പന (10,8) പലപ്പോഴും ആവർത്തിച്ചിരുന്നതായി കാണാം. (13,8). പ്രവാചകനിലൂടെ വെളിപ്പെടുന്ന ദൈവഹിതമനുസരിച്ചുവേണം രാജാവ് പ്രവർത്തിക്കാൻ. സ്വന്തം ഇഷ്ടപ്രകാരം തിടുക്കത്തിൽ ഒന്നും ചെയ്യാൻ ഒരുമ്പെടരുത്. രാജത്വത്തിന്റെ മൂക്കുകയറായി പ്രവാചകത്വം ഇവിടെ പ്രത്യക്ഷപ്പെടുന്നു.

വാദ്യമേളങ്ങളുടെ സഹായത്തോടെ ഉന്മാദാവസ്ഥയിൽ എത്തുകയും അരുളപ്പാടുകൾ നല്കുകയും ചെയ്യുന്ന പ്രവാചകഗണം (10,5.10) മിക്കവാറും എല്ലാ പുരാതന മതങ്ങളിലും നിലവിലിരുന്ന ഒരു പ്രതിഭാസമാണ്. നമ്മുടെ നാട്ടിൽ പ്രചാരത്തിലുള്ള 'വെളിച്ചപ്പാടന്മാർ'



ഇക്കൂട്ടത്തിൽപ്പെടും. ഉന്മാദാവസ്ഥയിൽ അവ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് 'അവനും അവരോടൊത്ത് പ്രവചിച്ചു' (10,10) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ജനങ്ങൾ വലിയ ആദരവോടെയല്ല ഇവരെ വീക്ഷിച്ചിരുന്നത്. "ആരാണ് അവരുടെ പിതാവ്?" (10,12) എന്ന ചോദ്യം അവരോടുള്ള അവജ്ഞ പ്രകടമാക്കുന്നു. സാവൂൾ അക്കൂട്ടത്തിൽ ചേർന്നത് നാട്ടുകാരിൽ വിസ്മയം ഉളവാക്കി. അരുതാത്ത കൂട്ടുകെട്ടിൽ പെടുകയും അപ്രതീക്ഷിതമായത് പ്രവർത്തിക്കുകയും ചെയ്യുന്നതിനെയാണ് "സാവൂളും പ്രവാചകനോ?" (10,12) എന്ന പഴഞ്ചൊല്ല് സൂചിപ്പിക്കുന്നത്. സാവൂൾ യഥാർത്ഥത്തിൽ പ്രവാചകനല്ല എന്നും ഇപ്പോഴത്തെ ഉന്മാദാവസ്ഥ താത്ക്കാലികം മാത്രമായിരുന്നു എന്നും പിന്നീടുള്ള വിവരണത്തിൽ നിന്നു വ്യക്തമാകും.

രാജാഭിഷേകത്തിനു ദൃക്സാക്ഷികളാകാൻ മിസ്പായിൽ വിളിച്ചുകൂട്ടിയ ജനത്തോട് രക്ഷാചരിത്രം വിവരിച്ചുകൊണ്ട് സാമുവേൽ നടത്തിയ പ്രസംഗത്തിൽ (10,17-19) രാജവാഴ്ചയെക്കുറിച്ച് വീണ്ടും നിഷേധാത്മകമായ കാഴ്ചപ്പാട് പ്രതിധ്വനിക്കുന്നു. 8-ാം അദ്ധ്യായത്തിൽ പ്രകടമായ സാമുവേലിന്റെ മനോഭാവത്തിന് മാറ്റം വന്നിട്ടില്ല. കർത്താവ് അംഗീകരിച്ചിട്ടുപോലും സാമുവേലിനു സ്വീകരിക്കാൻ പ്രയാസമുള്ള ഒരു സംവിധാനമായിരുന്നു രാജത്വം. തുടക്കം മുതലേ സാമുവേലിനുണ്ടായിരുന്ന ഈ പ്രതികൂല മനോഭാവം സാവൂളുമായുള്ള ബന്ധങ്ങൾക്കു മുകളിൽ കരിനിഴൽ പടർത്തി. അത് സാവൂളിന്റെ ജീവിതം ദുഷ്കരമാക്കി. "നമ്മെ രക്ഷിക്കുവാൻ ഇവനു സാധിക്കുമോ? (10,27) എന്ന ചോദ്യം എല്ലാവരും ഒരുപോലെ രാജാവിനെയും രാജഭരണത്തെയും അംഗീകരിച്ചില്ല എന്നു സൂചിപ്പിക്കുന്നു.

രാജാവാകാൻ തനിക്കു നറുക്കു വീണപ്പോൾ ഭാണ്ഡങ്ങൾക്കിടയിൽ ഒളിച്ചിരുന്ന സാവൂൾ (10,22) വിനയത്തിന്റെ മാതൃകയാണ്. രാജമഹത്വം അയാൾ ആഗ്രഹിച്ചില്ല; മറ്റുള്ളവരുടെമേൽ ആധിപത്യം അടിച്ചേല്പിക്കാൻ ശ്രമിച്ചതുമില്ല. രാജാഭിഷേകത്തിനുശേഷവും കാളപൂട്ടാൻ പോകുമ്പോൾ (11,5) സാവൂളിന്റെ സ്വഭാവസവിശേഷത കൂടുതൽ പ്രകടമാകുന്നു. രാജധർമ്മത്തെകുറിച്ചുള്ള സാമുവേലിന്റെ പ്രഭാഷണവും അവയുടെ ആലേഖനവും നിയ 17,14-20 ൽ നല്കിയിരിക്കുന്ന നിയമങ്ങളെ അനുസ്മരിപ്പിക്കുന്നു. എത്ര അപകടകരവും കൈകാര്യം ചെയ്യേണ്ടതുമാണ് രാജഭരണം എന്ന് ഈ താക്കീതുകളും മുൻകരുതലുകളും വ്യക്തമാക്കുന്നു.

**വിചിന്തനം:** വിശ്വാസിയെ സംബന്ധിച്ചിടത്തോളം യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ല. എല്ലാം ദൈവികപദ്ധതിയുടെ ഭാഗമാണ്. ജീവിതത്തിലെ ഏറ്റവും നിസാരവും അർത്ഥശൂന്യവുമായി തോന്നുന്ന സംഭവങ്ങൾ പോലും വലിയ വഴിത്തിരുവുകളാക്കി മാറ്റാൻ ദൈവത്തിനു കഴിയും. ഓരോ വ്യക്തിയെയും ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാനുള്ള ശക്തിയും അയാൾക്ക് ദൈവം തന്റെ ആത്മാവിലൂടെ നല്കുന്നു. ദൈവാത്മാവിന്റെ പ്രചോദനവും അനുസരിച്ച് ജീവിതവും പ്രവർത്തനവും ക്രമപ്പെടുത്താൻ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു.

### 3. രാജാവിന്റെ ആദ്യവിജയവും സ്ഥിരീകരണവും 11,1-15

മിസ്പായിലെ സമ്മേളനത്തിൽ വച്ച് ഇസ്രായേലിലെ ചിലർ സാവൂളിനെ രാജാവായി അംഗീകരിക്കാൻ വിസമ്മതിച്ചു. ജനത്തെ രക്ഷിക്കാൻ അയാൾക്കു സാധിക്കുമോ എന്ന സംശയമായിരുന്നു അതിനു കാരണം. കർത്താവ് രാജാവായി തിരഞ്ഞെടുത്തവൻ ഇസ്രായേൽ ജനത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കാൻ കഴിവുറ്റ നേതാവാണെന്ന് തെളിയിച്ച സംഭവമാണ് അടുത്തതായി വിവരിക്കുന്നത്. ആമ്മോൻ രാജാവായ നാഹാഷ് യാബെഷ്ഗിലയാദിൽ വാസമുറപ്പിച്ചിരുന്ന ഇസ്രായേൽക്കാർക്കെതിരേ ഉപരോധം ഏർപ്പെടുത്തിയതാണ് സാഹചര്യം. കീഴടങ്ങാൻ തയ്യാറായ നഗരവാസികളുടെ വലത്തുകണ്ണ് ചൂഴന്നെടുക്കും എന്ന് അയാൾ ഭീഷണിപ്പെടുത്തി. നഗരവാസികൾക്ക് ഏഴു ദിവസത്തെ അവധി ലഭിച്ചു.

അടുത്ത കാലത്ത് ചാവുകടൽ തീരത്തെ ഗുഹകളിൽ നിന്നു കണ്ടെത്തിയ സാമുവേലിന്റെ പുസ്തകച്ചുരുളിൽ ശ്രദ്ധേയമായൊരു വിവരണം കാണാം, ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ഹീബ്രു-ഗ്രീക്ക് പ്രതികളിൽ കാണാത്ത ഈ വിവരണം പഠനവിഷയമായ സാഹചര്യത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു. യാബെഷ്ഗിലയാദിന്റെ ഉപരോധം വിവരിക്കുന്നതിനു തൊട്ടുമുമ്പാണ് ശ്രദ്ധേയമായ ഈ വാക്യങ്ങൾ ചുരുളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

"അക്കാലത്ത് റൂബെൻ ഗാദ് ഗോത്രങ്ങളെ അമ്മോൻ രാജാവയ നാഹാഷ് കഠിനമായി പീഡിപ്പിച്ചു. അവരിൽ ഓരോരുത്തരുടെയും വലത്തുകണ്ണ് അവൻ ചൂഴന്നെടുത്തു. ഇസ്രാസേലിനെ രക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല. ജോർദ്ദാന് കിഴക്കുവസിച്ചിരുന്ന ഇസ്രായേലിൽ നാഹാഷ് വലത്തു കണ്ണ് ചൂഴന്നെടുക്കാത്തതായി ആരും ഉണ്ടായിരുന്നില്ല. എന്നാൽ



അവരിൽ ഏഴായിരം പേർ അമ്മോന്യരിൽ നിന്ന് ഒളിചോടി യാബെഷ് ഗിലയാദിൽ അഭയം പ്രാപിച്ചു."

ഈ വാക്യങ്ങൾ ബൈബിളിന്റെ ഭാഗമായി അംഗീകരിച്ചിട്ടില്ലെങ്കിലും യാബെഷ്ഗിലയാദുകാർ നേരിട്ട പ്രതിസന്ധിയുടെ കാഠിന്യം വ്യക്തമാക്കുന്നതാണ്. ക്രൂരതക്കു പേരുകേട്ടവരായിരുന്നു അമ്മോന്യർ (ആമോ 1,13-15). സാവൂളിന്റെ നഗരമായ ഗിബെയായും ഉപരോധിക്കപ്പെട്ട യാബെഷ് ഗിലയാദും തമ്മിലുള്ള ബന്ധം ന്യായാ. 21 ൽ പഠനവിഷയമാക്കിയതാണ് (ബൈ. തീ. 10, p.142).

രാജാഭിഷേകം കഴിഞ്ഞെങ്കിലും സാവൂളിന്റെ ജീവിതത്തിൽ കാര്യമായ മാറ്റമൊന്നും സംഭവിച്ചിരുന്നില്ല. വയലിൽ നിന്ന് കാളകളെയും കൊണ്ട് മടങ്ങിവരുമ്പോൾ യാബെഷ്ഗിലയാദിന്റെ ദുരവസ്ഥയെക്കുറിച്ച് അറിഞ്ഞ സാവൂളിൽ ദൈവത്തിന്റെ ആത്മാവ് ശക്തമായി ആവസിച്ചു. ഗിദയോൻ (ന്യായാ. 6,34), ജെഫ്താ (ന്യായാ. 11,29) സാംസൺ (ന്യായാ 15,14) തുടങ്ങിയ ന്യായാധിപന്മാരെപോലെ ഒരു വിമോചകനായിട്ടാണ് സാവൂൾ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. അനീതിക്കെതിരെയുള്ള ധാർമ്മികരോഷമാണ് സാവൂളിൽ ആളിക്കത്തിയ കോപം. കാളയെ വെട്ടിനുറുക്കി കൊടുത്തയച്ചുകൊണ്ട് ഇസ്രായേൽ ഗോത്രങ്ങൾക്കു നല്കിയ സന്ദേശം ന്യായാ 19,29 ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവത്തെ അനുസ്മരിപ്പിക്കുന്നു.

ജോർദ്ദാൻ നദിയുടെ യാബെഷ്ഗിലയാദിൽ നിന്ന് ഏകദേശം 16 കിലോമീറ്റർ അകലെയുള്ള ബസേക്ക് നഗരത്തിൽ ഇസ്രായേൽ സൈന്യം സമ്മേളിച്ചു. സൈന്യത്തിന്റെ സംഖ്യയിൽ അതിശയോക്തിയുണ്ട്. ഇസ്രായേൽ, യൂദാ എന്ന വിഭജനം സോളമന്റെ ഭരണത്തിനുശേഷം നിലവിൽ വന്ന സാഹചര്യത്തെ പ്രതിഫലിപ്പിക്കുന്നു. 'നാളെ ഞങ്ങൾ നിനക്കു കീഴടങ്ങാം' എന്ന് യാബെഷ്ഗിലയാദുകാർ നാഹാഷിനു നല്കുന്ന സന്ദേശത്തിന്റെ ഹീബ്രു മൂലം 'നാളെ ഞങ്ങൾ നിന്റെ അടുക്കലേക്ക് ഇറങ്ങിവരാം' എന്നാണ്. തങ്ങളുടെ ഉദ്ദേശ്യം കൗശലപൂർവ്വം ഒളിച്ചുവെക്കുന്നതാണ് ഈ പ്രയോഗം. സൈന്യത്തെ മൂന്നു ഗണമായി തിരിച്ചിട്ട് പുലർച്ചയ്ക്ക് മുമ്പേ ശത്രുപാളയത്തിൽ കടന്ന് ആക്രമിക്കുന്നതിലൂടെ സാവൂൾ തന്റെ യുദ്ധനൈപുണ്യം തെളിയിക്കുന്നു. തന്റെ നേതൃത്വത്തെ ചോദ്യം ചെയ്തവരെ കൊല്ലാൻ വിസമ്മതിക്കുമ്പോൾ സാവൂളിന്റെ ക്ഷമിക്കുന്ന സ്നേഹവും നയതന്ത്രചാതുരിയുമാണ്

വ്യക്തമാവുക. തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യത്തിന് എല്ലാതരത്തിലും താൻ അർഹനാണെന്ന് സാവൂൾ തെളിയിച്ചു. സാമുവേലിന്റെ നിർദ്ദേശ പ്രകാരം ജനം ഗിൽഗാലിൽ സമ്മേളിച്ച് സാവൂളിനെ രാജാവായി പ്രഖ്യാപിച്ചു. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ വാഗ്ദത്തഭൂമിയിൽ ആദ്യമായി പാളയമടിച്ച സ്ഥലമാണ് ഗിൽഗാൽ (ബൈ.തീ.10 p40).

**വിചിന്തനം:** അനീതിക്കും ആക്രമത്തിനും എതിരേയുള്ള ധാർമ്മിക രോഷം ദൈവാത്മാവിന്റെ ദാനമാണ്. നമുക്കു ചുറ്റും നടമാടുന്ന അഴിമതിയോടും അനീതിയോടും എപ്രകാരമാണ് നാം പ്രതികരിക്കുക? ധാർമ്മികരോഷം അനീതിയും അഴിമതിയും ഉന്മൂലനം ചെയ്യുന്ന ശക്തമായ പ്രവർത്തനങ്ങളിലേക്കു നയിക്കണം.

## 4. സാമുവേലിന്റെ വിടവാങ്ങൽ 12,1-25

രക്ഷാചരിത്രത്തിലെ നിർണ്ണായകമായൊരു മുഹൂർത്തമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം. ദീർഘകാലം ഇസ്രായേലിനെ നയിച്ച സാമുവേൽ നേതൃത്വം സാവൂളിനെ ഏല്പിക്കുന്നതോടെ ന്യായാധിപന്മാരുടെ കാലഘട്ടം അവസാനിച്ച് രാജവാഴ്ചയുടെ കാലം ആരംഭിക്കുന്നു. അധികാരം കൈമാറുന്നതിനു മുമ്പേ സാമുവേൽ ജനത്തെ മുഴുവൻ കർക്കശമായ ഒരു ആത്മശോധനയ്ക്ക് ക്ഷണിക്കുന്നു. രാജവാഴ്ചയെക്കുറിച്ച് നിഷേധാത്മകമായ നിലപാടാണ് ഈ അദ്ധ്യായത്തിലുള്ളത്. സ്ഥലകാലങ്ങളെക്കുറിച്ച് സൂചനയില്ലാത്തതിനാൽ കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച ഗിൽഗാൻ സമ്മേളനം തന്നെയാണ് ഈ വിടവാങ്ങലിന്റെ സാഹചര്യം എന്ന് അനുമാനിക്കാം.

നാളിതുവരെയുള്ള തന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ മുഴുവൻ ജനത്തെയും ആഹ്വാനം ചെയ്തുകൊണ്ടാണ് സാമുവേൽ പ്രഭാഷണം ആരംഭിക്കുന്നത് (12,15). തനിക്കെതിരേ ഉന്നയിക്കാനുള്ള ആരോപണങ്ങളുടെ പട്ടിക സാമുവേൽ തന്നെ നിരത്തുകയും അവയിൽ എല്ലാം താൻ കുറ്റമറ്റവനാണെന്ന് ദൈവത്തെയും രാജാവിനെയും സാക്ഷി നിർത്തി ജനത്തെകൊണ്ട് സമ്മതിപ്പിക്കുകയും ചെയ്യുമ്പോൾ വരാൻപോകുന്ന രാജാക്കന്മാരുടെ ഭരണത്തിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു തന്റെ ശൈലി എന്ന് സാമുവേൽ വ്യക്തമാക്കുന്നു. 'കർത്താവിന്റെ അഭിഷിക്തൻ' എന്ന് രാജാവിനെ വിശേഷിപ്പിച്ചിരിക്കുന്നു. ദൈവത്തോടൊപ്പം സത്യത്തിനു സാക്ഷി നില്ക്കാൻ മാത്രം ഉന്നതമായ സ്ഥാനമാണ് ഇവിടെ രാജാവിനു നല്കുന്നത്. കൈക്കൂലി വാങ്ങുകയോ, സ്വന്തമായി



സ്വത്ത് സമ്പാദിക്കുകയോ, ആർക്കെങ്കിലും നീതി നിഷേധിക്കുകയോ ചെയ്യാത്തവനാണ് സാമുവേൽ എന്ന് ജനം നല്കുന്ന സാക്ഷ്യം ഏതൊരു നേതാവിനും ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരവും മംഗളപത്രവുമാണ്.

തന്റെ കൈകൾ ശുദ്ധമാണെന്നു തെളിയിച്ചതിനുശേഷം ജനത്തിന്റെ അവിശ്വസ്തതയിലേക്ക് സാമുവേൽ ശ്രദ്ധതിരിക്കുന്നു. (12,6-15). ഈജിപ്തിൽ നിന്നുള്ള മോചനവും കാനാൻ ദേശത്തെ വാസവും ചുരുക്കമായി അവതരിപ്പിച്ചുകൊണ്ട് വിശ്വസ്തരും ശക്തരുമായ നേതാക്കന്മാരിലൂടെ കർത്താവ് എപ്രകാരം അവരെ നിരന്തരമായ് പരിപാലിച്ചു പോന്നുവെന്ന് ജനത്തെ അനുസ്മരിപ്പിക്കുന്നു. ന്യായാധിപന്മാരുടെ പട്ടികയിൽ അവസാനത്തേതായി സാമുവേലിന്റെ പേരും ചേർക്കുന്നതിലൂടെ (12,11) ഒരു കാലഘട്ടം അവസാനിക്കുകയാണ് എന്ന് സൂചിപ്പിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ അനുസരണക്കേടും വിഗ്രഹാരാധനയും വഴി ജനം ദൈവത്തെ പ്രകോപിപ്പിച്ചിരുന്നെങ്കിലും അവിടുന്ന് അവരോടു ക്ഷമിക്കുകയും ഒരു രാജാവിനെ കൂടാതെതന്നെ എന്നും അവരെ രക്ഷിക്കുകയും ചെയ്തിരുന്നു.

രാജാവിനു വേണ്ടി ജനം മുറവിളികൂട്ടിയതിന്റെ സാഹചര്യം 8-ാം അധ്യായത്തിൽ വ്യക്തമായിരുന്നില്ല. അമ്മോന്യരുടെ ആക്രമണമായിരുന്നു ആ മുറവിളിയുടെ പശ്ചാത്തലം എന്ന് ഇവിടെ (12,12) എടുത്തുപറയുന്നു. രാജാവിന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ച് 12,13ൽ സുപ്രധാനമായ രണ്ടു വ്യാഖ്യാനങ്ങൾ നല്കിയിരിക്കുന്നു. തങ്ങളുടെ ആവശ്യമനുസരിച്ച് ജനം തിരഞ്ഞെടുത്തതാണ് രാജാവ്; അതേ സമയം കർത്താവ് ജനത്തിനുവേണ്ടി വാഴിച്ചതുമാണ്. ജനത്തിന്റെ ആഗ്രഹവും സുദീർഘമായ പരിചിന്തങ്ങൾക്കുശേഷമുള്ള തീരുമാനവും കർത്താവിന്റെ തന്നെ തീരുമാനമാണ് എന്ന് ഏറ്റുപറയുന്നതാണ് ഈ പ്രസ്താവന.

കർത്താവ് അംഗീകരിച്ചതാണ് രാജവാഴ്ചയെങ്കിലും ഇസ്രായേലിന്റെ രാജാവ് ഇതര ജനങ്ങളുടെ രാജാക്കന്മാരപ്പോലെ സ്വേഛാധിപതിയാകരുത്. ഉടമ്പടിയുടെ പ്രമാണങ്ങൾക്ക് അയാൾ കീഴ്പ്പെട്ടിരിക്കും. ജനത്തെ നയിക്കാൻ കടപ്പെട്ട അയാൾ ജനത്തിന്റെ നിരന്തരമായ പരിശോധനയ്ക്കും പ്രവാചകന്മാരുടെ വിമർശനത്തിനും വിധേയനായിരിക്കും. കർത്താവ് "നിങ്ങൾക്കും നിങ്ങളുടെ രാജാവിനും എതിരായിരിക്കും" (12,15) എന്ന താക്കീത് അവിശ്വസ്തതയ്ക്ക് ലഭിക്കുന്ന ശിക്ഷയുടെ ഭീക

രത എടുത്തുകാട്ടുന്നു. 12,25ൽ ഈ ഭീഷണി പ്രവാസത്തിലേക്കു വിരൽ ചൂണ്ടിക്കൊണ്ട് കൂടുതൽ രൂക്ഷമായി അവതരിപ്പിച്ചിട്ടുണ്ട്.

രാജാവിനുവേണ്ടിയുള്ള അഭ്യർത്ഥന വലിയ വിശ്വാസത്യാഗത്തിന്റെ പ്രകടനമായിരുന്നു എന്നു തെളിയിക്കുന്നതാണ്, സാമുവേലിന്റെ പ്രാർത്ഥനപ്രകാരം വേനൽക്കാലത്തുണ്ടായ ഇടിയും മഴയും (12,16-18). സാമുവേലിന്റെ പ്രഭാഷണവും അടയാളവും ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചു. ജനം മനസ്തപിച്ച് തങ്ങളുടെ പാപം ഏറ്റുപറഞ്ഞു (12,19). യുദ്ധങ്ങൾ നയിക്കുക, നീതിപാലനം നടത്തുക മുതലായ ധർമ്മങ്ങൾ രാജാവിന് ഏല്പിച്ചു കൊടുത്തെങ്കിലും ജനത്തിനുവേണ്ടി കർത്താവിനു മുമ്പിൽ മാധ്യസ്ഥ്യം വഹിക്കുക, ജനത്തെ കർത്താവിന്റെ വചനം അറിയിക്കുക എന്നീ പ്രവാചകധർമ്മങ്ങൾ സാമുവേൽ തുടർന്നും നിർവ്വഹിക്കുന്നു (12,20-25). അഹങ്കാരികൾക്കു താക്കീതും അനുതപിക്കുന്നവർക്കു സാന്ത്വനവും ഹൃദയം തകർന്നവർക്കു പ്രത്യാശയും നല്കുന്നതാണ് പ്രവാചക വചനം. "രക്ഷിക്കാൻ കഴിവില്ലാത്തതും വ്യർത്ഥവുമായ കാര്യങ്ങൾ" എന്ന വിശേഷണം (12,21) വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. പൂർണ്ണഹൃദയത്തോടെ കർത്താവിനെ സേവിക്കാൻ ഉപദേശിച്ചും വഴിതെറ്റുമ്പോൾ നേർവഴി കാണിച്ചും കൊണ്ട് ജനത്തിന് ആത്മീയ നേതൃത്വം നല്കുന്ന സാമുവേൽ പ്രവാചകന്മാരുടെ മുൻപന്തിയിൽ നില്ക്കുന്നു. രാജത്വവും പ്രവാചകത്വവും തമ്മിലുള്ള സംഘർഷത്തിന്റെ തുടക്കം ഇവിടെ കാണാം.

**വിചിന്തനം:** യഥാർത്ഥമായ നേതൃത്വത്തിന്റെ ഉത്തമ മാതൃകയാണ് സാമുവേൽ. ജനപിന്തുണയ്ക്കും സ്വാർത്ഥലാഭങ്ങൾക്കും വേണ്ടി സത്യം മറച്ചുവയ്ക്കാനോ, നീതി വളച്ചൊടിക്കാനോ അയാൾ ശ്രമിച്ചില്ല. തന്റെ ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞു എന്നു മനസ്സിലായപ്പോൾ നേതൃത്വം മറ്റൊരുവനെ ഏല്പിച്ച് മാന്യതയോടെ ജോലിയിൽ നിന്നും വിരമിക്കാൻ തയ്യാറായി. "ജനസേവന"ത്തിലൂടെ സമ്പത്തും പ്രശസ്തിയും വർദ്ധിപ്പിക്കാൻ നോക്കുകയും, കാലം കഴിഞ്ഞിട്ടും അധികാരക്കസേരയിൽ അള്ളിപ്പിടിച്ചിരിക്കുകയും ചെയ്യുന്ന നേതാക്കന്മാർക്ക് സാമുവേലിന്റെ വിടവാങ്ങൽ പ്രസംഗം വലിയൊരു മാതൃകയും താക്കീതുമാണ്. അധികാരത്തിൽ നിന്നു വിരമിച്ചാലും താൻ നയിച്ച ജനത്തിനു വേണ്ടി പ്രാർത്ഥിക്കാനും അവർക്ക് നന്മയായത് ഉപദേശിച്ചുകൊടുക്കാനും നേതാക്കന്മാർ തയ്യാറായിരിക്കണം. ഇത് രാഷ്ട്രീയത്തിലും സഭയിലും മാത്രമല്ല, കുടുംബത്തിലും മറ്റ് എല്ലാ സമൂഹങ്ങളിലും പ്രാസക്തമത്രെ.



## 5. സാവൂളിന്റെ തിരസ്കരണം 13,1-15,35

സാവൂൾ സാമുവേലിൽ നിന്നും ദൈവത്തിൽ നിന്നും പടിപടിയായി അകലുകയും അവസാനം തിരസ്കൃതനാകുകയും ചെയ്തതിന്റെ ചരിത്രമാണ് ഈ മൂന്ന് അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. പ്രവാചകനിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതം അനുസരിച്ചാണ് രാജാവു പ്രവർത്തിക്കേണ്ടത് എന്ന ഇസ്രായേലിലെ രാജവാഴ്ചയെ സംബന്ധിച്ച തത്വം ലംഘിക്കുക വഴി രാജസ്ഥാനത്തിന് സാവൂളിനുള്ള അർഹത നഷ്ടപ്പെട്ടു. മാനുഷികമായ കാഴ്ചപ്പാടിൽ സാവൂൾ എന്തെങ്കിലും വലിയ തെറ്റ് ചെയ്തതായി പറയാനാവില്ല. എന്നാൽ ഇസ്രായേലിന്റെ യഥാർത്ഥ രാജാവ് കർത്താവാണെന്നും താൻ അവിടുത്തെ കൈകളിലെ വെറും ഉപകരണം മാത്രമാണെന്നും സാവൂളിനു ഗ്രഹിക്കാനോ അംഗീകരിക്കാനോ കഴിഞ്ഞില്ല എന്ന് രണ്ടു സംഭവങ്ങളുടെ വിവരണങ്ങൾ എടുത്തുകാട്ടുന്നു. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ സാവൂളിന്റെ വിശ്വാസവും അമലേക്യരുമായുള്ള യുദ്ധത്തിൽ അനുസരണവും പരീക്ഷണ വിധേയമായി. രണ്ടിലും അയാൾ പരാജയപ്പെട്ടു. തന്നെക്കാൾ കൂടുതൽ കർത്താവിന് സ്വീകാര്യനായ ഒരു വ്യക്തിയിലേക്ക് രാജത്വം കൈമാറ്റപ്പെട്ടിരിക്കുന്നു. എന്ന അറിവാണ് ഈ സംഭവങ്ങളുടെ ബാക്കിപത്രമായി സാവൂളിനു ലഭിക്കുന്നത്.

ഭരണം തുടങ്ങുമ്പോൾ രാജാവിന്റെ പ്രായം, അയാൾ ഭരിച്ച വർഷം എന്നിവയുടെ കണക്കുകൾ എല്ലാ രാജാക്കന്മാരെയുംക്കുറിച്ച് രാജാക്കന്മാരുടെ ചരിത്രത്തിൽ പൊതുവേ നല്കാറുണ്ട്. എന്നാൽ സാവൂളിനെ സംബന്ധിച്ച് ഈ വർഷങ്ങൾ എത്രയെന്ന് വ്യക്തമല്ല. രാജാവാകുമ്പോൾ സാവൂളിന് ഒരു വയസ് പ്രായമായിരുന്നു. അയാൾ രണ്ടു വർഷം ഇസ്രയേലനെ ഭരിച്ചു എന്നാണ് ഹീബ്രുമൂലം (13,1). എന്നാൽ ഇതു വസ്തുതകൾക്ക് നിരക്കാത്തതാകയാൽ കൈയെഴുത്തിൽ വന്ന പിശകായി പരിഗണിക്കപ്പെടുന്നു. രാജാവായതിനുശേഷം സാവൂൾ ആദ്യമേ ചെയ്തത് ഒരു സ്ഥിരം സൈന്യത്തെ സംഘടിപ്പിക്കുകയായിരുന്നു. മൂവായിരം എന്ന സംഖ്യ മൂന്നു ഗണങ്ങൾ എന്നു വിവർത്തനം ചെയ്യാം. ഒരു ഗണം ജോനാഥാന്റെയും രണ്ടു ഗണങ്ങൾ സാവൂളിന്റെയും ആധിപത്യത്തിൽ കീഴിലായിരുന്നു (13,2). തിടുക്കത്തിൽ വിളിച്ചുകൂട്ടിയ കൃഷീവലന്മാരുടെ ഈ സംഘത്തിനു വേണ്ടത്ര സൈനിക പരിശീലനമോ ആയുധങ്ങളോ ഉണ്ടാ

യിരുന്നില്ല. ഇരുമ്പിന്റെ കുത്തകാവകാശം ഫിലിസ്ത്യർ കൈയടക്കിയിരുന്നതിനാൽ സാവൂളിനും ജോനാഥാനും മാത്രമേ ഇരുമ്പായുധങ്ങൾ ഉണ്ടായിരുന്നുള്ളൂ (13,22).

ഫിലിസ്ത്യർ ഇസ്രായേലിന്റെമേൽ ആധിപത്യം സ്ഥാപിച്ചിരുന്ന സാഹചര്യത്തിലാണ് സാവൂൾ രാജഭരണം ഏറ്റെടുത്തത്. ഇസ്രായേലിന്റെ അതിർത്തിക്കുള്ളിൽ അവർക്ക് സൈനിക താവളങ്ങളുണ്ടായിരുന്നു. 13,3–5ൽ പരാമർശവിഷയമാകുന്ന ഹേബാ, ഗിബെയാ, മിക്മാഷ് എന്നീ പട്ടണങ്ങൾ ഏതാണ്ട് പത്തു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്നു. ഗേബായിലെ ഫിലിസ്ത്യരുടെ കാവൽപ്പടയെ ജോനാഥാൻ തോല്പിച്ചത് (13,3) വലിയൊരു പ്രതിസന്ധിക്കു കാരണമായി.

ദേശത്തു മുഴുവൻ കാഹളം മുഴക്കി സാവൂൾ ഇസ്രായേൽ ജനങ്ങളെ യുദ്ധത്തിന് ഗിൽഗാലിൽ ഒരുമിച്ചുകൂട്ടി. തേരും കുതിരയും കാലാളുമുൾപ്പെടെ വലിയൊരു സൈന്യവും അറ്റം മികച്ച ആയുധങ്ങളും ഉള്ള ഫിലിസ്ത്യ സൈന്യം അണിനിരന്നപ്പോൾ ഇസ്രായേൽക്കാരിൽ ഭൂരിഭാഗവും പലായനം ചെയ്തു. ശേഷിച്ചവരും തന്നെ വിട്ടുപോയേക്കും എന്നു സാവൂൾ ഭയന്നു. അതിനാൽ ഉടനെ യുദ്ധം തുടങ്ങുക. ആവശ്യമായിരുന്നു. പറഞ്ഞ സമയത്ത് സാമുവേൽ വരാതിരുന്നതിനാൽ, രൂക്ഷമായ പ്രതിസന്ധിയിൽ സാവൂൾ തന്നെ ബലിയർപ്പിച്ചു. എന്നാൽ ബലിയർപ്പണം കഴിഞ്ഞപ്പോൾ സ്ഥലത്തെത്തിയ സാമുവേൽ സാവൂളിന്റെ പ്രവൃത്തിയെ നിശിതമായി വിമർശിച്ചു. സാവൂളിന്റെ വിശദീകരണങ്ങളൊന്നും സ്വീകാര്യമായില്ല. (13,8–12).

മൂന്നു കുറ്റങ്ങളാണ് സാമുവേൽ സാവൂളിന്റെ മേൽ ആരോപിച്ചത്. 1. വിശ്വാസരാഹിത്യം: കർത്താവാണ് യുദ്ധം നയിക്കുകയും വിജയം നല്കുകയും ചെയ്യുന്നത് എന്നു വിശ്വസിച്ച്, അവിടുത്തെ സമയത്തിനായി കാത്തിരിക്കുന്നതിനുപകരം സ്വന്തം പദ്ധതികളിൽ ആശ്രയിച്ചു 2. അധികാര ദുർവിനയോഗം പൗരോഹിത്യം സാവൂളിനെ ഏല്പിച്ചിരുന്നില്ല. എന്നാൽ ബലിയർപ്പിക്കുകവഴി പുരോഹിതന്റെ അവകാശത്തിൽ കൈകടത്തി. 3. അനുസരണക്കേട്: സാമുവേലിന്റെ വാക്കനുസരിച്ച് കാത്തിരിക്കുന്നതിനു പകരം സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിച്ചു. കുറ്റാരോപണത്തിനുശേഷം ശിക്ഷാവിധി പ്രസ്താവിച്ചു. "കർത്താവിന്റെ കല്പന അനുസരിക്കുന്ന മറ്റൊരാളെ രാജാവാക്കാൻ കർത്താവ് തീരുമാനിച്ചു കഴിഞ്ഞു" (13,13–14). സാവൂളിനോടുള്ള സാമുവേലിന്റെ ഈ സമീപനം ന്യായീക



രിക്കാനാവാത്ത വിധം കർക്കശമായിത്തോന്നാം. തന്റെ ജനത്തെ ഭരിക്കുന്നവൻ കുറ്റമറ്റവനായിരിക്കണം എന്ന ദൈവത്തിന്റെ തിരുഹിതമാണ് ഇതിലൂടെ വെളിപ്പെടുന്നത്.

സാമുവേലിന്റെ ശകാരം കേട്ടു മനസ്സിടിഞ്ഞ സാവൂൾ ഗിൽഗാലിൽ നിന്ന് സൈന്യത്തിൽ അവശേഷിച്ച അറുനൂറു പടയാളികളുമായി, ജോനാഥാൻ പാളയമടച്ചിരുന്ന ഗേബായിലെത്തി (13,15–16). മിക്മാഷ് മലയിടുക്കിൽ വച്ച് ഫിലിസ്ത്യരുടെ കാവൽപടയുമായി ഏറ്റുമുട്ടിയ ജോനാഥാന്റെ സാഹസികതയിലൂടെ കർത്താവ് ഇസ്രായേൽക്കാർക്ക് വലിയൊരു വിജയം നല്കി (14,1–23). "ആള് ഏറിയാലും കുറഞ്ഞാലും കർത്താവിന് രക്ഷിക്കാൻ തടസ്സമില്ലല്ലോ" (4,6) എന്ന പ്രസ്താവന ജോനാഥാന്റെ വിശ്വാസവും കർത്താവിലുള്ള ആശ്രയബോധവും വ്യക്തമാക്കുന്നു. ഈ വിശ്വാസമാണ് ഫിലിസ്ത്യസൈന്യത്തിന്റെ മുന്നിൽ ഒറ്റയ്ക്ക് പ്രത്യക്ഷപ്പെടാൻ അയാൾക്കു ധൈര്യം പകർന്നതും യുദ്ധത്തിൽ വിജയം നല്കിയതും. ഒരാളുടെ ഉറച്ച വിശ്വാസവും സാഹസികതയും മൂലം ശത്രുസൈന്യത്തെ മുഴുവൻ കർത്താവ് പരിഭ്രാന്തരാക്കി ഭൂമികുലുക്കവും സൈന്യത്തിൽ പരന്ന സംഭ്രാന്തിയും (14,15) കർത്താവാണ് ശത്രുക്കളുടെ മേൽ വിജയം നല്കിയത് എന്നു സ്ഥാപിക്കുന്നു.

ജോനാഥാന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് സാവൂളിന്റെ സ്വഭാവവും പ്രവർത്തനങ്ങളും. ദൈവഭക്തനും ധീരനുമായ പടയാളിയായിരുന്നെങ്കിലും അവിവേകിയും എടുത്തുചാട്ടക്കാരനും ഒന്നിലും ഉറച്ചു നില്കാൻ കഴിയാത്തവനുമായിരുന്നു സാവൂൾ. ഫിലിസ്ത്യസൈന്യം ചിതറിപ്പായുന്നതു കണ്ടപ്പോൾ യുദ്ധത്തിന് ഇറങ്ങണമോ എന്ന് അറിയാൻ വേണ്ടി കർത്താവിന്റെ പേടകം കൊണ്ടുവരാൻ സാവൂൾ ആവശ്യപ്പെട്ടു. എന്നാൽ ഉടനെ തീരുമാനം മാറ്റി പടക്കളത്തിലേക്ക് പുറപ്പെട്ടു (14,18–20). യുദ്ധത്തിൽ കർത്താവിന്റെ സഹായം ഉറപ്പുവരുത്താൻ വേണ്ടി സന്ധ്യവരെ പടയാളികൾ ഭക്ഷണം കഴിക്കുകയില്ല എന്ന് ശപഥം ചെയ്യുകവഴി പടവെട്ടാനുള്ള കരുത്ത് നഷ്ടപ്പെടുത്തി (14,24–30). ശപഥം പാലിക്കാൻവേണ്ടി ജോനാഥാനെപ്പോലും വധിക്കാൻ സാവൂൾ തയ്യാറായി. ഈ തീരുമാനത്തെ ശക്തമായി എതിർത്ത പടയാളികൾക്കു മുമ്പിൽ തലകുനിക്കേണ്ടി വന്നു (14,39–46). അങ്ങനെ ജോനാഥാന്റെ വിശ്വാസം വഴി ദൈവം നല്കിയ വിജയം പൂർണ്ണമാകുന്നതിന് സാവൂളിന്റെ അവിവേകവും ചഞ്ചലചിത്തതയും വിഘാതമായിത്തീർന്നു.

14,47–48 ൽ നല്കിയിരിക്കുന്ന സംക്ഷിപ്ത വിവരണം സാവൂളിന്റെ രാജഭരണം വലിയ വിജയമായിരുന്നു എന്ന് ഏറ്റുപറയുന്നു. ചുറ്റുമുള്ള ശത്രുക്കളിൽ നിന്ന് ഇസ്രായേലിനെ രക്ഷിക്കാൻ അയാൾക്കു കഴിഞ്ഞു. ഓരോ രാജാവിന്റെയും ചരിത്രത്തിന്റെ ഉപസംഹാരമായിട്ടാണ് കുടുംബചരിത്ര സംഗ്രഹം ബൈബിളിൽ സാധാരണയായി അവതരിപ്പിക്കുന്നത്. 14,49–52ൽ ഇപ്രകാരം ഒരു സംഗ്രഹം നല്കുന്നതിലൂടെ സാവൂളിന്റെ രാജവാഴ്ച തത്വത്തിൽ ഇവിടെ അവസാനിച്ചു എന്ന സൂചനയാണ് വി.ഗ്രന്ഥകാരൻ നല്കുന്നത്.

രാജാവായി തുടരാനുള്ള അവകാശം സാവൂളിന് നഷ്ടപ്പെട്ട സംഭവത്തിലേക്ക് അടുത്തതായി ശ്രദ്ധതിരിക്കുന്നു. അമലേക്യരെ ഉന്മൂലനം ചെയ്യാൻ കർത്താവ് സാമുവേൽ വഴി സാവൂളിനോട് കല്പിച്ചു. ഈജിപ്തിൽ നിന്ന് പോന്നപ്പോൾ മരുഭൂമിയിൽ വച്ച് ക്ഷീണിച്ചു തളർന്ന ഇസ്രായേൽക്കാരെ പുറകിൽ നിന്ന് ആക്രമിച്ച കുറ്റത്തിന് അവരെ ഭൂമുഖത്തു നിന്ന് തുടച്ചുമാറ്റും എന്ന് കർത്താവ് പ്രതിജ്ഞ ചെയ്തിരുന്നു (പുറ 17,8–16; സംഖ്യ 24,20; നിയ 25,17–19). ഈ പ്രതിജ്ഞ നിറവേറ്റനാണ് സാവൂളിനോട് ആജ്ഞാപിച്ചത്.

കാനാൻദേശത്തിന്റെ തെക്ക് അറേബ്യാക്കും ഈജിപ്തിനും മധ്യേയുള്ള മരുഭൂമിയിൽ വസിച്ചിരുന്ന നാടോടികളായിരുന്നു അമലേക്യർ. ന്യായാധിപന്മാരുടെ കാലത്ത് അവർ മൊവാബു രാജാവായ എഗ്ലോന്റെ കൂടെ ഇസ്രായേലിനെ ആക്രമിക്കുകയുണ്ടായി (ന്യായാ 3,13). അമലേക്യർക്കെതിരെയുള്ള യുദ്ധം ഒരു 'വിശുദ്ധയുദ്ധമായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. അഗതികളെ ആക്രമിച്ചതിന്റെ പേരിൽ ദൈവത്തിന്റെ ശിക്ഷാവിധി നടപ്പിലാക്കുകയാണ് സാവൂളിനെ ഏല്പിച്ച ദൗത്യം. ഈ യുദ്ധത്തിൽ ശത്രുക്കളെ മുഴുവൻ, മനുഷ്യരും മൃഗങ്ങളും അടക്കം, ദൈവത്തിനു ബലിയായി അർപ്പിക്കണം. എന്തെങ്കിലും മാറ്റിവയ്ക്കുന്നതോ, സ്വന്തമായി എടുക്കുന്നതോ മരണശിക്ഷയർഹിക്കുന്ന കുറ്റമാണ് (ജോഷ്വാ 7).

യുദ്ധം ജയിച്ച സാവൂൾ അമലേക്യരുടെ രാജാവായ അഗാഗിനെയും കൊഴുത്ത മൃഗങ്ങളെയും ജീവനോടെ പിടിച്ചു കൊണ്ടുപോന്നു. അമലേക്യരെ പൂർണ്ണമായി ഉന്മൂലനം ചെയ്തില്ല എന്ന് പിന്നീടുള്ള ചരിത്രത്തിൽ നിന്ന് വ്യക്തമാകുന്നു. ദാവീദിന്റെ കാലത്ത് അവർ ഇസ്രായേൽക്കാർക്ക് നിരന്തരമായ ഒരു ഭീഷണിയായിരുന്നു (1 സാമു 27,8–9;



30,1–2) സാവൂളിന്റെ പ്രവൃത്തി വലിയ അനുസരണക്കേടായിരുന്നു. 'സാവൂളിനെ രാജാവാക്കിയതിൽ ഞാൻ ദുഃഖിക്കുന്നു' എന്ന കർത്താവിന്റെ സ്വഗതം (15,10) അയാളുടെ അവിശ്വസ്തതയുടെ കാഠിന്യം വെളിപ്പെടുത്തുന്നു. മാനുഷികമായ രീതിയിലാണ് വി.ഗ്രന്ഥകാരൻ കർത്താവിന്റെ പ്രതികരണത്തെ ഇവിടെ ചിത്രീകരിക്കുന്നത്. ഉൽപ 6,5–8 ൽ ഈ പ്രമേയം നാം പഠനവിഷയമാക്കിയതാണ്. (ബൈ.തീ 12p.106)

സാവൂളിന്റെ അനുസരണക്കേട് സാമുവേലിൽ ധാർമ്മികരോഷം ഉണർത്തി. എന്തിനുവേണ്ടിയാണ് സാമുവേൽ രാത്രി മുഴുവൻ കർത്താവിനോട് കരഞ്ഞപേക്ഷിച്ചത് എന്നു വി.ഗ്രന്ഥകാരൻ പറയുന്നില്ല (15,11). കർത്താവിന്റെ പക്കൽ സാവൂളിനുവേണ്ടി മാപ്പിരന്നതാവാം. ചെയ്ത തെറ്റിനെക്കുറിച്ച് ശകാരിക്കാനും വീണ്ടും നേർവഴിക്കു നയിക്കാനും വേണ്ടിയാവാം സാമുവേൽ അതിരാവിലെ എഴുന്നേറ്റ് സാവൂളിനെ തിരക്കി യാത്രയായത്. എന്നാൽ സാവൂളിന്റെ സ്വഭാവത്തിൽ കാതലായ മാറ്റം വന്നുകഴിഞ്ഞിരുന്നു.

തികച്ചും പ്രവാചകശൈലിയുള്ള സാമുവേലിന്റെ മറുപടി (15,22–23) അതിപാധാനമായ ഒരു പാഠം നൽകുന്നു. "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം" എന്ന പ്രഖ്യാപനം എന്നും പ്രസക്തമാണ്. ആചാരാനുഷ്ഠാനങ്ങളും നേർച്ചകാഴ്ചകളും വഴി കർത്താവിനെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. തന്റെ ഹിതം പൂർണ്ണമായി നടപ്പിലാക്കുന്ന അനുസരണമാണ് ദൈവം മനുഷ്യരിൽ നിന്നു പ്രതീക്ഷിക്കുന്നത്. "നീ കർത്താവിന്റെ വചനം തിരസ്കരിച്ചതിനാൽ ഇസ്രായേലിന്റെ രാജാവായിരിക്കുന്നതിൽ നിന്ന് നിന്നെയും അവിടുന്ന് തിരസ്കരിച്ചിരിക്കുന്നു" (15,26) എന്ന ശിക്ഷാവിധി തത്വത്തിൽ സാവൂളിന്റെ രാജവാഴ്ചയുടെ അന്ത്യം കുറിക്കുന്നു. സാവൂൾ തെറ്റു സമ്മതിച്ച് മാപ്പ് ചോദിച്ചെങ്കിലും (15,24–25) മാപ്പു ലഭിച്ചില്ല. സാവൂൾ പിടിച്ചപ്പോൾ കീറിയ സാമുവേലിന്റെ പുറങ്കുപ്പായം ഇസ്രായേലിന്റെ രാജത്വം സാവൂളിൽ നിന്നു കീറിമാറ്റി വേറൊരാൾക്ക് കൊടുക്കും എന്നതിന്റെ അടയാളമായിട്ടാണ് സാമുവേൽ വ്യാഖ്യാനിച്ചത് (15,27–29).

സാവൂളിന്റെ വിനീതമായ യാചനയെ മാനിച്ച് ജനപ്രമാണികളുടെ മുമ്പിൽ അയാളുടെ അഭിമാനം രക്ഷിക്കാൻ വേണ്ടിമാത്രം സാമുവേൽ അയാളോടൊന്നിച്ചു പോയി. സാവൂൾ ലംഘിച്ച കല്പന അമലേക്യരുടെ രാജാവിനെ വധിച്ചുകൊണ്ട് സാമുവേൽ പൂർത്തിയാക്കി. അതോടെ സാമു

വേലും സാവൂളും തമ്മിൽ എന്നേക്കുമായി വേർപിരിഞ്ഞു (15,32-35). പ്രവാചകന്റെ പിന്തുണയില്ലാത്ത സാവൂൾ ഏകനായി. സാമുവേലും കർത്താവും അയാളുടെ അവിശ്വസ്തതയിൽ ദുഃഖിച്ചു. അങ്ങനെ വിഷാദമൂകമായ ഒരു ചിത്രം വരച്ചുകാട്ടിക്കൊണ്ടാണ് സാവൂളിന്റെ രാജവാഴ്ചയുടെ ആദ്യഭാഗം അവസാനിക്കുന്നത്.

**വിചിന്തനം:** വലിയ ഉത്തരവാദിത്വം ഏല്പിക്കാൻ ആഗ്രഹിക്കുന്നവരെ കർത്താവ് വലിയ പരീക്ഷണങ്ങൾക്കു വിധേയമാക്കുന്നു. അടിപതറാത്ത വിശ്വാസവും ചോദ്യം ചെയ്യാത്ത അനുസരണയുമാണ് കർത്താവ് തന്റെ ദാസന്മാരിൽ നിന്നും ആവശ്യപ്പെടുന്നത്. നിരന്തരമായ ജാഗ്രത പാലിച്ചില്ലെങ്കിൽ ഈ രണ്ടു കാര്യത്തിലും വീഴ്ച സംഭവിക്കും എന്ന് സാവൂളിന്റെ അനുഭവം പഠിപ്പിക്കുന്നു. എത്രവലിയ സ്ഥാനം ലഭിച്ച വ്യക്തിയാണെങ്കിലും കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നില്ലെങ്കിൽ പുറന്തള്ളപ്പെടും. നേതാക്കന്മാരുടെ അവിശ്വസ്തത ജനത്തെ ദോഷകരമായി ബാധിക്കും. എന്നാൽ തന്റെ ജനം നശിച്ചുപോകാൻ ദൈവം അനുവദിക്കുകയില്ല. അവിശ്വസ്തരെ തിരസ്കരിച്ച് വിശ്വസ്തരായവരെ തിരഞ്ഞെടുക്കും.

## ചോദ്യങ്ങൾ

1. രാജവാഴ്ചയെ സംബന്ധിച്ച രണ്ടു വ്യത്യസ്ത കാഴ്ചപാടുകൾ ഈ അദ്ധ്യായങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. എന്താണ് ആ കാഴ്ചപാടുകൾ? ഏതെല്ലാം അദ്ധ്യായങ്ങളിലാണ് അവ ദൃശ്യമാകുന്നത്?
2. എന്തിനുവേണ്ടിയാണ് ഇസ്രായേൽ ജനം രാജാവിനെ വാഴിക്കാൻ ആവശ്യപ്പെട്ടത്?
3. രാജാവിനെ വാഴിക്കാൻ സാമുവേൽ വിസമ്മതിച്ചത് എന്തുകൊണ്ട്?
4. അഭിഷേകം സ്വീകരിച്ചതിനുശേഷം സാമുവേലിന്റെ അടുക്കൽ നിന്നു മടങ്ങിപ്പോയ സാവൂളിനു ലഭിച്ച മൂന്ന് അടയാളങ്ങളും അവയുടെ പ്രതീകാത്മകമായ അർത്ഥവും വിശദീകരിക്കുക
5. ''സാവൂളും പ്രവാചകനോ?'' എന്ന ചൊല്ലിന്റെ ഉത്തരവും അർത്ഥവും വ്യക്തമാക്കുക.
6. സാവൂൾ രാജാവായിത്തീർന്ന പ്രക്രിയയിൽ നാലു ഘടകങ്ങൾ കാണാം ഏവ? വിശദീകരിക്കുക.



7. സാമുവേലിന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് പഠിക്കാനുള്ളത്?
8. എന്തുകൊണ്ടാണ് കർത്താവ് സാവൂളിനെ രാജത്വത്തിൽ നിന്നു തിരസ്കരിച്ചത്?
9. 9-15 അദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്ന സാവൂളിന്റെ വ്യക്തിത്വം അപഗ്രഥിക്കുക.
10. സാമുവേലും സാവൂളും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

**ചർച്ചയ്ക്ക്:** 'അനുസരണം ബലിയേക്കാൽ ശ്രേഷ്ഠം' എന്ന പ്രസ്താവന നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

**പ്രാർത്ഥന:** 'ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ. എത്ര വലിയ പ്രതിസന്ധിയിലും അങ്ങിൽ ഉറച്ചു വിശ്വസിക്കാൻ എനിക്കു ശക്തി നൽകണമേ. അങ്ങയുടെ വചനം പൂർണ്ണമായി അനുസരിക്കാൻ എന്നെ പ്രാപ്തനാക്കണമേ."

******************

# 3. സാവൂളും ദാവീദും
## 1 സാമുവേൽ 16-31; 1 ദിന 1-10

പാളിപ്പോയ ഒരു പരീക്ഷണമായിരുന്ന സാവൂളിന്റെ രാജാഭിഷേകവും ഭരണവും അയാളെ അഭിഷേകം ചെയ്തതിനെ ഓർത്ത് സാമുവേൽ വിലപിച്ചു: രാജാവായി തിരഞ്ഞെടുത്തതിൽ കർത്താവ് ദുഃഖിച്ചു (1 സാമു 15,35) എന്ന വിലയിരുത്തൽ ഈ ദുഃഖസത്യത്തെ സൂചിപ്പിക്കുന്നു. ഒരു പരീക്ഷണം പരാജയപ്പെട്ടെങ്കിലും ദൈവം തന്റെ ജനത്തെ കൈവിടുകയോ തുടങ്ങിവച്ച രാജവാഴ്ച അവസാനിപ്പിക്കുകയോ ചെയ്യുന്നില്ല.

അവിശ്വസ്തതയുടെ പേരിൽ പുറന്തള്ളപ്പെട്ട ഏലികുടുംബത്തിനുപകരം സാമുവേലിനെ തിരഞ്ഞെടുത്തതുപോലെ, സാവൂളിനെ തിരസ്കരിച്ച കർത്താവ് തൽസ്ഥാനത്ത് വിശ്വസ്തനായ ദാവീദിനെ തിരഞ്ഞെടുത്ത് രാജാവായി അഭിഷേകം ചെയ്തു. തിരസ്കൃതരായെങ്കിലും ഏലിയും പുത്രന്മാരും കുറേക്കാലത്തേക്ക് പുരോഹിതവൃത്തിയിൽ തുടർന്നതുപോലെ, പുറന്തള്ളപ്പെട്ട സാവൂളും കുറേക്കാലത്തേക്ക് രാജാവായി തുടർന്നു. അടുത്ത പതിനാറ് അദ്ധ്യായങ്ങളിൽ സാവൂളിന്റെയും ദാവീദിന്റെയും ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നു.

സാവൂളിന്റെ അടിയ്ക്കടിയുള്ള പരാജയവും ദാവീദിന്റെ പടിപടിയായുള്ള ഉയർച്ചയുമാണ് 1 സാമു 16-31ലെ പ്രതിപാദ്യം. ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ പറ്റാത്ത വിധം മനസ്സിന്റെ സമനില തെറ്റിയ ഒരു ഹതഭാഗ്യനായിട്ടാണ് സാവൂൾ ഈ അദ്ധ്യായങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. രാജവാഴ്ചയുടെ ആദ്യവർഷങ്ങളിൽ ചുറ്റുമുള്ള ശത്രുക്കൾക്കെതിരെ അനേകം വിജയം നേടിയ സാവൂൾ ദാവീദിന്റെ രംഗപ്രവേശത്തോടെ അസൂയാകലുഷിതനായി. അംഗരക്ഷകനും സർവ്വസൈന്യാധിപനുമായി താൻ നിയമിച്ച ദാവീദിന്റെ ധീരതയും പ്രശസ്തിയും തനിക്കും തന്റെ കുടുംബത്തിനും ഒരു ഭീഷണിയായിട്ടാണ് സാവൂൾ കണ്ടത്. ദാവീദിനെ ചതിയിൽ കൊല്ലാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതോടെ സാവൂളിന്റെ അസൂയ ഭയമായിത്തീർന്നു. ഏതു വിധേനയും ദാവീദിനെ ഉന്മൂലനം ചെയ്യുക തന്റെ നിലനില്പിന് ആവശ്യമാണെന്നു കരുതിയ സാവൂൾ ചുറ്റുപാടുമുള്ള ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യുന്നതിനു പകരം അവനെ വേട്ടയാടുന്നതിൽ സകല ശ്രദ്ധയും കേന്ദ്രീകരിച്ചു. ഈ ശ്രമത്തിനിടയിൽ സ്വന്തം പുത്രൻപോലും സാവൂളിനെതിരെ തിരിഞ്ഞു.

ദാവീദിനുസഹായം നല്കിയെന്ന ആരോപണം ഉന്നയിച്ച് നോബിലെ പുരോഹിതന്മാരെ ഒന്നടങ്കം കൊന്നൊടുക്കിയത് ജനവികാരത്തെ തനിക്കെതിരെ തിരിക്കാൻ മാത്രമേ പര്യാപ്തമായുള്ളൂ. അവസാനം ഫിലിസ്ത്യരുമായി ഏറ്റുമുട്ടേണ്ട നിർണ്ണായക മുഹൂർത്തത്തിൽ സകലരാലും പരിത്യക്തനായ ഒരു ദുരന്തകഥാനായകനായിട്ടാണ് സാവൂൾ പ്രത്യക്ഷപ്പെടുന്നത്. സൈന്യം ഭയചകിതമായി; ദൈവം ഉത്തരം നല്കിയില്ല; പാതാളത്തിൽ നിന്നു വിളിച്ചുവരുത്തിയ സാമുവേലിന്റെ പ്രേതം ശാപവർഷം ചൊരിഞ്ഞു. ഇടിഞ്ഞ മനസ്സോടെ സുനിശ്ചിതമായ പരാജയത്തെ മുമ്പിൽ കണ്ടുകൊണ്ട് പടക്കളത്തിലിറങ്ങി മാരകമായ മുറിവേറ്റ സാവൂൾ സ്വന്തം വാളിൽ വീണ് ജീവനൊടുക്കി.

സാവൂളിന്റേതിനു കടക വിരുദ്ധമാണ് ദാവീദിന്റെ ചിത്രം. ആട്ടിടയനായിരിക്കുമ്പോൾ രാജാഭിഷേകം സ്വീകരിച്ച ദാവീദ് സാവൂളിന്റെ വിശ്വസ്ത സേവകനും സൈന്യാധിപനുമായി വർത്തിച്ചു. പലവട്ടം തന്നെ കൊല്ലാൻ ശ്രമിക്കുകയും നിരന്തരം വേട്ടയാടുകയും ചെയ്ത സാവൂളിനെതിരെ കൈ ഉയർത്താനോ, ഒരു പരുഷവാക്ക് പറയാനോ അയാൾ തയ്യാറായില്ല. നിഷ്പ്രയാസം കൊല്ലാൻ സാധിക്കുന്ന വിധത്തിൽ രണ്ടു തവണ സാവൂളിനെ കൈയിൽ കിട്ടിയിട്ടും നിരുപാധികം പിന്മാറുകമാത്രമാണു ചെയ്തത്. എന്തെല്ലാം വീഴ്ചകളും കുറ്റങ്ങളും ഉണ്ടെങ്കിലും സാവൂൾ കർത്താവിന്റെ അഭിഷിക്തനും, അതിനാഷിത്തന്നെ ആദരവിനും സംരക്ഷണത്തിനും അർഹനുമാണെന്ന ബോധ്യം ദാവീദിൽ രൂഢമൂലമായിരുന്നു.

സ്വന്തം ജീവൻ അപകടത്തിലായിരിക്കുമ്പോഴും തന്റെ അടുക്കൽ അഭയം തേടുന്നവർക്ക് സംരക്ഷണം നല്കാൻ അയാൾ ശ്രമിച്ചു. സ്വന്തം നാട്ടിൽ നിന്നു പുറന്തള്ളപ്പെട്ടിട്ടും സ്വന്തം ജനത്തിനു സംരക്ഷണം നല്കാൻ വേണ്ടിയുള്ള യുദ്ധങ്ങളിൽ ഏർപ്പെട്ടു. മരുഭൂമിയിലും വനാന്തരങ്ങളിലും വിദേശത്തും അലഞ്ഞുനടന്ന ദാവീദ് ആ കാലഘട്ടത്തിൽ ശക്തമായൊരു സൈന്യത്തെ സംഘടിപ്പിച്ചു. ജീവൻ രക്ഷിക്കാൻ വേണ്ടി പലായനം ചെയ്യാൻ നിർബന്ധിതരായവരായിരുന്നു അവരിൽ അധികപങ്കും. ദാവീദിന്റെ ഓരോ തീരുമാനവും ഓരോ വിജയവും അനുയായികളുടെ മാത്രമല്ല, ശത്രുക്കളുടെ പോലും പ്രശംസ പിടിച്ചു പറ്റുന്നതായി

രുന്നു. ഗിൽബോവാക്കുന്നിൽ സാവൂളും പുത്രന്മാരും മരിച്ചുവീഴുകയും ഇസ്രായേൽ ജനം നേതാവില്ലാതെ ചിതറിപ്പോവുകയും ചെയ്തപ്പോൾ നേതൃത്വം ഏറ്റെടുത്ത് ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ഒരുമിച്ച് നയിക്കാൻ മാത്രം അനുഭവത്തിലും ശക്തിയിലും ജനസമ്മതിയിലും ദാവീദ് വളർന്നുകഴിഞ്ഞിരുന്നു. രാജാവിനോടുള്ള ദാവീദിന്റെ സമീപനം രാജത്വത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ വലിയ ആദരവുണ്ടാക്കാൻ സഹായിച്ചു.

കർത്താവ് കൂടെ ഉണ്ടായിരുന്നതാണ് ദാവീദിന്റെ സകല വിജയങ്ങൾക്കും കാരണം (16,18;17,37;18,12.14;20,13). എല്ലാ സാഹചര്യങ്ങളിലും കർത്താവിന്റെ ഹിതം തേടുകയും അതനുസരിച്ചു മാത്രം പ്രവർത്തിക്കുകയും ചെയ്യാൻ ദാവീദ് പ്രത്യേകം ശ്രദ്ധിച്ചു. പ്രതിസന്ധിയിൽ പ്രാർത്ഥനയുമായി കർത്താവിന്റെ അടുക്കലേക്കാണ് സഹായത്തിനായി തിരിഞ്ഞത്. ഇപ്രകാരമുള്ള അനേകം പ്രാർത്ഥനകൾ സങ്കീർത്തനങ്ങളായി നമുക്കു ലഭിച്ചിട്ടുണ്ട്. (ദാവീദിന്റെ വ്യത്യസ്ത ജീവിത സാഹചര്യങ്ങളുമായി തല വാചകങ്ങളിലൂടെ ബന്ധപ്പെടുത്തിയിരിക്കുന്ന സങ്കീർത്തനങ്ങൾ അതതു സ്ഥലത്തുകൊടുത്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ദാവീദുതന്നെ രചിച്ചതാണോ എന്ന കാര്യത്തിൽ ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും തർക്കമുണ്ട്.)

കർത്താവ് വിട്ടുപോയത് സാവൂളിന്റെ പരാജയത്തിനു കാരണമായി. നിസ്സാരമെന്ന് തോന്നാവുന്ന കാര്യങ്ങളിൽ തുടങ്ങിയ അവിശ്വസ്തത അവസാനം സാവൂളിനെ അന്ധനും അക്രമിയും മാനസിക രോഗിയുമാക്കി ദയനീയമായ പരാജയത്തിലേക്കും ദാരുണമായ മരണത്തിലേക്കും നയിച്ചപ്പോൾ, എല്ലാകാര്യങ്ങളിലും കർത്താവിനോടും, രാജാവിനോടും ജനത്തോടും പരിപൂർണ്ണമായ വിശ്വസ്തത പാലിച്ച ദാവീദ് രക്ഷാചരിത്രത്തിൽ അതിപ്രധാനമായൊരു സ്ഥാനത്തിന് അർഹനായി.

സാവൂളിന്റെയും ദാവീദിന്റെയും ചരിത്രം വിവരിക്കുന്ന ഈ അദ്ധ്യായങ്ങളിൽ ചില അവ്യക്തതകളും വൈരുദ്ധ്യങ്ങളും ആവർത്തനങ്ങളും കാണാം. ഉദാഹരണത്തിന്, രാജാഭിഷേകം 16,12-13 ൽ വിവരിക്കുന്നെങ്കിലും തുടർന്നുള്ള വിവരണങ്ങളിൽ ഈ സംഭവത്തെക്കുറിച്ച് യാതൊരു സൂചനയും നല്കുന്നില്ല. വീണ്ടും രണ്ടുതവണ രാജാഭിഷേകം ആവർത്തിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. (2 സാമു 2,4; 5,3). ദാവീദ് സാവൂളിന്റെ സേവനത്തിൽ പ്രവേശിച്ചതിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങൾ നല്കിയിരിക്കുന്നു. കിന്നരം വായിച്ച് സാവൂളിന് ആശ്വാസം നല്കാൻവേണ്ടി ദാവീദിനെ കൊട്ടാരത്തിലേയ്ക്ക് കൊണ്ടുവന്നു എന്ന്



16,14-32ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഗോലിയാത്തിന്റെ വധം വിവരിക്കുന്ന അദ്ധ്യായത്തിൽ തികച്ചും അപരിചിതനായിട്ടാണ് ദാവീദ് സാവൂളിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത് (17,58). ഈ വിവരണം തന്നെ ഇതിനു തൊട്ടുമുമ്പുള്ള പ്രതിപാദനവുമായി (17,31-39) പൊരുത്തപ്പെടുന്നില്ല. ദാവീദിനെ വധിക്കാനായി സാവൂൾ കുന്തം എറിഞ്ഞതിന്റെ രണ്ടു വിവരണം (18,10-11;19,9-10) ഒരേ വിധത്തിൽ നല്കിയിരിക്കുന്നു. ജോനാഥാനെ വധിക്കാനായി ഇതേ മാർഗ്ഗം സാവൂൾ പ്രയോഗിച്ചതായി വീണ്ടും വിവരിക്കുന്നു (20,33). ദാവീദ് സാവൂളിനെ കൊല്ലാതെ വിട്ടതിന്റെ വിവരണവും രണ്ടു തവണ ആവർത്തിക്കുന്നുണ്ട് (24,4-7;26,8-12).

ഇസ്രായേൽ ചരിത്രത്തിലെ ഏറ്റവും പ്രശസ്തനും ശക്തനും ദൈവത്തിനു പ്രിയങ്കരനുമായ ദാവീദിന്റെ ആരംഭകാലത്തെക്കുറിച്ച് പല വിവരണങ്ങൾ പ്രചാരത്തിൽ വരുക തികച്ചും സ്വാഭാവികമത്രേ. രക്ഷാചരിത്രത്തിൽ ദാവീദിനുള്ള പ്രാധാന്യത്തെ പരിഗണിച്ച് ഈ വിവരണങ്ങളിൽ ഒന്നുപോലും നഷ്ടപ്പെടാതെ കോർത്തിണക്കി അവതരിപ്പിച്ചതിനാലാവാം വൈരുദ്ധ്യങ്ങളും ആവർത്തനങ്ങളും പ്രത്യക്ഷപ്പെടുന്നത്.

സാവൂളിന്റെയും ദാവീദിന്റെയും വ്യത്യസ്തങ്ങളായ സ്വഭാവ സവിശേഷതകളും സമീപനരീതികളും വിശദമായി പ്രതിപാദിക്കുന്നതിനിടയിൽ ഒരു ഉപകഥയെന്നപോലെ ദാവീദും ജോനാഥാനും തമ്മിലുള്ള ബന്ധം അവതരിപ്പിച്ചിരിക്കുന്നു. സാഹോദര്യത്തിന്റെ ഉത്തമ മാതൃകയാണ് ഈ സ്നേഹബന്ധം. ന്യായമായും തനിക്കു ലഭിക്കേണ്ട രാജത്വം ദാവീദിലേക്ക് വഴി മാറിപ്പോകും എന്നു മനസ്സിലാക്കിയ ജോനാഥാനിൽ അസൂയയുടെയോ വിദ്വേഷത്തിന്റെയോ ലാഞ്ഛന പോലുമില്ല. മറിച്ച്, സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുതന്നെ ദാവീദിനെ സഹായിക്കാനും തന്റെ പിതാവിൽ നിന്ന് രക്ഷിക്കാനും അയാൾ തയ്യാറാകുന്നു. ധീരസാഹസികതയുടെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും മകുടോദാഹരണമാണ് ജോനാഥാൻ.

സാവൂളും ദാവീദും തമ്മിലുള്ള ബന്ധത്തിൽ നാലു ഘട്ടങ്ങൾ ദൃശ്യമാണ്. ആദ്യഘട്ടത്തിൽ (16-17) പരസ്പര സ്നേഹവും വിശ്വാസവും ആദരവും നിറഞ്ഞു നില്ക്കുന്നു. സമർത്ഥ ഗായകനും ധീരയോദ്ധാവുമായ ദാവീദ് സാവൂളിന്റെ അംഗരക്ഷകനും സേനാനായകനുമായി സേവനം അനുഷ്ഠിക്കുന്നു. അടുത്ത ഘട്ടത്തിൽ (18-20) അസൂയാകലുഷിതനായ സാവൂൾ ദാവീദിനെ വധിക്കാൻ ശ്രമിക്കുന്നു. ഒളിച്ചോടുന്ന ദാവീദിന്റെയും പിന്തുടരുന്ന സാവൂളിന്റെയും ചിത്രമാണ് മൂന്നാം ഘട്ടത്തിൽ (21-26) അവതരിപ്പിക്കുന്നത്. അവസാനഘട്ടത്തിൽ (27-31) ഇരു

വരും താന്താങ്ങളുടെ വഴിയേ, പോകുന്നു. സാവൂൾ മരണത്തിലേക്കും ദാവീദ് വിജയത്തിലേക്കും സാവൂളിന്റെ മരണത്തെക്കുറിച്ച് 1 ദിന. 10ലും വിവരിച്ചിട്ടുണ്ട്.

## 1. ദാവീദ് സാവൂളിന്റെ സൈന്യാധിപൻ 16,1-18,5

ആട്ടിടയനായിരുന്ന ദാവീദ് ഇസ്രായേൽ ജനത്തിന്റെ മുഴുവൻ സ്നേഹവും ആദരവും പിടിച്ചുപറ്റുന്ന സൈന്യാധിപനായി വളർന്നതിന്റെ ചരിത്രം ഈ അദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്നു.

### a. ദാവീദിന്റെ അഭിഷേകം 16,1-13

ദാവീദ് രാജാഭിഷേകം സ്വീകരിക്കുകയും സാവൂളിന്റെ ഗായകനും അംഗരക്ഷകനുമായി സേവനം ആരംഭിക്കുകയും ചെയ്തതിന്റെ വിവരണങ്ങൾ ഉൾക്കൊള്ളുന്ന 16-ാം അധ്യായം; 31 അധ്യായങ്ങളുള്ള സാമുവേലിന്റെ ഒന്നാം പുസ്തകത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നു. രാജാഭിഷേകത്തെതുടർന്ന് കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ആവസിക്കുമ്പോൾ സാവൂളിൽ നിന്ന് കർത്താവിന്റെ ആത്മാവ് വിട്ടുപോവുകയും തൽസ്ഥാനത്ത് ദുരാത്മാവ് പ്രവേശിക്കുകയും ചെയ്യുന്നത്, ദാവീദ് സാവൂളിന്റെ സ്ഥാനം ഏറ്റെടുക്കാൻ പോകുന്നതിനെ സൂചിപ്പിക്കുന്നു. കർത്താവിന്റെ ആത്മാവിനെക്കുറിച്ചുള്ള പരാമൽശങ്ങൾ (16,13-4) 16,1-12, 15-23ൽ വിവരിക്കുന്ന രണ്ട് സംഭവങ്ങളെ പരസ്പരം ബന്ധിപ്പിച്ച് ഒറ്റ യൂണിറ്റായി അവതരിപ്പിക്കുന്നു.

അവിശ്വസ്തതയുടെ പേരിൽ തിരസ്കൃതനായ സാവൂളിനുപകരം ബേത്‌ലെഹെംകാരനായ ജെസ്സെയുടെ പുത്രന്മാരിൽ ഒരുവനെ രാജാവായി അഭിഷേചിക്കാൻ സാമുവേലിനോട് കർത്താവ് ആജ്ഞാപിക്കുന്നതോടെ (16,1) ഇസ്രായേലിലെ രാജവാഴ്ചയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം ആരംഭിക്കുന്നു. സാമുവേലും സാവൂളും തമ്മിലുള്ള ബന്ധത്തിൽ ഇതുവരെ പ്രകടമാകാതിരുന്ന ചില മാനങ്ങൾ ഈ വിവരണത്തിൽ വ്യക്തമാകുന്നുണ്ട്. സാമുവേൽ സാവൂളിനെ ഗാഢമായി സ്നേഹിച്ചിരുന്നു എന്ന് വ്യക്തമാക്കുന്നതാണ് അയാളെ ഓർത്തുള്ള സാമുവേലിന്റെ വിലാപം. സാമുവേൽ സാവൂളിനെ ഭയപ്പെട്ടിരുന്നു എന്നും ഇവിടെ എടുത്തുപറയുന്നു (16,2). കർത്താവു തിരസ്കരിച്ചതിനാൽ തത്വത്തിൽ സാവൂളിന് രാജസ്ഥാനം നഷ്ടപ്പെട്ടെങ്കിലും പ്രയോഗത്തിൽ അയാൾക്ക് രാജാവിന്റെതായ എല്ലാസ്ഥാനങ്ങളും ഉണ്ടായിരുന്നു എന്നും ഇവിടെ സൂചിപ്പിക്കുന്നു.



ദാവീദിനെ രാജാവായി അഭിഷേകം ചെയ്തതിന്റെ വിവരണത്തിന് സാവൂളിന്റെ രാജാഭിഷേകവുമായി സാമ്യമുണ്ട്. ഒരു ബലിയർപ്പണത്തിന്റെ പശ്ചാത്തലത്തിലാണ് രണ്ട് അഭിഷേകങ്ങളും നടക്കുന്നത്. പിതാവിന്റെ കഴുതകളെ അന്വേഷിച്ചിറങ്ങിയ സാവൂളാണ് സാമുവേലിന്റെ അടുക്കൽ എത്തിയത്. ദാവീദാകട്ടെ പിതാവിന്റെ ആടുകളെ മേയ്ക്കുകയായിരുന്നു. ഇരുവരും ജനശ്രദ്ധ പിടിച്ചു പറ്റാൻമാത്രം അഴകും കരുത്തും ഉള്ളവരായിരുന്നു. അഭിഷേകത്തെ തുടർന്ന് ഇരുവരിലും കർത്താവിന്റെ ആത്മാവ് ആവസിച്ചു. അഭിഷേകം കഴിഞ്ഞ് കുറേക്കാലത്തിനുശേഷമാണ് ഇരുവരും രാജാക്കന്മാരായി അംഗീകരിക്കപ്പെടുന്നത്.

ഇരുവരുടെയും അഭിഷേകങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുമുണ്ട്. സാവൂളിനെ രഹസ്യമായിട്ടാണ് അഭിഷേകം ചെയ്തത്. എന്നാൽ ദാവീദിനെ അവന്റെ സഹോദരന്മാരുടെ മുമ്പിൽ വെച്ച് അഭിഷേകം ചെയ്യുന്നു. ദാവീദിനെ രാജാവായി വാഴിക്കാൻ സാമുവേൽ ജീവിച്ചിരിക്കുകയില്ല എന്ന ബോധ്യമായിരിക്കും സഹോദരന്മാരെ സാക്ഷികളാക്കാൻ കാരണം. ദാവീദ് സുമുഖനെങ്കിലും സാവൂളിനെപ്പോലെ ഉയരമുള്ളവനല്ല. ജനത്തിന്റെ നിർബ്ബന്ധത്തിനുവഴങ്ങിയാണ് സാവൂളിനെ രാജാവാക്കാൻ കർത്താവ് അനുവദിച്ചത്. ദാവീദിനെയാകട്ടെ കർത്താവ് തന്നെ മുൻകൈ എടുത്ത് തിരഞ്ഞെടുക്കുന്നു (16,1.12). "സ്നേഹിക്കപ്പെട്ടവൻ" എന്നാണ് ദാവീദ് എന്ന പേരിന്റെ അർത്ഥം. കർത്താവിന്റെ പ്രതീപാത്രമായിരുന്നു ദാവീദ്, സാവൂളാകട്ടെ ജനത്തിന്റെ നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയ്ക്ക് മറുപടിയായി നല്കപ്പെട്ടവനും.

ദാവീദിനെ തിരഞ്ഞെടുത്ത വിധവും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ജെസ്സെയുടെ കുടുംബത്തെ വിളിച്ചു വരുത്തുമ്പോൾ ആരെയാണ് അഭിഷേകം ചെയ്യേണ്ടത് എന്ന് സാമുവേലിന് നിശ്ചയമില്ല. ഒന്നിനുപിറകെ ഒന്നായി ഏഴു പുത്രന്മാരെയും കർത്താവ് തിരസ്കരിച്ചതാണെന്നും ഏറ്റം ഇളയവനെയാണ് തിരഞ്ഞെടുത്തിരിക്കുന്നതെന്നും സാവധാനമാണ് സാമുവേലിനു മനസ്സിലായത്. ഏലിയാസിന്റെ ഉയരത്തെക്കുറിച്ചുള്ള പരാമർശം (16,7) സാവൂളിനെ (9,2;10,23) അനുസ്മരിപ്പിക്കുന്നു. ശരീരത്തിന്റെ അഴകും ശക്തിയുമല്ല, ഹൃദയത്തിന്റെ ഭാവമാണ് കർത്താവ് ശ്രദ്ധിക്കുന്നത്. "ഇളയമകൻ" (16,11) എന്ന വിശേഷണത്തിന് എളിയവൻ, ചെറിയവൻ, നിസ്സാരൻ എന്നൊക്കെ അർത്ഥ സൂചനകളുണ്ട്. മനുഷ്യദൃഷ്ടിയിൽ നിസ്സാരരെയാണ് ദൈവം വലിയ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കുന്നത്.

**വിചിന്തനം:** പുറമെ കാണുന്നതനുസരിച്ചാണ് നാം സാധാരണ മനുഷ്യരെക്കുറിച്ച് അഭിപ്രായം രൂപീകരിക്കുക. സൗന്ദര്യം, ശക്തി, സമ്പത്ത്, ആഭിജാത്യം, സ്ഥാനമാനങ്ങൾ മുതലായവയൊന്നും വ്യക്തികളുടെ അന്തഃസത്ത വെളിപ്പെടുത്തണമെന്നില്ല. ഇവയൊന്നും ഇല്ലാത്തവരും ഉത്കൃഷ്ടവ്യക്തികളായിരിക്കും. പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും നല്കുന്ന അറിവ് ഭാഗികമാണ്. വ്യക്തികളെ ഹൃദയംകൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കണം. ദൈവം കാണുന്നതും വിലമതിക്കുന്നതും ഹൃദയത്തിന്റെ ഭാവമാണെന്ന് ഓർക്കണം.

## b. സാവൂളിന്റെ ആയുധവാഹകൻ 16,14-23

ദാവീദ് സാവൂളിന്റെ കൊട്ടാരത്തിൽ സേവനം ആരംഭിക്കുന്നതിന്റെ ഒരു വിവരണമാണ് അടുത്തതായി നല്കുന്നത്. 'കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയി' എന്ന പ്രസ്താവന രാജാവായി തുടരാനുള്ള അയാളുടെ അവകാശം തത്വത്തിൽ അവസാനിച്ചതായി സൂചിപ്പിക്കുന്നു. കർത്താവിന്റെ ഹിതം അറിയാനും ജനത്തെ നീതിപൂർവ്വം ഭരിക്കാനും രാജാവിനെ ശക്തിപ്പെടുത്തുന്നതാണ് കർത്താവിന്റെ ആത്മാവ്. 15-ാം അദ്ധ്യായത്തിൽ വിവരിച്ച സംഭവത്തിനുശേഷം സാവൂളിൽ വന്ന വ്യതിയാനമാണ് ദുരാത്മാവ് വഴിയുള്ള പീഡനത്തിലൂടെ സൂചിപ്പിക്കുന്നത് (16,14). ദൈവകല്പന ലംഘിച്ച് അവിശ്വസ്തനായിത്തീർന്നതുവഴി താൻ തിരസ്കൃതനായിരിക്കുന്നു എന്ന അവബോധം സൃഷ്ടിച്ച ആഘാതം അയാളുടെ മനസ്സിന്റെ സമനില തെറ്റിച്ചു. അടിസ്ഥാനരഹിതമായ സംശയവും അനിയന്ത്രിതമായ കോപാവേശവും, അംഗരക്ഷകനെയും സ്വന്തം പുത്രനെയും കൊല്ലാനുള്ള ശ്രമവും എല്ലാം ഈ കലുഷിതമായ ഈ മാനസികാവസ്ഥയുടെ പ്രകടനങ്ങളാണ്. അവിശ്വസ്തതയ്ക്കു കർത്താവ് നല്കിയ ശിക്ഷയായി ഇതിനെ അവതരിപ്പിക്കുന്നു.

സാവൂളിന്റെ മാനസികാവസ്ഥ ദാവീദിന് രാജകൊട്ടാരത്തിൽ വന്നു ചേരുന്നതിനുള്ള അവസരമായി. കർത്താവുതന്നെയാണ് രണ്ടും ഒരുക്കിയത്. വിഷാദ രോഗികൾക്ക് സംഗീതം ആശ്വാസം നല്കും എന്ന വിശ്വാസം സാവൂളിന്റെ ഭൃത്യന്മാർ പ്രകടമാക്കുന്നു (16,16). കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞ ദാവീദിന്റെ സാമീപ്യവും സംഗീതവും ദുരാത്മാവ് ബാധിച്ച സാവൂളിന് ആശ്വാസം പകർന്നു. ഭൃത്യൻ നല്കുന്ന വിവരണത്തിൽ ദാവീദിന്റെ ചില ഗുണവിശേഷങ്ങളും പ്രകടമാകുന്നുണ്ട്. അനേകം സങ്കീർത്തനങ്ങൾ രചിക്കുകയും സംഗീതോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്ന ദാവീദ് നലം തികഞ്ഞ ഒരു ഗായക



നായിരുന്നു. മാത്രമല്ല, ധീരനായ യോദ്ധാവും വാക്ചാതുര്യമുള്ളവനും സുന്ദരനുമായിരുന്നു അയാൾ. ഇതിനെല്ലാം ഉപരിയായി, കർത്താവ് അവനോടുകൂടെയുണ്ട് എന്നതാണ് ദാവീദിന്റെ ഏറ്റം വലിയ സവിശേഷത. ഇതാണ് ദാവീദിന്റെ സകല വിജയങ്ങളുടെയും അടിസ്ഥാനം. സാവൂൾ ദാവീദിനെ സ്നേഹിച്ചു. ഏറ്റം അടുത്ത സേവകനായി നിയമിച്ചു. ദാവീദിന്റെ സാമീപ്യവും സംഗീതവും അയാൾക്ക് ആശ്വാസവും ഉത്തേജനവും നല്കി.

**വിചിന്തനം:** ശാരീരകവും മാനസികവും ബൗദ്ധികവുമായ സകല ഗുണങ്ങളെക്കാളും പ്രധാനപ്പെട്ടതാണ് കർത്താവ് കൂടെ ഉണ്ടായിരിക്കുക, അഥവാ കർത്താവിനോടുകൂടെ ആയിരിക്കുക എന്നത്. ദൈവത്തിന്റെ സാന്നിധ്യവും സഹായവുമാണ് ശക്തിയും ധൈര്യവും ജീവിതായോധനത്തിൽ വിജയവും നല്കുന്നത്.

## c. ദാവീദും ഗോലിയാത്തും 17,1-18,5.

പഴയ നിയമത്തിലെ ഏറ്റം കൂടുതൽ അറിയപ്പെടുന്ന സംഭവങ്ങളിൽ ഒന്നാണ് ദാവീദും ഗോലിയാത്തും തമ്മിലുണ്ടായ ദ്വന്ദ്വയുദ്ധം. ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ആദരവും പ്രശംസയും പിടിച്ചുപറ്റാനും സർവ്വസൈന്യാധിപനായി ഉയരാനും ദാവീദിനെ സഹായിച്ച സംഭവമാണിത്. കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയതിനാൽ സാവൂളും ഇസ്രായേൽജനവും നേരിട്ട വലിയ പ്രതിസന്ധിയാണ് സംഭവത്തിന്റെ സാഹചര്യം. ഇതുവരെ ശത്രുക്കളുടെ മേൽ നിഷ്പ്രയാസം വിജയം നേടിയിരുന്ന സാവൂളും സൈന്യവും ഗോലിയാത്തിന്റെ വെല്ലുവിളികേട്ട് ഭയചകിതരായി (17,11). അവരുടെ ധീരതയുടെയും അവർ നേടിയ വിജയങ്ങളുടെയും അടിസ്ഥാനം കർത്താവിന്റെ സാന്നിധ്യവും സഹായകവുമായിരുന്നു എന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു.

ബേത്‌ലെഹെമിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ തെക്കുപടിഞ്ഞാറായിട്ടാണ് ഏലാം താഴ്‌വര. യൂദാഗോത്രത്തിന്റെ അവകാശപരിധിയിൽപ്പെട്ട നഗരങ്ങളായ സൊക്കൊയും അസേക്കായും ഫിലിസ്ത്യരുടെ നഗരമായ ഗത്തിൽ നിന്ന് ഏകദേശം 20 കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. വാഗ്ദത്തഭൂമിയുടെ തെക്കുപടിഞ്ഞാറെ അതിർത്തിയിലാണ് ഫിലിസ്ത്യരെ നേരിടാൻ വേണ്ടി സാവൂളും സൈന്യവും പാളയമടിച്ചത്. ഇരു സൈന്യങ്ങളും ഏറ്റുമുട്ടുന്നതിനുപകരം തിരഞ്ഞെടുക്കപ്പെട്ട മല്ലന്മാർ തമ്മിൽ ദ്വന്ദയുദ്ധം നടത്തി ജയാപരാജയങ്ങൾ നിശ്ചയിക്കുക. പുരാതനകാലത്ത് ചിലപ്പോഴൊക്കെ സംഭവിച്ചിരുന്നു.

ആരിലും ഭയം ജനിപ്പിക്കുന്നതാണ് ഗോലിയാത്തിന്റെ വലുപ്പവും യുദ്ധോപകരണങ്ങളും. ആറു മുഴവും ഒരു ചാണും ഏകദേശം പത്തിയാണ്. ചില പുരാതന ഗ്രീക്കുകൈയെഴുത്തു പ്രതികളിൽ ഇത് നാലു മുഴവും ഒരു ചാണും (6.75 അടി) എന്നു കാണുന്നു. ചാവുകടൽ തീരത്തെ ഖുമ്റാൻ ഗുഹകളിൽ നിന്നും കണ്ടെത്തിയ സാമുവേലിന്റെ പുസ്തകയച്ചുരുളിലും നാലു മുഴവും ഒരു ചാണും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അയാളുടെ പടച്ചട്ടയ്ക്ക് 50 കിലോയും കുന്തമുനയ്ക്ക് ആറു കിലോയും തൂക്കമുണ്ടായിരുന്നു. അജയ്യശത്രുവായി പ്രത്യക്ഷപ്പെട്ട ലോലിയാത്തിന്റെ വെല്ലുവിളി സ്വീകരിക്കാൻ ഇസ്രായേൽ സൈന്യത്തിൽ ആരും ഉണ്ടായിരുന്നില്ല. ജനത്തിന് മുഴുവൻ ലജ്ജാകരവും ഭയാനകവുമായ സാഹചര്യത്തിലാണ് ദാവീദ് രംഗപ്രവേശം ചെയ്യുന്നത്.

രാജാഭിഷേകത്തെക്കുറിച്ച് 16-ാം അദ്ധ്യായത്തിൽ പറഞ്ഞുവച്ച കാര്യങ്ങളെക്കുറിച്ച് യാതൊരു സൂചനയും നല്കാതെയാണ് 17,12-14 ൽ ദാവീദിനെ അവതരിപ്പിക്കുന്നത്. സാവൂളിന്റെ ഗായകനായി നിയമിതനായ ദാവീദ് എങ്ങിനെ അപരിചിതനെപ്പോലെ പ്രത്യക്ഷപ്പെടുന്നു എന്നതിന് വി.ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണമാണ് 17,15. സഹോദരന്മാർക്ക് ഭക്ഷണവുമായി പടക്കളത്തിലേക്കു വന്ന ദാവീദ് ഗോലിയാത്തിന്റെ വെല്ലുവിളിയും ഇസ്രായേൽ സൈന്യത്തിന്റെ ഭയവും നേരിൽ മനസ്സിലാക്കി. മല്ലനെ കൊല്ലുന്നവനു ലഭിക്കുന്ന സമ്മാനത്തെക്കുറിച്ച് ഉറപ്പു വരുത്താൻ ശ്രമിച്ചപ്പോൾ മൂത്ത സഹോദരന്റെ ശകാരം ഏല്ക്കേണ്ടിവന്നെങ്കിലും ദാവീദ് തന്റെ അന്വേഷണം തുടർന്നു. 'ജീവനുള്ള ദൈവത്തിന്റെ സൈന്യം' എന്നാണ് ദാവീദ് ഇസ്രായേൽ സൈന്യത്തെ വിശേഷിപ്പിക്കുന്നത് (17,16). ദൈവത്തിന്റെ സൈന്യത്തെ നിന്ദിക്കുന്നവൻ ദൈവത്തെ നിന്ദിക്കുന്നു എന്നും ദൈവം അതിനു പ്രതികാരം ചെയ്യും എന്നുമുള്ള അവബോധം ദാവീദിന്റെ വാക്കുകളിൽ നിറഞ്ഞു നില്ക്കുന്നു.

സാവൂളുമായുള്ള സംഭാഷണത്തിൽ (17,34-37) ഈ അവബോധവും വിശ്വാസവും കൂടുതൽ പ്രകടമാകുന്നു. തന്റെ ആടുകളെ തിന്നാൻ വന്ന സിംഹത്തെയും കരടിയെയും കൊല്ലാൻ സഹായിച്ച കർത്താവ് ഗോലിയാത്തിനെ വധിച്ച് ഇസ്രായേൽ ജനത്തെ രക്ഷിക്കുവാൻ തന്നെ സഹായിക്കും എന്ന അടിയുറച്ച വിശ്വാസമാണ് ദാവീദിനെ നയിക്കുന്നത്. പിതാവിന്റെ ആടുകളെ മേയ്ക്കുകയും സംരക്ഷിക്കുകയും ചെയ്തവൻ ദൈവജനത്തെ സംരക്ഷിക്കാനും നയിക്കാനും വേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന സത്യമാണ് വി. ഗ്രന്ഥകാരൻ ഇവിടെ സൂചിപ്പി



ക്കുന്നത്. അതിനു സാവൂളിന്റെ പടച്ചട്ടവേണ്ടാ, ഇടയന്റെ ആയുധം മതി. തോട്ടിൽ നിന്നും പെറുക്കിയെടുത്ത് സഞ്ചിയിൽ സൂക്ഷിച്ച കല്ലുകളാണ് ഭീകരമായ പടക്കോപ്പുകളണിഞ്ഞ മല്ലനെ നേരിടാൻ ദാവീദ് ഉപയോഗിക്കുന്ന ആയുധം. ഒരു കിലോഗ്രാമിൽ കൂടുതൽ തൂക്കമുള്ള കല്ല് വെടിയുണ്ടയുടെ വേഗത്തിൽ ലക്ഷ്യത്തിൽ എറിഞ്ഞു തറയ്ക്കാൻ കഴിവുള്ള കവിണക്കാരുണ്ടായിരുന്നു. അവരുടെ കൈയ്യിൽ വാളിനെയും കുന്തത്തെയുംകാൾ മാരകമാണ് കല്ലും കവിണയും.

തന്റേതായ ആയുധവുമായി ദ്വന്ദയുദ്ധത്തിനിറങ്ങുമ്പോഴും ആയുധമല്ല. കർത്താവാണ് തനിക്ക് ശക്തിയും വിജയവും നല്കുന്നതെന്ന് ദാവീദിന് ഉറച്ച ബോധ്യമുണ്ട്. ഗോലിയാത്തിനു നല്കുന്ന മറുപടിയിൽ ഇതു വ്യക്തമാക്കുന്നു (17,45-47). മല്ലനായ ഗോലിയാത്തും ബാലനായ ദാവീദും തമ്മിലല്ല, ഗോലിയാത്ത് ആശ്രയിച്ച ദേവന്മാരും നിന്ദിച്ച ദൈവവും തമ്മിലാണ് യുദ്ധം. മല്ലന്റെ ശക്തിയും ആയുധങ്ങളും കർത്താവിന് നിസ്സാരമാണ്. തന്റെ നാമത്തിൽ ആശ്രയിച്ച് യുദ്ധത്തിനിറങ്ങുന്നവർക്ക് കർത്താവു തന്നെ വിജയം നല്കും. ആദ്യത്തെ ഏറിനു തന്നെ ഗോലിയാത്തിനെ വീഴിക്കാൻ ദാവീദിനു സാധിച്ചു. നാലു കല്ലുകൾ സഞ്ചിയിൽ ഇനിയും ബാക്കി.

ഗോലിയാത്തിന്റെ പതനവും ഫിലിസ്ത്യരുടെ പലായനവും കഴിഞ്ഞ് സാവൂളിന്റെ സന്നിധിയിൽ ആനീതമായ ദാവീദിനെ ജോനാഥാൻ ഗാഢമായി സ്നേഹിച്ചു. ഒരു ഉടമ്പടിയിലൂടെ ആ സ്നേഹബന്ധം ഉറപ്പിച്ചു. മരണത്തെ മറികടക്കുന്ന ഒരു വലിയ സ്നേഹബന്ധത്തിന്റെ തുടക്കമാണിത് (18,14). ജോനാഥാൻ തന്റെ രാജകീയ മേലങ്കിയും ആയുധങ്ങളും ദാവീദിനെ അണിയിക്കുന്നത് വരാൻ പോകുന്നതിന്റെ ഒരു സൂചനയും പ്രതീകവുമാണ്. സർവ്വസൈന്യാധിപനായി നിയമിതനായ ദാവീദ് സൈന്യത്തിന്റെയും ജനത്തിന്റെയും പ്രതീക്കു പാത്രമായി. ഇത് അപ്രതീക്ഷിതമായ സംഭവവികാസങ്ങൾക്കു വഴി തെളിച്ചു.

**വിചിന്തനം:** പാവങ്ങളെ പേടിപ്പിക്കുകയും ദരിദ്രരെ ചവിട്ടി മെതിക്കുകയും ദൈവത്തെപ്പോലും വെല്ലുവിളിക്കുകയും ചെയ്യുന്ന സകല ശക്തികളുടെയും പ്രതീകമാണ് ഗോലിയാത്ത്. സ്വേചാധിപതികളായും സാമ്രാജ്യശക്തികളായും ഭീകര സംഘടനകളായും ബഹുരാഷ്ട്ര കമ്പനികളായും അധാർമ്മിക പ്രവണതകളായും വ്യത്യസ്ത രൂപത്തിലും ഭാവത്തിലും ഈ ശക്തി പ്രത്യക്ഷപ്പെടും. അതിഭീകരമായ മാരകായുധ

ങ്ങളിൽ ആശ്രയിച്ച് ലോകത്തെ മുഴുവൻ ചൊല്പ്പടിക്കു നിർത്താനും ലോകസമ്പത്തു മുഴുവൻ സ്വന്തമാക്കാനും ഈ ശക്തി ശ്രമിക്കും. ദൈവ രാജ്യത്തിന്റെ സാക്ഷാത്കാരത്തിനു വിഘ്നാതമായി നില്ക്കുന്ന ഈ പൈശാചിക ശക്തിയെ എതിർത്തു തോൽപ്പിക്കാൻ കർത്താവിൽ ആശ്ര യിക്കുന്ന വിശ്വാസിക്കു കഴിയും. ദാവീദ് കൈയ്യിൽ കവിണയും സഞ്ചി യിൽ കല്ലും കരുതിയതുപോലെ, വിശ്വാസികൾ വിശ്വാസത്തോടും പ്രാർത്ഥനയോടുമൊപ്പം തങ്ങൾക്കു ലഭ്യമായ സകല കഴിവുകളും, വ്യക്തിതലത്തിലും ആഗോളതലത്തിലും സംഹാരതാണ്ഡവമാടുന്ന തിന്മയുടെ ശക്തിക്കെതിരെ പ്രയോഗിക്കണം. ആധുനിക ഗോലിയാത്തു മാരും അപ്പോൾ നിലം പതിക്കുക തന്നെ ചെയ്യും. കാരണം ഗോലിയാ ത്തിനെ വധിച്ച ദാവീദിന്റെ പുത്രനായ യേശുക്രിസ്തു ലോകത്തെ കീഴ ടക്കിയിരിക്കുന്നു (യോഹ 16,33).

## 2. അസൂയയും വധശ്രമവും 18,6-20,24

സാവൂളിനു ദാവീദിനോടു തോന്നിയ ആദരവും സ്നേഹവും അധി കനാൾ നീണ്ടുനിന്നില്ല. ദാവീദു നേടിയ വിജയങ്ങളും ജനമധ്യത്തിൽ അവനു ലഭിച്ച അംഗീകാരവും തനിക്കും തന്റെ കുടുംബത്തിനും ഭീഷ ണിയായിത്തീരുമെന്ന് സാവൂൾ കരുതി. അനുദിനം വർദ്ധിച്ചു വന്ന അസൂയ അയാളെ അക്രമാസക്തനാക്കി. ഒളിഞ്ഞും തെളിഞ്ഞും ദാവീ ദിനെ വധിക്കാൻ അയാൾ ശ്രമിച്ചു. സാവൂളിന്റെ അടുക്കൽ തന്റെ ജീവൻ സുരക്ഷിതമല്ല എന്നു മനസ്സിലാക്കിയ ദാവീദ് അവസാനം ഒളിച്ചോടി. സാവൂളിന്റെ മക്കളായ ജോനാഥാനും മിക്കാളും അതിനു സഹായിച്ചു. ഗോലിയാത്തിനെ വധിച്ച്, ഫിലിസ്ത്യരെ പരാജയപ്പെടുത്തി മടങ്ങിയെ ത്തിയ സൈന്യത്തിന് ഇസ്രായേൽ ജനം നല്കിയ സ്വീകരണമാണ് ദാവീ ദിനെതിരെ സാവൂളിൽ അസൂയ ഉണർത്തിയത് (18,6-9). 'സാവൂൾ ആയി രങ്ങളെ കൊന്നു; ദാവീദ് പതിനായിരങ്ങളെയും' എന്ന ഇസ്രായേൽ കന്യ കമാർ പാടിയത് ഇസ്രായേൽ ജനം ശത്രുക്കളുടെ മേൽ നേടിയ വിജയ ത്തിന്റെ പ്രകീർത്തനമായിരുന്നു. സാവൂളിനെ ഏതെങ്കിലും വിധത്തിൽ തരം താഴ്ത്തുക അവരുടെ ലക്ഷ്യമായിരുന്നില്ല. എന്നാൽ അപകർഷ താബോധത്തിൽ കലുഷിതമായ സാവൂളിന്റെ മനസ്സിൽ ഇത് അസൂയ യുടെയും വിദ്വേഷത്തിന്റെയും വിത്തു വിതച്ചു.

കർത്താവയച്ച ദുരാത്മാവിനെക്കുറിച്ച് 16,15ൽ നാം കണ്ടുകഴിഞ്ഞു. 'അവൻ തന്റെ ഭവനത്തിൽ പ്രവചിച്ചു' എന്നാണ് കൊട്ടാരത്തിനുള്ളിൽ



ഭ്രാന്തനെപ്പോലെ പുലമ്പിക്കൊണ്ടിരുന്നു' (16.10) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം. ദുരാത്മാവിന്റെ സ്വാധീന ത്തിൽ പെട്ട് പുറപ്പെടുവിക്കുന്ന അവ്യക്ത ശബ്ദങ്ങളെ ഇവിടെ 'പ്രവ ചനം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അസാധാരണമായ പ്രതിഭാസങ്ങ ളെല്ലാം കർത്താവിൽ നിന്നു വരുന്നതാകണം എന്നില്ല. അതിനാൽ പ്രവ ചനത്തെയും പ്രവാചകന്മാരെയും വിവേചിച്ച് അറിയണം. ദാവീദിനെ വധി ക്കാൻ കുന്തം എറിഞ്ഞ സാവൂൾ (18,11) പ്രത്യക്ഷത്തിൽ മനസ്സിലെ സമ നില തെറ്റിയ ഭ്രാന്തനാണ്. എന്നാൽ തന്റെ എതിരാളിയായിരിക്കുന്ന ദാവീ ദിനെ വധിക്കാൻ അസൂയയാണ് സാവൂളിനെ പ്രേരിപ്പിച്ചത്. ദാവീദിന്റെ വിജയങ്ങൾക്കെല്ലാം കാരണം കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു എന്നതാണെന്ന് പ്രത്യേകം എടുത്തു പറയുന്നു (18,14). ഇതിൽ സന്തോ ഷിക്കുകയും തന്റെ ജനത്തിന്റെ നന്മയ്ക്കായി അതിനെ ഉപയോഗിക്കു കയും ചെയ്യുന്നതിനു പകരം സാവൂൾ ദാവീദിനെ കൂടുതലായി ഭയപ്പെ ടുകയാണ് ചെയ്തത് (18,15)

ദാവീദിനെ വധിക്കാനുള്ള ഭ്രാന്തമായ ഉദ്യമം പരാജയപ്പെട്ടപ്പോൾ ചതിയിൽ കൊല്ലാനുള്ള ശ്രമങ്ങളായി (18,17-27). അതിനുവേണ്ടി ആദ്യം മൂത്ത മകളെ ഭാര്യയായി നല്കാം എന്ന വാഗ്ദാനവുമായി ദാവീദിനെ ഫിലിസ്ത്യർക്കെതിരെ യുദ്ധത്തിനയച്ചു. ഗോലിയാത്തിനെ വധിച്ചതിന്റെ പേരിൽത്തന്നെ മേരബിനെ അവനു ഭാര്യയായി ലഭിക്കേണ്ടതായിരുന്നു. എന്നാൽ വീണ്ടും വാക്കു മാറ്റി തന്റെ രണ്ടാമത്തെ മകളായ മിക്കാളിനു സ്ത്രീധനമായി നൂറു ഫിലിസ്ത്യരെ കൊല്ലാൻ ആവശ്യപ്പെട്ടു. ഫിലി സ്ത്യർ അപരിഛേദിതർ ആയിരുന്നതിനാലാവണം കൊല്ലപ്പെട്ടവർ ഫിലി സ്ത്യർ തന്നെയാണെന്ന് ഉറപ്പു വരുത്താൻ തെളിവായ അഗ്രചർമ്മം തന്നെ ആവശ്യപ്പെട്ടത്. സാവൂളിന്റെ പ്രതീക്ഷക്കു വിരുദ്ധമായി ദാവീദ് എല്ലാ തവണയും വിജയിച്ചു. അതിനാൽ മിക്കാളിനെ ദാവീദിനു ഭാര്യ യായി നല്കാൻ സാവൂൾ നിർബ്ബന്ധിതനായി. അടിക്കടി വളർന്നു വന്ന ദാവീദിന്റെ പ്രശസ്തി സാവൂളിനെ കൂടുതൽ അസ്വസ്ഥനും അന്ധനു മാക്കി. (18,28-30).

ഫിലിസ്ത്യർക്കെതിരെ യുദ്ധത്തിനയച്ച് ദാവീദിനെ വധിക്കുക അസാധ്യമെന്നു മനസ്സിലാക്കിയ രാജാവ് പുത്രനോടും ഭൃത്യന്മാരോടും തന്റെ ലക്ഷ്യം തുറന്നു പറഞ്ഞു. എന്നാൽ ജോനാഥാൻ ദാവീദിനു മുന്നറിയിപ്പു നല്കി; അവനുവേണ്ടി പിതാവിന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിച്ചു. വസ്തുനിഷ്ഠവും അനുഭാവപൂർണ്ണവുമായ വിശദീകരണങ്ങൾ

കേട്ട് കഴിഞ്ഞ കാലങ്ങളെ അനുസ്മരിച്ച സാവൂൾ ദാവീദിനെ കൊല്ലുക യില്ലെന്ന് കർത്താവിന്റെ നാമത്തിൽ ശപഥം ചെയ്തു. (19,1–7). എന്നാൽ വീണ്ടും വാക്കുമാറ്റി, വധശ്രമം തുടർന്നു. കുന്തം എറിഞ്ഞുകൊല്ലാൻ നടത്തിയ ശ്രമത്തിന്റെ വിവരണം (19,9–10) ആദ്യത്തേതിന്റെ (18,10) ആവർത്തനമോ പുതിയൊരു ശ്രമമോ എന്ന കാര്യത്തിൽ വ്യാഖ്യാതാ ക്കളുടെ ഇടയിൽ തർക്കമുണ്ട്. തന്നെ വധിക്കാൻ വീട്ടുപടിക്കൽ കാവൽ നിന്ന പടയാളികളുടെ കൈയ്യിൽപ്പെടാതെ ദാവീദിനെ മിക്കാൾ ജനലി ലൂടെ രക്ഷപ്പെടുത്തി (19,11–17). രാജാവിന്റെ ക്രൂരതയും ദാവീദിന്റെ നിഷ്ക ളങ്കതയും വെളിപ്പെടുത്തുന്നതാണ് രാജാവിന്റെ മക്കൾ തന്നെ ദാവീദിനു നല്കുന്ന സംരക്ഷണം.

തന്നെ അഭിഷേകം ചെയ്ത സാമുവേലിന്റെ അടുക്കൽ ഉപദേശവും സംരക്ഷണവും തേടി ദാവീദ് അഭയം പ്രാപിച്ചു. (19,18–24). ബലിയർപ്പ ണത്തിനുള്ള ആലയം, വിരുന്നുശാല, പുരോഹിതന്മാർക്കും പ്രവാചക ഗണത്തിനും വസിക്കാനുള്ള വീടുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ ഒരു സമുച്ചയമാണ് 'നായോത്ത്' എന്നു കരുതപ്പെടുന്നു. സ്ഥലത്തിന്റെ പവി ത്രതയും പ്രവാചക ഗണത്തിന്റെ സാന്നിധ്യവും തത്ക്കാലത്തേയ്ക്കു സംരക്ഷണം നല്കും എന്നു കരുതിയാവണം ദാവീദിനെയും കൂട്ടി സാമു വേൽ അവിടെച്ചെന്ന് പാർത്തത്. ദാവീദിനെ പിടിക്കാനായി ഒന്നിനു പിറകെ ഒന്നായി സാവൂൾ അയച്ച മൂന്നു ഗണം പടയാളികളെയും കർത്താവിന്റെ ആത്മാവു നിർവീര്യരാക്കി. ലക്ഷ്യബോധം നഷ്ടപ്പെട്ട് ഉന്മാദാവസ്ഥയിൽ എത്തിയതിനെയാണ് 'അവർ പ്രവചിച്ചു' എന്ന പദം സൂചിപ്പിക്കുന്നത്. അവസാനം നേരിട്ടു വന്ന സാവൂളിനും ഇതുതന്നെ സംഭവിച്ചു. അങ്ങനെ ഇത്തവണയും ദാവീദ് സാവൂളിന്റെ കൈക ളിൽനിന്നും രക്ഷപ്പെട്ടു.

സാവൂൾ രഹസ്യത്തിൽ അഭിഷിക്തനായ സ്ഥലമായിരുന്നു റാമാ യിലെ നായോത്ത്. ആ സ്ഥലത്തിന്റെ പവിത്രതയോ തന്നെ അഭിഷേകം ചെയ്ത സാമുവേലിനോടുണ്ടായിരിക്കേണ്ട ആദരവോ ദാവീദിനെ വധി ക്കാനുള്ള ശ്രമത്തിൽ സാവൂളിനു പ്രതിബന്ധമായി തോന്നിയില്ല. നീതി ബോധം നഷ്ടപ്പെട്ട രാജാവിന്റെ കൈകളിൽ അധികാരം എത്ര അപക ടകരമാകാം എന്നതിന്റെ തെളിവാണിത്.

സാമുവേലിന്റെ അടുക്കലും താൻ സുരക്ഷിതനല്ല എന്നു ബോധ്യ മായ ദാവീദ് അന്തിമതീരുമാനം എടുക്കുന്നതിനു മുമ്പേ ജോനാഥാനു



മായി ഒരു രഹസ്യ സംഭാഷണം നടത്തി (20,1–42). തന്റെ ഇതുവരെ യുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതായിരുന്നെന്നും ജീവൻ രക്ഷിക്കാൻ വേണ്ടി മാത്രമാണ് തന്നെ ഏല്പ്പിച്ച ജോലിയിൽ നിന്നും ഒളിച്ചോടുന്ന തെന്നും ജോനാഥാനെ ബോദ്യപ്പെടുത്തുകയായിരുന്നു ദാവീദിന്റെ മുഖ്യ ലക്ഷ്യം. സാവൂളിന് തന്നോടുള്ള യഥാർത്ഥ മനോഭാവം എന്തെന്ന് കൃത്യ മായി അറിയാനും അവൻ ആഗ്രഹിച്ചു. 'ഞാനും മരണവും തമ്മിൽ ഒരടി അകലമേയുള്ളൂ' (20,3) എന്ന വിലാപത്തിൽ ദാവീദിന്റെ സകല ഭീതിയും ദുഃഖവും അലിഞ്ഞു ചേർന്നിട്ടുണ്ട്.

ജോനാഥാനും ദാവീദും തമ്മിലുള്ള സംഭാഷണത്തിൽ സൗഹൃദ ത്തിന്റെ ഉദാത്തമായ മാതൃക കാണാം. ന്യായമായും തനിക്കു ലഭിക്കേണ്ട രാജത്വം ദാവീദിലേക്ക് വഴിമാറിപ്പോകും എന്ന് ജോനാഥാനറിയാം. എന്നാൽ അതിൽ അസൂയയോ ഖേദമോ കൂടാതെ, സ്വന്തം ജീവൻ അപ കടപ്പെടുത്തിക്കൊണ്ടുപോലും, ദാവീദിന്റെ ജീവൻ സംരക്ഷിക്കാനാണ് അയാൾ ശ്രമിക്കുന്നത്. കാരണം അവൻ ദാവീദിനെ പ്രാണനു തുല്യം സ്നേഹിച്ചിരുന്നു (20,17). തങ്ങൾ തമ്മിൽ ചെയ്തിരുന്ന ഉടമ്പടി പാലിക്കും എന്ന് കർത്താവിനെ സാക്ഷി നിർത്തി ഇരുവരും സത്യം ചെയ്തു. തന്റെ കുടുംബത്തോട് കരുണ കാണിക്കണമെന്ന് ജോനാഥാൻ പല തവണ ദാവീദിനോട് അപേക്ഷിക്കുന്നുണ്ട് (20,26–42). പിന്നീട് സാവൂളും ഇതേ അഭ്യർത്ഥന ആവർത്തിക്കുന്നു (24,21). രാജാവാകുന്നയാൾ തന്റെ എതിരാ ളികളെയും മുൻ രാജകുടുംബാംഗങ്ങളെയും ഉന്മൂലനം ചെയ്യുക പതി വായിരുന്നു (1 രാജാ 2,13–46; 16,11; 2 രാജാ 9,10). ഈ പശ്ചാത്തലത്തിൽ ജോനാഥാന്റെയും സാവൂളിന്റെയും യാചന പ്രത്യേക ശ്രദ്ധയർഹിക്കു ന്നു.

ചന്ദ്ര പഞ്ചാംഗം അനുസരിച്ചാണ് ഇസ്രായേൽക്കാർ കാലഗണന നടത്തിയിരുന്നത്. അമാവാസി (കറുത്ത വാവ്) മാസാരംഭമായിരുന്നു. ആഘോഷത്തിന്റെ ദിവസമായ അന്ന് രാജാവിന്റെ വിരുന്നിൽ ഉന്നതോ ദ്യോഗസ്ഥന്മാർ പങ്കെടുക്കേണ്ടിയിരുന്നു. തക്ക കാരണമോ അനുവാദമോ കൂടാതെ വിരുന്നിൽ നിന്നും മാറി നില്ക്കുന്നത് വലിയ കുറ്റമായി പരിഗ ണിച്ചിരുന്നു. ഈ സാഹചര്യമാണ് സാവൂളിന്റെ മനോഗതി മനസ്സിലാ ക്കാൻ ദാവീദും ജോനാഥാനും ചേർന്ന് ഉപയോഗിച്ചത്.

ദാവീദിനോടു ജോനാഥാന്റെ അനുഭാവം സാവൂളിനെ കോപാക്രാ ന്തനാക്കി. ദാവീദ് ജീവിച്ചിരുന്നാൽ ജോനാഥാനു രാജത്വം നഷ്ടപ്പെടും

എന്ന ബോധ്യമാണ് ഈ കോപാവേശത്തിനും വധശ്രമത്തിനും കാരണം. ദാവീദിനുവേണ്ടി വാദിച്ച സ്വന്തം മകനെപ്പോലും കൊല്ലാൻ സാവൂൾ ഒരുങ്ങിയപ്പോൾ അയാളുടെ തീരുമാനങ്ങൾക്ക് മാറ്റമുണ്ടാവുകയില്ല എന്നു വ്യക്തമായി. ജോനാഥാൻ പിതാവിനോടു കോപിച്ചതും ഭക്ഷണമുറിയിൽ നിന്നു അനുവാദം കൂടാതെ പുറത്തുപോയതും മരണാർഹമായ കുറ്റമായിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിരുന്നപ്രകാരം വയലിൽ ഒളിച്ചിരുന്ന ദാവീദിന് ജോനാഥാൻ ഒളിച്ചോടാൻ അടയാളം നൽകി. ദാവീദുമായുള്ള കൂടിക്കാഴ്ച സാവൂൾ അറിയാതിരിക്കാൻ വേണ്ടിയാണ് ഇത്രയും വളഞ്ഞ വഴി സ്വീകരിക്കേണ്ടിവന്നത് (20,19-23). മൂന്നു പ്രാവശ്യം നിലത്തു കുമ്പിടുന്ന ദാവീദ് (20,41). ജോനാഥാനെ രാജാവായി അംഗീകരിക്കുകയാണ്. കണ്ണീരോടെ ഇരുവരും വിട പറഞ്ഞപ്പോൾ ദാവീദിന്റെ ജീവിതത്തിൽ ഒരധ്യായം അവസാനിക്കുകയായി. തന്റെ ജീവൻ രക്ഷിച്ച ജോനാഥാന്റെ പിൻതലമുറയെ രക്ഷിച്ചുകൊണ്ട് ദാവീദ് പ്രത്യുപകാരം ചെയ്യും (2 സാമു 9; 21,7).

**വിചിന്തനം:** സ്നേഹത്തിനുവേണ്ടി ജീവൻപോലും ത്യജിക്കാൻ സന്നദ്ധമാകുന്ന സ്നേഹത്തിന്റെ മാതൃകയാണ് ജോനാഥാൻ. ബദ്ധശത്രുവായി കാണേണ്ടിയിരുന്ന ദാവീദിനെ അയാൾ സ്വന്തം ജീവനെക്കാൾ സ്നേഹിച്ചു. കാരണം, ദാവീദിന്റെ നിഷ്കളങ്കതയിൽ അയാൾക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. തന്നെയോ പിതാവിനെയോ ഏതെങ്കിലും വിധത്തിൽ ദാവീദ് ദ്രോഹിക്കുകയില്ലെന്ന് അയാൾക്ക് അറായിമായിരുന്നു. സ്നേഹിതനെതിരെ ഉന്നയിക്കപ്പെട്ട ദുരാരോപണങ്ങൾ വിശ്വസിച്ചില്ലെന്നു മാത്രമല്ല ശക്തമായി ഖണ്ഡിക്കുകയും ചെയ്തു. ന്യായമായും എനിക്കു ലഭിക്കേണ്ടതന്നതെന്ന് ഞാൻ കരുതുന്ന ധനമോ ജോലിയോ സ്ഥാനമാനങ്ങളോ മറ്റെന്തെങ്കിലുമോ മറ്റാരെങ്കിലും കരസ്ഥമാക്കിയാൽ അയാളോട് ഞാൻ എപ്രകാരമാണ് പ്രതികരിക്കുന്നത്? ഉറ്റ മിത്രങ്ങൾക്കിടയിൽ ശത്രുത ഉളവാക്കാൻ ഏഷണിക്കുള്ള കരുത്ത് ഇന്നും കുറഞ്ഞിട്ടില്ലല്ലോ? തെറ്റും ശരിയും വ്യവഛേദിച്ചറിയാൻ ശ്രമിക്കുന്നിടത്ത് ഏഷണിയും ദുഷ്പ്രചരണങ്ങളും വിലപ്പോവുകയില്ല.

## 3. പലായനം - അനുധാവനം 21-26

സാവൂളും ദാവീദും തമ്മിലുള്ള ബന്ധത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയായി. പ്രാണരക്ഷാർത്ഥം ഒളിച്ചോടുന്ന ദാവീദ്, രാജാവിന്റേതായ സകല ശക്തിയും അധികാരവും ഉപയോഗിച്ച്



അവനെ പിൻതുടർന്നു വധിക്കാൻ നോക്കുന്ന സാവൂൾ. മരുഭൂമിയിലും വനാന്തരങ്ങളിലും അലഞ്ഞു നടന്ന് അവസാനം വാഗ്ദത്തഭൂമി വിട്ട് വിദേശത്തു വാസമുറപ്പിക്കാൻ ദാവീദ് നിർബന്ധിതനാകുന്നു. രാജദ്രോഹിയെന്നു മുദ്രകുത്തപ്പെട്ട്, നിരന്തരം വേട്ടയാടപ്പെട്ട ഈ കാലഘട്ടത്തിൽ ദാവീദ് ശക്തിയിലും പ്രശസ്തിയിലും വളരുകയായിരുന്നു. അവനെ വേട്ടയാടിയ സാവൂളാകട്ടെ, ഒന്നിനൊന്ന് ക്ഷയിക്കുകയും.

### a. അപ്പവും ആയുധവും 21,1-9

ഒളിച്ചോടിയ ദാവീദ് നോബിലെ പുരോഹിതനായ അഹിമെലെക്കിന്റെ അടുക്കൽ എത്തി. ജെറുസലേമിൽ നിന്ന് ഏകദേശം ഒരു കിലോലമീറ്റർ വടക്കു കിഴക്കായുള്ള മലയിലാണ് നോബ് എന്ന പട്ടണം സ്ഥിതി ചെയ്തിരുന്നത്. ഷീലോ നശിപ്പിക്കപ്പെട്ടപ്പോൾ ഏലി കുടുംബത്തിലെ പുരോഹിതർ നോബിലേക്കു താമസം മാറ്റി. ഒലിച്ചോട്ടത്തിനിടയിൽ ആഹാരവും ആയുധവും തേടിയാണ് ദാവീദ് നോബിലെ പുരോഹിതനായ അഹിമെലെക്കിനെ സമീപിച്ചത്. ഏലിയുടെ പുത്രനായ ഫിനെഹാസിന്റെ പുത്രനായിരുന്നു അഹിമെലെക്ക് (22,9). തന്റെ യഥാർത്ഥ അവസ്ഥ മറച്ചു വച്ചുകൊണ്ടാണ് ദാവീദ് സംസാരിച്ചത്. ഒളിച്ചോടുന്ന രാജദ്രോഹിയെ സഹായിക്കുന്നത് കുറ്റകരമാണ് എന്നറിഞ്ഞുകൊണ്ടു തന്നെ ദാവീദ് പുരോഹിതന്റെ സഹായം തേടുകയും അയാളെയും കുടുംബത്തെയും അപകടത്തിലാക്കുകയും ചെയ്തു. അതിനെക്കുറിച്ചുള്ള ദുഃഖം ദാവീദ് പിന്നീട് പ്രടമാക്കുന്നുണ്ട് (22,22). അപകടത്തിൽ നിന്നു രക്ഷപ്പെടാനുള്ള ശ്രമത്തിൽ മറ്റുള്ളവരുടെ ജീവൻ അപകടത്തിലാക്കിയ ഒരു സാധാരണ മനുഷ്യനായിട്ടാണ് ദാവീദ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ദൈവസന്നിധിയിൽ സാബത്തു തോറും മാറ്റി വയ്ക്കുന്നതും പുരോഹിതർക്കു മാത്രം ഭക്ഷിക്കാവുന്നതുമായ തിരുസാന്നിധ്യഅപ്പവും (ലേവ്യർ 24,5-9) ഗോലിയാത്തിന്റെ വാളും ദാവീദിനു ലഭിച്ചു ഏദോമ്യനായ ദോയെഗിനെക്കുറിച്ചുള്ള പരാമർശം (21,7) പുരോഹിതർക്കെതിരെയുള്ള സാവൂളിന്റെ പ്രതികാര നടപടിക്കു (22,6-19) വഴിയൊരുക്കുന്നു.

**വിചിന്തനം:** സത്യം മറച്ചുവയ്ക്കുകയും നുണ പറയുകയും അന്യരുടെ ജീവൻ അപകടത്തിലാക്കുകയും ചെയ്ത ദാവീദിന്റെ പ്രവൃത്തി അനുകരണാർഹമല്ല. എന്നാൽ വി.ഗ്രന്ഥകാരൻ ഇതിനെക്കുറിച്ച് യാതൊരു വിധിയും പ്രസ്താവിക്കുന്നില്ല. നിയമം മനുഷ്യനു വേണ്ടിയാണെന്നു പഠിപ്പിക്കാൻ ഈ സംഭവമാണ് യേശു ഉദ്ധരിച്ചത് (മത്താ 12,3-4). അപ

കടത്തിൽ പെട്ട മനുഷ്യൻ ജീവിക്കാൻ വേണ്ടി ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ച് വിധി പറയുന്നത് സൂക്ഷിച്ചുവേണം. തന്റെ ഒളിച്ചോട്ടത്തിന്റെ ആരംഭത്തിൽ ദേവാലയത്തിൽ നിന്നാണ് ദാവീദിന് ഭക്ഷണവും ആയുധങ്ങളും ലഭിച്ചത്. ദൈവം അവനു നല്കിയ സംരക്ഷണത്തിന്റെ അടയാളമായിരുന്നു അത്. ജെസബെലിന്റെ പ്രതികാരത്തെ ഭയന്ന് ഒളിച്ചോടുന്ന ഏലിയായ്ക്ക് ദൈവദൂതൻ അപ്പം നല്കി ശക്തി പകരുന്നത് (1 രാജാ 19,5-8) ഇതുമായി സാമ്യമുള്ളതാണ്. വി. കുർബ്ബാനയുടെ ഒരു പ്രതീകമാണ് ഈ അപ്പം.

### b. വിദേശത്തും അപകടം 21,10-15 (സങ്കീ 34;56)

സാവൂളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ദാവീദ് ഫിലിസ്ത്യ നഗരമായ ഗത്തിലെ രാജാവിന്റെ അടുത്തെത്തി. പ്രതീക്ഷയ്ക്കു വിപരീതമായി ഗത്തുകാർ ദാവീദിനെ തിരിച്ചറിഞ്ഞു. അവരുടെ മല്ലനായ ഗോലിയാത്തിനെ കൊന്നതു താനാണെന്ന് അവർ മനസ്സിലാക്കിയത് ദാവീദിനെ ഭയചകിതനാക്കി. ദാവീദ് ഭ്രാന്ത് അഭിനയിച്ചാണ് അവിടെനിന്നു രക്ഷപ്പെട്ടത്. ഭ്രാന്തന്മാർ പിശാചു ബാധിതരും അശുദ്ധരുമായി കരുതപ്പെട്ടതിനാൽ അവരുടെ സാന്നിധ്യത്തെ ജനം വെറുക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. അതിനാൽ ഗത്ത് രാജാവ് അവനെ ഉടൻതന്നെ പുറന്തള്ളി. "എനിക്കിവിടെ ഭ്രാന്തന്മാർ കുറവാണോ?" (21,15) എന്ന രാജാവിന്റെ ചോദ്യത്തിൽ ഹാസ്യമുണ്ട്. അവസരത്തിനൊത്തു പ്രവർത്തിക്കാനുള്ള ദാവീദിന്റെ വിവേകവും ഗത്തു രാജാവിന്റെ മൗഢ്യവും ഈ ഹാസ്യത്തിൽ അന്തർലീനമായിരിക്കുന്നു. ദാവീദിന്റെ അഭിനയം വിശ്വസിക്കാൻ രാജാവു തയ്യാറായതിൽ ദൈവികപരിപാലന ദൃശ്യമാകുന്നു. 34,56 സങ്കീർത്തനങ്ങൾ ഈ സംഭവങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഗത്ത് രാജാവിനെ അബ്മെലെക്ക് എന്നാണ് സങ്കീർത്തനം 34ൽ വിളിക്കുന്നത്.

### c. പീഡിതരുടെ പടത്തലവൻ 22,1-5

ഫിലിസ്ത്യരുടെ ഇടയിൽ താൻ സുരക്ഷിതനല്ല എന്നു മനസ്സിലാക്കിയ ദാവീദ് സ്വന്തം ഗോത്രഭൂമിയിലേക്കു മടങ്ങി. സ്വന്തക്കാരുടെ ഇടയിൽ തനിക്കു കൂടുതൽ സംരക്ഷണം ലഭിച്ചേക്കും എന്ന പ്രതീക്ഷയും ഇതിന് പ്രേരകമായിരുന്നിരിക്കണം. ചാവുകടലിനു തെക്കു പടിഞ്ഞാറുള്ള യൂദയാ മരുഭൂമിയിലാണ് ഇനി കുറെ നാൾ ദാവീദ് ഒളിവിൽ



കഴിയുന്നത്. 18,57,63,142 എന്നീ സങ്കീർത്തനങ്ങൾ ഈ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ബേദ്‌ലെഹെമിൽ നിന്ന് ഏകദേശം 20 കി.മീ തെക്കു പടിഞ്ഞാറുള്ള അദുല്ലാം ഗുഹയിൽ അഭയം തേടിയ ദാവീദിന്റെ അടുക്കലേക്ക് അവന്റെ കുടുംബാംഗങ്ങൾ മുഴുവൻ എത്തി. അവരുടെ പിന്നാലെ പീഡിതരും അസന്തുഷ്ടരുമായ കുറെ ഏറെ പേരും. അവരെയെല്ലാം ഒന്നിച്ചു ചേർത്ത് ദാവീദ് ഒരു ഒളിപ്പോർ സംഘത്തിനു രൂപം നല്കി. മരുഭൂമികളിലും വനാന്തരങ്ങളിലും ചുറ്റി നടക്കുന്ന ഒരു കൊള്ളത്തലവനായിട്ടാണ് ദാവീദ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

സാവൂളിന്റെ രാജഭരണത്തെക്കുറിച്ച് വി.ഗ്രന്ഥകാരൻ ഒന്നും തന്നെ വ്യക്തമായി പറയുന്നില്ല. എന്നാൽ പീഡിതർ, കടമുള്ളവർ, അസന്തുഷ്ടർ (22,2) എന്നീ വിശേഷണങ്ങൾ രാജഭരണം അനേകർക്ക് ഭാരമായിത്തീർന്നെന്നും ചെറുത്തു നില്ക്കാൻ കഴിയാതെ അനേകർ ഓടിയൊളിച്ചുവെന്നും സൂചിപ്പിക്കുന്നുണ്ട്. ദാവീദു മാത്രമല്ല, അവനുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ട എല്ലാവരും രാജകോപത്തിനു ഇരയായിത്തീർന്നു. ഇവരെ സംഘടിപ്പിച്ചാണ് ദാവീദ് തന്റെ സൈന്യത്തിനു അടിത്തറ പാകിയത്. മുത്തശ്ശിയായ റൂത്ത് മൊവാബുകാരി ആയിരുന്നതിനാലാവാം ദാവീദ് തന്റെ മാതാപിതാക്കന്മാരെ മൊവാബു രാജാവിന്റെ സംരക്ഷണയിൽ ഏല്പിച്ചത്. പ്രവാചകനായ ഗാദിന്റെ നിർദ്ദേശമനുസരിച്ച് ദാവീദ് സ്വന്തം നാട്ടിൽ മടങ്ങിയെത്തി വനവാസം തുടർന്നു

### d. പുരോഹിതവധം 22,6-23

ഒളിച്ചോടിയ ദാവീദിനെ പിടികിട്ടാത്തതിൽ കുപിതനും നിരാശനുമായ സാവൂൾ തന്റെ അനുചരന്മാരെ കുറ്റപ്പെടുത്തി. ഗോത്രവികാരങ്ങൾ ഊതിക്കത്തിച്ചുകൊണ്ടാണ് അവരെ ദാവീദിനെതിരെ തിരിക്കുന്നത് (22,7). സാവൂൾ ബെഞ്ചമിൻ ഗോത്രജനായിരുന്നു. ദാവീദ് യൂദാഗോത്രക്കാരനും, ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ കഴിയാത്ത മാനസിക വിഭ്രാന്തി സാവൂളിനെ കീഴടക്കിക്കഴിഞ്ഞു. സത്യവും മിഥ്യയും തമ്മിൽ തിരിച്ചറിയാൻ അയാൾക്കു സാധിച്ചില്ല. സ്വന്തം മകൻ ജോനാഥനെയാണ് ഇവിടെ മുഖ്യശത്രുവായി ചിത്രീകരിക്കുന്നത്. ഉറക്കത്തിൽപ്പോലും ഉപേക്ഷിക്കാതെ കൂടെകൊണ്ടുനടക്കുന്ന കുന്തം (18,10;19,10;20,33;22,6;26,6) മാത്രമായി സാവൂളിനു കൂട്ട്. എല്ലാവരും തന്നെ ഉപേക്ഷിച്ചിരിക്കുന്നെന്നും സകലരും തന്റെ ശത്രുക്കളാണെന്നും അയാൾ കരുതി (22,8).

ഏദോമ്യനായ ദോയെഗ് നല്കിയ വിവരം അനുസരിച്ച് നോബിലെ പുരോഹിതന്മാരെ പിടികൂടി; ചെയ്യാത്ത കുറ്റം അവരുടെമേൽ ആരോപിച്ചു; അവരുടെ ന്യായവാദത്തിനു ചെവികൊടുക്കാതെ അവരെ ഒന്നടങ്കം കൊന്നൊടുക്കി. പട്ടണം നശിപ്പിച്ചു. ഇസ്രായേൽക്കാരിൽ ആരും പുരോഹിതന്മാരെ വധിക്കാൻ തയ്യാറാകാത്തതിനാൽ വിജാതീയനായ ദോയെഗ് തന്നെ ആ ഹീനകൃത്യം നിർവ്വഹിച്ചു. ഭ്രാന്തമായ ഈ നടപടി സൈന്യത്തിന്റെ ആദരവ് നഷ്ടപ്പെടുത്താനും ജനവികാരത്തെ തനിക്കെതിരെ തിരിക്കാനും മാത്രമേ സഹായിച്ചുള്ളൂ. ദോയെഗിന്റെ വഞ്ചനയുമായി 52-ാം സങ്കീർത്തനം ബന്ധപ്പെടുത്തിയിരിക്കുന്നു. ഏലി കുടുംബത്തിനെതിരേ കർത്താവ് അറിയിച്ച ശിക്ഷാവിധി (3,11-14) ഈ കൂട്ടക്കൊലയിലൂടെ നടപ്പിലായി. രക്ഷപ്പെട്ട അബിയാഥർ ദാവീദിന്റെയടുക്കൽ അഭയം പ്രാപിച്ചു. (22,20-23). "എന്റെ ജീവൻ അപഹരിക്കാൻ നോക്കുന്നവൻ നിന്റെയും ജീവൻ അന്വേഷിക്കുന്നു. എന്റെ അടുക്കൽ നീ സുരക്ഷിതനായിരിക്കും" (22,23) എന്ന പ്രസ്താവന ഇതിനുമുമ്പ് ദാവീദിനോട് ചേർന്നവരും ഇപ്രകാരമുള്ള സാഹചര്യങ്ങളിലായിരിക്കും ഒളിച്ചോടാൻ നിർബന്ധിതരായത് എന്ന് സൂചിപ്പിക്കുന്നു. ദൈവഹിതം അറിയാൻ സഹായിക്കുന്ന എഫോദും അബിയാഥർ കൂടെ കൊണ്ടുവന്നത് ദാവീദിനു ഏറെ സഹായമായി. പുരോഹിതനും പ്രവാചകനും കർത്താവിന്റെ സാന്നിധ്യവും ദാവീദിനു കൂട്ടായപ്പോൾ ഇതെല്ലാം നഷ്ടപ്പെട്ട സാവൂൾ കൂടുതൽ ഏകനും പരിത്യക്തനുമായി തീർന്നു.

### e. പീഡിതർക്കു മോചകൻ 23,1-13

സാവൂളിനെ ഭയന്ന് ഒളിവിൽ കഴിഞ്ഞപ്പോഴും പീഡിതരായ സ്വന്തം ജനത്തിന്റെ സഹായത്തിനെത്താൻ ദാവീദു തയ്യാറായി. അദുല്ലാം ഗുഹയിൽ നിന്ന് ഏകദേശം 5 കിലോമീറ്റർ തെക്കു സ്ഥിതിചെയ്യുന്ന നഗരമാണ് കെയ്‌ലാ. ഫിലിസ്ത്യരുടെ അക്രമണത്തിനിരയായ ആ നഗരത്തെ തന്റെ ഒളിപ്പോരാളികളുടെ സഹായത്തോടെ ദാവീദു രക്ഷിച്ചു. എന്നാൽ ആ നഗരത്തിലും തനിക്ക് സംരക്ഷണം ലഭിക്കുകയില്ല എന്നു മനസ്സിലാക്കിയപ്പോൾ വീണ്ടും ഒളിച്ചോട്ടം തുടർന്നു. പ്രാർത്ഥനയിലൂടെ നിരന്തരം കർത്താവിന്റെ ഹിതം തേടുന്ന ദാവീദിനെയാണ് ഇവിടെ നാം കാണുന്നത്. തന്റെ യുദ്ധതന്ത്രങ്ങളോ, സൈന്യശക്തിയോ അല്ല, കർത്താവാണ് വിജയം നല്കുന്നതെന്നും അവിടുത്തെ ഹിതമനുസരിച്ച് മാത്രമാണ് താൻ പ്രവർത്തിക്കേണ്ടതെന്നും ഉള്ള ഉത്തമ ബോധ്യം ദാവീദിനു



ണ്ടായിരുന്നു. ഈ ബോധ്യമാണ് പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടുപോകാൻ അവനെ സഹായിച്ചത്.

### 1. പ്രതികാരം ചെയ്യാത്തവൻ 23,14-24, 22; 26,1-25

ഹെബ്രോണിൽ നിന്ന് 8 കി.മീ തെക്ക് മരുഭൂമിയിലുള്ള ഒരു ചെറു നഗരമായിരുന്നു സീഫ്. ഈ നഗരത്തിൽ നിന്നാണ് ആ പ്രദേശത്തെ മരുഭൂമിക്ക് 'സീഫ്' എന്ന പേരു ലഭിച്ചത്. മരുഭൂമിയിലെ ഗുഹയിൽ ഭയന്ന് ഒളിച്ചിരുന്ന ദാവീദിനെ ജോനാഥാൻ രഹസ്യത്തിൽ വന്നു കണ്ട് ധൈര്യപ്പെടുത്തി. അവർ തമ്മിൽ ചെയ്തിരുന്ന ഉടമ്പടി ഒരിക്കൽകൂടി ആവർത്തിച്ച് ഉറപ്പിച്ചു (23,14-18). ദാവീദ് രാജാവാകും എന്ന ജോനാഥാന്റെ വാക്കുകൾ ഒരു പ്രവചനമായിരുന്നു. താൻ രണ്ടാം സ്ഥാനത്താകുന്നതിൽ അവനു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അവസാനത്തെ കൂടിക്കാഴ്ചയാണിതെന്ന് അപ്പോൾ ഇരുവരും മനസ്സിലാക്കിയില്ല.

സീഫുകാർ ദാവീദിനെ ഒറ്റിക്കൊടുക്കുകയും മൂവായിരം പേരടങ്ങുന്ന സൈന്യവുമായി സാവൂൾ ദാവീദിനെ പിടിക്കാൻ വരുകയും ചെയ്ത സംഭവം രണ്ടുതവണ രേഖപ്പെടുത്തിയിട്ടുണ്ട് (23,19-24;26,1-25). രണ്ടുതവണയും സാവൂളിനെ നിഷ്പ്രയാസം വധിക്കാൻ സൗകര്യം കിട്ടിയപ്പോൾ നിരുപാധികം വെറുതെ വിട്ടുകൊണ്ട് ദാവീദ് തന്റെ നിരപരാധിത്വം തെളിയിക്കുകയും സാവൂൾ അത് അംഗീകരിക്കുകയും കർത്താവിന്റെ നാമത്തിൽ ദാവീദിനു നന്മനേരുകയും ചെയ്തു. ഒരേ സംഭവത്തിന്റെ രണ്ടുവിവരണങ്ങളാണ് ഇതെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. വിശദാംശങ്ങളിലുള്ള വ്യത്യാസങ്ങൾ വിവരണകർത്താക്കൾ നല്കുന്ന ഊന്നലുകളെ സൂചിപ്പിക്കുന്നതാവാം. 54,59 സങ്കീർത്തനങ്ങൾ ഈ സാഹചര്യവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

കർത്താവാണ് ദാവീദിനു സംരക്ഷണം നല്കിയതെന്ന് രണ്ടു വിവരണങ്ങളിലും എടുത്തുകാട്ടുന്നുണ്ട്. ദാവീദിനെ കുറിച്ച് സിഫ്യലരിൽ നിന്നും വ്യക്തമായ അറിവുകിട്ടിയിട്ടും സാവൂൾ ഉടനെ അവനെ പിടിക്കാൻ പുറപ്പെടാതെ സമയം നഷ്ടപ്പെടുത്തി (23,22-24). പിടികൂടും എന്ന അവസ്ഥയിലെത്തിയപ്പോൾ ഫിലിസ്ത്യർ ദേശം ആക്രമിക്കുന്നു എന്നറിഞ്ഞ് സാവൂളിനു പിന്തിരിയേണ്ടിവന്നു (23,28-29). സാവൂളിന്റെ പാളയത്തിൽ ദാവീദുകടന്നപ്പോൾ സാവൂളിനെയും സൈന്യത്തെയും കർത്താവ് ഗാഢനിദ്രയിൽ ആഴ്ത്തി (26,12). ഇവിടെയെല്ലാം ദാവീദിനു കർത്താവു നല്കിയ സംരക്ഷണം പ്രകടമാകുന്നു.

പ്രതികാരം ചെയ്യാൻ വിസമ്മതിക്കുന്ന ദാവീദിന്റെ ചിത്രമാണ് രണ്ടു വിവരണങ്ങളിലും തെളിഞ്ഞു നില്ക്കുന്നത്. 'കർത്താവിന്റെ അഭിഷിക്തൻ' എന്ന നിലയിൽ സാവൂളിനെ ദാവീദ് ബഹുമാനിച്ചു (24,6;26,9). അയാളുടെ തെറ്റുകൾക്ക് പ്രതികാരം ചെയ്യേണ്ടത് താനല്ല, ദൈവമാണ് എന്ന് ഏറ്റുപറഞ്ഞു (24,12-15;26,23). ദാവീദിന്റെ നീതിബോധത്തിലും ക്ഷമിക്കുന്ന സ്നേഹത്തിലുമുള്ള വിശ്വാസവും രാജത്വത്തോടുള്ള ആദരവും അനുയായികളുടെ ഇടയിൽ വർദ്ധിക്കാൻ ഇത് കാരണമായി.

തനിക്കുശേഷം ദാവീദു രാജാവാകും എന്ന സാവൂളിന്റെ ബോധ്യവും ഈ വിവരണത്തിൽ എടുത്തുകാട്ടുന്നുണ്ട് (24,20;26,25). സാവൂളിന്റെ മേലങ്കിയുടെ അറ്റം മുറിച്ചെടുത്തതും (24,4) സന്തത സഹചാരിയായ കുന്തം എടുത്തതും (26,12) രാജത്വം എടുത്ത് മാറ്റുന്നതിന്റെ പ്രതീകങ്ങളാണ്. തന്റെ തെറ്റ് മനസ്സിലാക്കിയപ്പോൾ പശ്ചാത്താപത്തോടെ അത് ഏറ്റ് പറഞ്ഞ് മാപ്പിരക്കുകയും നഷ്ടപ്പെടുത്തിയ സൗഹൃദം പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയും എന്നാൽ വീണ്ടും വീണ്ടം ആകാരണമായ ഭീതിയ്ക്കിരയായി പഴയ തെറ്റുകൾ ആവർത്തിക്കുകയും ചെയ്യുന്ന ദുർഭഗനായ സാവൂൾ അനുകമ്പയർഹിക്കുന്നു. 'എന്റെ മകനേ, ദാവീദേ, നീ അനുഗ്രഹീതനാണ്; നീ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നീ വിജയിക്കും (26,25) എന്ന് സാവൂൾ ദാവീദിനോടു പറയുന്ന അവസാനത്തെ വാക്കുകൾ അസൂയാലുവും വധോദ്യുക്തനുമായ എതിരാളിയുടെതല്ല, സ്നേഹധനനായ പിതാവിന്റെതാണ്.

ഉള്ളിന്റെയുള്ളിൽ സാവൂൾ ദാവീദിനെ പുത്രനെപ്പോലെ സ്നേഹിക്കുകയും അവന്റെ വളർച്ചയിൽ സന്തോഷിക്കുകയും ചെയ്തിരുന്നു. എന്നാൽ കർത്താവു തന്നെ തിരസ്ക്കരിച്ചിരിക്കുന്നു എന്ന അറിവും രാജത്വം തന്റെ മക്കൾക്കു നഷ്ടപ്പെടും എന്ന ബോധ്യവും വികാരതലത്തിൽ അയാളെ പ്രക്ഷുബ്ധനാക്കി, വികാരങ്ങളും വിചാരങ്ങളും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ വികാരങ്ങളുടെമേലുള്ള ബുദ്ധിയുടെ നിയന്ത്രണം നഷ്ടപ്പെട്ടു; വ്യക്തിത്വത്തിൽതന്നെ പിളർപ്പുണ്ടായി. സംശയത്തിന് പഴുതില്ലാത്ത വിധത്തിൽ വെളിവാക്കപ്പെട്ട ദൈവഹിതത്തെ ചെറുത്തു നില്ക്കാൻ ശ്രമിച്ചത് ഈ ദുരന്തത്തിനു വിധേയത്വവും സാവൂളിനു ലഭിച്ചില്ല. അത് അനിവാര്യമായ ദുരന്തത്തിലേക്കു നയിച്ചു.



### g. വിഡ്ഢിയായ ധനികന്റെ വിവേകവതിയായ ഭാര്യ 25,1-44

സാവൂളിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിക്കുന്നതിനിടയിൽ നടന്ന ഒരു സംഭവമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്. സാമുവേലിന്റെ മരണത്തെക്കുറിച്ച് ഹ്രസ്വമായി സൂചിപ്പിച്ചതിനുശഷം (25,1) ഒളിച്ചോട്ട കാലത്തെ ദാവീദിന്റെ ജീവിതശൈലി വ്യക്തമാക്കുന്ന ഒരു സംഭവം വിവരിക്കുന്നു. ഹെബ്രോണിൽ നിന്ന് ഏകദേശം 10കി.മീ തെക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണമാണ് ഇവിടെ പ്രതിപാദിക്കുന്ന കാർമ്മൽ. അവിടുത്തെ ധനികനായ ആട് വ്യാപാരിയാണ് നാബാൽ. അയാളുടെ സുന്ദരിയും വിവേകിയുമായ ഭാര്യയാണ് അബിഗേൽ. ഇരുവരുടെയും സ്വഭാവത്തെ സൂചിപ്പിക്കുന്നതാണ് പേരുകൾ. നാബാൽ= വിഡ്ഢി; അബിഗേൽ = എന്റെ പിതാവ് സന്തോഷിക്കുന്നു.

ആടുകളുടെ രോമം കത്രിക്കുന്നത് വലിയ ഒരു ഉത്സവമായിരുന്നു. അന്ന് അനേകം വിരുന്നുകാർക്ക് വിഭവസമൃദ്ധമായ സദ്യ നല്കുക പതിവായിരുന്നു. ഈ സാഹചര്യത്തിലാണ് ദാവീദ് തന്റെ സേവകന്മാരെ നാബാലിന്റെ അടുക്കലേക്ക് പറഞ്ഞയച്ചത്. താനും തന്റെ സേവകരും നാബാലിന് യാതൊരു ദ്രോഹവും ചെയ്തിട്ടില്ല എന്നു മാത്രമല്ല, നിരന്തരം സംരക്ഷണം നല്കിയിരുന്നു എന്നും പ്രത്യേകം അനുസ്മരിപ്പിക്കുന്നു (25,7). ഇതേകാര്യം നാബാലിന്റെ ഭൃത്യൻ അബിഗേലിനോട് ഏറ്റുപറയുന്നുമുണ്ട് (25,15-16). ഇസ്രായേലിലെ കർഷകരെയും ഇടയന്മാരെയും സംരക്ഷിക്കുകയും അവരിൽനിന്ന് ലഭിക്കുന്ന സമ്മാനങ്ങൾ ഉപജീവനമാർഗ്ഗമായി സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് ദാവീദും സംഘവും മരുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും ചുറ്റിനടന്നത് എന്ന് ഇവിടെ വ്യക്തമാക്കുന്നു.

ഒളിച്ചോടുന്ന ഒരടിമയെപ്പോലെയാണ് നാബാൽ ദാവീദിനെ പരിഗണിച്ചത്. അവന്റെ ധിക്കാരവും പരിഹാസവും ദാവീദിൽ പ്രതികാര ചിന്തയുണർത്തി. എന്നാൽ അബിഗേലിന്റെ വിവേകപൂർണ്ണമായ നീക്കങ്ങളും സംസാരവും ദാവീദിനെ ആ ഉദ്യമത്തിൽ നിന്നു പിന്തിരിപ്പിച്ചു. ദാവീദ് രാജാവാകുമെന്നും അവന്റെ രാജത്വം നിലനില്ക്കുമെന്നും (25,28-30) ഉള്ള അവളുടെ വാക്കുകൾ ഒരു പ്രവചനമായിരുന്നു. വിരുന്നിന്റെ ലഹരിയിറങ്ങിയപ്പോൾ തന്റെ മൗഢ്യത്തെയും അതുവഴി വിളിച്ചു വരുത്തിയ വലിയ വിപത്തിനെയുംക്കുറിച്ച് ബോധം വന്ന നാബാൽ ഹൃദയാഘാതമേറ്റു മരിച്ചു. കർത്താവ് തന്നെ അവനെ ശിക്ഷിച്ചു. അബിഗേൽ ദാവീദിന്റെ ഭാര്യയാവുകയും ചെയ്തു.

അബിഗേലിനു പുറമെ ജെസ്രേൽകാരി അഹിനോവാമിനെയും ദാവീദു ഭാര്യയായി സ്വീകരിച്ചു. സാവൂൾ മിഖാളിനെ മറ്റൊരാൾക്ക് ഭാര്യയായി നല്കിയത് ദാവീദിന് രാജകുടുംബവുമായുള്ള ബന്ധം വിച്ഛേദിക്കാനും ഭാവിയിൽ അവകാശവാദം ഉന്നയിക്കാൻ അവസരമില്ലാതാക്കാനും വേണ്ടിയായിരുന്നു. മിഖാളിനെ തിരികെ ആവശ്യപ്പെടുന്നത് 2 സാമു 3,13ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നിലധികം ഭാര്യമാരുണ്ടായിരിക്കുക അക്കാലത്ത് സാധാരണമായിരുന്നെങ്കിലും അതിനെതിരെ കർശനമായ താക്കീത് നിയ. 17,17-ൽ കാണാം. അനേകം ഭാര്യമാരും അവരിൽ നിന്ന് ജനിച്ച മക്കളും ദാവീദിന്റെ ജീവിതം ദുഃഖപൂരിതമാക്കുന്നത് പിന്നീട് വിവരിക്കുന്നുണ്ട്.

## 4. സാവൂളിന്റെ അന്ത്യം 27-31, 1 ദിന 1-10

പുസ്തകത്തിന്റെ അവസാനത്തെ അഞ്ച് അദ്ധ്യായങ്ങളിൽ ദാവീദിനെയും സാവൂളിനെയും സംബന്ധിക്കുന്ന കാര്യങ്ങൾ ഒന്നിടവിട്ട് അവതരിപ്പിച്ചിരിക്കുന്നു. കർത്താവിന്റെ ഹിതം അറിയാൻ ശ്രമിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ദാവീദ് എല്ലാ അപകടങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ട് വിജയത്തിൽ നിന്നും വിജയത്തിലേക്ക് മുന്നേറുമ്പോൾ സാവൂൾ ദയനീയമായി പരാജയപ്പെടുകയും ദാരുണമായി വധിക്കപ്പെടുകയും ചെയ്യുന്നു.

### a. ദാവീദ് ഫിലിസ്ത്യരുടെ നാട്ടിൽ 27,1-28,2

അനുഗ്രഹ വചസ്സുകൾ ചൊരിഞ്ഞതിനുശേഷം സമാധാനത്തിലാണ് സാവൂൾ പിരിഞ്ഞതെങ്കിലും (26,25) ഇതുവരെ ഉണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ദാവീദ് അയാളെ വിശ്വസിക്കാൻ തയ്യാറായില്ല. നിരന്തരമായ ഒളിച്ചോട്ടം കൊണ്ടു മടുത്തും ഏതു നിമിഷവും താൻ സാവൂളിന്റെ കൈകളിൽ അകപ്പെടുമെന്ന് ഭയന്നും നാടുവിട്ടു പോകാൻ അവൻ തീരുമാനിച്ചു. വിദേശത്തു വസിക്കുന്നത് കർത്താവിന്റെ അവകാശത്തിൽനിന്ന് പുറന്തള്ളപ്പെടുന്നതിന് തുല്യമാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ (26,19) ഫിലിസ്ത്യരുടെ നാട്ടിലേക്ക് രക്ഷപ്പെടാൻ ദാവീദ് തീരുമാനിച്ചു. ഗത്തു രാജാവായ അക്കീഷിന്റെ അടുക്കലേക്കാണ് അറുനൂറ് അനുചരന്മാരും അവരുടെ കുടുംബങ്ങളും അടങ്ങുന്ന ഒരു വലിയ സംഘവുമായി ദാവീദു പോയത്.

ഒളിച്ചോട്ടത്തിന്റെ ആരംഭത്തിൽ ഗത്തു രാജാവിന്റെ അടുക്കൽ നിന്ന് ഭ്രാന്ത് അഭിനയിച്ച് രക്ഷപ്പെട്ടയാൾ (21,13) വീണ്ടും അങ്ങോട്ടു തന്നെ



ചെല്ലുന്നതിൽ അപകടമില്ലാതില്ല. എന്നാൽ ഇതിനിടയിൽ സാവൂളിന്റെ ശത്രുതയും ദാവീദിന്റെ നിരന്തരമായ ഒളിച്ചോട്ടവും ഫിലിസ്ത്യരുടെ ഇടയിലും അറിയപ്പെട്ടുകഴിഞ്ഞിരുന്നു. തന്നെയുമല്ല, പയറ്റിത്തെളിഞ്ഞ അറുനൂറ് പടയാളികളുമായിട്ടാണ് ദാവീദ് ചെല്ലുന്നത്. അവരുടെ സേവനം സ്വീകരിക്കാൻ ഗത്തു രാജാവ് തയ്യാറായി. ദാവീദിന്റെ അഭ്യർത്ഥന മാനിച്ച് അവർക്ക് വസിക്കാനായി തന്റെ അതിർത്തിക്ക് തെക്കുള്ള സിക്‌ലാഗ് പ്രദേശം വിട്ടുകൊടുക്കുകയും ചെയ്തു. ഫിലിസ്ത്യരുടെ അടുക്കൽ അഭയം തേടിയെന്നറിഞ്ഞ് ദാവീദിനെ അന്വേഷിക്കുന്നതിൽ നിന്ന് സാവൂൾ പിൻതിരിഞ്ഞു.

ഇസ്രായേൽക്കാർക്കെതിരെ ഉപയോഗിക്കാം എന്നു കരുതിയാണ് ദാവീദിനെയും സൈന്യത്തിനെയും അക്കീഷ് സ്വീകരിച്ചത്. അതുതന്നെയാണ് താൻ ചെയ്യുന്നതെന്ന് രാജാവിനെ ധരിപ്പിക്കാൻ പോന്നതായിരുന്നു ദാവീദിന്റെ പ്രവർത്തനങ്ങൾ. ഇസ്രായേൽക്കാർക്ക് നിരന്തരം ഭീഷണിയായിരുന്ന ഗഷൂര്യർ, ഗിർസ്യർ, അമലേക്യർ എന്നീ മരുഭൂമിയിലെ നാടോടികളെ അക്രമിച്ച് നശിപ്പിക്കുന്നതിൽ അവൻ ശ്രദ്ധകേന്ദ്രീകരിച്ചു (27,8). തന്റെ ചെയ്തികൾ ഫിലിസ്ത്യർ അറിയാതിരിക്കാൻവേണ്ടി തോല്പിക്കപ്പെട്ടവരെ മുഴുവൻ ദാവീദ് കൊന്നൊടുക്കിയിരുന്നു. ആരെയും തടവുകാരാക്കിയില്ല. കൊള്ള മുതൽ കാഴ്ചവെച്ചും തെറ്റിധരിപ്പിക്കുന്ന വാർത്തകൾ നല്കിയും (27,10) രാജാവിനെ പ്രീതിപ്പെടുത്തിക്കൊണ്ടിരുന്നു.

ഇസ്രായേലിനോടു യുദ്ധം ചെയ്യാൻ ഫിലിസ്ത്യർ ഒതുങ്ങിയപ്പോൾ ദാവീദിനെയും കൂട്ടരെയും കൂടെക്കൊണ്ടുപോകാനും ദാവീദിനെ അംഗരക്ഷകനാക്കാനും മാത്രം അക്കീഷ് അവനെ വിശ്വസിച്ചു. അത് ദാവീദിനു സ്വന്തം ജനത്തിനെതിരെ യുദ്ധംചെയ്യേണ്ട വലിയൊരു വിനയായി. "അങ്ങയുടെ ദാസന് എന്തുകഴിയും എന്ന് അങ്ങേയ്ക്കു കാണാം" (28,2) എന്ന ദാവീദിന്റെ മറുപടി അവ്യക്തത നിറഞ്ഞതാണ്. യുദ്ധത്തിൽ ദാവീദ് എന്തുചെയ്യും എന്നതിനെക്കുറിച്ച് ആശങ്കനിലനിർത്തിക്കൊണ്ട് വി.ഗ്രന്ഥകാരൻ സാവൂളിലേക്ക് ശ്രദ്ധതിരിക്കുന്നു.

### b. സാവൂളിന്റെ അന്ത്യഅത്താഴം 28,3-25

29-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന സംഭവങ്ങൾക്കുശേഷം നടന്നതാണ് ഇവിടെ വിവരിക്കുന്ന സംഭവം. ദാവീദിനെയും സാവൂളിനെയും സംബന്ധിക്കുന്ന കാര്യങ്ങൾ ഇടകലർത്തി അവതരിപ്പിക്കാൻവേണ്ടിയാവാം ഇത് ആദ്യമേ വിവരിക്കുന്നത്. എല്ലാ സഹായവും നിഷേധി

ക്കപ്പെട്ട് നിരാശനും ഭയചകിതനുമായിട്ടാണ് സാവൂൾ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. സാമുവേലിന്റെ മരണത്തെക്കുറിച്ചുള്ള സൂചന (28,3) സംഭവിക്കാൻ പോകുന്ന അവരുടെ കണ്ടുമുട്ടലിന് വഴിയൊരുക്കുന്നു. ഫിലിസ്ത്യരുമായി ഇതുവരെ നടത്തിയ യുദ്ധങ്ങളിലെല്ലാം വിജയം വരിച്ച സാവൂൾ ഇപ്പോൾ ആദ്യമായി അവരെ ഭയപ്പെട്ടു. സാവൂളിന്റെ നഗരമായ ഗിബെയായിൽ നിന്ന് ഏകദേശം ആറു കിലോമീറ്റർ വടക്ക്, കാനാൻ ദേശത്തിന്റെ മധ്യഭാഗത്തുള്ള ജെസ്രേൽ താഴ്‌വരയിലാണ് ഇത്തവണ ഫിലിസ്ത്യർ പാളയമടിച്ചത്. കുതിരകളെയും രഥങ്ങളെയും ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന ഭൂപ്രദേശമായിരുന്നു അത്. ഇസ്രായേലിനെ രണ്ടായി വെട്ടിമുറിക്കുകായിരുന്നു ഫിലിസ്ത്യരുടെ ലക്ഷ്യം. ഇതുവരെ ചെയ്തതുപോലെ മിന്നലാക്രമണത്തിലൂടെ അവരെ തോല്പിക്കുക എളുപ്പമായിരുന്നില്ല. യുദ്ധസ്ഥലം തിരഞ്ഞെടുക്കാൻ സാവൂളിനു കഴിഞ്ഞതുമില്ല. എന്നാലും അവരെ നേരിടാനായി സാവൂൾ ഏകദേശം പത്തു കിലോമീറ്റർ തെക്കുള്ള ഗിൽബോവാക്കുന്നിൽ പാളയമടിച്ചു.

യുദ്ധം തുടങ്ങുന്നതിനു മുമ്പേ കർത്താവിന്റെ ഹിതം ആരായാൻ തനിക്കു ലഭ്യമായിരുന്ന സകലമാർഗ്ഗങ്ങളും സാവൂൾ ഉപയോഗിച്ചു. സ്വപ്നം. ഉറീം, പ്രവാചകൻ, എന്നീ മൂന്നു മാധ്യമങ്ങൽ പ്രത്യേകം എടുത്തു പറയുന്നു (28,6). എന്നാൽ ഉത്തരം ലഭിച്ചില്ല. അപ്പോഴാണ് അവസാനക്കൈ എന്നതുപോലെ മരിച്ചുപോയ സാമുവേലിനെ വിളിച്ചുവരുത്തി ഉപദേശം തേടാനായി എൻദോറിലെ മന്ത്രവാദിനിയെ സമീപിച്ചത്. ഫിലിസ്ത്യർ പാളയമടിച്ച ഷൂനേമിൽ നിന്ന് ഏകദേശം ആറു കിലോമീറ്റർ തെക്കുകിഴക്കാണ് എൻദോർ. ആഭിചാരക്കാരെയും മന്ത്രവാദികളെയും നാട്ടിൽ നിന്ന് സാവൂൾ തന്നെ ഉന്മൂലനം ചെയ്തിരുന്നു (28,3) എന്ന പ്രസ്താവനയുടെ വെളിച്ചത്തിൽ ഈ പ്രവൃത്തിയുടെ പ്രധാന്യം കൂടുതൽ വ്യക്തമാകുന്നു.

എൻദോറിലെ മന്ത്രവാദിനി സാമുവേലിനെ വിളിച്ചുവരുത്തി എന്ന സൂചന ഇന്നും വിവാദ വിഷയമാണ്. മരിച്ചവരെ മാന്ത്രികശക്തിയാൽ തിരിച്ചുകൊണ്ടു വരാൻ സാധിക്കുമോ? മരിച്ചവരിൽ നിന്ന് ജീവിച്ചിരിക്കുന്നവർക്കു സന്ദേശം ലഭിക്കുമോ? എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് ഈ വിവരണത്തിൽ നിന്ന് വ്യക്തമായ ഉത്തരം ലഭിക്കുകയില്ല. ഇതൊക്കെ സാധ്യമാണെന്ന് അക്കാലത്തു ജീവിച്ചിരുന്നവർ വിശ്വസിച്ചിരുന്നു. ഇന്നും വിശ്വസിക്കുന്നവരുണ്ട്. എന്നാൽ ഇത് ഇസ്രായേലിന് നിഷിദ്ധമാണെന്ന് കർശനമായി വിലക്കിയിട്ടുണ്ട് (നിയ 18,10-14). മരിച്ചവരുടെ ആത്മാക്കളു



മായി മന്ത്രവാദികൾ ബന്ധപ്പെടുകയും അവരിൽനിന്ന് ലഭിക്കുന്ന സന്ദേശങ്ങൾ ആവശ്യക്കാരനെ അറിയിക്കുകയുമാണ് സാധാരണ ചെയ്യുക. ഇപ്രകാരം മരിച്ചവരിൽ നിന്ന് സന്ദേശം സ്വീകരിക്കുന്നവരെ മൃതസന്ദേശവാഹകൻ (medium) എന്നു വിളിക്കുന്നു.

അബോധമനസ്സിന്റെ പ്രവർത്തനമാണ് പലപ്പോഴും മരിച്ചവരുടെ സന്ദേശമായി അവതരിപ്പിക്കുന്നത്. ചിലപ്പോൾ അതു പൈശാചിക പ്രവർത്തനവുമാകാം. ഇവിടെ മന്ത്രവാദിനി സാമുവേലിനെ കണ്ടെങ്കിലും സന്ദേശം അവർ വഴിയല്ല, നേരിട്ടാണ് സാവൂളിനു ലഭിക്കുന്നത്. കേൾക്കുന്ന സന്ദേശമാകട്ടെ താൻ ആഗ്രഹിച്ചതിനു കടകവിരുദ്ധവും. സ്വപ്നത്തിലൂടെയും ദർശനങ്ങളിലൂടെയും തന്റെ സന്ദേശം മനുഷ്യരെ അറിയിക്കുന്ന ദൈവം ഏറ്റം നിർണ്ണായകമായ നിമിഷത്തിൽ തന്റെ ശിക്ഷാവിധി സാവൂളിനെ അറിയിച്ചു എന്നു മാത്രമേ ഈ വിവരണത്തെക്കുറിച്ചു പറയാനാവൂ. മനസ്സിന്റെ സമനില പണ്ടേ നഷ്ടപ്പെട്ട സാവൂളാണ് ഇപ്പോൾ മരണഭീതിയിൽ അകപ്പെട്ട് ഉപദേശം തേടുന്നത് എന്നും ഓർക്കണം.

‘നീ എന്നെ വിളിച്ചുവരുത്തി ശല്യപ്പെടുത്തിയതെന്തിന്? (28,15) എന്ന ശകാരവുമായിട്ടാണ് സാമുവേൽ സംഭാഷണം ആരംഭിച്ചത്. സാവൂളിന്റെ നിസ്സഹായാവസ്ഥയും ഭീതിയും ഒന്നും സാമുവേലിൽ യാതൊരനുകമ്പയും ഉളവാക്കുന്നില്ല; മാറ്റമില്ലാത്ത ശിക്ഷാവിധി മാത്രമാണ് അറിയിക്കാനുള്ളത്: കർത്താവിന്റെ ഹിതം അനുസരിക്കാതെ നിരന്തരം അവിശ്വസ്തനായി പ്രവർത്തിച്ചതിനാൽ സാവൂളിന്റെയും പുത്രന്മാരുടെയും മേൽ കർത്താവ് മരണശിക്ഷ വിധിച്ചു കഴിഞ്ഞു. അത് ഉടനെ നടപ്പിലാക്കും എന്ന അറിവ് സാവൂളിനെ അസ്തപ്രജ്ഞനാക്കി. മന്ത്രവാദിനിയുടെയും ഭൃത്യന്മാരുടെയും നിർബന്ധത്തിനു വഴങ്ങി എണീറ്റിരുന്ന് സാവൂൾ അവളൊരുക്കിയ ഭക്ഷണം കഴിച്ചു. അത് അയാളുടെ അന്ത്യ അത്താഴമായിരുന്നു. ഭക്ഷണം കഴിച്ചു കഴിഞ്ഞ് രാത്രിയിൽ അവർ തിരിച്ചു പോയി.

സാമുവേലും സാവൂളും തമ്മിൽ നടന്ന ആദ്യത്തേതും അവസാനത്തേതുമായ രണ്ടു കണ്ടുമുട്ടലുകൾ തമ്മിൽ വലിയ സാമ്യമുണ്ട്. ഉപദേശം തേടിയാണ് രണ്ടുതവണയും സാവൂൾ സാമുവേലിനെ സമീപിച്ചത്. ആദ്യത്തേത് രാജാഭിഷേകത്തിലും അവസാനത്തേത് മരണശിക്ഷയിലും കലാശിച്ചു. ആദ്യസമാഗമത്തിൽ സാമുവേൽ ഒരുക്കിയ വിരുന്നിൽ

സാവൂളിനു പ്രമുഖസ്ഥാനവും മുഖ്യാതിഥിയുടെ അവകാശമായി മാറ്റി വെച്ചിരുന്ന കാല്ക്കുറകും ലഭിച്ചു. അവസാനത്തെ കണ്ടുമുട്ടലിൽ മന്ത്ര വാദിനിയൊരുക്കിയ വിരുന്ന് കൊലച്ചോറായിത്തീർന്നു. ആദ്യസമ്മേളനം കഴിഞ്ഞ് പ്രഭാതത്തിലാണ് സാവൂൾ പിരിഞ്ഞത്. അവസാനത്തെ സമ്മേ ളനത്തിനുശേഷം രാത്രിയുടെ അന്ധകാരത്തിലേക്കാണ് സാവൂൾ പോയ ത്. സുനിശ്ചിതമായ മരണത്തിലേക്ക്. ഏല്പിച്ച ദൗത്യത്തിൽ ദയനീയ മായി പരാജയപ്പെട്ടതിന്റെ ഫലമാണിത്.

### c. ദാവീദിന്റെ വിജയം 29,1–30,30

സ്വന്തം ജനത്തിനെതിരേ യുദ്ധം ചെയ്യാൻ ദാവീദു നിർബന്ധിത നാകുമോ എന്ന സംശയത്തിന് ഇവിടെ അറുതി വരുന്നു. ഇസ്രായേൽക്കാ രോടു ചേർന്ന് തങ്ങൾക്കെതിരേ യുദ്ധം ചെയ്തേക്കും എന്നു ഭയന്ന് ഫിലിസ്ത്യപ്രഭുക്കന്മാർ ദാവീദിനെയും അനുചരന്മാരെയും പുറന്തള്ളി (29,1–5). ഗത്യന്തരമില്ലാതെ വന്നതിനാൽ അക്കീഷ് ക്ഷമാപണത്തോടെ അവരെ തിരിച്ചയച്ചു (29,6–11). അങ്ങനെ ഫിലിസ്ത്യരുടെ ശത്രുത നേടാ തെയും സ്വന്തം ജനത്തെ ദ്രോഹിക്കാൻ ഇടവരാതെയും ദാവീദ് രക്ഷ പ്പെടാൻ കർത്താവ് ഇടവരുത്തി.

യുദ്ധത്തിൽ പങ്കെടുക്കാതെ മടങ്ങിവന്നത് മറ്റൊരുതരത്തിലും ദൈവികപരിപാലനയുടെ ഭാഗമായിരുന്നു എന്ന് സ്വദേശത്തു മടങ്ങിവ ന്നപ്പോൾ മനസ്സിലായി. അമലേക്യർ തങ്ങളുടെ വീടുകൾ അഗ്നിക്കിര യാക്കുകയും കുടുംബാഗങ്ങളെ പിടിച്ചുകൊണ്ടു പോവുകയും ചെയ്ത താണ് അവർ കണ്ടത്. അനുചരന്മാർ ദാവീദിനെ കല്ലെറിയാൻ ശ്രമിച്ചെ ങ്കിലും കർത്താവ് അവന്റെ രക്ഷയ്ക്ക് ഉണ്ടായിരുന്നു (30,1–10). രോഗി യായതിനാൽ വഴിയിൽ ഉപേക്ഷിക്കപ്പെട്ട ഒരു ഈജിപ്തുകാരൻ അമ ലേക്യരുടെ പാളയത്തിലേക്ക് ദാവീദിനെയും കൂട്ടരെയും വഴിനയിക്കാൻ കർത്താവ് ഇടയാക്കി. അമലേക്യരെ കൊന്നൊടുക്കി തങ്ങളുടെ ബന്ധു ജനങ്ങളെ സ്വതന്ത്രരാക്കാനും പാളയം കൊള്ളയടിക്കാനും ദാവീദിനും കൂട്ടർക്കും നിഷ്പ്രയാസം സാധിച്ചു (30,11–20).

കൊള്ളവസ്തുക്കൾ പങ്കുവെയ്ക്കുന്നതിലുണ്ടായ തർക്കത്തിൽ തികച്ചും നീതിയുക്തമായ തീരുമാനമാണ് ദാവീദ് കൈക്കൊണ്ടത്. 'യുദ്ധ ത്തിനു പോകുന്നവന്റെയും ഭാണ്ഡം സൂക്ഷിക്കുന്നവന്റെയും ഓഹരി സമമായിരിക്കണം' (30,24) എന്ന തീരുമാനം ഇസ്രായേലിൽ ഒരു നിയമ മായിത്തീർന്നു. കൊള്ളവസ്തുക്കളിൽ ഒരു ഭാഗം യൂദായിലെ വിവിധ



നഗരങ്ങളിലേക്ക് കൊടുത്തയച്ചുകൊണ്ട് ദാവീദ് അവരോടുള്ള തന്റെ നന്ദി പ്രകടമാക്കി. താൻ അലഞ്ഞുനടന്നകാലത്ത് അഭയം നല്കിയ നഗരവാ സികൾക്കാണ് ദാവീദ് സമ്മാനങ്ങൾ കൊടുത്തയച്ചത്. യൂദാനിവാസി കൾക്ക് ദാവീദിനോട് മതിപ്പും ആദരവും തോന്നാൻ ഇതു കാരണമായി. അങ്ങനെ യുദ്ധം ജയിച്ച്, കൊള്ളമുതൽ പങ്കുവെച്ച്, ജനപ്രീതിനേടിയ രാജാവായിട്ടാണ് പുസ്തകത്തിന്റെ അവസാനത്തിൽ ദാവീദു പ്രത്യക്ഷ പ്പെടുന്നത് രാജത്വത്തിലേക്ക് ഇനിയൊരു പടിയേ കടക്കാനുള്ളൂ.

### d. സാവൂളിന്റെയും പുത്രന്മാരുടെയും മരണം 31,1–13

യുദ്ധം തുടങ്ങുന്നതിനു മുമ്പുതന്നെ ഫലം നിർണ്ണയിച്ചുകഴിഞ്ഞി രുന്നു. ദൈവത്തിൽ നിന്നും മരണശിക്ഷാവിധി ഏറ്റുവാങ്ങികൊണ്ടാണ് സാവൂൾ പടക്കളത്തിലേക്ക് പോയത്. എന്നാലും ധീരമായി പൊരുതി; മാരകമായ മുറിവേറ്റപ്പോൾ ശത്രുക്കളാൽ അപമാനിതനാകാതെയിരി ക്കാൻ വേണ്ടി സ്വന്തം വാളിൽ വീണ് ജീവനൊടുക്കി. ജോനാഥാനടക്കം സാവൂളിന്റെ മൂന്ന് പുത്രന്മാർ യുദ്ധത്തിൽ മരിച്ചു. ഇസ്രായേൽ സൈന്യം ചിതറി. തങ്ങളുടെ ദേവന്മാർ യുദ്ധത്തിൽ വിജയിച്ചിരിക്കുന്നു എന്ന വാർത്ത ഫിലിസ്ത്യർ നാട്ടിൽ മുഴുവൻ പ്രസിദ്ധപ്പെടുത്തി. 'വിഗ്രഹങ്ങളെ സദ്വാർത്ത അറിയിക്കുക' എന്ന പ്രയോഗത്തിൽ ഹാസ്യമുണ്ട്. ക്ഷേത്ര ങ്ങളിൽ നിന്നും വിജയത്തിന്റെ വിവരം വിളിച്ചറിയിച്ചു എന്നാണ് ഇതിന്റെ അർത്ഥം. എങ്കിലും ദൂതന്മാർ വഴിയാണ് വിഗ്രഹങ്ങൾ വാർത്ത അറിയു ന്നത് എന്ന കാഴ്ചപ്പാട് വിഗ്രഹങ്ങളുടെ വ്യർത്ഥതയെയും അജ്ഞത യെയും സൂചിപ്പിക്കുന്നു.

സാവൂളിന്റെയും പുത്രന്മാരുടെയും പടച്ചട്ട ഫിലിസ്ത്യർ അഴിച്ചെ ടുത്തു: തലവെട്ടിയെടുത്തു; കബന്ധങ്ങൾ നഗരഭിത്തിയിൽ കെട്ടിത്തൂക്കി; ആയുധങ്ങൾ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് വിജയം ആഘോഷിച്ചു. എന്നാൽ യാബെഷ് ഗിലയാദിലെ ധീരയോദ്ധാക്കൾ, ജീവൻ തൃണവൽഗ ണിച്ച്, രാത്രിമുഴുവൻ യാത്രചെയ്തു വന്ന്, സാവൂളിന്റെയും പുത്രന്മാരു ടെയും മൃതദേഹങ്ങൾ എടുത്തുകൊണ്ടുപോയി ദഹിപ്പിച്ചു; അസ്ഥികൾ മാന്യമായി സംസ്കരിച്ചു. അവർക്കുവേണ്ടിയായിരുന്നു സാവൂൾ ആദ്യമേ പടക്കളത്തിലിറങ്ങിയത് (11,1–11). അതിന് അവർ നന്ദി പ്രകടിപ്പിച്ചു.

ഒരു രാജാവുണ്ടായാൽ തങ്ങൾക്കു രക്ഷകിട്ടും എന്ന ജനത്തിന്റെ സ്വപ്നം പൊലിഞ്ഞുപോയി. രാജഭരണം എന്ന പരീക്ഷണം പരാജയ പ്പെട്ടു. തുടക്കത്തിലേക്ക് വീണ്ടും മടങ്ങിയതുപോലെയായി. നിരാശാഭരി

തവും ശോകമൂകവുമായ ഈ ചിത്രത്തോടെയാണ് സാമുവേലിന്റെ ഒന്നാം പുസ്തകം അവസാനിക്കുന്നത്. എന്നാൽ എല്ലാം നഷ്ടപ്പെട്ടിട്ടില്ല എന്നും കർത്താവ് തനിക്കിഷ്ടപ്പെട്ടവനിലൂടെ തന്റെ ജനത്തെ രക്ഷിക്കുമെന്നും 30-ാം അദ്ധ്യായത്തിൽ വിവരിച്ച ദാവീദിന്റെ വിജയവും പ്രശസ്തിയും സൂചിപ്പിക്കുന്നു.

**e. 1 ദിനവൃത്താന്തം 1-10**

സാവൂളിന്റെയും പുത്രന്മാരുടെയും മരണത്തെക്കുറിച്ച് ദിനവൃത്താന്ത പുസ്തകത്തിലും വിവരിക്കുന്നുണ്ട്. പ്രവാസത്തിൽ നിന്നു മടങ്ങി വന്നവർ രചിച്ച ഇസ്രായേൽ ചരിത്രമാണ് ദിനവൃത്താന്തങ്ങളുടെ ഉള്ളടക്കം 'വിട്ടുകളഞ്ഞത്' എന്ന് അർത്ഥമുള്ള പാരാലിപ്പോമെനാ (paralipomena) എന്നാണ് ഈ പുസ്തകങ്ങളെ ഗ്രീക്കിൽ വിളിക്കുന്നത്. സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങളിൽ വിവരിക്കുന്ന ചരിത്രം ചില പ്രത്യേക കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് ഇവിടെ ആവർത്തിക്കുന്നത്. ആദാം മുതൽ പ്രവാസത്തിൽ നിന്ന് മടങ്ങി വന്നവർ വരെയുള്ളവരുടെ വംശാവലിയാണ് ആദ്യത്തെ ഒമ്പത് അദ്ധ്യായങ്ങളിൽ വിവരിക്കുന്നത്. സൃഷ്ടികർമ്മത്തിൽ ആരംഭിച്ച ദൈവത്തിന്റെ രക്ഷാകരപദ്ധതി ഇസ്രായേൽ ജനത്തിലൂടെ തുടരുന്നു. അവരുടെ അവിശ്വസ്തത ശിക്ഷകൾ വരുത്തിവെച്ചെങ്കിലും ദൈവം തന്റെ പദ്ധതികൾ അവരിലൂടെ തന്നെ നടപ്പിലാക്കും; സകല ജനതകളും അതിൽ പങ്കുചേരുകയും ചെയ്യും എന്ന ബോധ്യം ഈ വംശാവലിയുടെ ക്രമീകരണത്തിൽ ദൃശ്യമാണ്.

പ്രവാസത്തിൽ നിന്നു മടങ്ങിവന്നവരിൽ പുരോഹിതഗോത്രത്തിന് പ്രത്യേക പ്രാധാന്യം (9,10-27). രാജത്വവും രാഷ്ട്രീയ സ്വാതന്ത്ര്യവും നഷ്ടപ്പെട്ട ഒരു ജനതയെ പുരോഹിതന്മാരാണ് പ്രവാസാന്തര കാലത്തു നയിച്ചത്. ദേവാലയത്തെ കേന്ദ്രീകരിച്ചായിരുന്നു അവർ ജനജീവിതം പടുത്തുയർത്താൻ ശ്രമിച്ചത്. ദൈവരാധനയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങൾ എന്ന ഇസ്രായേൽ ജനത്തിന്റെ അവബോധം നാളിതുവരെയുള്ള തിക്താനുഭവങ്ങളിലൂടെ വ്യക്തത പ്രാപിച്ചതായിരിക്കാം ഇതിനു കാരണം.

വിദേശത്തു പ്രവാസികളായി കഴിയേണ്ടി വന്ന സാഹചര്യങ്ങളാണ് ഗ്രന്ഥകാരൻ വിവരിക്കുന്നത്. മടങ്ങിവന്നവർ മുൻതലമുറകളുടെ അനുഭവത്തിൽ നിന്നു പഠിക്കണമെന്നും വീണ്ടും ഒരു പ്രവാസത്തിന് ഇടയാ



കരുതെന്നും ഈ വിവരണങ്ങൾ ലക്ഷ്യം വയ്ക്കുന്നു. രാജഭരണത്തിന്റെ തുടക്കത്തിലാണ് ചിത്രവിവരണം ആരംഭിക്കുന്നത്. അതിനാൽ സാവൂളിന്റെ പ്രത്യേക പ്രധാന്യം നല്കിയിരിക്കുന്നു (8,33 40;9.35-44).

സാവൂളിന്റെ മരണമാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ വിശദമായി വിവരിക്കുന്ന ആദ്യസംഭവം. 1 സാമു 31ൽ നല്കിയിരിക്കുന്ന വിവരങ്ങൾ ഏതാണ്ട് അതേപടി ഇവിടെയും ആവർത്തിക്കുന്നുണ്ട്. വെട്ടിയെടുത്ത ശിരസുകൾ വിജയസ്മാരകമായി ദാഗോന്റെ ക്ഷേത്രത്തിൽ തൂക്കിയിട്ടു (1 ദിന 10,10) എന്ന പ്രസ്താവന പുതിയ അറിവു നല്കുന്നു. പിടിച്ചെടുത്ത കർത്താവിന്റെ പേടകം ആദ്യമേ പ്രതിഷ്ഠിച്ചതും ദാഗോന്റെ ക്ഷേത്രത്തിലായിരുന്നു. സാവൂളിന്റെ പതനത്തിനു നല്കുന്ന ദൈവശാസ്ത്രപരമായ വിശദീകരണമാണ് (10,13-14) ദിനവൃത്താന്ത ഗ്രന്ഥകാരന്റെ വിലപ്പെട്ട സംഭാവന, അവിശ്വസ്തതയുടെയും ആഭിചാരത്തിന്റെയും പേരിൽ കർത്താവു നല്കിയ ശിക്ഷയാണ് സാവൂളിന്റെ അന്ത്യം കുറിച്ചത്. വിഗ്രഹാരാധനയും ആഭിചാരവും ഉപേക്ഷിച്ച്, പൂർണ്ണഹൃദയത്തോടെ കർത്താവിന്റെ ഹിതം അനുസരിക്കാൻ ഇത് അനുവാചകരെ പ്രേരിപ്പിക്കുന്നു.

## ചോദ്യങ്ങൾ

1. ദാവീദിന്റെയും സാവൂളിന്റെയും രാജാഭിഷേകങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടുപിടിക്കുക.
2. 16-ാം അദ്ധ്യായം സാമുവേലിന്റെ ഒന്നാം പുസ്തകത്തിന്റെ കേന്ദ്രമാണ് വിശദമാക്കുക.
3. ദാവീദ് ഗോലിയാത്തിനെ നേരിടാൻ കാരണമെന്ത്? എങ്ങിനെയാണ് ദാവീദ് വിജയം വരിച്ചത്?
4. ദാവീദ് സാവൂളിന്റെ സേവനത്തിൽ പ്രവേശിച്ചതിന്റെ രണ്ടു വിവരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഏവ?
5. സാവൂൾ ദാവീദിനെ വധിക്കാൻ ശ്രമിച്ചത് എന്തുകൊണ്ട്?
6. ജോനാഥാനും ദാവീദും സഹോദരസ്നേഹത്തിന്റെ ഉത്തമ മാതൃകകളാണ്. സമർത്ഥിക്കുക.
7. ഒളിച്ചോടിയ ദാവീദിനു കിട്ടിയ അപ്പത്തിന്റെയും ആയുധത്തിന്റെയും പ്രാധാന്യവും അതിന്റെ പ്രത്യാഘാതങ്ങളും വിശദീകരിക്കുക.

8. ദാവീദ് സാവൂളിനെ വധിക്കാതെ വിടാൻ കാരണമെന്ത്?
9. വിവേകവതിയായ ഭാര്യയാണ് അബിഗേൽ. സമർത്ഥിക്കുക.
10. എന്തിനുവേണ്ടിയാണ് സാവൂളിനെ രാജാവാക്കിയത്? ആ ലക്ഷ്യം പ്രാപിക്കാൻ സാധിച്ചോ? വിശദമാക്കുക.
11. സാവൂളിന്റെ പതനത്തിന്റെ കാരണങ്ങൾ വിശദമാക്കുക.
12. എന്തായിരുന്നു ദാവീദിന്റെ വിജയത്തിന്റെ രഹസ്യം?
13. എപ്രകാരമാണ് ദാവീദ് ഇസ്രായേൽക്കാരുടെയും ഫിലിസ്ത്യരുടെയും പ്രീതിക്കു പാത്രമായത്?
14. സാമുവേലും സാവൂളും തമ്മിൽ നടന്ന ആദ്യത്തെയും അവസാനത്തെയും കണ്ടുമുട്ടലുകൾ തമ്മിൽ താരതമ്യം ചെയ്യുക.
15. സാവൂളിന്റെ മരണത്തെക്കുറിച്ചുള്ള രണ്ടുവിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.

**ചർച്ചയ്ക്ക്.**

1. ദാവീദും ഗോലിയാത്തും തമ്മിലുള്ള യുദ്ധത്തിൽ നിന്ന് എന്തു പ്രയോഗിക പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?
2. സാവൂളിന്റെ സ്വഭാവ സവിശേഷതകൾ അപഗ്രഥിച്ചു വിലയിരുത്തുക.

**പ്രാർത്ഥന :** 57-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

*******************



I

## ഭാഗം രണ്ട്

# ദാവീദു രാജാവ്

## 2 സാമുവേൽ; 1 ദിന 11–29

സാമുവേലിന്റെ ഒന്നാം പുസ്തകം അവസാനിച്ചിടത്താണ് രണ്ടാം പുസ്തകം ആരംഭിക്കുന്നത്. ഇസ്രായേലിന്റെ ആദ്യരാജാവായ സാവൂളിന്റെ മരണം വരെയുള്ള ചരിത്രം ഒന്നാം പുസ്തകത്തിൽ അവതരിപ്പിച്ചു സാവൂളിന്റെ മരണത്തോടെ ചിതറിപ്പോയ ഇസ്രായേൽ ഗോത്രങ്ങൾ ദാവീദിന്റെ ഭരണത്തിൽ കീഴിൽ ഒരുമിച്ച് ശക്തമായ ഒരു സാമ്രാജ്യമായിത്തീർന്നതിന്റെ ഒരു വിവരണമാണ് സാമുവേലിന്റെ രണ്ടാം പുസ്തകത്തിന്റെ ഉള്ളടക്കം.

ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രിയങ്കരനായ ദാവീദ് മഹത്വത്തിന്റെ പടികൾ ഒന്നൊന്നായി കയറുന്നത് പുസ്തകത്തിന്റെ ആദ്യഭാഗത്ത് (1–10) വിവരിക്കുന്നു. മഹത്വത്തിന്റെ ഉച്ചകോടിയിൽ എത്തിയപ്പോൾ ഉണ്ടായ പ്രലോഭനങ്ങളും വീഴ്ചകളും, അതിനെ തുടർന്നുണ്ടായ പരാജയങ്ങളും നാശനഷ്ടങ്ങളുമാണ് രണ്ടാം ഭാഗത്ത് (11–24) പ്രതിപാദിക്കുന്നത്. സാമുവേലിന്റെ രണ്ടാം പുസ്തകത്തിൽ വിവരിക്കുന്ന ഈ സംഭവങ്ങൾ എല്ലാം തന്നെ ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്തകത്തിലും വിവരിക്കുന്നുണ്ട്. അതിനാൽ ഓരോസംഭവവും പഠനവിഷയമാക്കുമ്പോൾ രണ്ടു പുസ്തകങ്ങളിലെയും വിവരണങ്ങൾ ഒരുമിച്ചു കാണുന്നത് ഉപകാരപ്രദമായിരിക്കും. സാമുവേലിന്റെ പുസ്തകത്തിൽ ദാവീദിന്റെ നേട്ടങ്ങളും പരാജയങ്ങളും ഒരുപോലെ വ്യക്തമായി വിവരിക്കുമ്പോൾ, ദിനവൃത്താന്തഗ്രന്ഥത്തിൽ വീഴ്ചകൾ പലതും വിട്ടുകളയുകയും ചിലപരാജയങ്ങൾക്കു വിശദീകരണങ്ങളും ന്യായീകരണങ്ങളും നല്കുകയും ചെയ്യുന്നതുകാണാം.

# പ്രിയങ്കരനായ രാജാവ്

## 2 സാമു 1-10; ദിന 11-19

ശത്രുക്കളുടെ, പ്രത്യേകിച്ചും ഫിലിസ്ത്യരുടെ, ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാൻ വേണ്ടിയാണ് ഇസ്രായേൽ ജനം ഒരു രാജാവിനെ ആവശ്യപ്പെട്ടത്. എന്നാൽ ആദ്യത്തെ രാജാവിന്റെ മരണത്തോടെ ജനത്തിന്റെ അവസ്ഥ രാജഭരണത്തിനു തൊട്ടു മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ദയനീയമായി. രാജാവും പുത്രന്മാരും പടക്കളത്തിൽ മരിച്ചു വീണു. സൈന്യം ചിതറി, ജനം ഭയന്ന് മാളങ്ങളിൽ ഒളിച്ചു. ഫിലിസ്ത്യർ നാടുകീഴടക്കി. ഈ പ്രതിസന്ധിയിലാണ് ദാവീദ് വീണ്ടും രംഗപ്രവേശം ചെയ്യുന്നത്.

തനിക്കു മുൻകൂട്ടി കാണാനോ നിയന്ത്രിക്കാനോ കഴിയാത്ത സംഭവപരമ്പരകൾ ദാവീദിനെ പടിപടിയായി നേതൃത്വത്തിലേക്കും അധികാരത്തിലേക്കും ഉയർത്തുകയായിരുന്നു. ഓരോ പ്രതിസന്ധിയിലും വിവേകപൂർണ്ണവും ധീരവുമായ നിലപാടുകൾ സ്വീകരിക്കാൻ അദ്ദേഹത്തിനു ദൈവം കഴിവു നല്കി. ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ഒരു രാജഭരണത്തിൽ കീഴിൽ ഒന്നിപ്പിക്കാനും ഇസ്രായേലിനെ ശക്തമായ ഒരു സാമ്രാജ്യമായി ഉയർത്താനും ദാവീദിനു സാധിച്ചു. അദ്ദേഹത്തിന്റെ ഓരോ നീക്കവും ദൈവഹിതത്തിനനുസൃതമായിരുന്നു. ഓരോ തീരുമാനവും ജനത്തിന് ഒന്നിനൊന്ന് പ്രത്യാശയും ധൈര്യവും നല്കുന്നതായിരുന്നു. അങ്ങനെ ദൈവത്തിനും ജനത്തിനും ഒരുപോലെ പ്രിയങ്കരനും തികച്ചും മാതൃകാപുരുഷനുമായ ഒരു രാജാവായിട്ടാണ് ദാവീദ് തന്റെ ഭരണത്തിന്റെ ആദ്യകാലത്തു പ്രത്യക്ഷപ്പെടുന്നത്.

ദാവീദിന്റെ വളർച്ചയുടെയും ഉയർച്ചയുടെയും ചരിത്രം വിവരിക്കുന്ന ഈ അധ്യായങ്ങളെ മൂന്നു ഭാഗമായി തിരിക്കാം.

1. **ദാവീദ് ഇസ്രായേൽ രാജാവ്;**
2. **പേടകവും പ്രവചനവും;**
3. **ദിഗ്വിജയങ്ങൾ.**



# 1 ദാവീദ് ഇസ്രായേൽ രാജാവ്

## 2 സാമു 1-5; ദിന 11,1-9; 14,1-17

രണ്ടു ഘട്ടമായിട്ടാണ് ദാവീദ് ഇസ്രായേൽ ജനത്തിന്റെ മുഴുവൻ രാജാവായിത്തീർന്നത്. ആദ്യഘട്ടത്തിൽ യൂദാഗോത്രം അദ്ദേഹത്തെ രാജാവായി സ്വീകരിച്ചു. തുടർന്നു ജറുസലെം പട്ടണം കീഴടക്കി ഇസ്രായേൽ രാജ്യത്തിന്റെ തലസ്ഥാനമാക്കുകയും ഇസ്രായേലിന്റെ അവകാശ ഭൂമിയിൽ നിന്ന് ഫിലിസ്ത്യരെ തുരത്തുകയും ചെയ്തതോടെ ദാവീദിന്റെ രാജത്വം സുസ്ഥിരമായി.

### 1. ദാവീദ് യൂദാരാജാവ് 1,1-3,5

സാവൂളിന്റെ മരണത്തിനുശേഷം തന്റെ പ്രവാസം അവസാനിപ്പിച്ച് ദാവീദ് യീദാഗോത്രത്തിലെ പ്രമുഖ നഗരമായ ഹെബ്രോണിലേക്കുമടങ്ങി. അവിടെ വച്ച് യൂദാഗോത്രക്കാർ അദ്ദേഹത്തെ തങ്ങളുടെ രാജാവായി അഭിഷേകം ചെയ്തു. എന്നാൽ ഇസ്രായേലിലെ മറ്റു ഗോത്രങ്ങൾ സൈന്യാധിപനായ അബ്നേറിന്റെ നേതൃത്വത്തിൽ സാവൂളിന്റെ മകനായ ഇഷ്ബോഷെത്തിനെ രാജാവായി വാഴിച്ചു. ഇത് ആഭ്യന്തര കലാപത്തിനു വഴിയൊരുക്കി. യൂദാഗോത്രവും മറ്റു ഗോത്രങ്ങളും തമ്മിൽ യുദ്ധമുണ്ടായി. ഈ സംഭവങ്ങളാണ് ആദ്യമേ വിവരിക്കുന്നത്. ഓരോ സംഭവത്തിലും ദാവീദിന്റെ പ്രതികരണം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

### a. സാവൂളിന്റെ മരണം - ദാവീദിന്റെ പ്രതികരണം 1,1-27

1 സാമു 31ൽ വിവരിച്ച സാവൂളിന്റെ മരണം ഇവിടെ വോറൊരു വിധത്തിൽ വിവരിച്ചിരിക്കുന്നു (1,1-16). 1 സാമു 13ൽ വിവരിച്ച അമലേക്യരുമായുള്ള യുദ്ധത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ടാണ് വിവരണം ആരംഭിക്കുന്നത് (2 സാമു 1,1). സാവൂളിന്റെ പാളയത്തിൽ നിന്നു വന്ന അമലേക്യന്റെ കീറിയ വസ്ത്രവും പൊടിനിറഞ്ഞ് ചിതറിയും മുടിയും അയാൾ കൊണ്ടുവരുന്ന ദുഃഖവാർത്തയുടെ സൂചനയാണ്. സാവൂൾ ദാവീദിനെ വധിക്കാൻ ശ്രമിച്ചിരുന്ന കാര്യം അയാൾക്ക് അറിവുണ്ടായിരുന്നു. ഇസ്രായേലിന്റെ ഭാവിരാജാവ് ദാവീദായിരിക്കുമെന്ന് അയാൾ വിശ്വസിക്കുകയും ചെയ്തിരുന്നു. സാവൂളിന്റെ കിരീടവും തോൾ വളയും കാഴ്ച വയ്ക്കുന്നത് ദാവീദിനെ രാജാവായി അംഗീകരിക്കുന്നതിന്റെ പ്രതീകമാണ്.

സാവൂളിന്റെ മകൻ ഇഷ്ബോഷെത്ത് ജീവിച്ചിരുന്നിട്ടും രാജാധികാരത്തിന്റെ ചിഹ്നങ്ങൾ ദാവീദിനു കാഴ്ചവയ്ക്കുന്നതിലൂടെ ഉചിതമായ പാരിതോഷികം അയാൾ പ്രതീക്ഷിച്ചിട്ടുണ്ടാവും. മുറിവേറ്റിട്ടും കുന്തം ഊന്നി നിന്ന സാവൂളിനെ അയാളുടെ അപേക്ഷ അനുസരിച്ച് താൻ തന്നെയാണ് വധിച്ചത് എന്ന അമലേക്യന്റെ പ്രസ്താവനയും ദാവീദിന്റെ അനുഭാവം പിടിച്ചുപറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി പരിഗണിക്കാം. 1 സാമു 31,4ൽ പറഞ്ഞതിന് വിപരീതമാണ് അമലേക്യന്റെ അവകാശവാദം. സാഹചര്യങ്ങൾ മുഴുവൻ പരിഗണിക്കുമ്പോൾ അമലേക്യർ പറഞ്ഞത് നുണയാണെന്ന് കാണാം.

സമ്മാനം കൊതിച്ചുവന്ന അമലേക്യനു തികച്ചും അപ്രതീക്ഷിതമായ പ്രതിഫലമാണ് ലഭിച്ചത്. സാവൂളിനെ ശത്രുവായിട്ടല്ല, ദൈവത്തിന്റെ അഭിഷിക്തനായ ഇസ്രായേൽ രാജാവായിട്ടാണ് ദാവീദ് കണ്ടത്. അതിനാൽ അയാളെ വധിച്ചത് രാജദ്രോഹവും ദൈവദ്രോഹവുമായി കണക്കാക്കി വധശിക്ഷ പ്രസ്താവിച്ചു. ഇവിടെ നീതിമാനായ ന്യായാധിപനായി ദാവീദ് പ്രത്യക്ഷപ്പെടുന്നു. സാവൂളിനെ വധിക്കാൻ പല തവണ അവസരം ലഭിച്ചിട്ടും വെറുതെ വിട്ട ദാവീദ് (1 സാമു 24;26) ഇപ്പോൾ സാവൂളിന്റെ ഘാതകനു വധശിക്ഷ കല്പിക്കുന്നതിലൂടെ രാജത്വത്തോടുള്ള നിസ്സീമമായ ആദരവ് പ്രകടമാക്കുന്നു. കർത്താവിന്റെ അഭിഷിക്തനെന്ന നിലയിൽ രാജാവിനെ ആദരിക്കാൻ ജനത്തിനു പ്രേരണ നല്കുന്നതായിരുന്നു. ഈ ശിക്ഷാവിധി. സാവൂളിനോടു തനിയ്ക്ക് യാതൊരു വിധപകയും ഇല്ലെന്നു മാത്രമല്ല. അയാളെ അങ്ങേയറ്റം സ്നേഹിച്ചിരുന്നുവെന്നും ഇത് ജനങ്ങളെ ബോധ്യപ്പെടുത്തി.

ഈ ബോധ്യം ശക്തിപ്പെടുത്തുന്നതാണ് ദാവീദിന്റെ വിലാപഗാനം (1,17-27). സാവൂളിന്റെയും മകൻ ജോനാഥാന്റെയും മരണത്തിൽ അഗാധ ദുഃഖം പ്രകടിപ്പിക്കുകയും അവരുടെ യുദ്ധനൈപുണ്യവും ധീരസാഹസികതയും പുകഴ്ത്തുകയും ചെയ്യുന്ന ഈ വിലാപഗാനം അവർ തങ്ങൾക്കു നല്കിയ സംരക്ഷണവും തങ്ങൾക്കുവേണ്ടി വരിച്ച മരണവും ജനങ്ങൾ എപ്പോഴും അനുസ്മരിക്കണം എന്ന ഉദ്ദേശത്തോടെ രചിക്കപ്പെട്ടതാണ്. സാവൂളിന്റെ ഒരു മകന്റെ പിന്നിൽ ഇസ്രായേലിലെ മറ്റു ഗോത്രങ്ങൾ അണിനിരന്ന് യൂദായ്ക്കതിരെ യുദ്ധം ചെയ്യുന്ന സാഹചര്യത്തിൽ ഈ ഗാനം യൂദായിലെ ജനങ്ങൾ മനഃപാഠമാക്കി ഉരുവിടണം എന്ന നിർദ്ദേശത്തിന് പ്രത്യേകം പ്രസക്തിയുണ്ട്. സാവൂളും ജോനാഥാനും തങ്ങളുടെ ശത്രുക്കളല്ല. സംരക്ഷകരായിരുന്നു എന്ന് യൂദാഗോത്രവും അനുസ്മരിക്കണം; അവരോട് നന്ദിയുള്ളവരായിരിക്കണം.



ദാവീദു തന്നെ രചിച്ച ഒരു മനോഹരമായ ഗാനമാണിത്. കാവ്യാത്മകമായ ഭാഷ ഉപയോഗിച്ചിരിക്കുന്നതിനാൽ ഇതിൽ കാണുന്ന പ്രതീകങ്ങളെയും ആലങ്കാരിക പ്രയോഗങ്ങളെയും അക്ഷരാർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. 'ശക്തന്മാർ നിപതിച്ചതെങ്ങനെ?' എന്ന് ഗാനത്തിന്റെ ആരംഭത്തിലും (1,19) അവസാനത്തിലും (1,27) ആവർത്തിച്ചുകൊണ്ട് ഗാനത്തിന്റെ പ്രമേയം വ്യക്തമാക്കുന്നു.

ഗത്ത്, അഷ്ക്കെലോൺ എന്നിവ ഫിലിസ്ത്യ നഗരങ്ങളാണ്. അവിടെ ഈ മരണവാർത്ത അറിയിക്കരുത് എന്ന് പറയുന്നത് ഇസ്രായേലിന്റെ പരാജയങ്ങൾ ഫിലിസ്ത്യർ സന്തോഷിക്കാൻ ഇടയാകരുതെന്ന് സൂചിപ്പിക്കുന്നു. ഫിലിസ്ത്യ പുത്രിമാരുടെ സന്തോഷം ഇസ്രായേൽ കന്യകമാർ ഗോലിയാത്തിന്റെ മരണത്തിൽ ആഹ്ലാദിച്ചതിനെ (1 സാമു 18,6-7) അനുസ്മരിപ്പിക്കുന്നു. സാവൂളിന്റെയും പുത്രന്റെയും മരണത്തെക്കുറിച്ച് വിലപിച്ചതിനുശേഷം (1,19-21) അവരുടെ ധീരതയെയും അവർ നേടിയ വിജയങ്ങളെയും പ്രകീർത്തിക്കുന്നു (1,22-23). തുടർന്ന് സാവൂൾ നല്കിയ സംരക്ഷണത്തെ അനുസ്മരിപ്പിച്ചുകൊണ്ട് അയാളെ ഓർത്ത് വിലപിക്കാൻ ഇസ്രായേൽ സ്ത്രീകളെ ആഹ്വാനം ചെയ്യുന്നു (1,24-25). ജോനാഥാനുമായുള്ള ഗാഢമായ സ്നേഹബന്ധത്തെ ഓർത്ത് വിലപിച്ചു കൊണ്ടാണ് (1,26) ഗാനം സമാപിക്കുന്നത്.

ഈ ഗാനത്തിൽ ദൈവത്തെയോ അവിടുത്തെ രക്ഷാകര പ്രവൃത്തിയെയോക്കുറിച്ച് ഒരു പരാമർശവുമില്ല. ശക്തനായ നേതാവിന്റെയും ഉറ്റ സുഹൃത്തിന്റെയും മരണത്തിലുള്ള ദുഃഖമാണ് ഗാനത്തിൽ ഉടനീളം തുടിച്ചു നില്ക്കുന്നത്. ജോനാഥാനോടുള്ള സ്നേഹവും സാവൂളിനോടുള്ള ആദരവും ഗാനത്തിൽ നിറഞ്ഞു നില്ക്കുന്നു. യാഥാർത്ഥ്യ ബോധം വെടിഞ്ഞുകൊണ്ടുള്ള മുഖസ്തുതിയല്ല ഈ ഗാനമെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. സാവൂൾ തന്നെ സ്നേഹിച്ചിരുന്നെന്ന് ദാവീദ് കരുതുന്നില്ല. എന്നാൽ അതിന്റെ പേരിൽ ദാവീദ് അയാളെ കുറ്റപ്പെടുത്തുന്നതുമില്ല.

**വിചിന്തനം**: ശത്രുവിന്റെ പരാജയത്തിൽ സന്തോഷിക്കുകയോ അതിനെ തന്റെതന്നെ ഉയർച്ചയ്ക്കുള്ള അവസരമായി കരുതുകയോ ചെയ്യാതെ, ആത്മാർത്ഥമായി ദുഃഖിക്കുകയും പരാജിതന്റെ നന്മകൾ വസ്തുനിഷ്ഠമായി എണ്ണിപ്പറയുകയും ചെയ്യുന്ന ദാവീദ് ക്ഷമിക്കുന്ന സ്നേഹത്തിന്റെ ഉത്തമ മാതൃകയാണ്. ഒരാളുടെ ഏതെങ്കിലും ഒരു ബലഹീനതയുടെയോ

വീഴ്ചയുടെയോ പേരിൽ അയാൾ ചെയ്തിട്ടുള്ള നന്മകൾ മറക്കരുതെന്നും ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു. എതിരാളിയുടെ പരാജയത്തിൽ ആഹ്ലാദിക്കുന്നവർ തങ്ങളുടെതന്നെ പതനത്തിന് കളമൊരുക്കുകയും; ആത്മാർത്ഥമായി സഹതപിക്കുന്നവരാകട്ടെ തങ്ങളുടെ വിജയത്തിന് വഴിയൊരുക്കും. മുറിവേറ്റവരെ വീണ്ടും മുറിപ്പെടുത്തരുത്, പരാജിതനെ പരിഹസിക്കുകയുമരുത്.

## b. ദാവീദിന്റെ രാജാഭിഷേകം 2,1-7

സാവൂളിന്റെ മരണത്തോടെ ദാവീദിനു നേരെ ഉണ്ടായിരുന്ന വധഭീഷണി അവസാനിച്ചു. തന്നെയുമല്ല, രാജത്വത്തിലേക്കുള്ള അയാളുടെ വഴിതുറക്കുകയും ചെയ്തു. എന്നാലും സ്വന്തം താത്പര്യം അനുസരിച്ച് രാജാവാകാൻ ശ്രമിക്കുകയല്ല ദാവീദ് ചെയ്തത്. ആദ്യമേ ദൈവഹിതം അന്വേഷിച്ചറിഞ്ഞു. പുരോഹിതൻ അബിയാഥർ എഫോദ് ഉപയോഗിച്ച് (1 സാമു 23,9) അതിനു സഹായിച്ചിട്ടുണ്ടാവണം. കർത്താവു നല്കിയ നിർദ്ദേശം അനുസരിച്ച് യൂദായിലെ ഹെബ്രോണിലേക്ക് ദാവീദ് കുടുംബ സമേതം തന്റെ അനുചരന്മാരെയും കൂട്ടി പോയി, അവിടെ വാസമുറപ്പിച്ചു. പൂർവ്വപിതാക്കന്മാരുടെ ശവകുടീരം സ്ഥിതിചെയ്തിരുന്ന ഹെബ്രോൺ (ഉൽപ 23,19; 35,27) യൂദാഗോത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട നഗരമായിരുന്നു. ഹെബ്രോണിൽ വാസമുറപ്പിച്ച ദാവീദിനെ യൂദാ ഗോത്രക്കാരാണ് രാജാവായി അഭിഷേകം ചെയ്തത്. ബേദ്ലെഹെമിൽവച്ച് സാമുവേൽ നടത്തിയ അഭിഷേകം (1 സാമു 16,12) രഹസ്യത്തിലായിരുന്നു. ഇവിടെ ജനം ദാവൂദിനെ പരസ്യമായി രാജാവായി അംഗീകരിക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുപ്പും ജനത്തിന്റെ അംഗീകാരവും വഴിയാണ് ദാവീദ് രാജാവായത്.

രാജാവായ ഉടനെ യാബെഷ്ഗിലയാദുകാർക്ക് അയയ്ക്കുന്ന സന്ദേശത്തിൽ (2,5-7) ദാവീദിന്റെ ആത്മാർത്ഥതയും നയതന്ത്ര പാടവവും പ്രകടമാകുന്നു. സാവൂളിനെ മാന്യമായി സംസ്കരിച്ചതിന്റെ പേരിൽ അവരെ പ്രശംസിക്കുമ്പോൾ സാവൂളിനോടും അയാളുടെ സുഹൃത്തുക്കളോടുമുള്ള തന്റെ ആദരവ് വ്യക്തമാക്കുന്നു. ജീവൻ അപകടപ്പെടുത്തിക്കൊണ്ടാണ് യാബെഷ്ഗിലയാദുകാർ ഫിലിസ്ത്യരുടെ കോട്ടയിൽ നിന്ന് സാവൂളിന്റെയും പുത്രന്മാരുടെയും ശരീരം എടുത്തു കൊണ്ടുവന്ന് സംസ്കരിച്ചത് (1 സാമു 31,12). തങ്ങളെ വലിയൊരു അപകടത്തിൽ നിന്നു രക്ഷിച്ച സാവൂളിനോടും കുടുംബത്തോടും അവർ എന്നും വിശ്വസ്തരായിരിക്കും എന്ന് ദാവീദിനറിയാം.



അതേസമയം ധീരന്മാരും വിശ്വസ്തരുമായ അവരുടെ പിൻതുണ ലഭിക്കണം എന്ന് അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. 'നിങ്ങളുടെ യജമാനനായ സാവൂൾ മരിച്ചു; യൂദാ ഭവനം തങ്ങളുടെ രാജാവായി എന്നെ അഭിഷേകം ചെയ്തിരിക്കുന്നു' എന്ന കാര്യമാത്ര പ്രസക്തമായ പ്രസ്താവനയിൽ തന്നോടു ചേരാനുള്ള ഒരു ക്ഷണം അന്തർലീനമായിരിക്കുന്നു. തുടർന്നു വിവരിക്കാൻ പോകുന്ന ആഭ്യന്തരയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രസ്താവനയ്ക്ക് വലിയ പ്രസക്തിയുണ്ട്. മരിച്ചുപോയ യജമാനനോട് എന്നതിനേക്കാൾ രാജാവായിരിക്കുന്ന തന്നോട് വിശ്വസ്തത പുലർത്തുന്നതായിരിക്കും അഭികാമ്യം എന്ന് ദാവീദ് സൂചിപ്പിക്കുന്നു. 'ഞാൻ നിങ്ങളോട് ദയ കാണിക്കും' (2,7) എന്ന വാഗ്ദാനത്തിൽ താമസിയാതെ താൻ ഇസ്രായേലിന്റെ മുഴുവൻ രാജാവാകും എന്ന സൂചനയുണ്ട്.

## c. ആഭ്യന്തരയുദ്ധം 2,8-3,5

സാവൂളിന്റെ സൈന്യാധിപനായ അബ്നേർ സാവൂളിന്റെ മകനായ ഇഷ്ബോഷെത്തിനെ രാജാവായി വാഴിച്ചതോടെ ഇസ്രായേലിൽ രണ്ട് രാജാക്കന്മാരുണ്ടായി. ഇഷ്ബോഷത്ത് എന്ന പേരിന് 'ലജ്ജാകരൻ' എന്നും 'ശക്തൻ' എന്നും അർത്ഥമുണ്ട്. ഫിലിസ്ത്യരെ ഭയന്നാവണം ജോർദ്ദാനു കിഴക്കുള്ള മഹ്നായിം രാജാവിന്റെ ആസ്ഥാനമായി തിരഞ്ഞെടുത്തത്. ദാവീദിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു ഇഷ്ബോഷത്തിന്റെ സ്ഥാനാരോഹണം. ഇവിടെ ദൈവത്തിന്റെ തിരഞ്ഞെടുപ്പോ അഭിഷേകമോ കൂടാതെ സൈന്യാധിപനാണ് അയാളെ രാജാവായി വാഴിച്ചത്. യഥാർത്ഥ അധികാരം അബ്നേറിനായിരുന്നു. രാജാധികാരവും അയാൾ മോഹിച്ചിരുന്നു എന്ന സൂചന പിന്നീടു നല്കുന്നുണ്ട് (3,7).

ഒരു ജനത്തിനു രണ്ടു രാജാക്കന്മാർ എന്ന അവസ്ഥ എത്രനാൾ നീണ്ടു നിന്നു എന്നു വ്യക്തമല്ല. ഇഷ്ബോഷെത്തിന്റെ രണ്ടു വർഷത്തെ ഭരണവും ദാവീദിന്റെ ഏഴര വർഷത്തെ ഭരണവും തമ്മിൽ (2,10-11) പൊരുത്തക്കേടുണ്ട്. ദാവീദിനെ രാജാവാക്കിയ യൂദാ ഗോത്രത്തെ മുഴുവൻ കലാപകാരികളായി കരുതി അവരെ കീഴടക്കാൻ അബ്നേർ ഒരുമ്പെട്ടതോടെ ആഭ്യന്തരയുദ്ധം ആരംഭിച്ചു. ദാവീദിന്റെ സഹോദരിയായ സെയായുടെ മകൻ യൊവാബിന്റെ നേതൃത്വത്തിൽ ദാവീദിന്റെ സൈന്യം. ബെഞ്ചമിൻ ഗോത്രാതിർത്തിക്കുള്ളിലുള്ള ഗിബെയോനിൽ വച്ച്, അബ്നേറിന്റെ സൈന്യവുമായി ഏറ്റുമുട്ടി. ഇരുഭാഗത്തുനിന്നും പന്ത്രണ്ടുപേർ വീതം

ആദ്യം യുദ്ധം ചെയ്തത് (2,13-17) കൂടുതൽ രക്തച്ചൊരിച്ചിലും പിന്നീടുണ്ടാകാവുന്ന പ്രതികാരവും ഒഴിവാക്കാൻ വേണ്ടിയായിരുന്നു. എന്നാൽ ഈ ഏറ്റുമുട്ടലിൽ സകലരും മരിച്ചതിനാൽ വിജയം നശ്ചയിക്കാൻ കഴിഞ്ഞില്ല. 'ഹൽക്കത്ത് ഹസ്സൂറിം' എന്ന പേരിന് 'കല്ലുവയൽ' എന്നും 'വാൾവയൽ' എന്നും അർത്ഥമുണ്ട്. കല്ലുപോലെ ഉറച്ചതീരുമാനത്തോടെ പടയാളികൾ പൊരുതി മരിച്ചതിനാലാവണം ഈ പേരുണ്ടായത്. തുടർന്നുണ്ടായ പോരാട്ടത്തിൽ ദാവീദിന്റെ സൈന്യത്തിനായിരുന്നു ജയം.

അബ്നേറിനെ വധിച്ച് വിജയം ഉറപ്പിക്കാനും ദാവീദിനെ ഇസ്രയേലിന്റെ മുഴുവൻ രാജാവാക്കാനുള്ള ഉദ്ദേശ്യത്തോടെ യൊവാബും സൈന്യവും തോറ്റോടിയവരെ പിൻതുടർന്നു. അസഹേലിന്റെ സാഹസികതയും മരണവും (2,18-23) പിന്നീടുണ്ടായ സംഭവ വികാസങ്ങളിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നു. അബ്നേറിന്റെ സമയോചിതവും വിവേക പൂർണ്ണവുമായ യാചന (2,26) യുദ്ധത്തിനു തത്കാലത്തേയ്ക്കു വിരാമമിട്ടു. എന്നാൽ യൊവാബ് തന്റെ സഹോദരന്റെ രക്തത്തിന് പ്രതികാരം ചെയ്യാൻ അവസരം കാത്തിരുന്നു. സുദീർഘമായ ആഭ്യന്തരയുദ്ധത്തെയും അതിന്റെ ഫലത്തെയുംക്കുറിച്ചുള്ള സംക്ഷിപ്തമായ വിവരണം (3,1) ഒരു കാലഘട്ടത്തിന്റെ അന്ത്യംക്കുറിക്കുന്നു.

ദാവീദിന്റെയും ഇസ്രായേൽ ജനത്തിന്റെയും ജീവിതത്തിലെ ഒരു പുതിയ ഘട്ടത്തിലേയ്ക്ക് കടക്കുന്നതിനു മുമ്പേ ദാവീദിന്റെ ആറു പുത്രന്മാരുടെ പട്ടിക നല്കിയിരിക്കുന്നു (3,2-5). ധാർമ്മികമായ യാതൊരു വിലയിരുത്തലും കൂടാതെയാണ് ദാവീദിന്റെ ആറു ഭാര്യമാരുടെയും അവരിൽ നിന്നു ജനിച്ച ആറു പുത്രന്മാരുടെയും പേരു വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാലും 'രാജാവിന് അനേകം ഭാര്യമാരുണ്ടായിരിക്കരുത്' (നിയ. 17,17) എന്ന നിയമത്തിന്റെ വെളിച്ചത്തിൽ ഈ പട്ടികയ്ക്ക് പ്രത്യേക പ്രസക്തിയുണ്ട്. ഇവിടെ പേരു പറയുന്നവരിൽ മൂന്നു പേർ - അംനോൻ, അബ്ശലോം, അദോനിയാ, എന്നിവർ - ദാവീദിനും ജനത്തിനും വലിയ ദുരന്തങ്ങൾ വരുത്തിവയ്ക്കുന്നതായി പിന്നീട് വിവരിക്കുന്നുണ്ട്. അബ്ശലോമിന്റെ മാതാവായ മാഖാ ഒരു രാജകുമാരിയായിരുന്നു എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഇസ്രായേലിന്റെ വടക്കുള്ള ഒരു അരമായ രാജ്യമായിരുന്നു ഗഷൂർ. അവിടുത്തെ രാജാവിന്റെ പുത്രിയെ വിവാഹം ചെയ്തതിനു പിന്നിൽ ദാവീദിന് രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നു എന്ന് ന്യായമായും ഊഹിക്കാം. ഈ വിവാഹം ഒരു രാഷ്ട്രീയ സഖ്യത്തിന്റെ ഭാഗമായിരുന്നിരിക്കാം.



**വിചിന്തനം:** 'സഹോദരന്മാരെ അനുധാവനം ചെയ്യരുതെന്ന് നിന്റെ ആൾക്കാരോട് ആജ്ഞാപിക്കാൻ ഇനിയും വൈകണമോ? (2,26) എന്ന അബ്നേറിന്റെ ചോദ്യം എന്നും പ്രസക്തമാണ്. മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന യാഥാർത്ഥ്യം അനുസ്മരിച്ചാൽ കലഹവും യുദ്ധവും ഒഴിവാക്കാമായിരുന്നു. 'കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ്' (ഉൽപ 13,8) എന്ന അബ്രാഹത്തിന്റെ പ്രസ്താവന ഇവിടെ സ്മരണാർഹമാണ്. എതിരാളിയായി നില്ക്കുന്നവനെ സഹോദരനായി കാണാൻ കഴിയുന്നിടത്തേ സമാധാനം സംജാതമാകൂ.

## 2.. ദാവീദ് ഇസ്രായേൽ മുഴുവന്റെയും രാജാവ്

**2 സാമു 3,6-5;1 ദിന 11,1-9;14,1-17**

അനുകൂലമായ സാഹചര്യങ്ങളും തന്ത്രപരമായ നീക്കങ്ങളും വഴി ദാവീദ് ഇസ്രായേലിന്റെ മുഴുവൻ ഭരണാധിപനായ സംഭവപരമ്പരകളാണ് അടുത്തതായി വിവരിക്കുന്നത്.

### a. സന്ധി സംഭാഷണം 3,6-21

അബ്നേറും ഇഷ്ബോഷെത്തും തമ്മിലുണ്ടായ കലഹം ദാവീദിന് അനുകൂലമായി. സാവൂളിന്റെ ഉപനാരിയായിരുന്ന റിസ്പായെ അബ്നേർ സ്വന്തമാക്കാൻ ശ്രമിച്ചതിനു പിന്നിൽ വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നു. ഇഷ്ബോഷെത്താണ് രാജാവെങ്കിലും കാര്യങ്ങൾ നടത്തിയിരുന്നത് അബ്നേർ ആയിരുന്നു. എന്നാൽ സാവൂളിന്റെ ഉപനാരിയെ സ്വന്തമാക്കുക വഴി രാജാവാകനുള്ള തന്റെ മോഹമാണ് അബ്നേർ വെളിപ്പെടുത്തിയത്. മപിച്ച രാജാവിന്റെ ഭാര്യമാരെ പരിഗ്രഹിക്കുന്നത് സിംഹാസനത്തിൻമേൽ അവകാശം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗമായിരുന്നു (2 സാമു 16;20-23;1 രാജാ 2,22). ഈ തന്ത്രം മനസ്സിലാക്കിയ ഇഷബോഷെത്ത് അബ്നേറുമായി കലഹിച്ചു. (3,6-7).

തന്റെ പദ്ധതി വിജയിക്കുകയില്ലെന്നു മനസ്സിലാക്കിയ അബ്നേർ ഇഷ്ബോഷെത്തിനെ ഉപേക്ഷിച്ച് ദാവീദുമായി സംഖ്യം ചെയ്യാൻ തീരുമാനിച്ചു (3,8-11). ദാവീദിനെ ഇസ്രായേലിന്റെ മുഴുവൻ രാജാവാക്കും എന്ന കർത്താവിന്റെ വാഗ്ദാനം (1 സാമു 15,28) തനിക്ക് അറിയാമായിരുന്നു എന്ന അബേനേറിന്റെ സൂചന (3,10) അയാളുടെ കാപട്യവും അവസരവാദിത്വവും വെളിവാക്കുന്നു. ദൈവത്തിന്റെ പദ്ധതിയെ മനഃപൂർവ്വം മറി

കടക്കാനുള്ള ശ്രമമായിരുന്നു ഇഷ്ബോഷെത്തിനെ പിന്തുണച്ചുകൊണ്ട് ആദ്യമേ നടത്തിയത്. ദാവീദുമായി സംഖ്യം ചെയ്തുകൊണ്ട് തന്റെ നില ഭദ്രമാക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. അതിനായി ആദ്യമേ ദൂതന്മാർ വഴിയും പിന്നീടും നേരിട്ടും ദാവീദുമായി അയാൾ സംഭാഷണങ്ങൾ നടത്തി (3,12-21).

തന്റെ ഭാര്യയായ മിഖാളിനെ തിരിച്ചുകിട്ടണം എന്ന ഒറ്റ നിബന്ധന മാത്രമേ ദാവീദു വയ്ക്കുന്നുള്ളൂ (3,13). മിഖാളിനോടുള്ള സ്നേഹമല്ല, രാഷ്ട്രീയ ലക്ഷ്യമാണ് ഈ വ്യവസ്ഥയുടെ പിന്നിലുള്ളത്. സാവൂളിന്റെ മകളെ തന്റെ ഭാര്യയായി ലഭിക്കുന്നതുവഴി ഇസ്രായേൽ ജനങ്ങളുടെ പിന്തുണയും രാജാവാകാനുള്ള അവകാശവും തനിക്കു ലഭിക്കുമെന്ന് ദാവീദിനറിയാമായിരുന്നു. ഇതിനുവേണ്ടി ദാവീദുതന്നെ ഇഷ്ബോഷത്തിന്റെ അടുക്കലേയ്ക്ക് ദൂതന്മാരെ അയക്കുകയും ഗത്യന്തരമില്ലാഞ്ഞതിനാൽ അയാൾ മിഖാളിനെ ദാവീദിന്റെ അടുക്കലേയ്ക്ക് പറഞ്ഞയക്കുകയും ചെയ്തു. ദാവീദിന്റെ പലായനത്തിനുശേഷം സാവൂൾ അവളെ ഫൽതിയേലിനു വിവാഹം ചെയ്തുകൊടുത്തിരുന്നു (1 സാമു 25,44). അയാൾ അവളെ ഗാഢമായി സ്നേഹിക്കുകയും ചെയ്തിരുന്നു.

നയപരമായ നീക്കങ്ങളിലൂടെ അബ്നേർ ദാവീദിനുവേണ്ടി ഇസ്രായേൽ ശ്രേഷ്ഠന്മാരുടെ പിന്തുണ സമ്പാദിച്ചു (3,17-18). അനന്തരം ഹെബ്രോണിൽ ചെന്ന് ദാവീദുമായി ഉടമ്പടി ഉറപ്പിച്ചു (3,19-21). അതോടെ ഇഷ്ബോഷെത്ത് പൂർണ്ണമായും പുറന്തള്ളപ്പെട്ടു. ദാവീദിന്റെ നില കൂടുതൽ ഭദ്രമായി. എന്നാൽ തന്ത്രശാലിയും അധികാര മോഹിയുമായ അബ്നേർ ദാവീദിന് ഭീഷണിയാകുമായിരുന്നു. ഇഷ്ബോഷെത്ത് ജീവിച്ചിരിക്കുന്നിടത്തോളം കാലം ഇസ്രായേലിന്റെ പൂർണ്ണമായ ഐക്യം സാധ്യമായിരുന്നില്ല. ഈ രണ്ടു പ്രതിബന്ധങ്ങളും നീങ്ങിക്കിട്ടിയതിന്റെ വിവരണമാണ് തുടർന്ന് അവതരിപ്പിക്കുന്നത്.

**വിചിന്തനം:** റിസ്പായുടെയും മിഖാളിന്റെയും അവസ്ഥ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അധികാരത്തിനുവേണ്ടിയുള്ള രാഷ്ട്രീയ ചതുരംഗക്കളിയിലെ വെറും കരുക്കൾ മാത്രമായിട്ടാണ് അവർ പരിഗണിക്കപ്പെടുന്നത്. അവരെ ഉപയോഗിക്കുകയും കൈമാറുകയും ചെയ്യുന്നവർ അവരുടെ വ്യക്തിത്വത്തെ അല്പം പോലും മാനിക്കുന്നില്ല. സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാനുള്ള കഴിവോ അവകാശമോ അവർക്കുണ്ടെന്ന് അംഗീകരിക്കുന്നുമില്ല. സ്ത്രീയും പുരുഷനും ഒരുപോലെ, മനുഷ്യരെല്ലാം മഹ



ത്വവും അവകാശവും ഉള്ളവരാണെന്ന് അംഗീകരിക്കാൻ നാം ഇനിയും എത്രനാൾ കാത്തിരിക്കണം? എന്തുലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും വ്യക്തികളെ കരുക്കളും ഉപയോഗവസ്തുക്കളും ആക്കിക്കൂടാ !

## b. അബ്നേറിന്റെ വധം 3,22-39

ദാവീദുമായി ഉടമ്പടി ചെയ്ത് അബ്നേർ സമാധാനത്തിൽ പിരിഞ്ഞത് യൊവാബിന് ഇഷ്ടമായില്ല. തന്റെ സഹോദരനെ വധിച്ചതിന്റെ പകവീട്ടാൻ ഇത് ഒരവസരമായി അയാൾ ഉപയോഗപ്പെടുത്തി. അബ്നേറിൽ ദുരുദ്ദേശ്യങ്ങൾ ആരോപിച്ചുകൊണ്ട് യൊവാബ് നടത്തിയ പ്രസംഗത്തിന് (3,22-26) ദാവീദ് ഒരു മറുപടിയും നല്കിയില്ല. ദാവീദും ആ ആരോപണങ്ങളിൽ വിശ്വസിച്ചോ? അതോ യൊവാബിനെ എതിർക്കാൻ ദാവീദിന് ഭയമായിരുന്നോ? അല്ലെങ്കിൽ യൊവാബിനെ സ്വന്തം ഇഷ്ടത്തിനു വിടുകയായിരുന്നോ? ദാവീദിന്റെ മറുപടിക്കു കാത്തുനിൽക്കാതെ യൊവാബ് കാര്യങ്ങൾ സ്വന്തം കൈയിൽ എടുത്തു. സേവകരെ വിട്ട് അബ്നേറിനെ തിരികെ കൊണ്ടു വന്ന്, ചതിയിൽ കൊന്നുകളഞ്ഞു (3,26 -27).

അകാരണമായി കൊല്ലപ്പെട്ടവന്റെ ഘാതകനെ കൊന്ന് പ്രതികാരം ചെയ്യാനുള്ള ബന്ധുവിന്റെ കടമയാണ് യൊവാബ് നിർവ്വഹിച്ചത് എന്ന് 3,27 ൽ എടുത്തു പറയുന്നു. യൊവാബിനോടൊപ്പം സഹോദരൻ അബിഷായിയും അബ്നേറിന്റെ വധത്തിൽ പങ്കാളിയാകുന്നു (3,30). എന്നാൽ അസഹേലിന്റെ വധത്തിൽ ഈ നിയമം ബാധകമായിരുന്നില്ല. കാരണം അബ്നേർ യുദ്ധത്തിലാണ് അയാളെ കൊന്നത്; അതും സ്വയരക്ഷയ്ക്കു വേണ്ടി. യൊവാബിനെ സംബന്ധിച്ചിടത്തോളം ഒരു വിശുദ്ധദൗത്യത്തേക്കാൾ രാഷ്ട്രീയ കണക്കുകൂട്ടലുകൾ കൂടുതൽ പ്രധാനമായിരുന്നു എന്നു കാണാം. അബ്നേർ ദാവീദിനോടു ചേർന്നാൽ തന്റെ സൈന്യാധിപസ്ഥാനം നഷ്ടപ്പെടും എന്ന് അയാൾ ന്യായമായും ഭയന്നു. സാവൂളിന്റെ ബന്ധുവും സൈന്യാധിപനുമായ അബ്നേർ ഇഷ്ബോഷെത്തിനെ മറികടന്നതുപോലെ ദാവീദിനോടും ചെയ്തേക്കാം എന്നും അയാൾ കരുതിയിരിക്കണം. ലക്ഷ്യം എന്തായാണെങ്കിലും അബ്നേറിന്റെ മരണം ആത്യന്തികമായി ദാവീദിനു നന്മയായി ഭവിച്ചു. പക്ഷേ അത് വലിയൊരു പ്രതിസന്ധിക്കു ശേഷമായിരുന്നു.

അബ്നേറിന്റെ മരണം ഇസ്രയേലിന്റെ ഏകീകരണത്തിന് വലിയൊരു തിരിച്ചടിയായി. വടക്കൻ ഗോത്രങ്ങളുടെ പ്രതിനിധിയെ ദാവീദിന്റെ സൈന്യാധിപൻ രാജകൊട്ടാരത്തിന്റെ പടിവാതില്ക്കൽ വച്ചു വധി

ച്ചത് ദാവീദിന്റെ അറിവും സമ്മതവും കൂടാതെയാണെന്ന് വിശ്വസിക്കുക. എളുപ്പമായിരുന്നില്ല. ആത്മാർത്ഥവും അതേസമയം തന്ത്രപരവുമായ നീക്കങ്ങളിലൂടെ ദാവീദ് തന്റെ നിരപരാധിത്വം തെളിയിച്ചു; യഥാർത്ഥ കുറ്റവാളി ആരെന്നു വ്യക്തമാക്കുകയും ചെയ്തു (3,28–29). യൊവാബിന്റെ കുടുംബത്തിന്മേൽ ചൊരിയുന്ന ശാപവർഷം രോഗം, യുദ്ധം, പട്ടിണി എന്നീ മഹാമാരികളെ സൂചിപ്പിക്കുന്നു. യൊവാബിന്റെ കുടുംബത്തിൽ നിലനില്ക്കുന്ന ഈ ശാപങ്ങൾ അയാളുടെ കുറ്റത്തിനും ദാവീദിന്റെ നിഷ്കളങ്കതയ്ക്കും തെളിവായിരിക്കും.

ശാപം കൊണ്ടു തൃപ്തിപ്പെടാതെ പരസ്യമായ ദുഃഖാചരണവും രാജകീയ ബഹുമതികളോടുകൂടിയ ശവസംസ്കാരവും വിലാപഗാനവും വഴി ദാവീദ് തന്റെ നിരപരാധിത്വത്തെക്കുറിച്ച് ജനത്തെ ബോധ്യപ്പെടുത്തി (3,13–37). ദുഃഖ സൂചകമായി വസ്ത്രം കീറി, ചാക്കുടുത്തു വിലപിക്കാൻ യൊവാബിനെയും അനുചരന്മാരെയും നിർബന്ധിച്ചതും രാജാവ് ദിവസം മുഴുവൻ ഉപവസിച്ചതും അവർക്കു മതിയായ തെളിവുകളായിരുന്നു. വിലാപഗാനത്തിൽ (3,33–34) അബ്നേർ കൊല്ലപ്പെടുകയായിരുന്നു എന്ന് ഏറ്റുപറഞ്ഞെങ്കിലും കുറ്റവാളികളെ ശിക്ഷിക്കാൻ ദാവീദ് മുതിരുന്നില്ല. അതിന്റെ കാരണം ദാവീദുതന്നെ പറയുന്നുമുണ്ട് (3,39).

**വിചിന്തനം:** തന്റെ യജമാനനോടു കാട്ടിയ അവിശ്വസ്തതയും സ്വാർത്ഥമോഹവും അബ്നേറിനു ദുരന്തം വരുത്തിവച്ചു. വഞ്ചന വഞ്ചകനുതന്നെ വിനയായിത്തീരും. ദാവീദിന്റെ സിംഹാസനം ഉറപ്പിക്കാൻ വേണ്ടിയാണ തത്രെ യൊവാബ് അബ്നേറിനെ വധിച്ചത്. അധികാരികളെ സംരക്ഷിക്കൻ വേണ്ടി അവരോട് അടുത്തു നിൽക്കുന്നവർ ചെയ്തുകൂട്ടുന്ന അതിക്രമങ്ങൾ യഥാർത്ഥത്തിൽ ഉപകാരപ്രദമാവുകയില്ല. ഇപ്രകാരമുള്ള അതിക്രമങ്ങൾ, രാഷ്ട്രീയത്തിലും മതത്തിലും ഇന്നും വിരളമല്ലല്ലോ. മേലധികാരികളുടെ നന്മയ്ക്കുവേണ്ടി എന്ന ഭാവേന ഇക്കൂട്ടർ ചെയ്യുന്ന പ്രവൃത്തികൾക്കു പിന്നിൽ പലപ്പോഴും സ്വാർത്ഥമോഹങ്ങളുണ്ടാകും. അതു തിരിച്ചറിയാനും തള്ളിപ്പറയാനും ദാവീദിനെപ്പോലെ വിവേകവും ധൈര്യവും അധികാരികൾക്ക് ഉണ്ടാകണം.

## c. അവകാശിയുടെ അന്ത്യം 4,1–12

അബ്നേറിന്റെ അപ്രതീക്ഷിതമായ മരണം ഇഷ്ബോഷെത്തിനെ കൂടുതൽ ബലഹീനനാക്കി. എന്നാലും രാജസ്ഥാനം ഉപേക്ഷിക്കാൻ അയാൾ തയ്യാറായില്ല. ജനം ആശയക്കുഴപ്പത്തിലായി. അബ്നേർ ചെയ്ത



ഉടമ്പടി പാലിക്കാൻ ആരും മുന്നോട്ടു വന്നില്ല. ഈ പ്രതിസന്ധിയിൽ ഇഷ്ബോഷെത്തിന്റെ രണ്ടു പടത്തലവന്മാർ കാര്യങ്ങൾ സ്വന്തം കൈയിലെടുത്തു. ഉറങ്ങിക്കിടന്ന രാജാവിനെ വധിച്ച്, തല ദാവീദിനു കാഴ്ച വച്ചു (4,1–8). ഈ വിവരണത്തിനിടയിൽ ജോനാഥാന്റെ മുടന്തനായി ത്തീർന്ന പുത്രനെക്കുറിച്ചു പരാമർശിക്കുന്നത് (4,4) ദാവീദ് അയാളോട് ചെയ്ത കാരുണ്യത്തെക്കുറിച്ചുള്ള വിവരണത്തിന് (9,1–13) വഴിയൊരുക്കുന്നു. അതേ സമയം, സാവൂളിന്റെ കുടുംബം പൂർണ്ണമായും അറ്റുപോയിട്ടില്ല എന്നും, എന്നാൽ മുടന്തനായിത്തീർന്നതിനാൽ അയാളിൽ നിന്ന് ദാവീദിന് എതിർപ്പു പ്രതീക്ഷിക്കേണ്ടതില്ലെന്നും സൂചിപ്പിക്കുന്നു.

അബ്നേറിന്റെ വധം എന്നതുപോലെ തന്നെ ഇഷ്ബോഷെത്തിന്റെ കൊലപാതകവും ദാവീദിന്റെമേൽ സംശയത്തിന്റെ നിഴൽ വീഴ്ത്താൻ പര്യാപ്തമായിരുന്നു. എന്നാൽ കൊലപാതികൾക്ക് മരണശിക്ഷ വിധിച്ചുകൊണ്ട് ദാവീദ് ഒരിക്കൽ കൂടി തന്റെ നിരപരാധിത്വവും നീതിബോധവും തെളിയിച്ചു (4,9–12). ഇഷ്ബോഷെത്തിനെ രാജാവെന്നു വിളിക്കുകയോ അയാളുടെ മരണത്തിൽ ദുഃഖം ആചരിക്കുകയോ ചെയ്തില്ല എന്നത് ശ്രദ്ധേയമത്ര. സാവൂൾ കർത്താവിന്റെ അഭിഷിക്തനായിരുന്നു. ഇഷ്ബോഷത്തിനെ രാജാവാക്കിയത് കർത്താവോ ജനമോ അല്ല, അബ്നേറാണ്. ഈ രാജത്വം ദാവീദ് അംഗീകരിക്കുന്നില്ല. തനിക്കെതിരേ യുദ്ധം നയിച്ചെങ്കിലും മരണശിക്ഷയർഹിക്കുന്ന കുറ്റമൊന്നും ചെയ്യാത്ത 'നീതിമാൻ' എന്നാണ് അയാളെ വിശേഷിപ്പിക്കുന്നത്.

**വിചിന്തനം:** രാജാവിന്റെയും രാഷ്ട്രീയ അധികാരികളുടെയും പ്രധാന ധർമ്മം നീതിപാലനമാണ്. കുറ്റവാളികളെ അവർ അർഹിക്കുന്ന വിധത്തിൽ ശിക്ഷിച്ചെങ്കിലേ നീതി നടപ്പിലാകൂ; നിരപരാധികൾക്കു നിർഭയം ജീവിക്കാൻ കഴിയൂ. പണവും അതുനൽകുന്ന രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്നതല്ലേ ഇന്ന് ആക്രമങ്ങൾ ഇത്രയേറെ വർദ്ധിക്കാൻ കാരണം?

## d. ഇസ്രായേൽ രാജാവ് 5,1–15; 1 ദിന 11,1–3

ഇഷ്ബോഷെത്തിന്റെ മരണത്തോടെ പ്രതിബന്ധങ്ങളെല്ലാം മാറി. അബ്നേർ തുടങ്ങിവച്ച സന്ധി സംരംഭം ഇസ്രായേൽ ശ്രേഷ്ഠൻമാർ പൂർത്തിയാക്കി. അവർ ഹെബ്രോണിൽ ദാവീദിന്റെ അടുക്കലേക്കു വന്നത് ദാവീദിന് അവരെ എന്നതിനെക്കാൾ അവർക്കു ദാവീദിനെ ആവശ്യമാണെന്നു സൂചിപ്പിക്കുന്നു. ദാവീദുമായി സന്ധി ചെയ്യുന്നതിന് മൂന്നു കാര

ണങ്ങളാണ് അവർ എടുത്തുകാട്ടുന്നത്. 1. രക്തബന്ധം 2. തെളിയിക്കപ്പെട്ടു കഴിഞ്ഞ ദാവീദിന്റെ യോഗ്യത. 3. കർത്താവിന്റെ അരുളപ്പാട് (5,1 –2). ദാവീദിനെ കർത്താവുതന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന അവബോധം അബ്നേറും പ്രകടിപ്പിക്കുകയുണ്ടായി (3,18).

ദാവീദിൽ നിന്നു പ്രതീഷിക്കുന്ന നേതൃത്വത്തിന് ശ്രേഷ്ഠന്മാർ മൂന്നു വിശേഷണങ്ങൾ നല്കുന്നു (5,2–3): 1. ഇടയൻ, 2. ന്യായാധിപൻ, 3. രാജാവ്. ഇടയൻ ആടുകളെ എന്നപോലെ ദാവീദ് ജനത്തെ കരുണയോടും വാത്സല്യത്തോടും കൂടെ നയിക്കും എന്ന് അവർ പ്രതീക്ഷിച്ചു. മധ്യപൗരസ്ത്യ ദേശത്തെ രാജാക്കന്മാരെ ഈ അർത്ഥത്തിൽ ഇടയൻ എന്ന് വിളിക്കാറുണ്ടായിരുന്നു. ബൈബിളിൽ ദൈവത്തിനു നല്കുന്ന ഒരു വിശേഷണമാണിത് (സങ്കീ 23; 74,1; 77,20; 78,52; 80,1; എസെ 34,11). ഒരു ഭരണാധികാരിയെന്ന നിലയിൽ ദാവീദിനാണ് ബൈബിളിൽ ഈ വിശേഷണം ആദ്യമായി നല്കുന്നത്. അത് വീണ്ടും പലതവണ ആവർത്തിക്കുന്നുണ്ട് (സങ്കീ 78,70–71; എസെ 34,23; 37,24). രാജാഭിഷേകം സ്വീകരിക്കുന്നതിനു മുമ്പ് ദാവീദ് ഇടയനായിരുന്നു എന്നതും ഇവിടെ ശ്രദ്ധേയമത്രെ. ആടുകളെ മേയ്ച്ചു നടന്നവനെ ജനത്തെ നയിക്കാനായി കർത്താവ് തിരഞ്ഞെടുത്തു. ലോക ജനതകളെ മുഴുവൻ രക്ഷയിലേക്കു നയിക്കുന്ന സാക്ഷാൽ ഇടയനായ യേശുക്രിസ്തു (യോഹാ 10,11) ദാവീദിന്റെ പുത്രനായിട്ടാണല്ലോ ജനിച്ചത്. ജനത്തിന് നീതിയും ന്യായവും നടത്തികൊടുക്കുന്ന അധികാരിയെയാണ് അധിപൻ എന്ന പദം സൂചിപ്പിക്കുന്നത്. നേതാവ്, അധികാരി, ന്യായാധിപൻ എന്നൊക്കെ വിവർത്തനം ചെയ്യാവുന്നതാണ് മൂല പദം.

ഇഷ്ബോഷെത്തിന്റെ കൂടെ ആയിരുന്ന ഇസ്രായേൽ ഗോത്രങ്ങളുമായി ദാവീദ് ഉടമ്പടി ഉറപ്പിച്ചതോടെ ആഭ്യന്തര കലാപങ്ങൾ അവസാനിച്ചു; ജനം വീണ്ടും ഒറ്റക്കെട്ടായി. ഇസ്രായേൽചരിത്രത്തിൽ പുതിയൊരദ്ധ്യായം ആരംഭിക്കുകയായി, ദാവീദിന്റെ പ്രായത്തെയും ഭരണദൈർഘ്യത്തെയുംക്കുറിച്ചുള്ള സൂചനകളോടെ (5,5) സിംഹാസനാരോഹണ ചരിത്രം സമാപിക്കുന്നു. സ്വന്തമായ ഉത്തരവാദിത്വത്തിൽ, സ്വതന്ത്രമായൊരു പ്രവർത്തനം ആരംഭിക്കാൻ പക്വതയാർന്ന പ്രായമാണ് മുപ്പതു വയസ്സ്. നാല്പതു വർഷം ഒരു തലമുറയെ സൂചിപ്പിക്കുന്നു. എല്ലാത്തരത്തിലും ഉത്തമനും മാതൃകാ പുരുഷനുമായ രാജാവായിരുന്നു ദാവീദ്. ദാവീദിന്റെ രാജാഭിഷേകം കാര്യമായ ഒരുവ്യത്യാസവുമില്ലാതെ ദിനവൃത്താന്ത ഗ്രന്ഥത്തിലും (1 ദിന 11,1–3) രേഖപ്പെടുത്തിയിട്ടുണ്ട്. സാമുവേൽ



വഴി കർത്താവ് അരുളിച്ചെയ്തത് അനുസരിച്ചാണ് ഈ അഭിഷേകം എന്നു പ്രത്യേകം എടുത്തു പറഞ്ഞുകൊണ്ട് പ്രവചനത്തിന്റെ പൂർത്തികരണത്തിന് ഊന്നൽ നല്കുന്നു. ദാവീദിന്റെ രാജത്വം ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് എടുത്തുകാട്ടുകയും ചെയ്യുന്നു.

### e. ജറുസലെം 5,6–16; 1 ദിന 11,4–9;14,1–7

രാജ്യത്തിന് ഒരു പുതിയ തലസ്ഥാനം കണ്ടെത്തിയതാണ് ഇസ്രായേലിന്റെ മുഴുവൻ രാജാവായി അഭിഷേചിക്കപ്പെട്ടതിനുശേഷം ദാവീദിന്റെ ആദ്യത്തെ ചെയ്തിയായി വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. 2 സാമു 5,17–25ൽ വിവരിക്കുന്ന ഫിലിസ്ത്യരുമായുള്ള യുദ്ധത്തിനുശേഷമാണ് ജറുസലെമിനു വേണ്ടിയുള്ള യുദ്ധം നടന്നത് എന്ന് 5,17–ൽ സൂചനയുണ്ട്. എന്നാലും ഏറ്റം പ്രധാനപ്പെട്ട സംഭവം ആദ്യമേ വിവരിക്കുകയാണ്.

കാനാൻകാരിൽപ്പെട്ട ഒരു ജനതയായിരുന്നു ജബൂസ്യർ. അവരുടെ പട്ടണമായ ജറുസലെം ജോഷ്വായുടെ കാലത്തു കീഴടക്കാൻ കഴിഞ്ഞില്ല (ജോഷ്വാ 15,63). ന്യായാധിപന്മാരുടെ കാലത്ത് ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തിയെങ്കിലും (ന്യായാ 1,8) പിടിച്ചടക്കാൻ സാധിച്ചില്ല (ന്യായാ. 1,21). അതിനാൽ ഇസ്രായേലിലെ ഒരു ഗോത്രത്തിനും അവകാശവാദം ഉന്നയിക്കാൻ കഴിയാത്ത നഗരമായിരുന്നു ജറുസലെം. അതേസമയം യൂദാ ഗോത്രത്തിന്റെയും ബെഞ്ചമിൻ ഗോത്രത്തിന്റെയും ഇടയ്ക്കായതിനാൽ എല്ലാ ഗോത്രങ്ങളുടെയും തസസ്ഥാനമാകാൻ തികച്ചും അനുയോജ്യമായ നഗരമായിരുന്നു അത്.

പട്ടണത്തിന്റെ മൂന്നു വശവും കിഴക്കാംതൂക്കായ പാറക്കെട്ടുകളും ഒരു വശത്ത് കനത്ത മതിലും ഉണ്ടായിരുന്നതിനാൽ ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തു നിൽക്കുക പ്രായേണ എളുപ്പമായിരുന്നു. ഏകദേശം പന്ത്രണ്ട് ഏക്കർ മാത്രം വിസ്തീർണ്ണമുള്ള ഒരു ചെറിയ പട്ടണമായിരുന്നു ജബൂസ്യരുടെ കാലത്തെ ജറുസലെം. കുരുടന്മാരും മുടന്തന്മാരും മതി അതു സംരക്ഷിക്കാൻ എന്നു ജബൂസ്യർ കരുതി (5,6). സമറിയാ കീഴടക്കിയ അസീറിയൻ ചക്രവർത്തി സെന്നാക്കെരീബ് ജറുസലെമിന് ഉപരോധം ഏർപ്പെടുത്തിയെങ്കിലും കീഴടക്കാനായില്ല (2 രാജാ 18–19; ഏശ 36–37). ബാബിലോൺ ചക്രവർത്തി ബനുക്കദ്നേസറിന്റെ സൈന്യം ഒന്നര വർഷം ഉപരോധിച്ചതിനു ശേഷമെ പട്ടണത്തിൽ പ്രവേശിക്കാൻ കഴിഞ്ഞുള്ളൂ. അതും പട്ടണത്തിൽ ഭക്ഷണം തീർന്നു പോയതുകൊ

ണ്ടുമാത്രം (2 രാജാ 25,1-3). പിന്നീട് റോമാക്കാരും ഏകദേശം രണ്ടു വർഷ ക്കാലം ഉപരോധിച്ചെങ്കിലും ക്ഷാമം മൂലമാണ് നഗരം കീഴടങ്ങിയത്.

അജയ്യം എന്ന് ജബൂസ്യർ കരുതിയിരുന്ന നഗരം ധീരവും തന്ത്ര പരവുമായ നീക്കത്തിലൂടെ ദാവീദ് കീഴടക്കി. നഗരത്തിലേക്കു വെള്ളം എത്തിച്ചിരുന്ന തുരങ്കമായിരിക്കും 'നീർപ്പാത്തി' (5,8). യോവാബാണ് ആദ്യമേ കോട്ടയിൽ പ്രവേശിച്ചതെന്ന് 1 ദിന 11,6ൽ എടുത്തു പറയുന്നു. കുരുടരെയും മുടന്തരെയും ആക്രമിക്കാനുള്ള കല്പനയും കുരുടരും മുടന്തരും ആലയത്തിൽ പ്രവേശിക്കരുത് എന്ന നിയമവും (5,8) വികാ ലാംഗരോടുള്ള വിരോധമല്ല, നഗരം കീഴടക്കാൻ വേണ്ടി നടത്തിയ യുദ്ധത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. എന്നാൽ പിൽക്കാലത്ത് വിക ലാംഗരെ അശുദ്ധരായി പരിഗണിക്കുകയും അവർക്ക് ദേവാലയത്തിൽ പ്രവേശനം നിഷേധിക്കുകയും ചെയ്തിരുന്നു. ദാവീദ് നഗരം കീഴടക്കി യെങ്കിലും നഗരവാസികളെ ഉന്മൂലനം ചെയ്തില്ല. ജബൂസ്യർ തുർന്നും അവിടെത്തന്നെ സമാധാനത്തിൽ വസിച്ചുവെന്ന് 2 സാമു 24,18ൽ സൂച നയുണ്ട്.

നഗരം സ്ഥിതിചെയ്തിരുന്ന കുന്നിന്റെ ഏറ്റവും ഉയർന്ന ഭാഗമാണ് 'സീയോൻ' എന്ന പേരിൽ അറിയപ്പെടുന്നത്. അവിടെ ആയിരുന്നത്രെ ജബൂസ്യരുടെ കോട്ട. സീയോൻ എന്ന പേര് സെഹിയോൻ എന്നും എഴു താറുണ്ട്. കൊടുമുടി എന്നും വരണ്ട ഭൂമി എന്നും ഈ പേരിന് അർത്ഥ മുണ്ട്. ജറൂസലേമിന്റെ പര്യായമായി ഈ പേര് ബൈബിളിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ജനത്തിന്റെ പ്രതീകമായി ജനതകളുടെ മാതാവായ സീയോൻ, സീയോൻ പുത്രി, സിയോൻ കന്യക എന്നിങ്ങനെ പലതരത്തിൽ ഈ പേര് ഉപയോഗിക്കുന്നു.

ജറൂസലെം എന്ന പേരിന്റെ അർത്ഥത്തെക്കുറിച്ചു തർക്കമുണ്ട്. 'സമാധാനത്തിന്റെ നഗരം' എന്നാണ് പൊതുവെ നൽകപ്പെടുന്ന വ്യാഖ്യാ നം. എന്നാൽ ആരംഭത്തിൽ 'ശാലോമിന്റെ അടിസ്ഥാനം' എന്നോ ശാലോ മിന്റെ ഭവനം എന്നോ ആയിരുന്നു ഇതിന്റെ അർത്ഥം എന്ന് വ്യാഖ്യാതാ ക്കൾ കരുതുന്നു. കാനാൻകാർ ആരാധിച്ചിരുന്ന ഒരു ദേവനായിരുന്നു ശാലേം. സൂര്യാസ്തമനത്തിനുശേഷം ആദ്യം പ്രത്യക്ഷപ്പെടുന്ന നക്ഷ ത്രമാണ് ശാലോം. ദിവസത്തിന്റെ പരിസമാപ്തിയിൽ പ്രത്യക്ഷപ്പെടുന്ന തിനാൽ 'പൂർത്തിയാക്കുന്നവൻ' എന്ന് ഈ പേരിന് അർത്ഥമുണ്ടായി. എല്ലാം അതിന്റെ പൂർണ്ണതയിൽ ആയിരിക്കുന്ന അവസ്ഥയാണല്ലോ സമാ ധാനം' എന്നതുകൊണ്ട് വിവക്ഷിക്കുക. ഈ അർത്ഥത്തിലാണ് ജറുസ



ലെമിനെ സമാധാനത്തിന്റെ നഗരം എന്നു വ്യാഖ്യാനിക്കുന്നത്.

ദാവീദ് പിടിച്ചടക്കി സ്വന്തം തലസ്ഥാനമാക്കിയതിനാൽ ദാവീദിന്റെ നഗരം എന്നും ജറുസലെം അറിയപ്പെടുന്നു. അബ്രാഹത്തിന്റെ ജീവി തത്തിലെ രണ്ടു സംഭവങ്ങൾ ഈ നഗരവുമായി ബന്ധപ്പെട്ടിരിക്കുന്നു. യുദ്ധത്തിൽ ജയിച്ച്, കൊള്ള മുതലുമായി തിരിച്ചുവന്ന അബ്രാഹത്തെ സ്വീകരിക്കാൻ വന്ന മെൽക്കിസെദേക്ക് സാലെം രാജാവായിരുന്നു (ഉൽപ 14,18). സാലെം എന്നത് ജറുസലെമിന്റെ ഹ്രസ്വരൂപമായി കരുതാം. ഇസ ഹാക്കിനെ ബലിയർപ്പിക്കാനായി നിർദ്ദേശിക്കപ്പെട്ട മോറിയാ ദേശത്തെ മല (ഉൽപ 22,2) അഥവാ മോറിയാ മല ജറൂസലെം തന്നെ ആയിരുന്നു. അബ്രാഹം ഇസഹാക്കിനെ കിടത്തിയ സ്ഥലത്താണ് പിന്നീട് ദാവീദ് ബലിയർപ്പിച്ചതും സോളമൻ ദേവാലയം നിർമ്മിച്ചതും (2 ദിന 3,1).

പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ ഏറ്റം പ്രധാനപ്പെട്ട നഗരമാണ് ജറൂസലെം. ദാവീദ് പേടകം അവിടെ പ്രതി ഷ്ഠിക്കുകയും സോളമൻ ദേവാലയം പണിയുകയും ചെയ്തതോടെ ദൈവത്തിന്റെ വാസസ്ഥലമായി ജറുസലെം പരിഗണിക്കപ്പെടാൻ തുട ങ്ങി. രക്ഷാകര കർമ്മം പൂർത്തിയായത് ആ നഗരത്തിൽ വച്ചാണല്ലോ. യുഗാന്ത്യത്തിൽ പൂർത്തിയാകാനിരിക്കുന്ന ദൈവരാജ്യത്തെ സ്വർഗ്ഗീയ ജറുസലെം എന്നാണ് വെളിപാടു പുസ്തകം വിശേഷിപ്പിച്ചിരിക്കുന്നത്. (വെളി. 21,2; 22,10).

ജബൂസ്യരിൽ നിന്നു പിടിച്ചെടുത്ത കോട്ടയിലാണ് ദാവീദ് ആദ്യം വാസമുറപ്പിച്ചത്. 'മില്ലോ' (5,9) എന്ന ഹീബ്രു വാക്കിന്റെ അർത്ഥം നിറ ക്കപ്പെട്ടത് എന്നാണ്. കിഴുക്കാം തൂക്കായ പാറയിൽ കോട്ടകെട്ടി മണ്ണിട്ടു നിറച്ചതിനാലാവണം ഈ പേരുണ്ടായത്. ദാവീദാണ് നഗരം കീഴടക്കിയ തെങ്കിലും കർത്താവിന്റെ കൃപയാലാണ് അത് സാധിച്ചതെന്നും ദാവീ ദിന്റെ വിജയങ്ങൾക്കെല്ലാം കാരണം കർത്താവ് കൂടെയുണ്ടായിരുന്നതാ ണെന്നും പ്രത്യേകം എടുത്തു പറയുന്നു (5,10). സൈന്യങ്ങളുടെ കർത്താവ് എന്ന വിശേഷണം (1 ദിന 11,9) അവിടുത്തെ ശക്തിയിലേക്കും യുദ്ധങ്ങളിൽ നല്കുന്ന വിജയത്തിലേക്കും വിരൽ ചൂണ്ടുന്നു.

കാനാൻ ദേശത്തിന്റെ വടക്കു പടിഞ്ഞാറ്, മധ്യാധരണ്യാഴിയുടെ തീരത്തുള്ള ഒരു തുറമുഖ നഗരമാണ് ടയിൻ. ദേവദാരു വൃക്ഷങ്ങൾ നിബി ഡമായി വളരുന്ന ലെബനോൻ വനങ്ങൾ ടയിറിന്റെ ആധിപത്യത്തിലായി രുന്നു. വിദഗ്ദ്ധരായ മരപ്പണിക്കാരെ വിശിഷ്ട മരമായ ദേവദാരുവുമായി

അയച്ച് ദാവീദിനു കൊട്ടാരം പണിതു കൊടുക്കാൻ ടയിൻ രാജാവു സന്ന ദ്ധനായത് (5,11-12; 1 ദിന 14,12) ദാവീദിന്റെ സ്വാധീനത്തിന്റെയും പ്രശ സ്തിയുടെയും തെളിവാണ്. ടയിൻ രാജാവുമായി ദാവീദ് സഖ്യം ചെയ്തി രുന്നു എന്നും ഇവിടെ സൂചനയുണ്ട്. ഈ സംഭവത്തിന് ദൈവശാസ്ത്രപ രമായ ഒരു വ്യാഖ്യാനവും ദിനവൃത്താന്ത ഗ്രന്ഥകാരൻ നൽകുന്നു. ഭാര്യമാരെയും ഉപനാരികളെയും അവരിൽ ജനിച്ച പുത്രന്മാരെയുംക്കുറി ച്ചുള്ള പരാമർശം (5,13-16) മധ്യപൗരസ്ത്യ ദേശത്തെ മറ്റു രാജാക്കന്മാരെ പ്പോലെ ദാവീദും ശക്തനും പ്രതാപനും ആയിരുന്നു എന്നു സൂചിപ്പിക്കു ന്നതോടൊപ്പം വരാൻ പോകുന്ന വിപത്തുകളുടെ ഒരു നാന്ദിയുമാണ്. 1 ദിന 14,3-7ൽ ഇതേ പട്ടിക ആവർത്തിക്കുന്നുണ്ട്. എന്നാൽ ഉപനാരികളെ വിട്ടു കളഞ്ഞിരിക്കുന്നു. പുത്രന്മാരുടെ പട്ടികയിൽ എൽപേലെത്, നോഗാ എന്നു രണ്ടുപേരെക്കൂടി ചേർക്കുകകയും ചെയ്തിരിക്കുന്നു.

വിചിന്തനം: കോട്ടയുടെ സുരക്ഷിതത്വത്തിൽ അമിതമായ വിശ്വാസമർപ്പി ച്ച്, അലസരായിക്കഴിഞ്ഞ ജബൂസ്യർക്ക് കോട്ടയും സ്വാതന്ത്ര്യവും നഷ്ട പ്പെട്ടു. എന്നാൽ കർത്താവിൽ ആശ്രയിച്ചുകൊണ്ട്, ബുദ്ധി ഉപയോഗിച്ച് ധീരമായി യുദ്ധം ചെയ്ത ദാവീദ് വിജയം വരിച്ചു. എന്തു പാഠമാണ് ഇതിൽ നിന്നും ലഭിക്കുന്നത്?

### 1. ഫിലിസ്ത്യരുടെമേൽ വിജയം 5,17-25; 1 ദിന 14,8-17

യൂദായും ഇസ്രായേലും പരസ്പര യുദ്ധം ചെയ്തിരുന്നിടത്തോളം കാലം ദാവീദിനെ തങ്ങളുടെ സാമന്തനും മിത്രവുമായിട്ടാണ് ഫിലിസ്ത്യർ കരുതിയിരുന്നത്. എന്നാൽ ഇസ്രായേൽ ഗോത്രങ്ങൾ എല്ലാം ഒരുമിച്ച് രാജാവാക്കിയതോടെ സാവൂളിനെക്കാൾ ശക്തനായ എതിരാളിയും കഴി യുന്നത്ര വേഗം ഉന്മൂലനം ചെയ്യേണ്ട ശത്രുവുമായി അവർ ദാവീദിനെ കണ്ടു. "ഫിലിസ്ത്യർ ഒന്നടങ്കം ദാവീദിനെ തേടി പുറപ്പെട്ടു" എന്നാണ് 5,17 ന്റെ മൂലാർത്ഥം. യൂദാ ബെഞ്ചമിൻ ഗോത്രങ്ങൾ തമ്മിലുള്ള അതിർത്തിയിൽ, ജറുസലെമിനു തൊട്ടു തെക്കു പടിഞ്ഞാറുള്ള റഫായിം താഴ്‌വരയിലാണ് യുദ്ധത്തിന് അവർ തിരഞ്ഞെടുത്തത്. ദാവീദിനു കീഴിൽ ഒരുമിച്ച ഗോത്രങ്ങളെ വീണ്ടും തമ്മിൽ അകറ്റി ദുർബ്ബലമാക്കാനുള്ള ഒരു തന്ത്രമായി ഇതിനെ കണക്കാക്കാം.

ദാവീദിനെ സംബന്ധിച്ചിടത്തോളം നിർണ്ണായക പ്രാധാന്യമുള്ള ഒരു യുദ്ധമായിരുന്നു ഇത്. തന്റെ രാജത്വം മാത്രമല്ല, ഇസ്രായേലിന്റെ ഐക്യവും നിലനിൽപു തന്നെയും ഇവിടെ അപകടത്തിലാവുകയാണ്,



എന്നാലും സ്വന്തം ബുദ്ധിയും യുക്തിയും ഉപയോഗിച്ച് യുദ്ധം തുടങ്ങാ തെ, ആദ്യമേ കർത്താവിന്റെ ഹിതം ആരായുകയാണ് ദാവീദു ചെയ്ത ത്, യുദ്ധത്തിൽ ലഭിച്ച വിജയം കർത്താവിന്റെ ദാനമായി ദാവീദു കണ്ടു എന്നതിന്റെ അടയാമാണ് ആ സ്ഥലത്തിനു നൽകിയ പേരും അതിന്റെ വ്യാഖ്യാനവും (5,20). ഭേദിക്കുന്ന (ചിതറിക്കുന്ന) നാഥൻ എന്നാണ് ബാൽ പെരാസിം എന്ന പേരിന് അർത്ഥം. ഫിലിസ്തൃരുടെ സൈന്യനിരയെ കർത്താവു ഭേദിച്ചു. അവരെയും അവരുടെ ദേവന്മാരെയും ചിതറിച്ചു. തോറ്റോടിയ ഫിലിസ്ത്യർ ഉപേക്ഷിച്ചു കളഞ്ഞ വിഗ്രഹങ്ങളെക്കുറിച്ചുള്ള പരാമർശം (5,21) ദേവന്മാർ മിഥ്യാ മൂർത്തികളും വിഗ്രഹങ്ങൾ ശക്തിയി ല്ലാത്ത വെറും പ്രതിമകളും മാത്രമാണെന്ന് തെളിയിക്കുന്നു. വിഗ്രഹ ങ്ങൾ കത്തിച്ചുകളഞ്ഞതായി 1 ദിന 14,12 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഫിലിസ്ത്യർ രണ്ടാം തവണ ആക്രമിച്ചപ്പോൾ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് ദാവീദ് അവരെ പിന്നിൽനിന്നും ആക്രമിച്ചു. തങ്ങ ളുടെ ദേശത്തേയ്ക്കു പിന്തിരിഞ്ഞോടാനുള്ള അവരുടെ വഴി തടയുകയും ഇതിന്റെ ലക്ഷ്യമായിരുന്നു. മരച്ചില്ലകളിൽ കാറ്റടിച്ചുണ്ടാകുന്ന ശബ്ദം യുദ്ധം തുടങ്ങാനുള്ള അടയാളമായി കർത്താവു നൽകി. കർത്താവു തന്നെയാണ് യുദ്ധം നയിക്കുന്നതും വിജയം നൽകുന്നതും എന്ന് ഈ അടയാളം സൂചിപ്പിക്കുന്നു. രണ്ടാമത്തെ യുദ്ധത്തിൽ ഫിലിസ്ത്യർ പറ്റെ പരാജയപ്പെട്ടു. പിന്നീട് ഒരിക്കലും അവർ ദാവീദിനെതിരെ യുദ്ധത്തിനു വന്നില്ല .ദാവീദിന്റെ കീർത്തി എങ്ങും പ്രചരിക്കാനും അയൽ രാജ്യങ്ങൾ അദ്ദേഹത്തെ ഭയപ്പെടാനും ഈ വിജയം കാരണമായി (1 ദിന 14-17).

വിചിന്തനം: ബാൾസാ മരങ്ങൾക്കു മുകളിൽ ശബ്ദം കേൾക്കുമ്പോൾ ഉടനെ യുദ്ധത്തിനു പുറപ്പെടണം എന്ന് കർത്താവ് ദാവീദിനോടു കല്പി ച്ചു. അതനുസരിച്ചു പ്രവർത്തിച്ചപ്പോൾ വിജയം ലഭിച്ചു. കർത്താവിന്റെ ഹിതം അറിയാൻ വേണ്ടി കാത്തിരിക്കാനും അറിഞ്ഞാൽ ഉടനെ അനു സരിക്കാനും സന്നദ്ധനായിരുന്നു ദാവീദ്. ഹൃദയം കൊണ്ടു ശ്രവി ക്കുന്നവർക്ക് പ്രകൃതിയിലെ സാധാരണ സംഭവങ്ങൾ പോലും കർത്താവു നൽകുന്ന അടയാളമായി കാണാൻ കഴിയും. നമ്മുടെ ചുറ്റും നടമാടുന്ന അഴിമതിക്കും അധർമ്മത്തിനും എതിരെ പട പുറപ്പെടാൻ ഇനി എത്ര മരങ്ങൾക്കു മുകളിൽ കൊടുങ്കാറ്റടിക്കണം? കർത്താവിന്റെ സൈന്യം പുറപ്പെട്ടു കഴിഞ്ഞു; അവിടുത്തെ കാഹള ധ്വനി ദിഗന്തങ്ങ ളിൽ പ്രതിധ്വനിക്കുന്നു. അലസത വെടിഞ്ഞ് എണീറ്റു പുറപ്പെടാനുള്ള സമയമായി.

## ചോദ്യങ്ങൾ

1. സാവൂളിന്റെ മരണവാർത്ത അറിയിച്ച അമലേക്യർ ദാവീദിനു കാഴ്ച വച്ച സമ്മാനം എന്ത്? അത് എന്തിന്റെ പ്രതീകമായിരുന്നു?
2. ദാവീദിന്റെ വിലാപ ഗാനത്തിൽ ഊന്നിപ്പറയുന്ന ആശയങ്ങൾ ഏവ?
3. ദാവീദു തന്റെ ആസ്ഥാനമായി ആദ്യം തിരഞ്ഞെടുത്ത നഗരം ഏത്? എന്താണ് ആ നഗരത്തിന്റെ പ്രത്യേകത?
4. എപ്രകാരമാണ് ദാവീദിന് ഇസ്രായേൽ ഗോത്രത്തിന്റെ മുഴുവൻ പിൻതുണ ലഭിച്ചത്? അതിനു വേണ്ടി ദാവീദ് എന്തു ചെയ്തു?
5. ഇഷ്ബോഷെത്ത് അബ്നേറുമായി കലഹിക്കാൻ കാരണമെന്ത്?
6. ആരാണ് മെഫിബോഷെത്ത്? അയാൾ മുടന്തനായിത്തീർന്നതിനെക്കുറിച്ചുള്ള പരാമർശത്തിന്റെ ഉദ്ദേശ്യം എന്ത്?
7. യൊവാബ് അബ്നേറിനെ വധിക്കാൻ കാരണമെന്ത്?
8. ദാവീദിൽ നിന്ന് ഇസ്രായേൽ ശ്രേഷ്ഠന്മാർ പ്രതീക്ഷിച്ച നേതൃത്വത്തിന്റെ പ്രത്യേകതകൾ ഏവ?
9. ജറുസലെം എന്ന പേരിന്റെ ഉത്ഭവവും അർത്ഥവും വിശദീകരിക്കുക.
10. ഇസ്രായേൽ ചരിത്രത്തിലും രക്ഷാകര ചരിത്രത്തിലും ജറുസലെമിനുള്ള പ്രാധാന്യം വ്യക്തമാക്കുക.
11. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിന്റെ വിവരണത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** ഈ അദ്ധ്യായങ്ങളിൽ പ്രകടമാകുന്ന ദാവീദിന്റെ നേതൃത്വഗുണങ്ങൾ കണ്ടു പിടിക്കുക. അവ എപ്രകാരം അനുകരിക്കാം എന്ന് ചർച്ച ചെയ്യുക. അവയുടെ വെളിച്ചത്തിൽ ഇന്നത്തെ രാഷ്ട്രീയ നേതൃത്വശൈലികളെ വിലയിരുത്തുക.

**പ്രാർത്ഥന:** 21-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക. ഈ സങ്കീർത്തനത്തിലെ രാജാവിനെ യേശുക്രിസ്തുവായും, വിജയത്തെ പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള വിജയമായും കാണണം.

*******************



# 2. പേടകവും പ്രവചനവും
## 2 സാമു 6-7; 1 ദിന 13; 15-17

ജറുസലെം പിടിച്ചെടുത്ത് ഇസ്രായേൽ രാജ്യത്തിന്റെ തസസ്ഥാനമാക്കുകയും ഫിലിസ്ത്യരെ വാഗ്ദത്ത ഭൂമിയിൽ നിന്നു തുരത്തുകയും ചെയ്തതോടെ ദാവീദിന്റെ രാജത്വം ഭദ്രമായി. തുടർന്ന് ഉടമ്പടിയുടെ പേടകം ജറൂസലെമിൽ കൊണ്ടുവന്നു പ്രതിഷ്ഠിച്ചതിന്റെ സുദീർഘമായ വിവരണമാണ് വി.ഗ്രന്ഥകാരൻ നൽകുന്നത്. പേടക പ്രതിഷ്ഠയുമായി ബന്ധിപ്പിച്ച് ശാശ്വതമായ രാജത്വത്തെക്കുറിച്ചുള്ള നാഥാന്റെ പ്രവചനവും അവതരിപ്പിച്ചിരിക്കുന്നു. പേടകപ്രതിഷ്ഠ ജറുസലെം നഗരത്തെ ഇസ്രായേൽ രാജ്യത്തിന്റെ മതപരവും രാഷ്ട്രീയവുമായ കേന്ദ്രമാക്കി മാറ്റിയപ്പോൾ, നാഥാന്റെ പ്രവചനം ദാവീദിന്റെ രാജവംശത്തിന്റെ നിലനില്പ്പ് ഉറപ്പുവരുത്തുന്നതോടൊപ്പം കാലത്തിന് അതീതമായ ഒരു രാജാവിനെയും രാജത്വത്തെയുംക്കുറിച്ചുള്ള പ്രതീക്ഷകൾക്കു തുടക്കം കുറിക്കുകയും ചെയ്യുന്നു. രണ്ടും യേശുക്രിസ്തുവിലേക്കാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യരുടെ മധ്യേയുള്ള ദൈവത്തിന്റെ സജീവവും ശാരീരികവുമായ സാന്നിദ്ധ്യമാണ് വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ച യേശു; അലൗകികവും ശാശ്വതവുമാണ് അവന്റെ രാജത്വം. ഇസ്രായേൽ ചരിത്രത്തിലെ തന്നെ അതിപ്രധാനമായ ഈ സംഭവങ്ങൾ വിശദമായ പഠനം ആവശ്യപ്പെടുന്നു.

### 1. ഉടമ്പടിയുടെ പേടകം 6,1-23; 1 ദിന 13,1-14; 15,1-16,43

ദാവീദുരാജാവിന്റെ ചെയ്തികളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് ഉടമ്പടിയുടെ പേടകം ജറൂസലെമിലേക്ക് കൊണ്ടുവന്നു പ്രതിഷ്ഠിച്ചത്. ഇതിന് രാഷ്ട്രീയവും അതിലേറെ മതപരവുമായ പ്രാധാന്യമുണ്ട്. സീനായ് മലയിൽ വച്ച് ദൈവം ഇസ്രായേൽ ജനവുമായി ചെയ്ത ഉടമ്പടിയുടെ പ്രമാണങ്ങൾ ഉൾക്കൊള്ളുന്ന പേടകം കർത്താവിന്റെ സജീവസാന്നിധ്യത്തിന്റെ അടയാളമായിരുന്നു. കർത്താവിനോടുള്ള ഭക്തിയും ആദരവുമാണ് പേടകം ജറൂസലെമിലേക്കു കൊണ്ടുവരാൻ ദാവീദിനെ പ്രേരിപ്പിച്ചത്. അതേ സമയം പുറപ്പാട് സംഭവത്തിന്റെ സജീവ സ്മരണ ഉണർത്തുന്ന പേടകം ഇസ്രായേൽജനത്തെ മുഴുവൻ ഒന്നിപ്പിക്കാൻ ഉത

കുന്ന ശക്താമയ ഒരു പ്രതീകവുമായിരുന്നു. പേടകം പ്രതിഷ്ഠിത മായതോടെ ദാവീദിന്റെ നഗരം കർത്താവിന്റെ നഗരമായി മാറി; ഇസ്രാ യേൽ ഗോത്രങ്ങളെയെല്ലാം ഒന്നിപ്പിക്കുന്ന പ്രതീകമായിത്തീർന്നു.

ഫിലിസ്ത്യർ യുദ്ധത്തിൽ പിടിച്ചെടുക്കുകയും തിരിച്ചയക്കുകയും ചെയ്ത പേടകം (1 സാമു 4-6) ദീർഘകാലം അബിനാദാബിന്റെ ഭവന ത്തിൽ ഇരുന്നു. സാമുവേലിന്റെയും സാവൂളിന്റെയും ഭരണകാലത്ത് പേടകം പ്രായേണ അവഗണിക്കപ്പെട്ടിരുന്നു. ജറൂസലെമിൽ നിന്ന് ഏക ദേശം 15 കിലോമീറ്റർ പടിഞ്ഞാറ്, ഫിലിസ്ത്യരുടെ അതിർത്തിക്കടു ത്തുള്ള കിര്യാത്ത്യാറിലാണ് പേടകം സൂക്ഷിച്ചിരുന്നത് (1 സാമു 7,1). ഈ പട്ടണം ബാലേയൂദാ എന്നും അറിയപ്പെട്ടിരുന്നു (2 സാമു 6,2). ഫിലി സ്ത്യരെ ഭയന്നിട്ടാവണം പേടകം അവിടെ നിന്നു മാറ്റാൻ ഇസ്രാ യേൽക്കാർ ധൈര്യപ്പെടാതിരുന്നത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അങ്ങിനെയെങ്കിൽ ഫിലിസ്ത്യരെ തുരിത്തിയതിനുശേഷം ദാവീദ് പേടകം ജറൂസലെമിലേക്കു കൊണ്ടു വന്നത് തികച്ചും സ്വാഭാവികമത്രേ.

രണ്ടു ഘട്ടമായിട്ടാണ് പേടകം ജറൂസലെമിൽ എത്തിച്ചു പ്രതി ഷ്ഠിച്ചത്. ആദ്യഘട്ടത്തിൽ അപ്രതീക്ഷിതമായുണ്ടായ ഒരു അപകടം കാരണം പേടകവും കൊണ്ടുള്ള യാത്ര ഇടയ്ക്കുവച്ചു നിർത്തേണ്ടി വന്നു. മൂന്നു മാസത്തിനുശേഷം കൂടുതൽ ഒരുക്കത്തോടും ആഘോഷത്തോടും കൂടെ ജറൂസലെമിൽ കൊണ്ടുവന്ന്, മുൻകൂട്ടി സജ്ജമാക്കിയിരുന്ന കൂടാ രത്തിൽ പ്രതിഷ്ഠിച്ചു. പേടകത്തിന്റെ യാത്രയുമായി ബന്ധപ്പെടുത്തി ഒരു ഉപകഥയെന്നോണം മിഖാളിന്റെ പ്രതികരണവും ദാവീദിന്റെ മറുപടിയും രേഖപ്പെടുത്തിയിരിക്കുന്നു. 2 സാമു 6,11-23ൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവങ്ങൾ കൂടുതൽ വിശദമായി ദിനവൃത്താന്ത ഗ്രന്ഥത്തിൽ വിവ രിക്കുന്നുണ്ട്.

### a. ഓബെദ് ഏദോമിന്റെ വീട്ടിൽ 6,1-10; 1ദിന 13,1-14

സൈന്യത്തിന്റെയും ജനത്തിന്റെയും അകമ്പടിയോടെ ദാവീദ് അബിനാദാബിന്റെ വീട്ടിലേക്കു പുറപ്പെട്ടു. മുപ്പതിനായിരം എന്ന സൈന്യ സംഖ്യ മുപ്പതു ഗണങ്ങൾ എന്നു മനസ്സിലാക്കാം. കർത്താവിന്റെ സിംഹാ സനമായിട്ടാണ് പേടകത്തെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. കാള വണ്ടിയിൽ കയറ്റിയ പേടകത്തെ അകമ്പടി സേവിച്ചാൽ വാദ്യഘോഷ ങ്ങൾ മുഴക്കിയും നൃത്തം ചെയ്തും തങ്ങളുടെ ആഹ്ലാദം പ്രകടിപ്പിച്ചു. എന്നാൽ ആഹ്ലാദം പെട്ടെന്ന് ദുഃഖത്തിനും ഭയത്തിനും വഴി മാറി. കാള



വിരണ്ടതിനാൽ പേടകം മറിയാതിരിക്കാൻ കൈനീട്ടിപ്പിടിക്കാൻ ശ്രമിച്ച ഉസ്സാ തൽക്ഷണം വീണു. കർത്താവിനോടു കാട്ടിയ അനാദരവിന്റെ ശിക്ഷയായി ജനം ഇതിനെ വ്യാഖ്യാനിച്ചു. 'ഉസ്സായുടെ തകർച്ച' എന്നാണ് സ്ഥലത്തിനു നൽകിയ 'പേരെസ്സ് ഉസ്സാ' എന്ന പേരിന്റെ അർത്ഥം. തന്റെ പദ്ധതി നടപ്പിലാകാഞ്ഞതിനാൽ ദാവീദിന് കോപവും അതിലേറെ കർത്താവിനോടും ഭയവും ഉണ്ടായി. തന്മൂലം പേടകം ജറൂസലെമിലേക്കു കൊണ്ടുപോകാതെ ഗിത്യാനായ ഓബെദ് ഏദോമിന്റെ വീട്ടിൽ വച്ചു. 'ഹിത്യൻ' എന്ന പി.ഒ.സി. വിവർത്തനം അക്ഷരപിശകാണ്. ഗത്തുകാ രൻ എന്നാണ് ഗിത്യൻ എന്നതിന്റെ അർത്ഥം. ഒബെദ് ഏദോം ഗത്തിൽ വസിച്ചിരുന്ന ഒരു ലേവ്യനായിരുന്നു എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു.

ഈ വിവരണത്തിൽ ദാവീദിന്റെ പ്രവൃത്തികൾ പ്രത്യേക ശ്രദ്ധ യർഹിക്കുന്നു. ഈ സംഭവത്തിനു മുൻപ് കർത്താവിന്റെ ഹിതം ആരാ ഞ്ഞതായി പറയുന്നില്ല. ദാവീദിനെ സംബന്ധിച്ച് ഇത് തികച്ചും അസാ ധാരണമത്രെ. ഉസ്സായുടെ മരണം തന്റെ പദ്ധതികൾക്കു തുരങ്കം വച്ചതി നാൽ ദാവീദ് കോപിച്ചതും അസാധാരണം തന്നെ. കർത്താവിനോടു ഭയം തോന്നിയതാണ് ഏറ്റവും പ്രധാനം. ഇതുതന്നെ ആയിരിക്കാം ഈ വിവ രണത്തിന്റെയും ലക്ഷ്യം. നിരന്തരമായി തനിക്കു ലഭിച്ച സംരക്ഷണവും വിജയങ്ങളും മൂലം കർത്താവ് എപ്പോഴും തന്നോടുകൂടെ ഉണ്ടായിരിക്കു മെന്നും തന്റെ എല്ലാ സംരംഭങ്ങളെയും വിജയത്തിലെത്തിക്കുമെന്നും ദാവീദ് വിശ്വസിച്ചിരിക്കാം.

പേടകം വണ്ടിയിൽ കയറ്റുകയല്ല, ലേവ്യ പുരോഹിതർ തണ്ടു കൾ ഉപയോഗിച്ച് തോളിൽ വഹിക്കുകയാണ് പതിവ് (പുറ 25,14-15; ജോഷ്വാ 3,14). കർത്താവിന്റെ ഹിതം ആരായുകയോ വേണ്ടത്ര മുൻക രുതലുകൾ എടുക്കുകയോ ചെയ്യാതെ പേടകം വണ്ടിയിൽ കൊണ്ടുവ രാൻ തീരുമാനിച്ച ദാവീദ് ഉസ്സായുടെ മരണത്തിന് ഉത്തരവാദിയായി ത്തീർന്നു. എത്ര വിശുദ്ധനാണെങ്കിലും നിതാന്ത ജാഗ്രത പുലർത്തണ മെന്നും, കർത്താവിനെ സ്നേഹിക്കുന്നതോടൊപ്പം ദൈവഭയവും ആദ രവും നഷ്ടപ്പെടരുതെന്നും ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു. ദിനവൃ ത്താന്ത ഗ്രന്ഥത്തിൽ ദാവീദിന്റെ ഒരുക്കത്തെക്കുറിച്ച് കൂടുതൽ വിശദ മായി പ്രതിപാദിക്കുന്നുണ്ട് ( 1ദിന 13,1-5). കർത്താവിന്റെ ഹിതം അനു സരിച്ചാണ്, സൈന്യത്തിന്റെയും ജനം മുഴുവന്റെയും അഭിപ്രായം ആരാ ഞ്ഞതിനുശേഷം, പേടകം കൊണ്ടുവരാൻ തീരുമാനിച്ചത് എന്നു പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു.

കർത്താവിന്റെ സാന്നിദ്ധ്യവും സാമീപ്യവും ഓബെദ് ഏദോമിന് അനുഗ്രഹപ്രദമായി എന്ന് എടുത്തു പറയുന്നതിലൂടെ ( 2സാമു 6,11; 1ദിന 13,14) കർത്താവിനെ ഭയന്ന് അകന്നു നില്ക്കുകയല്ല, ഭക്തയാദര വുകളോടെ അടുത്തു വരുകയാണ് വേണ്ടത് എന്നു പഠിപ്പിക്കുന്നു. ഇതു മനസ്സിലാക്കിയ ദാവീദ് കൂടുതൽ ഒരുക്കത്തോടെ രണ്ടാം തവണ പുറ പ്പെട്ടു.

### b. ജറൂസലെമിലെ കൂടാരത്തിൽ 6,12-23; 1 ദിന 15-16

ആദ്യ അനുഭവത്തിൽ നിന്നു പാഠം പഠിച്ചതിനാൽ രണ്ടാം തവണ പേടകം തോളിൽ വഹിച്ചാണ് കൊണ്ടുവന്നത്. ദൈവത്തോടുള്ള ആദ രവു പ്രകടമാക്കാൻ ഘോഷയാത്രാമധ്യേ അനേകം ബലികൾ അർപ്പി ച്ചു. ദാവീദുതന്നെ ശിശു സഹജമായ സന്തോഷത്തോടും സ്വാതന്ത്ര്യ ത്തോടും കൂടെ, സർവ്വ ശക്തിയും ഉപയോഗിച്ച് പേടകത്തിനു മുമ്പിൽ നൃത്തം ചെയ്തു. അത് ജനത്തിന് കർത്താവിനോടുള്ള അമിതമായ ഭയം അകറ്റാനും ദാവീദിനോടു കൂടുതൽ അടുക്കാനും കാരണമായി. ദാവീദു ധരിച്ചിരുന്ന 'ചണനൂൽകൊണ്ടുള്ള അരക്കച്ച' പുരോഹിത വസ്ത്രമാ ണ്. പേടകം പ്രതിഷ്ഠിച്ചതിനുശേഷം ജനത്തെ ആശീർവ്വദിക്കുന്ന ദാവീദ് പുരോഹിത ധർമ്മമാണ് നിർവ്വഹിക്കുന്നത്. പുരോഹിത ജനത്തിന്റെ രാജാവ് പൗരോഹിത്യ ധർമ്മം നിർവ്വഹിക്കുന്നത് തികച്ചും ഉചിതമായി ഇവിടെ ചിത്രീകരിക്കുന്നു. പിന്നീട് സോളമനും ജനത്തെ ആശീർവ്വദി ക്കുന്നതു കാണാം (1 രാജ 8,14). രാജാവ് ജനത്തിന് അനുഗ്രഹത്തിന്റെ നീർച്ചാലാകണം. ദാവീദ് ജനത്തിനു നൽകിയ ഭക്ഷണം സമാധാന ബലി യുടെ ഭാഗമാണ് (ലേവ്യ 7,11-18). അതു ഭക്ഷിക്കുന്നത് ജനവും ദൈവവും തമ്മിൽ സംജാതമാകുന്ന രമ്യതയുടെയും കൂട്ടായ്മയുടെയും പ്രകടന മാണ്.

സന്തോഷപ്രദമായ ഈ സാഹചര്യത്തിൽ മിഖാളിന്റെ പ്രതിക രണം വേറിട്ടു നിൽക്കുന്നു. ദാവീദിന്റെ നൃത്തം അപഹാസ്യമായി അവൾ കരുതി. അതിന്റെ പേരിൽ തികഞ്ഞ അവജ്ഞയോടെ അവൾ ദാവീ ദിനെ പരിഹസിക്കുകയും ചെയ്തു (6,16-20). ദാവീദിന്റെ മറുപടി (6,21 -22) സാവൂളിന്റെ തിരസ്കരണത്തെ അനുസ്മരിച്ചു കൊണ്ട് കർത്താ വിനോടുള്ള തന്റെ നന്ദിയും സ്നേഹവും പ്രകടമാക്കുന്നു. കർത്താവിന്റെ മുമ്പിൽ സ്വയം താഴ്ത്തുന്നവനെ കർത്താവു തന്നെ ബഹുമാനിതനാക്കും



എന്ന വിശ്വാസവും ഈ മറുപടിയിലുണ്ട്. മിഖാളിന്റെ വന്ധ്യത്വം അവ ളുടെ അഹങ്കാരത്തിനു ലഭിച്ച ശിക്ഷയായിരുന്നു. സാവൂളിന്റെ വംശം ദാവീദിലൂടെ തുടരാതിരിക്കാൻ അതു കാരണമായി. തന്റെ അന്തഃപുര ത്തിൽ തുടരാൻ അനുവദിച്ചെങ്കിലും ദാവീദ് പിന്നീട് അവളെ ഭാര്യയായി പരിഗണിച്ചില്ല എന്നും സൂചനയുണ്ട്.

ദിനവൃത്താന്ത ഗ്രന്ഥകാരൻ പേടകത്തിന്റെ യാത്രയും പ്രതി ഷ്ഠയും വളരെ കൂടുതൽ വിശദമായി വിവരിക്കുന്നുണ്ട്. പേടകത്തിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായി കണ്ടതിനാലാണ് ദാവീദ് അതു നഗര ത്തിലേക്കു കൊണ്ടുവന്നത് എന്ന വിശദീകരണം വിട്ടുകളഞ്ഞ്, പകരം കൂടാര നിർമ്മാണത്തെക്കുറിച്ചു പരാമർശിക്കുന്നു (15,1). ഈ വിവരണ ത്തിൽ ഉടനീളം ലേവ്യർക്കും പുരോഹിതന്മാർക്കും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. അവരായിരുന്നു പ്രവാസത്തിൽ നിന്നു മടങ്ങി വന്നവർക്കു നേതൃത്വം നല്കിയിരുന്നത്. പേടകം വഹിക്കാൻ ദാവീദ് ലേവ്യരെ തിര ഞ്ഞെടുത്തു; സ്വയം ശുദ്ധീകരിക്കാൻ അവരോട് ആജ്ഞാപിച്ചു. (15,1 -15). ആദ്യ യാത്രയിലെ അത്യാഹിതം നിയമാനുസൃതം പെരുമാറാതി രുന്നതിന്റെ ശിക്ഷയാണെന്ന് പ്രത്യേകം എടുത്തു പറയുന്നു. (15,13). പേട കത്തിന് അകമ്പടി സേവിക്കാൻ പ്രത്യേക ഗായികാ ഗണത്തെ നിശ്ചയി ച്ചു. (15,16-24) അപകടം കൂടാതെ തങ്ങളുടെ ദൗത്യം നിറവേറ്റാൻ സഹാ യച്ചതിന് നന്ദിസൂചകമായി ലേവ്യർ പ്രത്യേക ബലികളർപ്പിച്ചു (15,25 -26). മിഖാലിന്റെ നിന്ദയെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ടെങ്കിലും (15,29) ദാവീദുമായുള്ള സംഭാഷണം വിട്ടു കളഞ്ഞിരിക്കുന്നു.

പേടക പ്രതിഷ്ഠയുടെയും ആശീർവ്വാദത്തിന്റെയും വിവരണത്തി നുശേഷം (16,13) പേടകത്തിനു മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ടി ദാവീദു രൂപം കൊടുത്ത ലേവ്യരുടെ ഒരു സ്ഥിരം സംവിധാനത്തെക്കുറിച്ചു പ്രതി പാദിക്കുന്നു (16,4-7;37-43). പേടകം ജറൂസലെമിൽ സ്ഥാപിച്ചെങ്കിലും സാക്ഷ്യകൂടാരം (പുറ 26) ഗിബയോനിൽത്തന്നെ സ്ഥിതിചെയ്തു. അതി നാൽ അവിടെയും ബലിയർപ്പണം തുടർന്നു (16,39). സംവിധാനങ്ങളുടെ വിവരണത്തിനു മധ്യേ ഒരു സ്തോത്രഗാനം ചേർത്തിരിക്കുന്നു.

### c. സ്തോത്രഗാനം 1 ദിന 16,8-36

ഗായക സംഘം ആലപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന സ്തോത്രഗാനം മൂന്നു സങ്കീർത്തനങ്ങളിൽ നിന്നുള്ള ഉദ്ധരണികളാണ് 18,8-22=സങ്കീ 105,1-15-23=സങ്കീ 96,1-13; 16,34=സങ്കീ 106,1; 16,35-36=സങ്കീ

106, 47–48. കർത്താവിന്റെ അത്ഭുതകരമായ പ്രവൃത്തികളെ നന്ദിയോടെ അനുസ്മരിക്കാനും ആഹ്ലാദത്തോടെ ഏറ്റു പറയാനും ജനതകളുടെ ഇട യിൽ പ്രഘോഷിക്കാനും ഇസ്രായേൽ ജനത്തിനു നൽകുന്ന ആഹ്വാന മാണ് കീർത്തനത്തിന്റെ ആദ്യ ഭാഗം (16,8–14). കർത്താവിനെ അന്വേഷി ക്കാൻ ഇവിടെ വീണ്ടും വീണ്ടും ക്ഷണിക്കുന്നു. പേടകം കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമാകയാൽ പേടകപ്രതിഷ്ഠയുടെ പശ്ചാത്ത ലത്തിൽ ഈ ആഹ്വാനത്തിനു പ്രത്യേക പ്രസക്തിയുണ്ട്. ജറൂസലെമി ലേക്കു തീർത്ഥാടനം നടത്തുന്നവർ കർതൃസാന്നിധ്യം തേടിയാണു വരു ന്നത്. ഇസ്രായേലിനുവേണ്ടി മഹ് കൃത്യങ്ങൾ ചെയ്ത കർത്താവ് ഭൂമി മുഴുവന്റെയും അധി നാഥനാണ്.

പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയെക്കുറിച്ചാണ് അടുത്തതായി പരാമർശിക്കുന്നത് (16,15–18). കാനാൻ ദേശം സ്വന്തമായി നല്കും എന്ന വാഗ്ദാനം അവിടുന്ന് പൂർത്തിയാക്കിക്കഴിഞ്ഞു. പ്രവാസികൾക്കും മടങ്ങി വന്നവർക്കും ഈ വാഗ്ദാനം വലിയ പ്രത്യാശ നല്കുന്നു. വാഗ്ദത്ത ഭൂമി കൈവശമാക്കുന്നതിനു മുമ്പ് പരദേശികളായി അലഞ്ഞു നടന്ന പിതാക്കന്മാർക്ക് കർത്താവു നല്കിയ സംരക്ഷണം (16,19–22) പ്രകീർത്തി ക്കുന്നതിലും പ്രവാസികളുടെ അനുഭവത്തിന്റെ പ്രതിഫലനം കാണാം. പിതാക്കന്മാരെ പ്രവാചകന്മാരും അഭിഷിക്തരുമായി വിശേഷിപ്പിച്ചിരി ക്കുന്നു (16,22). സർവ്വശക്തനായ കർത്താവു മാത്രമാണ് ദൈവമെന്നും അന്യദൈവങ്ങൾ അർത്ഥശൂന്യമായ വിഗ്രഹങ്ങൾ മാത്രമാണെന്നും ഉള്ള ബോദ്യത്തിൽ സകല ജനതകളെയും അവിടുത്തെ മഹത്വത്തെ പ്രഘോ ഷിക്കുവാൻ ക്ഷണിക്കുന്നു (16,23–29). ജനതകളെ മാത്രമല്ല, സൃഷ്ട പ്രപഞ്ചത്തെ മുഴുവൻ വിധികർത്താവായ ദൈവത്തിന്റെ മുമ്പിൽ ആഹ്ലാ ദിക്കാൻ ആഹ്വാനം ചെയ്യുന്നു (16,30–34). വിധിക്കാൻ വരുന്ന കർത്താവ് ഭൂമിയിൽ നീതിയും ന്യായവും സ്ഥാപിക്കുന്ന കരുണാമയനാണ്. ചിത റിക്കപ്പെട്ടവരെ ഒരുമിച്ചു കൂട്ടണമേ എന്ന പ്രാർത്ഥനയ്ക്കുശേഷം (16,35) കർത്താവിനെ സ്തുതിക്കാനുള്ള ആഹ്വാനം ഒരിക്കൽ കൂടി ആവർത്തി ച്ചുകൊണ്ട് കീർത്തനം സമാപിക്കുന്നു.

**വിചിന്തനം:** കർത്താവിന്റെ അനന്തമായ കാരുണ്യത്തെ ആഹ്ലാദത്തോടെ പ്രകീർത്തിക്കുന്നതായിരുന്നു പേടകത്തിനു മുമ്പിൽ നടത്തിയ ആരാധ ന. കർതൃസാന്നിധ്യത്തിന്റെ പ്രതീകം മാത്രമായ പേടകം ഇത്രമാത്രം ആദരവിനും ആഹ്ലാദത്തിനും കാരണമായെങ്കിൽ അവിടുത്തെ യഥാർത്ഥ സാന്നിധ്യം അനുഭവഭേദ്യമാകുന്ന വി. കുർബ്ബാന എത്രയധികം ആദ രവ് അർഹിക്കുന്നു; എത്ര ആഹ്ലാദം പ്രദാനം ചെയ്യണം!



## 2. നാഥാന്റെ പ്രവചനം 7,1–29; 1 ദിന 17,1–27

കർത്താവിനു വേണ്ടി ഒരാലയം പണിയാൻ ആഗ്രഹിച്ച ദാവീദിന് നാഥാൻ പ്രവാചകനിലൂടെ ദൈവം നല്കിയ മറുപടിയും അതിനു നന്ദി പ്രകടിപ്പിച്ചുകൊണ്ട് ദാവീദ് അർപ്പിച്ച പ്രാർത്ഥനയുമാണ് അടുത്തതായി പ്രതിപാദിക്കുന്നത്. 2 സാമു 7,1–29 ലെ വിവരണം കാര്യമായ വ്യത്യാസം ഒന്നും കൂടാതെ 1 ദിന 17,1–27ൽ ആവർത്തിക്കുന്നു. ഈ വിവരണത്തിലെ ആശയങ്ങളുടെ രത്നച്ചുരുക്കം ദാവീദു സോളമനു നല്കുന്ന ഉപദേശ മായി 1 ദിന 28,1–8ൽ അവതരിപ്പിച്ചിട്ടുണ്ട്. 89,132 സങ്കീർത്തനങ്ങളിലും ഇതേ ആശയങ്ങൾ വ്യത്യസ്ത രൂപത്തിൽ വിവരിച്ചിരിക്കുന്നു.

### a. പ്രവചനത്തിന്റെ പ്രാധാന്യം

പഴയ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവചനമാണ് 'നാഥാന്റെ പ്രവചനം' അബ്രാഹത്തിന്റെ വിളിയിൽ തുടങ്ങിയ രക്ഷാ കര ചരിത്രത്തിന്റെ ഉച്ചകോടിയായിട്ടാണ് ഈ പ്രവചനത്തെ വി.ഗ്രന്ഥ കാരൻ അവതരിപ്പിച്ചിരിക്കുന്നത്. വലിയ ജനത, സ്വന്തമായി ഒരു രാജ്യം, മഹത്തായ നാമം എന്നിങ്ങനെ അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങ ളെല്ലാം തന്നെ ഇവിടെ പൂർത്തിയാകുന്നതായി കാണാം. യൂദായുടെ രാജ ത്വത്തെക്കുറിച്ചുള്ള യാക്കോബിന്റെ പ്രവചനം (ഉൽപ 49,10); മൊവാ ബിന്റെ നെറ്റിത്തടം തകർക്കുന്ന ഇസ്രയേൽ രാജാവിനെക്കുറിച്ചുള്ള ബലാമിന്റെ പ്രവചനം (സംഖ്യ 24,17) തുടങ്ങിയ പ്രവചനങ്ങളും ഇവിടെ പൂർത്തിയാകുന്നു. ദാവീദിന്റെ രാജവംശം എന്നും നിലനില്ക്കും എന്ന സൂചനയാണ് നാഥാന്റെ പ്രവചനത്തിൽ നിന്നു ലഭിക്കുക.

രാജ ഭരണത്തെ സംശയദൃഷ്ടിയോടെ വീക്ഷിച്ച സാമുവേലിന്റേ തിൽ നിന്നു (1 സാമു 8) തികച്ചും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത്. രാജവാഴ്ചയെ ദൈവം അംഗീകരിക്കുന്നു എന്നു മാത്രമല്ല, അത് എന്നേക്കകും നിലനില്ക്കും എന്നു ദൈവം തന്നെ ഉറപ്പു നല്കുകയും ചെയ്യുന്നു. രാജാവിനെ ദൈവത്തിന്റെ പുത്രനായി ട്ടാണ് ഈ പ്രവചനം അവതരിപ്പിക്കുന്നത്. ഇസ്രായേലിലെ രാജവാ ഴ്ചയ്ക്ക് ദൈവശാസ്ത്രപരമായ ഒരടിത്തറ നല്കുന്ന ഏറ്റം പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമാണിത് (സങ്കീ 2,7; 110,1).

ദാവീദിനുശേഷം വന്ന രാജാക്കന്മാർ ദാവീദിനെപ്പോലെ വിശ്വ സ്തരും വിശുദ്ധരും അല്ലാതിരുന്ന സാഹചര്യത്തിലും ആ രാജവംശ ത്തിന്റെ നിലനില്പിനു ദൈവം ഉറപ്പു നല്കുന്നു എന്ന് ഈ പ്രവചന

ത്തിന്റെ അടിസ്ഥാനത്തിൽ ജനം വിശ്വസിച്ചു; പ്രവാചകന്മാർ പഠിപ്പിച്ചു. സോളമന്റെ മരണത്തിനുശേഷം രണ്ടായി പിളർന്ന്, പുതുതായി രൂപം കൊണ്ട വടക്കൻ രാജ്യമായ ഇസ്രായേലിൽ പല രാജവംശങ്ങൾ മാറി മാറി വന്നപ്പോഴും തെക്കൻ രാജ്യമായ യൂദായിൽ ദാവീദിന്റെ സന്തതി പരമ്പര തന്നെ സിംഹാസനത്തിൽ തുടർന്നു എന്നത് ഈ പ്രവചന ത്തിന്റെ പൂർത്തീകരണമാണ്. യൂദായിലെ രാജാക്കന്മാരും അധർമ്മം പ്രവർത്തിച്ചെങ്കിലും, ദാവീദിനോടു ചെയ്ത ഉടമ്പടിയെ പ്രതി അവരെ സിംഹാസനത്തിൽ തുടരാൻ ദൈവം അനുവദിച്ചു.

ജനത്തിന്റെയും ജനനേതാക്കന്മാരുടെയും നിരന്തരമായ അവിശ്വ സ്തത ദൈവകോപത്തെ ജ്വലിപ്പിച്ചു; കർത്താവിന്റെ ശിക്ഷ ആസന്നമാ യിരിക്കുന്നു എന്ന മുന്നറിയിപ്പു നല്കിയ പ്രവാചകന്മാർ നാഥാന്റെ പ്രവ ചനത്തിന് പുതിയൊരു അർത്ഥവും മാനവും കണ്ടെത്തി. ദാവീദിന്റെ വംശപരമ്പരയ്ക്ക് ഭൗതികമായ രാജത്വം നഷ്ടപ്പെട്ടാലും അഭൗതികവും ശാശ്വതവുമായ ഒരു രാജജവാഴ്ച സ്ഥാപിക്കുന്ന ഒരു രാജാവ് ദാവീ ദിന്റെ സന്തതി പരമ്പരയിൽ നിന്നും ജനിക്കും എന്ന് അവർ അറിയിച്ചു (ഏശ 7,14; 9,17;11,19, ജറെ 23,5; എസെ 34.23; ആമോ 9,11; മിക്കാ 5,2-5). ബി.സി 5987 ൽ നഷ്ടപ്പെട്ട രാജത്വം പുനഃസ്ഥാപിക്കാനായി പുതിയൊരു രാജാവ് വരും എന്ന പ്രതീക്ഷയ്ക്ക് ഈ പ്രവചനങ്ങൾ രൂപം നല്കി. അങ്ങനെ വരാനിരിക്കുന്ന രക്ഷകനെ ദാവീദിന്റെ പുത്രനും അഭിഷിക്ത നുമായ രാജാവായി ജനം കണ്ടു. കാലം കഴിയുന്തോറും ഈ പ്രതീ ക്ഷയ്ക്കു മങ്ങലേല്ക്കുകയല്ല, ശക്തി വർദ്ധിക്കുകയാണ് ചെയ്തത്. വിദേ ശമേല്ക്കോയ്മയ്ക്കെതിരേയുള്ള പോരാട്ടങ്ങൾക്കു ജനത്തെ പ്രേരിപ്പി ച്ചതിൽ ഈ പ്രതീക്ഷകൾക്കു വലിയൊരു പങ്കുണ്ട്. പ്രത്യേകിച്ചും സിറി യൻ ഭരണത്തിനെതിരേ നടന്ന മക്കബായ വിപ്ലവം റോമാക്കാർക്കെതിരേ പുതിയ നിയമകാലത്തുണ്ടായ പല കലാപങ്ങളും ഈ പ്രതീക്ഷയിൽ നിന്നു പ്രചോദനം സ്വീകരിച്ചതാണ്.

ഈ പ്രവചനവും അതുണർത്തിയ പ്രതീക്ഷകളും യേശുക്രിസ്തു വിൽ പൂർത്തീകരിക്കപ്പെട്ടതായി പുതിയനിയമ ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെ ടുത്തുന്നു. ദാവീദിന്റെ പുത്രനാണ് യേശു എന്ന് സുവിശേഷങ്ങളെല്ലാം എടുത്തു പറയുന്നുണ്ട്. (മത്താ 1,1; മർക്കോ 12,37; ലൂക്ക 1,32; യോഹ 7,42). മറ്റു പുതിയ നിയമ ഗ്രന്ഥങ്ങളിലും ഈ ആശയം പ്രകടമാണ് (അപ്പ 2,30; റോമാ 1,24; 2 തിമോ 2,8; വെളി 3,7; 22,16). യേശുവിനെ ക്രിസ്തുവായി ഏറ്റു പറയുന്നിടത്തെല്ലാം "ദാവീദിന്റെ പുത്രൻ" എന്ന



ആശയം ഉൾച്ചേർന്നിരിക്കുന്നു. എന്നാൽ ജനം കാത്തു സൂക്ഷിച്ച ഭൗതി കമായ രാജത്വത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ തിരുത്തേണ്ടിയിരുന്നു.

ഇസ്രായേൽ ജനത്തിന് ഒരു സാമ്രാജ്യം സ്ഥാപിച്ചു കൊടുക്കുക എന്നതല്ല ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം. തന്റെ രാജ്യം ഐഹികമല്ല എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതിലൂടെ (യോഹ 18,36) യേശു ഇതു വ്യക്തമാക്കി. പ്രവചനത്തിന്റെ പൂർത്തികര ണമായ യേശുക്രിസ്തുവിൽ ദാവീദിന്റെ രാജ്യം ദൈവരാജ്യത്തിനു വഴി മാറി. യുദ്ധം ചെയ്തു സ്വാതന്ത്ര്യം നേടുകയും നാടുകൾ പിടിച്ചടക്കു കയും ചെയ്യുന്ന ഭൗതിക രാജാവിന്റേതിനു പകരം ചിതറിപ്പോയ ജനത കളെ മുഴുവൻ ഒരുമിച്ചുകൂട്ടി നയിക്കുന്ന ഇടയന്റെ ചിത്രം തെളിഞ്ഞു വന്നു. യേശുവിനെ ദൈവത്തിന്റെ അഭിഷിക്തൻ (ക്രിസ്തു) ആയി ഏറ്റു പറയുകയും "അങ്ങയുടെ രാജ്യം വരണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യുമ്പോഴെല്ലാം നാം നാഥാന്റെ പ്രവചനത്തിന്റെ പൂർത്തീകരണത്തിൽ വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## b. ഘടന

രാജവാഴ്ചയുടെ ചരിത്രത്തിന്റെ കേന്ദ്രമായി നില്ക്കുന്ന ഈ അദ്ധ്യായത്തിന്റെ രചനയിൽ വ്യക്തമായ ഒരു ഘടന (concentric structure) ദൃശ്യമാണ്. പ്രവചനത്തിന്റെ സാഹചര്യത്തെക്കുറിച്ചു സൂചിപ്പിച്ച തിനുശേഷം അഞ്ചു സംഭാഷണങ്ങളായിട്ടാണ് ഈ അദ്ധ്യായം രചിച്ചി രിക്കുന്നത്.

| | |
|---|---|
| *സാഹചര്യം - ശത്രുക്കളിൽ നിന്നു സ്വസ്ഥത* | *7,1* |
| *സംഭാഷണം* | *7,2-29* |
| ***A.** ദാവീദ് നാഥാനോട്* | *7,2* |
| ***B.** നാഥാൻ ദാവീദിനോട്* | *7,3* |
| ***C.** ദൈവം നാഥാനോട്* | *7,4-16* |
| ***B.** നാഥാൻ ദാവീദിനോട്* | *7,17* |
| ***A.** ദാവീദ് ദൈവത്തോട്* | *7,18-29* |

ആരംഭത്തിലും അവസാനത്തിലും രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ ദാവീദിന്റെ ആഗ്രഹവും ദൈവഹിതം അറിഞ്ഞപ്പോഴുള്ള പ്രതികരണവും വ്യക്തമാക്കുന്നു. നാഥാൻ ദാവീദിനോട് രണ്ടു തവണ

സംസാരിക്കുന്നു. ആദ്യം തന്റെ സ്വന്തം വാക്കുകളും രണ്ടാമത് ദൈവ ത്തിന്റെ വാക്കുകളും. ഇവ തമ്മിൽ കാതലായ അന്തരമുണ്ട്. ഇവയ്ക്കു മധ്യേ അവതരിപ്പിക്കുന്ന കർത്താവിന്റെ വാക്കുകളാണ് അദ്ധ്യായത്തിന്റെ കേന്ദ്രം.

കർത്താവിന്റെ വാക്കുകൾ രണ്ടു ഭാഗങ്ങളായിട്ടാണ് അവതരിപ്പി ച്ചിരിക്കുന്നത്. ആദ്യ ഭാഗത്ത് കർത്താവ് ദാവീദിനും ജനത്തിനും വേണ്ടി ചെയ്തതും ഇനിയും ചെയ്യാനിരിക്കുന്നതുമായ കാര്യങ്ങൾ വിവരിക്കു ന്നു. രണ്ടാം ഭാഗത്ത് ദാവീദിന്റെ മരണത്തിനു ശേഷം അദ്ദേഹത്തിന്റെ സന്തതി പരമ്പരകൾക്കു വേണ്ടിയും അവരിലൂടെയും ചെയ്യാൻ പോകുന്ന കാര്യങ്ങൾ വെളിപ്പെടുത്തുന്നു. അധ്യായത്തിൽ പൊതുവേ എന്നതു പോലെ ഈ രണ്ടു ഭാഗങ്ങളിലും ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യ മാണ്. ദാവീദിന്റെ ആഗ്രഹത്തെ ഒരു ചോദ്യരൂപത്തിൽ ആവർത്തിക്കു ന്നത് രണ്ടു ഭാഗങ്ങൾക്കും പ്രസക്തമായ ആമുഖമായി നില്ക്കുന്നു.

**ആമുഖം : നീ എനിക്കു ഭവനം പണിയുമോ? 7,5**

***ഒന്നാം ഭാഗം : ദാവീദിനു വേണ്ടി ചെയ്തതും ചെയ്യാൻ പോകുന്നതും 7,6-11***

*A ഞാൻ ഭവനത്തിൽ വസിച്ചിട്ടില്ല, ഭവനം പണിയാൻ ആവശ്യപ്പെട്ടിട്ടു മില്ല 7,6-7*

*B ഞാൻ നിന്നെയും എടുത്തു സംരക്ഷിച്ചു 7,8-9**b***

*C ഞാൻ നിന്റെ പേര് മഹത്തമമാക്കും 7,9b*

*B ഞാൻ നിന്നെയും ഇസ്രായേലിനെയും സംരക്ഷിക്കും 7,10-11a*

*A ഞാൻ നിന്റെ ഭവനം സുസ്ഥിരമാക്കും 7,11b*

***രണ്ടാം ഭാഗം: സന്തതികൾക്കു വേണ്ടി ചെയ്യാൻ പോകുന്നത് 7,12-16***

*A നിന്റെ പുത്രനെ ഉയർത്തി രാജ്യം സുസ്ഥിരമാക്കും 7,12*

*B അവൾ എനിക്കു ഭവനം പണിയും*

*C ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും 7,14*

*B ശിക്ഷിക്കും, പരിത്യജിക്കുകയില്ല 7,15*

*A നിന്റെ ഭവനവും രാജ്യവും സിംഹാസനവും സുസ്ഥിരമാക്കും 7,16*



രണ്ടു ഭാഗങ്ങൾക്കും പൊതുവായി നില്ക്കുന്ന പ്രമേയമാണ് ഭവ നം. ദാവീദു കർത്താവിനു വേണ്ടിയല്ല, കർത്താവു ദാവീദിനു വേണ്ടി യാണ് ഭവനം പണിയുന്നത്. അത് ശാശ്വതമായ ഒരു രാജത്വമായിരിക്കും. ദാവീദിന്റെ പേരു മഹത്തമമാക്കും എന്ന വാഗ്ദാനമാണ് ആദ്യ ഭാഗ ത്തിന്റെ കേന്ദ്രം; ദൈവവും ദാവീദിന്റെ സന്തതിയും തമ്മിലുള്ള പിതൃ പുത്ര ബന്ധം രണ്ടാം ഭാഗത്തിന്റെയും. ദാവീദിൽ തുടങ്ങി സോളമനി ലൂടെ ദൈവപുത്രനായ യേശുക്രിസ്തുവിലേക്കു വിരൽ ചൂണ്ടുന്നതാണ് ഈ പ്രവചനം. അടുത്തതായി വിശദാംശങ്ങളിലേക്കു കടക്കാം.

**c. പ്രവചനവും 7,1-17; 1 ദിന 17,1-15**

ചുറ്റുമുള്ള ശത്രുക്കളെയെല്ലാം കീഴടക്കിയതിനു ശേഷമാണ് കർത്താവിനു വേണ്ടി ആലയം പണിയാൻ ദാവീദ് ആഗ്രഹിച്ചത് എന്ന ആമുഖ വാക്യം (7,1) അടുത്ത അധ്യായങ്ങളിൽ വിവരിക്കുന്ന യുദ്ധ ങ്ങൾക്കുശേഷം നടന്ന സംഭവമാണിത് എന്നു സൂചിപ്പിക്കുന്നു. കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച ഉടമ്പടിയുടെ പേടകവുമായി ബന്ധപ്പെട്ട വിഷയം ആയതിനാലണ് പ്രവചനം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. രാജാവ് കൊട്ടാരത്തിൽ വസിച്ചു; കർത്താവ് അവനു സ്വസ്ഥത നല്കി എന്ന രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തു പറയുന്നു. ശത്രുക്കളുടെ മേൽ നേടിയ വിജയവും തത്ഫലമായുണ്ടായ സമാദാനവും കർത്താ വിന്റെ ദാനമാണ്. ഭാവിയിൽ വരാനിരിക്കുന്ന തിന്മയുടെ മേലുള്ള ആത്യ ന്തികമായ വിജയത്തിലേക്കും ശാശ്വതമായ വിശ്രമത്തിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ പരാമർശം (സങ്കീ 110,1; മത്താ 25,23; വെളി 5,5); സ്വസ്ഥത (വിശ്രമം) എന്ന പദം ഈ പ്രവചനത്തിൽ വീണ്ടും ആവർത്തി ക്കുന്നുണ്ട് (7,11-12).

ഈ വിവരണത്തെ മുഴുവൻ ഒരുമിച്ചു നിർത്തുന്ന ഒരു പദമാണ് "ഭവനം" മലയാളത്തിൽ കൊട്ടാരം (7,1-2) ആലയം (7,5.6.7.12), കുടുംബം (7,16) എന്നിങ്ങനെ വിവർത്തനം ചെയ്യുന്നതെല്ലാം ബേത് എന്ന ഹീബ്രു വാക്കാണ്. വീട്, വൈവാലയം, കുടുംബം, വംശം എന്നിങ്ങനെ വിവിധ ങ്ങളായ അർത്ഥ സൂചനകൾ ഈ പദത്തിനുണ്ട്. കൊട്ടാരത്തിൽ വസി ക്കുന്ന രാജാവ് ദൈവത്തിനു വേണ്ടി സമുചിതമായ ഒരു ആലയം പണി യാൻ ആഗ്രഹിച്ചു. കൊട്ടാരംപ്രവാചകനായ നാഥാൻ അതിന് അംഗീ കാരം നല്കുകയും ചെയ്തു (7,2). കർത്താവു നിന്നോടുകൂടെയുണ്ട് (7,3) എന്ന പ്രസ്താവന തന്റെ ഉദ്യമങ്ങളിലെല്ലാം ദാവീദിനു വിജയം

ലഭിക്കും എന്ന ഉറപ്പു നല്കുന്നു. എന്നാൽ നാഥാൻ നല്കിയ അംഗീകാരം കർത്താവിന്റേതായിരുന്നില്ല. രാജഹിതത്തെ പിന്താങ്ങുന്ന വെറും ഒരു ഉദ്യോഗസ്ഥൻ മാത്രമായിട്ടാണ് നാഥാൻ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ഇപ്രകാരമുള്ള ധാരാളം പ്രവാചകന്മാർ പിന്നീടു പ്രത്യക്ഷപ്പെടുന്നതായി കാണാം. ശ്രോതാക്കൾക്കു കേൾക്കാൻ ഇഷ്ടമുള്ളതു മാത്രം പറയുന്നവർ വ്യാജപ്രവാചകന്മാരാണെന്നും അവരാണ് ജനത്തിന് ഏറ്റം കൂടുതൽ ദ്രോഹം ചെയ്യുന്നതെന്നും ഇസ്രായേൽ ജനത്തിന്റെ ചരിത്രം പഠിപ്പിക്കുന്നു.

സ്വന്തം അഭിപ്രായം ദാവീദിനെ അറിയിച്ച നാഥാന് രാത്രിയിൽ കർത്താവിന്റെ വചനം ലഭിച്ചു (7,4). യഥാർത്ഥ പ്രവാചകന്റെ ചിത്രം ഇവിടെ പ്രത്യക്ഷപ്പെടുന്നു. കർത്താവിന്റെ വചനത്തിനു കാതോർക്കുകയും ലഭിച്ച വചനം വിശ്വസ്തതയോടെ അറിയിക്കുകയും ചെയ്യുന്നവനാണ് പ്രവാചകൻ. ദാവീദ് നാഥാന്റെ ഉപദേശം തേടുകയും നാഥാൻ ദൈവവചനം ദാവീദിനെ അറിയിക്കുകയും ചെയ്യുന്നതിന്റെ വിവരണം രാജത്വം പ്രവാചകത്വത്തിനു കീഴ്പ്പെട്ടിരിക്കുന്നു എന്ന തത്ത്വം എടുത്തു കാട്ടുന്നു. രാജാക്കന്മാരെ നിയന്ത്രിക്കുന്ന ശക്തിയായി പ്രവാചകന്മാർ പിന്നീടു പ്രത്യക്ഷപ്പെടുന്നതു കാണാം. യഥാർത്ഥ പ്രവാചകന്മാരിലൂടെ ലഭിക്കുന്ന ദൈവവചനം അനുസരിച്ചു പ്രവർത്തിക്കുന്നിടത്തോളം കാലം രാജാവ് ദൈവത്തിന്റെ ദാസനും ഉത്തമനായ ഭരണകർത്താവും ആയിരിക്കും.

ദാവീദിനെ ദാസൻ എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് കർത്താവിന്റെ വചനം ആരംഭിക്കുന്നത് (7,5). ദൈവത്തിന് ദാവീദിനോടുള്ള അടുപ്പവും സ്നേഹവും പ്രകടമാക്കുന്നതോടൊപ്പം ദൈവത്തിന്റെ ഹിതമാണ് ദാവീദ് അനുഷ്ഠിക്കേണ്ടത് എന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നതാണ് "ദാസൻ" എന്ന വിശേഷണം. "നീ എനിക്ക് ആലയം പണിയുമോ?" (7,5) എന്ന ചോദ്യം "നീ എനിക്ക് ആലയം പണിയുകയില്ല" എന്ന ഒരു പ്രസ്താവനയായിട്ടാണ് 1 ദിന 17, 4ൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രപഞ്ചത്തിന്റെ അധിനാഥനായ ദൈവത്തിനു ഉചിതമായ ആലയം പണിയാൻ ഒരു രാജാവിനും കഴിയുകയില്ല എന്ന ധ്വനിയാണ് ഈ ചോദ്യത്തിലും പ്രസ്താവനയിലുമുള്ളത് (ഏശ 66,1). തന്നെയുമല്ല, ദൈവം ഒരാലയത്തിലും വസിക്കാൻ ആഗ്രഹിക്കുന്നില്ല എന്ന സൂചനയും ഇതിൽ കാണാം. ദാവീദ് ഏറെ രക്തം ഒഴുക്കിയതിനാലാണ് ദേവാലയം പണിയാൻ അനർഹനായിത്തീർന്നത് എന്ന് 1 ദിന 28,3ൽ വിശദീകരിക്കുന്നു.



നാടിനും ജനത്തിനും സംരക്ഷണം നല്കാൻ വേണ്ടി യുദ്ധം ചെയ്യാനുള്ള ദൗത്യമാണ് ദാവീദിനെ ഏല്പ്പിച്ചിരിക്കുന്നതെന്നും ദേവാലയം പണിയുന്നത് മകൻ സോളമൻ ആയിരിക്കുമെന്നും ആ വിശദീകരണത്തിൽ കാണാം (1 ദിന 28,6).

ജനത്തിൽ നിന്നകന്ന്, മനോഹരമായ കൊട്ടാരത്തിൽ വസിക്കാനല്ല, ജനങ്ങളുടെ മധ്യത്തിൽ അവരുടെ സുഖ ദുഃഖങ്ങളിൽ പങ്കുചേർന്നുകൊണ്ട് അവരോടൊത്തു വസിക്കാനും യാത്രചെയ്യാനുമാണ് താൻ ഇഷ്ടപ്പെടുന്നത് എന്ന് പുറപ്പാടു സംഭവം അനുസ്മരിപ്പിച്ചുകൊണ്ട് ദൈവം തുടർന്ന് അറിയിക്കുന്നു (7,6-7) മനുഷ്യൻ പണിയുന്ന ആലയത്തിലല്ല, ദൈവം തന്നെ പണിയുന്ന ആലയമായ മനുഷ്യ ഹൃദയത്തിൽ വസിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത് (അപ്പ 7,43-50; 1കോറി 6,19) കല്ലും തടിയും കൊണ്ട് ദേവാലയം പണിയുന്നതിനുമുമ്പേ ദൈവത്തിനു സ്വീകാര്യമായ ആലയമായി ഹൃദയങ്ങളെ ഒരുക്കണം. അപ്രകാരം ഒരുക്കമുള്ള ഹൃദയങ്ങളോടു കൂടിയ ഒരു ജനത്തെ രൂപീകരിക്കുന്നതിനും നയിക്കുന്നതിനും വേണ്ടിയാണാ ദൈവം ദാവീദിനെ തിരഞ്ഞെടുത്തത്.

തിരഞ്ഞെടുപ്പിനു മുമ്പുണ്ടായിരുന്ന ദാവീദിന്റെ അവസ്ഥയെക്കുറിച്ചുള്ള അനുസ്മരണം (7,8) അയാളുടെ കഴിഞ്ഞകാലത്തെ വിനീതത്വവും ഏല്പിക്കപ്പെടുന്ന ദൗത്യത്തിന്റെ സ്വഭാവവും വിശദമാക്കുന്നു. ഇടയനായിരുന്നവൻ ജനത്തിന്റെ ഇടയനായിരിക്കണം. അധിപൻ, രാജാവ് എന്നീ സ്ഥാനങ്ങൾ ഇടയന്റെ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്നതായിരിക്കണം. ഈ ദൗത്യത്തിൽ പരാജയപ്പെട്ടപ്പോൾ കർത്താവിന്റെ ശിക്ഷാവിധിയുമായി ദാവീദിനെ സമീപിക്കുന്ന നാഥാൻ ആടിന്റെയും ഇടയന്റെയും ഉപമ പറഞ്ഞുകൊണ്ട് ആരംഭിക്കുന്നതും (12,1-6) ശ്രദ്ധേയമത്രെ. "ഞാൻ നിന്നോടു കൂടെ ഉണ്ടായിരുന്നു" (7,9) എന്നതാണ് ദാവീദിന്റെ വിജയങ്ങൾക്കെല്ലാം അടിസ്ഥാനം.

"നിന്നെ ഞാൻ മഹാനാക്കും" (7,9) എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. "ഭൂമിയിലെ ഏറ്റം മഹാന്മാരുടെ നാമം പോലെ നിന്റെ നാമം ഞാൻ മഹത്വമുള്ളതാക്കും" എന്നാണ് ഹീബ്രുമൂലം. അബ്രാഹത്തിനു നല്കിയ വാഗ്ദാനവുമായി (ഉൽപ 12,2) ഇതിന് അടുത്ത സാമ്യമുണ്ട്. ദാവീദിനു വ്യക്തിപരമായി നല്കുന്ന അനുഗ്രഹങ്ങളുടെ സംഗ്രഹമാണിത്. ദാവീദിന്റെ മഹത്വവും പ്രശസ്തിയും ദൈവത്തിന്റെ ദാനമാണ്. ദാവീദിനു നല്കുന്ന ഈ ദാനം ജനത്തിനു ദൈവം നല്കുന്ന

സുരക്ഷിതത്വവുമായി (7,10-11) ബന്ധപ്പെട്ടിരിക്കുന്നു. രാജാവിന്റെയും ജനത്തിന്റെയും ശാന്തിയും സുസ്ഥിയും പരസ്പരം ആശ്രയിച്ചാണ് നിലനില്ക്കുന്നത്.

"നിന്നെ ഒരു വംശമായി വളർത്തും" എന്നതിന്റെ ഹീബ്രുമൂലം "നിന്റെ ഭവനം ഞാൻ സുസ്ഥിരമാക്കും" എന്നാണ്. രാജവംശം എന്ന അർത്ഥത്തിലാണ് ബേത് എന്ന ഹീബ്രുവാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദാവീദിനു വ്യക്തിപരമായി നല്കുന്ന ഈ വാഗ്ദാനം വരും തലമുറകളിലേക്കു ശ്രദ്ധതിരിക്കുന്നു. ദാവീദിനുശേഷം ഇസ്രായേലിനെ ഭരിക്കാൻ അദ്ദേഹത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ട ഒരാൾ എന്നും ഉണ്ടായിരിക്കും എന്നതാണ് ഈ വാഗ്ദാനത്തിന്റെ പ്രത്യക്ഷമായ അർത്ഥം.

ദാവീദിന്റെ മരണത്തെ "ദിനങ്ങൾ പൂർത്തിയായി പൂർവ്വികരോടു ചേരുന്നതായി" വിശേഷിപ്പിക്കുമ്പോൾ (7,12) പഴയനിയമത്തിലെ വെളിപാടിന്റെ പരിമിതി വ്യക്തമാകുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അറിവ് ഇനിയും നല്കപ്പെട്ടിട്ടില്ല. മരിച്ചവർ പിതാക്കന്മാരോടൊത്ത് നിത്യനിദ്രയിൽ കഴിയുകയും തങ്ങളുടെ മക്കളിലൂടെ ജീവിക്കുകയും ചെയ്യുന്നതായിട്ടാണ് സങ്കല്പം. അതിനാൽ ദീർഘകാലം ജീവിക്കുക. പിതാക്കന്മാരുടെ കല്ലറയിൽ സംസ്കരിക്കപ്പെടുക, പിൻഗാമികളായി പുത്രന്മാരുണ്ടായിരിക്കുക എന്നിവ ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളായും ഇവയുടെ അഭാവം ശാപമായും കരുതപ്പെട്ടിരുന്നു.

"സ്വന്തം ശരീരത്തിൽ നിന്നു ജനിച്ചവൻ" എന്നാണ് "ഔരസപുത്രൻ" എന്ന വിശേഷണത്തിന്റെ അർത്ഥം. വരും തലമുറകളെക്കുറിച്ചുള്ള പ്രവചനത്തിന്റെ ആരംഭത്തിൽ സോളമനെക്കുറിച്ചു പ്രതിപാദിക്കുന്നു. അയാൾക്കുവേണ്ടി ദൈവം ചെയ്യാൻ പോകുന്ന കാര്യങ്ങളെ രണ്ടായി തിരിച്ച് അവയ്ക്കു മധ്യേ സോളമൻ ചെയ്യാൻ പോകുന്ന കാര്യം പറയുന്നു.

A ഞാൻ അവന്റെ രാജ്യം സുസ്ഥിരമാക്കും

B അവൻ എനിക്ക് ആലയം പണിയും

A ഞാൻ അവന്റെ സിംഹാസനം എന്നേക്കും സ്ഥിരപ്പെടുത്തും

ദാവീദിന്റെ രാജവംശം, കർത്താവിന്റെ ആലയം എന്നീ രണ്ടു പ്രമേയങ്ങളും ഇവിടെ ഒരുമിച്ച് അവതരിപ്പിക്കുന്നു. 'എന്നേക്കും എന്ന കാല



സൂചന ശാശ്വതമായ ഒരു രാജത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. 7,16ൽ ഇതു വീണ്ടും രണ്ടു തവണ ആവർത്തിക്കുന്നുണ്ട്.

ദാവീദിന്റെ പുത്രനും ദൈവവും തമ്മിൽ നിലനില്ക്കുന്ന ബന്ധത്തെക്കുറിച്ചുള്ള വാഗ്ദാനത്തിൽ ഒരു ഉടമ്പടിയുടെ ധ്വനിയുണ്ട്. സീനായ് ഉടമ്പടിയുമായി ഇതിനുള്ള സാമ്യം താഴെക്കൊടുത്തിരിക്കുന്ന താരതമ്യത്തിൽ നിന്നു വ്യക്തമാകുന്നു.

7,12 ഞാൻ അവന് പിതാവായിരിക്കും

അവർ എനിക്കു പുത്രൻ ആയിരിക്കും

പുറ 6,7 ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും

ഞാൻ നിങ്ങളുടെ ദൈവമായിരിക്കും

നാഥാന്റെ പ്രവചനത്തിൽ "ഉടമ്പടി' എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും ഉടമ്പടിയുടെ ഘടനയിലെ ചില അംശങ്ങൾ ഈ പ്രവചനത്തിൽ ദൃശ്യമാണ്. (ഉടമ്പടിയുടെ ഘടനയെക്കുറിച്ച് ബൈ.തീ 9p.9 കാണുക.) ഉടമ്പടി ഉറപ്പിക്കുന്ന ആളിന്റെ പേരു വിവരം (7,5), അയാൾ ഉടമ്പടി സ്വീകരിക്കുന്ന ആൾക്കുവേണ്ടി ചെയ്ത കാര്യങ്ങൾ വിവരിക്കുന്ന ചരിത്രസംഗ്രഹം (7,8-9), വാഗ്ദാനം (7,14), ഉടമ്പടി ലംഘിച്ചാൽ ഉണ്ടാകാവുന്ന ശിക്ഷ (7,14b) എന്നീ ഘടകങ്ങൾ ഇവിടെയും കാണാം. സീനായ് ഉടമ്പടി നിബന്ധനകളോടുകൂടിയതായിരുന്നു. എന്നാൽ ഇവിടെ നിബന്ധനകൾ ഒന്നും വയ്ക്കാതെ, നിരുപാധികമാണ് കർത്താവിന്റെ വാഗ്ദാനം നല്കിയിരിക്കുന്നത്. ദൈവവും ജനവും തമ്മിൽ സംജാതമാകുന്ന പ്രത്യേക ബന്ധമാണ് ഉടമ്പടിയുടെ കാതൽ (പുറ 6,7; ജറെ 11,4; 32,38; എസെ 11,20). അത് ഇവിടെ പ്രവചനത്തിന്റെ കേന്ദ്രമായി അവതരിപ്പിച്ചിരിക്കുന്നു.

സീനായ് ഉടമ്പടിയോടുള്ളതിനെക്കാൾ കൂടുതൽ സാമ്യം ഇതിന് അബ്രാഹവുമായി ചെയ്ത ഉടമ്പടിയോടുണ്ട് (ഉൽപ 17,7). രണ്ടിടത്തും ഉടമ്പടി നിരുപാധികമാണ്; രണ്ടിടത്തും സന്തതിപരമ്പരയെക്കുറിച്ചു പരാമർശിക്കുന്നുമുണ്ട്. അബ്രാഹവുമായി ചെയ്ത ഉടമ്പടിയിൽ നല്കിയ വരാനിരിക്കുന്ന രാജാക്കന്മാരെക്കുറിച്ചുള്ള വാഗ്ദാനം ദാവീദിനു നല്കുന്ന വാഗ്ദാനത്തിൽ പൂർത്തിയാവുകയും കൂടുതൽ ദൂരവ്യാപകമായ അർത്ഥം ഉൾക്കൊള്ളുകയും ചെയ്യുന്നു.

"തെറ്റു ചെയ്യുമ്പോൾ ശിക്ഷിക്കും' (7,14b) എന്ന മുന്നറിയിപ്പ് ദാവീദിന്റെ സന്തതി പരമ്പരയിൽപ്പെട്ട രാജാക്കന്മാർക്ക് ഉണ്ടാകാവുന്ന വീഴ്ചകളെ സൂചിപ്പിക്കുന്നു. സോളമൻ മുതൽ അങ്ങോട്ട് വീഴ്ചകളില്ലാത്ത രാജാക്കന്മാർ ആരും തന്നെ ഉണ്ടായിരുന്നില്ല. പിൻഗാമിയുടെ തെറ്റിനെയും ശിക്ഷയെയുംക്കുറിച്ചുള്ള പരാമർശം ദിനവൃത്താന്ത ഗ്രന്ഥകാരൻ ഒഴിവാക്കിയിരിക്കുന്നു. തെറ്റുകൾക്കു ശിക്ഷിക്കുമെങ്കിലും എന്നേക്കുമായി പരിത്യജിക്കുകയില്ലയെന്ന ഉറപ്പ് (7,15-16) പ്രത്യാശയുടെ ഉറവിടമാണ്.

രാജത്വവും സിംഹാസനവും എന്നേക്കും നിലനില്ക്കും എന്ന വാഗ്ദാനം ഇസ്രായേലിൽ രാജഭരണം അവസാനിച്ചതിനുശേഷവും ജനത്തിനു പ്രതീക്ഷ പകർന്നു. "അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നല്കും.....അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല" (ലൂക്കാ 1,32-33) എന്ന ദൈവദൂതന്റെ വാക്കുകൾ ഈ പ്രവചനത്തിന്റെ പൂർത്തീകരണം വിളിച്ചറിയിക്കുന്നു.

### d. ദാവീദിന്റെ പ്രാർത്ഥന 7,18-29; 1 ദിന 17,16-27

തനിക്കു സ്വപ്നം കാണാൻ പോലും കഴിയാത്തത്ര ഔന്നത്യത്തിലേക്കു തന്നെ ഉയർത്തുകയും തന്റെ കുടുംബത്തിനു വിദൂരഭാവിയിൽ വരാനിരിക്കുന്ന മഹത്വം പോലും അറിയിക്കുകയും ചെയ്ത കർത്താവിന്റെ വചനത്തിന് ദാവീദ് മനോഹരമായ ഒരു പ്രാർത്ഥനയിലൂടെ പ്രത്യുത്തരം നല്കി. പ്രവചനത്തിലെ വാക്കുകൾ ആവർത്തിച്ചുകൊണ്ടാണ് ദാവീദ് പ്രാർത്ഥിക്കുന്നത്. ഈ പ്രാർത്ഥന കാര്യമായ വ്യത്യാസമൊന്നും കൂടാതെ രണ്ടു പുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ജറുസലെമിൽ താൻ കർത്താവിനുവേണ്ടി തയ്യാറാക്കിയ കൂടാരത്തിൽ ഉടമ്പടിയുടെ പേടകത്തിനു മുമ്പിൽ ഏകാന്തതയിൽ, ഏകാഗ്ര ചിത്തനായിരുന്ന് ദൈവ സന്നിധിയിൽ മാതൃകയാണ്. അദ്ദേഹം നടത്തുന്ന പ്രാർത്ഥനയിൽ ആറു ഘടകങ്ങൾ പ്രത്യക്ഷമാകുന്നുണ്ട്.

**1. എളിമ** തനിക്കു ലഭിച്ചതും ലഭിക്കാൻ പോകുന്നതുമായ മഹത്വത്തെക്കുറിച്ചുള്ള അറിവിനു മുമ്പിൽ ആദ്യമേ തന്റെ കുടുംബത്തിന്റെ നിസ്സാരത ഏറ്റു പറയുകയാണ് ദാവീദു ചെയ്യുന്നത് (7,18). താൻ കർത്താവിന്റെ ദാസൻ മാത്രമാണെന്ന് അനേകം തവണ ആവർത്തിച്ചു പറഞ്ഞുകൊണ്ട് ദാവീദ് തന്റെ വിനയം പ്രകടമാകുന്നു. ലഭിച്ച നേട്ടങ്ങളിലും സ്ഥാനമാനങ്ങളിലും ഒട്ടും അഹങ്കരിക്കുന്നില്ല; ഇതൊന്നും തന്റേതാണെന്ന് അവകാശപ്പെടുന്നുമില്ല. എല്ലാം കർത്താവ് കനിഞ്ഞു ദാനമായി നല്കിയതാണ്



എന്ന് ഏറ്റു പറയുന്നു. ഇതാണ് യഥാർത്ഥ എളിമ. പ്രാർത്ഥനയിൽ ഉടനീളം എളിമയുടെ ഈ മനോഭാവം പ്രകടമാകുന്നുണ്ട്.

**2. വിശ്വാസം** പ്രവാചകൻ അറിയിച്ച വചനങ്ങൾ ദൈവത്തിന്റേതാണെന്ന് ദാവീദ് വിശ്വസിച്ചു. മാത്രമല്ല, കർത്താവു നല്കിയ വാഗ്ദാനങ്ങൾ നിറവേറുമെന്നും അല്ല, നിറവേറിക്കഴിഞ്ഞു എന്നും അദ്ദേഹം വിശ്വസിച്ചു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ദാവീദു പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയുടെ അവസാനം ഈ വിശ്വാസം ഉറച്ച ബോധ്യമായി ഏറ്റു പറയുന്നു (7,29).

**3. കൃതജ്ഞത** കർത്താവു തനിക്കുവേണ്ടി ചെയ്തതും ഇനിയും ചെയ്യാൻ പോകുന്നു എന്നു വെളിപ്പെടുത്തിയതുമായ കാര്യങ്ങൾക്കുള്ള കൃതജ്ഞത ഓരോ വാക്കിലും പ്രതിഫലിക്കുന്നു. നന്ദി നിറഞ്ഞ ഹൃദയമാണ് അദ്ദേഹം ദൈവതിരുമുമ്പിൽ തുറക്കുന്നത്.

**4. സ്തുതി** തനിക്കു ലഭിച്ച ദാനങ്ങളിൽ നിന്ന് അവയുടെ ദാതാവായ ദൈവത്തിന്റെ മഹത്വത്തിലേക്ക് ദാവീദ് ശ്രദ്ധ തിരിക്കുന്നു (7,22). കർത്താവായ ദൈവം മാത്രമാണ് ദൈവം (7,28). അവിടുത്തേക്കു തുല്യനായി മറ്റാരുമില്ല. പിതാക്കന്മാരുടെ പാരമ്പര്യവും സ്വന്തം അനുഭവങ്ങളും ഇതു സാക്ഷ്യപ്പെടുത്തുന്നു അവിടുത്തെ നാമം മഹത്വപ്പെടട്ടെ (7,26) എന്ന പ്രാർത്ഥന കർത്താവിനെ സ്തുതിക്കലാണ്.

**5. അനുസ്മരണം** ഇസ്രായേൽ ജനത്തിനുവേണ്ടി ദൈവം ചെയ്ത കാര്യങ്ങൾ ഒന്നൊന്നായി അനുസ്മരിക്കുകയും ഏറ്റു പറയുകയും ചെയ്തുകൊണ്ട് ദാവീദ് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈജിപ്തിൽ നിന്നുള്ള വിമോചനം, സീനായ് ഉടമ്പടി, വാഗ്ദത്ത ഭൂമി കീഴടക്കൽ എന്നീ മൂന്നു സംഭവങ്ങളിലേക്കു പ്രത്യേകം സൂചനകൾ നല്കുന്നു (7,23-24). ആ ചരിത്രത്തിന്റെ തുടർച്ചയാണ് തന്നിലൂടെയും തന്റെ പിൻഗാമികളിലൂടെയും ദൈവം നിർവ്വഹിക്കുന്നത് എന്ന വിശ്വാസവും ഈ അനുസ്മരണത്തിലുണ്ട്.

**6. യാചന** കർത്താവ് അരുളിച്ചെയ്തവ നിറവേറും എന്ന വിശ്വാസത്തോടെ തന്നെ അവ നിറവേറണമേ എന്നു യാചിക്കുന്നു (7,25.26.29). കർത്താവിന്റെ തിരുഹിതം തന്റെയും തന്റെ കുടുംബത്തിന്റെയും ജീവിതത്തിൽ നിറവേറാൻ ഇടയാകട്ടെ എന്നാണ് യാചിക്കുന്നത്. കർത്താവ് വാഗ്ദാനം നിറവേറും എന്ന വിശ്വാസം ഏറ്റു പറയുമ്പോഴും തന്റെ

കുടുംബം അവിടുത്തെ മുന്നിൽ നിന്നു മാറിപ്പോകാതിരിക്കട്ടെ എന്ന യാചനയ്ക്ക് രണ്ടു ധ്വനികളുണ്ട്. കർത്താവ് തന്റെ കുടുംബത്തെ തിരസ്കരിക്കാതിരിക്കട്ടെ; തന്റെ കുടുംബം സ്വന്തം തെറ്റുകൾ വഴി കർത്താവിൽ നിന്നു അകന്നു പോകാൻ ഇടയാകാതിരിക്കട്ടെ. തന്റെ കുടുംബം എന്നേക്കും അനുഗൃഹീതമാകും എന്ന ഉറപ്പോടെയാണ് ദാവീദ് പ്രാർത്ഥന അവസാനിപ്പിക്കുന്നത്.

ദാവീദിന്റെ രാജവംശം നാനൂറു വർഷം ഇസ്രായേലിൽ നിലനിന്നു. എന്നാൽ സോളമൻ മുതൽ കർത്താവിൽ നിന്ന് അകന്നുപോകാനുള്ള പ്രവണത പ്രകടമായി തുടങ്ങി. പലരും കർത്താവിനെ പൂർണ്ണമായി പരിത്യജിച്ചു. പ്രവാസത്തോടു കൂടെ രാജവംശം തന്നെ അവസാനിച്ചു. ആ കാലഘട്ടങ്ങളിലെല്ലാം ഈ പ്രാർത്ഥന കൂടുതൽ പ്രസക്തമായിത്തീർന്നു. നാഥാന്റെ പ്രവചനമെന്നതുപോലെ ദാവീദിന്റെ പ്രാർത്ഥനയും യേശുക്രിസ്തുവിലാണ് പൂർണ്ണമായി ഫലമണിയുന്നത്.

**വിചിന്തനം:** ദൈവം ദാവീദിനെ തിരഞ്ഞെടുത്തതും മഹത്വപ്പെടുത്തിയതും ദാവീദിനു വേണ്ടി മാത്രമായിരുന്നില്ല, അവനിലൂടെ ഇസ്രായേൽ ജനത്തിനും ലോകം മുഴുവനും രക്ഷനല്കുന്നതിനു വേണ്ടിയായിരുന്നു. ദൈവം നമ്മെയും തിരഞ്ഞെടുക്കുന്നു, അനുഗ്രഹിക്കുന്നു ദൗത്യങ്ങൾ ഏല്പിക്കുന്നു. നമ്മിൽ മാത്രം ഒതുങ്ങിക്കൂടാതെ, അന്യരിലേക്കു രക്ഷയൊഴുക്കുന്ന നീർച്ചാലുകളായി മാറാൻ നമ്മെ ആഹ്വാനം ചെയ്യുകയും പര്യാപ്തരാക്കുകയും ചെയ്യുന്നതാണ് ഈ ദാനങ്ങൾ.

ദാവീദ് കർത്താവിനു വേണ്ടി നല്ലൊരു ആലയം പണിയാൻ ആഗ്രഹിച്ചു. കർത്താവിനു വിലപിടിപ്പുള്ള കാഴ്ചകൾ കൊടുക്കാൻ ഇന്നു നാമും ആഗ്രഹിക്കുന്നു, ശ്രമിക്കുന്നു. ദേവാലയങ്ങൾ തിരുനാളുകൾ, നേർച്ച കാഴ്ചകൾ എല്ലാം ഈ ആഗ്രഹത്തിന്റെ പ്രകടനങ്ങളാണ്. എന്നാൽ നാം ദൈവത്തിനു നല്കുന്നതിനേക്കാൾ വിലപ്പെട്ടത് ദൈവം നമുക്കു നല്കുന്നതാണെന്ന് അനുസ്മരിക്കണം. തന്നെയുമല്ല, ദൈവാലയം പണിയാൻ കാട്ടുന്നത്ര ശ്രദ്ധ ജീവിക്കുന്ന ദൈവാലയങ്ങളായ മനുഷ്യർക്ക് ആഹാരം, വസ്ത്രം, പാർപ്പിടം മുതലായ പ്രാഥമിക ആവശ്യങ്ങൾ ഉറപ്പു വരുത്തുന്നതിനു വേണ്ടിയും കാട്ടേണ്ടിയിരിക്കുന്നു. ലക്ഷങ്ങളും കോടികളും മുടക്കി ദേവാലയങ്ങൾ പണിയുന്നവർ തങ്ങളുടെ ചുറ്റിലും വീടില്ലാതെയും പട്ടിണിയിലും കഴിയുന്ന സഹോദരങ്ങളുടെ സഹായത്തിനെത്തുന്നില്ലെങ്കിൽ അവർ പണിയുന്ന ആലയങ്ങളിൽ



ദൈവം വസിക്കുമോ? കല്ലിലും മണ്ണിലും തീർത്ത ആലയത്തെക്കാൾ വിലപ്പെട്ടതാണ് ജീവിക്കുന്ന ദൈവാലയങ്ങളായ മനുഷ്യർ.

ദൈവം തന്നെ പണിയുമെന്നു പറഞ്ഞ ആലയം ആത്യന്തികമായി യേശുക്രിസ്തുവിലാണ് പൂർത്തിയായത്. അവിടുത്തെ ശരീരമാണ് യഥാർത്ഥ ദൈവാലയം – മനുഷ്യരുടെ മധ്യേയുള്ള ദൈവത്തിന്റെ വാസസ്ഥലം (യോഹ 1,14; 2,21). യേശുവിന്റെ മനുഷ്യശരീരം മാത്രമല്ല, മൗതിക ശരീരമാകുന്ന സഭയും ദൈവത്തിന്റെ ആലയം തന്നെ നാം ഓരോരുത്തരും ഈ ആലയത്തിന്റെ സജീവ ശിലകളും സഭയാകുന്ന ദൈവാലയം ഇന്നും നമ്മിലൂടെ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു (1 കോറി 3,12 –17; 1 പത്രോ 2,5).

യഥാർത്ഥമായ പ്രാർത്ഥനയുടെ മാതൃകയാണ് ദാവീദിന്റെ പ്രാർത്ഥന. തനിക്കു വലിയ മഹത്വം ലഭിച്ചപ്പോൾ, ഹൃദയത്തിൽ സന്തോഷം നിറഞ്ഞപ്പോൾ, തികഞ്ഞ എളിമയോടെ ദൈവസന്നിധിയിലിരുന്ന് ദാവീദ് ദൈവത്തെ സ്തുതിച്ചു; നന്ദി പറഞ്ഞു. ജീവിതത്തിൽ നേട്ടങ്ങളുണ്ടാകുമ്പോൾ നാം എന്താണു ചെയ്യുക?

## ചോദ്യങ്ങൾ

1. എന്താണ് ഉടമ്പടിയുടെ പേടകം? ഇസ്രായേൽ ചരിത്രത്തിൽ അതിനുള്ള പ്രാധാന്യമെന്ത്?
2. പേടകം ജറുസലെമിൽ പ്രതിഷ്ഠിച്ചതിന് മതപരവും രാഷ്ട്രീയവുമായ പ്രാധാന്യമുണ്ട്. വിശദീകരിക്കുക.
3. പേടകം ജറുസലെമിലേക്കു കൊണ്ടുവരാൻ ദാവീദ് മടിച്ചത് എന്തുകൊണ്ട്?
4. ഉസ്സായുടെ മരണത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
5. മിഖാൾ ദാവീദിനെ നിന്ദിച്ചതിനു കാരണമെന്ത്? എന്തു മറുപടിയാണ് ദാവീദ് അവൾക്കു നല്കിയത്?
6. നാഥാന്റെ പ്രവചനത്തിന് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യം വിശദീകരിക്കുക
7. ബേത് എന്ന ഹീബ്രുവാക്ക് ഏതെല്ലാം അർത്ഥത്തിലാണ് ഈ അധ്യാ

യത്തിൽ ഉപയോഗിച്ചിരിക്കുന്നത്?

8. നാഥാന്റെ പ്രവചനത്തിന്റെ ഘടന വിശകലനം ചെയ്ത്, പ്രധാന ആശയങ്ങൾ വ്യക്തമാക്കുക.
9. ദാവീദിന്റെ പ്രാർത്ഥനയിൽ പ്രകടമാകുന്ന ഘടകങ്ങൾ ഏവ?

**ചർച്ചയ്ക്ക് :** ആലയം എന്ന പദത്തിന്റെ വിവിധ അർത്ഥങ്ങൾ വിശകലനം ചെയ്ത് അവയ്ക്ക് ഇന്നു നമ്മുടെ ജീവിതതിൽ എന്തു പ്രാധാന്യം ഉണ്ടെന്ന് ചർച്ച ചെയ്യുക.

**പ്രാർത്ഥന :** ദാവീദിന്റെ പ്രാർത്ഥനയിൽ പ്രകടമാകുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ച് നിങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു പ്രാർത്ഥന രചിക്കുക.

*******************



# 3. ദാവീദിന്റെ വിജയങ്ങൾ

## 2 സാമു 8-10; 1 ദിന 18-19

ദാവീദു രാജാവിന്റെ ഭരണകാലത്തിൽ നല്ലൊരു പങ്ക് യുദ്ധങ്ങൾക്കായിട്ടാണ് ചിലവഴിച്ചത്. ഇസ്രായേൽ ജനത്തിനു നിരന്തര ഭീഷണിയായിരുന്ന ഫിലിസ്ത്യർക്കെതിരേ ആയിരുന്നു ആദ്യ യുദ്ധങ്ങൾ. ഇസ്രായേൽ രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിൽ നിന്ന് അവരെ തുരത്തിയതിന്റെ ചരിത്രം അഞ്ചാം അധ്യായത്തിൽ വിവരിച്ചു. പേടകത്തിന്റെയും പ്രവചനത്തിന്റെയും വിവരണങ്ങൾക്കുശേഷം വി.ഗ്രന്ഥകാരൻ വീണ്ടും യുദ്ധങ്ങളിലേക്കു ശ്രദ്ധ തിരിക്കുന്നു. അനേക വർഷങ്ങൾ ദീർഘിച്ച യുദ്ധങ്ങളുടെ വിവണം ചുരുക്കം വാക്യങ്ങളിൽ ഒതുക്കി പറയുന്നതിൽ നിന്ന് വി.ഗ്രന്ഥകാരന്റെ ലക്ഷ്യം അനുമാനിക്കാനാവും. ദാവീദിന്റെ ധീരതയും യുദ്ധനൈപുണ്യവും പ്രകീർത്തിക്കുകയല്ല, അദ്ദേഹത്തിലൂടെ കർത്താവു തന്റെ വാഗ്ദാനങ്ങൾ നിറവേറ്റി എന്ന് എടുത്തുകാണിക്കുകയാണ് മുഖ്യ ലക്ഷ്യം. 8,10 അധ്യായങ്ങളിൽ വിവരിക്കുന്ന യുദ്ധങ്ങൾ കാര്യമായ വ്യത്യാസമൊന്നും കൂടാതെ 1 ദിന 18,19 അധ്യായങ്ങളിൽ ആവർത്തിച്ചിരിക്കുന്നു. യുദ്ധങ്ങൾക്കിടയിൽ ചേർത്തിരിക്കുന്ന ജോനാഥാന്റെ മകനോടു കരുണകാണിച്ചതിന്റെ വിവരണം സാമുവേലിന്റെ പുസ്തകത്തിൽ മാത്രമേയുള്ളൂ.

### a. വിസ്തൃതമായ അതിർത്തികൾ 2 സാമു 8; 1 ദിന 18

a. ഇസ്രായേൽ രാജ്യത്തിന്റെ ചുറ്റുപാടുമുള്ള ജനതകളുമായി നടത്തിയ യുദ്ധങ്ങളാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. ഓരോ യുദ്ധവും തുടങ്ങിയ സാഹചര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നില്ല. അതിർത്തികൾ സുരക്ഷിതമാക്കുക എന്നതായിരുന്നു ഈ യുദ്ധങ്ങളുടെ പ്രധാന ലക്ഷ്യം. ഇസ്രായേൽ ദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ നിന്നു തുരത്തിയ ഫിലിസ്ത്യരെ അവരുടെ ദേശത്തു കടന്ന് ആക്രമിച്ചു പരാജയപ്പെടുത്തി (8,1), അവരുടെ പട്ടണങ്ങൾ പിടിച്ചെടുത്തു (1 ദിന 18,1). 2 സാമു 8,1ൽ പറയുന്ന "മെഥെഗമ്മ" എന്താണെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. ഈ പേരിലുള്ള ഒരു പട്ടണം കണ്ടെത്താൻ ഇതുവരെകഴിഞ്ഞിട്ടില്ല. ബൈബിളിൽ മറ്റൊരി

ടത്തും ഇങ്ങനെ ഒരു പട്ടണത്തെക്കുറിച്ചു പരാമർശിക്കുന്നുമില്ല. 'അവരുടെ ആധിപത്യം" എന്ന് ഈ വാക്കു വിവർത്തനം ചെയ്യാറുണ്ട്. കാനാൻ ദേശത്തിന്റെ ആധിപത്യം ഫിലിസ്ത്യരിൽ നിന്നു പിടിച്ചെടുത്തു എന്നാണ് ഇതിന്റെ അർത്ഥമെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. "ഗത്തും അതിനോടു ചേർന്ന ഗ്രാമങ്ങളും" എന്നാണ് ദിനവൃത്താന്തത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നത്.

പടിഞ്ഞാറെ അതിർത്തി സുരക്ഷിതമാക്കിയതിനുശേഷം ശ്രദ്ധ കിഴക്കോട്ടു തിരിക്കുന്നു. ഇസ്രായേൽക്കാരുമായി അകന്ന ബന്ധമുള്ള വരാണ് ലോത്തിന്റെ സന്തതിപരമ്പരയിൽപെട്ട മൊവാബ്യർ (ഉൽപ 19,37). ദാവീദിന്റെ മുത്തശ്ശിയായ റൂത്ത് മൊവാബ്യ സ്ത്രീയായിരുന്നു. സാവൂ ളിൽ നിന്ന് ഒളിച്ചോടുന്ന കാലത്ത് ദാവീദ് മൊവാബിൽ അഭയം പ്രാപി ക്കുകയും മാതാപിതാക്കന്മാരെ അവിടെ വസിപ്പിക്കുകയും ചെയ്തിരുന്നു (1 സാമു 22,3). എന്തുകൊണ്ട് മൊവാബ്യരിൽ മൂന്നിൽ രണ്ടു ഭാഗത്തെ വധിച്ചു എന്നു വി.ഗ്രന്ഥകാരൻ പറയുന്നില്ല. മൊവാബു രാജാവ് ദാവീ ദിന്റെ മാതാപിതാക്കന്മാരെ വധിച്ചു എന്നും അതിന്റെ പ്രതികാരമാണ് ഈ ശിക്ഷയിലൂടെ ദാവീദു നടപ്പാക്കിയതെന്നും ഒരു യഹൂദ പാരമ്പര്യ മുണ്ട്. കാരണം എന്തു തന്നെ ആയാലും മൊവാബ്യരെ കീഴ്പ്പെടുത്തി, അവരിൽ നിന്നു കപ്പം സ്വീകരിച്ചു. മൊവാബ്യരോടു ചെയ്ത ക്രൂരത ദിനവൃത്താന്ത ഗ്രന്ഥകാരൻ ഒഴിവാക്കിയിരിക്കുന്നു (1 ദിന 18,2).

അടുത്തതായി വടക്കൻ അതിർത്തികളിലെ യുദ്ധമാണ് വിവരി ക്കുന്നത്. ഇസ്രായേലിന്റെ വടക്ക്, ഇന്നത്തെ ലെബനോണിൽ ആയി രുന്നു സോബാ രാജ്യം; അതിനു വടക്കു കിഴക്കായി സിറിയ. ഇരു കൂട്ട രെയും തോല്പിച്ചു കഴിഞ്ഞപ്പോൾ ദാവീദിന്റെ സ്വാധീനം യൂഫ്രട്ടീസ് നദീതീരം വരെ എത്തി (8,3-6; 1 ദിന 18,-6). കുതിരകളുടെ കുതിഞ രമ്പു മുറിച്ചു കളഞ്ഞത് ദാവീദിന് അവ ഉപയോഗശൂന്യമായതിനാലും ശത്രുക്കൾ വീണ്ടും അവയെ ഉപയോഗിക്കാതിരിക്കാൻ വേണ്ടിയും ആയി രിക്കും. ദാവീദിന്റെ സൈന്യം അധിക പങ്കും കാലാൾപട ആയിരുന്നു. എന്നാൽ പിന്നീട് സോളമൻ വലിയൊരു തേർപടയെ സജ്ജമാക്കി. കീഴ ടക്കിയ രാജ്യങ്ങളെ നിയന്ത്രിക്കാനും അവരിൽ നിന്നു കപ്പം ഈടാക്കാ നുംവേണ്ടി ദാവീദ് കാവൽപടയെ നിർത്തി.

അവസാനമായി തെക്കേ അതിർത്തിയിലുള്ള ഏദോമ്യരെ കീഴ്പ്പെ ടുത്തി അടിമകളാക്കി (8,13-14). സേനാധിപനായ യൊവാബാണ് അവരെ



കീഴടക്കിയതെന്ന് 1 ദിന 18,12-13ൽ പ്രതിപാദിക്കുന്നു. ഈ യുദ്ധങ്ങളും സഖ്യങ്ങളും വഴി ഈജിപ്തിനെയും മെസൊപ്പൊട്ടാമിയായേയും തമ്മിൽ ബന്ധിപ്പിക്കുന്ന രാജപാതകൾ ദാവീദിന്റെ നിയന്ത്രണത്തിലായി. കാര വൻ സംഘങ്ങൾക്കു സംരക്ഷണം നല്കാനും വ്യാപാരം വർദ്ധിപ്പിക്കാനും ഇതു സഹായിച്ചു. കീഴടക്കി. രാജ്യങ്ങളിൽ നിന്നു സമ്പാദിച്ച കൊള്ളമു തലും പിരിച്ച കപ്പവും മാത്രമല്ല, വർദ്ധിച്ച വ്യാപാരവും ഇസ്രയേലിനെ സമ്പന്നമാക്കി.

സിറിയായുടെ തലസ്ഥാനമായ ഡമാസ്കസിൽ നിന്ന് ഏകദേശം 150 കിലമീറ്റർ വടക്കാണ് ഹാമാത്ത്. ദാവീദിന്റെ ദിഗ്വിജയങ്ങൾ കണ്ട ഹാമാത്ത് രാജാവ് ദാവീദുമായി സഖ്യം ചെയ്തു. മറ്റു പല രാജ്യങ്ങളും ഇപ്രകാരമുള്ള സഖ്യം ചെയ്തതായി അനുമാനിക്കാം. ടയിർ രാജാവു മായുണ്ടായിരുന്ന സഖ്യത്തെക്കുറിച്ച് 5,11ൽ സൂചനയുണ്ട്.

ദാവീദു നടത്തിയ യുദ്ധങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നതെ ങ്കിലും യഥാർത്ഥത്തിൽ യുദ്ധം ചെയ്തതും വിജയം നല്കിയതും കർത്താവാണെന്ന് രണ്ടു തവണ എടുത്തു പറയുന്നുണ്ട് (8,6.14). ഈ സത്യം അംഗീകരിച്ചുകൊണ്ടാണ് തനിക്കുലഭിച്ച കൊള്ളമുതൽ മുഴുവൻ ദാവീദ് കർത്താവിനു പ്രതിഷ്ഠിച്ചത് (8,11-12). ഇത് പിന്നീട് ദേവാലയ നിർമ്മാണത്തിനായി സോളമൻ ഉപയോഗിച്ചു (1 ദിന 18,8).

യുദ്ധം ചെയ്തു രാജ്യങ്ങൾ കീഴടക്കുകയും സ്വന്തം അതിർത്തി കൾ സുരക്ഷിതവും വിസ്തൃതവുമായ ആക്കുകയും ചെയ്തതോടൊപ്പം നാട്ടിൽ നീതി നടപ്പിലാക്കാനും ദാവീദ് ശ്രദ്ധിച്ചു. "തന്റെ സകല ജന ത്തിലും അവൻ നീതിയും ന്യായവും പാലിച്ചു" (8,15) എന്നു പ്രത്യേകം എടുത്തു പറയുന്നതിലൂടെ എല്ലാത്തരത്തിലും മാതൃകാപരമായിരുന്നു ദാവീദിന്റെ പ്രവർത്തനങ്ങൾ എന്നു വ്യക്തമാക്കുന്നു. വലുപ്പച്ചെറുപ്പ ഭേദ മന്യേ സകല ജനത്തിനും നീതി നടത്തിക്കൊടുക്കുക രാജധർമ്മമാണ് (സങ്കീ 72). ഇക്കാര്യത്തിൽ രാജാവ് ദൈവത്തിന്റെ പ്രതിനിധിയായി വർത്തിക്കുന്നു.

ദാവീദിന്റെ ഭരണസംവിധാനത്തെക്കുറിച്ചുള്ള പരാമർശത്തോടെ യാണ് ഈ അധ്യായം അവസാനിക്കുന്നത് (8.17-18). ഏറ്റം പ്രധാനപ്പെട്ട ചില തസ്തികകൾ മാത്രമേ ഇവിടെ പരാമർശ വിഷയമാകുന്നുള്ളൂ. യൊവാബ് സർവ്വ സൈന്യാധിപനായിരുന്നു. 'നടപടിയെഴുത്തുകാരൻ' എന്നു വിശേഷിപ്പിക്കുന്ന ആൾ ഒദ്യോഗിക രേഖ സൂക്ഷിക്കുക മാത്ര

മല്ല ചെയ്തിരുന്നത്; രാജാവിന്റെ മുഖ്യ ഉപദേഷ്ടാവു കൂടിയായിരുന്നു അയാൾ.

രണ്ടു പുരോഹിതന്മാരുടെ പേരുകൾ എടുത്തു പറയുന്നു. സാദോക്ക് ഇവിടെയാണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. അബിയാഥറിന്റെ മകൻ അഹിമെലെക്ക്' എന്നത് സംശയം ഉളവാക്കുന്നു. ഇത് 'അഹിമെലെക്കിന്റെ മകൻ അബിയാഥർ' (1 സാമു 22,20) എന്നു തിരുത്തി വായിക്കണം എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ദാവീദിന്റെ ജീവിതാന്ത്യത്തിൽ അബിയാഥർ അദോനിയായുടെ പക്ഷം ചേർന്നതിനാൽ സോളമൻ അയാളെ കൊട്ടാരത്തിൽ നിന്നു ബഹിഷ്കരിച്ചു (1 രാജാ 2,26-28). അങ്ങനെ സാദോക്കു മാത്രം ജറുസലെമിലെ പ്രധാന പുരോഹിതനായി. അദ്ദേഹത്തിന്റെ സന്തതി പരമ്പരയാണ് പുതിയനിയമകാലംവരെ ജറുസലെം ദേവാലയത്തിന്റെ ഉത്തരവാദിത്വം വഹിച്ചിരുന്നത്. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സാദ്ദൂക്കായർ സാദോക്കിന്റെ വംശത്തിൽപ്പെട്ടവരാണ്.

രാജഭരണത്തിന്റെ മുഖ്യ ചുമതല വഹിച്ചിരുന്ന ആളായ കാര്യദർശിയെ 'സെരായിയാ' എന്ന് 8,18ലും ഷൗവാ (ഷെവാ) എന്ന് 1ദിന 18,16; 1 സാമു 20,25ലും വിളിക്കുന്നു. ഇസ്രായേൽ സൈന്യത്തിനു പുറമേ ദാവീദിനു സ്വന്തമായ ഒരു സ്വകാര്യ സൈന്യമുണ്ടായിരുന്നു. അവരെയാണ് ക്രേത്യരും പെലേത്യരും എന്നു വിളിക്കുന്നത്. ക്രേത്തേദ്വീപിൽ നിന്നു വന്നവരെ ക്രേത്യർ എന്നു വിളിക്കുന്നു. 'പെലേത്യർ' ഫിലിസ്ത്യരാണെന്നു ചില വ്യഖ്യാതാക്കൾ കരുതുന്നു. വിദേശത്തു നിന്നു കൂലിക്കെടുത്ത ഈ സ്വകാര്യ സൈന്യമാണ് ദാവീദിനെ പല പ്രതിസന്ധികളിലും രക്ഷിച്ചത് (2 സാമു 15,18). സൈന്യാധിപനായ യൊവാബ് കുറുമാറി അദോനിയായോടു ചേർന്നപ്പോൾ അംഗരക്ഷക സൈന്യമാണ് സോളമനെ രാജാവാക്കാൻ സഹായിച്ചത് (1 രാജാ 1,38).

ദാവീദിന്റെ പുത്രന്മാർക്കു നല്കിയിരുന്ന തസ്തികയെക്കുറിച്ചു തർക്കമുണ്ട്. പുരോഹിതന്മാർ എന്ന് 8,18 ലും മുഖ്യ സേവകന്മാർ എന്ന് 1ദിന 18,17 ലും പറയുന്നു. പുരോഹിതൻ എന്നു വിവർത്തനം ചെയ്യുന്ന 'കോഹെൻ' എന്ന ഹീബ്രു വാക്കിന് കൂടുതൽ വിശാലമായ അർത്ഥമുള്ളതായി വ്യാഖ്യാതാക്കൾ കരുതുന്നു. ഭരണ കാര്യങ്ങളിൽ വ്യത്യസ്ത ചുമതല വഹിക്കുകയാണ് അവർ ചെയ്തത്.

**വിചിന്തനം:** തനിക്കുണ്ടായ നേട്ടങ്ങളിൽ ദാവീദ് അഹങ്കരിച്ചില്ല. എല്ലാം



കർത്താവിന്റെ ധാനമായി അംഗീകരിക്കാൻ എപ്പോഴും തയ്യാറായിരുന്നു. കൊള്ള മുതൽ കർത്താവിനു കാഴ്ച വച്ച് അവിടുത്തെ ആധിപത്യവും നേതൃത്വവും ഏറ്റു പറഞ്ഞു. വിജയങ്ങൾ നമ്മെ കൂടുതൽ വിനീതരാക്കണം. അതിന്റെ യഥാർത്ഥ ഉറവിടം ദൈവമാണെന്ന് പരസ്യമായി ഏറ്റു പറയാനും പ്രവൃത്തിയിലൂടെ പ്രകടമാക്കാനും തയ്യാറാകണം. വിജയത്തിൽ അഹങ്കരിക്കുന്നവർ കർത്തവ്യം മറക്കുന്നു.

### വാഗ്ദാനങ്ങളിൽ വിശ്വസ്തൻ 2 സാമു 9

ഇനി അങ്ങോട്ട് സോളമന്റെ സ്ഥാനോരോഹണം വരെയുള്ള വിവരണങ്ങളിൽ (2 സാമു 9,1-1 രാജാ 2,12) വളരെയേറെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതായിക്കാണാം. രാജകൊട്ടാരത്തിലെ നടപടികളുടെ ദൃക്സാക്ഷി വിവരണമാണിത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. രാജകീയോദ്യോഗസ്ഥന്മാരുടെ പട്ടിക (8,17-18) ഒരു ഭാഗത്തിന്റെ അന്ത്യം കുറിക്കുന്നതായും കരുതപ്പെടുന്നു. എന്നാൽ 11-ാം അദ്ധ്യായം മുതൽ ദാവീദിന്റെ വീഴ്ചകളുടെയും പരാജയങ്ങളുടെയും ചരിത്രം അവതരിപ്പിക്കുന്നതിനാൽ അതു വരെയുള്ള വിവരണങ്ങൾ ഒരുമിച്ചു കാണുന്നത് കൂടുതൽ ഉപകാരപ്രദമായതിനാലാണ് അടുത്ത രണ്ട് അധ്യായങ്ങൾകൂടി ആദ്യ ഭാഗത്തോടു ചേർത്തു പഠിക്കുന്നത്.

യുദ്ധങ്ങളുടെയും ദിഗ്വിജയങ്ങളുടെയും വിവരണങ്ങൾക്കിടയിൽ ദാവീദിന്റെ സ്വഭാവ സവിശേഷത പ്രകടമാക്കുന്ന ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ല. ജീവരക്ഷാർത്ഥം സാവൂളിൽ നിന്നു പലായനം ചെയ്ത സാഹചര്യത്തിൽ ദാവീദും ജോനാഥാനും തമ്മിൽ ഒരു ഉടമ്പടി ചെയ്തിരുന്നു (1 സാമു 20,12-23). ആ ഉടമ്പടി പാലിച്ചുകൊണ്ട് ജോനാഥാനോടുള്ള സ്നേഹവും വിശ്വസ്തതയും അവൻ തനിക്കു ചെയ്ത സഹായങ്ങൾക്കു നന്ദിയും പ്രകടിപ്പിക്കാൻ വേണ്ടിയാണ് ഇപ്പോൾ ദാവീദ് സാവൂളിന്റെ കുടുംബാംഗങ്ങളെക്കുറിച്ച് അന്വേഷിക്കുന്നത് (9,1).

സാവൂളിന്റെ മക്കളിൽ മറ്റു പലരും ജീവിച്ചിരുന്നെങ്കിലും ജോനാഥാന്റെ പുത്രനെ മാത്രമാണ് കരുണകാണിക്കാൻ പ്രത്യേകം തിരഞ്ഞെടുക്കുന്നത്. മറ്റുള്ളവരോട് ഇപ്രകാരം കരുണയോ പരിഗണനയോ കാണിച്ചില്ല (2 സാമു 21) എന്നതിൽ നിന്ന് ജോനാഥാനോടുള്ള ദാവീദിന്റെ സ്നേഹവും വിശ്വസ്തയുമാണ് ഇവിടെ ശ്രദ്ധാകേന്ദ്രമായി നില്ക്കുന്നത് എന്നു കാണാം. രാജാധികാരത്തിനുവേണ്ടി കലാപമുണ്ടാക്കാൻ സാധ്യ

തയുള്ള അവകാശിയെ നിർവീര്യനാക്കി നിയന്ത്രിക്കാൻ വേണ്ടിയാണ് ജോനാഥാന്റെ മകനെ ദാവീദ് കൊട്ടാരത്തിൽ പാർപ്പിച്ചത് എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഈ വ്യാഖ്യാനം വസ്തുതകൾക്കു നിരക്കുന്നതല്ല. മുടന്തനായ മെഫിബോഷെത്തിനെക്കാൾ കൂടുതൽ അപകടകാരികളായ അവകാശികൾ വേറെയും ഉണ്ടായിരുന്നു. അവരെ വധിക്കാനോ നിയന്ത്രിക്കാനോ ദാവീദു തയ്യാറായില്ല.

ജോനാഥാന്റെ മകനായ മെഫിബോഷെത്ത് മുടന്തനായിത്തീർന്ന സാഹചര്യം 2 സാമു 4,4ൽ വിവരിച്ചിട്ടുണ്ട്. സാവൂളിന്റെയും പുത്രന്മാരുടെയും മരണത്തിനുശേഷം ഫിലിസ്ത്യരെ ഭയന്ന് ജോർദ്ദാൻ നദിയുടെ കിഴക്ക്, ഗാദ് ഗോത്രത്തിന്റെ അവകാശ ഭൂമിയായ ഗിലെയാദു പ്രദേശത്തുള്ള ലോദേബാർ എന്ന നഗരത്തിലാണ് മെഫിബോഷെത്ത് അഭയം തേടിയത്. അവനു സംരക്ഷണം നല്കിയ മാഖീർ പിന്നീട് ദാവീദിന്റെ ഉത്തമ സുഹൃത്തായി മാറുകയും, അബ്ശലോമിനെ ഭയന്ന് പലായനം ചെയ്ത വേളയിൽ ദാവീദിനെ ഭക്ഷണവും മറ്റ് ആവശ്യമായ കാര്യങ്ങളും നല്കി സഹായിക്കുകയും ചെയ്തു (2 സാമു 17,27-29).

ജോനാഥാനെ പ്രതി രണ്ടു കാര്യങ്ങളാണു ദാവീദ് മെഫിബോഷെത്തിനു ചെയ്തു കൊടുത്തത്. 1. സാവൂളിന്റെ കുടുംബസ്വത്തുമുഴുവൻ അയാൾക്കു നല്കി; 2. തന്നോടൊപ്പം രാജകൊട്ടാരത്തിൽ വസിക്കുകയും മേശയിൽ നിന്നു ഭക്ഷിക്കുകയും ചെയ്യാൻ അനുവദിച്ചു. സ്വന്തം മക്കളിൽ ഒരുവനെപ്പോലെയാണ് ദാവീദ് ജോനാഥാന്റെ മകനെ പരിഗണിച്ചത്. തന്റെ അധികാരത്തിനു ഭീഷണി ഉയർത്തിയേക്കാവുന്ന സകലരേയും ഉന്മൂലനം ചെയ്യുക രാജാക്കന്മാർക്കു പതിവായിരുന്ന സാഹചര്യത്തിൽ ദാവീദിന്റെ ഈ കാരുണ്യ പ്രവൃത്തി പ്രത്യേക പ്രശംസ അർഹിക്കുന്നു.

സാവൂളിന്റെ പൗത്രൻ പിതാമഹന്റെ രാജസിംഹാസനത്തിനു വേണ്ടി അവകാശവാദം ഉന്നയിച്ചേക്കാം എന്നും അതു തന്റെ നില്പ് അപകടത്തിലാക്കിയേക്കാം എന്നും കരുതി മാറ്റി നിറുത്തുകയോ ഉന്മൂലനം ചെയ്യുകയോ അല്ല, രാജകൊട്ടാരത്തിൽ രാജകുമാരന്മാരോടൊപ്പം വളരാൻ അനുവദിക്കുകയാണ് ദാവീദ് ചെയ്തത്. മെഫിബോഷെത്തിന് ഇപ്രകാരം ചില സ്വപ്നങ്ങൾ ഉണ്ടായിരുന്നുവെന്ന് അയാളുടെ സേവകൻ സീബാ ആരോപിക്കുന്നുമുണ്ട് (2 സാമു 16,3). ഈ ആരോപണം മെഫിബോഷെത്ത് ശക്തിയുക്തം നിഷേധിച്ചെങ്കിലും ദാവീദ് ഒരു പരിധിവരെ അത് വിശ്വസിച്ചതായി കാണാം (2 സാമു 19,24-30). എന്നാലും ജോനാഥാനോടു ചെയ്ത വാഗ്ദാനം അവസാനം വരെ ദാവീദ് വിശ്വസ്തതയോടെ പാലിച്ചു.



**വിചിന്തനം:** ആപത്തുകാലത്തു സഹായിച്ചവരെ ഒരിക്കലും വിസ്മരിക്കരുത്, കൈവിടരുത്. സമ്പത്തും സ്ഥാനമാനങ്ങളും വർദ്ധിക്കുമ്പോൾ മുൻകാല സുഹൃത്തുക്കളോടും ഗുണകാംക്ഷികളോടും കരുണകാണിക്കാൻ മറക്കരുത്. വിശ്വസ്തരോട് ആയിരം തലമുറവരെ കരുണകാണിക്കുന്നവനാണ് ദൈവം. സഹോദരങ്ങളോടു വിശ്വസ്തത കാട്ടുന്നവർക്കേ ദൈവത്തോടും വിശ്വസ്തരായിരിക്കാൻ കഴിയൂ. സമ്പന്നരുടെ മക്കൾ ദരിദ്രരും, ദരിദ്രരുടെ മക്കൾ സമ്പന്നരുമായിത്തീരുക. അസാധാരണമല്ലല്ലോ. പിതാക്കന്മാരിൽ നിന്നു ലഭിച്ച കരുണയ്ക്ക് മക്കളോടു കരുണകാണിച്ചുകൊണ്ട് നന്ദി പ്രകടിപ്പിക്കണം എന്ന് ദാവീദിന്റെ ഉദാഹരണം പഠിപ്പിക്കുന്നു.

### c. ദിഗ്വിജയങ്ങൾ 10,1-19; 1 ദിന 19,1-19

സിറിയാക്കാരെയും അവരുടെ സാമന്ത രാജാക്കന്മാരെയും തോല്പിച്ച്, യൂഫ്രട്ടീസ് നദി വരെ ദാവീദ് തന്റെ അധികാരം ഉറപ്പിച്ചതിന്റെ ചരിത്രമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. 8-ാം അധ്യായത്തിൽ വിവരിച്ച യുദ്ധങ്ങളുടെ തുടർച്ച ഇവിടെ അവതരിപ്പിക്കുന്നു. യുദ്ധത്തിന് അണി നിരന്ന സൈന്യങ്ങളുടെ സംഖ്യയിൽ കാണുന്ന ചില വ്യത്യാസങ്ങൾ ഒഴിച്ചാൽ രണ്ടു പുസ്തകങ്ങളിലേയും വിവരണങ്ങൾ ഒന്നു തന്നെ.

8-ാം അധ്യായത്തിലെ വിവരണത്തിൽ യുദ്ധത്തിനു കാരണമായ സാഹചര്യങ്ങൾ വ്യക്തമാക്കുന്നില്ല യുദ്ധത്തിന്റെ വ്യക്തമായ വിവരണങ്ങളും നല്കുന്നില്ല. എന്നാൽ ഇവിടെ രണ്ടും കൂടുതൽ വിശദമായി വിവരിക്കുന്നു. അമ്മോന്യരാജാവായ നാഹാഷിന്റെ മരണത്തിൽ അനുശോചനം അറിയിക്കാൻ ദാവീദ് അയച്ച് ദൂതന്മാരെ അമ്മോന്യർ അവഹേളിച്ചതാണ് യുദ്ധത്തിനു കാരണം (10,1-5). 'നാഹാഷ് തന്നോടു കാണിച്ചതുപോലെ അയാളുടെ മക്കളോട് ഞാനും കരുണ കാണിക്കും' എന്ന ദാവീദിന്റെ പ്രസ്താവന അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതയിലേക്കു ശ്രദ്ധ തിരിക്കുന്നു. ജോനാഥാനെ പ്രതി മെഫിബോഷെത്തിനോടു കാണിച്ച അതേ മനോഭാവമാണ് ഇവിടെ നാഹാഷിനെ പ്രതി ഹാനൂനോട്

കാണിക്കാൻ ദാവീദ് ആഗ്രഹിച്ചത്. നാഹാഷ് എപ്പോൾ, എങ്ങനെ ദാവീദിനോടു കരുണ കാണിച്ചു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ഇസ്രായേൽ ജനത്തെ ക്രൂരമായി പീഡിപ്പിച്ച ശത്രുക്കളായിട്ടാണ് ഇതിനു മുമ്പ് അമ്മോന്യരും ക്രൂരമായി പീഡിപ്പിച്ച ശത്രുക്കളായിട്ടാണ് ഇതിനു മുമ്പ് അമ്മോന്യരും അവരുടെ രാജാവായ നാഹാഷും പ്രത്യക്ഷപ്പെടുന്നത് (1 സാമു 11). സാവൂളിൽ നിന്ന് ഒളിച്ചോടിയിരുന്ന കാലത്ത് ഫിലിസ്ത്യരെന്നതുപോലെ അമ്മോന്യരും ദാവീദിനെ സഹായിച്ചിട്ടുണ്ടാവാം. അതിന്റെ പേരിലായിരിക്കാം ഇപ്പോൾ അടുക്കൽ അനുശോചന സന്ദേശവുമായി ദാവീദ് ദൂതന്മാരെ അയച്ചത്. ഇപ്രകാരമുള്ള സന്ദേശങ്ങളും സന്ദർശനങ്ങളും രാജ്യങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലുമുള്ള ബന്ധങ്ങൾ നില നിർത്താനും വികസിപ്പിക്കാനും ഇന്നും നടത്താറുണ്ടല്ലോ.

ദാവീദിന്റെ സൗഹൃദത്തെ അമ്മോന്യർ തെറ്റിധരിച്ചു. ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ഒന്നിപ്പിക്കുകയും ചുറ്റുപാടുമുള്ള ജനതകളെ യുദ്ധത്തിൽ തോല്പിക്കുകയും ചെയ്ത ദാവീദിനെ അവർ ഭയന്നതു കൊണ്ടാവണം ഈ സംശയവും തെറ്റിധാരണയും ഉണ്ടായത്. ഭവിഷ്യത്തുകളെക്കുറിച്ചു ചിന്തിക്കാതെ, വിവേക ശൂന്യരായ ഉപദേഷ്ടാക്കളുടെ ഉപദേശപ്രകാരം ദാവീദിന്റെ ദൂതന്മാരെ ഹാനൂൻ അവഹേളിച്ചു തിരിച്ചയച്ചു. വസ്ത്രത്തിന്റെ പിൻ ഭാഗം മുറിച്ചു മാറ്റി അർദ്ധ നഗ്നരായി നടത്തുന്നത് യുദ്ധത്തിൽ തോല്പിച്ച് അടിമകളാക്കിയവരോടു ചെയ്യുന്ന അവഹേളനമായിരുന്നു (ഏശ 20,4).

തങ്ങൾ ചെയ്ത പ്രവൃത്തിയുടെ ഗൗരവം മനസ്സിലാക്കിയപ്പോൾ അമ്മോന്യർ ദാവീദിന്റെ പ്രതികാര നടപടിയെ ചെറുത്തു നില്ക്കാൻ അയൽരാജ്യങ്ങളുടെ സഹായം തേടി (10,6). ഒരിക്കൽ ദാവീദ് തോല്പിച്ച സോബാ രാജാവായ ഹദേസറായിരുന്നു (8,35) ഇവരിൽ പ്രമുഖൻ. ദാവീദിന്റെ സേനാധിപനായ യൊവാബ് തന്ത്രപൂർവ്വം തന്റെ സൈന്യത്തെ വിന്യസിച്ചു (8,7-11). മുമ്പിലും പിമ്പിലും നിലയുറപ്പിച്ചിരുന്ന ശത്രു സൈന്യത്തെ കർത്താവിൽ ആശ്രയിച്ചുകൊണ്ടാണ് യൊവാബു നേരിട്ടത്. തന്റെ കഴിവനുസരിച്ച് യുദ്ധതന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയും ഫലം ദൈവത്തിന്റെ കരങ്ങളിൽ ഏല്പിക്കുകയും ചെയ്യുന്ന യൊവാബ് (10,12) ദൈവത്തിൽ ആശ്രയിക്കുന്ന വിവേകിയായ മനുഷ്യന്റെ മാതൃകയാണ്. സിറിയാക്കാർ തോറ്റോടുകയും അമ്മോന്യർ കോട്ടയിൽ അഭയം തേടുകയും ചെയ്തപ്പോൾ യൊവാബും സൈന്യവും



യുദ്ധം നിർത്തി ജറുസലെമിലേക്കു തിരിച്ചു പോന്നു. എന്നാൽ ഇത് യുദ്ധത്തിന്റെ അവസാനമായിരുന്നില്ല.

സിറിയാക്കാർ കൂലിക്കെടുത്ത വലിയൊരു സൈന്യത്തെ അണിനിരത്തുന്നതറിഞ്ഞ ദാവീദ് നേരിട്ട് തന്റെ സൈന്യത്തെ നയിച്ചു. നിർണ്ണായകമായ ഈ യുദ്ധത്തിൽ നേടിയ വിജയം ഈജിപ്തു മുതൽ യുഫ്രട്ടീസ് നദിവരെയുള്ള അതി വിശാലമായ ഭൂപ്രദേശം മുഴുവൻ ദാവീദിന്റെ ആധിപത്യത്തിൽ കീഴിലാക്കി. ഭൂമിയെക്കുറിച്ച് ദൈവം അബ്രാഹത്തിനു നല്കിയ വാഗ്ദാനം (ഉൽപ 15,18) അങ്ങനെ പൂർത്തിയായി. കീഴടക്കിയ രാജ്യങ്ങളെ ഇസ്രായേലിനോടു ചേർക്കുകയല്ല, സാമന്തരായി നില നിർത്തുകയാണ് ദാവീദ് ചെയ്തത്. ഉടമ്പടികൾ വഴി അവരുമായുള്ള ബന്ധങ്ങൾ നിർണ്ണയിച്ചു. സിറിയാക്കാരും അവരുടെ സഖ്യകക്ഷികളുമായുള്ള യുദ്ധം ഇവിടെ അവസാനിച്ചെങ്കിലും അമ്മോന്യരുമായുള്ള യുദ്ധം തൽക്കാലത്തേയ്ക്കു നിർത്തി വച്ചതേയുള്ളു. അതിന്റെ തുടർച്ചയും പരിസമാപ്തിയും ദാവീദിന്റെ ജീവിത്തതിലെ അടുത്ത ഘട്ടത്തിൽ വലിയ പ്രാധാന്യമർഹിക്കുന്നതിനാൽ അടുത്ത അധ്യായത്തിൽ കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

**വിചിന്തനം:** ദാവീദിന്റെയും ഹാനൂനിന്റെയും പ്രവൃത്തികൾ രണ്ടു തരം നേതൃത്വങ്ങൾക്ക് ഉദാഹരണങ്ങളാണ്. തന്നോടു കരുണ കാണിച്ചവരോടും അവരുടെ പിൻ തലമുറയോടും കരുണകാണിക്കാൻ ദാവീദു തയ്യാറായി. അവഹേളിതരായ തന്റെ ദൂതന്മാരെ ആശ്വസിപ്പിക്കുകയും അവർ സഹിച്ച നിന്ദനത്തിനു പ്രതികാരം ചെയ്യുകയും ചെയ്തു. അയൽക്കാരുമായി കഴിയുന്നിടത്തോളം സമാധാനത്തിൽ കഴിയാൻ ശ്രമിച്ചു. ആവശ്യമായി വന്നപ്പോൾ യുദ്ധം ചെയ്യാനും മടിച്ചില്ല. വിവേകവും ധീരതയും, അനുകമ്പയും സൗഹൃദവും ദാവീദിന്റെ നേതൃത്വ ഗുണങ്ങളായിരുന്നു. എന്നാൽ ഹാനൂന് ഇതൊന്നുമില്ല. സൗഹൃദത്തെ തെറ്റിധരിച്ചു. തന്റെ കഴിവുകളുടെ പരിധികൾ മനസ്സിലാക്കാതെ തീരുമാനങ്ങൾ എടുത്തു. ഉപദേഷ്ടാക്കൾ നല്കിയ ഉപദേശങ്ങളുടെ ഗുണദോഷങ്ങൾ വിവേചിക്കാൻ കഴിഞ്ഞില്ല. അയാളുടെ ഭയവും സംശയവും അവിവേകവും ദേശത്തിന്റെ തന്നെ നാശത്തിനു കാരണമായി.

അപകർഷതാബോധം മനുഷ്യനെ സംശയാലുവാക്കുന്നു. സംശയം ഭയത്തിലേക്കും ശത്രുതയിലേക്കും നയിക്കാം. മറ്റുള്ളവരുടെ സദുദ്ദേശ്യങ്ങളെ തെറ്റിധരിക്കുന്നത് പലപ്പോഴും വലിയ ശത്രു

തയ്ക്കും യുദ്ധങ്ങൾക്കും കാരണമായിത്തീരുന്നു. നേതാക്കന്മാർക്ക് നല്ല ഉപദേഷ്ടാക്കളുണ്ടാകണം. അതേസമയം ഉപദേശങ്ങളുടെ ഗുണദോഷങ്ങൾ വിവേചിച്ചറിയാൻ നേതാവിനു കഴിയണം. കഴിവില്ലാത്ത നേതാക്കന്മാർ തങ്ങളുടെയും അനുയായികളുടെയും നാശത്തിനു കാരണമായിത്തീരും.

മുമ്പിലും പിമ്പിലും ശത്രു നിരകളെ കണ്ട യൊവാബിന്റെ പ്രവൃത്തി മാതൃകാപരമാണ്. തന്റെ അറിവും കഴിവും പരമാവധി ഉപയോഗിച്ച് സൈന്യത്തെ അണിനിരത്തി; ദൈവത്തിന്റെ സഹായം തേടി; അന്തിമ ഫലം അവിടുത്തെ തീരുമാനത്തിനു വിട്ടുകൊടുത്തു. പ്രതിസന്ധികളിൽ മനസ്സിന്റെ സമനില നഷ്ടപ്പെടാതെ സ്വന്തം കടമകൾ പരമാവധി വിശ്വസ്തതയോടും ധീരതയോടും കൂടെ നിർവ്വഹിക്കുക; ഫലത്തെക്കുറിച്ച് ആകുലപ്പെടാതിരിക്കുക.

### ചോദ്യങ്ങൾ

1. അബ്രാഹത്തിനു കർത്താവു നല്കിയ വാഗ്ദാനങ്ങൾ എപ്രകാരമാണ് ദാവീദിൽ പൂർത്തിയായത്?
2. യുദ്ധത്തിൽ ദാവീദിനുണ്ടായ വിജയങ്ങളെ എങ്ങിനെയാണ് വിഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നത്?
3. ദാവീദ് കൊള്ളമുതൽ കർത്താവിനു കാഴ്ച വച്ചതിന്റെ അർത്ഥമെന്ത്?
4. തന്റെ എല്ലാ പ്രവർത്തനങ്ങളിലും ദാവീദു വിശ്വസ്തനായിരുന്നു. വിശദീകരിക്കുക.
5. അപക്വമായ നേതൃത്വത്തിന്റെ ഉദാഹരണമാണ് ഹാനൂൻ. സമർത്ഥിക്കുക.

**ചർച്ചയ്ക്ക്:** അപകർഷതാബോധവും ഭീരുത്വവും സംശയങ്ങൾക്കും ശത്രുതയ്ക്കും വഴി തെളിക്കുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പ്രമേയം ചർച്ച ചെയ്യുക.

**പ്രാർത്ഥന:** 124-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക

*******************



# II

# പ്രലോഭനങ്ങൾ - പാളിച്ചകൾ

### 2 സാമു 11-24; 1 ദിന 20-29

ദാവീദിന്റെ വിജയത്തിന്റെ ചരിത്രമാണ് ഇതുവരെ കണ്ടത്. നീതിയും ന്യായവും മുറുകെ പിടിച്ചുകൊണ്ട്, കർത്താവിനോടും ജനത്തോടും വിശ്വസ്തത പുലർത്തി. സകലർക്കും പ്രിയങ്കരനായി ജീവിച്ച ദാവീദ് വിജയത്തിന്റെ പടികൾ ഒന്നൊന്നായി കയറി. മഹത്വത്തിന്റെ കൊടുമുടിയിൽ എത്തിയ മാതൃകാ രാജാവ് പരാജയത്തിന്റെ പടുകുഴിയിലേക്കു കുപ്പുകുത്തുന്നതിന്റെ ദയനീയ ചിത്രമാണ് സാമുവേലിന്റെ രണ്ടാം പുസ്തകത്തിന്റെ രണ്ടാം ഭാഗത്തു വരച്ചു കാട്ടുന്നത്. ബത്ഷേബായുടെ നഗ്നസൗന്ദര്യം ദാവീദിൽ കൊളുത്തിയ കാമാഗ്നി കത്തിജ്വലിച്ച് കാട്ടുതീയായി ആളിപ്പടർന്നു. നിഷ്കളങ്കരക്തം പ്രതികാരത്തിനു വേണ്ടി നിലവിളിച്ചു. ഇതു കർത്താവിന്റെ കോപാഗ്നി വിളിച്ചുവരുത്തി. അഗ്നിപ്രളയത്തിൽ ദാവീദിന്റെ കുടുംബവും രാജ്യവും വെന്തെരിഞ്ഞു. അനേകായിരങ്ങളുടെ ജീവൻ ആഹൂതി ചെയ്യപ്പെട്ടു. അനുതാപത്തിൽ ഉരുകിയ ദാവീദിന്റെ ഹൃദയത്തിൽ നിന്നു പ്രവഹിച്ച അശ്രുധാരയാണ് കർത്താവിന്റെ കോപാഗ്നിയെ ശമിപ്പിച്ചത്; ദേശത്തെ നാശത്തിൽ നിന്നു രക്ഷിച്ചത്.

ഈ സംഭവ പരമ്പരകളുടെ നാടകീയവും ഉദ്വേഗ ജനകവുമായ വിവരണങ്ങളിൽ ദാവീദിന്റെ വ്യക്തിത്വത്തിന്റെ ഇതുവരെ അജ്ഞാതമായിരുന്ന ചില വശങ്ങൾ പ്രത്യക്ഷമാകുന്നു. പ്രലോഭനങ്ങളുടെ വേലിയേറ്റത്തിൽപ്പെട്ട് ഹീനമായി അധഃപതിക്കുകയും. തെറ്റുകൾ മനസ്സിലാക്കിയപ്പോൾ ആത്മാർത്ഥമായി അനുതപിച്ചു മാപ്പിരക്കുകയും ചെയ്ത പച്ചയായ ഒരു മനുഷ്യനാണ് ദാവീദ്. ആദ്യഭാഗത്ത് വിശ്വസ്തതയുടെ മാതൃകയായി പ്രത്യക്ഷപ്പെട്ടയാൾ രണ്ടാം ഭാഗത്ത് അനുതാപത്തിന്റെ പ്രതീകമായി പ്രശോഭിക്കുന്നു. വിജയത്തിന്റെ വിവരണങ്ങളെക്കാൾ കൂടുതൽ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ് പരാജയത്തിന്റെ ചിത്രീകരണം. ദാവീദിന്റെ പ്രലോഭനങ്ങളും പാളിച്ചകളും ഒന്നും മറച്ചുവയ്ക്കാ

തെ, നിർദ്ദാക്ഷിണ്യം വിശദമായി അവതരിപ്പിക്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ വളരെ പ്രധാനപ്പെട്ട ചില പാഠങ്ങൾ നല്കുന്നുണ്ട്. രക്ഷാകരമായ ഈ പാഠങ്ങൾ വ്യക്തമാക്കാൻ വിശദീകരണത്തിൽ ശ്രമിക്കുന്നതാണ്.

പാപങ്ങളുടെയും അവ വിളിച്ചുവരുത്തിയ ദൈവിക ശിക്ഷകളുടെയും വിവരണങ്ങളുടെ അന്ത്യത്തിൽ ദാവീദിന്റെ മറ്റു ചില പല ചെയ്തികളും കീർത്തനങ്ങളും ഒരു അനുബന്ധമെന്നതുപോലെ ചേർത്തിരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥകാരൻ പാപത്തിന്റെ ചരിത്രം മുഴുവൻ തന്നെ വിട്ടുകളഞ്ഞ്, ദാവീദിന്റെ വിശ്വസ്തതയിലും വിജയത്തിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു. കുറ്റകരമായ ഒരേ ഒരു പ്രവൃത്തി മാത്രമേ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുള്ളൂ. അതിനും ദാവീദിന്റെ തെറ്റിനെ ലഘൂകരിക്കുന്ന ന്യായീകരണം നൽകിയിട്ടുണ്ട്. ദേവാലയ നിർമ്മാണത്തിനുവേണ്ടി നടത്തിയ ഒരുക്കങ്ങളുടെ സുദീർഘമായ വിവരണത്തോടെയാണ് ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്തകം സമാപിക്കുന്നത്.

ദാവീദു രാജാവിന്റെ ജീവിത്തതിലെ രണ്ടാം ഘട്ടം വിവരിക്കുന്ന ഈ അധ്യായങ്ങളെ നാലുഭാഗങ്ങളായി തിരിക്കാം.

1. **പാപവും പശ്ചാത്താപവും**
2. **ആഭ്യന്തര കലാപങ്ങൾ**
3. **അനുബന്ധം**
4. **ദേവാലയ നിർമ്മാണത്തിന് ഒരുക്കം.**

******************



# 1 പാപവും പശ്ചാത്താപവും

## 2 സാമു 11-12; 1 ദിന 20

പഴയനിമത്തിൽ നിന്ന് ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെടുന്ന ഒരു വാക്യമാണ് "ആ മനുഷ്യൻ നീ തന്നെ" (12,7). സ്വന്തം കുറ്റങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നവർക്കെതിരെ വിരൽ ചൂണ്ടാൻ ഉപയോഗിക്കപ്പെടുന്ന ഈ വാക്യശകലത്തിന്റെ പാശ്ചാത്തലമായ ബത്ഷേബാ സംഭവവും അതിനെ തുടർന്ന് നാഥൻ, പ്രവാചകൻ, പറഞ്ഞ ഉപമയും ദാവീദിന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ്. ദൈവത്തിനും ജനത്തിനും ഒരുപോലെ പ്രിയങ്കരനായിരുന്ന ദാവീദിന്റെ സ്വഭാവത്തിൽ ഒളിഞ്ഞുകിടന്ന ചില വശങ്ങൾ ഈ സംഭവത്തിലൂടെ പ്രകടമാകുന്നു.

എത്ര വലിയ വിശുദ്ധനും ഹീനമാം വിധം അധഃപതിക്കാം എന്നതിന്റെ മാത്രമല്ല, പാപത്തിന്റെ പടുകുഴിയിൽ നിന്ന് കർത്താവിന്റെ കരുണയുടെ കരം പിടിച്ച് വീണ്ടും കര കയറാൻ സാധിക്കും എന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം. അതുകൊണ്ടു തന്നെ ആവണം പ്രത്യക്ഷത്തിൽ മ്ലേഛവും ഉതപ്പുളവാകുന്നതുമായ ഈ സംഭവം അതിന്റെ സകല ഭീകരതയോടും കൂടെ, നിർദ്ദാക്ഷിണ്യം വിവരിച്ചിരിക്കുന്നതാണ്. കുറ്റം മറച്ചുവയ്ക്കാനോ വിശദീകരണത്തിലൂടെ ലഘുകരിക്കാനോ വി. ഗ്രന്ഥകാരൻ ശ്രമിക്കുന്നില്ല.

ഉച്ച വിശ്രമത്തിന്റെ ആലസ്യത്തിൽ നിന്ന് സായാഹ്നത്തിൽ ഉണർന്ന് മട്ടുപ്പാവിൽ ഉലാത്തിയ ദാവീദ് ബത്ഷേബായുടെ സൗന്ദര്യത്താൽ ആകൃഷ്ടനായി. പ്രലോഭനത്തിന്റെ ചുഴിയിൽപ്പെട്ട അയാളുടെ മനസ്സിൽ കാമവികാരം ഉണർന്നു ജ്വലിച്ചു. വികാരമടങ്ങി യാഥാർത്ഥ്യം ബോധം വീണ്ടുകിട്ടിയപ്പോൾ കുറ്റംമറച്ചുവയ്ക്കുവാനുള്ള ബോധപൂർവ്വകമായ ആസൂത്രണം ആരംഭിച്ചു. അത് ഊറിയായുടെയും മറ്റു ചില പടയാളികളുടെയും മരണത്തിൽ കലാശിച്ചു. വിധവയായി തീർന്ന ബത്ഷേബായെ ദാവീദ് ഭാര്യയായി സ്വീകരിച്ചു. വ്യഭിചാരത്തിൽ ഉത്ഭവിച്ച ശിശുവിന്റെ ജനനത്തോടെ കാര്യങ്ങളെല്ലാം ഭദ്രമായി എന്ന് തോന്നാം.

രാജ്യത്തെ ഒറ്റ മനുഷ്യനും ഈ ഹീനകൃത്യത്തിനെതിരെ നാവനക്കാൻ ധൈര്യപ്പെട്ടില്ല.

രാജകോപത്തെ ഭയന്ന് ജനം നിശബ്ദത പാലിച്ചപ്പോൾ നീതി നിലത്തെറിയപ്പെടുന്നു; സത്യം പൊതുസ്ഥലത്തും വീണടിഞ്ഞു. നിരപ രാധരുടെ രക്തം പ്രതികാരത്തിനായി ജീവന്റെ നാഥനോടു നിലവിളിച്ചു. നിലവിളി കേട്ട ദൈവം തന്റെ പ്രവാചകനെ അയച്ചു. നാഥൻ പറഞ്ഞ കഥ കേട്ട് കോപാക്രാന്തനായ രാജാവ് പൊരുളറിയാതെ വിധി പ്രസ്താ വിച്ചു. കഥയിലെ വില്ലൻ താൻ തന്നെയാണെന്ന തിരിച്ചറിവിൽ ദാവീ ദിന്റെ ഹൃദയം തകർന്നു. അനുതാപത്തിന്റെ അശ്രുധാരയൊഴുക്കി. മാപ്പി രന്ന ദാവീദിനു പാപമോചനം ലഭിച്ചെങ്കിലും കർത്താവിന്റെ ശിക്ഷാവിധി ഏറ്റുവാങ്ങേണ്ടി വന്നു. വ്യഭിചാരത്തിനും വ്യഭിചാരം; കൊലപാതക ത്തിനു കൊലപാതകം. ഊറിയായുടെ ഭാര്യയെ വ്യഭിചരിച്ച ദാവീദിന്റെ ഭാര്യമാർ പരസ്യമായി വ്യഭിചരിക്കപ്പെട്ടു. ഊറിയായെ കൊല്ലിച്ച രാജാ വിന് തന്റെ നാലുമക്കളുടെ മരണം കാണേണ്ടിവന്നു. കർത്താവിന്റെ നീതിയും കരുണയും ഒരുപോലെ പ്രകടമാക്കുന്ന ശിക്ഷാവിധിയാണ് പ്രവാചകൻ അറിയിച്ചത്.

വളരെയേറെ ധ്വനികളും ആനുകാലിക പ്രസക്തിയുള്ള ഈ സംഭവം സൂക്ഷ്മമായ ഒരു വിശകലനം ആവശ്യപ്പെടുന്നു. വിവരണ ത്തിന്റെ പൊതുഘടന, സംഭവങ്ങളുടെ നീക്കങ്ങൾ പ്രധാന കഥാപാത്ര ങ്ങളുടെ സ്വഭാവ സവിശേഷതകൾ മുതലായ വിശദാംശങ്ങളിൽ ശ്രദ്ധ ചെലുത്തണം. ഓരോ സംഭവവും എപ്രകാരം അടുത്തതിലേക്കു നയി ക്കുന്നു എന്തെന്തു പ്രതിസന്ധികൾ സംജാതമാകുന്നു അവ എപ്രകാരം പരിഹരിക്കപ്പെടുന്നു സംഭവ പരമ്പരകളുടെ തുടക്കവും ഒടുക്കവും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ സശ്രദ്ധം അപഗ്രഥിച്ചാലേ വി.ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥവും അതിന്റെ ഇന്നത്തെ പ്രസക്തിയും ഗ്രഹിക്കാൻ കഴിയൂ.

ദാവീദിന്റെ ജീവിതത്തെക്കുറിച്ചു മാത്രമല്ല, ഇസ്രായേലിലെ രാജ ഭരണത്തെക്കുറിച്ചും കർശനമായ ഒരു വിലയിരുത്തൽ ഈ വിവരണ ത്തിൽ കാണാം. സകല അധികാരവും ഒരാളുടെ കൈകളിൽ ഒതുങ്ങി യാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എത്ര വലുതെന്നു വ്യക്തമാക്കുന്ന ഒരു ഉദാഹരണമാണിത്. വിശ്വസ്തനും നീതിമാനുമായ ദാവീദു രാജാവ് ഇത്ര ഹീനമായി തന്റെ അധികാരം പ്രയോഗിച്ചെങ്കിൽ, അത്രതന്നെ സ്വഭാ



വശുദ്ധിയോ ആദർശനിഷ്ഠയോ ഇല്ലാത്ത രാജാക്കന്മാർ അധികാരമേ ല്ക്കുമ്പോൾ എന്തായിരിക്കും സംഭവിക്കുക എന്നതിന്റെ ഒരു നാന്ദി ഇവിടെ കാണാം.

**ഘടന**

അമ്മോന്യർക്കെതിരേ യുദ്ധം ചെയ്യാൻ ദാവീദ് സൈന്യത്തെ അയ യ്ക്കുകയും സൈന്യം തലസ്ഥാന നഗരമായ റബ്ബാ ഉപരോധിക്കുകയും ചെയ്തതിനെക്കുറിച്ചു പരാമർശിച്ചുകൊണ്ടാണ് വിവരണം ആരംഭിക്കു ന്നത്. ദാവീദു തന്നെ നേരിട്ടു ചെന്ന് പട്ടണം കീഴടക്കുന്നതിന്റെ ചിത്രീ കരണത്തോടെ വിവരണം അവസാനിക്കുന്നു. യുദ്ധത്തിന്റെ വിവര ണത്തെ രണ്ടായിപിളർന്ന് അവയ്ക്കു മദ്ധ്യേ ബത്ഷേബാ സംഭവവും കർത്താവിന്റെ ശിക്ഷാവിധിയും അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ ആദ്യ ഭാഗത്ത് ദാവീദാണ് സകല പ്രവർത്തനങ്ങളെയും നയിക്കുന്ന മുഖ്യ കഥാ പാത്രം. രണ്ടാം ഭാഗത്ത് മുൻകൈ എടുക്കുന്നതും സംഭവങ്ങളെ നിയന്ത്രിക്കുന്നതും കർത്താവത്രെ. ആദ്യഭാഗത്ത് ദാവീദിന്റെ നിർലജ്ജ മായ അധികാര പ്രയോഗത്തെ എതിർക്കാനോ ചോദ്യം ചെയ്യാനോ ആരും തയ്യാറായില്ല. “പക്ഷേ ദാവീദിന്റെ പ്രവൃത്തി കർത്താവിന് അനിഷ്ടമായി” എന്ന പ്രസ്താവന ഈ വിവരണത്തിന്റെ കേന്ദ്രമായി നില്ക്കുന്നു. കർത്താവിന്റെ അനിഷ്ടം സംഭവങ്ങളെ അപ്രതീക്ഷിതമായ ഒരു ദിശ യിലേക്കു തിരിച്ചുവിടുന്നു.

അയയ്ക്കുക എന്ന വാക്ക് ഈ വിവരണത്തിന്റെ ആദ്യഭാഗത്ത് അനേകം തവണ ഉപയോഗിച്ചിട്ടുണ്ട്. മരിക്കുക (കൊല്ലുക) എന്ന വാക്ക് വിവരണത്തിന്റെ രണ്ടു ഭാഗങ്ങളിലും അനേകം തവണ ആവർത്തിച്ചിരി ക്കുന്നു. വിവരണത്തിലെ രണ്ടു പ്രധാന പ്രമേയങ്ങൾ അവതരിപ്പിക്കുന്ന രണ്ടു വാക്കുകളാണിവ. ആദ്യഭാഗത്ത് അധികാരമുള്ള മനുഷ്യർ തങ്ങ ളുടെ അധീനതയിലുള്ളവരുടെമേൽ ആധിപത്യം അടിച്ചേൽപിക്കുകയും അവരെ നിർബ്ബാധം നശിപ്പിക്കുകയും ചെയ്യുമ്പോൾ രണ്ടാം ഭാഗത്ത് സർവ്വശക്തനായ ദൈവം തന്റെ പ്രവാചകനെ അയച്ച് ശിക്ഷാവിധി പ്രസ്താവിച്ചുകൊണ്ട് അക്രമത്തിന്റെ ശ്യംഖല ഭേദിക്കുന്നു.

കർത്താവ് അസന്തുഷ്ടനായി എന്ന പ്രസ്താവന വിവരണത്തിന്റെ മുഴുവൻ കേന്ദ്രമാണ്. ഈ കേന്ദ്രത്തിൽ നിന്നുകൊണ്ട് മുന്നോട്ടും പിന്നോട്ടും നോക്കുമ്പോൾ ഓരോ ഭാഗവും സമാന്തരങ്ങളായി കാണാം. ആദ്യഭാഗത്ത് അവതരിപ്പിച്ച ഓരോ സംഭവത്തിനും സമാന്തരമായ

സംഭവം രണ്ടാം ഭാഗത്ത് വിപരീതക്രമത്തിൽ അവതരിപ്പിക്കുന്നു. അങ്ങനെ വിവരണത്തിൽ മൊത്തം ഏകകേന്ദ്രീകൃതമായ ഒരു ഘടന (concentric Structure) ദൃശ്യമാകുന്നു.

A ദാവീദ് യൊവാബിനെ റബ്ബായ്ക്കെതിരെ അയച്ചു 11,1
B ദാവീദ് ബത്ഷേബായെ പ്രാപിച്ചു. അവൾ ഗർഭം ധരിച്ചു 11,2-5
C ദാവീദ് ഊറിയായെ കൊല്ലിച്ചു 11,6-17
D യൊവാബ് ദാവീദിന്റെ അടുക്കലേക്ക് സന്ദേശം അയച്ചു 11,18-27a
E കർത്താവ് അസന്തുഷ്ടനായി 11,27b
D കർത്താവ് ദാവീദിന്റെ അടുക്കലേക്ക് സന്ദേശം അയച്ചു 12,1-14
C കർത്താവ് ദാവീദിന്റെ പുത്രനെ വധിച്ചു 12,15-23
B ദാവീദ് ബത്ഷേബായെ പ്രാപിച്ചു. അവൾ ഗർഭം ധരിച്ചു 12,24-25
A ദാവീദ് റബ്ബാ ആക്രമിച്ചു കീഴടക്കി 12,26-31

## A. റബ്ബായ്ക്കെതിരെ ഉപരോധം 11,1

10-ാം അധ്യായത്തിൽ വിവരിച്ച യുദ്ധത്തിന്റെ തുടർച്ചയായിട്ടാണ് റബ്ബായ്ക്കെതിരേയുള്ള ഉപരോധം വിവരിച്ചിരിക്കുന്നത്. അമ്മോന്യരുടെ തലസ്ഥാനമായ റബ്ബാ ജെറുസലെമിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ വടക്കു കിഴക്കായി സ്ഥിതിചെയ്യുന്നു. ആ പട്ടണം ഇന്ന് ആധുനിക രാജ്യമായ ജോർദ്ദാന്റെ തലസ്ഥാനമായ അമ്മാൻ എന്നാണ് അറിയപ്പെടുന്നത്. തന്റെ ദൂതന്മാരെ അവഹേളിച്ചതിനു പ്രതികാരമായി അമ്മോന്യർക്കെതിരെ നടത്തിയ ആദ്യ യുദ്ധത്തിൽ ദാവീദ് സഖ്യ ശക്തികളെ പരാജയപ്പെടുത്തി. വീണ്ടും അമ്മോന്യരുടെ തലസ്ഥാന നഗരി നശിപ്പിക്കാൻ വേണ്ടിയാണ് യൊവാബിനെ സൈന്യസമേതം അയച്ചത്.

മഴക്കാലം മാറി, ധാന്യക്കൊയ്ത്ത് ആരംഭിക്കുന്ന കാലമാണ് വസന്തകാലം. പടയോട്ടങ്ങൾ നടത്താൻ അനുയോജ്യമായ കാലമാണിത് (1 രാജാ 20,22-26). പടയാളികൾക്കും മൃഗങ്ങൾക്കും വേണ്ട ഭക്ഷണം വയലുകളിൽ നിന്നു ശേഖരിക്കാം; മഞ്ഞും മഴയും പടനീക്കത്തിനു തടസ്സമാവുകയില്ല. വസന്തം ആരംഭിക്കുന്നതു മാർച്ചു മാസത്തിലാണ്. റോമാക്കാരുടെ യുദ്ധദേവനായ മാർസിന്റെ പേരിലാണ് ആ മാസം അറിയപ്പെടുന്നത് എന്നത് ശ്രദ്ധേയമത്രെ.

യൊവാബിന്റെ നേതൃത്വത്തിൽ അയച്ച സൈന്യത്തെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. "സേവകൻമാർ" എന്നത് വിദേശികളിൽ



നിന്നു കൂലിക്കെടുത്ത ദാവീദിന്റെ പ്രത്യേക സൈന്യ വിഭാഗമാണ്. ഇസ്രായേൽ ഗോത്രങ്ങളിൽ നിന്നു തിരഞ്ഞെടുത്തവരാണ് ഇസ്രായേൽ സൈന്യം. തന്റെ രാജകീയ അധികാരം ഉപയോഗിച്ച് സൈന്യത്തെ മുഴുവൻ യുദ്ധത്തിനയച്ചതിനുശേഷം, അവൻ അമ്മോന്യരെ കൊന്നൊടുക്കി തലസ്ഥാന നഗരി ഉപരോധിക്കുമ്പോൾ, ദാവീദ് ജെറുസലേമിൽ താമസിച്ചു. നാളിതുവരെ കണ്ടതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ദാവീദിന്റെ ഈ ചിത്രം. ഇതുവരെ യുദ്ധം നയിച്ചുകൊണ്ട് സൈന്യത്തിന്റെ മുൻനിരയിൽ നിന്ന ദാവീദ് ഇപ്പോൾ തന്റെ കൊട്ടാരത്തിൽ കഴിയുന്നു. മരണത്തെ മുന്നിൽ കണ്ടുകൊണ്ട് ദാവീദിനു വേണ്ടി പടക്കളത്തിൽ പട പൊരുതുന്ന സൈന്യവും അരമനയിൽ അലസ ജീവിതം നയിക്കുന്ന ദാവീദും തമ്മിലുള്ള വൈരുദ്ധ്യം വരാൻ പോകുന്ന ദുരന്തങ്ങളുടെ ഒരു നാന്ദി മാത്രമാണ്. രാജ്യത്തിനോ ജനങ്ങൾക്കോ സംരക്ഷണം നല്കാൻ വേണ്ടിയല്ല, തോറ്റവരെ വീണ്ടും നശിപ്പിച്ച് പക പോക്കാൻ വേണ്ടി മാത്രം നടത്തുന്നതാണ് ഈ യുദ്ധം. അടങ്ങാത്ത പ്രതികാരം എന്നല്ലാതെ യാതൊരു ന്യായീകരണവും അതിനില്ല.

## B. പ്രലോഭനം - പതനം 11,2-5

ദാവീദിന്റെ പ്രലോഭനവും പതനവും കാര്യമാത്രപ്രസക്തമായ ചുരുക്കം വാക്കുകളിൽ ഒതുക്കി വിവരിച്ചിരിക്കുന്നു. 'സായാഹ്നത്തിൽ കിടക്കയിൽ നിന്നെഴുന്നേറ്റു' എന്ന വിശദാംശം അലസജീവിതത്തിലേക്കു വിരൽ ചൂണ്ടുന്നു. ഉച്ചവിശ്രമം സായാഹ്നം വരെ നീണ്ടു മട്ടുപ്പാവിൽ ഉലാത്തുന്നത് എങ്ങോട്ടും നയിക്കാത്ത ഒരു യാത്രയാണ്. കുളിക്കുന്നതായി കണ്ട സ്ത്രീയുടെ സൗന്ദര്യത്തെക്കുറിച്ചുള്ള വിശേഷണത്തിന് ഹവ്വാ കണ്ട പഴത്തിനു നല്കിയിരിക്കുന്ന വിശേഷണവുമായി (ഉൽപ 3,6) സാമ്യമുണ്ട്. ആദിമനുഷ്യന്റെ ആദ്യപ്രലോഭനവുമായി ദാവീദിന്റെ പ്രലോഭനത്തെ സാമ്യപ്പെടുത്താൻ വി.ഗ്രന്ഥകാരൻ ബോധപൂർവ്വം ശ്രമിക്കുന്നതായി കാണാം.

അവൾ ആരെന്ന് അന്വേഷിക്കാൻ അയച്ച ദൂതൻ നല്കുന്ന മറുപടി ശ്രദ്ധേയമത്രേ. "അതു ബത്ഷേബായല്ലേ? ഏലിയാമിന്റെ മകൾ, ഊറിയായുടെ ഭാര്യ". ദാവീദിനു സുപരിചിതമായ കുടുംബത്തിലെ ഒരംഗമാണ് അവൾ. ബത്ഷേബായുടെ പിതാവ് ഏലിയാമും ഭർത്താവ് ഊറിയായും ദാവീദിന്റെ വീര യോദ്ധാക്കളായിരുന്നു (2 സാമു 23,35-38). ഏലിയാമകട്ടെ ദാവീദിന്റെ ഉപദേഷ്ടാവായ അഹിഥോഫെലിന്റെ (2 സാമു

15,12) പുത്രനായിരുന്നു. 'സപ്ത പുത്രി' അഥവാ 'ശപഥ പുത്രി' എന്നാണ് 'ബത്ഷേബാ' എന്ന പേരിന് അർത്ഥം. 'ഊറിയാ' എന്ന പേരിന് 'യാഹ്‌വേ എന്റെ പ്രകാശം' എന്നും ഹിത്യനെങ്കിലും യാഹ്‌വേയിൽ വിശ്വസിക്കുന്നവരിൽ നിന്നു ജനിക്കുകയും ആ വിശ്വാസത്തിൽ പങ്കുചേരുകയും ചെയ്യുന്നവനാണ് ഊറിയാ. തനിക്കു വേണ്ടി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധനരായി സേവനം ചെയ്യുന്ന ധീരയോദ്ധാക്കളാണ് ഏലിയാമും ഊറിയായും എന്ന അറിവ് ദാവീദിനെ തന്റെ ഹീനമായ പദ്ധതിയിൽ നിന്നു പിന്തിരിപ്പിച്ചില്ല.

അവളെ ആളയച്ചു കൂട്ടിക്കൊണ്ടുവരുന്ന ദാവീദ് രാജാധികാരത്തെ സ്വാർത്ഥമോഹങ്ങൾക്കായി ഉപയോഗിക്കുകയാണ്. ബത്ഷേബായുടെ താത്പര്യം പരിഗണിക്കുന്നില്ല; അവളുടെ വികാരങ്ങളെ മാനിക്കുന്നുമില്ല. നിരങ്കുശമായ അധികാര പ്രയോഗത്തിന്റെ ബലിയാടായിത്തീർന്ന അവൾ ഋതുശുദ്ധയായിരുന്നു എന്ന് വി.ഗ്രന്ഥകാരൻ പ്രത്യേകം എടുത്തു പറയുന്നു. അവൾ ഗർഭം ധരിച്ചത് ദാവീദിൽ നിന്നാണെന്നു എടുത്തു കാട്ടുക മാത്രമല്ല ഈ വിശേഷണത്തിന്റെ ഉദ്ദേശ്യം ശരീരത്തിലും മനസ്സിലും ശുദ്ധയായ അവൾ കാമാന്ധനായ ദാവീദിന്റെ ആക്രമണത്തിന് ഇരയാകുമ്പോൾ അവളും ദാവീദും തമ്മിലുള്ള വൈരുദ്ധ്യം എടുത്തു കാട്ടുകയും ഈ വിശേഷണത്തിന്റെ ലക്ഷ്യമാണ്. 'നീ വ്യഭിചാരം ചെയ്യരുത്; നിന്റെ അയൽക്കാരന്റെ ഭാര്യയെ നീ മോഹിക്കരുത്' എന്ന രണ്ടു പ്രമാണങ്ങൾ ദാവീദ് ലംഘിച്ചു കഴിഞ്ഞു.

ഞാൻ ഗർഭിണിയാണ് എന്ന രണ്ടു വാക്കുകൾ മാത്രമേ ബത്ഷേബായുടെതായി വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുള്ളൂ. ലംഘിക്കപ്പെട്ട പാതിവ്രത്യത്തിന്റെയും അവമാനിതമായ സ്ത്രീത്വത്തിന്റെയും സകല നൊമ്പരങ്ങളും ഉള്ളിലൊതുക്കുന്ന ഈ വാക്കുകൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു വഴിതെളിച്ചു.

## C. ഊറിയായുടെ വധം 11,6-17

ബത്ഷേബായുടെ സന്ദേശം ലഭിച്ച ദാവീദ് തന്റെ കുറ്റകൃത്യം മറച്ചു വയ്ക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. ശിശുവിന്റെ പിതൃത്വം ഊറിയായുടെമേൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് ആദ്യമേ നടത്തിയത്. അതിനായി ഊറിയായെ പടക്കളത്തിൽ നിന്നു വരുത്തി, കുശലാന്വേഷണങ്ങൾക്കു ശേഷം വീട്ടിലേക്കു പറഞ്ഞയച്ചു. ഊറിയാ വീട്ടിൽ പോകാതെ കൊട്ടാരത്തിന്റെ പടിപ്പുരയിൽ കിടന്നുറങ്ങിയതിനാൽ ആദ്യശ്രമം പരാ



ജയപ്പെട്ടു. പിറ്റേ ദിവസം വിരുന്നു നല്കി മദ്യലഹരിയിൽ ആഴ്ത്തിയ ശേഷം വീണ്ടും അയാളെ വീട്ടിലേക്ക് അയയ്ക്കാൻ ശ്രമിച്ചു. അതും പരാജയപ്പെട്ടപ്പോൾ സംശയത്തിന് ഇട നല്കാത്ത വിധത്തിൽ അയാളെ കൊന്നു കളയാൻ തീരുമാനിച്ചു. തന്ത്രപൂർവ്വം മെനഞ്ഞെടുത്ത ഈ അവസാനത്തെ പദ്ധതി സൈന്യാധിപൻ യൊവാബിന്റെ സഹായത്തോടെ വിജയിച്ചു.

'അയയ്ക്കുക' എന്ന വാക്ക് ഈ ഭാഗത്ത് ആറു തവണ ആവർത്തിക്കുന്നുണ്ട്. അതോടൊപ്പം 'മരിക്കുക (കൊല്ലുക)' എന്ന പുതിയൊരു വാക്ക് പ്രത്യക്ഷപ്പെടുന്നു. ഇനി അങ്ങോട്ടുള്ള വിവരണത്തിൽ ഈ വാക്കായിരിക്കും മുഖ്യ പ്രമേയം അവതരിപ്പിക്കുന്നത്. നിരപരാധനും നിസ്സഹായനുമായ ഒരു മനുഷ്യനെ നിർലജ്ജം പന്താടുകയും നിർഭയം ചവിട്ടിയരക്കുകയും ചെയ്യുന്ന രാജാധികാരത്തിന്റെ ഭീകരചിത്രം ഇവിടെ പ്രത്യക്ഷമാകുന്നു. സുന്ദരിയായ ഒരു സ്ത്രീയുടെ ഭർത്താവായതും രാജാവിന്റെ കാമാസക്തിക്കു മറയാകാൻ വിസമ്മതിച്ചതുമാണ് ഊറിയായുടെ 'അപരാധം' രാജഭരണത്തിൽ കീഴിൽ പ്രജകളുടെ സ്വത്തിനെന്നല്ല, ജീവനുപോലും സുരക്ഷിതത്വമില്ല എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു.

ദാവീദും ഊറിയായും തമ്മിലുള്ള വൈരുദ്ധ്യം വി.ഗ്രന്ഥകാരൻ പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്. തന്റെ കുറ്റകൃത്യം മറച്ചു വയ്ക്കണം എന്ന ഏക ചിന്തയാണ് ദാവീദിന്റെയുള്ളിൽ നിറഞ്ഞു നില്ക്കുന്നത്. അതിനുവേണ്ടി എന്തും ചെയ്യാൻ മടിക്കുന്നില്ല; അതേസമയം ഏറ്റം ദയാലുവും ഉദാരമനസ്കനുമായി പ്രത്യക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നു. പടക്കളത്തിൽ നിന്നു വന്ന പടയാളിയെ വിശ്രമത്തിനായി വീട്ടിലേക്കു പറഞ്ഞു വിടുന്നതും പിറകെ സമ്മാനം കൊടുത്തയക്കുന്നതും ഈ ഔദാര്യത്തിന്റെ പ്രകടനമായി കാണാം. വിരുന്നു സല്ക്കാരവും ഇതിന്റെ ഭാഗം തന്നെ. കൊല്ലാൻ തീരുമാനിക്കുമ്പോഴും അത് യുദ്ധത്തിൽ സ്വഭാവികമായി സംഭവിച്ചതായി ചിത്രീകരിക്കാൻ തന്ത്രപൂർവ്വം ശ്രമിക്കുന്നു.

വക്രവും അതിഹീനവുമായ ഈ തന്ത്രങ്ങൾക്കു കടക വിരുദ്ധമാണ് ഊറിയായുടെ നിലപാട്. മേലധികാരികളെ വിശ്വസ്തതാപൂർവ്വം അനുസരിക്കുന്നു. തന്റെ നായകനും സഹസൈനികരും പടക്കളത്തിൽ കിടക്കുമ്പോൾ വീട്ടിൽ പോയി വിശ്രമിക്കുന്നത് അഭിലഷണീയമായി അയാൾ കരുതിയില്ല. രാജാവിന്റെ അനുവാദം മാത്രമല്ല പ്രേരണയും നിർബന്ധവുമുണ്ടായിട്ടും തന്റെ നിശ്ചയത്തിൽ അയാൾ ഉറച്ചുനിന്നു.

യുദ്ധം ചെയ്യുന്ന പടയാളികൾ ലൈംഗികബന്ധത്തിൽ നിന്നൊഴിഞ്ഞു നിന്ന് ശുദ്ധരായിരിക്കണം എന്ന ഇസ്രായേൽ നിയമം (1 സാമു 21,4-5) അയാൾ വിശ്വസ്തതയോടെ പാലിച്ചു. കുടുംബബന്ധങ്ങൾക്കും സ്വാർത്ഥ താത്പര്യത്തിനുമുപരി നാടിന്റെ പൊതുനന്മയ്ക്കു വേണ്ടി ഊറിയ നില കൊണ്ടു. സ്വന്തം ഭാര്യയൊടൊത്തു രാത്രി ചിലവഴിക്കാൻ വിസമ്മതിക്കുന്ന ഊറിയാ അയാളുടെ ഭാര്യയെ വ്യഭിചരിച്ച രാജാവിന്റെ മുമ്പിൽ ഒരു ചോദ്യ ചിഹ്നമായി നില്ക്കുന്നു.

ബത്ഷേബായുമായി ദാവീദിനുണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് കൊട്ടാര സേവകരിൽ നിന്ന് ഊറിയാ അറിഞ്ഞിരുന്നു എന്ന് ന്യായമായും അനുമാനിക്കാം. തന്നെ വീട്ടിലേക്ക് അയക്കാനുള്ള രാജാവിന്റെ അമിത താത്പര്യം ഇതിനു തെളിവായി അയാൾക്കു കാണാൻ കഴിയുമായിരുന്നു. രാജാവിന്റെ ഗൂഢതന്ത്രങ്ങളെ ചെറുക്കുന്നതിന്റെ ഭവിഷ്യത്തുകൾ അറിഞ്ഞുകൊണ്ടു തന്നെയാവണം ഊറിയാ വീട്ടിൽ പോകാൻ വിസമ്മതിച്ചത്. അങ്ങനെയെങ്കിൽ വിട്ടു വീഴ്ചയില്ലാത്ത ധാർമ്മികതയുടെയും മുട്ടു മടക്കാത്ത ധീരതയുടെയും പര്യായമാണ് യോദ്ധാവായ ഊറിയാ.

## D. യൊവാബിന്റെ സന്ദേശം 1,18-27a

തന്നെ ഏല്പിച്ച ദൗത്യം വിദഗ്ദ്ധമായി നിറവേറ്റിയതിന്റെ വാർത്ത ദൂതൻ വഴി യൊവാബ് ദാവീദിനെ അറിയിച്ചു. രാജാവിന്റെ ഗൂഢലക്ഷ്യം മറച്ചുവയ്ക്കുന്നതിനു വേണ്ടി തന്ത്രപൂർവ്വമാണ് യൊവാബ് പ്രവർത്തിച്ചത്. അതിനാൽ മരിച്ച പടയാളികൾ ഒരുവൻ മാത്രമായിത്തീർന്നു ഊറിയാ. അയാളുടെ മരണവാർത്ത ഒരു വിലാപഗാനത്തിലെ പല്ലവിയെന്നതുപോലെ നാലു തവണ ആവർത്തിക്കുന്നുണ്ട് (11,7.21.24.26). ദാവീദിനെ അറിയിക്കുന്ന സന്ദേശത്തിൽ രണ്ടു തവണ "അങ്ങയുടെ ദാസൻ" എന്ന് ഊറിയായെ വിശേഷിപ്പിച്ചിരിക്കുന്നത് ദാവീദുമായുള്ള അയാളുടെ പ്രത്യേക ബന്ധത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താൻ സംരക്ഷിക്കാൻ കടപ്പെട്ടിരുന്ന വിശ്വസ്തദാസനെയാണ് ദാവീദ് മനഃപൂർവ്വം കൊല്ലിച്ചത് എന്ന സൂചന ഈ വിശേഷണത്തിലുണ്ട്.

ഊറിയായ്ക്കു പുറമേ മറ്റു പടയാളികളും മരിച്ചു എന്നു കേൾക്കുമ്പോൾ ദാവീദ് ചോദിച്ചേക്കാവുന്ന ചോദ്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് യൊവാബ് ദൂതനു നല്കുന്ന നിർദ്ദേശത്തിൽ അബിമെലെക്കിന്റെ അന്ത്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഒരു സ്ത്രീയുടെ കൈയാലാണ് അബിമെലെക്ക് കൊല്ലപ്പെട്ടത് എന്ന വിശദാംശത്തിൽ ഊറിയായുടെ വധത്തിനു



കാരണമായ ദാവീദിന്റെ പതനത്തിൽ ഒരു സ്ത്രീക്കുള്ള പങ്കിനെക്കുറിച്ച് സൂചന കാണാം.

തികച്ചും അപ്രതീക്ഷിതമായ വിധത്തിലാണ് ദാവീദ് പ്രതികരിച്ചത്. യാതൊരു വികാര ക്ഷോഭവും കൂടാതെ, ഒരു സാധാരണ സംഭവം എന്ന പോലെ ദാവീദ് യുദ്ധ വാർത്ത സ്വീകരിച്ചു. സാവൂളിന്റെയും ജോനാഥാന്റെയും അബ്നേറിന്റെ പോലും മരണത്തിൽ വിലപിക്കുകയും ഉപവസിക്കുകയും ചെയ്ത ദാവീദിൽ തന്റെ വിശ്വസ്തസേവകരുടെ മരണ വാർത്ത യാതൊരു ചലനവും സൃഷ്ടിച്ചില്ല. "ആരൊക്കെ യുദ്ധത്തിൽ മരിക്കും എന്ന് മുൻകൂട്ടി പറയാൻ ആർക്കുമാവില്ല" (11,25) എന്നതിന്റെ ഹീബ്രു മൂലം "വാൾ ഒരുവനെയെന്നപോലെ അപരനെയും വിഴുങ്ങുന്നു" എന്നത്രേ. ഒരു പൊതു തത്വം എന്ന നിലയിൽ ദാവീദു പറഞ്ഞ ഈ വാക്കുകൾ ഭീതിദമായ ധ്വനികൾ ഉൾക്കൊള്ളുന്ന ഒരു പ്രവചനമായി ത്തീർന്നു. ദാസന്മാരുടെ മരണവാർത്ത നിർവ്വികാരനായി സ്വീകരിച്ച രാജാവ് തന്റെ മക്കളെ വാൾ വിഴുങ്ങുമ്പോൾ പൊട്ടി കരയേണ്ടിവരും.

ഭർത്താവിന്റെ മരണവാർത്തയറിഞ്ഞ ബത്ഷേബാ ഹൃദയം നൊന്തു കരഞ്ഞു. ഊറിയായും ബത്ഷേബായും തമ്മിലുള്ള ഭാര്യഭർത്തൃ ബന്ധത്തെക്കുറിച്ച് ഈ കൊച്ചു വാക്യത്തിൽ (11,26) മൂന്നു തവണ സൂചന നല്കുന്നതും ഒരു പ്രത്യേക ലക്ഷ്യത്തോടെയാണ്. ദാവീദു ഭാര്യയാക്കിയ സ്ത്രീ മറ്റൊരുവന്റെ ഭാര്യയായിരുന്നു എന്ന് ഊന്നിപ്പറയുകയാണ് ഈ ലക്ഷ്യം. "കൊട്ടാരത്തിൽ വരുത്തി" എന്ന പ്രസ്താവന രാജാവിന്റെ അധികാര പ്രയോഗം എത്രമാത്രം ശക്തമാണെന്ന് വ്യക്തമാക്കുന്നു.

## E. കർത്താവിന്റെ അനിഷ്ടം

ഇതുവരെ നടന്ന സംഭവങ്ങളിൽ ദാവീദാണ് നായകത്വം വഹിച്ചത്. ശിശുവിന്റെ ജനനത്തോടെ എല്ലാം ഭദ്രമായി എന്നു കരുതിയ നിമിഷത്തിൽ തികച്ചും അപ്രതീക്ഷിതമായ ഒന്നു സംഭവിച്ചു. ഈ അധ്യായത്തിൽ ഇതുവരെ പരാമർശിക്കപ്പെടാതിരുന്ന ഒരു ശക്തി രംഗത്തു വന്നു- ദൈവം. യൊവാബിനോടു പറയാൻ ദൂതനെ ഏഏഏഏല്പിച്ച മറുപടിയുടെ ആദ്യവാക്യം "ഇതുകൊണ്ട് അധീരനാകരുത്" എന്നാണു വിവർത്തനം ചെയ്തിരിക്കുന്നത്. "ഇക്കാര്യം നിന്റെ ദൃഷ്ടിയിൽ തിന്മയാകാതിരിക്കട്ടെ" എന്നാണ് ആ വാക്കുകളുടെ മൂലാർത്ഥം. അതേ വാക്കുകൾ ഇവിടെ ആവർത്തിച്ചിരിക്കുന്നു. "ഇക്കാര്യം കർത്താവിന്റെ ദൃഷ്ടി

യിൽ തിന്മയായി'. പ്രലോഭനത്തിന്റെ ചുഴിയിൽപ്പെട്ട ദാവീദ് കർത്താവിനെക്കുറിച്ചു ചിന്തിച്ചില്ല എന്നതു ശ്രദ്ധേയമത്രെ. തന്റെ സകല പ്രവൃത്തികളിലും എപ്പോഴും ആരെ പ്രീതിപ്പെടുത്താൻ ശ്രമിച്ചിരുന്നുവോ ആ കർത്താവിന്റെ അപ്രീതിക്ക് ദാവീദിന്റെ പ്രവൃത്തി കാരണമായി. നിഷ്കളങ്കരക്തത്തിന്റെ നിലവിളി കേട്ട് ഇറങ്ങി വന്ന ദൈവം പ്രവർത്തിക്കാൻ പോകുന്നു എന്ന സൂചനയാണ് ഈ വിലയിരുത്തലിലൂടെ നല്കുന്നത്. കായേന്റെയും ആബേലിന്റെയും കഥ ഇവിടെ ആവർത്തിക്കുന്നു.

## D കർത്താവിന്റെ സന്ദേശം 12,1-14

"കർത്താവ് നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുക്കലേക്ക് അയച്ചു" എന്ന പ്രസ്താവന സംഭവങ്ങളുടെ നായകത്വം കർത്താവ് ഏറ്റെടുത്തു എന്ന് വ്യക്തമാക്കുന്നു. ഇനിയങ്ങോട്ട് ദാവീദല്ല കർത്താവായിരിക്കും സംഭവങ്ങളുടെ ഗതി നിർണ്ണയിക്കുക. അനിഷേധ്യമാംവിധം കുറ്റം തെളിയിക്കുകയും നീതി പൂർവ്വകമായ ശിക്ഷാവിധി അറിയിക്കുകയും ചെയ്തുകൊണ്ട് അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്ന പ്രവാചക ദൗത്യത്തിന്റെ തുടക്കം ഇവിടെ കാണാം.

മൂന്നു ഘട്ടമായിട്ടാണ് നാഥാൻ കർത്താവിന്റെ സന്ദേശം അറിയിക്കുന്നത്. ആദ്യമേ ഹൃദയസ്പർശിയായ ഒരു ഉപമയിലൂടെ വിധി പ്രസ്താവിക്കാൻ ദാവീദിനെ പ്രേരിപ്പിക്കുന്നു. രണ്ടാം ഘട്ടത്തിൽ ഉപമയുടെ അർത്ഥം വ്യാഖ്യാനിച്ചുകൊണ്ട് ദാവീദിനെ തന്റെ കുറ്റകൃത്യത്തിന്റെ കാഠിന്യത്തെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ശിക്ഷാവിധി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇത് ദാവീദിന്റെ പാപസങ്കീർത്തനത്തിലേക്കു നയിക്കുന്നു. അവസാനമായി അനുതാപിക്കു പാപമോചനം നല്കുകയും ശിക്ഷ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

### *1. ആടിന്റെ ഉപമ 12,1-5*

അളന്നു തൂക്കിയ വാക്കുകളിലൂടെ, വെറും നാലു വാക്യങ്ങളിൽ നാഥാൻ പറഞ്ഞ കഥ ഉപമകളുടെ മാതൃകയായി നിലകൊള്ളുന്നു. തന്റെ പ്രവൃത്തികളെ വിലയിരുത്താനും താൻ എത്തിപ്പെട്ടിരിക്കുന്ന അവസ്ഥയെക്കുറിച്ചു ബോധവാനാകാനും കർശനമായ തീരുമാനമെടുക്കാനും ശ്രോതാവിനെ പ്രേരിപ്പിക്കുകയാണ് ഉപമയുടെ ലക്ഷ്യം. കഥ കേൾക്കുന്ന ആൾ കാര്യം അറിയാതെയാണു വിധി പ്രസ്താവിക്കുക. തന്നെത്തന്നെയാണ് വിധിക്കുന്നതെന്ന് പിന്നീടു മാത്രമേ ശ്രോതാവു മനസ്സിലാക്കുന്നുള്ളൂ. കഥ കേൾക്കാൻ തുടങ്ങുന്നവൻ ഒഴിഞ്ഞു മാറാനാവാത്ത വിധം



ഈ വിധി പ്രസ്താവത്തിലേക്കു നയിക്കപ്പെടുന്നു. യേശുവിന്റെ പല ഉപമകളും ഇപ്രകാരമുള്ളവയത്രേ (മത്താ 21,33-46; ലൂക്കാ 15;18,9-14).

ഇസ്രായേലിലെ പരമോന്നത ന്യായപീഠത്തിലെ പ്രധാന ന്യായാധിപൻ എന്ന നിലയിലാണ് ദാവീദിനെ നാഥാൻ സമീപിക്കുന്നത്. തന്റെ രാജ്യത്തെവിടെയോ സംഭവിച്ച ഒരു അനീതിയുടെ വിവരണമാണ് താൻ കേൾക്കുന്നത് എന്ന പ്രതീതി രാജാവിൽ ജനിപ്പിക്കുന്നതാണ് കഥാവതരണം. അതിനാൽത്തന്നെ കഥയുടെ അവസാനം ദാവീദ് തന്റെ ന്യായാധിപധർമ്മം നിർവ്വഹിക്കാൻ പ്രേരിതനാകുന്നു. സംഭവങ്ങളുടെ വസ്തുനിഷ്ഠമായ അവതരണത്തെക്കാൾ ശ്രോതാവിന്റെ വികാരങ്ങളെ ഉദ്ദീപ്പിക്കുന്നതാണ് കഥാകാരൻ തിരഞ്ഞെടുക്കുന്ന വാക്കുകൾ. കഥയിലെ പല വാക്കുകളും ഹീബ്രു മൂലത്തിൽ ദാവീദിന്റെ മുൻ പ്രവൃത്തികളുടെ വിവരണത്തിൽ ഉപയോഗിച്ചവയാണ്. അതിനാൽ ശ്രദ്ധിച്ചു വായിച്ചാൽ കഥയുടെ പിന്നിൽ ബത്ഷേബാ-ഊറിയാ സംഭവങ്ങൾ പ്രതിഫലിപ്പിക്കുന്നതു കാണാം.

'രണ്ടു മനുഷ്യർ" എന്ന പദത്തോടെ കഥ ആരംഭിക്കുന്നത് "ആ മനുഷ്യൻ നീ തന്നെ" എന്ന വിധി വാചകത്തിനു കളമൊരുക്കുന്നു. വളരെയേറെ ആടുമാടുകളുള്ള ധനികൻ വളരെയേറെ സ്വത്തും അനേകം ഭാര്യമാരും ഉപനാരിമാരും സ്വന്തമായുള്ള ദാവീദിനെയാണ് പ്രതിനിധാനം ചെയ്യുക. ദരിദ്രനും അവന്റെ ഏക പെണ്ണാട്ടിൻകുട്ടിയും തമ്മിലുള്ള ബന്ധം ഹൃദയസ്പർശിയാം വിധം വിവരിക്കുന്നു. തിന്നു, കുടിച്ചു, ഉറങ്ങി എന്നീ മൂന്നു വാക്കുകൾ ഊറിയായെക്കുറിച്ച് 11,13ൽ പറഞ്ഞവയാണ്. മകൾ എന്നതിന്റെ ഹീബ്രു മൂലം 'ബത്" എന്നത്രെ. പെണ്ണാട്ടിൻകുട്ടി ദരുദ്രനു മകളെപ്പോലെയായിരുന്നു എന്ന പ്രസ്താവനയിൽ ബത്ഷേബായെ കുറിച്ചുള്ള വ്യംഗ്യമായ സൂചന കാണാം. മടിയിലുറങ്ങിയത് അവരുടെ വിവാഹ ബന്ധത്തിലേക്കു സൂചന നല്കുന്നതാണ്. അനേകം ഭാര്യമാരുണ്ടായിരുന്ന ദാവീദിന്റെയും താൻ പ്രാണനെക്കാൾ ഉപരി സ്നേഹിക്കുന്ന ഏക ഭാര്യ മാത്രമുള്ള ഊറിയായുടെയും ചിത്രങ്ങൾ കഥയുടെ ആദ്യഭാഗത്തു തന്നെ വരച്ചു കാട്ടുന്നു.

ധനവാന്റെ ഭവനത്തിൽ യാത്രക്കാരൻ വന്നത് പ്രതിസന്ധി സൃഷ്ടിച്ചു. ഹീബ്രൂ മൂലത്തിൽ അസാധാരണമായൊരു പദമാണ് യാത്രക്കാരനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. "ഉലാത്തുന്നവൻ" എന്നാണ് ഈ പദത്തിന്റെ വാച്യാർത്ഥം. മട്ടുപ്പാവിൽ ഉലാത്തിയ ദാവീദിന്റെ ചിത്രം ഇവിടെ തെളിയുന്നു. രണ്ടിത്തും ഒരേ പദം തന്നെയാണ് ഉപയോഗിച്ചിരി

ക്കുന്നത്. "തന്റെ ആടുകളിൽ ഒന്നിനെ കൊന്നു ഭക്ഷണമൊരുക്കാൻ ധനവാനു മനസ്സില്ലായിരുന്നു" എന്ന പ്രസ്താവനയിലും വ്യംഗ്യമായ ഒരു സൂചനയുണ്ട്. വിവർത്തനം ചെയ്യാൻ പ്രയാസമുള്ള ഒരു പദമാണ് "മന സ്സില്ലായിരുന്നു'' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ''കരുണ കാണിച്ചു" എന്നാണ് പദത്തിന്റെ ധ്വനി. ഇതേ വാക്ക് "നിർദ്ദയം" എന്ന് ദാവീദിന്റെ വിധിയിൽ വിവർത്തനം ചെയ്യുന്നു. തന്റെ ആടുകളോടുള്ള കരുണ അവയെ കൊല്ലുന്നതിൽ നിന്നും ധനികനെ വിലക്കിയപ്പോൾ ദരിദ്രന്റെ ഏക പെണ്ണാടിനെ കൊല്ലാൻ അയാൾക്ക് മടിയുണ്ടായില്ല. അതിനെ ബലമായി പിടിച്ചുകൊണ്ടുപോയി കൊന്നു. കറിയൊരുക്കിയ ധനികൻ ദരിദ്രന്റെ അവകാശങ്ങളെയോ വികാരങ്ങളെയോ അല്പം പോലും മാനിച്ചില്ല. ക്രൂരമായ ഒരു അക്രമമായിരുന്നു അത്. ദാവീദ് ബത്ഷേബായോടും ഊറിയായോടും ചെയ്ത തെറ്റിന്റെ തനി രൂപം ഇവിടെ പ്രകടമാകുന്നു.

കഥ അതിന്റെ ലക്ഷ്യം കണ്ടു. സംഭവങ്ങളുടെ സൂക്ഷ്മമായ വിശ കലനമല്ല, അതുണർത്തിയ വികാരക്ഷോഭമാണ് ദാവീദിന്റെ വിധിയിൽ പ്രതിഫലിക്കുന്നത്. കർത്താവിന്റെ നാമത്തിൽ ആണയിട്ടുകൊണ്ട് രാജാവ് മരണശിക്ഷ വിധിച്ചു. അതിനു പുറമേ, നാലിരട്ടി മടക്കി കൊടു ക്കാനും കല്പിച്ചു. "നിർദ്ദയം ഇതു ചെയ്തു" എന്നതാണ് കുറ്റകൃത്യ ത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നത്. ഒരാടിനെ കൊന്നതിന് മരണശിക്ഷ വിധിക്കാൻ യാതൊരു നിയമവുമില്ല. നാലിരട്ടി കൊടുക്കാൻ നിയമമുണ്ട് (പുറ 22,1). കഥയിൽ പൂർണ്ണമായി മുഴുകിയ ദാവീദിന്റെ അബോധമന സ്സിൽ മുറ്റി നിന്ന കുറ്റബോധമാണ് നാഥാൻ വിരിച്ച വെള്ളിത്തിരയിൽ പ്രതിഛായ പതിച്ചത്. കഥയിലെ കുറ്റവാളിയെ വിധിക്കുന്നതിലൂടെ ദാവീദ് തന്റെ നീതി ബോധം പുനഃസ്ഥാപിക്കുന്നു. എന്നാൽ തന്റെ മേൽത്ത ന്നെയാണ് ഈ ശിക്ഷാവിധി പ്രഖ്യാപിക്കുന്നതെന്ന് നാഥാന്റെ വ്യാഖ്യാ നത്തിൽ നിന്നു മാത്രമേ ദാവീദ് മനസ്സിലാക്കുന്നുള്ളൂ. ദാവീദു തന്നെ പ്രഖ്യാപിച്ച ശിക്ഷാവിധി തുടർന്നുള്ള വ്യാഖ്യാനത്തിൽ കൂടുതൽ ഭീക രമായിത്തീരുന്നു.

### *2. വ്യാഖ്യാനവും വിധിയും 12,7-12*

ദൈവവചനം സ്വീകരിക്കാൻ ഉപമയിലൂടെ ദാവീദിന്റെ ഹൃദയത്തെ ഒരുക്കിയതിനുശേഷം നാഥാൻ വിട്ടു വീഴ്ചയോ വിശദീകരണമോ കൂടാതെ കർത്താവിന്റെ വചനമറിയിച്ചു. അത് കഠിനമായ ശിക്ഷാവിധി യായിരുന്നു. പഴയ നിയമത്തിലെ ഏറ്റവും നാടകീയമായ വാക്യം എന്നു



വിശേഷിപ്പിക്കുന്നതാണ് "ആ മനുഷ്യൻ നീ തന്നെ" എന്ന നാഥാന്റെ ആദ്യ വാക്യം. "കർത്താവ് അരുളിച്ചെയ്യുന്നു" എന്ന ആമുഖത്തിനുശേഷം കർത്താവു തന്നെ നേരിട്ട് സംസാരിക്കുന്ന വിധത്തിലാണ് നാഥാൻ അവി ടുത്തെ ശിക്ഷാവിധി പ്രഖ്യാപിക്കുന്നത്. കർത്താവിന്റെ ജിഹ്വയായ പ്രവാ ചകന്റെ യഥാർത്ഥ ചിത്രം ഇവിടെ പ്രത്യക്ഷമാകുന്നു. അയക്കപ്പെട്ടവന് അയച്ചവന്റെ തന്നെ അധികാരം ഉണ്ട്. ദാവീദിന്റെ ഒരു ഉദ്യോഗസ്ഥനാണ് നാഥാൻ. എങ്കിലും ഇവിടെ രാജാധികാരത്തെ നിലയ്ക്കു നിർത്തുന്ന ദൈവത്തിന്റെ അധികാരത്തോടെയാണ് അയാൾ സംസാരിക്കുന്നത്.

തന്റെ കുറ്റകൃത്യത്തെ മറച്ചു വയ്ക്കാൻ ദാവീദ് ബോധപൂർവ്വം മെനഞ്ഞെടുത്ത മുഖംമൂടി പിച്ചിച്ചീന്തി, സത്യത്തിന്റെ യഥാർത്ഥരൂപം വെളിപ്പെടുത്തുന്നതാണ് നാഥാന്റെ ആദ്യ വാക്യം. ദാവീദിന്റെ വിധിവാ ചകത്തെ അയാൾക്കു നേരെ തിരിച്ചു വിടുന്നതാണ് ഈ വാക്യം എന്ന് താഴെക്കൊടുക്കുന്ന താരതമ്യത്തിൽ നിന്നു വ്യക്തമാകുന്നു.

ദാവീദ് : 'ആ മനുഷ്യൻ മരിക്കണം' 12,5

നാഥാൻ : 'ആ മനുഷ്യൻ നീ തന്നെ' 12,7

ഇടിത്തീപോലെ ഹൃദയത്തിൽ പതിച്ച പ്രവാചക വചനം ദാവീദിനെ അടി മുടി പിടിച്ചുലച്ചു. അതിന്റെ ആഘാതത്തിൽ നിന്നു മുക്തി നേടുന്നതിനു മുമ്പേ, മേഘം മുറിഞ്ഞു വീണ് ആർത്തലച്ചുയർന്നു വരുന്ന മലവെള്ളം പോലെ ശിക്ഷാവിധിയുടെ വിശദാംശങ്ങൾ പ്രവഹിക്കുകയായി.

കർത്താവ് ദാവീദിനു വേണ്ടി ചെയ്ത കാര്യങ്ങൾ ഒന്നൊന്നായി ആദ്യമേ അനുസ്മരിപ്പിക്കുന്നു. രാജാഭിഷേകമാണ് ആദ്യത്തേത്. ഇടയ നായിരുന്ന ദാവീദിനെ മേച്ചിൽ സ്ഥലത്തു നിന്നെടുത്ത് മൂന്നു തവണ അഭിഷേകം ചെയ്തു (1 സാമു 16,13; 2 സാമു 2,4; 5,3). സാവൂളിൽ നിന്ന് അനേകം തവണ രക്ഷിച്ചു. പ്രാണരക്ഷാർത്ഥം പലായനം ചെയ്ത ദാവീ ദിനെ ശത്രുക്കളുടെ കൈകളിൽ നിന്നെല്ലാം രക്ഷിച്ചത് കർത്താവു തന്നെ യാണെന്ന് നാഥാൻ എടുത്തു പറയുന്നു. "നിന്റെ യജമാനന്റെ ഭവനം നിനക്കു ഞാൻ നല്കി'' (2,8) എന്ന പ്രസ്താവന ദാവീദിന്റെ കഴിഞ്ഞകാല ജീവിതത്തെയും ഇപ്പോഴത്തെ അവസ്ഥയേയും തമ്മിൽ താരതമ്യം ചെയ്യുന്നു. ദാസനായിരുന്നവൻ യജമാനനായി. സാവൂളിന്റെ രാജവംശം ദാവീദിനു വഴിമാറിയത് കർത്താവിന്റെ പ്രവൃത്തിയായിരുന്നു.

സാവൂളിന്റെ ഭാര്യമാരെ ദാവീദു പരിഗ്രഹിച്ചതായി ബൈബിളിൽ പറയുന്നില്ല. എന്നാൽ മരിച്ച രാജാവിന്റെ അന്തഃപുരം മുഴുവൻ പുതിയ

രാജാവ് സ്വന്തമാക്കുന്ന മധ്യപൗരസ്ത്യ ദേശത്തു നിലവിലിരുന്ന പതിവ് ദാവീദും അനുവർത്തിച്ചു എന്ന സൂചനയാണ് ഈ പ്രസ്താവനയിൽ നിന്നു ലഭിക്കുന്നത്. രാജാധികാരം അവകാശപ്പെടുന്നതിന്റെ ഒരു പ്രതീകമായിരുന്നു ഇത്. ദാവീദിന്റെ ബഹുഭാര്യാത്വത്തെ തത്ത്വത്തിൽ അംഗീകരിക്കുക എന്നതല്ല ആ അനുസ്മരണത്തിന്റെ ലക്ഷ്യം. തനിക്കുവേണ്ടി കർത്താവ് നിരന്തരമായി ചെയ്തുകൊണ്ടിരുന്ന വലിയ കാര്യങ്ങളെക്കുറിച്ച് ദാവീദിനെ ബോധവാനാക്കാൻ വേണ്ടിയാണ് ഈ കാര്യങ്ങളെല്ലാം വിശദമായി അനുസ്മരിപ്പിക്കുന്നത്. "ഇതു തീരെ കുറവെന്നു നിനക്കു തോന്നുന്നെങ്കിൽ" എന്നാണ് "ഇതുകൊണ്ടു തൃപ്തിയായില്ലെങ്കിൽ" എന്നതിന്റെ മൂലാർത്ഥം. കർത്താവു നല്കിയതായി മേൽ വിവരിച്ച എല്ലാ കാര്യങ്ങളെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. "ഇനിയും അധികം നല്കുമായിരുന്നു" എന്ന പ്രസ്താവന കർത്താവിന്റെ അതിരില്ലാത്ത ദയാവായ്പിലേക്കു ശ്രദ്ധ തിരിക്കുന്നു.

കർത്താവു ചെയ്ത കാര്യങ്ങൾ ഒന്നൊന്നായി എണ്ണിപ്പറഞ്ഞതിനുശേഷം അതിനിശിതമായ വിധത്തിൽ കുറ്റപത്രം അവതരിപ്പിക്കുന്നു. കർത്താവിന്റെ വചനത്തെ പുച്ഛിച്ചു ഊറിയായെ കൊല്ലിച്ചു, അവന്റെ ഭാര്യയെ അപഹരിച്ചു എന്നിങ്ങനെ മൂന്നു കുറ്റങ്ങളാണ് ദാവീദിന്റെ മേൽ ചുമത്തുന്നത്. മലയാള വിവർത്തനത്തിൽ അത്ര തന്നെ വ്യക്തമല്ലാത്ത ചില വിശദാംശങ്ങൾ ഹീബ്രു മൂലത്തിലുണ്ട്. "കർത്താവിനെ അനുസരിക്കാതെ" (12,9); 'എന്നെ നിരസിച്ചു' (12,10) എന്നു രണ്ടു തരത്തിൽ വിവർത്തനം ചെയ്യുന്നത് പുഛിക്കുക, അവഹേളിക്കുക, വിലകെട്ടതായി കരുതുക എന്നൊക്കെ അർത്ഥമുള്ള ഹീബ്രു വാക്കാണ്. രണ്ടു വാക്യത്തിലും മൂലത്തിൽ ഇതേ വാക്കു തന്നെ ആവർത്തിച്ചിരിക്കുന്നു. ഈ കുറ്റപത്രത്തിൽ വ്യക്തമായ ഒരു ഘടന കാണാം.

*A. നീ കർത്താവിന്റെ വചനത്തെ പുഛിച്ച് എന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ചു*

*B. നീ ഹിത്യനായ ഊറിയായെ വാൾകൊണ്ടു വധിച്ചു*

*C. നീ അവന്റെ ഭാര്യയെ പിടിച്ചെടുത്തു*

*B. നീ അവനെ അമ്മോന്യരുടെ വാൾ കൊണ്ടു വധിച്ചു*

*A. നീ എന്നെ പുഛിച്ച് ഹിത്യനായ ഊറിയായുടെ ഭാര്യയെ പിടിച്ചെടുത്തു.*

ഓരോ വാക്യത്തിന്റെയും തുടക്കത്തിൽ "നീ" എന്ന മധ്യമപുരുഷ സർവ്വനാമം ആവർത്തിച്ചുകൊണ്ട് സകല ശ്രദ്ധയും ദാവീദിന്റെ ചെയ്തികളിൽ കേന്ദ്രീകരിക്കുന്നു. കർത്താവിനോടും അവിടുത്തെ വചനത്തോ



ടുമുള്ള ദാവീദിന്റെ പ്രതികരണമാണ് കുറ്റപത്രത്തിന്റെ രണ്ടറ്റത്തും രേഖപ്പെടുത്തിയിരിക്കുന്നത്. അനുസരിച്ചില്ല എന്നതിലുപരി അവജ്ഞയോടെ വീക്ഷിച്ചു എന്നതാണ് കുറ്റാരോപണം. കർത്താവ് ദാവീദിനുവേണ്ടി ചെയ്ത വലിയ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ കുറ്റത്തിന്റെ കാഠിന്യം തെളിഞ്ഞു വരുന്നു. നീ കൊല്ലരുത്, നീ വ്യഭിചാരം ചെയ്യരുത്, നീ അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത് എന്നിങ്ങനെ ഉടമ്പടിയുടെ പ്രമാണങ്ങളായ കർതൃവചനങ്ങളെയാണ് ദാവീദ് പുഛിച്ചു പുറന്തള്ളിയത്. അതു കർത്താവിനെ അവഹേളിക്കലാണ്; തിരസ്കരിക്കലാണ്.

ഊറിയായുടെ മരണം യുദ്ധത്തിലെ ഒരു സാധാരണ സംഭവമായി ദാവീദു ചിത്രീകരിച്ചു; അപ്രകാരം വിശ്വസിക്കാൻ ജനത്തെ പ്രേരിപ്പിച്ചു. എന്നാൽ ഹൃദയങ്ങളുടെ ആഴങ്ങൾ പരിശോധിക്കുന്ന കർത്താവിന്റെ ദൃഷ്ടിയിൽ നിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. ദാവീദിന്റെ നിഗൂഢ ലക്ഷ്യങ്ങളും ഹീനതന്ത്രങ്ങളും പ്രവാചകൻ വെളിച്ചത്തു കൊണ്ടുവന്നു. ഊറിയായെ വധിച്ചത് അമ്മോന്യ സൈന്യമാണെങ്കിലും അതിനു കളമൊരുക്കിയ ദാവീദു തന്നെയാണ് യഥാർത്ഥ കുറ്റവാളി. ഇതു രണ്ടു തവണ ആവർത്തിച്ചു പറയുന്നു.

ബത്ഷേബാ എന്ന പേര് ഒരിക്കൽ പോലും കുറ്റപത്രത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. "ഊറിയായുടെ ഭാര്യ" എന്നാണ് അവളെ വിളിക്കുന്നത്. "സ്വന്തമാക്കി" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കുകളുടെ വാച്യാർത്ഥം "നിനക്കു വേണ്ടി നീ പിടിച്ചെടുത്തു" എന്നാണ്. രാജകീയാധികാരം ഉപയോഗിച്ചും ബലം പ്രയോഗിച്ചുമാണ് അപരന്റെ ഭാര്യയെ ദാവീദു സ്വന്തമാക്കിയത്. പെട്ടെന്നുണ്ടായ വികാരാവേശത്താൽ ചെയ്തുപോയ ഒരു തെറ്റല്ല ഇത്. വ്യക്തമായ അറിവോടെ, കണിശമായ കണക്കുകൂട്ടലുകൾക്കു ശേഷം ചെയ്ത ഒരു പ്രവൃത്തിയാണിത്. ഊറിയായ്ക്കും ബത്ഷേബായ്ക്കും എതിരേ ചെയ്ത ഈ കുറ്റകൃത്യത്തെ ആരേപണത്തിന്റെ കേന്ദ്രമായി അവതരിപ്പിച്ചിരിക്കുന്നു. ഉൽപ 6,2ൽ ഇതിന്റെ പ്രതിഫലനം കാണാം.

കുറ്റപത്രത്തിന്റെ അവസാന വാക്യത്തിനു മുമ്പേ ശിക്ഷാവിധിയുടെ ആദ്യവാക്യം അവതരിപ്പിച്ചുകൊണ്ട് രണ്ടും തമ്മിൽ ഹീബ്രു മൂലത്തിൽ ഗാഢമായി ബന്ധിപ്പിച്ചിരിക്കുന്നുവെന്ന് താഴെക്കൊടുക്കുന്ന വിവർത്തനത്തിൽ നിന്നു കാണാം.

'ആകയാൽ ഇനിയൊരിക്കലും നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയുകയില്ല. കാരണം നീ എന്നെ പുഛ്ചിച്ച് ഹിത്യനായ ഊറിയായുടെ ഭാര്യയെ നിനക്കു വേണ്ടി നീ പിടിച്ചെടുത്തു" (12,10).

ഒഴിഞ്ഞുമാറാൻ ആവാത്തവിധം കുറ്റം തെളിയിച്ചതിനുശേഷം കുറ്റത്തിന് ആനുപാതികമായ ശിക്ഷാവിധി പ്രഖ്യാപിക്കുന്നു (12,11-12). "കർത്താവ് അരുളിച്ചെയ്യുന്നു" എന്ന ആമുഖ വാക്യം ആവർത്തിച്ചുകൊണ്ടാണ് വിധി പ്രസ്താവിക്കുന്നത്. കുറ്റാരോപണം എന്നതുപോലെ തന്നെ ശിക്ഷാവിധിയും കർത്താവിന്റെ വാക്കുകളാണെന്ന് ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. ഊറിയായെ വാൾകൊണ്ടു വധിച്ചതിന്റെ ശിക്ഷയാണ് "നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയുകയില്ല" (12,10) എന്ന് ആദ്യമേ പ്രഖ്യാപിച്ചത്. തുടർന്നു വിവരിക്കുന്നവ വ്യഭിചാരത്തിനുള്ള ശിക്ഷകളാണ്. ദാവീദിന്റെ തന്നെ കുടുംബാഗങ്ങളിലൂടെ ആയിരിക്കും കർത്താവ് ശിക്ഷാവിധി നടപ്പാക്കുക.

"ഉപദ്രവമുണ്ടാക്കും" എന്നതിന്റെ മൂലാർത്ഥം" തിന്മ വരുത്തും" എന്നാണ്. "നീ തിന്മ ചെയ്തു" (12,9) എന്നു വിവർത്തനം ചെയ്യുന്ന അതേ പദമാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്.

"നീ എന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ചു" (12,9).

'ഞാൻ നിന്റെ ഭവനത്തിൽ നിന്ന് നിനക്കു തിന്മ വരുത്തും" (12,11)

വിദൂര ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യമല്ല, ഉടനെ നടക്കാൻ പോകുന്നതായിട്ടാണ് ഈ ശിക്ഷാവിധി അവതരിപ്പിച്ചിരിക്കുന്നത്. "ഇതാ ഞാൻ.....തിന്മ വരുത്താൻ പോകുന്നു" എന്നാണ് മൂലത്തിന്റെ വാച്യാർത്ഥം. എന്താണ് ഈ തിന്മയെന്ന് തുടർന്നു വിവരിക്കുന്നു. ദാവീദിന്റെ ഭാര്യമാരെ അന്യനു കൊടുക്കുകയും അയാൾ പരസ്യമായി അവരോടൊത്ത് ശയിക്കുകയും ചെയ്യും. 'അന്യന്' എന്ന് വിവർത്തനം ചെയ്യുന്നതിന്റെ ഹീബ്രു മൂലം "നിന്നോട് അടുത്തുള്ളവൻ" എന്നാണ്. ഈ ശിക്ഷാവിധി നടപ്പാകാൻ അധികം വൈകിയില്ല എന്ന് അടുത്ത അധ്യായങ്ങളിൽ വിവരിക്കുന്ന സംഭവ പരമ്പരകൾ വ്യക്തമാക്കുന്നു. "അടുത്തുള്ളവൻ" സ്വന്തം പുത്രൻ തന്നെയാണെന്ന് ദാവീദു മനസ്സിലാക്കും.

ദാവീദിന്റെ പുത്രന്മാർ തങ്ങളുടെ പിതാവിന്റെ പാപങ്ങൾ ആവർത്തിച്ചു. ആമ്നോൻ സഹോദരി താമാറിനെ ബലാത്സംഗം ചെയ്തു (13,14) അബ്ശലോം ദാവീദിന്റെ ഉപനാരികളോടൊത്ത് പരസ്യമായി ശയിച്ചു (16,22); അദോനിയാ ദാവീദിന്റെ ഉപനാരിയായ അബിഷാഗിനെ



ഭാര്യയാക്കാൻ ശ്രമിച്ചു (1 രാജാ 2,17). ആമ്നോൻ, അബ്ശലോം, അദോനിയാ എന്നീ മൂന്നു പുത്രന്മാർ വാളിനിരയായി (13,28;18,15;1 രാജാ 2,25). ദാവീദുമായി കർത്താവ് ചെയ്ത ഉടമ്പടി നിരുപാധികമല്ലെന്നും കല്പനകൾ പാലിക്കുന്നിടത്തോളം കാലം മാത്രമേ അവിടുത്തെ സംരക്ഷണം ലഭിക്കുകയുള്ളൂ എന്നും ഈ ശിക്ഷാവിധി വ്യക്തമാക്കുന്നു. ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ദാവീദിന് ഇനി ഒരു ന്യായീകരണവുമില്ല. സാവൂളിനു സംഭവിച്ച അതേ തിരസ്കരണം തന്നെ തനിക്കും സംഭവിച്ചിരിക്കുന്നു എന്ന അവബോധമാണ് പ്രവാചക വചനം ദാവീദിൽ നിറച്ചത്. മോചനമില്ല എന്നു തോന്നാവുന്ന ഈ പ്രതിസന്ധിയിയിൽ നിന്ന് രക്ഷയുടെ മാർഗ്ഗം തുറക്കുന്നത് ദാവീദിന്റെ അനുതാപവും അതേ തുടർന്നു ലഭിച്ച പാപമോചനവുമാണ്.

### *3. അനുതാപം - പാപമോചനം 12,13-14*

താൻ ചെയ്ത തെറ്റിന്റെ കാഠിന്യത്തെക്കുറിച്ചുള്ള അവബോധം ഉള്ളിലുണർന്നപ്പോൾ തകർന്ന ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് ദാവീദിന്റെ വിലാപം ഉയർന്നു: "ഞാൻ കർത്താവിനെതിരായി പാപം ചെയ്തുപോയി" (12,13). നാലു വാക്കുകളിൽ ഒതുങ്ങിനില്ക്കുന്ന ഈ പാപസങ്കീർത്തനം ദാവീദു തന്റെമേൽത്തന്നെ പ്രസ്താവിക്കുന്ന ശിക്ഷാവിധിയാണ്. പ്രവാചകൻ വഴി കർത്താവറിയിച്ച കുറ്റപത്രവും ശിക്ഷാവിധിയും തികച്ചും ന്യായയുക്തമാണെന്ന് തികഞ്ഞ വിനയത്തോടെ ദാവീദ് ഏറ്റുപറഞ്ഞു. ഈ പാപസങ്കീർത്തനത്തിന്റെ വിശദരൂപം 51-ാം സങ്കീർത്തനത്തിൽ കാണാം. ബത്ഷേബായ്ക്കും ഊറിയായ്ക്കും എതിരേ താൻ ചെയ്ത തെറ്റുകൾ യഥാർത്ഥത്തിൽ കർത്താവിനെതിരേയാണു ചെയ്തത് എന്ന അവബോധമാണ് ദാവീദിന്റെ പാപബോധം.

തന്റെ ഒരു ഉദ്യോഗസ്ഥൻ മാത്രമായ നാഥാന്റെ മുമ്പിൽ പാപം ഏറ്റുപറയുന്ന ദാവീദ് അനുതാപത്തിന്റെയും വിനയത്തിന്റെയും മാതൃകയാണ്. യാതൊരു നീതികരണത്തിനും ശ്രമിക്കാതെ കർത്താവിന്റെ ഹിതം എന്തു തന്നെ ആയാലും, ശിക്ഷ എത്ര കഠിനമാണെങ്കിലും, അത് ഏറ്റെടുക്കാനുള്ള തീരുമാനമാണ് ഇതിലൂടെ പ്രകടമാകുന്നത്.

പാപിയെ നശിപ്പിക്കുകയല്ല, പാപബോധത്തിലേക്കും അനുതാപത്തിലേക്കും നയിക്കുകയാണ് പ്രവാചകവചനത്തിന്റെ ലക്ഷ്യം. പാപം ഏറ്റുപറഞ്ഞ ദാവീദിനെ നിരാശയിൽ ആഴ്ത്താതെ, പ്രത്യാശ നൽകി ഉയർത്തുന്നതാണ് നാഥാന്റെ അടുത്ത വാക്കുകൾ; "കർത്താവ് നിന്റെ പാപം ക്ഷമി

ച്ചിരിക്കുന്നു. “ദാവീദ് തന്റെമേൽ പ്രഖ്യാപിച്ച ശിക്ഷാവിധി പ്രവാചകനി ലൂടെ കർത്താവ് റദ്ദാക്കി: “നീ മരിക്കുകയില്ല”. മരണശിക്ഷ ഇളവു ചെയ്തു കൊടുത്തെങ്കിലും മറ്റു ശിക്ഷകൾ ഇളവു ചെയ്യുന്നില്ല. വ്യഭിചാരത്തിൽ നിന്നു ജനിച്ച ശിശു മരിക്കും എന്ന വചനത്തോടെയാണ് നാഥാൻ കർത്താ വിന്റെ വചനങ്ങൾ അവസാനിപ്പിക്കുന്നത്. പ്രവാചകൻ സ്വന്തം കർത്താ വിന്റെ വചനങ്ങൾ അവസാനിപ്പിക്കുന്നത്. പ്രവാചകൻ സ്വന്തം വീട്ടിലേക്കു മടങ്ങുമ്പോൾ താൻ കർത്താവിനെ അവഹേളിച്ചു എന്ന അവബോധത്തിൽ തളർന്നിരിക്കുന്ന ദാവീദിനെയാണ് നാം കാണുക.

## *A. ശിശുവിന്റെ മരണം 12,15-23*

പ്രവാചകൻ അറിയിച്ചതുപോലെ കർത്താവിന്റെ ശിക്ഷാവിധി ഉട നടി നടപ്പാക്കപ്പെടുകയായി. വ്യഭിചാരത്തിൽ നിന്നു ജനിച്ച ശിശു ദാവീ ദിനു നഷ്ടപ്പെടുന്നതാണ് ആദ്യശിക്ഷ. ‘ഊറിയായുടെ ഭാര്യ പ്രസവിച്ച ദാവീദിന്റെ കുഞ്ഞ്’ എന്ന വിശേഷണം ദാവീദിന്റെ പാപത്തിനുള്ള ശിക്ഷ യാണ് വിവരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുന്നു. മാരകമായ രോഗം ബാധിച്ച ശിശുവിനു വേണ്ടി ദാവീദ് കർത്താവിനോടു പ്രാർത്ഥിച്ചു; ഉപവസിച്ചും നിലത്തു കിടന്നും കർത്താവിന്റെ കരുണയ്ക്കായി യാചി ച്ചു. ശിക്ഷ താൻ അർഹിക്കുന്നതാണെങ്കിലും കർത്താവു കരുണ തോന്നി ശിക്ഷ ഇളവു ചെയ്തേക്കും എന്ന് ദാവീദ് പ്രതീക്ഷിച്ചു. എന്നാൽ മാറ്റമില്ലാത്ത ശിക്ഷാവിധി നിറവേറ്റുക തന്നെ ചെയ്തു. രോഗം ബാധിച്ച് ഏഴാം ദിവസം ശിശു മരിച്ചു.

ഭൃത്യന്മാരുടെ കണ്ണിലൂടെയാണ് വി.ഗ്രന്ഥകാരൻ ദാവീദിന്റെ അസാ ധാരണമായ പ്രതികരണങ്ങൾ അവതരിപ്പിക്കുന്നത്. ശിശു മരിക്കുന്നതു വരെ ഉപവാസവും പ്രാർത്ഥനയുമായി നിലത്തു കിടന്ന് ദാവീദ് മരണ വാർത്തയറിഞ്ഞപ്പോൾ വിലാപവസ്ത്രങ്ങൾ മാറ്റി, കുളിച്ച്, തൈലം പൂശി കർത്താവിന്റെ കൂടാരത്തിൽ ചെന്ന് ആരാധിച്ചു; തന്റെ പതിവു ദിനചര്യ കളിൽ മുഴുകി. മാറ്റമില്ലാത്ത ദൈവഹിതത്തിന് സ്വയം വഴങ്ങുന്ന ദാവീ ദിന്റെ ചിത്രമാണ് ഇവിടെ വരച്ചു കാട്ടുന്നത്. മരണംകൊണ്ട് എല്ലാം അവ സാനിക്കുന്നില്ല. എന്നും മരണത്തിനപ്പുറത്ത് മരിച്ചവരുടെ ലോകത്തു വച്ച് വീണ്ടും ഒരു കൂടിക്കാഴ്ച ഉണ്ടാകുമെന്നുള്ള പ്രതീക്ഷ ദാവീദിന്റെ വാക്കുകളിൽ (12,23) പ്രതിധ്വനിക്കുന്നുണ്ട്.

ദാവീദിന്റെ കുറ്റത്തിന് ശിശു മരിക്കുന്നത് അനീതിയായി തോന്നാം. നാലുകാര്യങ്ങൾ ഇവിടെ ശ്രദ്ധയർഹിക്കുന്നു. 1. ശിക്ഷ ശിശുവിനല്ല ദാവീ



ദിനു തന്നെയാണ് ലഭിച്ചത്. ശിശുവിന്റെ രോഗം ദാവീദിനെ ദുഃഖത്തിലാ ഴ്ത്തി. താൻ ചെയ്ത തെറ്റിനുള്ള ശിക്ഷയാണിതെന്ന് ദാവീദിനു മനസ്സി ലാകുകയും ചെയ്തു. സ്വന്തം മരണത്തെക്കാൾ ദുഃഖകരമാണല്ലോ ഉറ്റ വരുടെ മരണം നിസ്സഹയരായി നോക്കി നില്ക്കേണ്ടി വരുന്നത്. 2. കർത്താ വിന്റെ വിട്ടു വീഴ്ചയില്ലാത്ത നീതിയാണ് ഇവിടെ വെളിപ്പെടുന്നത്. വലി പ്പച്ചെറുപ്പഭേദമന്യേ സകല മനുഷ്യരും അവിടുത്തെ നീതി വിധിക്കു വിധേ യരാണ് എന്ന് ഈ മരണം വ്യക്തമാക്കുന്നു. സ്ഥലകാലങ്ങൾക്ക് അതീ തമായ ഒരു പാഠമാണിത്. കർത്താവിന്റെ പ്രമാണങ്ങളെ മനഃപൂർവ്വം ലംഘിക്കുന്നവർ ശിക്ഷയനുഭവിച്ചേ മതിയാകൂ. 3. മരണം മനുഷ്യന്റെ അവസാനമല്ല; മരിച്ചവർ എന്നേക്കുമായി ശൂന്യതയിൽ ലയിക്കുന്നുമില്ല. “നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്. ഒരു പീഡനവും അവരെ സ്പർശിക്കുന്നുമില്ല “(ജ്ഞാനം 3,1). യേശുക്രിസ്തുവിന്റെ പുന രുത്ഥാനത്തോടെ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അറിവ് നല്ക പ്പെട്ടിരിക്കുന്നു. ദാവീദിന്റെ ശിശു മരണത്തോടെ ദൈവകരങ്ങളിലേക്കാണ് കടന്നുപോയത്. നിഷ്കളങ്കനായ ആ ശിശുവിനെ ലോകത്തിന്റെ മാലി ന്യങ്ങളിൽ നിന്നും ക്ലേശങ്ങളിൽ നിന്നും കർത്താവു മോചിപ്പിക്കുകയാ യിരുന്നു. 4. മാതാപിതാക്കന്മാരുടെ പാപത്തിനു മക്കൾ ശിക്ഷിക്കപ്പെ ടുന്നു എന്ന ചിന്താഗതിക്ക് കാലക്രമത്തിൽ മാറ്റം വരുന്നതായി കാണാം. (ജറെ 31,29-30; എസെ 18,1-4; യോഹ 9,2-3). പാപവും രോഗവും തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആത്യന്തികമായി ദൈവത്തിന്റെ നീതി വെളി പ്പെടുത്തുക എന്നതാണ് ഈ രോഗത്തിന്റെയും മരണത്തിന്റെയും ലക്ഷ്യം.

## *B. സോളമന്റെ ജനനം 12,24-25*

ബത്ഷേബാ സംഭവത്തിനു സമാന്തരമായിട്ടാണ് ഈ വാക്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതുവരെ “ഊറിയായുടെ ഭാര്യ” എന്നു മാത്രം വിശേഷിപ്പിച്ചിരുന്നവളെ ഇപ്പോൾ “ദാവീദിന്റെ ഭാര്യയായ ബത്ഷേബാ” എന്നു വിളിക്കുന്നു. ശിക്ഷ ഏറ്റു വാങ്ങിയ ദാവീദിന്റെ വ്യഭിചാരക്കുറ്റം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് ബത്ഷേബായെ അദ്ദേ ഹത്തിന്റെ ഭാര്യയായി അംഗീകരിക്കുന്നത്. അവർക്കു ജനിച്ച പുത്രനു നല്കുന്ന രണ്ടു പേരുകളും ഇതേ ആശയം തന്നെ അവതരിപ്പിക്കുന്നു. “സോളമൻ” എന്നത് പേരിന്റെ ഗ്രീക്കു രൂപമാണ്. ‘ശ്ലോമോ” എന്ന താണ് ഹീബ്രു മൂലം. സമാധാനം എന്ന് അർത്ഥമുള്ള “ശാലോം” എന്ന

പദവുമായി ബന്ധപ്പെട്ടതാണ് ഈ പേര്. കർത്താവു തന്നോടു രമ്യതയി ലെത്തിയെന്നും തനിക്കു സമാധാനവും സമൃദ്ധിയും നല്കുമെന്നുമുള്ള ദാവീദിന്റെ വിശ്വാസം ഈ പേരിൽ പ്രതിഫലിക്കുന്നു. കർത്താവിന്റെ നിർദ്ദേശമനുസരിച്ച് നാഥാൻ നല്കുന്ന 'യദീദിയ" എന്ന പേരിന്റെ അർത്ഥം "യാഹ്‌വേയുടെ പ്രീതി പാത്രം" എന്നത്രെ. "കർത്താവ് അവനെ സ്നേഹിച്ചു" എന്ന വി.ഗ്രന്ഥകാരന്റെ പ്രസ്താവനയും ഈ പേരിന്റെ അർത്ഥത്തെ സൂചിപ്പിക്കുന്നു. കർത്താവിന്റെ ശിക്ഷാവിധി അറിയിച്ച നാഥാൻ തന്നെയാണ് ആശ്വാസവചനങ്ങൾ ഉച്ചരിക്കുന്നത് എന്നതു ശ്രദ്ധേയമത്രെ. കുറ്റാരോപണത്തിലൂടെ പശ്ചാത്താപത്തിലേക്കു നയിക്കുകയും ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുകയും പ്രവാചകദൗത്യത്തിന്റെ ഭാഗങ്ങളാണ്.

### A. റബ്ബായുടെ പതനം 12,26-31; 1 ദിന 20,1-3

അമ്മോന്യർക്കെതിരേയുള്ള ശിക്ഷാനടപടിയുടെ വിവരണത്തിനിടയിൽ ബത്ഷേബാ സംഭവം ചേർത്തതിനാൽ മുറിഞ്ഞുപോയ കണ്ണി ഇവിടെ കൂട്ടിച്ചേർക്കുന്നു. റബ്ബായ്ക്കെതിരെ ഉയർത്തിയ ഉപരോധം രണ്ടു വർഷത്തിലേറെ ദീർഘിച്ചു എന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. ബത്ഷേബായുമായുണ്ടായ ആദ്യത്തെ കണ്ടുമുട്ടൽ മുതൽ സോളമന്റെ ജനനം വരെയുള്ള സംഭവ പരമ്പരകൾ ഒരുമിച്ചു പോകുന്നതിനാൽ അതിനുശേഷം റബ്ബായുടെ പതനം വിവരിക്കുന്നു എന്ന് അനുമാനിക്കാവുന്നതാണ്. എപ്പോഴാണ് ഇതു സംഭവിച്ചതെന്ന് വ്യക്തമാക്കുന്നില്ല. ദിനവൃത്താന്തഗ്രന്ഥത്തിൽ (20,1-3) റബ്ബായുടെ ഉപരോധവും പതനവും തുടർച്ചയായി വിവരിച്ചിരിക്കുന്നു.

രണ്ടു ഘട്ടമായിട്ടാണ് റബ്ബായുടെ പതനം വിവരിക്കുന്നത്. ആദ്യഘട്ടത്തിൽ യൊവാബ് നഗരത്തിന്റെ പ്രതിരോധങ്ങൾ തകർത്തു. "രാജകീയ പട്ടണം' എന്നു വിവർത്തനം ചെയ്തിരിക്കുന്നത് നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള കോട്ടയാണ്. ജലസംഭരണികൾ പിടിച്ചടക്കിയതിനാൽ ജലക്ഷാമം നേരിടുന്ന പട്ടണം താമസിയാതെ കീഴടങ്ങും എന്നു തീർച്ചയായി. രണ്ടാം ഘട്ടം നഗരം കീഴടക്കലാണ്. അതിനായി യൊവാബ് ദാവീദിനെ ക്ഷണിച്ചു. അപകടകരമായ യുദ്ധം മുഴുവൻ നയിച്ചത് യൊവാബാണെങ്കിലും വിജയത്തിന്റെ മഹത്വം രാജാവിനു നല്കുന്നു. അമ്മോന്യ രാജാവിന്റെ കിരീടം വിജയത്തിന്റെ അടയാളമായി ദാവീദ് എടുത്ത് സ്വന്തം ശിരസ്സിലണിഞ്ഞു. ഏകദേശം 34 കിലോഗ്രാം (ഒരു



താലന്ത്) ഭാരമുള്ള ആ കിരീടം വിശേഷാവസരങ്ങളിൽ മാത്രം ധരിക്കുന്ന ഒരു അലങ്കാരമായിരുന്നിരിക്കണം.

കൊട്ടാരം കൊള്ളയടിച്ചതിനു പുറമേ നഗരവാസികളെ അടിമകളാക്കി എന്നതു പ്രത്യേക ശ്രദ്ധയർഹിക്കുന്നു. തന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യശേഷി ഇപ്രകാരമുള്ള അടിമകളിലൂടെ കണ്ടെത്തുമ്പോൾ ദാവീദ് ഫറവോയുടെ മറ്റൊരു പകർപ്പായിത്തീരുന്നു. ഈജിപ്തിൽ ഇസ്രായേൽക്കാർ അനുഭവിക്കേണ്ടി വന്ന അതേ അടിമത്തമാണ് ഇപ്പോൾ അവരുടെ രാജാവ് മറ്റു ജനതകളുടെ മേൽ അടിച്ചേല്പിക്കുന്നത്. ഇതു റബ്ബായോടു മാത്രമല്ല, മറ്റ് അമ്മോന്യ നഗരങ്ങളോടും ചെയ്തു എന്നു പറയുമ്പോൾ യുദ്ധത്തിൽ തോല്പിക്കപ്പെടുന്ന ജനതകളോട് രാജാവു സ്വീകരിച്ചിരുന്ന ഒരു പൊതു നടപടിയാണിതെന്നു കാണാം. ദാവീദിന്റെ ഇഷ്ടികച്ചൂളുകൾ (12,31) ഫറവോയുടെ ഇഷ്ടികക്കളങ്ങളെ അനുസ്മരിപ്പിക്കുന്നു. ദാവീദ് വിദേശിയരെ മാത്രമേ അടിമകളാക്കിയുള്ളു. പക്ഷേ അത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുന്ന ഒരു പതിവിനു തുടക്കമിട്ടു. മകൻ സോളമൻ ഇസ്രായേൽക്കാരെയും അടിമവേലയ്ക്കു നിർബന്ധിക്കും. തുടർന്നുള്ള രാജാക്കന്മാരുടെ കാലത്ത് ഇസ്രായേൽ മക്കളെ അടിമച്ചന്തയിൽ ലേലം വിളിക്കും.

വിചിന്തനം: വളരെ നിസ്സാരമായ ഒരു പ്രലോഭനത്തിൽ തുടങ്ങി അതിനീചമായ അധഃപതനത്തിലെത്തിയതിന്റെ കഥയാണ് ഈ രണ്ട് അധ്യായങ്ങളിൽ വിവരിച്ചത്. മാത്രമല്ല, ഹൃദയത്തിന്റെ നിഗൂഢ വിചാരങ്ങളേയും നിയോഗങ്ങളെയും വെളിച്ചത്തു കൊണ്ടുവന്ന്, അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കാനുള്ള ദൈവവചനത്തിന്റെ ശക്തിയും ഇവിടെ പ്രകടമാകുന്നു. ദാവീദിന്റെ പ്രലോഭനവും പതനവും എക്കാലത്തും വലിയൊരു താക്കീതാണ്; അദ്ദേഹത്തിന്റെ അനുതാപവും മാനസാന്തരവും അനുകരണീയമായ ഒരു മാതൃകയും.

ദൈവവചനവുമായി നിർഭയം കടന്നു ചെന്ന നാഥാനാണ് ദാവീദിന്റെ മാനസാന്തരത്തിന് വഴിയൊരുക്കിയത്. രാജാവിനെ തന്റെ കുറ്റകൃത്യങ്ങളെക്കുറിച്ചു ശാസിക്കുക അപകടകരമായ ഒരു ദൗത്യമായിരുന്നു. രാജകോപം ഭയന്ന് നാഥാൻ നിശ്ശബ്ദത പാലിച്ചിരുന്നെങ്കിൽ ദാവീദിന്റെ ജീവിതം മാത്രമല്ല, രക്ഷാകര ചരിത്രം തന്നെ വേറൊരു ദിശയിലേക്കു നീങ്ങുമായിരുന്നു. തെറ്റു ചെയ്യുന്നവർ എത്ര ഉന്നതരാണെങ്കി

ലും, തെറ്റു തെറ്റാണെന്നു നിർഭയം വിളിച്ചു പറയുന്ന പ്രവാചകരുടെ അഭാവമല്ലേ ഇന്ന് അഴിമതിയും അക്രമവും ഇത്ര സാർവ്വത്രികമാകാൻ കാരണം? സമൂഹത്തിന്റെ മനഃസാക്ഷിയാകേണ്ട പ്രവാചകന്മാർ സുരക്ഷിതത്വത്തിന്റെ മാളങ്ങളിൽ ഒളിച്ചിരിക്കുമ്പോൾ തിന്മ തേർവാഴ്ച നടത്തുന്നു.

കുറ്റങ്ങൾ പലതു ചെയ്തെങ്കിലും ദാവീദിന്റെ മനഃസാക്ഷി വിച്ചുപോയിരുന്നില്ല. ദൈവനാമത്തിൽ തന്റെ കുറ്റങ്ങൾ തുറന്നു കാട്ടുന്നവനെതിരേ രാജാധികാരത്തിന്റെ വജ്രായുധം പ്രയോഗിക്കുകയില്ല, അനുതാപത്താൽ ശിരസു ദുഷിക്കുന്നു. വിമർശനം കേൾക്കാൻ വിസമ്മതിക്കുന്നവർ അഴുക്കിൽ കിടന്നു കൊവുക്കുന്നു. നമ്മുടെ തെറ്റുകൾ ചൂണ്ടികാണിക്കുന്നവരെ ശ്രവിക്കുകയും സ്വന്തം ജീവിത്തതിൽ മാറ്റം വരുത്തുകയുംമാണ് ചെയ്യേണ്ടത്.

## ചോദ്യങ്ങൾ

1. 11-12 അധ്യായങ്ങളിൽ ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യമാണ്. സമർത്ഥിക്കുക.
2. ബത്ഷേബാ, ഊറിയാ, സോളമൻ, യദീദിയ എന്നീ പേരുകളുടെ അർത്ഥമെന്ത്? ഈ വിവരണത്തിൽ ഈ പേരുകൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.
3. ദാവീദിന്റെ പ്രലോഭനത്തെ പറുദീസായിലെ പ്രലോഭനവുമായി താരതമ്യം ചെയ്യുക.
4. ദാവീദിന്റെ പാപത്തെ കായേന്റെ പാപവുമായി താരതമ്യം ചെയ്യുക.
5. തന്റെ കുറ്റം മറച്ചു വയ്ക്കാൻ വേണ്ടി ദാവീദു മൂന്നു ശ്രമങ്ങൾ നടത്തി. വിവരിക്കുക.
6. ബത്ഷേബായും ഊറിയായും ദാവീദിനെക്കാൾ മെച്ചപ്പെട്ടവരായി പ്രത്യക്ഷപ്പെടുന്നു. സമർത്ഥിക്കുക.
7. ഊറിയായുടെ മരണവാർത്തയോട് ദാവീദ് എപ്രകാരമാണ് പ്രതികരിച്ചത്? അപ്പോൾ ഉദ്ധരിച്ച വാക്കുകൾ ഒരു പ്രവചനമായിത്തീർന്നു. വിശദീകരിക്കുക.



8. മൂന്നു ഘട്ടങ്ങളായിട്ടാണ് നാഥാൻ കർത്താവിന്റെ സന്ദേശം അവതരിപ്പിച്ചത്. ഏവ?
9. നാഥാൻ പറഞ്ഞ കഥയുടെ വിശദാംശങ്ങളിൽ ദാവീദിന്റെ ചെയ്തികൾ പ്രതിഫലിക്കുന്നു. സമർത്ഥിക്കുക.
10. ദാവീദിന്റെ പാപത്തിന് ആനുപാതികമായ ശിക്ഷാവിധിയാണ് കർത്താവ് പ്രഖ്യാപിച്ചത്. വ്യക്തമാക്കുക.
11. ശിക്ഷാവിധി ലഘൂകരിച്ച് പ്രത്യാശയുടെ കിരണം തെളിയിച്ച സുപ്രധാന ഘടകം എന്ത്?
12. അനുതാപത്തിന്റെ മാതൃകയാണ് ദാവീദ് വിശദീകരിക്കുക.

**ചർച്ചയ്ക്ക്:**

1. ഈ വിവരണങ്ങളിൽ വെളിപ്പെടുന്ന ദാവീദിന്റെ വ്യക്തിത്വത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്ത് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

2.നാഥാന്റെ പ്രവാചകത്വം ഇന്ന് എന്തു പാഠമാണ് നല്കുന്നത്?

**പ്രാർത്ഥന:** 51-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക

******************

# 2. ആഭ്യന്തര കലാപങ്ങൾ

## 2 സാമു 13-20

ദാവീദിനെതിരേ നാഥാൻ പ്രവാചകനിലൂടെ കർത്താവ് പ്രവചിച്ച ശിക്ഷാവിധി നടപ്പിലാകുന്നതിന്റെ വിവരണമാണ് അടുത്ത എട്ട് അധ്യായങ്ങളിൽ വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. “നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയുകയില്ല..........നിന്റെ സ്വന്തം ഭവനത്തിൽ നിന്നു തന്നെ നിനക്കു ഞാൻ തിന്മ വരുത്തും” (12,10-11) എന്ന ശിക്ഷാവിധി നിറവേറ്റുന്നതിന്റെ ചരിത്രം അതിന്റെ സകല ഭീകരതയോടും കൂടെ വിശദമായി വരച്ചു കാട്ടുന്നു.

അപ്രതീക്ഷിതമായ ഒരു ദൈവശാപത്താലെന്നതുപോലെ അതിനീചവും ക്രൂരവുമായ സംഭവ പരമ്പര ചുരുൾ വിടർത്തുന്നു. വ്യഭിചാരവും കൊലപാതകവും നടത്തിയ രാജാവിന്റെ മക്കൾ അതേ ഹീന കൃത്യങ്ങൾ കുടുംബാംഗങ്ങൾക്കിടയിൽ ആവർത്തിച്ചു. ദാവീദിന്റെ ഒരു പുത്രിയും പത്ത് ഉപനാരിമാരും അപമാനിതരായി; രണ്ടു പുത്രന്മാർക്കു ജീവൻ നഷ്ടപ്പെട്ടു. രാജാവ് ജീവരക്ഷാർത്ഥം പലായനം ചെയ്തു. മകൻ അബ്ശലോം ഇളക്കിവിട്ട ആഭ്യന്തര കലാപത്തിന്റെ കൊടുങ്കാറ്റു ശമിച്ചപ്പോൾ ഇസ്രായേൽ ഗോത്രങ്ങൾക്കിടയിൽ വീണ്ടും പിളർപ്പുണ്ടായി. വിവേകപൂർണ്ണവും സത്വരവുമായ നടപടികൾ വഴിയാണ് വലിയ രക്തച്ചൊരിച്ചിൽ കൂടാതെ ഷേബായുടെ വിപ്ലവം അടിച്ചമർത്താൻ കഴിഞ്ഞത്.

ഈ സംഭവ പരമ്പരകളിൽ പ്രത്യക്ഷപ്പെടുന്ന മുഖ്യകഥാപാത്രങ്ങളുടെ പ്രവർത്തനങ്ങളും അവയിലൂടെ പ്രകടമാകുന്ന സ്വഭാവ സവിശേഷതകളും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, ഓരോ വ്യക്തിയുടെയും പ്രത്യേക താല്പര്യങ്ങൾ, അതു നേടിയെടുക്കാൻ വേണ്ടി ഉപയോഗിക്കുന്ന തന്ത്രങ്ങൾ മുതലായവയിൽ ശ്രദ്ധ പതിക്കണം. സ്വന്തം ജീവനെക്കാളുപരി തന്റെ മക്കളെ സ്നേഹിക്കുന്ന ദാവീദ് അവർക്ക് ശിക്ഷണം നല്കുന്നതിൽ പറ്റേ പരാജയപ്പെടുകയും അതിന്റെ ദുരന്തങ്ങൾ തകർന്ന ഹൃദയത്തിൽ ഏറ്റു വാങ്ങുകയും ചെയ്യുന്നത് മാതാപിതാക്കൾക്കും അധികാരികൾക്കും വലിയൊരു പാഠമാണ്.



ഈ സംഭവങ്ങളെല്ലാം സാമുവേലിന്റെ രണ്ടാം പുസ്തകത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ദാവീദിന്റെ നേട്ടങ്ങൾ എടുത്തു കാട്ടാനും സാമുവേലിന്റെ പുസ്തകത്തിൽ വിട്ടു പോയവ കൂട്ടിച്ചേർക്കാനും ശ്രമിക്കുന്ന ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഇവയിൽ ഒന്നു പോലും പരാമർശ വിഷയമാകാത്തത് തികച്ചും സ്വാഭാവികമത്രെ.

### a. താമാറിന്റെ മാനഹാനി 13,1-22

ദാവീദിന്റെ കുടുംബത്തെയും സിംഹാസനത്തെയും മാത്രമല്ല, ഇസ്രായേൽ രാജ്യത്തെത്തന്നെ പിടിച്ചുലയ്ക്കുന്ന കൊടുങ്കാറ്റിനെ തുറന്നുവിട്ട സംഭവമാണ് ആദ്യമേ വിവരിക്കുന്നത്. ബത്ഷേബാ സംഭവുമായി ഇതിന് അടുത്ത സാമ്യമുണ്ട്. പിതാവിന്റെ പാപം മക്കൾ ക്രൂരതയോടെ ആവർത്തിക്കുന്നു. സ്ത്രീയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ പുരുഷൻ അവളെ ബലാൽക്കാരം ചെയ്യുന്നു. ആ സംഭവം കൊലപാതകത്തിലേക്കു നയിക്കുന്നു. ദാവീദിന്റെ പാപം തന്റെ സേവകർക്കെതിരേ ആയിരുന്നു. എന്നാൽ മക്കൾ സ്വന്തം സഹോദരങ്ങൾക്കെതിരേയാണു പാപം ചെയ്യുന്നത്.

ജെസ്രേൽക്കാരി അഹിനോവാമിൽ ദാവീദിനു ജനിച്ച പുത്രനാണ് അമ്നോൻ. ആദ്യ ജാതനായതിനാൽ സധാരണഗതിയിൽ കിരീടാവകാശിയാണ് അയാൾ; പിതാവിന്റെ പ്രത്യേക സ്നേഹവും പരിഗണനയും അയാൾക്കു ലഭിക്കുക സാധാരണമത്രെ. ഗഷൂറിലെ രാജകുമാരിയായ മാഖായിൽ ദാവീദിനു ജനിച്ച മക്കളാണ് അബ്ശലോമും താമാറും ( 2 സാമു 3,3). താമാറിന്റെ സൗന്ദര്യം അമ്നോനെ കാമാതുരനാക്കി ബത്ഷേബായുടെ സൗന്ദര്യം ദാവീദിൽ കാമാസക്തി ഉണർത്തിയതുപോലെ. നിഷിദ്ധമെന്ന് അറിഞ്ഞിട്ടും അമ്നോൻ തന്റെ വികാരത്തെ അടക്കിയില്ല. ന്യായമായ മാർഗ്ഗത്തിലൂടെ അവളെ ഭാര്യയാക്കാൻ ശ്രമിച്ചതുമില്ല. വിവാഹമല്ല, താൽക്കാലികമായ വികാര ശമനം മാത്രമാണ് അമ്നോൻ കാംക്ഷിച്ചത്. ദാവീദിനും അതു മാത്രമായിരുന്നല്ലോ താൽപര്യം.

സ്നേഹിതനും അടുത്ത ബന്ധുവുമായ യോനാദാബ് പറഞ്ഞു കൊടുത്ത കൗശലം ഉപയോഗിച്ച് അമ്നോൻ താമാറിനെ തന്റെ കിടപ്പറയിലെത്തിച്ചു. രോഗിയായ സഹോദരനു വേണ്ടി അയാളുടെ വീട്ടിൽ ചെന്നു പ്രത്യേക ഭക്ഷണം പാകം ചെയ്യാൻ താമാറിനോടു പറയുന്നതിൽ യാതൊരു അപാകതയും ദാവീദ് കണ്ടില്ല, ഇപ്രകാരമൊരാഗ്രഹം അമ്നോൻ പ്രകടിപ്പിച്ചതിന്റെ പിന്നിൽ ദുരുദ്ദേശ്യമുണ്ടെന്ന് ഊഹിച്ചതു

മില്ല. മക്കളെ അന്ധമായി വിശ്വസിക്കുകയും അമിത ലാളനയാൽ വഷളാക്കുകയും ചെയ്യുന്ന ഒരു പിതാവായി ദാവീദ് ഇവിടെ പ്രത്യക്ഷപ്പെടുന്നു.

ഭക്ഷണവുമായി കടന്നു വന്ന സഹോദരിയെ, അവളുടെ യാചനയും വിലാപവും ന്യായവാദവും ഒന്നും വകവയ്ക്കാതെ, അമ്നോൻ ബലാത്സംഗം ചെയ്തു. അനന്തരം നിർദ്ദയം പുറന്തള്ളി. തന്റെ ആഗ്രഹപൂർത്തീകരണം എന്ന ഒറ്റ ലക്ഷ്യമേ അമ്നോനുണ്ടായിരുന്നുള്ളൂ. അതിനായി എന്തു നീചമാർഗ്ഗവും സ്വീകരിക്കാൻ അയാൾ മടിച്ചില്ല. തന്റെ കാമാസക്തിക്ക് ഇരയാകുന്നത് സ്വന്തം സഹോദരിയാണെന്ന സത്യം അയാൾക്കു വിലങ്ങുതടിയായില്ല. മനസാക്ഷി അത്രമാത്രം മരവിച്ചു പോയിരുന്നു. അർദ്ധസഹോദരങ്ങൾ തമ്മിലുള്ള വിവാഹം നിഷിദ്ധമാണ് (ലേവ്യ 18,9) എന്ന നിയമം നിലവിലിരുന്നെങ്കിലും അതിന് അപവാദം ഉണ്ടായിരുന്നു. അബ്രാഹവും സാറായും ഉദാഹരണമാണ്. വ്യഭിചാരത്തെക്കാൾ ലഘുവാണ് ഈ കുറ്റമെന്നും ദാവീദ് ഇത് അംഗീകരിക്കുമെന്നും താമാർ പറഞ്ഞെങ്കിലും അമ്നോൻ അതൊന്നും കൂട്ടാക്കിയില്ല.

തലയിൽ ചാരം വിതറി, കീറിപ്പറിഞ്ഞ വസ്ത്രവുമായി ഉറക്കെ നിലവിളിച്ചുകൊണ്ട് പോകുന്ന താമാർ അതി നീചമായ വഞ്ചനയ്ക്കും ക്രൂരതയ്ക്കും ഇരയായ സ്ത്രീയാണ്. പിതാവിനെ അനുസരിക്കുകയും സഹോദരനെ സ്നേഹിക്കുകയും ചെയ്ത അവളുടെ ജീവിതം നശിപ്പിക്കപ്പെട്ടു. ഇനി അവൾക്കു വിവാഹമില്ല, ഭാവിയെക്കുറിച്ചു പ്രത്യാശയുമില്ല. പിതാവിന്റെ പാപവും സഹോദരന്റെ കാമവും സൃഷ്ടിച്ച നീർച്ചുഴിയിൽ അവൾ മുങ്ങിത്താണു.

ദാവീദ് ഇതിനെക്കുറിച്ചു കേട്ടപ്പോൾ കോപിച്ചു. പക്ഷേ ഒന്നും ചെയ്തില്ല. കശക്കി എറിയപ്പെട്ട മകളുടെ ജീവിതം പിതാവിൽ അനുകമ്പ ഉണർത്തിയില്ല. "ദാവീദ് അമ്നോനെ കുറ്റപ്പെടുത്തിയില്ല. കാരണം തന്റെ മൂത്ത മകനാകയാൽ അവനെ അത്യധികം സ്നേഹിച്ചിരുന്നു' എന്ന് ഗ്രീക്കു വിവർത്തനമായ സപ്തതിയിൽ കൂട്ടിച്ചേർത്തിരിക്കുന്നു. പുത്രനോടുള്ള അന്ധമായ സ്നേഹം തന്റെ ഉത്തരവാദിത്വങ്ങളെ വിസ്മരിക്കാൻ ദാവീദിനെ പ്രേരിപ്പിച്ചു. തന്റെ തന്നെ പാപത്തെക്കുറിച്ചുള്ള അവബോധം പുത്രനെ ശാസിക്കുന്നതിനുള്ള ധാർമ്മിക ശക്തി നഷ്ടപ്പെടുത്തിയതും ഇതിനു കാരണമാകാം. നീ പാലിക്കേണ്ട രാജാവും മക്കൾക്കു ശിക്ഷണം നല്കേണ്ട പിതാവും എന്ന നിലയിൽ ദാവീദ് പരാജയപ്പെട്ടു.



അശരണയായി വിലപിക്കുന്ന സഹോദരിയെ അബ്ശലോം ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അമ്നോനോടുള്ള അയാളുടെ പ്രതികരണം ഭീഷണമായ ധ്വനി ഉൾക്കൊള്ളുന്നതാണ്. "ഗുണമോ ദോഷമോ പറഞ്ഞില്ല" (13,22) എന്ന പ്രസ്താവന രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം. അമ്നോനുമായുള്ള ബന്ധം പൂർണ്ണമായി വിഛേദിച്ചു, അവർ തമ്മിൽ പിന്നീട് യാതൊരു ഇടപാടും ഉണ്ടായില്ല എന്നതാണ് ഒരു വ്യാഖ്യാനം. ഈ സംഭവത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്ന രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. അബ്ശലോം തന്റെ കോപം പ്രകടമാക്കിയിരുന്നെങ്കിൽ സംഭവങ്ങളുടെ ഗതി വ്യത്യസ്തമാകുമായിരുന്നു. ദാവീദിന്റെ നിഷ്ക്രിയത്വം പ്രശ്നം കൂടുതൽ രൂക്ഷമാക്കി. വെറുപ്പ് ഉള്ളിൽ ഒതുക്കി, പ്രതികാരം ചെയ്യാനുള്ള അവസരത്തിനായി അബ്ശലോം കാത്തിരുന്നു.

**വിചിന്തനം:** കുടുംബത്തിന്റെ ഭദ്രതയ്ക്കും മനുഷ്യ വർഗ്ഗത്തിന്റെ നിലനില്പ്പിനും വളർച്ചയ്ക്കും വേണ്ടി ദൈവം നല്കിയിരിക്കുന്ന വലിയൊരു ദാനമാണ് ലൈംഗികതയും ലൈംഗിക വികാരങ്ങളും എന്നാൽ ദിവ്യമായ ലക്ഷ്യം മറന്ന്, സ്വാർത്ഥ താല്പര്യങ്ങൾക്കായി അവയെ ദുരുപയോഗിക്കുന്നത് വിനാശകരമാകും. അമ്നോന്റെ അനുഭവം ആത്മനിയന്ത്രണത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

തിന്മയിൽ മുഴുകുന്ന മാതാപിതാക്കൾക്കും അധികാരികൾക്കും തങ്ങളുടെ കീഴിലുള്ളവരെ ശാസിക്കാനോ ശിക്ഷിക്കാനോ കഴിയാതെ വരുന്നു. ധാർമ്മിക ശക്തി നഷ്ടപ്പെട്ടവർക്ക് മറ്റുള്ളവരെ ധർമ്മമാർഗ്ഗത്തിൽ നയിക്കാൻ സാധിക്കുകയില്ല. മക്കളോടുള്ള സ്നേഹം അവരുടെ തെറ്റുകളെ കാണാനോ തിരുത്താനോ കഴിയാത്തവിധം ആരെയും അന്ധരാക്കരുത്. അമിത വാത്സല്യം അനർത്ഥത്തിനു കാരണമാകും.

കിരീടാവകാശിയായ ആമ്നോൻ കൊട്ടാരത്തിലെ സുഖഭോഗങ്ങളിൽ മുഴുകിയപ്പോൾ ആഗ്രഹിക്കുന്നതെന്തും തനിക്ക് അവകാശപ്പെട്ടതാണെന്ന് തെറ്റിധരിച്ചു. ദൈവിക നിയമങ്ങളുടെ കടിഞ്ഞാണില്ലാത്ത അധികാരം ദുഷിച്ചു വഷളാകുന്നു. അധികാരിക്കു ധാർമ്മിക ബോധം നഷ്ടപ്പെടുമ്പോൾ സമൂഹം നാശത്തിലാണ്ടുപോകുന്നു. ലൈഗിംഗകതയെ കയറൂരി വിടുകയും ഇഷ്ടപ്പെടുന്നതെന്തും സ്വന്തമാക്കാൻ അനുവദിക്കുകയും ചെയ്യുന്ന ആധുനിക സംസ്കാരത്തിന് അമ്നോന്റെയും താമാറിന്റെയും അനുഭവങ്ങൾ വലിയൊരു താക്കീതാണ്.

അബ്ശലോമിന്റെ ധാർമ്മികരോഷം തികച്ചും നീതിയുക്തമായിരുന്നു. എന്നാൽ ഉള്ളിലൊതുക്കിയ രോഷം വിദ്വേഷവും വെറുപ്പുമായി രൂപം പ്രാപിച്ചു. പ്രതികാര ചിന്തയെ ഊതിക്കത്തിച്ചു. പ്രതികാരം സമൂലനാശത്തിനു കാരണമായി. "കോപിക്കാം; എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ" (എഫേ 4,26).

## b. അബ്ശലോമിന്റെ പ്രതികാരം 13,23-38

ഉമിത്തീപോലെ നീറിപ്പുകയുന്ന പ്രതികാരചിന്ത തന്ത്രപൂർവ്വം മറച്ചുവയ്ക്കാൻ അബ്ശലോമിനു സാധിച്ചു. താമാറിന്റെ മാനഹാനിയെക്കുറിച്ചുള്ള ഓർമ്മകൾ മറ്റുള്ളവരുടെ മനസ്സിൽ നിന്നു മാഞ്ഞുപോകുന്നതുവരെ അയാൾ ക്ഷമാപൂർവ്വം കാത്തിരുന്നു. അതിനാൽ തികച്ചും നിരുപദ്രവമെന്നു തോന്നാവുന്ന അഭ്യർത്ഥനയുമായി തന്നെ സമീപിച്ച പുത്രനെ ദാവീദു സംശയിച്ചില്ല.

ആടുകളുടെ രോമം കത്രിക്കൽ ഒരു വലിയ ആഘോഷമായിരുന്നു (1 സാമു 25,2-8). അബ്ശലോമിന് സ്വന്തമായി തോട്ടങ്ങളും മറ്റു വസ്തുവകകളും ഉണ്ടായിരുന്നു (14,30) എന്നത് ശ്രദ്ധേയമത്രെ. രാജാവും രാജകുമാരൻമാരും വലിയ സമ്പന്നരായി കഴിഞ്ഞിരുന്നു. ദാവീദ് ആഘോഷത്തിൽ പങ്കുചേരാൻ വിസമ്മതിക്കും എന്ന അബ്ശലോമിന്റെ കണക്കുകൂട്ടൽ തെറ്റിയില്ല. മൂത്ത പുത്രനായ അമ്നോനെ പ്രത്യേകം ക്ഷണിക്കുന്നത് രാജാവിന്റെ പ്രതിനിധിയും കിരീടാവകാശിയും ആയി അയാളെ അബ്ശലോം അംഗീകരിക്കുന്നതിന്റെ തെളിവാണ്. തന്ത്രങ്ങൾ മെനഞ്ഞെടുക്കുന്നതിൽ രാജകുമാരൻമാർ പിതാവിനെക്കാൾ സൂത്രശാലികളാണെന്ന് ഇവിടെ തെളിയുന്നു. മക്കളുടെ കുതന്ത്രങ്ങൾ മനസ്സിലാക്കാൻ ദാവീദിനു കഴിഞ്ഞില്ല.

അവധാനപൂർവ്വം രൂപം കൊടുത്ത പദ്ധതി അബ്ശലോം നിഷ്കരുണം നടപ്പാക്കി, കിരീടവകാശിയായ രാജകുമാരനെ വധിക്കുന്നതിൽ നിന്നുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ ഭയന്ന സേവകൻമാർക്ക് അബ്ശലോം ധൈര്യം പകർന്നു: "ഭയപ്പെടേണ്ടാ ഞാനല്ലേ കല്പ്പിക്കുന്നത്" (13,28). അമ്നോനെ വധിക്കുന്നതിൽ പ്രതികാരചിന്തയ്ക്കു പുറമെ കൂടുതൽ പ്രധാനപ്പെട്ട മറ്റൊരു ലക്ഷ്യവും അബ്ശലോമിനുണ്ടായിരുന്നു എന്ന് തുടർന്നുള്ള വിവരണങ്ങളിൽ നിന്നു വ്യക്തമാകുന്നു. മൂത്തമകൻ എന്ന നിലയിൽ ദാവീദിന്റെ പിൻഗാമിയാകാനുള്ള അവകാശം അമ്നോന്റേതായിരുന്നു. അയാളുടെ ഉന്മൂലനം ചെയ്യുന്നതിലൂടെ രാജാധികാരത്തിലേയ്ക്കുള്ള തന്റെ വഴി തെളിയും എന്ന് അബ്ശലോം കരുതി. ദാവീദിന്റെ രണ്ടാമത്തെ പുത്രനായ ഖിലെയാബിനെക്കുറിച്ച് (3,3) പിന്നീടൊരിക്കലും പ്രതിപാദിക്കാത്തതിനാൽ അയാൾ പണ്ടേ മരിച്ചുപോയിരുന്നു എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. അമ്നോനെ വധിക്കുകയും മറ്റു രാജകുമാരൻമാരെ വെറുതെവിടുകയും ചെയ്തതിനാൽ തന്റെ സഹോദരിക്കുവേണ്ടി പ്രതികാരം ചെയ്യുക മാത്രമായിരുന്നു അബ്ശലോമിന്റെ ഉദ്ദേശ്യം എന്ന് രാജാവടക്കം സകലരും കരുതി. അങ്ങനെ തന്റെ അന്തിമലക്ഷ്യം മറച്ചുവയ്ക്കാൻ അയാൾക്കു കഴിഞ്ഞു.

രാജകുമാരൻമാർ നിലവിളിച്ചുകൊണ്ട് ഓടിപ്പോയപ്പോൾ അബ്ശലോം രാജകോപത്തെ ഭയന്ന് മാതാമഹനായ ഗഷൂർ രാജാവിന്റെ അടുക്കൽ അഭയം പ്രാപിച്ചു. കൊല്ലപ്പെട്ട മകനെ ഓർത്ത് ദാവീദു ദുഃഖിച്ചു. എന്നാൽ കുറ്റവാളിയെ ശിക്ഷിക്കാൻ വേണ്ടി ഒന്നും ചെയ്തില്ല. തന്നെയുമല്ല, ദുഃഖം ശമിച്ചപ്പോൾ അബ്ശലോമിനെ കാണാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തു. അതേസമയം അബ്ശലോം തന്റെ പദ്ധതികൾ തന്ത്രപൂർവ്വം ആസൂത്രണം ചെയ്യുകയായിരുന്നു. ഇസ്രായേൽ രാജ്യത്തിന്റെ വടക്കുകിഴക്കേ അതിർത്തിയിലുള്ള ഒരു ചെറിയ അരമായ രാജ്യമാണ് ഗഷൂർ. തന്റെ പ്രവാസകാലത്ത് അവരുടേയും ഇസ്രായേലിലെ ഗോത്രങ്ങളുടെയും പിന്തുണ സമ്പാദിക്കാൻ അബ്ശലോമിന് കഴിഞ്ഞു.

**വിചിന്തനം :** അമ്നോന്റെ മരണത്തിൽ നിന്നു ശ്രദ്ധേയമായ ചില പാഠങ്ങൾ ലഭിക്കുന്നു. താമാറിനോടു ചെയ്ത അതിക്രമമാണ് അയാളുടെ മരണത്തിനു കാരണമായത്. എന്നാൽ അതുവഴി രണ്ടു കാര്യങ്ങൾ സംഭവിച്ചു. 1. ദൈവജനത്തെ ഭരിക്കാൻ അയോഗ്യനായ ഒരുവൻ രാജാവാകുന്നതിൽ നിന്നു തടയപ്പെട്ടു. 2. ദാവീദ് നടത്തിയ കൊലപാതകത്തിനു ശിക്ഷ ലഭിച്ചു. ഇതു രണ്ടും ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു. എന്നാൽ അമ്നോൻ സ്വന്തം സ്വാതന്ത്ര്യം ഉപയോഗിച്ചു ചെയ്ത ഒരു പ്രവൃത്തിയുടെ പരിണത ഫലങ്ങളായിരുന്നു അവ. ദൈവികപദ്ധതിയും മനുഷ്യന്റെ സ്വാതന്ത്ര്യവും എങ്ങനെ പൊരുത്തപ്പെടുന്നു എന്നതിന്റെ ഉദാഹരണമാണിത്. അബ്ശലോമിന്റെ കാര്യത്തിലും ഇതു യഥാർത്ഥ്യമാകുന്നതു കാണാം. ഓരോരുത്തരും ചെയ്യുന്ന അതിക്രമങ്ങൾ അവരവർക്കുതന്നെ നാശകാരണമാകും. ശിക്ഷാഭീതി കൂടാതെ ആരും തിന്മ പ്രവർത്തിക്കാതിരിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ദൈവിക നിശ്ചയമാണിത്.

## c. അബ്ശലോമിന്റെ തിരിച്ചുവരവ് 14,1-33

അബ്ശലോമിനോടുള്ള ദാവീദിന്റെ പ്രതികരണത്തിൽ ഒരു ദ്വന്ദ്വ ഭാവം ദൃശ്യമാണ്. ഒരുഭാഗത്ത് മകനോടുള്ള സ്നേഹവും അവനെ കാണാനുള്ള തീവ്രമായ ആഗ്രഹവും. മറുഭാഗത്ത് അവൻ ചെയ്ത ഹീനകൃത്യത്തെക്കുറിച്ചും അതർഹിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള അവബോധം. ഇവയ്ക്കു മദ്ധ്യേ തീരുമാനമെടുക്കാൻ കഴിയാതെ ദാവീദു തേങ്ങിയപ്പോൾ അബ്ശലോം പ്രവാസത്തിൽ തുടർന്നു. മൂന്നു വർഷങ്ങൾക്കു ശേഷം യൊവാബാണ് ഈ സന്നിഗ്ദ്ധാവസ്ഥ അവസാനിപ്പിച്ച് പുത്രനെ തിരിച്ചുകൊണ്ടുവരാൻ ദാവീദിനെ പ്രേരിപ്പിച്ചത്.

അബ്ശലോമിനുവേണ്ടി തീരുമാനമെടുക്കാൻ ദാവീദിനെ പ്രേരിപ്പിക്കുന്നതിനു യൊവാബിനു രണ്ടു കാരണങ്ങളുണ്ടായിരുന്നു. മകനെ കാണാൻ കൊതിക്കുന്ന ദാവീദിനെ അതിനു സഹായിക്കുക എന്നതാണ് പ്രത്യക്ഷത്തിൽ യൊവാബിന്റെ ലക്ഷ്യം. എന്നാൽ രാജ്യത്തിന്റെ പൊതുനന്മ അതിനേക്കാൾ പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. ന്യായമായും ദാവീദിന്റെ പിൻഗാമിയായി രാജ്യത്തെ ഭരിക്കാൻ അവകാശപ്പെട്ടവനാണ് അബ്ശലോം. അയാളുടെ ആകാര സൗഷ്ഠവവും ഉറച്ചതീരുമാനമെടുക്കാനുള്ള കഴിവും അയാൾക്കു വലിയ ജനസമ്മതി നേടിക്കൊടുത്തിരുന്നു. അമ്നോനെ വധിച്ച് തന്റെ സഹോദരിയുടെ മാനഹാനിക്കു പ്രതികാരം ചെയ്തതിനെ ന്യായീകരിക്കാൻ ജനം തയ്യാറായിരുന്നു എന്നും അനുമാനിക്കാം. തീരുമാനമെടുക്കുകയും എടുത്ത തീരുമാനത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്ന നേതാവിനെയാണല്ലോ ജനവും, പ്രത്യകിച്ച് സൈന്യവും, ആദരിക്കുക.

അഭിനയചാതുര്യമുള്ള ഒരു വിലാപക്കാരിയെ യൊവാബ് തെക്കോവായിൽ നിന്നു വിളിച്ചുവരുത്തി, കെട്ടിച്ചമച്ച കഥയിലൂടെ ഒഴിഞ്ഞുമാറാൻ പറ്റാത്ത വിധത്തിൽ ദാവീദിനെ കുടക്കിലാക്കി. തെക്കോവാക്കാരിയുടെ കഥാകഥനവും വ്യഖ്യാനവും (14,4-17) നാഥാന്റെ കഥയെയും വ്യാഖ്യാനത്തെയും (12,1-12) അനുസ്മരിപ്പിക്കുന്നു. രണ്ടും തമ്മിൽ സാമ്യമുണ്ടെങ്കിലും സുപ്രധാനങ്ങളായ ചില വ്യത്യാസങ്ങളുമുണ്ട്.

നാഥാനെ കർത്താവാണ് ദാവീദിന്റെയടുക്കലേക്ക് അയച്ചത്. തെക്കോവാക്കാരിയെ ആകട്ടെ, സേനാധിപൻ യോവാബും, നാഥാന്റെ കഥ ധാർമ്മികതലത്തിൽ തീരുമാനമെടുക്കാൻ പ്രേരിപ്പിച്ചപ്പോൾ തെക്കോവാക്കോരിയുടെ കഥ രാഷ്ട്രീയപ്രേരിതമായിരുന്നു. കുറ്റകൃത്യത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാതെ, കുറ്റവാളിയെ ശിക്ഷിക്കുന്നതിനു



പകരം പൂർവ്വ സ്ഥാനത്തു പ്രതിഷ്ഠിക്കാൻ അവൾ ദാവീദിനെ പ്രേരിപ്പിക്കുന്നു. ആദ്യത്തേത് മാനസാന്തരത്തിലേക്കും പാപമോചനത്തിലേക്കും നയിച്ചപ്പോൾ രണ്ടാമത്തേത് ദാവീദിനും രാജ്യത്തിനും ദൂരവ്യാപകമായ ദുരന്തങ്ങൾ വരുത്തിവച്ചു.

രാജ്യത്തെ ഏറ്റം ഉന്നതനായ വിധിയാളൻ എന്ന നിലയിലാണ് ദാവീദിനെ തെക്കോവാക്കാരി സമീപിച്ചത്. സ്വാഭാവികമെന്നുതോന്നാവുന്ന അവളുടെ കഥയിൽ നാഥാന്റെ കഥയിലെന്നതുപോലെ ദാവീദിന്റെ ചെയ്തികൾ പ്രതിഫലിക്കുന്നുണ്ട്. സഹോദരങ്ങൾ തമ്മിൽ കലഹിച്ച് ഒരാൾ അപരനെ വധിച്ചത് ദാവീദിന്റെ മക്കളുടെ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നു. കായേന്റേയും, ആബേലിന്റേയും കഥയുമായി ഇതിനുള്ള സാമ്യം വെറും യാദൃശ്ചികമല്ല. കുറ്റവാളിയായ കായേനെ കർത്താവ് ശിക്ഷിച്ചു. എന്നാൽ പ്രാദേശിക കോടതി ശിക്ഷാവിധി കല്പിച്ച കൊലപാതകിയെ രക്ഷിക്കാൻ വേണ്ടിയാണ് വിധവയായ മാതാവ് സമുന്നത നീതി പീഠത്തെ സമീപിക്കുന്നത്. അവശേഷിക്കുന്ന ഏകമകനോടും വിധവയായ മാതാവിനോടും കാണിക്കേണ്ട കരുണ ഒരുവശത്ത്, കൊലപാതകത്തിന് അർഹമായ ശിക്ഷ ആവശ്യപ്പെടുന്ന നീതി മറുവശത്ത്. നീതിക്കും കരുണയ്ക്കും മദ്ധ്യേ തീരുമാനമെടുക്കാൻ നിർബന്ധിതനായ ദാവീദ്, നാഥാന്റെ കഥയിലെന്നതുപോലെ പൊരുളറിയാതെ വിധി പ്രസ്താവിച്ചു. പൂർണ്ണമായും അവഗണിച്ചുകൊണ്ടുള്ള ആ വിധി മൂന്നു തവണ ആവർത്തിക്കാൻ അവൾ ദാവീദിനെ പ്രേരിപ്പിച്ചു. മൂന്നാം തവണ കർത്താവിന്റെ നാമത്തിൽ ആണയിട്ടുകൊണ്ട് ദാവീദ് കൊലപാതകിക്കു സംരക്ഷണം വാഗ്ദാനം ചെയ്തു.

കഥയിൽ നിന്നു കാര്യത്തിലേക്കുകടന്നു ദാവീദിനെ കുറ്റം വിധിക്കുന്ന തെക്കോവാക്കാരിയുടെ വാക്കുകൾ (14,13) പ്രത്യക്ഷത്തിൽ നാഥാന്റെ കുറ്റോരോപണത്തിനു സമാനമാണെന്നു തോന്നാം. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു കാണാം. "പിന്നെ എന്തുകൊണ്ട് ദൈവത്തിനെതിരായി അങ്ങ് ഇതേ തെറ്റു ചെയ്തിരിക്കുന്നുന്നു- എന്ന പി.ഒ.സി. വിവർത്തനത്തിൽ ചെറിയൊരു പിശകുണ്ട്. "പിന്നെ എന്തുകൊണ്ടാണ് അങ്ങ് ദൈവത്തിന്റെ ജനത്തിനെതിരെ ഇങ്ങനെ ഒരു പദ്ധതി ആസൂത്രണം ചെയ്തു" എന്നാണ് ഹീബ്രുമൂലത്തിന്റെ വാച്യാർത്ഥം. ദൈവത്തിനെതിരേയല്ല, ദൈവജനത്തിനെതിരേ കുറ്റം ചെയ്തിരിക്കുന്നു എന്നാണ് തെക്കോവാക്കാരി ആരോപിക്കുന്നത്. രാജാവിനെ കുറ്റംവിധിക്കുന്നതിലൂടെ കാട്ടിയ

ഔദ്ധത്യം ശിക്ഷാർഹമായേക്കും എന്നു ഭയപ്പെട്ടതിനാലാവാം അവൾ അനേകം മുഖസ്തുതികളോടുകൂടിയ ദീർഘമായ വിശദീകരണങ്ങൾ (14,14-17) നല്കുന്നത്.

ഈ കഥയുടെ പിന്നിൽ യൊവാബിന്റെ കരങ്ങളുണ്ടാവും എന്നു സംശയിച്ച ദാവീദിനു തെറ്റിയില്ല. താൻ പിടിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ വിലാപക്കാരി വീണ്ടും മുഖസ്തുതിയിൽ അഭയം തേടി (14,19-20). തന്റെ പദ്ധതി വിജയിച്ചതിൽ വീണ്ടും മുഖസ്തുതുയിൽ അഭയം തേടി (14,19-20). തന്റെ പദ്ധതി വിജയിച്ചതിൽ യൊവാബ് സന്തോഷിച്ചു, ദാവീദിനു നന്ദി പറഞ്ഞു (14,21-22). സർവ്വസൈന്യാധിപനായ യൊവാബു തന്നെ അബ്ശലോമിനെ തിരികെ കൊണ്ടുവരുന്നത് രാജകീയ ബഹുമതിയോടെയുള്ള ഒരു സ്വീകരണത്തിനു തുല്യമായിരുന്നു. എന്നാൽ രാജാവ് പുത്രനെ സ്വീകരിക്കാൻ തയ്യാറായില്ല (14,23-24). അബ്ശലോമിന്റെ സൗന്ദര്യത്തെയും മക്കളെയുംക്കുറിച്ചുള്ള പരാമർശം (14,25-27) പൊതുജന ദൃഷ്ടിയിൽ അയാളാണ് കിരീടാവകാശി എന്നു സൂചിപ്പിക്കുന്നു.

തലസ്ഥാന നഗരിയിൽ തിരിച്ചെത്തിയെങ്കിലും രാജസദസ്സിൽ പ്രവേശനം നിഷേധിക്കപ്പെട്ട അബ്ശലോമിനുവേണ്ടി യൊവാബ് ഒന്നും ചെയ്തില്ല. ഒരുപക്ഷേ തന്റെ പ്രവൃത്തി വിവേകപൂർണ്ണമായിരുന്നോ എന്ന് അയാൾക്ക് സംശയം തോന്നിയിരിക്കാം. തന്റെ പദ്ധതികൾ നടപ്പിലാക്കാൻ ഏതു സാഹസത്തിനും മടിക്കാത്തവനാണ് അബ്ശലോം എന്ന് യൊവാബിന്റെ വയലിനു തീവയ്ക്കുന്നതിലൂടെ വ്യക്തമാകുന്നു. രാജകീയ വിചാരണയെ നേരിടാൻ തയ്യാറാണെന്ന വീരവാദം തന്റെ തെറ്റിനെക്കുറിച്ച് യാതൊരു പശ്ചാത്താപവും അയാൾക്കില്ല എന്നതിന്റെ തെളിവാണ് (14,28-32). "നിന്നെ അയച്ച രാജാവ്" എന്ന് സ്വന്തം പിതാവിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അയാളുടെ അഹന്തയും ധിക്കാരവും മറനീക്കി പുറത്തുവരുന്നു.

വീണ്ടും യൊവാബിന്റെ മാധ്യസ്ഥ്യം സ്വീകരിച്ച്, ദാവീദ് അബ്ശലോമിനെ രാജസദസ്സിൽ സ്വീകരിച്ചു. പുത്രൻ പ്രണമിക്കുകയും പിതാവ് അവനെ ചുംബിക്കുകയും ചെയ്തെങ്കിലും (14,33) ഇരുവരും തമ്മിൽ ഒരു വാക്കുപോലും സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല എന്നതു ശ്രദ്ധേയമത്രെ. അനുരഞ്ജനം ബാഹ്യമായ ചടങ്ങിൽ ഒതുങ്ങിനിന്നെന്നും ഇരുവരുടേയും ഹൃദയങ്ങൾ പരസ്പരം അകന്നുതന്നെ ഇരുന്നെന്നും ഉള്ള സൂചനയാണ് ഇതിൽ നിന്നു ലഭിക്കുക. സാഹചര്യങ്ങളുടേയും ചുറ്റുപാടുമുള്ളവരുടേയും സമ്മർദ്ദത്തിനു വഴങ്ങിയാണു ദാവീദ് ഓരോ കാര്യങ്ങൾ ചെയ്യുന്നത്. സ്വന്തമായി ചിന്തിച്ചും കർത്താവിനോടു പ്രാർത്ഥിച്ചും പ്രവാചകന്റെ ഉപദേശം തേടിയും തീരുമാനങ്ങൾ എടുക്കാനുള്ള വിവേകം അദ്ദേഹത്തിനു നഷ്ടപ്പെട്ടതുപോലെ തോന്നും. ഇത് കൂടുതൽ വിനകൾക്കു കാരണമായിത്തീരുന്നു.



**വിചിന്തനം:** തീരുമാനം എടുക്കുന്നതിനു മുമ്പേ ഉപദേശം തേടണം. എന്നാൽ എല്ലാ ഉപദേശവും ഒരുപോലെ സ്വീകരിക്കുന്നത് വിഡ്ഢിത്തവും വിവേകശൂന്യതയും ആയിരിക്കും. ഉപദേശം തരുന്നവരെല്ലാം ഉദ്ദേശ്യശുദ്ധിയുള്ളവരായിരിക്കണം എന്നില്ല. എടുക്കുന്ന തീരുമാനത്തിന്റെ ഉത്തരവാദി ഉപദേശകനല്ല, തീരുമാനം എടുക്കുന്ന ആൾ തന്നെയായിരിക്കും. അതിനാൽ ഉപദേശങ്ങൾ സ്വീകരിക്കുന്നതിൽ വലിയ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്.

## d. അബ്ശലോമിന്റെ വിപ്ലവം 15,1-16,23

ഇസ്രായേലിന്റെ രാജസിംഹാസനത്തിലായിരുന്നു അബ്ശലോം നോട്ടമിട്ടിരുന്നത്. സാധാരണഗതിയിൽ ന്യായമായും അയാൾക്ക് രാജാധാകാരം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ പിതാവിന്റെ മരണം വരെ കാത്തിരിക്കാൻ അയാൾ കൂട്ടാക്കിയില്ല. തന്നെയുമല്ല, ഏതെങ്കിലും കാരണത്താൽ സിംഹാസനം തനിക്കു നഷ്ടപ്പെട്ടേക്കുമോ എന്ന് അയാൾ ഭയപ്പെടുകയും ചെയ്തിട്ടുണ്ടാവണം. അതിനാൽ കണിശമായ കണക്കുകൂട്ടലുകളിലൂടെ രാജാധികാരം പിടിച്ചെടുക്കാൻ തന്ത്രപൂർവ്വം കരുക്കൾ നീക്കി. മൂന്നുഘട്ടമായിട്ടാണ് അബ്ശലോം തന്റെ പദ്ധതികൾ നടപ്പിലാക്കിയത്. ആദ്യമേ ജനപ്രീതിനേടാൻ ശ്രമിച്ചു (15,1-6); തുടർന്ന് ദേശത്തു മുഴുവൻ കലാപം പ്രഖ്യാപിച്ചു (15,7-12); അവസാനം സൈന്യസമേതം ജറുസലേമിൽ പ്രവേശിച്ചു (16,15-23). കലാപ്രഖ്യാപനത്തിനും നഗരപ്രവേശനത്തിനും മധ്യേ ദാവീദിന്റെ ഒളിച്ചോട്ടം വിവരിച്ചിരിക്കുന്നു (15,13-16,14).

### 1. ജനപ്രീതി നേടൽ 15,1-6

ജനങ്ങളെ തനിക്ക് അനുകൂലമായി തിരിക്കാൻ അബ്ശലോം മൂന്നു കാര്യങ്ങൾ ചെയ്തു. ആദ്യമേ ഒരു രഥവും കുതിരകളെയും അകമ്പടിക്കാരെയും സംഘടിപ്പിച്ച് ജനശ്രദ്ധപിടിച്ചുപറ്റി. രഥവും കുതിരകളും ജറുസലെമിൽ വിരളമായിരുന്നു. രാജാവും രാജകുമാരന്മാരും കോവർ കഴുതയുടെ പുറത്താണ് സഞ്ചരിച്ചിരുന്നത്. മുമ്പേ ഓടുന്ന അമ്പതുപേരുടെ

പിന്നാലെ രഥത്തിൽ വരുന്ന സുന്ദരനായ അബശലോമിനെ ജനം വിസ്മയം കലർന്ന ആദരവോടെ വീക്ഷിച്ചു. തങ്ങളുടെ രാജാവാകാൻ പറ്റിയ ആൾ തന്നെ എന്നു കരുതി (15,1). പിന്നീട് അദോനിയായും ഇതു തന്നെ ചെയ്യുന്നതു കാണാം (1 രാജാ 1,6).

ദാവീദിനെ പൊതുജനദൃഷ്ടിയിൽ ഇടിച്ചു താഴ്ത്തുകയായിരുന്നു രണ്ടാമത്തെ അടവ് (15,2-3). നീതിപാലനത്തിൽ രാജാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു (8,15). എങ്കിലും അധികാര കേന്ദ്രീകരണം അനീതിക്കു പഴുതിട്ടിരുന്നു എന്ന് അബ്ശലോമിന്റെ ആരോപണങ്ങളിൽ നിന്നു വ്യക്തമാകുന്നു. രാജാവ് നീതിമാനാണെങ്കിലും എല്ലാവരുടെയും പരാതികൾ കേട്ടു തീർപ്പു കല്പിക്കാൻ അദ്ദേഹത്തിനു സമയം ലഭിച്ചിരുന്നില്ല. ദേശത്തിന്റെ പല ഭാഗങ്ങളിൽ നിന്നും അന്തിമമായ വിധി തീർപ്പിനു വേണ്ടി രാജാവിനെ കാണാൻ വന്നവർക്ക് ദീർഘനേരം കാത്തുനില്ക്കേണ്ടി വന്നു. പലപ്പോഴും നിരാശരായി മടങ്ങേണ്ടി വരുകയും ചെയ്തു. “നിന്റെ വ്യവഹാരം കേൾക്കാൻ രാജാവ് നിയോഗിച്ചിട്ടില്ലല്ലോ” എന്ന അബ്ശലോമിന്റെ സഹതാപ പ്രകടനം ദാവീദിനെതിരേ തൊടുത്തു വിട്ട ഒളിയമ്പായിരുന്നു.

പരാതിക്കാരെ മാത്രമല്ല, കാണുന്നവരെയെല്ലാം തടുത്തു നിർത്തി കുശലാന്വേഷണങ്ങൾ നടത്തുകയും സ്നേഹപൂർവ്വം ചുംബിക്കുകയും ചെയ്യുന്നതിലൂടെ അബ്ശലോം ദീനാനുകമ്പയുടെയും വിനയത്തിന്റെയും മൂർത്ത രൂപമായി പ്രത്യക്ഷപ്പെട്ടു. ഇതായിരുന്നു മൂന്നാമത്തെ അടവ്. “ഞാനായിരുന്നു ന്യായാധിപനെങ്കിൽ!” (15,14) എന്ന അർദ്ധോക്തി ജനം പൂരിപ്പിച്ചു: “ഞങ്ങൾക്ക് തീർച്ചയായും അതിവേഗം നീതി നടത്തിക്കിട്ടുമായിരുന്നുന്നു. അബ്ശലോം ആരെയും കുറ്റം വിധിച്ചില്ല. സകലപരാതികളും ഒരുപോലെ നീതിയുക്തമായി ചിത്രീകരിച്ചു. കാരണം, നീതി പാലിക്കുകയല്ല, ജന പ്രീതി നേടുക മാത്രമായിരുന്നു അയാളുടെ ലക്ഷ്യം. ദാവീദിന്റെ തണലിൽ അയാൾ അതിവേഗം വളർന്നു. നാലു വർഷം നീണ്ടു നിന്ന പ്രൗഢിപ്രകടനവും കരുണയിൽ പൊതിഞ്ഞ പരദൂഷണവും തെറ്റിദ്ധരിപ്പിക്കുന്ന വ്യർത്ഥ വാഗ്ദാനങ്ങളും പ്രതീക്ഷിച്ച ഫലം പുറപ്പെടുവിച്ചു. അവൻ ജനത്തിന്റെ മുഴുവൻ പ്രീതി പാത്രമായി (15,6).

### 2. കലാപത്തിന് ആഹ്വാനം 15,7-12

നേർച്ച നിറവേറ്റാൻ എന്ന ഭാവേന പിതാവിന്റെ അനുവാദത്തോടെ ഹെബ്രോണിലേക്കു പോയത് അബ്ശലോമിന്റെ പദ്ധതിയുടെ രണ്ടാം



ഘട്ടത്തിന്റെ തുടക്കമായിരുന്നു. “സമാധാനത്തോടെ പോവുക” എന്ന ആശംസയാണ് ദാവീദ് പുത്രനോടു പറയുന്ന അവസാനത്തെ വാക്ക്. സമാധാനമല്ല, യുദ്ധമാണ് മകന്റെയുള്ളിൽ നിറഞ്ഞിരിക്കുന്നതെന്ന് പിതാവിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. മുൻ അനുഭവങ്ങളിൽ നിന്നു പഠിക്കാൻ കഴിയാത്ത വധം മകനോടുള്ള വാത്സല്യത്താൽ അദ്ദേഹത്തിന്റെ മനസ്സ് അന്ധമായിത്തീർന്നിരുന്നു.

ഹെബ്രോണിൽ എത്തിയ അബ്ശലോം ഇസ്രായേലിലെ സകല ഗോത്രങ്ങളിലേക്കും ദൂതന്മാരെ അയച്ച് കലാപത്തിന് ഒരുക്കങ്ങൾ നടത്തി. ദാവീദ് രാജാവായി പ്രഖ്യാപിക്കപ്പെട്ട ചരിത്ര പ്രാധാന്യമുള്ള നഗരമായിരുന്നു ഹെബ്രോൺ. അവിടെവച്ചാണ് സ്വയം രാജാവായി പ്രഖ്യാപിക്കാൻ അബ്ശലോം തീരുമാനിച്ചത്. അവിടെ നിന്നു മുഴങ്ങുന്ന കലാപകാഹളം ദേശം മുഴുവൻ പ്രതിധ്വനിപ്പിക്കത്തക്ക വിധത്തിൽ ചാരന്മാരെ ഒരുക്കി നിർത്തി. ജറുസലെമിൽ നിന്ന് കാര്യങ്ങൾ അറിയാതെ തന്നെ അനുഗമിച്ച ഇരുനൂറു പേരെ അബ്ശലോം ബന്ദികളാക്കി. അയാളെ എതിർക്കാൻ അവർ ഭയന്നു. രക്ഷപ്പെടാൻ അവർക്കു മാർഗ്ഗവുമില്ലായിരുന്നു. ഈ നീക്കങ്ങളൊന്നും മുൻകൂട്ടി അറിയാൻ ദാവീദിനു കഴിഞ്ഞില്ല. അറിഞ്ഞപ്പോൾ പരിഹരിക്കാൻ കഴിയാത്തവിധം വൈകിപ്പോയിരുന്നു.

ദാവീദിന്റെ മുഖ്യ ഉപദേഷ്ടാവായ അഹിത്തോഫെൽ അബ്ശലോമിന്റെ പക്ഷം ചേരാൻ കാരണം എന്തെന്ന് വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ല. ബത്ഷേബായുടെ പിതാമഹനായ അയാൾ ദാവീദിന്റെ പ്രവൃത്തികൾ മനസ്സുകൊണ്ട് എതിർക്കുകയും വെറുക്കുകയു ചെയ്തിരിക്കണം. അയാളുടെ പിന്തുണ അബ്ശലോമിന്റെ ശക്തി വർദ്ധിപ്പിച്ചു. ആഭ്യന്തരയുദ്ധം അനിവാര്യമായിത്തീർന്നു. ചെറുത്തു നില്ക്കുകയോ കീഴടങ്ങുകയോ ചെയ്യാതെ തന്ത്രപൂർവ്വം പിന്മാറാനാണ് ദാവീദ് തീരുമാനിച്ചത്.

### 3. ദാവീദിന്റെ വിലാപ യാത്ര 15,13-16,14

അബ്ശലോമിന്റെ പ്രവർത്തനങ്ങൾ ചുരുക്കം വാക്യങ്ങളിൽ ഒതുക്കിപ്പറഞ്ഞ വി.ഗ്രന്ഥകാരൻ ദാവീദിന്റെ പലായനം വളരെ വിശദമായി വിവരിക്കുന്നു. 3-ാം സങ്കീർത്തനം ഈ പലായനവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. പരാജിതനായ ഒരു രാജാവ് എന്നതിലുപരി, ഹൃദയം തകർന്ന ഒരു പിതാവായിട്ടാണ് ദാവീദ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. തന്റെ

പാപങ്ങൾക്കുള്ള ന്യായമായ ശിക്ഷയാണ് താൻ ഏറ്റു വാങ്ങുന്നത് എന്ന ഉറച്ച ബോധ്യത്തോടെ നഗ്നപാദനായി തലമുടി, കരഞ്ഞുകൊണ്ട് മല കയറുന്ന ദാവീദ് (15,30) അനുതപിക്കുന്ന പാപിയുടെ ഉത്തമ മാതൃക യാണ്. ആരോടും വിരോധമില്ല, ആരെക്കുറിച്ചും പരാതിയുമില്ല. ലഭിക്കുന്ന പിന്തുണ താൻ അർഹിക്കുന്നതല്ല എന്ന ബോധ്യത്തോടെ വിനയപൂർവ്വം സ്വീകരിക്കുന്നു. ഏല്ക്കേണ്ടി വരുന്ന നിന്ദനങ്ങൾ ക്ഷമാപൂർവ്വം സഹി ക്കുന്നു.

ജറുസലെമിൽ നിന്നുള്ള ദാവീദിന്റെ പലായനം ഒരു വിലാപ യാത്ര യായിരുന്നു. ഏഴു ഘട്ടങ്ങളായിട്ടാണ് വി.ഗ്രന്ഥകാരൻ ഈ യാത്രയെ ചിത്രീകരിക്കുന്നത്. വ്യത്യസ്ത വ്യക്തികളുമായുള്ള കണ്ടുമുട്ടലുകൾ ഓരോ ഘട്ടത്തിലും വിവരിക്കുന്നുണ്ട്. തന്റെയും അനുയായികളുടെയും ജീവൻ രക്ഷിക്കുക മാത്രമല്ല, കൂട്ടക്കൊലയിൽ നിന്നും നഗരത്തെ രക്ഷി ക്കുകയും പാലായാനത്തിന്റെ ലക്ഷ്യമായിരുന്നു (15,14). കൊട്ടാരം സൂക്ഷി ക്കാനേൽപിച്ച പത്ത് ഉപനാരിമാരെക്കുറിച്ചുള്ള പരാമർശം 16,22ൽ വിവ രിക്കുന്ന ഹീനകൃത്യത്തിന് വഴിയൊരുക്കുന്നു.

പട്ടണത്തിലെ വീടുകൾ അവസാനിക്കുന്ന പ്രാന്തപ്രദേശത്താണ് ദാവീദ് യാത്രാമധ്യേ ആദ്യമായി നില്ക്കുക. അനുചരന്മാരെല്ലാം കടന്നു പോകുന്നതുവരെ രാജാവ് അവിടെ നിന്നു (15,17-23). വിദേശികളായ അംഗ രക്ഷാസേനയാണ് ക്രേത്യരും പെലേത്യരും. ഫിലിസ്ത്യ നഗരമായ ഗത്തിൽ നിന്നുള്ള ഇത്തായി ഇവിടെ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ഉപ ചാരപൂർവ്വം അയാളെ തിരിച്ചയക്കാൻ ശ്രമിക്കുന്ന ദാവീദ് സ്വന്തം സുര ക്ഷിതത്വത്തെക്കാൾ സുഹൃത്തുക്കളുടെ സുരക്ഷിതത്വം വിലമതിക്കു മ്പോൾ രാജാവിനുവേണ്ടി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധനാണ് വിദേശിയായ ഇത്തായി. അയാളും സൈന്യവും ദാവീദിന് പിന്നീടും നടന്ന യുദ്ധത്തിൽ വലിയ സഹായമായി (18,21).

പലായനം ചെയ്യുന്ന ദാവീദിനെകണ്ട് ഉച്ചത്തിൽ നിലവിളിക്കുന്ന ജനം അബ്ശലോമിന്റെ പിന്തുണ പൂർണ്ണമായിരുന്നില്ല എന്നു സൂചിപ്പി ക്കുന്നു. ദാവീദിനോടുള്ള സ്നേഹവും അനിശ്ചിതമായ തങ്ങളുടെ ഭാവി യെക്കുറിച്ചുള്ള ഭയവും അവരുടെ നിലവിളിയിൽ പ്രതിധ്വനിക്കുന്നുണ്ട്. കുരിശു വഹിച്ചുകൊണ്ട് കടന്നുപോയ യേശുവിനെ നോക്കി വിലപിച്ച ജറുസലെം പുത്രിമാരുടെ (ലൂക്കാ 23,27-28) മുന്നോടികളാണ് ഇവർ. നഗരം സ്ഥിതിചെയ്യുന്ന മലയുടെ വടക്കുകിഴക്കുള്ള താഴ്വരയിലാണ് കെദ്രോൻ അരുവി. അവിടെയാണ് രണ്ടാം സ്ഥലം (15,23).



അരുവിയുടെ മറുകരെ വിലാപയാത്ര വീണ്ടും നിന്നു (15,24). കർത്താവിന്റെ പേടകവുമായി വന്ന പുരോഹിതന്മാരാണ് ഇത്തവണ ദാവീദിനെ അനുയാത്ര ചെയ്യാൻ തയ്യാറായത്. എന്നാൽ അവരെ പേടക ത്തോടൊപ്പം ജറുസലേമിലേക്കു തിരിച്ചയ്ക്കുമ്പോൾ ദാവീദ് സ്വന്തം ഭാഗ ധേയം പൂർണ്ണമായി ദൈവകരങ്ങളിൽ ഏല്പ്പിക്കുകയാണ് (15,25-26). അതേസമയം, ശത്രുമധ്യത്തിൽ തന്റെ ഉത്തമരും വിശ്വസ്തരുമായ സുഹൃത്തുക്കളെ പ്രതിഷ്ഠിക്കാനും ഇതിലൂടെ ദാവീദിനു കഴിഞ്ഞു. വിവേക പൂർണ്ണമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും കർത്താ വിൽ പൂർണ്ണമായി ആശ്രയിക്കുന്നതും പരസ്പര വിരുദ്ധമല്ല എന്ന് ഈ പ്രവൃത്തി തെളിയിക്കുന്നു.

ഒലിവു മലയുടെ മുകളിൽ ഉണ്ടായിരുന്ന ബലിപീഠത്തിനടുത്താണ് നാലാംസ്ഥലം. അവിടെ നിന്നാൽ ജറുസലേം പട്ടണം മുഴുവൻ നന്നായി കാണാം. അവിടെ നിന്നുകൊണ്ടാണ് യേശുനാഥൻ ജറുസലെമിനെ നോക്കി കരഞ്ഞത് (ലൂക്കാ 19,41). എഫ്രേം ഗോത്രത്തിൽപെട്ട ഒരു കുല മാണ് അർഖ്യർ (ജോഷ്വാ 16,2). അർഖ്യനായ ഹൂഷായി ദാവീദിന്റെ ഉപ ദേഷ്ടാവായിരുന്നു. അയാൾ തന്നെ അനുഗമിക്കുന്നതിനെക്കാൾ അബ്ശ ലോമിന്റെ സേവകരുടെ കൂടെ നിൽക്കുന്നതാണ് കൂടുതൽ ഉപകാരപ്രദം എന്നു മനസ്സിലാക്കിയ ദാവീദ് വേണ്ട നിർദ്ദേശങ്ങളുമായി അയാളെ തിരിച്ചയച്ചു (15,32-37). അങ്ങനെ അബ്ശലോം നഗരത്തിൽ പ്രവേശി ക്കുന്നതിനുമുമ്പേ അയാളുടെ അണികളിൽ സ്വന്തം ചാരന്മാരെ കയ റ്റാൻ ദാവീദിനു കഴിഞ്ഞു. ജീവൻ പണയപ്പെടുത്തികൊണ്ട് അവർ ദാവീ ദിനുവേണ്ടി നിലകൊള്ളുകയും ചെയ്തു.

മെഫിബോഷെത്തിന്റെ സേവകനായ സീബാ കാഴ്ചകളുമായി ദാവീദിന്റെ അടുക്കൽ വന്നത് യാത്രാമധ്യേ അഞ്ചാമത്തെ വിശ്രമമായി (16,14). തിടുക്കത്തിൽ പുറപ്പെട്ട രാജാവിനും പരിവാരത്തിനും ഭക്ഷ ണപാനീയങ്ങൾ നല്കി സഹായിക്കുകയാണ് പ്രത്യക്ഷത്തിൽ സീബ ായുടെ ലക്ഷ്യം. എന്നാൽ തന്റെ യജമാനനെക്കുറിച്ച് അയാൾ പറയുന്ന കാര്യങ്ങൾ (16,3) ദുരുദ്ദേശപരമാണോ എന്ന സംശയം ജനിപ്പിക്കുന്നു. ആഭ്യന്തരകലാപത്തിൽ ദാവീദും കുടുംബവും നശിക്കുകയും സാവൂ ളിന്റെ പൗത്രനായ തന്നെ ഇസ്രായേൽ ജനം രാജാവായി വാഴിക്കുകയും ചെയ്യും എന്ന പ്രതീക്ഷയാണ് മെഫിബോഷെത്തിൽ ആരോപിക്കുന്ന ത്. ആരോപണം വിശ്വസിച്ച ദാവീദ് യജമാനന്റെ സ്വത്തു മുഴുവൻ സീബായ്ക്ക് ദാനം ചെയ്തു; അതു സ്വീകരിക്കാൻ അയാൾക്ക് യാതൊരു

മടിയും ഉണ്ടായിരുന്നില്ല. തന്റെ ദാസൻ പറഞ്ഞത് പച്ചകള്ളമാണെന്ന് മെഫിബോഷെത്ത് പിന്നീട് ദാവീദിനോടു പറഞ്ഞെങ്കിലും (19,26-27) ദാവീദ് അത് കാര്യമായി എടുത്തില്ല.

ജറുസലെമിൽ നിന്ന് ഏകദേശം രണ്ടര കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ഒരു ഗ്രാമമാണ് ബഹൂറിം. അവിടെ വച്ച് സാവൂളിന്റെ ബന്ധുവായ ഗേരായിയുടെ മകൻ ഷിമേയി ദാവീദിനെതിരെ ശാപവർഷങ്ങൾ ചൊരിഞ്ഞത് യാത്രാമദ്ധ്യേയുള്ള ആറാം സ്ഥലമാണ്. ഷിമേയിയുടെ കുറ്റാരോപണങ്ങൾ മുഴുവൻ (16,8) സത്യമാകണമെന്നില്ല. 2 സാമു 21,6ൽ പ്രതിപാദിക്കുന്ന സംഭവമായിരിക്കാം ഇവിടെ മുഖ്യമായും വിവക്ഷിക്കുന്നത്. എന്നാലും ദാവീദിന്റെ ഭരണം തികച്ചും സമാധാനപൂർണ്ണമായിരുന്നില്ലെന്നും അനേകർ അതിൽ അസംതൃപ്തരായിരുന്നുവെന്നും ഷിമെയിയുടെ ശാപങ്ങൾ സൂചിപ്പിക്കുന്നു. അയാളോടുള്ള ദാവീദിന്റെ പ്രതികരണം (16,10-12) പ്രത്യകം ശ്രദ്ധേയമാണ്. താൻ ഏല്ക്കേണ്ടിവന്ന നിന്ദനങ്ങൾ കർത്താവയച്ച ശിക്ഷയായിട്ടാണ് ദാവീദ് കണ്ടത്. അയാളെ വധിക്കാൻ തന്റെ പടയാളികളെ അനുവദിച്ചില്ലെങ്കിലും അയാളോട് ഒരിക്കലും ക്ഷമിച്ചില്ല എന്ന് പിന്നീട് വ്യക്തമാകും (1 രാജാ 2,8-9).

ജോർദ്ദാൻ കടക്കാൻ ഒരുങ്ങി, നദിയുടെ പടിഞ്ഞാറെ കരയിൽ വിശ്രമിക്കുന്ന ദാവീദിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് (16,14) വിലാപയാത്രയുടെ സുദീർഘമായ വിവരണം അവസാനിപ്പിക്കുന്നത്. ഇത് ഏഴാം സ്ഥലമാണ്. "രാജാവും കൂടെയുള്ളവരും ക്ഷീണിതരായി തങ്ങളുടെ ലക്ഷ്യത്തിലെത്തി; വിശ്രമിച്ചു" എന്ന് മാത്രമേ ഹീബ്രുമൂലത്തിലുള്ളൂ. 15,28ൽ പറഞ്ഞിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ജോർദ്ദാന്റെ പടിഞ്ഞാറെക്കരയാണ് ഈ ലക്ഷ്യമെന്ന് വ്യക്തം. "ജോർദ്ദാനിൽ" എന്ന വിവരം ഗ്രീക്കിൽ നിന്നുള്ളതാണ്.

### 4. അബ്ശലോമിന്റെ നഗരപ്രവേശം 16,15-23

ദാവീദിന്റെ വിവേകപൂർണ്ണമായ പിൻമാറ്റം രക്തച്ചൊരിച്ചിൽ ഒഴിവാക്കി. തുറന്ന വാതിലിലൂടെ അബ്ശലോമും അനുയായികളും നഗരത്തിൽ പ്രവേശിച്ചു. നുണ പറയാതെ സത്യം മറച്ചു വയ്ക്കുന്ന നയതന്ത്രപാടവത്തിന്റെ ഉത്തമോദ്ദാഹരണമാണ് ദാവീദിന്റെ സുഹൃത്തും ഉപദേഷ്ടാവുമായ ഹുഷായി അബ്ശലോമിന് നൽകുന്ന ഉത്തരങ്ങൾ. 'രാജാവ് നീണാൾ വാഴട്ടെ" എന്ന ഉദ്ഘോഷണം (16,6) തനിക്ക്



നൽകുന്ന അഭിവാദനമായി അബ്ശലോം കരുതി. "കർത്താവും ഈ ജനവും ഇസ്രായേല്യരും തിരഞ്ഞെടുക്കുന്നവന്റെ ഭാഗത്താണ് ഞാൻ" (16,18) എന്ന പ്രസ്താവനയും തനിക്കുള്ള അംഗീകാരമാണെന്ന് അയാൾ വിചാരിച്ചു. എന്നാൽ മേൽ പറഞ്ഞവ രണ്ടും ദാവീദിനെ സൂചിപ്പിക്കുന്നതാവാം. കർത്താവോ ഇസ്രായേല്യരോ തന്നെ തിരഞ്ഞെടുത്തിട്ടില്ല എന്ന് അബ്ശലോം മനസ്സിലാക്കിയില്ല. ദാവീദിനെ തള്ളിപറയുകയോ അബ്ശലോമിനെ രാജാവായി അംഗീകരിക്കുകയോ ചെയ്യാതെയും, അതേസമയം സംശയത്തിന് ഇടംകൊടുക്കാതെയും ഒഴിഞ്ഞുമാറുന്നതാണ് അവസാനത്തെ വാഗ്ദാനം (16,19).

ദാവീദുമായി ഒരിക്കലും രമ്യതപ്പെടാൻ കഴിയാത്തവണ്ണം പൂർണ്ണമായും ബന്ധം വിഛേദിക്കാനും, അതേസമയം രാജാവായിരിക്കുന്നുവെന്ന് ജനസമക്ഷം തെളിയിക്കാനുമുള്ള മാർഗ്ഗമാണ് സൂത്രശാലിയായ അഹിത്തോഫെൽ അബ്ശലോമിന് ഉപദേശിച്ചു കൊടുത്തത് (16,21). അനുയായികളെയും ഇസ്രായേൽ ജനത്തെ മുഴുവനും വ്യക്തമായൊരു പക്ഷം ചേരലിന് പ്രേരിപ്പിക്കുന്നതാണ് ഈ പ്രവൃത്തി ഒന്നുകിൽ ദാവീദിന്റെ പക്ഷത്ത്, അല്ലെങ്കിൽ അബ്ശലോമിന്റെ പക്ഷത്ത്. മോശയിലൂടെ ദൈവം നൽകിയ പ്രമാണത്തിന്റെ കഠിനമായ ലംഘനമാണ് അഹിത്തോഫെൽ ഉപദേശിച്ചത് (1 ലേവ്യ 18,8). അതിനു വ്യക്തമായ രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ അതേസമയം നാഥാൻ പ്രവാചകനിലൂടെ ദൈവം അറിയിച്ച ശിക്ഷാവിധിയാണ് ഈ പ്രവൃത്തിയിലൂടെ നിറവേറിയത്.

**വിചിന്തനം:** സ്വന്തം കാര്യസാധ്യത്തിനായി അബ്ശലോം തങ്ങളെ വഞ്ചിക്കുകയായിരുന്നുവെന്ന് സാമാന്യം ജനം മനസ്സിലാക്കിയില്ല. പ്രൗഢിപ്രകടനവും എതിരാളികളെ തേജോവധം ചെയ്യുന്ന നുണപ്രചരണവും വ്യർത്ഥ വാഗ്ദാനങ്ങളും വഴി പല രാഷ്ട്രീയ പ്രവർത്തകരും ഇന്നും ആവർത്തിക്കുന്ന അബ്ശലോമിന്റെ തന്ത്രങ്ങൾ ജനത്തിനു തിരിച്ചറിയാൻ കഴിയാതെ പോകുന്നതല്ലേ തത്വദീക്ഷയില്ലാത്ത സ്വാർത്ഥമോഹികൾ അധികാരം പിടിച്ചടക്കി നാട് മുടിക്കാൻ കാരണമാകുന്നത്? നേതാക്കന്മാർ നല്കുന്ന വാഗ്ദാനങ്ങൾ യഥാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയുന്നവയാണോ എന്നു വിലയിരുത്താനും അവരുടെ പ്രൗഢിപ്രകടനങ്ങൾക്കു പിന്നിലെ അഴിമതികൾ കാണാനും ജനം കണ്ണു തുറക്കുമ്പോഴേ അയോഗ്യരായ നേതാക്കന്മാരെ പുറം തള്ളാൻ കഴിയൂ.

അപമാനിതനായി, വീടുവിട്ട് ഓടേണ്ടി വന്നപ്പോഴാണ് ദാവീദിന്

യാഥാർത്ഥ്യ ബോധം ഉണ്ടായത്. പാദസേവ ചെയ്യുന്ന മുഖസ്തുതിക്കാരായ പരിവാരങ്ങളുടെ മാത്രം വാക്കു കേൾക്കുന്ന നേതാക്കന്മാർ ജനങ്ങളിൽ നിന്ന് അകലുന്നു. കൊട്ടാരങ്ങളുടെയും കോട്ടകളുടെയും സുരക്ഷിതത്വത്തിൽ മാത്രം കഴിയുന്ന നേതാക്കന്മാർക്ക് ജനവികാരങ്ങൾ ഉൾക്കൊള്ളാനോ അതനുസരിച്ച് പ്രവർത്തിക്കാനോ കഴിയാതെ പോകുന്നു. സാമാന്യ ജനങ്ങളുമായി നിരന്തരം സമ്പർക്കത്തിൽ കഴിയുന്നവർക്കേ അവരെ ശരിയായി നയിക്കാൻ സാധിക്കൂ.

തന്നെ ശപിച്ച ഷിമെയിയെ കർത്താവിന്റെ ഒരു ഉപകരണമായിട്ടാണ് ദാവീദ് കണ്ടത്. യഥാർത്ഥമായ അനുതാപത്തിലേക്കും ജീവിതനവീകരണത്തിലേക്കും നമ്മെ നയിക്കാനായി ദൈവം ഇപ്രകാരമുള്ള ഉപകരണങ്ങളെ ഉപയോഗിച്ചെന്നു വരും. അക്കാരണമായി ആരെങ്കിലും നമ്മെ വെറുക്കുകയും നിന്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്താലും അവരെ ശത്രുക്കളായി കരുതി വെറുക്കാതെ കർത്താവിന്റെ ഉപകരണങ്ങളായി കാണാനും സ്വന്തം ജീവിതം നവീകരിക്കാനുമാണ് നാം ശ്രദ്ധിക്കേണ്ടത് എന്ന് ദാവീദിന്റെ മാതൃകയിലൂടെ പഠിപ്പിക്കുന്നു. തത്ക്കാലം പ്രതികരിക്കാതെ വിദ്വേഷം ഉള്ളിൽ സൂക്ഷിക്കുകയല്ല, ഹൃദയം തുറന്നു ക്ഷമിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യണം എന്ന യേശുവിന്റെ പ്രബോധനം (ലൂക്ക 6,27-28) ദാവീദിന്റെ മാതൃകയെ മറികടക്കുന്നതാണ്.

## e. അബ്ശലോമിന്റെ അന്ത്യം 17,1-18,33

യുദ്ധം ചെയ്യാതെ പിൻമാറിയ ദാവീദിനെ പിൻതുടർന്നു വധിക്കാൻ അബ്ശലേം നടത്തിയ ശ്രമം ദയനീയമാവിധം പരാജയപ്പെട്ടതിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. അബ്ശലോമിന്റെയും ദാവീദിന്റെയും പാളയങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ഇടകർത്തി വിവരിച്ചുകൊണ്ട് ഓരേസമയത്ത് രണ്ടുപരിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിധത്തിലാണ് അവതരണം. യുദ്ധതന്ത്രങ്ങളെക്കുറിച്ചുള്ള അബ്ശലോമിന്റെ ആലോചനയും അയാളുടെ മരണത്തെ തുടർന്ന് ദാവീദിന്റെ പ്രതികരണവും വളരെ വിശദമായി ചിത്രീകരിക്കുമ്പോൾ യുദ്ധത്തിന്റെ വിവരണം ചുരുക്കം വാക്കുകളിൽ ഒതുക്കിപ്പറഞ്ഞിരിക്കുന്നു. അബ്ശലോമിന്റെ പരാജയവും മരണവും ദൈവം മുൻകൂട്ടി നിശ്ചയിച്ചതായിരുന്നുവെന്നും അനിവാര്യമായ ആ ദുരന്തത്തിലേക്കു നയിക്കാൻ പറ്റുന്നവിധത്തിൽ കാര്യങ്ങൾ നീക്കാൻ അവിടുന്ന് ഇടയാക്കി ധ്വനിപ്പിക്കുന്നതാണ് വിവരണം.



അബ്ശലോമിന്റെ വിപ്ലവവും മരണവും ദാവിദിന് ലഭിച്ച ശിക്ഷാവിധിയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ മറ്റെന്തിനെയുംകാൾ ദാവീദിന്റെ ദുഃഖത്തിന് വിവരണത്തിൽ പ്രാധാന്യം നല്കിയിരിക്കുന്നു. ശിക്ഷിക്കുമെങ്കിലും നശിപ്പിക്കുകയില്ല എന്നു കർത്താവ് വാഗ്ദാനം ചെയ്തിരുന്നതിനാൽ യുദ്ധം ദാവീദിന് അനുകൂലമാകാൻ കർത്താവ് തന്നെ ഇടവരുത്തി. വിശ്വസ്തരെയും ചാരന്മാരെയും തിരിച്ചറിയാൻ അബ്ശലോമിനു കഴിയാതെ വന്നപ്പോൾ, ദാവീദിന് അപ്രതീക്ഷിതമായ മേഖലകളിൽ നിന്നുപോലും സഹായം ലഭിച്ചു. ഇരുവരുടെയും സ്വഭാവസവിശേഷതകൾ വി.ഗ്രന്ഥകാരൻ പ്രത്യേകം എടുത്തുകാട്ടുന്നുണ്ട്. ദാവീദിനെ വധിച്ച് രാജാവാകണമെന്ന ഒറ്റ ലക്ഷ്യമേ അബ്ശലോമിനുള്ളൂ. ദാവീദിനാകട്ടെ യുദ്ധം ജയിക്കണമെന്ന ആഗ്രഹം ഉണ്ടെങ്കിലും മകന്റെ ജീവൻ രക്ഷിക്കുക അതിനേക്കാൾ പ്രാധാന്യമുള്ളതായിരുന്നു.

അഹിഥോഫേൽ മുന്നോട്ട് വച്ച നിർദ്ദേശം അവതരിപ്പിച്ചുകൊണ്ടാണ് യുദ്ധത്തിനുള്ള ഒരുക്കത്തിന്റെ വിവരണം ആരംഭിക്കുന്നത് (17,1-4). ദൈവീക വെളിപാടുപോലെ സ്വീകരിക്കപ്പെട്ടിരുന്ന അയാളുടെ ഉപദേശം യുദ്ധതന്ത്രത്തിന്റെ കാര്യത്തിൽ തികച്ചും ഉചിതമായിരുന്നു. ശരീരവും മനസ്സും തളർന്ന രാജാവിനെ പ്രതീക്ഷിക്കാത്ത നിമിഷത്തിൽ പിന്നിൽ നിന്ന് ആക്രമിച്ച് വധിക്കാനാണ് അഹിഥോഫേൽ നിർദ്ദേശിച്ചത്. രാജാവ് മരിച്ചു കഴിഞ്ഞാൽ സേവകർ നിരുപാധികം കീഴടങ്ങും എന്ന് അയാൾ കരുതി. പന്തീരായിരം പടയാളികൾ ഒരു വലിയ സൈന്യമാണ്. ദാവീദിന്റെ അനുചരന്മാരെ ഭയപ്പെടുത്തുന്നതിനു പുറമെ ഈ സംഖ്യയ്ക്കു മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഓരോന്നിൽ നിന്നും ആയിരം പേരെ വീതം തിരഞ്ഞെടുക്കാനാണ് അഹിഥോഫേൽ നിർദ്ദേശിച്ചത്. എല്ലാ ഗോത്രങ്ങളും യുദ്ധത്തിൽ പങ്കുചേരുന്നതിനാൽ ആർക്കും വേറിട്ടു നില്ക്കാനോ പിന്മാറാനോ കഴിയുമായിരുന്നില്ല.

അബ്ശലോമിനും ഇസ്രായേൽ ശ്രേഷ്ഠന്മാർക്കും പദ്ധതി ഇഷ്ടപ്പെട്ടു. എന്നാൽ അത് നടപ്പിലാക്കുന്നതിന്റെ മുമ്പേ ഹുഷായിയുടെ അഭിപ്രായമാരാഞ്ഞത് അബ്ശലോമിന് വിനയായി. തന്റെ ജീവൻ അപകടത്തിലാകാം എന്നു മനസ്സിലാക്കിക്കൊണ്ടു തന്നെ ഹുഷായി മറ്റൊരു നിർദ്ദേശം മുന്നോട്ടു വച്ചു. അഹിഥോഫെലിന്റെ പദ്ധതിയെ ഇടിച്ചുതാഴ്ത്തുകയാണ് ആദ്യമേ ചെയ്തത് (17,8-10). തുടർന്ന് കൂടുതൽ വിപു

ലമായ മറ്റൊരു യുദ്ധതന്ത്രത്തിന്റെ രൂപരേഖ അവതരിപ്പിച്ചു (17,11-13). വസ്തുതകൾ കണക്കുകൂട്ടി കണിശമായി കരുക്കൾ നീക്കുന്ന സേനാധിപന്റെ ശൈലിയിലാണ് അഹിഥോഫേൽ സംസാരിച്ചത്. ഹുഷായിയാകട്ടെ വികാരങ്ങൾ ഇളക്കി വിട്ട് മിഥ്യാബോധം ജനിപ്പിക്കുന്ന വാക് ചാതുരി പ്രയോഗിച്ചു.

എല്ലാവർക്കുമറിയാവുന്ന ദാവീദിന്റെയും അനുയായികളുടെയും ധീരതയും യുദ്ധനൈപുണ്യവും മരുഭൂമിയിൽ അവർക്കുള്ള പരിചയവും അതിശയോക്തി കലർത്തി അവതരിപ്പിച്ചുകൊണ്ട് അഹിഥോഫെലിന്റെ ഉപദേശത്തെ ഹുഷായി നിഷ്പ്രഭമാക്കി. ദാവീദിനും അനുചരന്മാർക്കും അഭയസ്ഥാനത്തെത്താനും യുദ്ധത്തിനൊരുങ്ങാനും സമയം ലഭിക്കുന്നതിനുവേണ്ടിയാണ് വിപുലമായ ഈ യുദ്ധതന്ത്രം നിർദ്ദേശിച്ചത്. എണ്ണമറ്റ സൈന്യത്തെ അബ്ശലോം തന്നെ യുദ്ധത്തിൽ നയിക്കണമെന്ന നിർദ്ദേശം അഹങ്കാരിയും പൊങ്ങച്ചക്കാരനുമായ അയാൾക്ക് തികച്ചും ഇഷ്ടപ്പെട്ടു. അഹിഥോഫെലിന്റെ യുദ്ധതന്ത്രത്തിൽ അബ്ശലോമിന് യാതൊരു പങ്കും നല്കാതിരുന്നതും ആ നിർദ്ദേശം തള്ളിക്കളയാൻ കാരണമായി. വ്യക്തികളുടെ സ്വതന്ത്രമായ ഈ തീരുമാനങ്ങളിലൂടെ കർത്താവിന്റെ പദ്ധതി നിറവേറുകയായിരുന്നു എന്ന് വി.ഗ്രന്ഥകാരൻ എടുത്തു പറയുന്നു (17,14).

തന്റെ നിർദ്ദേശം തള്ളിക്കളഞ്ഞത് അബ്ശലോം ഉടനെ ആക്രമണത്തിന് മുതിർന്നേക്കുമോ എന്നു ഭയന്നിട്ടാകണം ഹുഷായി ചാരന്മാർ വഴി ദാവീദിനെ വിവരങ്ങൾ വിശദമായി അറിയിച്ചു (17,15-22). തങ്ങൾ ശ്രദ്ധിക്കപ്പെട്ടു എന്ന് മനസ്സിലാക്കിയ ചാരന്മാർ ബഹുറിമിലെ ഒരു ഭവനത്തിൽ പ്രവേശിക്കുകയും പിൻതുടർന്നു വന്ന പടയാളികൾ കാണാതിരിക്കാൻ കിണറ്റിൽ ഒളിക്കുകയും, പടയാളികൾ പോയപ്പോൾ കിണറ്റിൽ നിന്നു കയറി തങ്ങളുടെ വഴിക്കു പോവുകയും ചെയ്ത സംഭവം ജറീക്കോയിലേക്കു പോയ ചാരന്മാരെ (ജോഷ്വാ 2,17) അനുസ്മരിപ്പിക്കുന്നു. 'കിണർ' എന്നത് ധാന്യം സൂക്ഷിക്കാൻ ഉപയോഗിക്കുന്ന വലിയ കുഴിയാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. "അവർ നദി കടന്നു പോയി" (17,20) എന്നു പറയുന്നത് ജോർദ്ദാൻ നദിയെയല്ല. ബഹൂറിമിനടുത്തുള്ള ചെറിയ തോടിനെയാണ് സൂചിപ്പിക്കുന്നത്. ചാരന്മാരിൽ നിന്ന് വിവരം അറിഞ്ഞ ദാവീദ് രാത്രിയിൽ തന്നെ ജോർദ്ദാൻ നദികടന്ന്, സമയം ഒട്ടും പാഴാക്കാതെ യാത്ര തുടർന്നു. ജോർദ്ദാനിൽ നിന്ന് ഏകദേശം 12 കി.മീ കിഴക്കുള്ള മഹനായിം നഗരത്തിൽ പാളയമടിച്ചു. സാവൂളിന്റെ



പുത്രനായ ഇഷ്ബോഷെത്ത് അവിടെ വച്ചായിരുന്നു സ്വയം രാജാവായി പ്രഖ്യാപിച്ചത് (2 സാമു 2,8).

അവസരം പാഴാക്കിയ അബ്ശലോം പരാജയപ്പെടും എന്നു തീർച്ചയാക്കിയതിനാൽ അഹിഥോഫേൽ വീട്ടിൽ ചെന്ന് കാര്യങ്ങളെല്ലാം ക്രമപ്പെടുത്തിയതിനുശേഷം തൂങ്ങി മരിച്ചു (17,23). ദാവീദ് ജയിച്ചു മടങ്ങി വരുമ്പോൾ തനിക്ക് വധശിക്ഷ ലഭിക്കും എന്ന് അയാൾ ന്യായമായും കരുതിയിട്ടുണ്ടാവും. കർത്താവിന്റെ അഭിഷിക്തനായ ദാവീദിനെ ഒറ്റിക്കൊടുത്ത അഹിഥോഫെലിന്റെ അന്ത്യം ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസിന്റെ അന്ത്യത്തെ (മത്താ 27,5) മുൻകൂട്ടി പ്രതിഫലിപ്പിക്കുന്നു. പ്രധാന ഉപദേഷ്ടാവിന്റെ ആത്മഹത്യ അബ്ശലോമിനെ കൂടുതൽ ദുർബ്ബലനാക്കി. ഹുഷായിയുടെ ഉപദേശം സ്വീകരിച്ച അബ്ശലോം ഇസ്രായേൽ സൈന്യത്തെ നയിച്ച് ജോർദ്ദാൻ കടന്ന് ഗിലയാദു ദേശത്തു പാളയമടിച്ചു. ദാവീദിന്റെ പാളയത്തിൽ നിന്നും അധികം ദൂരത്തായിരുന്നില്ല അബ്ശലോമിന്റെ പാളയം.

അംഗസംഖ്യയിൽ അബ്ശലോമിന്റെ സൈന്യത്തിന് മുൻതൂക്കമുണ്ടായിരുന്നെങ്കിലും ദാവീദിന് മറ്റു പല മേന്മകളും ഉണ്ടായിരുന്നു. പയറ്റി തെളിഞ്ഞ പടയാളികളായിരുന്നു ദാവീദിന്റേത്. രാജാവിനുവേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധതയുള്ള വിശ്വസ്തരായിരുന്നു അവർ. തങ്ങളുടെയും ദാവീദിന്റെയും ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് അവർ പൊരുതിയത്. പടക്കളം തിരഞ്ഞെടുക്കാൻ ദാവീദിനു സാധിച്ചു. തദ്ദേശവാസികളുടെ പിന്തുണയും ദാവീദിനുണ്ടായിരുന്നു, പ്രതീക്ഷിക്കാത്ത മേഖലകളിൽ നിന്നു ലഭിച്ച പിന്തുണ സൈന്യത്തിന് ആവശ്യമായ ഭക്ഷണവും ഉപകരണങ്ങളും ഉറപ്പു വരുത്തി (17,27-29). ദാവീദ് ഉറപ്പുള്ള പട്ടണത്തിൽ നിന്നു പട നയിച്ചപ്പോൾ അബ്ശലോം വെളിമ്പ്രദേശത്തു പാളയമടിച്ചു കഴിയുകയായിരുന്നു. ഒളിപ്പോരിലും തുറന്ന യുദ്ധത്തിലും പരിചയസമ്പന്നരായിരുന്നു ദാവീദും സേനാധിപന്മാരും. സർവ്വോപരി, ദൈവത്തിന്റെ കരുണാ കടാക്ഷവും ദാവീദിനുണ്ടായിരുന്നു. അബ്ശലോമിനാകട്ടെ ഇതൊന്നുമില്ലായിരുന്നു.

ഇതുവരെ നിഷ്ക്രിയനായിരുന്ന ദാവീദിലെ സേനാധിപൻ നിർണ്ണായക മുഹൂർത്തത്തിൽ സടകുടഞ്ഞെഴുന്നേറ്റു. സൈന്യത്തെ മൂന്നായി തിരിച്ച്, പരിചയ സമ്പന്നരും വിശ്വസ്തരുമായ സേനാധിപന്മാരുടെ നേതൃത്വത്തിൽ വിന്യസിച്ചു (18,1-2). നേരിട്ടു യുദ്ധം നയിക്കാൻ തയ്യാറായെ

ങ്കിലും സേവകന്മാർ ദാവീദിനെ ആ ഉദ്യമത്തിൽ നിന്നു പിന്തിരിപ്പിച്ചു (18,3-4). 'അങ്ങ് ഞങ്ങളിൽ പതിനായിരം പേർക്കു തുല്യനത്രെ എന്ന അവരുടെ പ്രസ്താവന (18,3) ദാവീദിനോടുള്ള അവരുടെ സ്നേഹവും കരുതലും വ്യക്തമാക്കുന്നു. സാധാരണ യുദ്ധത്തിൽ വിന്യസിക്കപ്പെടാറുള്ള ഒരു സൈന്യത്തിന്റെ സംഖ്യയാണ് പതിനായിരം. ദാവീദ് ഒറ്റയ്ക്കു ഒരു സൈന്യത്തെക്കാൾ വിലപ്പെട്ടവനാണെന്ന് അവർ ഏറ്റു പറഞ്ഞു. അബ്ശലോമിനോട് മയമായിപ്പെരുമാറണം എന്ന നിർദ്ദേശം അവന്റെ ജീവൻ രക്ഷിക്കണം എന്ന കല്പനയാണ് (18,5). ദാവീദിന്റെ സൈന്യമാണ് യുദ്ധം ആരംഭിച്ചത്. വനത്തിൽ വച്ചു നടന്ന യുദ്ധത്തിൽ അംഗസംഖ്യയെക്കാൾ വ്യക്തികളുടെ ധീരതയും സ്ഥലത്തെക്കുറിച്ചുള്ള അറിവും യുദ്ധ പരിചയവും പ്രധാനമായിരുന്നു. അതിനാൽ അബ്ശലോമിന്റെ സൈന്യം ആദ്യ ഏറ്റുമുട്ടലിൽത്തന്നെ പരാജയപ്പെട്ടു. വനത്തിൽ വഴി തെറ്റി അലഞ്ഞവർ ചതുപ്പു നിലങ്ങളിൽ താണും, വന്യമൃഗങ്ങൾക്കിരയായും, വിശന്നു വലഞ്ഞും മറ്റു പലവിധത്തിലും മരിച്ചതിനെയാണ് "വനം വിഴുങ്ങി" (18,8) എന്നു ചുരുക്കി പറയുന്നത്.

തോറ്റോടിയ അബ്ശലോമിന് അവന്റെ സൗന്ദര്യത്തിന്റെ അടയാളമായിരുന്ന മുടി നാശകാരണമായി. മരക്കൊമ്പിൽ മുടി ഉടക്കിയ അയാളുടെ കീഴിൽ നിന്ന് കോവർകഴുത ഓടിയകലുന്നത് രാജത്വം നഷ്ടപ്പെടുന്നതിന്റെ അടയാളമായി കാണുന്നവരുണ്ട്. രാജകീയ മൃഗമായിരുന്നു കോവർ കഴുത. ദാവീദിന്റെ കല്പന അറിയാമായിരുന്നതിനാൽ തൂങ്ങിക്കിടന്ന അബ്ശലോമിനെ പടയാളി കൊല്ലാൻ മടിച്ചു. എന്നാൽ പ്രായോഗിക ബുദ്ധിയുള്ള യൊവാബ് അതിവേഗം കാര്യത്തിന് തീരുമാനമുണ്ടാക്കി (8,10-15).

കാരണം, അബ്ശലോം ജീവിച്ചിരിക്കുന്നിടത്തോളം കാലം രാജ്യത്ത് സമാധാനമുണ്ടാകുമായിരുന്നില്ല. ദാവീദ് തന്റെ പുത്രനെ ശിക്ഷിക്കും എന്നു കരുതാനും കഴിയില്ലായിരുന്നു. അബ്ശലോമിന്റെ മരണത്തോടെ യുദ്ധം അവസാനിച്ചു (18,16-18). തനിക്കൊരു പുത്രനില്ല എന്ന അബ്ശലോമിന്റെ വിലാപം (18,18), 14,27 ൽ പറഞ്ഞതിനു വിരുദ്ധമായി നില്ക്കുന്നു. മൂന്നു പുത്രന്മാരും അകാല ചരമം പ്രാപിച്ചതാകാം ഇതിനു കാരണം എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു.

അബ്ശലോമിന്റെ മരണവാർത്ത അറിയിച്ചതു വളരെ വിശദമായി വിവരിച്ചിരിക്കുന്നു (18,19-32). ജറുസലെമിൽ നിന്ന് വാർത്തകൾ ജോർദ്ദാൻ



കരയിൽ എത്തിച്ച ചാരന്മാരിൽ ഒരുവനായിരുന്നു പുരോഹിതൻ സാദോക്കിന്റെ പുത്രനായ അഹിമാസ്. അയാൾ ദാവീദിന്റെ അടുക്കലേക്കു മരണവാർത്തയുമായി ഓടാൻ ഒരുങ്ങിയപ്പോൾ യൊവാബു തടഞ്ഞത് അനുഭവത്തിന്റെ (2 സാമു 1,14-16) വെളിച്ചത്തിലാണ്. മകന്റെ മരണവാർത്തയുമായി വരുന്ന ദൂതനെ ദാവീദ് കൊന്നുകളഞ്ഞേക്കും എന്ന് യൊവാബ് ഭയപ്പെട്ടു. സുദീർഘമായ കാത്തിരിപ്പിനുശേഷം വാർത്തയറിഞ്ഞ ദാവീദ് മകനെ ഓർത്ത് ഹൃദയം പൊട്ടിക്കരഞ്ഞു (18,33). പടിപ്പുര മുകളിൽ കയറി വിലപിക്കുന്ന ദാവീദിന്റെ ചിത്രം കൊട്ടാര മുകളിലെ മട്ടുപ്പാവിൽ ഉലാത്തിയതിന്റെ ചിത്രത്തെ (11,2) അനുസ്മരിപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട സംഭവത്തിന്റെ ശിക്ഷയായി മൂന്നാമത്തെ മകനാണ് ദാവീദിനു നഷ്ടപ്പെട്ടത്.

വിചിന്തനം: അഹങ്കാരമാണ് ആത്യന്തികമായി അബ്ശലോമിന്റെ മരണത്തിനു കാരണമായത്. ഹൂഷായിയുടെ വാചാലമായ മുഖസ്തുതി അഹിഥോഫേലിന്റെ വസ്തുനിഷ്ഠമായ പദ്ധതിയെക്കാൾ കൂടുതൽ അഭികാമ്യമായി അയാൾക്ക് അനുഭവപ്പെട്ടു. മുഖസ്തുതി കേട്ട് യാഥാർത്ഥ്യബോധം നഷ്ടപ്പെടുന്നവർക്ക് ദുഃഖിക്കേണ്ടി വരും. സൈന്യ സംഖ്യയിൽ ഊറ്റം കൊണ്ട അബ്ശലോം ദാവീദിന്റെ പരിചയ സമ്പത്തിനെ കണക്കിലെടുത്തില്ല. യുവത്വത്തിന്റെ തിളപ്പിൽ എടുത്തുചാടി കാര്യങ്ങൾ ചെയ്യാൻ ശമിക്കുന്നവർ വയോധികരുടെ വിജ്ഞാനത്തെയും അനുഭവസമ്പത്തിനെയും മാനിക്കാൻ പഠിക്കണം. രാജത്വം പിടിച്ചെടുക്കാൻ ശ്രമിച്ച അബ്ശലോമിന് മാന്യമായൊരു ശവ സംസ്കാരം പോലും ലഭിച്ചില്ല. വനത്തിലെ കുഴിയിൽ വലിച്ചെറിയപ്പെട്ട അയാളുടെ മൃതദേഹം അതിമോഹത്തിനു ലഭിക്കുന്ന ശിക്ഷയുടെ ഉദാഹരണമാണ്.

അബ്ശലോമിനോടു ചേർന്നവർ ദാവീദു തങ്ങൾക്കു വേണ്ടി ചെയ്ത വലിയ കാര്യങ്ങൾ മറന്നു; വലിയ പ്രതീക്ഷയോടെ കൂറുമാറിയവർക്ക് ജീവൻ തന്നെ നഷ്ടപ്പെടുകയും ചെയ്തു. കാലുമാറ്റവും കൂറുമാറ്റവും നാട്ടു നടപ്പായിരിക്കുന്ന ഇന്ന് അഹിഥോഫേലിന്റെയും മറ്റും അനുഭവം വലിയൊരു പാഠമാണ്. ആപത്തു കാലത്ത് കൂടെ നില്ക്കുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ.

ദാവീദ് തന്റെ മക്കളെ ഗാഢമായി സ്നേഹിച്ചു. പക്ഷേ, ആ സ്നേഹം മക്കൾക്കു ഗുണം ചെയ്തില്ല. കാരണം, അവർക്ക് ആവശ്യമായ ശിക്ഷണം നല്കുന്നതിൽ ദാവീദ് പരാജയപ്പെട്ടു. മക്കളെ സ്നേഹി

ച്ചാൽ മാത്രം പോരാ, ആവശ്യമായ ശാസനയും ശിക്ഷണവും നല്കണം. കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ട. വടികൊണ്ട് അടിച്ചെന്നു വച്ച് അവൻ മരിച്ചു പോവുകയില്ല. അടിക്കുമ്പോൾ നീ അവന്റെ ജീവനെ പാതാളത്തിൽ നിന്നു രക്ഷിക്കുകയാണ്' (സുഭാ 23,13-14). പൊതുജന സേവനത്തിനായി സമയം മുഴുവൻ ചിലവഴിക്കുന്ന മാതാപിതാക്കൾ മക്കളുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കാതെ പോകുന്നതിന്റെ ദുരന്ത ഫലങ്ങൾ ഇന്ന് ധാരാളമായി നാം കാണാറുണ്ടല്ലോ.

### f. ദാവീദിന്റെ തിരിച്ചു വരവ് 19,1-40

അബ്ശലോമിന്റെ മരണത്തോടെ ആദ്യത്തെ കലാപം ശമിച്ചെങ്കിലും ദാവീദിന്റെ പ്രതികരണം പുതിയൊരു പ്രതിസന്ധി സൃഷ്ടിച്ചു. മരിച്ച മകനെയോർത്ത് മുഖം മറച്ച് ഉച്ചത്തിൽ നിലവിളിച്ച ദാവീദ് (19,1-4) മറ്റൊന്നും കാണുകയോ കേൾക്കുകയോ ചെയ്യാൻ കൂട്ടാക്കിയില്ല. അതിനാൽ യുദ്ധം ജയിച്ചു മടങ്ങി വന്ന, പടയാളികൾ പരാജിതരെപോലെ തല താഴ്ത്തിയാണ് പട്ടണത്തിൽ പ്രവേശിച്ചത്. നന്ദിപൂർവ്വം തങ്ങളെ അനുമോദിക്കേണ്ട രാജാവിന്റെ ദുഃഖപ്രകടനം അവരെ അസ്വസ്ഥരും അസംതൃപ്തരുമാക്കി. അതു വീണ്ടും ഒരു കലാപത്തിനു വഴിയൊരുക്കുമായിരുന്നു.

പടയാളികളുടെ വികാരം പൂർണ്ണമായി ഉൾക്കൊണ്ട പടത്തലവൻ കർശനമായ ശകാരവും ഭീഷണിയും ഉപയോഗിച്ചാണ് ദാവീദിനെ യാഥാർത്ഥ്യ ബോധത്തിലേക്കു തിരിച്ചു കൊണ്ടുവന്ന് സ്ഫോടനാത്മകമായ സാഹചര്യത്തിനു വിരാമമിട്ടത് (19,5-8). തന്റെ നിർദ്ദേശം രാജാവ് സ്വീകരിക്കുന്നില്ലെങ്കിൽ സൈന്യത്തിൽ ഒരുവൻ പോലും രാജാവിനോടുകൂടയുണ്ടാവുകയില്ല എന്ന യൊവാബിന്റെ ഭീഷണി (19,7) അയാൾക്കു സൈന്യത്തിൽ മേലുള്ള സ്വാധീനത്തിന്റെ തെളിവാണ്.

പുത്രനെ ഭയന്ന് ഒളിച്ചോടുകയും പിന്നീട് അവന്റെ മരണത്തെ ചൊല്ലി വിലപിക്കുകയും ചെയ്യുന്ന ചെയ്യുന്ന ദാവീദിന് തന്റെ പുത്രന്റെ മരണത്തിനു കാരണക്കാരനായ യൊവാബിനെ അനുസരിക്കേണ്ടി വന്നു. യൊവാബിന്റെ തീരുമാനങ്ങളും പ്രവർത്തനങ്ങളും ആത്യന്തികമായി ദാവീദിനും രാജ്യത്തിനും നന്മയാണ് ചെയ്തതെങ്കിലും അത് അംഗീകരിക്കാൻ ദാവീദ് സന്നദ്ധനായിരുന്നില്ല എന്ന് തുടർന്നുള്ള തീരുമാനങ്ങൾ വ്യക്തമാക്കുന്നു.

അബ്ശലോം മരിക്കുകയും ദാവീദ് തലസ്ഥാനത്തുനിന്ന് അകലെ



കഴിയുകയും ചെയ്തത് മറ്റൊരു പ്രതിസന്ധിക്കു കാരണമായി. ശൂന്യമായ സിംഹാസനം മറ്റാരെങ്കിലും പിടിച്ചെടുക്കുക സാധ്യമായിരുന്നു. അബ്ശലോമിനോടു കൂറു പ്രഖ്യാപിച്ച ജനം തന്നെ സ്വീകരിക്കുമോ എന്നു ദാവീദിനു തീർച്ചയില്ലായിരുന്നു. തന്ത്രപരമായ നീക്കങ്ങളിലൂടെ ഈ പ്രതിസന്ധി തരണം ചെയ്ത് ദാവീദ് തലസ്ഥാനത്തേയ്ക്കു മടങ്ങി വന്നതിന്റെ വിവരണമണ് വി.ഗ്രന്ഥകാരൻ അടുത്തതായി നല്കുന്നത്.

അബ്ശലോമിനെ അംഗീകരിച്ച ഇസ്രായേൽ ജനങ്ങളിൽ ചിലർ ദാവീദിനെ തിരികെ കൊണ്ടുവരാൻ മുൻകൈ എടുത്തു (19,9-10). എന്നാൽ തന്റെ സ്വന്തം ഗോത്രമായ യൂദായെ കൂടുതൽ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്ത ദാവീദ് അവരുടെ പിന്തുണയ്ക്കു വേണ്ടിയാണ് ശ്രമിച്ചത് പുരോഹിതന്മാരായ സാദോക്കും അബിയാഥറും വഴി യൂദായിലെ ശ്രേഷ്ഠന്മാർക്കു കൊടുത്തയച്ച സന്ദേശം ദാവീദിന്റെ നയതന്ത്ര ചാതുരി പ്രകടമാക്കുന്നു (19,11-13). അബ്ശലോമിന്റെ പക്ഷം ചേർന്നതിൽ അവരോടു തനിക്കു യാതൊരു പകയുമില്ല എന്നു തെളിയിക്കുന്നതാണ് ആമാസായെ സേനാധിപനാക്കാം എന്ന ശപഥപൂർവ്വകമായ വാഗ്ദാനം. യൊവാബിനോടുള്ള അതൃപ്തിയും ഇതിൽ പ്രകടമാകുന്നുണ്ട്. സന്തുഷ്ടരായ യൂദാ ഗോത്രജർ ദാവീദിനെ എതിരേല്ക്കാനായി ചരിത്ര പ്രാധ്യാന്യമുള്ള ഗിൽഗാലിലേക്ക് (ജോഷ്വ 5,10) വന്നു. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതിനെ അനുസ്മരിപ്പിക്കുന്നതാണ് ഈ വരവേല്പ്.

ദാവീദിനെ എതിരേല്ക്കാൻ വന്നവരിൽ നാലുപേരെ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. അവരിൽ മൂന്നു പേർ ബെഞ്ചമിൻ ഗോത്രക്കാരാണ്. അവരോടുള്ള വിവേകപൂർണ്ണമായ പെരുമാറ്റം ദാവീദിനു ജനപ്രീതി വീണ്ടെടുക്കുന്നതിനു സഹായകമായി. വിലാപയാത്രാ മധ്യേ ശാപവർഷങ്ങൾ ചൊരിഞ്ഞ (16,51-4) ഷിമെയിയാണ് ആദ്യമേ പ്രത്യക്ഷപ്പെടുന്നത് (19,16-23). ബെഞ്ചമിൻ ഗോത്രക്കാരായ ആയിരം പേരുടെ അകമ്പടിയോടെ വന്ന് ക്ഷമയാചിച്ച അയാളെ വധിക്കാൻ താത്പര്യം കാണിച്ച അബിഷായിയെ തടഞ്ഞത് നലം തികഞ്ഞ നയതന്ത്രമായിരുന്നു. ദാവീദ് അയാളോടു ക്ഷമിച്ചില്ല; പക്ഷേ വധശിക്ഷ ഒഴിവാക്കിയതിനാൽ ബെഞ്ചമിൻ ഗോത്രത്തിന്റെ പിന്തുണ പിടിച്ചു പറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ജോനാഥാന്റെ മകനായ മെഫിബോഷെത്തിന്റെ സേവകൻ, സീബാ തന്റെ യജമാനന്റെ മുമ്പേ കുടുംബസമേതം നദി കടന്നു ചെന്നതും (19,17) ദാവീദിന്റെ പ്രത്യേക പരിഗണന ലഭിക്കുന്നതിനു വേണ്ടിയാണ് പിന്നാലെ

വന്ന മെഫിബോഷെത്തിന്റെ വേഷവും ഭാവവും വാക്കുകളും അയാളുടെ സത്യസന്ധതയുടെ തെളിവാണ് (19,24-30). തന്നെ വഞ്ചിക്കുകയും തനിക്കെതിരേ നുണ പറഞ്ഞു പിടിപ്പിക്കുകയും ചെയ്ത ദാസനോടു പോലും അയാൾക്കു പകയില്ല. ദാവീദിനോടു അയാളുടെ സ്നേഹം ആത്മാർത്ഥമാണെന്ന് വി.ഗ്രന്ഥകാരൻ പ്രത്യേകം എടുത്തു കാട്ടുന്നു. നുണപ്രചരണത്തിലൂടെ ദാസൻ നേടിയെടുത്ത വസ്തുവകകൾ തിരിച്ചു പിടിക്കാൻ ആഗ്രഹിക്കാതെ, മുഴുവൻ വിട്ടുകൊടുക്കാൻ തയ്യാറാകുമ്പോൾ അയാളുടെ സ്വഭാവ ശുദ്ധി വ്യക്തമാകുന്നു. യാതൊരു നേട്ടവും പ്രതീക്ഷിച്ചല്ല അയാൾ ദാവീദിന്റെ അടുക്കൽ വന്നത്. ജിവിക്കാൻ അനുവദിച്ചതു തന്നെ വലിയ അനുഗ്രഹമായി അയാൾ കരുതി.

ഗിലയാദുകാരനായ ബർസില്ലായിയാണ് നാലാമത്തെയാൾ (19,31-40). തന്റെ സമ്പത്തു മുഴുവൻ അഭയാർത്ഥിയായ ദാവീദിനു വേണ്ടി ചിലവഴിക്കാൻ തയ്യാറായ അയാളും യാതൊരു പ്രതിഫലവും പ്രതീക്ഷിക്കുന്നില്ല. രാജാവിന്റെ ഔദാര്യം പൂർണ്ണമായി നിരസിക്കുന്നത് ഉചിതമല്ലെന്ന് തോന്നിയതിനാൽ മാത്രം, തന്റെ പുത്രനെ ദാവീദിന്റെ കൂടെ പോകാൻ അനുവദിക്കുന്ന ആ വയോധികൻ മാന്യതയുടെ മാതൃകയാണ്.

വിചിന്തനം: തന്നെ എതിരേല്ക്കാൻ വന്നവരോടുള്ള ദാവീദിന്റെ പ്രതികരണം യഥാർത്ഥ നേതൃത്വത്തിന്റെ ചില വശങ്ങൾ പ്രകാശിപ്പിക്കുന്നു. ഷിമെയിയെ ശിക്ഷിക്കാനും മെഫിബോഷെത്തിനെ സംശയിക്കാനും ന്യായമായ കാരണങ്ങൾ ഉണ്ടായിരുന്നെങ്കിലും, തന്റെ കോപവും സംശയവും ഉള്ളിലൊതുക്കി, അവരെ സൗഹാർദ്ദ പൂർവ്വമാണ് ദാവീദ് സ്വീകരിച്ചത്. സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാനും താത്ക്കാലികമായ വൈകാരിക സംതൃപ്തിയെക്കാൾ സ്ഥായിയായ പൊതു നന്മ ലക്ഷ്യം വയ്ക്കാനും നേതാവിനു കഴിയണം. വിജയത്തിൽ അഹങ്കരിക്കുന്നതും, ഒരിക്കൽ തന്നെ എതിർത്തവരെ അവസരം കിട്ടുമ്പോൾ വകവരുത്താൻ ശ്രമിക്കുന്നതും നല്ല നേതാവിനു യോജിച്ചതല്ല. ക്ഷമിക്കുന്ന സ്നേഹത്തിലൂടെ ശത്രുക്കളെ പോലും മിത്രങ്ങളാക്കി മാറ്റാൻ കഴിയും.

### g. ഷേബായുടെ വിപ്ലവം 19,41-20,26

ഇസ്രായേലിന്റെ ഐക്യത്തെ അപകടത്തിലാക്കിയ ഒരു സംഭവമാണ് അടുത്തതായി വിവരിക്കുന്നത്. ദാവീദിനു നല്കിയ വരവേല്പ്പിനെ ചൊല്ലിത്തുടങ്ങിയ തർക്കം (19,41-43) വലിയൊരു പ്രതിസന്ധിക്കു കാരണമായി. രാജാവു തങ്ങളുടെ ഗോത്രത്തിൽ പെട്ടവനാണെന്ന യൂദായുടെ അവകാശവാദം മറ്റു ഗോത്രങ്ങളെ ചൊടിപ്പിച്ചു. രാജാവിന്റെ അടുക്കൽ പരാതിയുമായി വന്ന ഇസ്രായേൽ പ്രതിനിധികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായിരുന്നു യൂദാ പ്രതിനിധികളുടെ മറുപടി. രാജാവ് തങ്ങൾക്കു വേണ്ടി പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല എന്ന യൂദായുടെ വാദം (19,42) ദാവീദ് പക്ഷപാതത്തിന് അതീനനായിരുന്നു എന്ന് തെളിയിക്കുന്നുണ്ടെങ്കിലും, ഇവിടെ രാജാവ് ഒരു വാക്കു പോലും പറയാത്തത് പ്രതിസന്ധി കൂടുതൽ വഷളാക്കി.

പ്രക്ഷുബ്ധമായ ഈ അന്തരീക്ഷത്തിൽ ബെഞ്ചമിൻ ഗോത്രജനായ ഷേബാ കാഹളം മുഴക്കി, കലാപത്തിന് ആഹ്വാനം ചെയ്തു (20,1), “ദാവീദുമായി ഞങ്ങൾക്കു പങ്കില്ല. ഇസ്രായേലേ, കൂടാരങ്ങളിലേക്കു മടങ്ങുവിൻ” എന്ന ആഹ്വാനം സ്വീകരിച്ച ഇസ്രായേൽ ഗോത്രങ്ങൾ കൂറുമാറിയതോടെ വീണ്ടും ആഭ്യന്തര യുദ്ധത്തിന്റെ കരിനിഴൽ ദേശത്തിനുമേൽ പടർന്നു. പക്വവും അവസരോചിതവുമായ ദാവീദിന്റെ തീരുമാനങ്ങളും, ധീരവും നിർദ്ദാക്ഷിണ്യവുമായ യൊവാബിന്റെ പ്രവർത്തനങ്ങളുമാണ് കലാപം അടിച്ചമർത്തി, ദേശത്തെ പിളർപ്പിൽ നിന്നും രക്ഷിച്ചത്.

ഷേബായുടെ കലാപത്തെ നേരിടാൻ ദാവീദ് ആമാസായെ ചുമതലപ്പെടുത്തുമ്പോൾ മുമ്പു ചെയ്ത പ്രതിജ്ഞ (19,13) നിറവേറ്റുകയായിരുന്നു. സൈന്യാധിപനായി നിയോഗിക്കപ്പെട്ട ആമാസാ യൂദാ ഗോത്രത്തിൽ നിന്നു പടയാളികളെ സംഘടിപ്പിക്കാൻ പുറപ്പെട്ടെങ്കിലും സമയത്തു തിരിച്ചെത്താഞ്ഞതിനാൽ ഷേബായെ പിന്തുടർന്നു പിടിക്കാൻ അബിഷായിയെയാണ് ദാവീദു ചുമതലപ്പെടുത്തിയത് (20,4-6). രണ്ടു തവണ തഴയപ്പെട്ടെങ്കിലും യഥാർത്ഥത്തിൽ സൈന്യാധിപൻ താൻ തന്നെയാണെന്നു യൊവാബ് തെളിയിച്ചു (20,4-7). മാർഗ്ഗമധ്യേ കണ്ടു മുട്ടിയ ആമാസായെ ചതിയിൽ കൊന്നത് (20,8-10)അബ്നേറിനോടു ചെയ്തതിന്റെ (3,27) ആവർത്തനമാണ്. തന്നെ സൈന്യാധിപ സ്ഥാനത്തു നിന്നു മാറ്റിയതിന്റെ പക വീട്ടുകയും സ്ഥാനം വീണ്ടെടുക്കുകയുമായിരുന്നു യൊവാബിന്റെ മുഖ്യ ലക്ഷ്യം. എന്നാൽ അതൊടൊപ്പം ദാവീദിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുകയും യൊവാബിന്റെ ലക്ഷ്യമായിരുന്നിരിക്കണം. അബ്ശലോമിനോടു കൂറു പുലർത്തിയവൻ ദാവീദിനോട് എത്ര മാത്രം വിശ്വസ്തത പാലിക്കും എന്നതു സംശയകരമായിരുന്നു. ആമാസാ മടങ്ങി വരാൻ വൈകിയത് ഈ സംശയം വർദ്ധിപ്പിക്കാൻ കാരണമാകുകയും ചെയ്തു. അയാളുടെ മരണം ദാവീദിൽ ഒരു പ്രതികരണവുമു

ണ്ടാക്കിയില്ല. യൊവാബു ചെയ്തത് അതിക്രമവും വഞ്ചനയുമാണെ ങ്കിലും ആത്യന്തികമായി അത് ദാവീദിന് ഗുണം ചെയ്തു.

ദാവീദിന്റെയും യോവാബിന്റെയും സത്വരമായ നടപടികൾ മുള യിലേ തന്നെ കലാപത്തിന്റെ നാമ്പു നുള്ളി. ഷേബാ പ്രതീക്ഷിച്ച പിന്തുണ അയാൾക്കു ലഭിച്ചില്ല. ഇസ്രായേലിന്റെ വടക്കേ അതിർത്തിയി ലുള്ള നഗരമായ ആബേൽ ബേത് മാഖായിൽ അഭയം തേടിയ അയാളെ നഗരവാസികൾ തന്നെ വധിച്ചതോടെ കലാപം അവസാനിച്ചു (20,14-22). യൊവാബ് ഏർപ്പെടുത്തിയ ഉപരോധത്തിൽ നിന്ന് നഗരത്തെ രക്ഷിച്ച സ്ത്രീയുടെ വിവേകം പ്രത്യേകം എടുത്തു കാട്ടിയിരിക്കുന്നു.

ദാവീദിന്റെ പ്രധാന ഉദ്യോഗസ്ഥന്മാരുടെ പട്ടിക അവതരിപ്പിച്ചുകൊ ണ്ടാണ് വിവരണം അവസാനിപ്പിക്കുന്നത് (20,23-26). രണ്ടു സൈന്യാധി പന്മാരെക്കുറിച്ചുള്ള പരാമർശം ശ്രദ്ധേയമത്രെ. ദാവീദിന്റെ എല്ലാ യുദ്ധ ങ്ങളും നയിക്കുകയും എപ്പോഴും വിശ്വസ്തനായിരിക്കുകയും ചെയ്ത യൊവാബ് ഇസ്രയേലിൽ നിന്നുള്ള സൈന്യത്തിന്റെ അധിപനായിരുന്നു. ആമാസായ്ക്കു വേണ്ടി തത്ക്കാലത്തേക്ക് അയാളെ സൈന്യാധിപസ്ഥാ നത്തു നിന്നും മാറ്റിയെങ്കിലും അത് അധിക കാലം നീണ്ടു നിന്നില്ല. ദാവീദിന്റെ വാർദ്ധക്യത്തിൽ അദോനിയായുടെ പക്ഷം ചേരുന്നതുവരെ (1 രാജാ 1,7) യൊവാബായിരുന്നു സൈന്യാധിപൻ. വിദേശീയരിൽ നിന്നുള്ള ദാവീദിന്റെ അംഗരക്ഷക സേനയുടെ നേതൃത്വം ബെനായാ യ്ക്കായിരുന്നു. യൊവാബു കൂറു മാറിയപ്പോൾ ബെനായായും സൈന്യ വുമാണ് സോളമനെ രാജാവാക്കാൻ നിയുക്തരായത് (1 രാജാ 1,38).

ദാവീദിന്റെ കാലത്ത് അടിമവേല നിലവിൽ വന്നു എന്ന് അദോനി റാമിന്റെ തസ്തികയെക്കുറിച്ചുള്ള പരാമർശം വ്യക്തമാക്കുന്നു. കീഴട ക്കിയ വിദേശികളെ മാത്രമാണ് ദാവീദ് അടിമവേലയ്ക്ക് നിയോഗിച്ചത് എന്നാൽ മകൻ സോളമൻ ഇസ്രായേൽക്കാരെയും അടിമകളാക്കുന്നതു കാണാം. സേവകരുടെ ഗണത്തിൽ മൂന്നു പുരോഹിതന്മാരുണ്ടായിരുന്നു എന്നതും ശ്രദ്ധയർഹിക്കുന്നു. രാജാവിനുവേണ്ടി ചാരവൃത്തി നടത്തു കയും ഉപജാപങ്ങൾ നയിക്കുകയും ചെയ്ത അവരിൽ ആരും രാജാ വിന്റെ ചെയ്തികളെ ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടില്ല. സാവൂളിനെ ഭയന്ന് ഒളിച്ചോടിയിരുന്ന കാലത്ത് ദാവീദിന്റെയടുക്കൽ അഭയം പ്രാപിച്ച അബി യാഥർ (1 സാമു 22,20) അവസാന നാളിൽ കൂറുമാറി അദോനിയായുടെ പക്ഷം ചേർന്നു (1 രാജ 1,7). അതിനാൽ സോളമൻ അയാളെ പുരോഹി



തസ്ഥാനത്തു നിന്നു നീക്കം ചെയ്തു (1 രാജാ 2,7). അങ്ങനെ സാദോ ക്കിന്റെ സന്തതി പരമ്പര ഇസ്രായേലിലെ പ്രധാന പുരോഹിതന്മാരായി.

**വിചിന്തനം:** ദാവീദിന്റെ വിവേകപൂർണ്ണമായ നേതൃത്വമാണ് ഷേബായുടെ കലാപത്തെ പരാജയപ്പെടുത്തി, ഇസ്രായേൽ ജനത്തെ ഒറ്റക്കെട്ടാക്കി നിർത്തിയത്. ഉടനടി തീരുമാനം എടുത്തിയില്ലായിരുന്നെങ്കിൽ കലാപം നാട്ടിൽ മുഴുവൻ വ്യാപിക്കുകയും വലിയ രക്തച്ചൊരിച്ചിലിന് ഇടയാകു കയും ചെയ്യുമായിരുന്നു. തക്ക സമയത്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യാൻ അലംഭാവം കാട്ടുന്നത് വലിയ നാശനഷ്ടങ്ങൾക്കു കാരണമാകും.

ഇസ്രായേൽ രാജ്യത്തിന്റെ വടക്കെ അതിർത്തിയിലുള്ള തികച്ചും അപ്രധാനമായ ഒരു ചെറിയ പട്ടണമാണ് ആബേൽ ബേത്മാഖാ. എന്നാൽ വിജ്ഞാനത്തിന്റെ കാര്യത്തിൽ സുപ്രസിദ്ധമായിരുന്നു ആ കൊച്ചു പട്ടണം. അവിടുത്തുകാരിയായ ഒരു സ്ത്രീയുടെ വിവേക പൂർണ്ണ മായ ശ്രമങ്ങൾ നഗരത്തെ നാശത്തിൽ നിന്നു രക്ഷിച്ചു. പ്രതിസന്ധിക ളിൽ ഉചിതമായ തീരുമാനമെടുക്കാനും എടുത്ത തീരുമാനം സുധീരം നടപ്പാക്കാനും മനുഷ്യനെ സഹായിക്കുന്ന ദൈവിക ദാനമാണ് ജ്ഞാനം. എന്തു ചെയ്യണമെന്നറിയാതെ നഗരശ്രേഷ്ഠന്മാരും സൈന്യവും പകച്ചു നിന്നപ്പോൾ അജ്ഞാതനാമാവായ ആ സ്ത്രീ മുൻകൈ എടുത്തു. ശരി യായ നിർദ്ദേശം ആരിൽ നിന്നു വന്നാലും സ്വീകരിക്കാൻ നാം സന്നദ്ധ നായിരിക്കണം, ആളിന്റെ വിലയും നിലയും നോക്കേണ്ടതില്ല.

ഷേബായുടെ മരണം കലാപത്തിന് അന്ത്യംകുറിച്ചു. യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിച്ച്, മാതൃകാപരമായി ശിക്ഷിക്കാൻ തയ്യാറാ കുന്നു സമൂഹത്തിൽ നീതി നിലനില്ക്കും. നുണ പ്രചരണങ്ങളിലൂടെ നാട്ടിൽ അസ്വസ്ഥയും കലാപവും സൃഷ്ടിക്കുന്നവരെ തിരിച്ചറിയാനും ഒറ്റപ്പെടുത്താനും ജനത്തിനു കഴിയണം.

## ചോദ്യങ്ങൾ

1. നാഥാൻ അറിയിച്ച ശിക്ഷാവിധി എപ്രകാരമാണ് നിറവേറിയത്?
2. ദൈവിക പദ്ധതി മനുഷ്യ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നില്ല. അമ്നോന്റെയും അബ്ശലോമിന്റെയും ഉദാഹരണങ്ങളിൽ നിന്നു സമർത്ഥിക്കുക.

3. പിതാവെന്ന നിലയിൽ ദാവീദ് ഒരു പരാജയമായിരുന്നു. ഈ പ്രസ്താവനയെ വിലയിരുത്തുക.

4. എന്തിനുവേണ്ടിയാണ് അബ്ശലോം അമ്നോനെ വധിച്ചത്?

5. എപ്രകാരമാണ് അബ്ശലോം രാജാധികാരം പിടിച്ചടക്കാൻ ഒരുങ്ങിയത്?

6. ഒളിച്ചോടുന്ന ദാവീദിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

7. മെഫിബോഷെത്തിന്റെയും സീബായുടെയും സ്വഭാവങ്ങളും ഉദ്ദേശ്യങ്ങളും താരതമ്യം ചെയ്യുക.

8. ഷിമേയിയോട് ദാവീദു സ്വീകരിച്ച നിലപാട് വ്യക്തമാക്കുക

9. ആരാണ് അഹിത്തോഫേൽ? അയാൾക്ക് എന്തു സംഭവിച്ചു?

10. അബ്ശലോം പരാജയപ്പെട്ടത് എന്തുകൊണ്ട്? വിശദീകരിക്കുക.

11. യൊവാബ് രണ്ടു പടത്തലവന്മാരെ ചതിയിൽ കൊന്നു. ആരാണവർ? എന്തായിരുന്നു കാരണം?

12. ഇസ്രായേൽ ഗോത്രങ്ങളെ കലാപത്തിനു പ്രേരിപ്പിച്ചത് ആർ? അയാൾ പരാജയപ്പെടാൻ കാരണമെന്ത്?

13. അബ്ശലോം മാനഭംഗപ്പെടുത്തിയ ഉപനാരിമാർക്ക് എന്തു സംഭവിച്ചു? എന്തു പാഠമാണ് അതിൽ നിന്നു ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:**

1. മക്കളോടുള്ള ദാവീദിന്റെ മനോഭാവവും പെരുമാറ്റവും അപഗ്രഥിച്ച് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

2. അബ്ശലോം അധികാരം പിടിച്ചടക്കിയ മാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരുടെ പ്രവർത്തന ശൈലിയുമായി താരതമ്യപ്പെടുത്തുക.

**പ്രാർത്ഥന:** 124-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

******************



# 3. അനുബന്ധം

## 2 സാമു 21–24

ദാവീദിന്റെ ചരിത്രത്തിന്റെ തുടർച്ചയായ വിവരണമാണ് ഇതുവരെ കണ്ടത്. സാവൂളിന്റെ മരണത്തെ തുടർന്ന് ഹെബ്രോണിലേക്കു വന്ന ദാവീദ് ആദ്യം യൂദാ ഗോത്രത്തിന്റെയും പിന്നീട് ഇസ്രായേൽ ജനം മുഴുവന്റെയും രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ജബൂസ്യരിൽ നിന്നു പിടിച്ചെടുത്ത ജറുസലെം തലസ്ഥാനമാക്കിക്കൊണ്ട് സുശക്തമായ ഒരു സാമ്രാജ്യം പടുത്തുയർത്തി. പ്രതാപത്തിന്റെ ഉച്ചകോടിയിലെത്തിയ ദാവീദ് ഒരു ബലഹീന നിമിഷത്തിൽ ചെയ്തുപോയ പാപത്തിന്റെ ദുരന്ത ഫലങ്ങൾ അദ്ദേഹത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും ജീവിതം ദുരിതപൂർണ്ണമാക്കി. പാപത്തിന്റെയും ശിക്ഷയുടെയും നിഴൽ വീണതാണ് ദാവീദിന്റെ ജീവിതത്തിന്റെ രണ്ടാം ഭാഗം. അനുതപിച്ചു മാപ്പിരക്കുകയും ശിക്ഷ ഏറ്റു വാങ്ങുകയും ചെയ്ത രാജാവിന്റെ ചരിത്രം വിശദമായി പ്രതിപാദിച്ചു കഴിഞ്ഞു. ഇനി അദ്ദേഹത്തിന്റെ മരണത്തിന്റെ ചരിത്രമേ വിവരിക്കാനുള്ളൂ. അത് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു മുമ്പേ, ഇതുവരെ പറയാത്ത ചിലകാര്യങ്ങൾ ഒരു അനുബന്ധമെന്ന നിലയിൽ ചേർത്തിരിക്കുന്നു.

ദേശത്തെ മുഴുവൻ ബാധിച്ച രണ്ടു ദുരന്തങ്ങളാണ് ഈ അനുബന്ധത്തിന്റെ ആരംഭത്തിലും അവസാനത്തിലും വിവരിക്കുന്നത്. അവയ്ക്കു മധ്യേ ദാവീദിന്റെ വീരയോദ്ധാക്കളെക്കുറിച്ചുള്ള പരാമർശങ്ങളും, നടുവിലായി ദാവീദിന്റെ ഒരു സങ്കീർത്തനവും അവതരിപ്പിച്ചിരിക്കുന്നു. ഈ വിവരണത്തിൽ വ്യക്തമായ ഒരു ഘടന ദൃശ്യമാണ്.

A. വരൾച്ച 21,1-14

B വീരയോദ്ധാക്കൾ 21,15-22

C സങ്കീർത്തനം 22,1-51

C അന്തിമ വചസ്സുകൾ 23,1-7

B വീരയോദ്ധാക്കൾ 23,8-39

A പകർച്ച വ്യാധി 24,1-25

ഈ വിവരണങ്ങളിൽ ചിലത് ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്ത കത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ ഭാഗവും വിശദീകരിക്കുമ്പോൾ അവ എടുത്തു കാട്ടുന്നതാണ്. ദാവീദിന്റെ ജീവിതത്തിലെ ഏതു കാല ഘട്ടത്തിലാണ് ഇവിടെ വിവരിക്കുന്ന സംഭവങ്ങൾ നടന്നത് എന്ന് വി.ഗ്ര ന്ഥകാരൻ വ്യക്തമാക്കുന്നില്ല. സ്ഥലകാലങ്ങളേക്കാൾ സംഭവങ്ങളിലൂടെ നല്കുന്ന സന്ദേശമാണ് പ്രധാനം.

## A. വരൾച്ചയും പരിഹാരവും 21,1-14

പാപത്തിനു ശിക്ഷ ലഭിക്കുമെന്നും പരിഹാരം അനുഷ്ഠിച്ചാലേ ശിക്ഷയിൽ നിന്നു മോചനം ലഭിക്കൂ എന്നുമുള്ള വിശ്വാസമാണ് ഈ വിവരണത്തിൽ പ്രതിഫലിക്കുന്നത്. പ്രപഞ്ച സൃഷ്ടികളെല്ലാം ദൈവ ത്തിന്റെ ആജ്ഞാനുവർത്തികളാണ്. ഉടമ്പടി ലംഘിച്ച് തനിക്കെതിരേ പാപം ചെയ്യുന്നവരെ പ്രപഞ്ച സൃഷ്ടികളിലൂടെ ദൈവം ശിക്ഷിക്കും എന്നു പലതവണ വ്യക്തമാക്കി കഴിഞ്ഞതാണ്. (ലേവ്യ 26,14-39; നിയ 28,15-68). വരൾച്ച, ക്ഷാമം, പട്ടിണി, പകർച്ചവ്യാധികൾ മുതലായവ ഈ ശിക്ഷയുടെ ഭാഗങ്ങളാണ്. അതിനാൽ തുടർച്ചയായി ദേശത്തു മൂന്നു വർഷം മഴ പെയ്യാതിരുന്നപ്പോൾ അതിന്റെ കാരണം എന്തെന്ന് ദാവീദ് കർത്താവിന്റെ അടുക്കൽ അന്വേഷിച്ചത് തികച്ചും സ്വാഭാവികമത്രെ (21,1).

ഇസ്രായേലിന്റെ ദേശാതിർത്തിക്കുള്ളിൽ വസിച്ചിരുന്ന കാനാൻകാ രുടെ ഒരു ചെറിയ ഗണമാണ് ഗിബയോൻകാർ. അവരുടെ ജീവൻ സംര ക്ഷിച്ചുകൊള്ളാം എന്ന് ഇസ്രയേൽക്കാർ ഉടമ്പടിയിലൂടെ ഉറപ്പു നല്കി യിരുന്നു (ജോഷ്വാ 9,14-15). ഈ ഉടമ്പടി ലംഘിച്ച് സാവൂൾ അവരിൽ ചിലരെ വധിച്ചതാണ് ക്ഷാമത്തിനു കാരണമെന്ന് ദാവീദിന് ദൈവിക അരുളപ്പാടു ലഭിച്ചു. സാവൂൾ എപ്പോഴാണിതു ചെയ്തെന്നോ എന്തായി രുന്നു അതിന്റെ കാരണമെന്നോ വി.ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ രാജാവിന്റെ പാപത്തിന് രാജ്യം മുഴുവൻ ശിക്ഷയനുഭവിക്കേണ്ടി വന്നു. കുടുംബത്തെയും രാജ്യത്തെയും ഒറ്റ വ്യക്തിയായി കാണുന്ന കാഴ്ച പ്പാടാണ് ഇവിടെ പ്രതിഫലിക്കുന്നത്. ഒരാളുടെ കുറ്റത്തിന് സമൂഹം മുഴു വൻ ഉത്തരവാദിയാകുന്നു. പരിഹാരം അനുഷ്ഠിക്കുന്നതു വരെ തലമുറ കളിലൂടെ ശിക്ഷ തുടരുന്നു.

അനീതിക്ക് ഇരയായവർ ഹൃദയം തുറന്നു ക്ഷമിക്കുകയും അനു ഗ്രഹിക്കുകയും ചെയ്താലേ കർത്താവ് ശിക്ഷ പിൻവലിക്കുകയുള്ളു എന്നു മനസ്സിലാക്കിയ ദാവീദ് ഗിബയോൻകാർക്കു നഷ്ടപരിഹാരം



നല്കാൻ തയ്യാറായി (21,2-3). എന്നാൽ പണം കൊണ്ടു പരിഹരിക്കാവു ന്നതായിരുന്നില്ല ഗിബയോൻകാർക്കുണ്ടായ നഷ്ടം. 'കണ്ണിന് കണ്ണ്, പല്ലിനു പല്ല്' (പുറ 21,24-27) എന്ന നിയമം നടപ്പിലാക്കാൻ അവർ ആവ ശ്യപ്പെട്ടു. സാവൂൾ ചെയ്ത കുറ്റത്തിന് അയാളുടെ മക്കളെ ശിക്ഷിക്കാ നാണ് ഗിബയോൻകാർ ആവശ്യപ്പെട്ടത് (21,4-6). വെറും പ്രതികാര ചിന്ത യല്ല അവരെ ഇതിനു പ്രേരിപ്പിച്ചത് എന്ന് അവരുടെ വിശദീകരണം വ്യക്ത മാക്കുന്നു.

സാവൂളിന്റെ ഏഴു മക്കളെ വെറുതെ കൊന്നു കളയാനല്ല, കർത്താ വിന്റെ മുമ്പിൽ തൂക്കിലിടാനാണ് അവർ ആഗ്രഹിച്ചത്. അത് ഒരു ബലി യർപ്പണമായിരുന്നു. രക്തക്കറ നീക്കിക്കളയുന്ന ബലിയർപ്പണം. "കർത്താ വിന്റെ പർവ്വതമായ ഗിബയോൻ" (21,6) എന്ന പ്രയോഗം ശ്രദ്ധേയമാണ്. മോശ മരുഭൂമിയിൽ വച്ചു നിർമ്മിച്ച കർത്താവിന്റെ കൂടാരവും ദഹന ബലിപീഠവും അവിടെയാണ് സ്ഥിതിചെയ്തിരുന്നത് (1 ദിന 21,29). ഇസ്ര യേൽ ജനത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടിരുന്നില്ലെങ്കിലും അവരും കർത്താവിനെ ആരാധിച്ചിരുന്നു എന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നു. അവിടെ വച്ചാണ് സോളമൻ കർത്താവിന് ബലിയർപ്പിക്കുകയും അദ്ദേഹ ത്തിനു കർത്താവിന്റെ ദർശനം ലഭിക്കുകയും ചെയ്തത് (1 രാജാ 3,4).

സാവൂളിന്റെ രണ്ട് പുത്രന്മാരെയും അഞ്ച് പൗത്രന്മാരെയും ഗിബ യോൻകാർക്ക് ഏല്പിച്ചു കൊടുത്തപ്പോൾ, ജോനാഥാനോടുള്ള വാഗ്ദാ നത്തെ മാനിച്ച്, അയാളുടെ മകനെ ദാവീദ് ഒഴിവാക്കി (21,7-9). രണ്ടു പുത്രന്മാർ നഷ്ടപ്പെട്ട റിസ്പായുടെ പ്രവർത്തനം വി.ഗ്രന്ഥകാരൻ പ്രത്യേകം എടുത്തു കാട്ടുന്നു. (21,10-11). ചെയ്യാത്ത കുറ്റത്തിന് ശിക്ഷ യേറ്റവരുടെ അമ്മയാണ് അവൾ. ഇസ്രായേലിൽ നിന്ന് സാവൂളിന്റെ പാപ ക്കറ കഴുകിക്കളയാൻ വേണ്ടി ബലിയർപ്പിക്കപ്പെട്ട പുത്രന്മാരുടെ മൃത ദേഹങ്ങൾക്ക് അവൾ കാവലിരുന്നു. തൂക്കിക്കൊന്നവരുടെ ശരീരം മറവു ചെയ്യണം എന്ന് ഇസ്രയേലിൽ നിയമമുണ്ടായിരുന്നു. എന്നാൽ ഗിബ യോൻകാർക്ക് ആ നിയമം ബാധകമായിരുന്നില്ല. പക്ഷികളും വന്യമൃഗ ങ്ങളും കൊത്തിപ്പറിച്ചും കടിച്ചു കീറിയും, ബാക്കി അഴുകിയും തീരുന്ന തുവരെ ശവശരീരങ്ങൾ മറവുചെയ്യാതെ ഇടുക ശിക്ഷയുടെ ഭാഗമായി രുന്നു.

ദുർഗന്ധം വമിക്കുന്ന ഏഴു ശവശരീരങ്ങൾക്കടുത്ത്, പാറയിൽ ചാക്കു വിരിച്ച്, രാവും പകലും കിടന്ന അമ്മ ധീരമായ മാതൃത്വത്തിന്റെ, മരണത്തെയും മറികടക്കുന്ന സ്നേഹത്തിന്റെ, മാതൃകയാണ്. രാജാധി

കാരത്തെയോ പ്രതികാരത്തിന്റെ നിയമത്തെയോ മറികടക്കാനോ എതിർക്കാൻ പോലുമോ അവൾക്കു കഴിഞ്ഞില്ല. എന്നാൽ തന്റെ മക്കളുടെ മൃതദേഹങ്ങൾ വന്യമൃഗങ്ങൾക്കു വിട്ടു കൊടുക്കാൻ തയ്യാറാകാതെ കാവൽ കിടന്നുകൊണ്ട്, തന്റേതായ രീതിയിൽ അവൾ പ്രതിഷേധം അറിയിച്ചു.

എത്രനാൾ ഈ കാവൽ തുടർന്നു എന്നു രേഖപ്പെടുത്തിയിട്ടില്ല. എന്നാലും അവളുടെ പ്രവൃത്തിക്കു ഫലമുണ്ടായി. തൂക്കിലിടപ്പെട്ട ഏഴു പേരുടെ മാത്രമല്ല. സാവൂളിന്റെയും ജോനാഥാന്റെയും അസ്ഥികളും എടുത്ത് സാവൂളിന്റെ കുടുംബക്കല്ലറയിൽ സംസ്കരിക്കാൻ ദാവീദ് ഏർപ്പാടു ചെയ്തു. പൂർവ്വികരോടൊത്തു ശയിക്കുകയാണ് സകല ഇസ്രായേൽക്കാരുടെയും മാന്യമായ അന്ത്യമായി പരിഗണിച്ചിരുന്നത്. പാപത്തിനു പരിഹാരം അനുഷ്ഠിച്ചു കഴിഞ്ഞപ്പോൾ വരൾച്ച അവസാനിച്ചു എന്ന സൂചനയോടെ (21,14) വിവരണം അവസാനിക്കുന്നു.

**വിചിന്തനം:** അടിമകളാക്കപ്പെട്ട ഒരു ന്യൂനപക്ഷം അനുഭവിക്കേണ്ടി വന്ന ക്രൂരത കർത്താവിന്റെ ശിക്ഷ വിളിച്ചു വരുത്തി. ഗിബയോൻകാരെ പ്രതി ഇസ്രായേൽക്കാരെ ശിക്ഷിച്ച ദൈവം ഇന്നും നിഷ്ക്രിയനായിരിക്കുകയില്ല. മൂന്നാം ലോകത്തെ ചൂഷണം ചെയ്യുന്ന ഒന്നാം ലോകത്തിനു മാത്രമല്ല, ദലിതരെയും ആദിവാസികളെയും മറ്റു ദരിദ്രരെയും അവഗണിക്കുകയും പീഡിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന നമ്മുടെ നാട്ടുകാർക്കും ഇതൊരു താക്കീതാണ്. തലമുറകളായി മർദ്ദനത്തിനും ചൂഷണത്തിനും ഇരയാകുന്ന പാവപ്പെട്ടവരുടെ നിലവിളി ദൈവം കേൾക്കും. വരൾച്ചയും ഭൂമികുലുക്കവും കൊടുങ്കാറ്റും മാരകമായ മഹാമാരികളും അവിടുന്ന് അയയ്ക്കുന്ന ശിക്ഷാവിധികളായി വിശ്വാസികൾക്കു കാണാൻ കഴിയും.

സാവൂളിന്റെ ഏഴു മക്കൾ പിതാവിന്റെ പാപത്തിനു പരിഹാരമായിത്തീർന്നു. സ്വന്തം പാപങ്ങൾക്കു തക്കതായ പരിഹാരം അനുഷ്ഠിക്കാൻ ആർക്കും കഴിയുകയില്ല. മനുഷ്യനു പരിഹരിക്കാൻ കഴിയാത്തതാണ് മനുഷ്യ വർഗ്ഗത്തിന്റെ പാപം. ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കു പരിഹാര ബലിയായി സ്വയം അർപ്പിച്ചുകൊണ്ട് ദൈവപുത്രൻ നമുക്ക് അസാധ്യമായത് സാധിച്ചു തന്നു. അവന്റെ കുരിശിൻ ചുവട്ടിൽ നിന്ന മാതാവിന്റെ ഒരു മുൻ പ്രതിഫലനമായി റിസ്പായെ കാണാവുന്നതാണ്. ആ പുത്രന്റെയും മാതാവിന്റെയും പരിഹാര ബലിയിൽ പങ്കുചേരാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. മക്കളുടെ മൃതദേഹം മാന്യമായി



സംസ്കരിക്കപ്പെടുന്നതുവരെ റിസ്പാ അവയ്ക്കു കാവൽ കിടന്നു. നീതി ലഭിക്കുംവരെ നിശ്ശബ്ദ പ്രതിഷേധം തുടരാൻ കഴിഞ്ഞ അവൾ നീതിക്കു വേണ്ടി നിലവിളിക്കുന്ന സകല മർദ്ദിതർക്കും മാതൃകയാണ്.

## B. ദാവീദിന്റെ വീരയോദ്ധാക്കൾ 21,15-22; 1 ദിന 20,48

ഫിലിസ്ത്യരുമായി നടന്ന യുദ്ധങ്ങളിൽ അവരുടെ നാലു മല്ലന്മാരെ വധിച്ച നാലു വീരയോദ്ധാക്കളെക്കുറിച്ച് ഇവിടെ ചുരുക്കമായി പ്രതിപാദിക്കുന്നു. രണ്ടു വിവരണങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. 2 സാമു 21,15-17ൽ പ്രതിപാദിക്കുന്ന സംഭവം ദിനവൃത്താന്തങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. ദാവീദിനെ കൊല്ലാൻ ശ്രമിച്ച ഇഷ്ബിബെനോബിനെ അബിഷായി വധിച്ചു. ഇതെത്തുടർന്നു പടയാളികൾ നടത്തിയ അഭ്യർത്ഥന (2 സാമു 21,17) അവർക്കു ദാവീദിനോടുള്ള സ്നേഹവും ആദരവും പ്രകടമാക്കുന്നു. "ഇസ്രായേലിന്റെ ദീപം" എന്ന് അവർ രാജാവിനു നല്കുന്ന വിശേഷണം സാക്ഷ്യപേടകത്തിനു മുമ്പിൽ നിരന്തരം കത്തി നില്ക്കുന്ന ഭദ്രദീപത്തെ അനുസ്മരിപ്പിക്കുന്നു. ദൈവത്തിന്റെ നിരന്തരമായ പരിപാലനയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായിട്ടാണ് ദാവീദിനെ ചിത്രീകരിക്കുന്നത്.

രണ്ടാമത്തെ മല്ലനെ 2 സാമു 21,18ൽ സാഫ് എന്നും 1 ദിന 20,4 ൽ സിപ്പായി എന്നും വിളിക്കുന്നു. ഒരേ പേരിന്റെ രണ്ടു രൂപങ്ങളായിരിക്കാം ഇത്. ഗോലിയാത്തിനെ കൊന്നത് ആരെന്ന കാര്യത്തിൽ സംശയം ഉളവാക്കുന്നതാണ് 21,9 ലെ പ്രതിപാദനം. ബേത്ലെഹെംകാരനായ ഏൽഹനാൻ എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. രാജാവാകുന്നതിനു മുമ്പ് ദാവീദ് ഈ പേരിലാണ് അറിയപ്പെട്ടിരുന്നത് എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. ദാവീദാണ് ഗോലിയാത്തിനെ കൊന്നതെന്ന് 1 സാമു 17ൽ ദീർഘമായി വിവരിച്ചതാണ്. ദാവീദിന്റെ വീരയോദ്ധാക്കളുടെ പട്ടികയിൽ ദാവീദിന്റെ തന്നെ പേര് പ്രത്യക്ഷപ്പെടുന്നതിൽ അപാകത കണ്ടതിനാൽ 1 ദിന 20,5ൽ ഗോലിയാത്തിന്റെ സഹോദരനായ ലഹ്മിയെയാണ് ഏൽഹനാൻ വധിച്ചത് എന്നു തിരുത്തിയതായി ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഇതിനെക്കുറിച്ച് വ്യക്തമായ ഒരു തീരുമാനം എടുക്കുക എളുപ്പമല്ല.

നാലാമത്തെ മല്ലനെ വധിച്ചത് ദാവീദിന്റെ സഹോദരനായ ഷിമെയിയുടെ പുത്രൻ ജോനാഥാൻ ആണെന്നു രണ്ടു വിവരണങ്ങളിലും (21,21 ; 1ദിന 20,7) ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ പി.ഒ.സി

വിവർത്തനത്തിൽ പിശകുണ്ട്.

**വിചിന്തനം:** ധീരന്മാരായ പടയാളികൾ ജീവൻ തൃണവൽഗണിച്ച് യുദ്ധം ചെയ്തതിനാലാണ് ദാവീദിന് വിജയങ്ങൾ ലഭിച്ചത്. പടയാളികൾ നേടിയ വിജയങ്ങൾ രാജാവിന്റേതായി പരിഗണിക്കപ്പെട്ടു. ഇന്നും അങ്ങനെയാണല്ലോ സംഭവിക്കുക. അധ്വാനിക്കുന്നത് ഒരാൾ; ബഹുമതി സ്വീകരിക്കുന്നത് മറ്റൊരാൾ. എന്നാൽ താൻ സ്വീകരിക്കുന്ന ബഹുമതിക്ക് യഥാർത്ഥ അവകാശികൾ തന്റെ അനുയായികളാണെന്ന് അധികാരിയും അധികാരി ബഹുമാനിക്കപ്പെടുമ്പോൾ തങ്ങളും ബഹുമാനിതരാവുകയാണെന്ന് അനുയായികളും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യണം.

## C. വിജയ കീർത്തനം 22,1-51

സുദീർഘമായ ഈ കീർത്തനം സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ 18-ാം സങ്കീർത്തനമായി, കാര്യമായ വ്യത്യാസമൊന്നും കൂടാതെ, പ്രത്യക്ഷപ്പെടുന്നുണ്ട്. ദാവീദിന്റെ പേരിൽ അറിയപ്പെടുന്ന സങ്കീർത്തനങ്ങളിൽ പലതും പിൽക്കാലത്തു രചിക്കപ്പെട്ടതായി കരുതപ്പെടുന്നുണ്ടെങ്കിലും ഈ സങ്കീർത്തനം ദാവീദു തന്നെ രചിച്ചതാണെന്ന കാര്യത്തിൽ സംശയമില്ല. കർത്താവ് സാവൂളിൽ നിന്നും മറ്റു സകല ശത്രുക്കളിൽ നിന്നും രക്ഷിച്ച ദിവസം ദാവീദ് ആലപിച്ചതാണ് ആ കീർത്തനം എന്ന് ആമുഖമായി പറഞ്ഞിരിക്കുന്നു (22,1). ഇസ്രായേൽ മുഴുവന്റെയും രാജാവായി ജറുസലെമിൽ വാസമുറപ്പിക്കുകയും ചുറ്റുപാടുമുള്ള ജനതകളെയെല്ലാം കീഴടക്കുകയും ചെയ്തതിനുശേഷമാണ് ദാവീദ് ഈ കീർത്തനം രചിച്ചത്. തന്റെ വിശ്വസ്തതയെയും നീതിയെയുംക്കുറിച്ചുള്ള പരാമർശങ്ങൾ ബത്ഷേബാ സംഭവത്തിനു മുമ്പാണ് ഇതിന്റെ രചന നടന്നത് എന്ന അനുമാനത്തിലേക്കു നയിക്കുന്നു.

യുദ്ധത്തിൽ ലഭിച്ച വിജയങ്ങളെ പ്രതി കർത്താവിന് കൃതജ്ഞതാസ്ത്രോത്രങ്ങൾ അർപ്പിക്കുകയാണ് ഈ കീർത്തനത്തിന്റെ മുഖ്യലക്ഷ്യം. ഏതെങ്കിലും ഒരു പ്രത്യേക യുദ്ധം മാത്രമല്ല, താൻ നേരിടേണ്ടി വന്ന സകല യുദ്ധങ്ങളും പ്രതിസന്ധികളും അനുസ്മരിച്ചുകൊണ്ടാണ് ദാവീദ് കർത്താവിനെ സ്തുതിക്കുന്നത്. കർത്താവായ ദൈവത്തിന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ട് ആരംഭിക്കുന്ന കീർത്തനം അവിടുത്തെ കാരുണ്യം ദാവീദിന്റെ കുടുംബത്തിന്മേൽ എന്നേക്കും നിലനില്ക്കും എന്ന വിശ്വാസത്തോടെ സമാപിക്കുന്നു. ദാവീദ് നേരിട്ട പ്രതിസന്ധികളും അവയെ തരണം ചെയ്യാൻ കർത്താവു നല്കിയ കൃപയും ദാവീദിന്റെ



യുദ്ധനൈപുണ്യവും ഇട കലർത്തി അവതരിപ്പിച്ചിരിക്കുന്നു. താൻ നേടിയ വിജയങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോഴും അവയെല്ലാം കർത്താവിന്റെ ദാനമാണെന്ന് സങ്കീർത്തകൻ എടുത്തു പറയുന്നു.

22,1-4: കർത്താവായ ദൈവത്തിന്റെ അപദാനങ്ങളാണ് ആദ്യമേ പ്രകീർത്തിക്കുന്നത്. ഉയർന്ന പാറ സുരക്ഷിതത്വത്തിന്റെ പ്രതീകമാണ്. പാറയിൽ നില്ക്കുന്നവൻ വഴുതി വീഴുകയില്ല. കുതിരപ്പുറത്തു വരുന്നവന് പാറയിൽ കയറി ആക്രമിക്കാൻ സാധിക്കുകയില്ല. കോട്ട അഭയം നല്കുന്നു. പരിചശത്രുവിന്റെ ആയുധങ്ങളെ തടുക്കുന്നു. പർവ്വതത്തിന്റെ കൊടുമുടിയിൽ വസിക്കുന്നവനെ എത്തിപ്പിടിക്കാൻ ഒരു ശത്രുവിനും കഴിയുകയില്ല. സകല ശത്രുക്കളിൽ നിന്നും രക്ഷിക്കുന്നവനാണ് ദൈവം എന്ന് ഈ അപദാനങ്ങളിലൂടെ ഏറ്റു പറയുന്നു. കർത്താവ് എന്നും തന്നെ രക്ഷിക്കും എന്ന വിശ്വാസവും പ്രത്യാശയും പ്രകടിപ്പിച്ചുകൊണ്ടാണ് സങ്കീർത്തനം ആരംഭിക്കുന്നത്.

22,5-7: മാരകമായ അപകടത്തിൽ പെട്ടവനാണ് സങ്കീർത്തകൻ. മരണം തന്നെയാണ് ഇവിടെ ശത്രുവായി നില്ക്കുന്നത്. അലറിയടുക്കുന്ന കടലിനോടും പക്ഷികൾക്കു കെണിയൊരുക്കുന്ന വേടനോടും മരണത്തെ ഉപമിച്ചിരിക്കുന്നു. കടലിനെക്കുറിച്ചുള്ള പരാമർശം യോനായുടെ കീർത്തനത്തിൽ (യോനാ 2,3) ആവർത്തിക്കുന്നുണ്ട്. അപകടത്തിനു നടുവിൽ നിന്ന് നിലവിളിച്ചപ്പോൾ കർത്താവ് കേട്ടു എന്ന പ്രസ്താവന ദാവീദിന്റെ ജീവിതത്തിൽ അനേകം യാഥാർത്ഥ്യമായിത്തീർന്നതാണ്.

28,8-16: രക്ഷിക്കാൻ എത്തുന്ന കർത്താവിന്റെ ശക്തിപ്രഭാവത്തെ അനേകം പ്രതീകങ്ങളിലൂടെ വർണ്ണിക്കുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന മർദ്ദിതനെ രക്ഷിക്കാൻ എത്തുന്ന കർത്താവ് സർവ്വശക്തനും പ്രപഞ്ചത്തിന്റെ അധിനാഥനുമാണെന്ന് ഈ പ്രതീകങ്ങൾ വ്യക്തമാക്കുന്നു. ഭൂമികുലുക്കം, അഗ്നി പ്രവാഹം, ധൂമ പടലം മുതലായവ ദൈവിക സാന്നിധ്യത്തിന്റെ അടയാളങ്ങളാണ് (പുറ 19,17-18; ന്യായ 5,4). പ്രകൃതി ശക്തികളെ തന്റെ സേവകരായി നിയോഗിക്കുകയും അവയിലൂടെ തന്റെ ഭക്തരെ സംരക്ഷിക്കുകയും അവരുടെ പരാജയപ്പെടുത്തുകയും ചെയ്യുന്ന യോദ്ധാവായി ഇവിടെ ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നു (ഹബ 3,3-13). കാറ്റിന്റെ ചിറകുകളിൽ വരുന്നവൻ അതിവേഗം സഹായത്തിനെത്തുന്നു. അന്ധകാരത്തെ ആവരണമാക്കിയവനെ ശത്രുക്കൾക്കു കാണാൻ കഴിയുകയില്ല. ഇടിമുഴക്കവും മിന്നൽപ്പിണരും കൊടുങ്കാറ്റും ശത്രുക്കളെ ചിതറിക്കുന്ന ഭീകരായുധങ്ങളാണ്. ഈ പ്രതീകങ്ങൾ പുറപ്പാടു സംഭവത്തെ

അനുസ്മരിപ്പിക്കുന്നു. ഓരോ വിമോചനവും ഒരു പുതിയ പുറപ്പാടാണ്.

22,17–20: ശത്രുക്കളിൽ നിന്നു ലഭിച്ച മോചനത്തെ കടലിൽ മുങ്ങിത്താഴുന്നവനെ പൊക്കിയെടുക്കുന്നതിനോട് ഉപമിച്ചിരിക്കുന്നു. വിശാലമായ സ്ഥലത്തു നില്ക്കുന്നവന് ശത്രുക്കളെ അകലെനിന്നു കാണാം. അതും സംരക്ഷണത്തിന്റെ അടയാളം തന്നെ. കാരണം, ശക്തനായ കർത്താവാണ് അങ്ങോട്ടു നയിക്കുന്നത്.

22,21–25: കർത്താവിന്റെ ഉടമ്പടിയോട് താൻ പൂർണ്ണമായ വിശ്വസ്തത പുലർത്തി എന്ന് ദാവീദ് ഏറ്റുപറയുന്നു. ഇത് അവകാശവാദമോ അഹങ്കാര പ്രകടനമോ അല്ല. കർത്താവിൽ പൂർണ്ണമായി ആശ്രയിക്കുകയും അവിടുത്തോട് വിശ്വസ്തത പാലിക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചെയ്തുവെന്ന് വിനയപൂർവ്വം ഏറ്റുപറയുകയാണ് ദാവീദ് ചെയ്യുന്നത്. കർത്താവു തനിക്കു നല്കിയ സംരക്ഷണം തന്റെ വിശ്വസ്തതയ്ക്കു ലഭിച്ച അംഗീകാരമായി സങ്കീർത്തകൻ കാണുന്നു.

22,26–31: കർത്താവു നല്കുന്ന രക്ഷയുടെയും ശിക്ഷയുടെയും മാനദണ്ഡങ്ങൾ ഇവിടെ എടുത്തു പറയുന്നു. പീഡിതനായ നിഷ്കളങ്കനാണ് വിനീതൻ. "അനി" എന്നാണ് ഹീബ്രു മൂലം. ദരിദ്രർ എന്നാണ് ഈ പദം സാധാരണ വിവർത്തനം ചെയ്യുക. ഹൃദയ നൈർമ്മല്യവും വിനയവും കർത്താവിലുള്ള അടിപതറാത്ത ആശ്രയവും അവന്റെ മുഖമുദ്രയാണ്. അതിന്റെ വിപരീതമാണ് അഹങ്കാരി. ശത്രുവിന്റെ സൈന്യനിരയെ ഭേദിക്കാനും കോട്ടകൾ കീഴടക്കാനും തനിക്കു കഴിയുന്നത് സ്വന്തം ശക്തിയാലല്ല, ദൈവത്തിന്റെ സഹായത്താലാണെന്ന് വിനീതൻ ഏറ്റു പറയുന്നു. വിനീതരെ സംരക്ഷിക്കുകയും അഹങ്കാരികളെ തകർക്കുകയും ചെയ്യുന്നവനാണ് ദൈവം (1 സാമു 2,8–9).

22,32–46: യാഹ്‌വേ മാത്രമാണ് ദൈവം, അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ല എന്ന സത്യം തനിക്കു ലഭിച്ച ശക്തമായ സംരക്ഷണത്തിലൂടെ തെളിയിക്കപ്പെട്ടതാണെന്ന് സങ്കീർത്തകൻ ഏറ്റു പറയുന്നു. ശത്രുക്കളിൽ നിന്ന് ഓടി രക്ഷപ്പെടാൻ മാത്രമല്ല അവരെ പിൻതുടർന്നു പിടിക്കാനും സഹായിക്കുന്നതാണ് കാലുകൾക്കു ലഭിച്ച വേഗത. നിരന്തരമായ പരിശീലനവും കർത്താവിന്റെ സഹായവും ഒന്നു ചേർന്നു, അജയ്യനായ ഒരു യോദ്ധാവായിത്തീർന്നു. പിത്തളവില്ലു കുലയ്ക്കാൻ കരുത്തുള്ള ദാവീദ്. ശത്രുക്കളെ നശിപ്പിച്ചതിനെക്കുറിച്ചുള്ള വിവരണം (22,42–43) ക്രൂരമായി തോന്നാം. നിസ്സഹായരെ നിഷ്കരുണം പീഡിപ്പിക്കുന്നവർക്കെതിരേ കർത്താവിന്റെ ശിക്ഷാവിധി നടപ്പാക്കിയതിന്റെ വർണ്ണനയാണിത്. അവർ



നിലവിളിച്ചപ്പോൾ കർത്താവു കേട്ടില്ല എന്നത് ന്യായമായ ശിക്ഷയാണ് അവർക്കു ലഭിച്ചത് എന്നു സൂചിപ്പിക്കുന്നു. തനിക്കു ലഭിച്ച രാജത്വവും വിദേശികളുടെ മേലുള്ള ആധിപത്യവും ദൈവത്തിന്റെ ദാനമാണെന്ന് വിനയത്തോടെ വീണ്ടും ഏറ്റു പറയുന്നു (22,44–46).

22,47–50: ലഭിച്ച വിജയത്തെ സംക്ഷിപ്തമായി വിവരിച്ചുകൊണ്ട് വീണ്ടും കർത്താവിനെ സ്തുതിക്കുന്നു. "കർത്താവ് ജീവിക്കുന്നു" എന്ന പ്രഖ്യാപനം അനുഭവത്തിന്റെ ആഴങ്ങളിൽ നിന്നുയരുന്നതാണ്. മനുഷ്യന്റെ ഭാവനാസൃഷ്ടിയോ അമൂർത്തമായ ആശയമോ അല്ല, എന്നും ജീവിക്കുന്നവനും ജീവന്റെ ഉറവിടവുമാണ് ദൈവം. "ജനതകളുടെ മധ്യേ കർത്താവിനെ സ്തുതിക്കും" എന്ന വാഗ്ദാനം സുവിശേഷ പ്രഘോഷണത്തിനായി എടുക്കുന്ന തീരുമാനമാണ്. ദാവീദിനു നല്കിയ മോചനത്തെയും രക്ഷയെയുംക്കുറിച്ചു കേൾക്കുന്ന സകലരും കർത്താവിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യാൻ ഇടയാകും. അവരും അവിടുത്തെ സംരക്ഷണം അനുഭവിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്യും.

22,51: കർത്താവിന്റെ അഭിഷിക്തനാണ് ഇസ്രായേൽ രാജാവായ ദാവീദ്. ഈ പ്രത്യേക ബന്ധം വിജയത്തിന്റെ അടിസ്ഥാനമായി നില്ക്കുന്നു. കർത്താവിന്റെ കാരുണ്യം ദാവീദിന്റെ സന്തതി പരമ്പരയിൽ എന്നേക്കും ഉണ്ടായിരിക്കും എന്ന പ്രത്യാശ യേശുക്രിസ്തുവിൽ പൂർത്തിയായ ഒരു പ്രവചനമാണ്. മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തിക ശത്രുക്കളായ പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയം വരിച്ച്, ദൈവ ഭരണം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കിയപ്പോൾ പൂർത്തിയായ പ്രവചനം.

## C. ദാവീദിന്റെ അന്ത്യവചസ്സുകൾ 23,1–7

ദാവീദിന്റെ അന്ത്യ വചസ്സുകൾ എന്ന ശീർഷകത്തിൽ അവതരിപ്പിക്കുന്ന ഈ വാക്യങ്ങൾ ഒരു സങ്കീർത്തനവും അതേ സമയം ഒരു പ്രവചനവുമാണ്. ആദ്യ വാക്യം ബാലാമിന്റെ പ്രവചനത്തെ അനുസ്മരിപ്പിക്കുന്നു (സംഖ്യ 24,4). പിൻ തലമുറകൾക്കായി ദാവീദു നല്കുന്ന അന്തിമ സന്ദേശമാണിത്. സങ്കീർത്തകനും രാജാവുമായ ദാവീദ് ഇവിടെ ഒരു പ്രവാചകനായി പ്രത്യക്ഷപ്പെടുന്നു. ദാവീദ് രചിച്ച അനേകം സങ്കീർത്തനങ്ങൾ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ഒരു അമൂല്യ നിധിയാണ്. സഹസ്രാബ്ദങ്ങളായി ജനകോടികൾ ഈ പ്രാർത്ഥനാ ഗാനങ്ങൾ ആവർത്തിച്ച് ആലപിക്കുമ്പോൾ ദാവീദിന്റെ സന്ദേശം തുടരുന്നു.

ശാശ്വതമായ ഒരു രാജ്യത്തെക്കുറിച്ചുള്ളതാണ് പ്രവചനം. യഥാർത്ഥ ഭരണാധിപന്റെ ഗുണഗണങ്ങളെ 23, 3b.-4 ൽ വർണ്ണിക്കുന്നു. നീതി ബോധവും ദൈവ ഭക്തിയും ഉള്ളവനായിരിക്കണം ഭരണാധിപൻ. സൂര്യ പ്രകാശവും മഴയും സസ്യങ്ങളെ മുളപ്പിച്ചു ജീവൻ പ്രദാനം ചെയ്യുന്നതു പോലെ രാജാവിന്റെ നീതിപൂർവ്വകമായ ഭരണം ജനത്തിനു ജീവദായക മായിക്കണം. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 9,5) എന്നു പറഞ്ഞ യേശു ക്രിസ്തുവിൽ യഥാർത്ഥ രാജാവിനെക്കുറിച്ചുള്ള ഈ പ്രവ ചനം പൂർത്തിയായി. നാഥാന്റെ പ്രവചനത്തെ (2 സാമു 7,16) എഴുതിമുദ്ര വച്ച ഒരു ഉടമ്പടിയായി ഇവിടെ അവതരിപ്പിക്കുന്നു (23,5). ദൈവ ചിന്തയി ല്ലാത്തവർ മുള്ളുപോലെ ഉപയോഗ ശൂന്യരും ഉപദ്രവകാരികളുമാണ് (23,6 -7). അവർ പൂർണ്ണമായും നശിപ്പിക്കപ്പെടും എന്ന പ്രവചനം തിന്മയുടെ മേൽ യേശു നേടിയ വിജയത്തിലേക്കു വിരൽ ചൂണ്ടുന്നു.

## B. ദാവീദിന്റെ വീരയോദ്ധാക്കൾ 23,8-39; 1 ദിന 11,10-47

ഇസ്രായേൽ ജനത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കുകയും ദാവീ ദിനെ രാജാവാക്കാനും രാജത്വത്തിൽ നില നിർത്താനും സഹായിക്കു കയും ചെയ്ത ധീരയോദ്ധാക്കളുടെ പേരു വിവരം എഴുതി സൂക്ഷിക്കുക തികച്ചും സ്വാഭാവികമായിരുന്നു. ഇപ്രകാകരമുള്ള ഒരു പട്ടികയാണ് ഇവിടെ അവതരിപ്പിക്കുന്നത്. സാമുവേലിന്റെ പുസ്തകത്തിലും ദിനവൃ ത്താന്ത ഗ്രന്ഥത്തിലും നല്കിയിരിക്കുന്ന പട്ടികകൾ തമ്മിൽ ചില വ്യത്യാ സങ്ങളുണ്ട്. 21,15-22ൽ നാലു നേതാക്കന്മാരെക്കുറിച്ചു പ്രതിപാദിച്ചു ഇവിടെ (23,8-39) 37 പേരുടെ പേരുവിവരങ്ങൾ നല്കിയിരിക്കുന്നു. ദിന വൃത്താന്ത ഗ്രന്ഥത്തിലെ പട്ടിക കൂടുതൽ വിപുലമാണ്. രണ്ടു വ്യത്യസ്ത പട്ടികകൾ ഇവയ്ക്കു പിന്നിലുണ്ടായിരുന്നു എന്ന് അനുമാനിക്കാം. ചുരുക്കം പേരുടെ എന്തെങ്കിലും വീരകൃത്യങ്ങൾ വിവരിക്കുന്നുള്ളൂ. ഈ വിവരണങ്ങൾ ഐതിഹ്യത്തിന്റെ ശൈലിയാണ് അവതരിപ്പിച്ചിരിക്കുന്ന ത്. ന്യായാധിപന്മാരുടെ, പ്രത്യേകിച്ചും സാംസന്റെ, വിജയങ്ങളോട് ഇവയ്ക്കു സാമ്യമുണ്ട്.

ധീരന്മാരായ പടയാളികളുടെ പേരുകൾ അവരുടെ ധീരതയ്ക്ക് അനുസൃതമായ ക്രമത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ പ്രതി സന്ധിയിൽ ഒറ്റയ്ക്കു നിന്നു ശത്രുക്കളോടു പോരാടി ദേശത്തിനു വിജയം നല്കിയ മൂന്നു പേരുടെ കാര്യം പ്രത്യേകം എടുത്തു കാട്ടുന്നു (23,8 -12). ഒന്നാമന്റെ പേരും ധീരകൃത്യവും രണ്ടു വിവരണങ്ങളിലും വ്യത്യ



സ്തമാണ്. 2 സാമു 23,9-12 ൽ വിവരിച്ചിരിക്കുന്ന രണ്ടു പേരുടെ നേട്ട ങ്ങൾ 1 ദിന 11,12-14ൽ ഒരാളുടേതായി അവതരിപ്പിച്ചിരിക്കുന്നു. മൂന്നാ മത്തെ ആളിനെക്കുറിച്ചു പറയുന്നതുമില്ല.

മൂവരും ഒരുമിച്ച് ഫിലിസ്ത്യ പാളയത്തിൽ കടന്ന് ബേത്ലെഹെ മിലെ കിണറ്റിൽ നിന്നു വെള്ളം കൊണ്ടുവന്ന സംഭവം രണ്ടു വിവരണ ങ്ങളിലും ഒരുപോലെ രേഖപ്പെടുത്തിയിട്ടുണ്ട് (23,13-17; 1 ദിന 11,15-19). അദുല്ലാം ഗുഹയിൽ ഒളിച്ചിരുന്ന ദാവീദ് ബേത്ലെഹെമിലെ കിണറ്റിൽ നിന്നു വെള്ളം കുടിക്കാൻ ആഗ്രഹിച്ചത് എന്തുകൊണ്ടാണെന്നു വ്യക്ത മല്ല. തന്റെ പട്ടണം ഫിലിസ്ത്യർ കീഴടക്കിയതിലുള്ള ദുഃഖവും അതിനെ മോചിപ്പിക്കാനുള്ള ആഗ്രഹവുമായിരിക്കാം അവിടുത്തെ കിണറ്റിൽ നിന്നു വെള്ളം കുടിക്കുക എന്ന പ്രതീകത്തിലൂടെ ദാവീദ് പ്രകടിപ്പിച്ചത്. അത് അക്ഷരാർത്ഥത്തിൽ മനസ്സിലാക്കിയ മൂവർ സംഘം, അപകടം ഗണ്യമാ ക്കാതെ വെള്ളം കൊണ്ടുവന്ന് തങ്ങളുടെ ധീരത തെളിയിച്ചു. ആ വെള്ളം കുടിക്കാതെ കർത്താവിനു നൈവേദ്യമായി ഒഴുക്കിക്കൊണ്ട് ദാവീദ് പട യാളികളുടെ ധീരതയെ അംഗീകരിക്കുകയും അവരുടെ പ്രവൃത്തിയെ കർത്താവിനു വേണ്ടിയുള്ള ഒരു ബലിയായി സമർപ്പിക്കുകയും ചെയ്തു.

ഈ മൂവർക്കു പുറമെ അബിഷായി, ബെനായാ എന്നിവരുടെ ചില വീരകൃത്യങ്ങൾ പ്രത്യേകം എടുത്തു പറയുന്നുണ്ട്. അബിഷായിയെ തൽക്കാലത്തേക്ക് ഇസ്രായേൽ സൈന്യാധിപനായി നിയമിച്ചിരുന്നു (20,6). ബെനായാ ദാവീദിന്റെ അംഗരക്ഷക സേനയുടെ തലവനായിരു ന്നു. ബത്ഷേബായുടെ പിതാവായ ഏലിയാം (23,35), ഭർത്താവായ ഊറിയാ (23,29) എന്നിവരും മുപ്പതു പേരുടെ പട്ടികയിൽപ്പെടുന്നു എന്നതു ശ്രദ്ധേയമത്രെ. സർവ്വസൈന്യാധിപനായ യൊവാബിനെ പട്ടികയിൽ പെടുത്താത്തത് എന്തുകൊണ്ടാണെന്നു വ്യക്തമല്ല. ഒരു പക്ഷേ, ഏറ്റം ധീരനും പരാക്രമശാലിയുമായിരുന്ന അയാൾ എല്ലാവർക്കും സുപരിചി തനായിരുന്നതിനാൽ പേരെടുത്തു പറയാത്തതാവും എന്ന് വ്യാഖ്യാതാ ക്കൾ അഭിപ്രായപ്പെടുന്നു.

**വിചിന്തനം:** ധീരന്മാരും വിശ്വസ്തരുമായ നേതാക്കന്മാരുടെ ഒരു നിര തന്നെ ഉണ്ടായിരുന്നതാണ് ദാവീദിന്റെ വിജയങ്ങൾക്കു കാരണമായത്. കഴിവും ആത്മാർത്ഥയുമുള്ളവരെ കണ്ടുപിടിച്ച് ഉത്തരവാദിത്വങ്ങൾ ഏല്പിക്കുകയും അവരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഉത്തമമായ നേതൃത്വത്തിന്റെ ആവശ്യഗുണമാണ്.

## A. ജനസംഖ്യയും പകർച്ച വ്യാധിയും 24,1–25; 1 ദിന 21,1–30

നാടിനെ മുഴുവൻ ബാധിച്ച ഒരു ദുരന്തത്തിന്റെ വിവരണത്തോടെ സാമുവേലിന്റെ രണ്ടാം പുസ്തകം അവസാനിക്കുന്നു. 21-ാം അദ്ധ്യായത്തിലെ ക്ഷാമത്തിന്റെ വിവരണവുമായി ഇതിന് അടുത്ത സാമ്യമുണ്ട്. രണ്ടു ദുരന്തങ്ങളും പാപത്തിന്റെ ശിക്ഷയാണ്. അനുതപിച്ച് മാപ്പിരക്കുകയും പരിഹാരം അനുഷ്ഠിക്കുകയും ചെയ്തു കഴിയുമ്പോൾ ദുരന്തം അവസാനിക്കുന്നു. ആദ്യത്തെ ദുരന്തം സാവൂളിന്റെ പാപത്തിനുള്ള ശിക്ഷയായിരുന്നു; രണ്ടാമത്തേത് ദാവീദിന്റെ പാപത്തിന്റെയും.

മൂന്നു ഭാഗങ്ങളായിട്ടാണ് സംഭവം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യമേ പാപത്തിന്റെ വിവരണം (24,1–9) നല്കുന്നു. തുടർന്ന് ശിക്ഷയുടെയും (24,10–17) അവസാനമായി പരിഹാരത്തിന്റെയും (24,11–18). ദിനവൃത്താന്ത ഗ്രന്ഥത്തിൽ ചുരുക്കം ചില വ്യത്യാസങ്ങളോടെ ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ജനസംഖ്യ എടുക്കുന്നതിൽ തുടങ്ങുന്ന വിവരണം ജറുസലെമിൽ കർത്താവിന് ഒരു ബലിപീഠം പണിതു ബലിയർപ്പിക്കുന്നതിന്റെ ചിത്രത്തോടെയാണ് അവസാനിക്കുന്നത്.

ഇസ്രായേലിലേയും യൂദായിലെയും ജനങ്ങളെ എണ്ണിത്തിട്ടപ്പെടുത്താൻ ദാവീദു തീരുമാനിച്ചു. സേനാധിപൻ യൊവാബ് ആ തീരുമാനത്തെ ചോദ്യം ചെയ്തെങ്കിലും അവസാനം രാജകല്പനയ്ക്കു വഴങ്ങേണ്ടി വന്നു. എണ്ണം അറിഞ്ഞു കഴിഞ്ഞപ്പോൾ ദാവീദിനു കുറ്റബോധമുണ്ടായി. ഗാദ് പ്രവാചകൻ വഴി ദൈവം അറിയിച്ച മൂന്നു ശിക്ഷകളിൽ ഒന്ന് ദാവീദ് തിരഞ്ഞെടുത്തു. അതി രൂക്ഷമായ പകർച്ചവ്യാധി ദേശത്തു സംഹാര താണ്ഡവമാടി. കരുണ തോന്നിയ കർത്താവ് ശിക്ഷ ലഘൂകരിച്ച് ജറുസലെമിനെ മഹാമാരിയിൽ നിന്നും ഒഴിവാക്കി. സംഹാരദൂതൻ വാൾ ഉറയിലിടുന്നതായി കണ്ട സ്ഥലം ദാവീദ് വിലയ്ക്കു വാങ്ങി അവിടെ ബലിപീഠം പണിതു. കർത്താവിനു ബലിയർപ്പിച്ച് കരുണയ്ക്കായി പ്രാർത്ഥിച്ചപ്പോൾ മഹാമാരി നിലച്ചു.

ഈ സംഭവത്തിന്റെ വിവരണത്തിൽ ഉത്തരം കിട്ടാത്ത ചില പ്രശ്നങ്ങൾ നിലനില്ക്കുന്നു. ആദ്യ വാക്യം (24,1) മനസ്സിലാക്കുക എളുപ്പമല്ല. കർത്താവ് എന്തുകൊണ്ടാണ് ഇസ്രായേലിനോടു കോപിച്ചത് എന്നു വ്യക്തമല്ല. വീണ്ടും എന്നു പറയുന്നത് 21-ാം അദ്ധ്യായത്തിൽ വിവരിച്ച സംഭവത്തിനുശേഷണാണ് ഇതുണ്ടായതെന്ന് സൂചിപ്പിക്കുന്നു. ജനത്തെ കഷ്ടപ്പെടുത്താൻ കർത്താവ് ദാവീദിനെ പ്രേരിപ്പിച്ചു എന്ന പ്രസ്താവന എങ്ങിനെയാണ് മനസ്സിലാക്കേണ്ടത്? തിന്മ ചെയ്യാൻ കർത്താവ് പ്രേരിപ്പിക്കുമോ?



കർത്താവിന്റെ പ്രേരണയാലാണ് ദാവീദ് ജനസംഖ്യയെടുത്തതെങ്കിൽ അത് കുറ്റമാകുന്നതെങ്ങിനെ? ജനത്തെ എണ്ണുന്നത് കുറ്റകരമാകുന്നത് എന്തുകൊണ്ട്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എളുപ്പമല്ല. ഈ പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടാവണം ദാവീദിനെ പ്രേരിപ്പിച്ചത് സാത്താനാണെന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത്.

ജനത്തെ എണ്ണുന്നത് അതിൽത്തന്നെ പാപമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. സംഖ്യാ പുസ്തകത്തിൽ വിശദമായ ജനസംഖ്യാ കണക്കുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ ജനത്തെ മൊത്തമായി എണ്ണുകയല്ല, യുദ്ധം ചെയ്യാൻ കഴിവുള്ള പുരുഷന്മാരുടെ സംഖ്യ നിശ്ചയിക്കുകയാണ് ദാവീദിന്റെ ലക്ഷ്യം. തന്റെ സൈനിക ശക്തി എത്ര വലുതാണെന്ന് അറിയുന്നത് അഹങ്കാരത്തിന്റെയും കർത്താവിലുള്ള വിശ്വാസക്കുറവിന്റേയും അടയാളങ്ങളാണെന്ന് യൊവാബിന്റെ (24,3) വാക്കുകളിൽ നിന്ന് അനുമാനിക്കാം.

ഈ സംഭവത്തിൽ കർത്താവിനു നല്കിയിരിക്കുന്ന പങ്കാണ് പ്രധാന പ്രശ്നം. ഇസ്രായേലിൽ നിലവിലിരുന്ന പൊതുവായ ഒരു വിശ്വാസം ഈ പ്രശ്നത്തിലേക്കു വെളിച്ചം വീശാൻ സഹായിക്കും. സകലത്തിന്റെയും ഉറവിടം ദൈവമാണ് മനുഷ്യന്റെ പാപത്തെപ്പോലും നന്മക്കായി ദൈവം തിരിച്ചു വിടുന്നു. വ്യക്തികൾ സ്വതന്ത്രമായി ചെയ്യുന്ന പ്രവൃത്തി ആയതിനാൽ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ അവർക്ക് കഴിയില്ല. പക്ഷേ അതിലൂടെ ദൈവത്തിന്റെ നിഗൂഢ പദ്ധതി നടപ്പിലാവുകയാണ് ചെയ്യുന്നത്. തിന്മ ചെയ്യാൻ മനുഷ്യരെ ദൈവം അനുവദിക്കുന്നു എന്ന സത്യം തന്നെയാണ് “ദാവീദിനെ പ്രേരിപ്പിച്ചു” എന്ന പ്രസ്താവനയിലും പ്രതിഫലിക്കുന്നത്.

ദാവീദിന്റെ പ്രവൃത്തിയിൽ കർത്താവിന്റെ പങ്കിനെക്കുറിച്ചു വി. ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണം ഗ്രഹിക്കാൻ സംഭവങ്ങളുടെ വിവരണം കണക്കിലെടുക്കണം. മൂന്നു ചരിത്ര വസ്തുതകളാണ് ശ്രദ്ധയിൽപ്പെടുന്നത്. 1. ദാവീദ് ജനസംഖ്യാ കണക്കെടുത്തു. 2. ഏറെ താമസിയാതെ ദേശത്തു മഹാമാരിയുണ്ടായി. 3. ജറുസലെം മാരക രോഗത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ഈ സംഭവങ്ങളെ കാര്യകാരണങ്ങളായി ബന്ധപ്പെടുത്തുകയാണ് വി.ഗ്രന്ഥകാരൻ ചെയ്യുന്നത്. മാരകമായ പകർച്ച വ്യാധികൾ ദൈവിക ശിക്ഷയായി കരുതപ്പെട്ടിരുന്നു. ദാവീദ് ജനസംഖ്യാ കണക്കെടുത്തതാണ് ഈ ശിക്ഷയ്ക്കു കാരണം എന്ന് ജനം അനുമാനിച്ചു, ദാവീദും അപ്രകാരം വിശ്വസിച്ചു. ജനത്തിന്റെ തെറ്റുകൾക്കു ശിക്ഷി

ക്കാൻ വേണ്ടി ദൈവം തന്നെയാണ് ദാവീദിനെ ഇതിനു പ്രേരിപ്പിച്ചത് എന്ന് വി.ഗ്രന്ഥകാരൻ വ്യാഖ്യാനിച്ചു.

ജറുസലെം നഗരം നാശത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടത് കർത്താവ് ആ നഗരത്തിനു നല്കുന്ന പ്രത്യേക സംരക്ഷണത്തിന്റെ തെളിവാണ്. ദൈവത്തിന്റെ നഗരമായ ജറുസലെം ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല എന്ന വിശ്വാസം ജനത്തിൽ രൂഢമൂലമാകാൻ ഇതു കാരണമായി. ഏശയ്യായുടെ കാലത്തും ജറുസലെം ഇപ്രകാരം സംരക്ഷിക്കപ്പെടുകയുണ്ടായി (ഏശ 37,36-38; 2 രാജ 19,35-37). ഈ വിശ്വാസം വ്യർത്ഥമാണെന്ന് പിന്നീട് ജറെമിയായിലൂടെ ദൈവം വെളിപ്പെടുത്തി. (ജറെ 7,4).

ജനസംഖ്യ അവിശ്വസനീയമാം വിധം വലുതാണ്. രണ്ടു പുസ്തകങ്ങളിലും കൊടുത്തിരിക്കുന്ന സംഖ്യകൾ തമ്മിൽ വ്യത്യാസമുണ്ട്. ആയിരം എന്നത് ഒരു "ഗണം" എന്നു കണക്കാക്കിയാൽ സംഖ്യയുടെ ബാഹുല്യം ഒഴിവാകും. വിവരണങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

'ദാവീദിന്റെ ദീർഘദർശി" എന്നാണ് ഗാദിനെ വിശേഷിപ്പിച്ചിരിക്കുന്നത്. കർത്താവിന്റെ ഹിതം അറിഞ്ഞ് ഉചിതമായ നിർദ്ദേശങ്ങൾ നല്കുന്ന ഉപദേഷ്ടാവും ദാവീദിന്റെ ഉദ്യോഗസ്ഥനുമായി അയാളെ ചിത്രീകരിച്ചിരിക്കുന്നു. ഗാദ് മുന്നോട്ടു വയ്ക്കുന്ന മൂന്നു ശിക്ഷകൾ - ക്ഷാമം, യുദ്ധം, സാംക്രമിക രോഗം - ബൈബിളിൽ സാധാരണ പ്രത്യക്ഷപ്പെടുന്നവയാണ്. ആദ്യത്തേതു രണ്ടും ദാവീദ് അനുഭവിച്ചു കഴിഞ്ഞു. കർത്താവിന്റെ കൈകളിൽ സ്വയം ഏല്പ്പിച്ചു കൊടുക്കുന്നതിലൂടെ ദാവീദിന്റെ വിശ്വാസവും വിധേയത്വവും പ്രകടമാകുന്നു. ക്ഷാമവും യുദ്ധവും രാജാവിനെ അത്രതന്നെ ബാധിക്കുകയില്ല. പകർച്ച വ്യാധിയാകട്ടെ ആരെയും ഒഴിവാക്കുകയില്ല. അതിനാൽ തനിക്കു യാതൊരു പ്രത്യേക പരിഗണനയും വേണ്ടാ എന്ന ദാവീദിന്റെ തീരുമാനവും ഈ തിരഞ്ഞെടുപ്പിൽ പ്രകടമാകുന്നു. കുറ്റം ഏറ്റുപറയുകയും ശിക്ഷ മുഴുവൻ സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്യുമ്പോൾ (24,17) ദാവീദ് ഇതേ മനോഭാവം വെളിപ്പെടുത്തുന്നു. "പാവപ്പെട്ട ഈ ജനം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം ഈ അജഗണം എന്നാണ്. ആടുകളോടു കരുണയുള്ള ഇടയനായിട്ടാണ് ദാവീദ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

ജറുസലെം മലയുടെ ഏറ്റം ഉയർന്ന സ്ഥലത്തായിരുന്നു മെതിക്കളം. അതിന്റെ ഉടമ അരവ്നാ എന്നും ഓർനാൻ എന്നും രണ്ടു പേരുകളിൽ പ്രത്യക്ഷപ്പെടുന്നു. ഒരേ പേരിന്റെ തന്നെ രണ്ടു രൂപങ്ങളായിരിക്കാം



ഇത്. സ്ഥലത്തിനു വേണ്ടിയുള്ള വിലപേശൽ (24,22-24) അബ്രാഹം ശവപ്പറമ്പു വാങ്ങിയതിനെ (ഉൽപ 23,1-16) അനുസ്മരിപ്പിക്കുന്നു. മെതിക്കളത്തിന്റെ വിലയിൽ രണ്ടു വിവരണങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. 50 ഷെക്കൽ വെള്ളി (24,24) മെതിക്കളത്തിന്റെ മാത്രം വിലയാണെന്നും 600 ഷെക്കൽ സ്വർണ്ണം (1 ദിന 21,25) മൃഗങ്ങളും ചുറ്റുപാടുമുള്ള സ്ഥലങ്ങളും അടക്കം വാങ്ങിയതിന്റെ വിലയാണെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. സാമുവേലിന്റെ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന വില വളരെ കുറവായി കണ്ടതിനാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ തുക കൂട്ടിയതാണെന്ന് കരുതുന്നവരുമുണ്ട്. അത് എങ്ങിനെ ആയാലും സ്ഥലം വിലയ്ക്കു വാങ്ങാൻ തയ്യാറായ ദാവീദിന്റെ മനോഭാവമാണ് പ്രധാനം (24,24).

അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ബലിപീഠമൊരുക്കിയ സ്ഥലമായിരുന്നു അത്. അവിടെയാണ് പിന്നീട് സോളമൻ ദേവാലയം പണിയിച്ചത്. ദേവാലയത്തിനു വേണ്ട സ്ഥലം വാങ്ങി, ബലിപീഠം പണിത് ബലിയർപ്പിച്ചതിന്റെ വിവരണത്തോടെ സാമുവേലിന്റെ രണ്ടാം പുസ്തകം സമാപിക്കുന്നു. ദിനവൃത്താന്തം ഒന്നാം പുസ്തകം ഈ ആശയം കൂടുതൽ വിപുലീകരിച്ച്, ദേവാലയ നിർമ്മാണത്തിനുവേണ്ടി ദാവീദു നടത്തിയ ഒരുക്കങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. അങ്ങനെ ഈ സംഭവം ദേവാലയ നിർമ്മാണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**വിചിന്തനം:** തന്റെ സൈന്യ ബലത്തിൽ ഊറ്റംകൊണ്ട ദാവീദിന് ഒറ്റ ദിവസം കൊണ്ട് എഴുപതിനായിരം പേർ നഷ്ടപ്പെട്ടു. സമ്പത്തിലും ആൾബലത്തിലും ആയുധബലത്തിലും അഹങ്കരിക്കുന്നവർക്ക് വലിയൊരു താക്കീതാണിത്. ഒറ്റ ദിവസം കൊണ്ട് എല്ലാം നഷ്ടപ്പെട്ടെന്നു വരാം. ജനത്തിന്മേൽ പതിച്ച ശിക്ഷ സ്വയം ഏറ്റു വാങ്ങാൻ ദാവീദു സന്നദ്ധനായി. നേതാക്കന്മാർ ജനത്തെ സ്നേഹിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും പരിഹാരം അനുഷ്ഠിക്കുകയും ചെയ്യാൻ തയ്യാറാകണം. "എനിക്ക് ഒരു ചിലവുമില്ലാത്ത ദഹനബലി എന്റെ കർത്താവിനു ഞാൻ അർപ്പിക്കുകയില്ല" എന്ന ദാവീദിന്റെ പ്രഖ്യാപനം എന്നും പ്രസക്തമാണ്. ദൈവിക ശുശ്രൂഷയ്ക്കുവേണ്ടി ഉള്ളും ഉള്ളതും മാറ്റിവയ്ക്കാൻ തയ്യാറാകണം. സമയത്തിന്റെയും സമ്പത്തിന്റെയും കഴിവുകളുടെയും കാര്യത്തിൽ ഇതു ബാധകമാണ്. മറ്റൊന്നും ചെയ്യാനില്ലാത്തപ്പോൾ പ്രാർത്ഥിക്കുകയും ആവശ്യങ്ങളെല്ലാം നിറവേറ്റിക്കഴിഞ്ഞിട്ടു മാത്രം ദൈവിക കാര്യങ്ങൾക്കായി പണവും കഴിവും ചിലവഴിക്കുകയും ചെയ്യുന്നത് കർത്താവിനു സ്വീകാര്യമല്ല.

## ചോദ്യങ്ങൾ

1. സാവൂളിന്റെ മക്കളെ വധിക്കാൻ ഗിബയോൻകാരെ പ്രേരിപ്പിച്ച ചിന്ത എന്ത്? എപ്രകാരമാണ് ആ വധത്തെ അവർ വീക്ഷിച്ചത്?
2. ആരാണ് റിസ്പാ? അവളുടെ പ്രവൃത്തിയിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
3. ക്ഷാമബാധിതമായ രാജ്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന എപ്പോഴാണ് ദൈവം കേട്ടത്? എന്തു സന്ദേശമാണ് അതിൽ നിന്നു ലഭിക്കുന്നത്?
4. ദാവീദിന്റെ വീരയോദ്ധാക്കളെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്ന് എന്ത് ഉൾക്കാഴ്ചയാണ് നിങ്ങൾക്കു ലഭിക്കുന്നത്?
5. ദാവീദിന്റെ വിജയകീർത്തനത്തിലെ പ്രധാന ആശയങ്ങൾ ഏവ?
6. ദാവീദിന്റെ അന്ത്യവചസുകൾ ഒരു പ്രവചനമായിരുന്നു. എന്താണ് ആ പ്രവചനം? എപ്പോഴാണ് അതു പൂർത്തിയായത്?
7. മഹാമാരിയുടെ വിവരണത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
8. ജനസംഖ്യ എടുക്കുന്നതിനെ യൊവാബ് എതിർക്കാൻ കാരണമെന്ത്?
9. അരവ്നായുടെ മെതിക്കളത്തിന് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?

### ചർച്ചയ്ക്ക്

1. ദാവീദിന്റെ സങ്കീർത്തനത്തിൽ കർത്താവിനു നല്കിയിരിക്കുന്ന അപദാനങ്ങൾ കണ്ടുപിടിച്ച് അവയ്ക്കു നിങ്ങളുടെ ജിവീതത്തിൽ എന്തു പ്രാധാന്യവും പ്രസക്തിയും ഉണ്ടെന്നു ചർച്ച ചെയ്യുക.

2.“എനിക്കൊരു ചിലവുമില്ലാത്ത ദഹന ബലി കർത്താവിനു ഞാൻ അർപ്പിക്കുകയില്ല.” നിങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഈ പ്രസ്താവനയ്ക്ക് എന്തു സ്ഥാനമുണ്ട്?

**പ്രാർത്ഥന:** കർത്താവു നിങ്ങൾക്കു രക്ഷ നല്കിയ ഏതെങ്കിലും ഒരു അനുഭവത്തെ അനുസ്മരിച്ച് സ്വന്തമായൊരു പ്രാർത്ഥന രചിക്കുക.

******************



# 4. ദേവാലയ നിർമ്മാണത്തിന് ഒരുക്കം

## 1 ദിന 22-29

ജബൂസ്യനായ അരവ്നായുടെ മെതിക്കളം വിലയ്ക്കു വാങ്ങി ബലിപീഠം പണിത്, ബലിയർപ്പിച്ചതിന്റെ വിവരണത്തോടെ സാമുവേലിന്റെ ഒന്നാം പുസ്തകം അവസാനിച്ചു. സോളമന്റെ സ്ഥാനാരോഹണവും ദാവീദിന്റെ മരണവും രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിലാണ് വിവരിക്കുന്നത്. ദേവാലയം നിർമ്മിക്കാൻ ആവശ്യമായവ ശേഖരിക്കുകയും ദേവാലയം പണി കഴിപ്പിക്കുകയും ചെയ്തത് സോളമൻ ആണെന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ (1 രാജാ 5-6) രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥത്തിൽ അല്പം വ്യത്യസ്തമായ ഒരു വിവരണമാണ് നല്കിയിരിക്കുന്നത്. ദേവാലയ നിർമ്മാണത്തിനാവശ്യമായ സകലതും ദാവീദു തന്നെ സംഭരിച്ചു വയ്ക്കുകയും ദേവാലയത്തിന്റെയും അതുമായി ബന്ധപ്പെട്ട സകല കെട്ടിടങ്ങളുടെയും രൂപരേഖ തയ്യാറാക്കുകയും ചെയ്തു. തന്നെയുമല്ല, സോളമനും ജനത്തിനും ദേവാലയ നിർമ്മാണത്തെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളും നല്കി.

സോളമന്റെ സ്ഥാനാരോഹണത്തെക്കുറിച്ചും ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം രാജാക്കന്മാരുടെ പുസ്തകത്തിലേതിൽ നിന്ന് (1 രാജ 1-2) തികച്ചും വ്യത്യസ്തമാണ്. ഉപജാപങ്ങളുടെ മധ്യത്തിലാണ് സോളമൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടത് എന്നു രാജാക്കന്മാരുടെ പുസ്തകത്തിൽ വിവരിക്കുമ്പോൾ, ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം സമാധാനപരവും സ്വാഭാവികവുമായ ഒരു അധികാര കൈമാറ്റത്തെ സൂചിപ്പിക്കുന്നു. രാജാക്കന്മാരുടെ പുസ്തകത്തിൽ ചരിത്ര സംഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുമ്പോൾ, ദിനവൃത്താന്ത ഗ്രന്ഥകാരൻ ചരിത്ര വസ്തുതകളെ ആദർശവത്ക്കരിക്കുകയും ദൈവശാസ്ത്രപരമായി വിശദീകരിക്കുകയും ചെയ്യാൻ കൂടുതൽ താത്പര്യം കാണിക്കുന്നതാണ് ഈ വ്യത്യാസത്തിനു കാരണം.

ദേവാലയ നിർമ്മാണത്തിനുവേണ്ടി ദാവീദു രാജാവ് ചെയ്ത ഒരുക്കങ്ങളാണ് ദിനവൃത്താന്തം ഒന്നാം പുസ്തകത്തിന്റെ അവസാനത്തെ എട്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്. സാമുവേലിന്റെയോ രാജാക്കന്മാ

രുടെയോ പുസ്തകങ്ങളിൽ ഇതിനു സമാന്തരമായ വിവരണങ്ങളില്ല. ഒരുക്കങ്ങളെ മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. a. സോളമനു നിർദ്ദേശങ്ങൾ b.സേവക സംവിധാനം c.വീണ്ടും നിർദ്ദശങ്ങൾ

**a. സോളമനു നിർദ്ദേശങ്ങൾ 22,1-19**

ദൈവം ആകാശത്തു നിന്ന് അഗ്നിയിറക്കി ബലി സ്വീകരിച്ച സ്ഥലത്താണ് (21,26) ദേവാലയം പണിയാൻ ദാവീദ് നിശ്ചയിച്ചത്. അതിനാവശ്യമായ കല്ലും മരവും ലോഹങ്ങളും ശേഖരിച്ചതിനു പുറമെ, പണിക്ക് ആളുകളെയും സംഘടിപ്പിച്ചു (22,1-4). ഇസ്രായേലിലെ വിദേശികളെ വിളിച്ചു കൂട്ടാൻ കല്പിച്ചത് (22,2). അവരെ ദേവാലയ നിർമ്മാണത്തിനാവശ്യമായ ജോലികൾക്കു നിയോഗിക്കാൻ വേണ്ടിയാണ്. കർത്താവിനു വേണ്ടി പണിയുന്ന ആലയം ഏറ്റം മനോഹരമായിരിക്കണം (22,5) എന്ന ആഗ്രഹത്തിനു രണ്ടു ലക്ഷ്യങ്ങളുണ്ട്. 1. തനിക്കു ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾക്കു നന്ദി പ്രകടിപ്പിക്കാൻ വേണ്ടി ദൈവത്തിനു നല്കുന്ന കാഴ്ചയായതിനാൽ കഴിവിന്റെ പരാമവധി അതിനായി യത്നിക്കണം. 2. അതിലൂടെ കർത്താവിന്റെ മഹത്വം ലോകത്തെല്ലായിടത്തും അറിയപ്പെടണം. കർത്താവായ ദൈവത്തിനു നല്കുന്ന ഏറ്റം വലിയ സാക്ഷ്യമായിട്ടാണ് ദേവാലയത്തെ കാണുന്നത്.

സോളമനു നല്കുന്ന നിർദ്ദേശങ്ങളിൽ (22,6-16) നാഥാന്റെ പ്രവചനം (2 സാമു 7,5-16) വ്യാഖ്യാനിക്കുന്നതായി കാണാം. ആദ്യമേ ആ പ്രവചനം തന്റേതായ വാക്കുകളിൽ ദാവീദ് അവതരിപ്പിക്കുന്നു (22,7-10). കർത്താവിനുവേണ്ടി ആലയം പണിയാൻ അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും താൻ ഏറെ രക്തം ചിന്തുകയും യുദ്ധങ്ങൾ നടത്തുകയും ചെയ്തതിനാൽ അതിനുള്ള അർഹത നഷ്ടപ്പെട്ടു എന്ന് ദാവീദ് കൂട്ടിച്ചേർക്കുന്നു (22,8). രക്തച്ചൊരിച്ചിലും യുദ്ധങ്ങളും വെവ്വേറെ പറയുന്നതിനാൽ യുദ്ധത്തിലല്ലാതെ നടന്ന രക്തച്ചൊരിച്ചിലിനെക്കുറിച്ചും ഇവിടെ സൂചനയുണ്ട്. ഊറിയായുടെ വധവും ഈ സൂചനയിൽ പെടും. തനിക്കുശേഷം ദേവാലയം പണിയാൻ പോകുന്ന പുത്രൻ സോളമനാണെന്ന് കർത്താവു തന്നെ അറിയിച്ചതായി ദാവീദ് പ്രഖ്യാപിക്കുന്നു. കർത്താവു നല്കാൻ പോകുന്ന ശാന്തിയെയും സമാധാനത്തെയുംക്കുറിച്ചുള്ള പരാമർശം (22,9) യുദ്ധത്തിന്റെ അഭാവത്തെ മാത്രമല്ല, സർവ്വതോന്മുഖമായ ഉന്നമനത്തെയും ദൈവിക സാന്നിധ്യത്താൽ ഉണ്ടാകുന്ന നന്മയെയും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ തന്നെ വിശ്രമത്തിലുള്ള



(ഉൽപ 2,2) പങ്കുചേരലാണിത്. വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ച് വാസമുറപ്പിക്കുമ്പോൾ ലഭിക്കുന്ന വിശ്രമത്തെക്കുറിച്ച് നിയ. 12,9-11ൽ സൂചിപ്പിച്ചിട്ടുണ്ട്. മോശയിലൂടെ കർത്താവ് വാഗ്ദാനം ചെയ്ത വിശ്രമം സോളമന്റെ കാലത്ത് യാഥാർത്ഥ്യമാകുമെന്ന് എടുത്തു പറയുന്നു.

"കർത്താവു നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ" എന്ന ആശംസ ആരംഭത്തിലും അവസാനത്തിലും ആവർത്തിച്ചുകൊണ്ട് (22,11.16) അവയ്ക്കു മധ്യേ ഉപദേശങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചിരിക്കുന്നു. ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ദൗത്യവാഹകനെ പ്രാപ്തനാക്കുന്നതാണ് കർത്താവിന്റെ സാന്നിധ്യം. കർത്താവ് കൂടെയുണ്ട് എന്ന ബോധ്യം ശക്തിയും ധൈര്യവും നല്കുന്നു (22,13; ജോഷ്വാ 1,5-6.18). കർത്താവിന്റെ കല്പനകൾ അനുസരിക്കാൻ ആവശ്യമായ വിവേകവും അറിവും കർത്താവിന്റെതന്നെ ദാനമാണെന്ന് അനുസ്മരിപ്പിക്കുന്നതോടൊപ്പം പ്രമാണങ്ങൾ അനുസരിച്ചാൽ മാത്രമേ ശാന്തിയും സമാധാനവും ആസ്വദിക്കാൻ കഴിയൂ എന്നും പിതാവു പുത്രനെ ബോധ്യപ്പെടുത്തുന്നു. ദാവീദ് സോളമനു നല്കുന്ന ഈ ഉപദേശങ്ങൾ മോശ അധികാരം കൈമാറിയപ്പോൾ ജോഷ്വായ്ക്കു നല്കിയ ഉപദേശങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് (1 നിയ 31,7-8). സോളമന്റെ യുവത്വത്തെയും അനുഭവക്കുറവിനെയുംക്കുറിച്ചുള്ള പരാമർശത്തിന്റെ വെളിച്ചത്തിൽ (22,5) 'ശക്തനും ധീരനുമായിരിക്കുക' എന്ന ഉപദേശം (22,13) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സ്വന്തം അറിവിലും കഴിവിലുമല്ല, കർത്താവിലാണ് ആശ്രയിക്കേണ്ടത്.

ദാവീദ് സംഭരിച്ചു വച്ച വസ്തുക്കളുടെ വിവരണത്തിൽ (22,14) അതിശയോക്തിയുണ്ട്. ഏകദേശം 34 കിലോഗ്രാമാണ് ഒരു താലന്ത്. ദേവാലയ നിർമ്മാണത്തിനു വേണ്ടി ദാവീദു സഹിച്ച ത്യാഗങ്ങളെയും അദ്ദേഹത്തിന്റെ ഔദാര്യത്തെയും ഊന്നിപ്പറയുകയാണ് ഈ അതിശയോക്തിയുടെ ലക്ഷ്യം. അതിലൂടെ അനുവാചകരെയും ഔദാര്യത്തിനു പ്രേരിപ്പിക്കുന്നു. 29,1-5ൽ ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

സോളമന് ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കിയതിനുശേഷം ദാവീദ് ഇസ്രായേലിലെ എല്ലാ നായകന്മാർക്കും നിർദ്ദേശങ്ങൾ നല്കി (22,17-19). കർത്താവിന്റെ വാഗ്ദാനങ്ങൾ ഒന്നൊഴിയാതെ പൂർത്തിയായി എന്ന് അനുസ്മരിപ്പിക്കുകയാണ് ആദ്യമേ ചെയ്യുന്നത്. തുടർന്ന് അതിപ്രധാനമായ ഒരു ആഹ്വാനം നല്കുന്നു. "നിങ്ങളുടെ ദൈവമായ കർത്താ

വിനെ അന്വേഷിക്കാൻ ഹൃദയവും മനസ്സും ഒരുക്കുവിൻ" (22,19). കർത്താവിനുവേണ്ടി ഭൗതികമായ ആലയം പണിയുന്നതിനു മുമ്പേ ഹൃദയം ദൈവത്തിനു വാസയോഗ്യമാക്കണം.

**വിചിന്തനം:** രക്തം ചൊരിഞ്ഞ ദാവീദിനെ ദേവാലയം പണിയാൻ കർത്താവ് അനുവദിച്ചില്ല. സഹോദരങ്ങളുടെ രക്തം ചൊരിയുന്നവർക്ക് ദേവാലയം പണിയാൻ അവകാശമില്ല. അവർ പണിയുന്ന ആലയങ്ങളിൽ ദൈവം വസിക്കുകയുമില്ല.

## b. സേവക ഗണങ്ങൾ 23,1-27,34

ദേവാലയ നിർമ്മാണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുരുക്കമായി അവതരിപ്പിച്ചതിനുശേഷം ദേവാലയത്തിൽ ചെയ്യേണ്ട വിവിധ ശുശ്രൂഷകളെയും അവയ്ക്ക് ഉത്തരവാദപ്പെട്ടവരെയുംക്കുറിച്ച് പ്രതിപാദിക്കുന്നു. ലേവ്യർ (23), പുരോഹിതന്മാർ (24), ഗായകർ (25), വാതിൽ കാവല്ക്കാർ (26) എന്നീ നാലു ഗണങ്ങൾ ദേവാലയുമായി ബന്ധപ്പെട്ട ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെടുന്നു. സേനാനായകന്മാരും നേരിട്ടു ബന്ധപ്പെട്ടതല്ലെങ്കിലും ദേശത്തു സമാധാനവും സമൃദ്ധിയും നിലനില്ക്കാൻ സഹായിക്കുന്നതിലൂടെ, വ്യാപകമായ അർത്ഥത്തിൽ അവരും ദൈവശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്.

വിവിധ ശുശ്രൂഷകളെയും ശുശ്രൂഷികളെയുംക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ദാവീദു തന്നെ നേരിട്ടു നല്കിയതായി ഇവിടെ വിവരിക്കുന്നു. എന്നാൽ വിപുലവും സങ്കീർണ്ണവുമായ ഈ സംവിധാനങ്ങൾ കാലക്രമത്തിൽ രൂപം കൊണ്ടതാണെന്നും പ്രവാസനന്തരം ഗ്രന്ഥരചന നടത്തുന്നവി. ഗ്രന്ഥകാരന്റെ കാലത്ത് നിലവിലിരുന്ന സംവിധാനങ്ങളുടെ വിവരണമാണ് ഇവിടെ നല്കുന്നതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പഞ്ചഗ്രന്ഥത്തിലെ നിയമങ്ങൾ മുഴുവൻ മോശയിൽ ആരോപിച്ചതുപോലെ, ദേവാലയ സംബന്ധിയായ സകല സംവിധാനങ്ങളും ദാവീദിൽ ആരോപിച്ചതായി അനുമാനിക്കാം. കർത്താവിന്റെ കൂടാരത്തിലെ ശുശ്രൂഷയ്ക്ക് ആവശ്യമായ ചില സംവിധാനങ്ങൾ ദാവീദു തന്നെ ആരംഭിച്ചു എന്നതിൽ സംശയമില്ല. അനുഗൃഹീത ഗായകനായ അദ്ദേഹം ഗായക ഗണങ്ങൾക്കു പ്രത്യേക പ്രാധാന്യം നല്കിയെന്നതും തികച്ചും സ്വാഭാവികമത്രെ. ദാവീദ് തുടങ്ങി വച്ച സംവിധാനങ്ങൾ ക്രമേണ വികസിച്ചു; പുതിയ തസ്തികകൾ രൂപം കൊള്ളുകയും ചെയ്തു. എന്നാലും അവയുടെ എല്ലാം തുടക്കം ദാവീദിൽ കാണാം. മോശയുടേതുപോലുള്ള



ഒരു ആധികാരികതയാണ് ഇക്കാര്യത്തിൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ ദാവീദിനു നല്കുന്നത്.

"ദാവീദു വൃദ്ധനായപ്പോൾ സോളമനെ രാജാവാക്കി" (23,1) എന്ന പ്രസ്താവനയോടെയാണ് ശുശ്രൂഷകരെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത്. ലേവീ ഗോത്രത്തിൽ പെട്ടവരെയെല്ലാം ലേവ്യർ എന്നു വിശേഷിപ്പിക്കുമ്പോൾ അഹറോന്റെ സന്തതി പരമ്പരയെ മാത്രം പുരോഹിതന്മാരായി പരിഗണിക്കുന്നു. ലേവ്യരുടെ സംഖ്യ അവതരിപ്പിക്കുമ്പോൾ ആയിരം എന്നത് 'ഒരു ഗണം' എന്ന അർത്ഥത്തിലായിരിക്കാം വിവക്ഷിക്കുന്നത്. നാലു തസ്തികകളാണ് ലേവ്യർക്കു നിർദ്ദേശിക്കുന്നത് (23,4-6). ഏറ്റം കൂടുതൽ ആളുകളെ ദേവാലയ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നു. 24 ഗണങ്ങളായി തിരിച്ച് ഓരോ ഗണത്തിനും ഓരോ മാസത്തെ ശുശ്രൂഷയാണ് ഏല്പ്പിക്കുന്നത്. ദേവാലയത്തിന്റെ നടത്തിപ്പിനും ദേശത്ത് ന്യായം വിധിക്കുന്നതിനുമായി ആറായിരം പേരെയും വാതിൽ കാവല്ക്കാരും ഗായകരുമായി നാലായിരം പേരെ വീതവും നിയോഗിച്ചു. ലേവ്യരെ പൊതുവിൽ മൂന്നു കുലങ്ങളായി തിരിച്ച് ഓരോന്നിന്റെയും വംശാവലികൾ ചുരുക്കമായി നല്കിയിരിക്കുന്നു (23,7-24). കൊഹാത്തിന്റെ പുത്രനായ അമ്റാമിന്റെ പുത്രന്മാരാണ് മോശയും അഹറോനും. പക്ഷേ അഹറോനും പുത്രന്മാരും പുരോഹിതന്മാരായി നിയോഗിക്കപ്പെടുമ്പോൾ മോശയുടെ പുത്രന്മാർ ഒരു പടി താഴെ, ലേവ്യരുടെ കൂടെ എണ്ണപ്പെടുന്നു (23,12-15).

മരുഭൂമിയിലൂടെ യാത്രചെയ്തിരുന്ന കാലത്ത് ഉടമ്പടിയുടെ പേടകവും കൂടാരവും മറ്റു സാമഗ്രികളും ചുമലിൽ വഹിക്കുകയായിരുന്നു ലേവ്യരുടെ മുഖ്യ കടമ (സംഖ്യ 4,1-33). പേടകം ജറുസലെമിൽ സ്ഥിരമായി സ്ഥാപിച്ചതോടെ ആ ജോലി ഇല്ലാതായി. തൽസ്ഥാനത്ത് പുതിയ ജോലികൾ നല്കപ്പെട്ടു (23,25-32). പ്രഭാതത്തിലും പ്രദോഷത്തിലും കർത്താവിനെ സ്തുതിക്കുക എന്ന കടമ (23,30) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവജനത്തിന്റെ മുഴുവൻ പ്രതിനിധികളായി ദൈവത്തിനു സ്തുതി കീർത്തനങ്ങളാലപിക്കാൻ വിളിക്കപ്പെട്ടവരാണ് ലേവ്യർ. മറ്റു ബലികളും കാഴ്ചകളും എല്ലാം യേശുവിന്റെ ഏകബലിയോടെ അപ്രസക്തമായിത്തീർന്നു. എന്നാൽ സ്തുതിയുടെ ബലികൾ അർപ്പിക്കുക എന്നും പ്രസക്തമത്രെ.

ശുശ്രൂഷയിൽ പ്രവേശിക്കുന്ന ലേവ്യരുടെ പ്രായത്തെക്കുറിച്ച്

23,3ൽ മുപ്പതു വയസ്സെന്നും 23,27ൽ ഇരുപതു വയസ്സെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ശുശ്രൂഷകൾ വർദ്ധിക്കുകയും അംഗസംഖ്യ കുറയുകയും ചെയ്തപ്പോൾ പ്രായം ഇരുപതായി കുറച്ചതാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. വിവിധ ശുശ്രൂഷകൾ ആരംഭിക്കാൻ വ്യത്യസ്ത പ്രായ പരിധികൾ നിശ്ചയിച്ചിരുന്നതാണ് കാരണം എന്നു മറ്റു ചിലർ അഭിപ്രായപ്പെടുന്നു. പല കാലഘട്ടങ്ങളിൽ നിലവിലിരുന്നതായിരിക്കാം പ്രായത്തെക്കുറിച്ചുള്ള ഈ വ്യത്യസ്ത നിയമങ്ങൾ.

പുരോഹിതന്മാരെ 24 ഗണമായി തിരിച്ചിരിക്കുന്നു (24,1-31). ഒളിച്ചോട്ടക്കാലത്ത് ദാവീദിന്റെയടുക്കൽ അഭയം തേടിയ പുരോഹിതനാണ് അഹിമെലെക്കിന്റെ പുത്രനായ അബിയാഥർ (1 സാമു 22,20). അയാൾ ദാവീദിനോടൊപ്പം എന്നും ഉണ്ടായിരുന്നു. എന്നാൽ അദോനിയായുടെ പക്ഷം ചേർന്നതിനാൽ സോളമൻ അയാളെ പുരോഹിത സ്ഥാനത്തു നിന്നും ബഹിഷ്കരിച്ചു (1 രാജാ 1,7; 2,26-27). ഇതുകൊണ്ടായിരിക്കാം അബിയാഥർ എന്ന പേരിനു പകരം അബിയാഥറിന്റെ മകൻ അഹിമെലെക്ക് എന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ അയാളെ വിളിക്കുന്നത് (24,6). പുരോഹിതന്മാരെ ഗണങ്ങളായി തിരിച്ചതും അവർക്കു ശുശ്രൂഷാക്രമം നിശ്ചയിച്ചതും നറുക്കിട്ടായിരുന്നു. പക്ഷാഭേദം കൂടാതെ എല്ലാവർക്കും തുല്യ പരിഗണന നല്കാൻ വേണ്ടിയായിരുന്നു ഇത്.

ഗായകരാണ് ദേവാലയ ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ട ലേവ്യരുടെ രണ്ടാമത്തെ വിഭാഗം (25, 1-31). അവരെയും നറുക്കിട്ട് 24 ഗണങ്ങളായി തിരിച്ചിരിക്കുന്നു. ഗായകന്മാർ പ്രവചനം നടത്തി (25,2-3) എന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. 'പ്രവചിക്കുക' എന്ന പദം ഇവിടെ ഒരു പ്രത്യേക അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. കർത്താവിന്റെ വചനങ്ങൾ അറിയിക്കുക എന്നതാണ് പ്രവചനം കൊണ്ട് സാധാരണ അർത്ഥമാക്കുക. അത് കുറ്റാരോപണമോ ശിക്ഷാവിധിയോ രക്ഷാവാഗ്ദാനമോ ആകാം. എന്നാൽ, ഇവിടെ കർത്താവിന് സ്തുതിഗീതങ്ങൾ ആലപിക്കുന്നതിനെയാണ് 'പ്രവചനം' എന്നു വിശേഷിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ സങ്കീർത്തനങ്ങളെല്ലാം തന്നെ പ്രവചനങ്ങളാണ്. ഗായകരുടെ പൂർവ്വികരായി പേരെടുത്തു പറയുന്ന മൂവരിൽ (25,1) ആസാഫിന്റെയും യദുഥൂനിന്റെയും പേരിൽ പല സങ്കീർത്തനങ്ങളും അറിയപ്പെടുന്നു എന്നതും ശ്രദ്ധേയമത്രെ. ആസാഫ് : സങ്കീ 50; 73-83; യദുഥൂൻ: 39;62. "കോറഹിന്റെ പുത്രന്മാരുടെ സങ്കീർത്തനം" എന്ന പേരിൽ ഹേമാൻ ഉൾപ്പെടുന്നുണ്ടാവാം: സങ്കീ 42-49; 84;85;87;88.



ലേവ്യരുടെ മൂന്നാമത്തെ വിഭാഗം വാതിൽ കാവല്ക്കൽ എന്ന പേരിൽ അറിയപ്പെടുന്നു (26,1-32). ദേവാലയത്തിന്റെയും അതുമായി ബന്ധപ്പെട്ട സകല സംവിധാനങ്ങളുടെയും സുരക്ഷിതത്വം ഇവരുടെ ഉത്തരവാദിത്വമായിരുന്നു. കാവൽ സേനയുടെ ദൗത്യമാണ് ഇവർക്കുണ്ടായിരുന്നത്. ദേവാലയത്തിലും പരിസരത്തും ക്രമസമാധാനം പാലിക്കുക, വസ്തുവകകൾ സംരക്ഷിക്കുക തുടങ്ങിയവ ഈ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. ഭണ്ഡാരം സൂക്ഷിപ്പുകാരും (26,20-28) കാവല്ക്കാരുടെ ഗണത്തിൽ പെടുന്നു. ഇസ്രായേലിൽ ഒറ്റ ദേവാലയമേ ഉണ്ടായിരുന്നുള്ളൂ. സകല ജനങ്ങളും അവിടെ വന്ന് ബലികളും കാഴ്ചകളും സമർപ്പിച്ചിരുന്നതിനാൽ ദേവാലയത്തിൽ വളരെയേറെ സമ്പത്ത് വന്നു ചേർന്നിരുന്നു. ഇതിന്റെ മുഴുവൻ മേൽനോട്ടമാണ് ഭണ്ഡാരം സൂക്ഷിപ്പുകാർക്കുണ്ടായിരുന്നത്.

രാജസേവകന്മാരായും ന്യായാധിപന്മാരായും വർത്തിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് ലേവ്യരുടെ നാലാമത്തെ വിഭാഗം (26,29-32). ഉടമ്പടിയുടെ നിയമങ്ങൾ ജനത്തെ പഠിപ്പിക്കുകയും അനുദിന ജീവിതവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുകയും തർക്കങ്ങളിൽ തീർപ്പു കല്പിക്കുകയും ലേവ്യരുടെ കടമയായിരുന്നു (നിയ 17,9; 33,10). രാജ്യഭരണവും ദൈവശുശ്രൂഷയായി കരുതുന്നതിനാലാവാം ലേവ്യരെ രാജ സേവകരായും നിയോഗിക്കുന്നത്. ദൈവശുശ്രൂഷയുമായി ബന്ധപ്പെടാത്ത ഒരു മേഖലയും ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ ഇല്ലായിരുന്നു. അതിനാൽ ശുശ്രൂഷകരുടെ പട്ടികയിൽ സേനാനായകന്മാരെയും (27,1-24) ദാവീദിന്റെ സ്വത്തുകൾക്ക് മേൽനോട്ടം വഹിച്ചിരുന്നവരെയും (27,25-34) പെടുത്തിയിരിക്കുന്നു.

### c. വീണ്ടും നിർദ്ദേശങ്ങൾ 28,1-29,30

ദേവാലയ നിർമ്മാണത്തെ സംബന്ധിച്ച് 22-ാം അദ്ധ്യായത്തിൽ വിവരിച്ച കാര്യങ്ങൾ അല്പം വ്യത്യസ്തമായി വീണ്ടും ഒരിക്കൽകൂടി വിവരിക്കുന്നു. ആദ്യത്തെ വിവരണത്തിൽ നിർദ്ദേശങ്ങൾ സോളമനു രഹസ്യമായിട്ടാണ് നല്കിയത്. ഇവിടെ സകല ഉദ്യോഗസ്ഥന്മാരുടെയും മുമ്പിൽ ആ നിർദ്ദേശങ്ങൾ ആവർത്തിക്കുന്നു. തന്റെ ആഗ്രഹത്തെയും കർത്താവിന്റെ വാഗ്ദാനത്തെയുംക്കുറിച്ചാണ് ദാവീദ് സേവകന്മാരോടു പറയുന്നത്. കർത്താവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിക്കാനുള്ള ആഗ്രഹത്തോടെ പ്രസംഗത്തിന്റെ ആദ്യ ഭാഗം (28,1-8) സമാപി

ക്കുന്നു. സോളമനും ജനവും ഒരുപോലെ പ്രമാണങ്ങൾ അനുസരിച്ചാൽ മാത്രമേ ഐശ്വര്യം അനുഭവിക്കാനും ദേശത്തു നിലനില്ക്കാനും കഴിയൂ എന്നത് മോശ ഇസ്രായേൽ ജനത്തിനു നല്കിയതുപോലുള്ള ഒരു താക്കീതാണ്.

സോളമനെ പേരു വിളിച്ച് ഈ താക്കീത് ആവർത്തിക്കുന്നു (28,9). മനുഷ്യരുടെ ഹൃദയങ്ങൾ പരിശോധിച്ച് ഏറ്റം നിഗൂഢമായ വികാരങ്ങളും ആഗ്രഹങ്ങളും പോലും അറിയുന്നവനാണ് ദൈവം. പൂർണ്ണ ഹൃദയത്തോടെ അവിടുത്തെ ഹിതം അറിയാനും അനുവർത്തിക്കാനും ശ്രമിക്കുന്നവർക്കു മാത്രമേ തിരു സാന്നിധ്യം അനുഭവിക്കാൻ കഴിയൂ. ദേവാലയ സംബന്ധിയായ സകല സംവിധാനങ്ങളുടെയും രൂപ രേഖ ദാവീദു തന്നെ തയ്യാറാക്കി വച്ചിരുന്നത് സോളമനെ ഏല്പ്പിക്കുമ്പോൾ (28,10-19) ഇവയൊന്നും പൂർത്തിയാക്കാൻ കഴിയാത്തതിലുള്ള ഇഛാഭംഗത്തിന്റെ നിഴൽ കാണാം. ആരാധനയ്ക്കു വേണ്ടിയുള്ള സകല ഉപകരണങ്ങളുടെയും രൂപരേഖ സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്കു വെളിപ്പെടുത്തിയതിനെ (പുറ 25-31) അനുസ്മരിപ്പിക്കുന്നതാണ് ദേവാലയത്തിന്റെ രൂപരേഖ കർത്താവു തന്നെ എഴുതി ഏല്പ്പിച്ചിട്ടുള്ളതാണെന്ന പ്രസ്താവന (28,19). മരുഭൂമിയിലെ സാക്ഷ്യകൂടാരം എന്നതുപോലെ ജറുസലെമിലെ ദേവാലയവും ദൈവത്തിന്റെ പ്ലാനും പദ്ധതിയമനുസരിച്ചാണ് നിർമ്മിച്ചതെന്ന് ഇതിലൂടെ വി.ഗ്രന്ഥകാരൻ എടുത്തു പറയുന്നു.

ദേവാലയ നിർമ്മാണത്തിനുവേണ്ടി കാണിക്കകൾ സമർപ്പിക്കുന്നതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത് (29,1-9). ദാവീദു നല്കിയ കാഴ്ചകൾ ആദ്യമേ വിവരിക്കുന്നു. പൊതുവായി ശേഖരിച്ചതിനു പുറമേ സ്വന്തം ഭണ്ഡാരത്തിൽ നിന്ന് ദാവീദ് വളരെ വലിയ കാഴ്ചകൾ സമർപ്പിച്ചു. 'സെഗുള്ള" എന്ന ഹീബ്രു വാക്കാണ് ഭണ്ഡാരം എന്നു വിവർത്തനം ചെയ്യുന്നത് (29,3). ഇടന്മാർ തങ്ങൾക്കു വേണ്ടി മാറ്റി നിർത്തുന്ന ഏറ്റം നല്ല ആടുകളെയാണ് ഈ പദം സൂചിപ്പിച്ചിരുന്നത് (പുറ 19,5, തീർത്ഥാടനം 5-6 p-92). സ്വന്തം ഉപയോഗത്തിനും ജീവസന്ധാരണത്തിനും വേണ്ടി മാറ്റി വയ്ക്കുന്ന സ്വത്തിനെ സൂചിപ്പിക്കാൻ ഈ പദം പിൽക്കാലത്ത് ഉപയോഗിച്ചിരിക്കുന്നു. മിച്ചമുള്ളതു മാത്രമല്ല, സ്വന്തം ആവശ്യത്തിനു വേണ്ടതും ദൈവത്തിനു കാഴ്ച വയ്ക്കാൻ ദാവീദു തയ്യാറായി എന്ന് ഈ പദം സൂചിപ്പിക്കുന്നു. രാജാവിന്റെ മാതൃകയനുസരിച്ച് സകല നേതാക്കന്മാരും കാഴ്ചകൾ നല്കി. സ്വമനസ്സാ



കർത്താവിനുവേണ്ടി കാണിക്കകളർപ്പിക്കാൻ കഴിഞ്ഞതിൽ എല്ലാവരും സന്തോഷിച്ചു.

കാണിക്കകൾ സമർപ്പിച്ചതിനുശേഷം ദാവീദു നടത്തിയ പ്രാർത്ഥന (29,10-19) ദൈവത്തിന്റെ സർവ്വാധിപത്യം വിനയത്തോടെ ഏറ്റുപറയുന്നു. സ്വന്തമായി ഒന്നുമില്ലാത്തവരാണ് മനുഷ്യർ. രാജാവും പ്രഭുക്കന്മാരും അതിന് അപവാദമല്ല. മനുഷ്യന്റെ സകല സമ്പത്തും ദൈവം ദാനമായി നല്കിയതത്രെ. ഈ സത്യം അംഗീകരിക്കുകയും പൂർണ്ണ ഹൃദയത്തോടെ കർത്താവിനു സ്വയം സമർപ്പിക്കുകയും ചെയ്യുമ്പോൾ മനുഷ്യഹൃദയങ്ങൾ സന്തോഷ പൂരിതമാകുന്നു. കർത്താവിന്റെ നിയമങ്ങൾ പാലിക്കാനും ദേവാലയം നിർമ്മിക്കാനും സോളമനെ അനുഗ്രഹിക്കണമേ എന്നു യാചിച്ചുകൊണ്ടാണ് പ്രാർത്ഥന സമാപിക്കുന്നത്.

രാജകല്പനപ്രകാരം ജനം മുഴുവൻ കർത്താവിനെ കുമ്പിട്ടാരാധിച്ചു; സമാധാന ബലികളർപ്പിച്ചും ബലി വസ്തുക്കൾ ഭക്ഷിച്ചും കർത്താവിന്റെ മുമ്പിൽ സന്തോഷിച്ചു (29,20-22). സോളമനെ രാജാവായും സാദോക്കിനെ പുരോഹിതനായും അഭിഷേകം ചെയ്തതിനുശേഷമാണ് സമ്മേളനം സമാപിച്ചത് (29.22). സോളമന്റെ ഭരണത്തെക്കുറിച്ചു സൂചിപ്പിച്ചതിനുശേഷം (29,23-25) ദാവീദിന്റെ മരണത്തെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിക്കുന്നു (29,26-28).

ദാവീദിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മറ്റു മൂന്നു ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് ദിനവൃത്താന്തം ഒന്നാം പുസ്തകം സമാപിക്കുന്നത്. ഈ ഗ്രന്ഥങ്ങൾ ഏവയെന്ന് നിശ്ചയമില്ല. സാമുവേലിന്റെ പേരിലുള്ള രണ്ടു പുസ്തകങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതുന്നവരുണ്ട്. ഇന്നു ലഭ്യമല്ലാത്ത ഏതോ രേഖകളാണ് ഇവയെന്ന് മറ്റു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ദാവീദിനെക്കുറിച്ചുള്ള വിലയിരുത്തൽ (29,30) മോശയെക്കുറിച്ചുള്ള വിലയിരുത്തലിനെ (നിയ 34,10-12) അനുസ്മരിപ്പിക്കുന്നു.

**വിചിന്തനം:** ദൈവജനത്തിന്റെ പരമപ്രധാനമായ കടമയാണ് ദൈവാരാധന. തന്നെ ആരാധിക്കാൻ വേണ്ടിയാണ് ദൈവം ഒരു ജനത്തെ പ്രത്യേകമായി തിരഞ്ഞെടുക്കുകയും അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, സ്വന്തമായി ഒരു രാജ്യം നല്കി വളർത്തുകയും ചെയ്തത്. അവർക്കു സ്വസ്ഥത ലഭിച്ചപ്പോൾ ദൈവാലയം പണിയുന്നതിനെക്കുറിച്ച് അവർ ചിന്തിച്ചു.

അതിനുവേണ്ടി സന്തോഷപൂർവ്വം ഉദാരമായി കാഴ്ചകൾ സമർപ്പിച്ചു. എന്നാൽ കല്ലും തടിയുംകൊണ്ട് ആലയം പണിയുന്നതിനു മുമ്പേ ഹൃദയം ദേവാലയമാക്കി മാറ്റണമെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. ദൈവാരാധനയാണ് മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പരമമായ ലക്ഷ്യം. ദൈവത്തോടൊന്നിച്ചായിരിക്കുക, അവിടുത്തെ സാന്നിധ്യത്തിൽ സന്തോഷിക്കുക, അവിടുത്തെ മഹത്വം പ്രകീർത്തിക്കുക, സകലതും ദൈവത്തിന്റെ ദാനമാണെന്ന് സന്തോഷപൂർവ്വം ഏറ്റു പറഞ്ഞ് ദൈവത്തിനു പൂർണ്ണമായി സ്വയം സമർപ്പിക്കുക - ഇതെല്ലാം ആരാധനയുടെ ഭാഗമാണ്.

സകല ജനതകളും തങ്ങളുടേതായ രീതിയിൽ ഇന്നും ദൈവാലയങ്ങൾ പണിയുന്നു. അതിനുവേണ്ടി ഉദാരമായി ദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഹൃദയത്തിൽ ആലയം പണിയുകയാണ് കൂടുതൽ ആവശ്യമെന്നു പലപ്പോഴും മറക്കുന്നു. ജറുസലേം ദേവാലയം നശിപ്പിക്കപ്പെട്ടു. തൽസ്ഥാനത്ത് ദൈവപുത്രൻ സ്വീകരിച്ച മനുഷ്യ ശരീരം ദൈവാലയമായിത്തീർന്നു (യോഹ 2,21). ഉത്ഥിതനായ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയാണ് ഇന്ന് യഥാർത്ഥ ദൈവാലയം (എഫേ 1,22; 2,20; 4,12). ക്രിസ്തുവിന്റെ സഭയാകുന്ന ദേവാലയത്തിലാണ് ഇന്ന് യഥാർത്ഥ ആരാധന അർപ്പിക്കപ്പെടേണ്ടത്. ഭൗതികമായ ദേവാലയം നിർമ്മിക്കുന്നതിനുവേണ്ടി കാഴ്ചകൾ നല്കുന്നതിനെക്കാൾ കൂടുതൽ താൽപര്യത്തോടെ ക്രിസ്തുവിന്റെ അവയവങ്ങളായ മനുഷ്യവ്യക്തികളെ, അതും ഏറ്റം ദരിദ്രരും നിസ്സഹായരും ആയവരെ, സംരക്ഷിക്കാൻ നാം കടപ്പെട്ടിരിക്കുന്നു.

നമുക്കു ലഭിച്ചിരിക്കുന്നതെല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന അവബോധം അഹങ്കാരത്തിൽ നിന്നും അസൂയയിൽ നിന്നും നമ്മെ വിമുക്തരാക്കും; ഉദാരമായി ദാനം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഭൂമിയിലെ നമ്മുടെ ദിനങ്ങൾ പരിമിതങ്ങളാണെന്ന അറിവ് (29,15-16) അന്യന്റേതു കൂടെ അപഹരിച്ച് ധനികരാകാനുള്ള മോഹത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കണം. ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നവനാണ്. അവിടുത്തെ ദൃഷ്ടിയിൽ നിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. നാം കൊടുക്കുന്ന കാഴ്ചകളുടെ അളവല്ല, ഹൃദയ നൈർമ്മല്യവും ഉദ്ദേശ്യ ശുദ്ധിയുമാണ് അവിടുന്ന് പരിഗണിക്കുന്നത്.



## ചോദ്യങ്ങൾ

1. ദാവീദിനെ ദൈവാലയം പണിയാൻ ദൈവം അനുവദിക്കാതിരുന്നത് എന്തുകൊണ്ട്?
2. ദൈവാലയ നിർമ്മാണത്തിനായി എന്തെല്ലാം ഒരുക്കങ്ങളാണ് ദാവീദ് ചെയ്തത്? എന്തൊരുക്കമാണ് ജനത്തിൽ നിന്ന് ആവശ്യപ്പെട്ടത്?
3. എന്തെല്ലാം ദൗത്യങ്ങളാണ് ലേവ്യരെ ഏല്പിച്ചിരിക്കുന്നത്?
4. ദൈവാലയ നിർമ്മാണത്തെക്കുറിച്ചുള്ള നാഥാന്റെ പ്രവചനവും ദിനവൃത്താന്ത ഗ്രന്ഥത്തിലെ ദാവീദിന്റെ വിശദീകരണങ്ങളും തമ്മിൽ താരതമ്യം ചെയ്യുക.
5. ദൈവാലയത്തിനു വേണ്ടി ഉദാരമായി സംഭാവന നല്കാൻ ദാവീദിനെയും ജനത്തെയും പ്രേരിപ്പിച്ചതെന്ത്?

**ചർച്ചയ്ക്ക്:** "ദൈവമായ കർത്താവിനെ അന്വേഷിക്കാൻ ഹൃദയവും മനസ്സും ഒരുക്കുവിൻ" (22,19). ഈ കല്പന അനുസരിക്കാൻ എന്തു ചെയ്യണം എന്നു ചർച്ച ചെയ്യുക.

**പ്രാർത്ഥന:** 29,10-19 ഉപയോഗിച്ച് നിങ്ങളുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പ്രാർത്ഥിക്കുക.

******************

# തലശ്ശേരി രൂപത വചനപ്രഘോഷണ സമിതിയുടെ പ്രസിദ്ധീകരണങ്ങൾ

| | | വില |
|---|---|---|
| 1. | വിശ്വാസത്തിന്റെ വേരുകൾ | 35.00 |
| 2. | വെളിപാടു പുസ്തകം - ഒരു വ്യാഖ്യാനം | 35.00 |
| 3. | പഞ്ച ഗ്രന്ഥം - ഒരു ആമുഖം | 6.00 |
| 4. | മനസ്സും വ്യക്തിത്വ വളർച്ചയും | 12.00 |
| 4. | വിമോചന ദൈവശാസ്ത്രം - വത്തിക്കാൻ രേഖ | 7.00 |
| 5. | ഒരു പുറപ്പാടിന്റെ കഥ | 7.00 |

## *കുട്ടികളുടെ ബൈബിൾ*

പടങ്ങൾക്കു നിറം കൊടുത്തും പാട്ടുപാടിയും കഥ പറഞ്ഞും ബൈബിൾ പഠിക്കാൻ കൊച്ചു കുട്ടികൾക്ക് ഒരു സഹായി.

| | | |
|---|---|---|
| 5. | പുസ്തകങ്ങൾ ആകെ | 13.00 |

## *ബൈബിൾ ചിത്രകഥകൾ*

സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ
മലയാളത്തിലും ഇംഗ്ലീഷിലും

| | |
|---|---|
| 36 പേജ് വീതമുള്ള 50 പുസ്തകങ്ങൾ - ഒറ്റ പ്രതിക്ക് | 3.00 |
| സ്ത്രീ - (മാതാവിനെക്കുറിച്ച് ചിത്രകഥ) 100 പേജ് | 7.00 |

## *ബൈബിൾ തീർത്ഥാടനം*

| | | |
|---|---|---|
| 1-2 | ആദി ചരിത്രം (ഉൽപ 1-11) | 25.00 |
| 3-4 | പൂർവ്വ പിതാക്കന്മാർ (ഉൽപ 12-50) | 25.00 |
| 5-6 | പുറപ്പാട് | 25.00 |
| 7 | ലേവ്യർ | 10.00 |
| 8 | സംഖ്യ | 15.00 |
| 9 | നിയമാവർത്തനം | 22.00 |
| 10 | പോരാട്ടങ്ങളുടെ ചരിത്രം (ജോഷ്വാ; ന്യായാ; റൂത്ത്) | 25.00 |
| 11 | രാജവാഴ്ച (1-2 സാമു; 1 ദിന) | 35.00 |